# മലങ്കര കുർബാന
# തീർത്ഥാടക സഭയിൽ

(പരിഷ്ക്കരിച്ച മൂന്നാം പതിപ്പ്)

ഫാദർ ഗീവർഗീസ് പണിക്കർ കാരിച്ചാൽ

2015

Malankara Qurbana Theerdhaadakasabhayil
(A Liturgical Study)
Malayalam

Author
**Fr. Givergis Paniker, Karichal**

Edited & Published by
**Fr. Thomas Paniker P.G.**

First Edition: 1988
Second Edition: 1996
Third Edition: 2015

Typesetting & Printing
**Alpha Designers and Printers - Charummoodu**

Cover Design
**Binu Thankachan**

Price
**` 150/-**

Copies
2000

---

Imprimatur:-
**His Beatitude Moran Mor Baselios Cardinal Cleemis Catholicos**
**(Major Archbishop-Catholicos of the Syro Malankara Catholic Church)**

## ഉള്ളടക്കം


| | | |
|---|---|---|
| | ആശംസകൾ | 06 |
| | അവതാരിക | 22 |
| 1. | ആരാധന ആത്മാവിലും സത്യത്തിലും | 25 |
| 2. | ദൈവാരാധന രക്ഷാകരചരിത്രത്തിന്റെ പശ്ചാത്തലത്തിൽ | 39 |
| 3. | അന്ത്യോക്യൻ റീത്ത് ഉത്ഭവവും വളർച്ചയും | 55 |
| 4. | ദൈവാലയവും അതിന്റെ ദൈവസാന്നിദ്ധ്യവും | 67 |
| 5. | ദൈവാലയ ക്രമീകരണം | 83 |
| 6. | പ്രതീകങ്ങൾ | 97 |
| 7. | വൈദിക സ്ഥാനികളും സ്ഥാനവസ്ത്രങ്ങളും | 111 |
| 8. | മലങ്കര കുർബാനയുടെ ഘടനയും ഉള്ളടക്കവും | 123 |
| 9. | കർത്താവിന്റെ ആലയത്തിലേക്ക് | 145 |
| 10. | നീതിയുടെ രാജാവിന് വരവേൽപ്പ് - ഒരുക്ക ശുശ്രൂഷ | 155 |
| 11. | വഴിയും സത്യവും ജീവനും - വചനശുശ്രൂഷ | 183 |
| 12. | യേശുവിന്റെ രക്തം മൂലം വിശുദ്ധസ്ഥലത്തേക്ക് - ബലിയർപ്പണം | 215 |
| 13. | കുഞ്ഞാടിന്റെ വിവാഹ വിരുന്നിന് ക്ഷണിക്കപ്പെട്ടവർ - ബലിവിരുന്ന് | 265 |
| 14. | കർത്താവിന് സ്വീകാര്യമായ വത്സരം | 275 |
| | അനുബന്ധം | 293 |

**The Syro-Malankara Catholic Church**

BASELIOS CARDINAL CLEEMIS

## അനുഗ്രഹ സന്ദേശം

ബഹു. കാരിച്ചാൽ ഗീവർഗ്ഗീസ് പണിക്കരച്ചന്റെ 'മലങ്കര കുർബാന തീർത്ഥാടക സഭയിൽ' എന്ന വിശിഷ്ട ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പ് അദ്ദേഹത്തിന്റെ പുത്രൻ റവ.ഡോ:തോമസ് പണിക്കരച്ചൻ പ്രസിദ്ധീകരിക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. മൂലഗ്രന്ഥ കർത്താവ് വിശുദ്ധ കുർബ്ബാനയർപ്പണം സ്വന്തം അനുഭവമാക്കിയതിൽ നിന്ന് ആർജ്ജിച്ചിരുന്ന അനുഭൂതിസമ്പത്തിന്റെ ആധികാരികമായ പ്രകാശനമാണ് ഈ ഗ്രന്ഥം. ഇക്കാര്യങ്ങളിൽ തന്റെ പിതാവിന്റെ അവസ്ഥാന്തരങ്ങളിൽ നേരിട്ടു പങ്കുപറ്റാനും ആ സമ്പത്തിനെ കൂടുതൽ ആകർഷകവും സ്വീകാര്യവുമായി പുനരവതരിപ്പിക്കാനും അദ്ദേഹത്തിന്റെ പുത്രനായ റവ. ഡോ. തോമസ് പണിക്കരച്ചനു സാധിച്ചത് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ലഭിച്ച സവിശേഷമായ ഒരനുഗ്രഹം തന്നെ. ഈ ഗ്രന്ഥത്തിന്റെ ശ്രേഷ്ഠതയും ധന്യതയും 1996–ലെ രണ്ടാം പതിപ്പിന് ആശംസകളർപ്പിച്ച വന്ദ്യ പിതാക്കന്മാർ സാക്ഷ്യപ്പെടുത്തുകയും പ്രകീർത്തിക്കുകയും ചെയ്തിട്ടുണ്ട്. അവ ഞാനിവിടെ ആവർത്തിക്കുന്നില്ല. ആ വന്ദ്യ പിതാക്കന്മോരോടു ചേർന്നുകൊണ്ട് ഒരു വസ്തുത പ്രത്യേകം ചൂണ്ടിക്കാണിക്കട്ടെ. വിശുദ്ധ ബൈബിളും മലങ്കര സുറിയാനി സഭയുടെ അന്ത്യോക്യൻ സുറിയാനി ആരാധനക്രമവും തമ്മിലുള്ള ഗാഢമായ ആത്മബന്ധത്തിലേക്ക് കുർബാനഭാഷ്യത്തിന്റെ പ്രധാന സ്രോതസ്സ് വിശുദ്ധ ഗ്രന്ഥമാണ്. ആരാധനക്രമങ്ങളുടെ ഉത്ഭവത്തിനും വികാസത്തിനും ബൈബിൾ സഹായിച്ചിട്ടുണ്ട് എന്നത് പൊതുവേ അറിയാവുന്ന കാര്യമത്രേ. ഇതിനേക്കാൾ ശ്രദ്ധാർഹമായ ഒരു വസ്തുതയാണ് ബൈബിളിന്റെ ഉത്ഭവത്തിന്– മൂലരചനയ്ക്ക് അതാത് രചനാകാലങ്ങളിൽ വിശ്വാസിസംഘങ്ങളുടെ ഹൃദയത്തിലും പ്രയോഗത്തിലും സ്ഥായീഭാവം കൈവന്നിരിക്കുന്നതും നിലവിലിരുന്നതുമായ ആരാധനാനുഭൂതികളും തജ്ജന്യങ്ങളായ അനുഷ്ഠാനങ്ങളും പ്രകരണങ്ങളുമൊക്കെ സ്രോതസ്സായി ഭവിച്ചിട്ടുണ്ടെന്നത്. ഇതിന് വേണ്ടുവോളം സാക്ഷ്യസൂചനകൾ ബൈബിളിലുണ്ട്. വിശുദ്ധ ഗ്രന്ഥത്തിൽ ഗാഢവും ആഴമാർന്നതുമായ അറിവുള്ളവർക്ക് മലങ്കര കുർബാന യഥാർഹം വ്യാഖ്യാനിക്കാൻ കഴിയും. മലങ്കര സഭയുടെ വളർച്ചയ്ക്കുള്ള മേഖലകൾ അവതരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ബഹു: പണിക്കരച്ചന്മാരുടെ കുർബ്ബാനാനുഭൂതി സാക്ഷ്യത്തിന്റെ പുനഃപ്രകാശനം ആരാധനക്രമ സ്നേഹികൾക്ക് ഒരു നല്ല സമ്മാനവും ആവേശമുണർത്തുന്ന വെല്ലുവിളിയുമത്രേ.

ദിവംഗതനായ ബഹു: കാരിച്ചാൽ പണിക്കരച്ചനെ പ്രാർത്ഥനയോടെ അനുസ്മരിക്കുന്നു. അദ്ദേഹത്തിന്റെ വത്സലപുത്രൻ തോമസ് പണിക്കരച്ചന്റെ സഭാശുശ്രൂഷകൾക്ക് വിശിഷ്യാ നമ്മുടെ സഭയുടെ ആരാധനക്രമ കമ്മീഷൻ അംഗം എന്ന നിലയിലുള്ള വിശിഷ്ടസേവനങ്ങൾക്ക് ഹൃദയംഗമായ അഭിനന്ദനങ്ങൾ നേരുന്നു. ഈ ഗ്രന്ഥത്തിന്റെ പുന:പ്രകാശനത്തിന് ബഹു. അച്ചൻ നൽകിയ നേതൃത്വത്തിന് കൃതജ്ഞത അറിയിക്കുന്നു.

ഗ്രന്ഥത്തിന് അർഹിക്കുന്ന സ്വീകരണവും സഭംഗങ്ങളുടെ ആരാധനക്രമജീവിതത്തിന് ശക്തമായ ഉത്തേജനവും ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ നല്ല സംരഭത്തോടു സഹകരിക്കുന്നവരും ബന്ധപ്പെട്ടവരുമായ സകലരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

## ആശംസ

കാരിച്ചാൽ വല്യ പണിക്കരച്ചനെക്കുറിച്ചുള്ള ഓർമ്മ ഏറെ ഹൃദ്യമാകുന്നത് അക്ഷരത്താളുകളിൽ തന്റെ ഭക്തിയും പാണ്ഡിത്യവും ധ്യാനാത്മകമായ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളുമടങ്ങിയ 'മലങ്കര കുർബാന തീർത്ഥാടക സഭയിൽ' വായിക്കുമ്പോഴാണ്. നേരിൽ കാണുന്ന അത്ര അനുഭവമാണ് പ്രിയപ്പെട്ട വല്യച്ചൻ ഈ അക്ഷരങ്ങളിലൂടെ നൽകുന്നത്. മലങ്കരസഭയ്ക്ക് നൽകപ്പെട്ട ഈടുറ്റ ഒരു സംഭാവനയാണ് ഈ മഹത്തായ ഗ്രന്ഥം. വി.കുർബാന എന്ന ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രം അന്ത്യോക്യൻ ആരാധനാരീതി പോലെ ഹൃദയഗന്ധിയായി മറ്റെങ്ങും അവതരിപ്പിച്ചിട്ടില്ല എന്നതാണ് പണ്ഡിതരുടെ അഭിമതം. ആയതുകൊണ്ട് വസ്തുനിഷ്ഠമായ വിശദീകരണങ്ങളും ആത്മീകതയെ പരിപോഷിപ്പിക്കുന്ന വ്യാഖ്യാനങ്ങളും അതിന്റെ സമ്പത്തു വെളിപ്പെടുത്തുന്ന ഘടകങ്ങൾതന്നെ. ഇത്രമാത്രം പ്രതീകങ്ങളും സൂചനകളും ഉപയോഗിക്കുന്ന മറ്റൊരു ആരാധനക്രമവും ഇല്ല. അപരിമേയനായ തമ്പുരാനെ പരിമിതനായ മനുഷ്യന്റെ വാക്കുകളിലൂടെയും പ്രതീകങ്ങളിലൂടെയും സന്നിഹിതനാക്കുകയാണ്. ഇവിടെ വിശദീകരണങ്ങൾ അത്യാവശ്യമാണ്. വിശദീകരിച്ചുകൊടുക്കുമ്പോൾ ദൈവവിശ്വാസികൾക്ക് ആഴമായ ബന്ധത്തിൽ ദൈവത്തോടു സംവദിക്കുന്നതിനും ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നതിന് കഴിയും.

ഒരു സഭയുടെ വ്യക്തിത്വം അതിന്റെ ആരാധനയിലാണ് മുഖ്യമായി അടങ്ങിയിരിക്കുന്നത്. മലങ്കര സഭയുടെ ഔന്നത്യവും അങ്ങനെതന്നെ. ഇന്നത്തെ ഏറ്റവും വലിയ ആവശ്യം ഈ തനിമ നിലനിർത്തുക എന്നതുതന്നെ. ആരാധനയ്ക്ക് നേതൃത്വം നൽകുന്ന വൈദീകരും ആരാധനയുടെ സജീവഭാഗമായ ദൈവജനവും ഈ മഹത്തായ ഉള്ളർത്ഥങ്ങൾ ഗ്രഹിച്ചുകൊണ്ട് സർവ്വനന്മ സ്വരൂപിയായ ദൈവത്തെ അതേ നമ്മുടെ കർത്താവിനെ ആരാധിക്കുവാൻ ഈ ഗ്രന്ഥം തീർച്ചയായും സഹായിക്കും. നമുക്ക് പ്രതീകങ്ങളിലൂടെ മാത്രമെ അഭൗമിക രഹസ്യങ്ങൾ സംവാദിക്കാൻ കഴിയൂ. ആന്തരികവും ആത്മീകവുമായ അനുഭവങ്ങളെ പ്രകടിപ്പിക്കുവാനുള്ള ഒരേ ഒരു മാർഗ്ഗവുമാണത്. ഈ അർത്ഥത്തിൽ നമ്മുടെ ദൈവജനത്തിന് നൽകപ്പെട്ട സവിശേഷമായ ഒരു നിധിയാണ് ഈ മനോഹരഗ്രന്ഥം.

വല്യച്ചന്റെ വത്സലപുത്രനും ഞങ്ങളുടെ എല്ലാം അഭിമാനവുമായ തോമസച്ചൻ ഈ കാര്യങ്ങളിൽ കാണിക്കുന്ന തീഷ്ണത ശ്രദ്ധേയമാണ്. മലങ്കരയുടെ ആരാധനാപരമായ പൈതൃകത്തെ ഊട്ടി ഉറപ്പിക്കുവാൻ വല്യച്ചന്റെ തീഷ്ണതയും ആധുനികപഠനങ്ങളുടെ ശാസ്ത്രീയതയും ഒരുമിച്ച് ചേർത്ത് ഈ സംരംഭത്തെ ബഹു:തോമസച്ചൻ അതിവിശേഷമാക്കിയിരിക്കുന്നു. നമ്മുടെ മക്കളെല്ലാം ഈ ഗ്രന്ഥം വായിച്ചുപഠിക്കണം. ആ അറിവ് ആഴമായ സ്നേഹത്തിലേക്ക് നയിക്കും. എല്ലാ നന്മയും ഞാൻനേരുന്നു. വല്യച്ചന്റെ നിസ്തൂലമായ ജീവിതത്തിന്റെയും അവികലമായ ഭക്തിയുടെയും പണ്ഡിതോചിതമായ അറിവിന്റെയും ഭണ്ഡാരം ഇതാ ഈ വരികളിൽ ഒളിഞ്ഞുകിടക്കുന്നു. എല്ലാവരും വി.കുർബാന അവരുടെ സ്വന്തജീവിതത്തിലൂടെ ആഖ്യാനം ചെയ്യണം. അതിന് ഈ പഠനഗ്രന്ഥം ഏറെ സഹായകമാണ്. അതിലൂടെയാണ് നമ്മുടെ ജീവിതത്തിന്റെ പ്രസക്തിയും പ്രേഷിതമാനവും വർദ്ധിക്കുന്നത്.

പ്രാർത്ഥനയോടെ,
**തോമസ് മാർ കൂറിലോസ്**
തിരുവല്ല അതിഭദ്രാസന മെത്രാപ്പൊലീത്ത

# അനുഗ്രഹാശംസ

മലങ്കര കത്തോലിക്കാസഭാവൈദികരിൽ ഉന്നതശീർഷനായിരുന്ന ദിവംഗതനായ കാരിച്ചാൽ ഗീവർഗീസ്പണിക്കരച്ചന്റെ മലങ്കര ആരാധന ക്രമത്തെപ്പറ്റിയുള്ള പഠനക്കുറിപ്പുകൾ ക്രോഡീകരിച്ച് അദ്ദേഹത്തിന്റെ പ്രിയപുത്രൻ ബഹു.തോമസ് പണിക്കരച്ചൻ 1989-ൽ പ്രകാശനം ചെയ്ത 'മലങ്കര കുർബാന തീർത്ഥാടകസഭയിൽ' എന്ന മഹദ്ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പ് പ്രസിദ്ധീകരിക്കുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു.

അതിപുരാതനമായ അന്ത്യോക്യൻ ആരാധനക്രമം ആധാരമാക്കി ഉരുത്തിരിഞ്ഞ മലങ്കര കുർബാന ലോകത്തിലെ ഏറ്റവും മനോഹരമായ ആരാധനക്രമമാണ്. ദൈവാനുഗ്രഹത്തിന്റെ സ്രോതസ്സാണ് വി. കുർബാന. അനുദിനം നടക്കുന്ന വി. കുർബാനയർപ്പണത്തിൽ വിശ്വാസികൾ ബോധപൂർവ്വവും ഹൃദയാത്മകവുമായി പങ്കെടുക്കുമ്പോഴാണ് അത് അനുഭവപ്രദമായിതീരുന്നത്. സഭയിലാണ് വി. കുർബാന അർപ്പിക്കപ്പെടുന്നത്. എന്നാൽ സഭയെ അനുദിനം രൂപീകരിക്കുന്നത് വി. കുർബാനയാണ്. ത്രോണോസിനുചുറ്റും ആരാധനയ്ക്കായി ഒന്നുചേരുന്ന വിശ്വാസികളുടെ കൂട്ടായ്മയാണ് സഭ.

സഭ ഒരു തീർത്ഥാടകസമൂഹമാണ്. സ്വർഗ്ഗീയ ജറുസലേം ലക്ഷ്യം വച്ച് യാത്രചെയ്യുന്ന ആരാധകരുടെ കൂട്ടായ്മയാണത്. അതുകൊണ്ടുതന്നെ ഓരോ വിശ്വാസിയും ഒരോ തീർത്ഥാടകനാണ്. മലങ്കര കുർബാനയിൽ ക്രിസ്തുവിന്റെ ജനനം, പരസ്യജീവിതം, പീഡാനുഭവം, കുരിശുമരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ രക്ഷാകര സംഭവങ്ങൾ ക്രമമായി ആഘോഷിക്കപ്പെടുന്നു. മലങ്കര കുർബാന അതിന്റെ തീർത്ഥാടക സ്വഭാവം ഉടനീളം നിലനിർത്തുന്നു. യേശുവിന്റെ സ്വർഗ്ഗാരോഹണം ഒരു നവയുഗപ്പിറവിയുടെ നാന്ദിയാണ്. പിതാവിന്റെ ഭവനത്തിലേക്കുള്ള ആരാധകന്റെ പ്രവേശനമെന്ന പ്രത്യാശയ്ക്ക് അത് ഉറപ്പുനൽകുന്നു. സ്വർഗ്ഗീയ വിരുന്നിന്റെ മുന്നാസ്വാദനമായ വി.കുർബാനാനുഭവത്തിലൂടെ വിശ്വാസികൾ പരസ്പരവും ദൈവപിതാവിനോടും ഒന്നാകുന്നു. ഇതാണ് തീർത്ഥാടകന്റെ ലക്ഷ്യവും തീർത്ഥാടനത്തിന്റെ അന്ത്യവും. മലങ്കര കുർബാന തീർത്ഥാടക സഭയിൽ എന്ന ഈ ഗ്രന്ഥത്തിൽ ഇക്കാര്യങ്ങളെല്ലാം സമ്യക്കായി പ്രതിപാദിക്കപ്പെടുന്നുണ്ട്.

മലങ്കര കുർബാനയെപ്പറ്റി പഠിക്കുന്ന ആർക്കും ആധികാരികമായ ഒരു റഫറൻസ് ഗ്രന്ഥമാണിത്. ബോധപൂർവ്വം വിശുദ്ധബലിയിൽ പങ്കെടുക്കണമെങ്കിൽ അതിനേപ്പറ്റി ശരിയായ ജ്ഞാനമുണ്ടായിരിക്കണമെന്നതു അവിതർക്കിതമാണല്ലോ. മലങ്കര കുർബാനയിലെ പ്രതീകാത്മകതയും രഹസ്യാത്മകതയും അവയുടെ ദൈവവചന അടിസ്ഥാനങ്ങളും ദൈവശാസ്ത്ര സമ്പത്തും സവിശേഷമായി വിവരിക്കപ്പെടുന്ന ഈ ഗ്രന്ഥം പഠിതാക്കൾക്ക് ഏറെ സഹായകമാണ്. ബഹു. ഗീവർഗ്ഗീസ് പണിക്കരച്ചന് ആരാധനക്രമപഠനം ഒരു ഉപാസനയായിരുന്നു. ബഹു. ഗീവർഗ്ഗീസ് പണിക്കരച്ചനെ നന്ദിയോടെ ഓർക്കുകയും അദ്ദേഹത്തിന്റെ പഠനകുറിപ്പുകൾ എഡിറ്റ് ചെയ്ത് പുസ്ക രൂപത്തിൽ മലങ്കര സഭയ്ക്ക് നൽകുകയും പലരുടെയും സ്നേഹപൂർവ്വമായ നിർബന്ധത്തിന് വഴങ്ങി ഇപ്പോൾ അത് പുനഃപ്രസിദ്ധീകരിക്കുകയും ചെയ്യുന്ന ബഹു. തോമസ് പണിക്കരച്ചനെ അഭിനന്ദിക്കുകയും ചെയ്യുന്നു. ആരാധനക്രമ പണ്ഡിതനും സഭാശാസ്ത്ര വിജ്ഞാനിയുമായ ബഹു. തോമസ് പണിക്കരച്ചനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഈ ഗ്രന്ഥത്തിന്റെ വായനയും പഠനവും സഭാ വിശ്വാസികളെ ലക്ഷ്യം മറക്കാത്ത തീർത്ഥാടകരായി മാറാൻ സഹായിക്കട്ടെയെന്ന് ആശംസിക്കുന്നു.

പുസ്തകത്തിന് പ്രചുരപ്രചാരം നേരുന്നു. സർവ്വശക്തനായ ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

അമലഗിരി
20 സെപ്തംബർ 2015

**ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്താ

## ആശംസ

ദൈവാരാധന മനുഷ്യന്റെ ശ്രേഷ്ഠവും സമ്പൂർണ്ണവുമായ കർമ്മമാണ്; ദൈവാരാധനയാണ് ഒരുവന്റെ ആത്മീയതയുടെ അളവുകോൽ. ക്രിസ്തീയ ആരാധന വചനാധിഷ്ഠിതമാണ്. ഈ വചനസമ്പത്താണ് മലങ്കര ആരാധനയുടെ ഏറ്റവും വലിയ ഉൽകൃഷ്ടതയും. വചനാധിഷ്ഠിതമായ ഈ ആരാധന സഭാത്മകമാണ്. തലമുറകളുടെ ദൈവാനുഭവത്തിന്റെ മുദ്ര ഇതിൽ പതിഞ്ഞിരിക്കുന്നു.

ദൈവാരാധനയുടെ കേന്ദ്രം വിശുദ്ധ കുർബാനയാണ്. നമ്മുടെ വിശ്വാസജീവിതത്തിന്റ കേന്ദ്രവും വിശുദ്ധ കുർബാന തന്നെ. സഭ ഉത്ഭവിക്കുന്നതും നിലനിൽക്കുന്നതും വിശുദ്ധ കുർബാനയിലാണ്; സഭയിലാണ് വിശുദ്ധ കുർബാന അർപ്പിക്കുന്നതും. സഭയെ പോഷിപ്പിക്കുന്നതും ഇതുതന്നെയാണ്. ദൈവജനത്തിന്റെ ഭക്ഷണവും പാനീയവും ഈ തിരുശരീരവും തിരുരക്തവും തന്നെ.

വിശുദ്ധ കുർബാന രഹസ്യാത്മകമാണ്. ഈ മഹാരഹസ്യത്തിന്റെ പൂർണ്ണത മനുഷ്യന് അപ്രാപ്യമാണ്. ഈ രഹസ്യം തേടിയുള്ള തീർത്ഥാടനത്തിലാണ് ഓരോ വിശ്വാസിയും. അതോടൊപ്പം സഭതന്നെ തീർത്ഥാടകയാണുതാനും. ഈ തീർത്ഥാടന ചൈതന്യത്തിലാണ് വിശുദ്ധ കുർബാനയിൽ നാം ഭാഗഭാക്കാകുന്നത്. എങ്കിലേ ഈ മഹാരഹസ്യങ്ങളുടെ ആഴങ്ങളിലേക്കെത്താൻ നമുക്ക് കഴിയൂ. ബഹുമാനപ്പെട്ട കാരിച്ചാൽ ഗീവർഗീസ് പണിക്കരച്ചൻ സ്വർഗ്ഗോന്മുഖമായ ഈ തീർത്ഥാടനത്തിൽ സജീവമായി പങ്കാളികളാകാൻ നമ്മെ കൈപിടിച്ച് നയിക്കുന്നു മലങ്കര കുർബാന തീർത്ഥാടക സഭയിൽ എന്ന ഗ്രന്ഥത്തിലൂടെ.

ബഹു. പണിക്കരച്ചൻ ആരാധന, പ്രത്യേകിച്ച് വിശുദ്ധ കുർബാന ജീവിച്ച ആചാര്യശ്രേഷ്ഠനാണ്. അദ്ദേഹം മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ വത്സല ശിഷ്യനായിരുന്നു. എം.ഡി. സെമിനാരിയിൽ നിന്ന് ലഭിച്ച പരിശീലനത്തിനുശേഷം ശെമ്മാശനായിരിക്കുമ്പോഴാണ് പുനരൈക്യപ്പെട്ടത്. അതിനുശേഷം ചങ്ങനാശ്ശേരി ചെത്തിപ്പുഴ സെമിനാരിയിലും ദീർഘമായ പഠനം നടത്തി. പൗരസ്ത്യസഭാ പണ്ഢിതനായ ബഹു. പ്ലാസിഡച്ചന്റെ ശിഷ്യത്വത്തിൽ വളർന്ന ഗീവറുഗീസ് പണിക്കർ ശെമ്മാശൻ 1936 മേയ് 19-ന് മാർ ഈവാനിയോസ് പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിക്കുമ്പോഴേക്കും മലങ്കര ആരാധനക്രമത്തിൽ ആഴമായ അറിവ് നേടിയിരുന്നു; അപാരമായ സുറിയാനി പാണ്ഡിത്യവും ആർജ്ജിച്ചിരുന്നു. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും മഹാപണ്ഡിതനായ ബഹു. പ്ലാസിഡച്ചന്റെയും സ്വാധീനത്തിൽ രൂപപ്പെട്ട ആരാധനാധിഷ്ഠിതമായ ആത്മീയതയാണ് കാരിച്ചാൽ പണിക്കരച്ചനെ മലങ്കര സുറിയാനി കത്തോലിക്കാസഭാ വൈദിക ഗണത്തിൽ ശ്രദ്ധേയനാക്കിയത്. അദ്ദേഹം ആരാധനക്രമം ആഴമായി പഠിച്ചു. നിഷ്ഠയോടെ ആരാധന ആഘോഷിച്ചിരുന്നു. ആരാധനക്രമത്തിന്റെ അന്തസത്തയായ വചനത്തിന്റെ ഉറവിടങ്ങൾ തേടിപ്പോയി. എത്ര മനോഹരമായി ആ വചനഭാഗങ്ങളെ വ്യാഖ്യാനിച്ച് വിശുദ്ധ കുർബാനയോട് നിബന്ധിച്ചിരിക്കുന്നു. മലങ്കര ആരാധനയുടെ ആഴത്തിനടിസ്ഥാനം ദൈവവചനത്തിന്റെ സമ്പന്നതയാണെന്ന് വിശുദ്ധ കുർബാനയെ കേന്ദ്രീകരിച്ചുള്ള ഈ ധ്യാനാത്മകപഠനം വെളിപ്പെടുത്തിത്തരുന്നു.

നിഗൂഢമായ യാഥാർത്ഥ്യങ്ങളാണ് വിശുദ്ധ കുർബാനയിൽ ആവിഷ്കരിക്കപ്പെടുന്നത്. അവ പൂർണ്ണമായി വ്യാഖ്യാനിക്കുവാൻ വാക്കുകൾക്ക് സാധ്യമല്ല. ആതുകൊണ്ടാണ് രഹസ്യങ്ങളെ ആവിഷ്കരിക്കുന്നതിന് മലങ്കര കുർബാനയിൽ പ്രതീകങ്ങൾ ധാരാളമായി ഉപയോഗിച്ചിരിക്കുന്നത്. പൗരസ്ത്യപാരമ്പര്യത്തിന്റെ സവിശേഷതയാണിത്. ഈ പ്രതീകങ്ങളെയും അടയാളങ്ങളെയും പണിക്കരച്ചൻ എത്ര ഹൃദ്യമായി വ്യാഖ്യാനിച്ചിരിക്കുന്നു. ഒരിക്കലും പുതുമ നഷ്ടപ്പെടാതെ ആത്മീയ അനുഭവത്തിന്റെ ആഴങ്ങളിലേക്ക് നമ്മെ എത്തിക്കുന്നതിന് ഈ പ്രതീകങ്ങൾ ഏറെ സഹായിക്കുന്നു.

വിശുദ്ധ കുർബാനയിലുള്ള ഭാഗഭാഗിത്വമാണ് ഒരു ആരാധനാസമൂഹത്തിന്റെ കെട്ടുറപ്പിനടിസ്ഥാനം. കഴിഞ്ഞ തലമുറ ആരാധനയിലെ നിഷ്ഠകൾ പാലിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആ നിഷ്ഠാജീവിതത്തിൽ സ്വാഭാവികമായും പിൻതലമുറയും പരിശീലിപ്പിക്കപ്പെട്ടിരുന്നു. ഇന്ന് കാലം മാറി. വീടും ഇടവകസമൂഹവും വിട്ട് ഒറ്റപ്പെട്ട് വളരുന്ന യുവജനങ്ങളുടെ എണ്ണം ഏറിവരുന്നു. തിരക്കിനിടയിൽ വിശുദ്ധ കുർബാന അർപ്പണവും വിശുദ്ധ കുർബാനയിലുള്ള പങ്കാളിത്തവും യാന്ത്രികമായിപ്പോകുന്നു. വിശുദ്ധ കുർബാനരഹസ്യത്തിന്റെ അർത്ഥവും ആഴവും ധന്യതയും ഗ്രഹിക്കാനായാൽ വിശ്വാസികളുടെ ഭാഗഭാഗിത്വം കൂടുതൽ സജീവമാകുമെന്നതിൽ സംശയമില്ല. അത് കുടുംബങ്ങളുടെയും ഇടവകസമൂഹങ്ങളുടെയും ഭദ്രതയും കെട്ടുറപ്പും വർദ്ധിപ്പിക്കുകയും ചെയ്യും. ഈ പശ്ചാത്തലത്തിൽ മലങ്കര കുർബാന തീർത്ഥാടക

സഭയിൽ എന്ന ഇ ൗ ഗ്രന്ഥത്തിന് പ്രത്യേക പ്രസക്തിയുണ്ടെന്നു വ്യക്തമാണ്.

കാരിച്ചാൽ പണിക്കരച്ചന്റെ വത്സലപുത്രൻ ഡോ. തോമസ് പണിക്കരച്ചൻ സ്വപിതാവിന്റെ ആരാധനക്രമ സംബന്ധമായ വിലപ്പെട്ട കുറിപ്പുകൾ അമൂല്യമായ മുത്തുകളായി തിരിച്ചറിഞ്ഞ് അവയെല്ലാം ശേഖരിച്ച് ചിട്ടപ്പെടുത്തി പ്രസിദ്ധീകരിക്കുവാൻ കാണിച്ച താൽപര്യം ശ്ലാഘനീയമാണ്. വല്യച്ചന്റെ ആരാധനാ ജീവിതത്തിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട ബഹു. തോമസ് പണിക്കരച്ചൻ അദ്ദേഹത്തിൽ നിന്നും പരിശീലനവും പരിജ്ഞാനവും നേടി. എന്നും മലങ്കര ആരാധനക്രമത്തോട് വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധതയും സത്യസന്ധതയും അദ്ദേഹം വ്യക്തിജീവിതത്തിൽ പുലർത്തിയിരുന്നു. വചനാധിഷ്ഠിതവും ആരാധനയിൽ അധിഷ്ഠിതവും സഭാത്മകവുമായ നമ്മുടെ ആത്മീയതയെ പോഷിപ്പിക്കുവാൻ മലങ്കര കുർബാന തീർത്ഥാടകസഭയിൽ എന്ന ഗ്രന്ഥം ഏറെ സഹായകമാകും. വിശ്വാസത്തിൽ ആഴപ്പെട്ട് നമ്മുടെ വിശുദ്ധകുർബാനാനുഭവത്തിൽ വളരാൻ ആഗ്രഹിക്കുന്ന ഏതൊരു വിശ്വാസിയും ഹൃദയത്തോട് ചേർത്തുവയ്ക്കേണ്ട ഒരു വിശിഷ്ട ഗ്രന്ഥമാണ് മലങ്കര കുർബാന തീർത്ഥാടകസഭയിൽ.

ബഹു. കാരിച്ചാൽ ഗീവറുഗീസ് പണിക്കരച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരവ് ആർപ്പിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആരാധനാ ജീവിത്തെ പോഷിപ്പിക്കുന്നതിന് ലക്ഷ്യംവച്ച് ഈ ഗ്രന്ഥം പുനഃപ്രസിദ്ധീകരിക്കുവാൻ ക്ലേശങ്ങൾ ഏറ്റെടുത്ത പ്രിയപ്പെട്ട ഡോ. തോമസ് പണിക്കരച്ചനോടുള്ള കടപ്പാട് ഹൃദയപൂർവ്വം അറിയിക്കുന്നു.

**സാമുവൽ മാർ ഐറേനിയോസ്**

തിരുവനന്തപുരം മേജർ അതിരൂപതാ സഹായമെത്രാൻ

## ആശംസ

ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രമാണ് വി.കുർബാന. അതു കൊണ്ടുതന്നെയാണ് സഭാജീവിതത്തിൽ അത് പരമ പ്രധാനമായ സ്ഥാനം കൈവരിച്ചിട്ടുള്ളതും. സഭയിലാണ് വി. കുർബാന അർപ്പിക്ക പ്പെടുന്നത്. അതേ സമയം വി. കുർബാനയാണ് സഭയെ രൂപീകരിക്കു ന്നതും പോഷിപ്പിച്ച് പുലർത്തുന്നതും. കാരണം നമ്മുടെ കർത്താവിന്റെ ബലി തന്നോടുകൂടി അർപ്പിക്കുന്നതിന് വിളിക്കപ്പെട്ട ദൈവജനമത്രെ തിരുസഭ. നമ്മുടെ കർത്താവിന്റെ ബലി അർപ്പിക്കപ്പെടുന്ന ത്രോണോ സിന്റെ ചുറ്റുമാണ് അവർ ഒരു ജനമായി ഭവിക്കുന്നത്. ആ തിരുബലി യിൽ കർത്താവിന്റെ തിരുശരീരത്തിലും തിരുരക്തത്തിലും പങ്കുപറ്റി യാണ് അവർ ജീവിക്കുന്നതും പുഷ്ടിപ്പെടുന്നതും. രക്ഷയുടെ പൂർണ്ണ തയിൽ എത്തി ദൈവത്തെ മുഖാഭിമുഖം ദർശിക്കുന്നതിനുള്ള സ്വർഗ്ഗീ യദാനത്തിന്റെ അച്ചാരമായി അതുനിലകൊള്ളുകയും ചെയ്യുന്നു.

തിരുസഭയിൽ വി.കുർബാനയുടെ അർപ്പണത്തിന്റെ അർത്ഥവും പ്രസക്തിയും ഇതൊക്കെയാണെങ്കിലും, അവ ആഴമായി ഗ്രഹിച്ച് വി. കുർബാനാർപ്പണത്തിൽ സജീവമായി പങ്കുകൊള്ളുന്നതിനും അതിന്റെ സൽഫലം അനുഭവിക്കുന്നതിനും സഭാമക്കൾ ഇനിയും കൂടുതൽ ശ്രദ്ധി ക്കേണ്ടിയിരിക്കുന്നു. അതിനുതകുന്ന പഠനവും പരിശീലവും ഏവർക്കും ആവശ്യമാണ്.

ഈ പശ്ചാത്തലത്തിൽ, വി.കുർബാനയെപ്പറ്റിയുള്ള ആഴമായ പഠനങ്ങളും ശരിയായ വ്യാഖ്യാനങ്ങളും നമ്മുടെ ജനങ്ങൾക്കു സംല ഭ്യമാക്കുക അടിയന്തിരമായ ഒരു കർത്തവ്യമാണ്. നമ്മുടെ ആരാധന ക്രമത്തെപ്പറ്റിയുള്ള പഠനത്തിൽ അവഗാഹം നേടിയ പണ്ഡിതനും പുരോഹിത ശ്രേഷ്ഠനുമായിരുന്ന പരേതനായ വന്ദ്യ കാരിച്ചാൽ ഗീവർഗീസ് പണിക്കരച്ചൻ രചിച്ച വി.കുർബാന ഭാഷ്യം ഈ തലത്തിൽ പ്രത്യേക പ്രസ്താവയോഗ്യമാണ്. അന്ത്യോക്യൻ ആരാധനക്രമത്തിന്റെ കേന്ദ്രബിന്ദുവായ 'വി. യാക്കോബിന്റെ കുർബാനക്രമം' പണ്ഡിതോചി

തമായി വിശദീകരിച്ചുകൊണ്ട് അദ്ദേഹം രചിച്ച വ്യാഖ്യാനഗ്രന്ഥം പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു.

ഇത്ര മഹത്തായ ഒരു യജ്ഞത്തിന് തന്റെ അറിവും കഴിവും ജീവിതം തന്നെയും അർപ്പിച്ച പരേതനായ ബ.ഗീവർഗീസ് പണിക്കരച്ചനെ ഈ അവസരത്തിൽ നന്ദിയോടുകൂടി നമ്മൾ അനുസ്മരിക്കേണ്ടതാണ്. അദ്ദേഹത്തിനുവേണ്ടി ദൈവ തിരുസന്നിധിയിൽ നമ്മൾ അർപ്പിക്കുന്ന പ്രാർത്ഥനകളും ശുശ്രൂഷകളും ആയിരിക്കട്ടെ ആ കൃതജ്ഞതാർപ്പണത്തിന്റെ ഏറ്റം വ്യക്തമായ പ്രകടനം.

പരേതനായ ബ.ഗീവർഗീസ് പണിക്കരച്ചൻ തുടങ്ങിവച്ച ഈ വലിയ സംരഭത്തിന്റെ പൂർത്തീകരണം ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്നത് അദ്ദേഹത്തിന്റെ വത്സല പുത്രനും പുരോഹിതനുമായ ബ.തോമസ് പണിക്കരച്ചനാണ്. പിതൃരാർജ്ജിത സിദ്ധികൾക്കും പരമ്പരാഗത താല്പര്യങ്ങൾക്കും പുറമേ വേദശാസ്ത്രത്തിൽ അദ്ദേഹം വ്യക്തിഗതമായി നേടിയ പാണ്ഡിത്യവും ഈ സൽസംരംഭപൂർത്തീകരണത്തിന് അദ്ദേഹത്തിന് ശക്തിയും തുണയുമാണ്.

ബ. പണിക്കരച്ചന്മാരുടെ വി. കുർബാനാഭാഷ്യം –“മലങ്കര കുർബാന തീർത്ഥാടക സഭയിൽ’– മലങ്കര സഭയിലെ ആരാധനക്രമ ജീവിത നവോത്ഥാനത്തിന് പുരോഗതിയും വേഗതയും പ്രദാനം ചെയ്യട്ടെയെന്ന് ആശംസിക്കുന്നു. ഈ സദുദ്യമത്തിൽ സഹകരിച്ച എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ധർമ്മ പീഠം
10–10–1989

**സിറിൽ മാർ ബസേലിയോസ്**
മെത്രാപ്പോലീത്താ

## ആശംസ

ദിവംഗതനായ കാരിച്ചാൽ ഗീവർഗീസ് പണിക്കരച്ചൻ വൈദികപട്ടം സ്വീകരിക്കുന്നതിനു തൊട്ടുമുമ്പായി, ആരാധനക്രമങ്ങൾ സവിശേഷമായി പരിശീലിച്ചുകൊണ്ടിരിക്കുമ്പോൾ, അന്നു സെമിനാരിയിലെ പ്രാഥമികപരിശീലനം കഴിഞ്ഞിരുന്ന എനിക്ക്, അദ്ദേഹത്തോടു അടുത്തുപെരുമാറുവാൻ അവസരം ലഭിച്ചു. അങ്ങനെ, മലങ്കര ആരാധനക്രമത്തോടുള്ള അദ്ദേഹത്തിന്റെ ഉൽക്കടമായ സ്നേഹാദരങ്ങൾ എനിക്കു ബോദ്ധ്യമായി. അദ്ദേഹത്തിന്റെ വൈദിക ജീവിതത്തിൽ ഈ പ്രതിബദ്ധത അനുസ്യൂതം വളർന്നുകൊണ്ടേയിരുന്നു. കേവലം വികാരങ്ങളിൽ അധിഷ്ഠിതമായിരുന്നില്ല അദ്ദേഹത്തിന്റെ ഈ ആഭിമുഖ്യം. ക്രിസ്തീയ ജീവിതത്തിന്റെ മൗലിക സ്രോതസ്സുകളിൽ നിന്നുതന്നെ തന്റെ വിശ്വാസവും, ചിന്തകളും, ചേതോവികാരങ്ങളുമെല്ലാം ഊട്ടിവളർത്തുന്നതിൽ അദ്ദേഹത്തിനു പ്രത്യേകമായ നിർബന്ധമുണ്ടായിരുന്നു.

ക്രിസ്തീയ ജീവിതത്തിൽ ആരാധനക്രമത്തിനും, ആരാധനക്രമത്തിൽ വിശുദ്ധ കുർബാനയ്ക്കും ഉള്ള സ്ഥാനം ആ പുണ്യാത്മാവ് നന്നായി ഗ്രഹിക്കുകയും അത് സ്വജീവിതത്തിൽ സാക്ഷാത്ക്കരിക്കുന്നതിന് സർവ്വാത്മനാ പരിശ്രമിക്കുകയും ചെയ്തു. ആരാധനക്രമങ്ങളുടെ അനുഷ്ഠാനങ്ങളിലും ദിവ്യബലി അർപ്പണത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന നിഷ്ഠയും, വിശ്വസ്തതയും അദ്വിതീയമായിരുന്നു. അദ്ദേഹത്തിനു ലഭിച്ച എല്ലാ അവസരങ്ങളിലും മറ്റുള്ളവരെ ഈ വിഷയങ്ങൾ ഉദ്ബോധിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതിന് അദ്ദേഹം സദാ ശ്രദ്ധാലുവായിരുന്നു. ദൈവാരാധനയെപ്പറ്റി അദ്ദേഹത്തിന്റെ പഠനത്തിന്റെയും ധ്യാനത്തിന്റെയും, ഈ വിഷയത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആത്മീയാനുഭവത്തിന്റെയും ആവിഷ്ക്കരണമാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന “മലങ്കര കുർബാന തീർത്ഥാടക സഭയിൽ” എന്ന ഗ്രന്ഥം.

തന്റെ അനാരോഗ്യത്തെയും സാഹചര്യങ്ങളുടെ പരിമിതി

യെയും പരിഗണിക്കാതെ, നിരന്തരമായ പഠനത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി ഒരു ഗ്രന്ഥശേഖരം തന്നെ അദ്ദേഹം തയ്യാറാക്കിയിട്ടുണ്ട്. അനർഘമായ ഒരു നിധിയാണ് ഇത് എന്നുള്ളതിന് സംശയമില്ല. മലങ്കരസഭയ്ക്കുതന്നെ ഇതൊരു മുതൽക്കൂട്ടായിരിക്കും.

ഈ വന്ദ്യ വൈദികന്റെ വത്സലപുത്രൻ ബഹുമാനപ്പെട്ട തോമസ് പണിക്കരച്ചൻ, സ്വപൈതൃകത്തിൽ നിന്ന് ഈ സദ്ഗ്രന്ഥം ശ്രദ്ധാപൂർവ്വം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിൽ എനിക്കു അദ്ദേഹത്തോടുള്ള അകൈതവമായ നന്ദിയും അഭിനന്ദനങ്ങളും ഞാൻ അറിയിച്ചുകൊള്ളട്ടെ.

ഈ ഗ്രന്ഥത്തിലെ വ്യാഖ്യാനങ്ങളും പരാമർശങ്ങളും പൊതുവെ ആധികാരികമായ രേഖകളിൽ അധിഷ്ഠിതമെങ്കിലും, ചില ആശയങ്ങൾ ഗ്രന്ഥകർത്താവിന്റെ വ്യക്തിപരമായ ധ്യാനത്തിന്റെയും ഭാവനയുടെയും ഫലമെന്നു കരുതേണ്ടതുണ്ട്. അവാച്യവും അപ്രമേയവുമായ ഒരു ദിവ്യഭണ്ഡാഗാരമാണു ദൈവാരാധനക്രമം. ഒരു മഹാസമുദ്രത്തോട് അതിനെ ഉപമിക്കാം. ഈ സമുദ്രത്തിൽ മുങ്ങി, അതിന്റെ അഗാധതയിൽനിന്നും മുത്തുകളും രത്നങ്ങളും ശേഖരിക്കുന്നതിന് എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഇവയെല്ലാംതന്നെ മറ്റുള്ളവരുടെ അഭിരുചിയ്ക്കും അംഗീകാരത്തിനും ഒരുപോലെ സ്വീകര്യമായിത്തീർന്നു എന്നുവരില്ല.

ഈ ഗ്രന്ഥം എല്ലാവരുടെയും ഭക്തിപൂർവ്വമായ വായനയ്ക്കും പഠനത്തിനും സമർപ്പിക്കുന്നതോടൊപ്പം, ഈ വന്ദ്യവൈദികന്റെ മാതൃക അനുകരിച്ച്, നിരവധി ആളുകൾ ഈ മഹാസമുദ്രത്തിലെ നിക്ഷേപങ്ങളിൽ നിന്നും സ്വീകരിച്ച് സ്വയം ധന്യരാകുവാൻ ഇടയാകട്ടെയെന്നു ആശംസിക്കുന്നു.

വിശ്വാസത്തിൽ അധിഷ്ഠിതവും നിഗൂഢവുമായ യാഥാർത്ഥ്യങ്ങളാണു ആരാധനയ്ക്കു പ്രമേയമായിരിക്കുന്നത്. അവ പൂർണ്ണമായി ഗ്രഹിക്കുവാനോ, ആവിഷ്ക്കരിക്കുവാനോ മനുഷ്യമനസ്സും വാക്കുകളും അശക്തങ്ങളാണ്. പ്രതീകങ്ങളും സൂചനകളും വഴിയായി മാത്രമേ അവ അവതരിപ്പിക്കുവാൻ സാദ്ധ്യമാകു. പൗരസ്ത്യ പാരമ്പര്യത്തിൽ പ്രതീകങ്ങൾക്കു പ്രത്യേകം ഊന്നൽ നൽകുന്നുമുണ്ട്. ഭാരതീയ ചിന്താഗതിയോട് ഇത് പ്രത്യേകം പൊരുത്തപ്പെടുന്നതുമാണ്.

അതേസമയം പ്രതീകങ്ങളുടെ അതിവർണ്ണന ആരാധനാ ജീവിതത്തെ അനുദിന ജീവിതത്തിൽ നിന്ന് അകറ്റിയേക്കാം. ജീവിതത്തിന്റെ മറ്റെല്ലാ മണ്ഡലങ്ങളിലുമെന്നപോലെ ആരാധനാക്രമത്തിന്റെ സംവിധാനത്തിലും സമവൃത്തി (Moderation) ആവശ്യമാണ്. ആരാധനക്രമത്തിലൂടെ പരലോകത്തിലേയ്ക്കു തീർത്ഥാടനം നടത്തുന്ന ഭക്തജനങ്ങൾ, ഈ ലോകത്തിലെ യാഥാർത്ഥ്യങ്ങളെപ്പറ്റി കൃത്യമായ അവബോധം പുലർത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ താൽക്കാലിക ജീവിതത്തിൽ, അയൽക്കാരോടും, സർവ്വസൃഷ്ടികളോടും, തങ്ങളോടുതന്നെയുമുള്ള ചുമതലകൾ വിശ്വസ്തതയോടും, പൂർണ്ണമായും നിറവേറ്റാതെ, യാത്രയുടെ ലക്ഷ്യത്തിൽ ചെന്നുചേരുകയില്ലായെന്ന സത്യം നാം നന്നായി ബോദ്ധ്യമാക്കണം. വിശുദ്ധകുർബാന തീർത്ഥാടകർക്കു യാത്രാഭോജ്യമാണല്ലോ. അനുദിനം സ്വർഗ്ഗസ്ഥപിതാവിനോടു നാം അപേക്ഷിക്കുന്ന അപ്പവും ഇതുതന്നെ. പ്രായോഗിക ജീവിതത്തിന്റെ എല്ലാ യാഥാർത്ഥ്യങ്ങളേയും പ്രശ്നങ്ങളെയും വിജയകരമായി നേരിടുന്നതിനുള്ള ശക്തി, ഈ ദിവ്യഭോജനത്തിൽനിന്നും നാം പ്രാപിക്കണമെന്നാണു ദൈവേഷ്ടം.

മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ആരാധന നമ്മുടെ ജീവശ്വാസവും എല്ലാ നന്മകളുടെയും ഉറവിടവുമാണ്. ഭക്തിതീഷ്ണതയും ഉന്നതനിലവാരവും നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുവാൻ കഴിയുന്ന ഒരു സമൂഹത്തിനുള്ള ഈടുറ്റ സംഭാവനയായിരിക്കട്ടെ ഈ സദ്ഗ്രന്ഥം.

(sd-)

**മോസ്റ്റ് റവ.ബെനഡിക്ട് മാർ ഗ്രിഗോറിയോസ്**
തിരുവനന്തപുരം ആർച്ച്ബിഷപ്പ്

പട്ടം
10-10-1989

## ആശംസ

എനിക്ക് എത്രയും പ്രിയപ്പെട്ട ദിവ്യശ്രീ. തോമസ് പണിക്കരച്ചന്,

അച്ചൻ കഴിഞ്ഞ ആണ്ടിൽ പ്രസിദ്ധീകരിച്ച 'മലങ്കര കുർബാന തീർത്ഥാടകസഭയിൽ' ഒന്നാംഭാഗം ഇപ്പോൾ പ്രകാശനം ചെയ്യുന്നു എന്നു കാണുന്നതിൽ അത്യന്തം സന്തോഷിക്കുന്നു. കാലയവനികയ്ക്കുള്ളിൽ മറഞ്ഞ തന്റെ വന്ദ്യ പിതാവിന്റെ പഠനക്കുറിപ്പുകളെ ആസ്പദമാക്കി ആരാധന, അന്ത്യോക്യൻ റീത്ത്, ദൈവാലയവും അതിലെ ക്രമീകരണങ്ങളും, മലങ്കര കുർബാന, പ്രതീകങ്ങൾ, ആരാധനാ വത്സരചക്രം തുടങ്ങിയ ഗഹനങ്ങളായ വിഷയങ്ങളെക്കുറിച്ച് ബ. തോമസച്ചൻ വിശദമായും വളരെ ലളിതമായും എഴുതിയ ഒന്നാംഭാഗം വളരെ നന്നായിരുന്നു.

നിരന്തരമായ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ഫലമായി വല്യച്ചന്റെ ഹൃദയാന്തരാളത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളാണ് ചില വിഷയങ്ങളിൽ വ്യാഖ്യാന രൂപേണ പ്രകടിപ്പിച്ചിട്ടുള്ളത്. ഉദാത്തമായ ദൈവാനുഭവത്തിന്റെയും ആത്മാനുഭൂതിയുടെയും ബഹിർസ്ഫുരണമായ അവ അന്യവാചകരിൽ അത്യന്തം അനിവചനീയമായ ഒരു അനുരണനം സൃഷ്ടിക്കുവാൻ പര്യാപ്തമാണ്.

ഇപ്പോൾ പ്രകാശനം ചെയ്യപ്പെടുവാൻ പോകുന്ന രണ്ടാം ഭാഗവും ഒന്നാംഭാഗംപോലെ തന്നെ ആസ്വാദ്യവും ലളിതമനോഹരവുമായിരിക്കുന്നു. അതിന് എല്ലാവിധ ഭാവുകങ്ങളും പ്രചുരപ്രചാരവും ആശംസിക്കുന്നതോടൊപ്പം അതിയായ ക്ഷമാശീലവും അത്യുത്സാഹത്തോടെയുള്ള പരിശ്രമവും, ആത്മാർത്ഥമായ പ്രവർത്തനശൈലിയും കൈമുതലായുള്ള ബ. തോമസച്ചനെ ഞാൻ അകമഴിഞ്ഞ് അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു.

**പൗലോസ് മാർ പീലാക്സിനോസ്**
**മെത്രാപ്പോലീത്താ**
കത്തോലിക് ബിഷപ്പ്സ് ഹൗസ്

തൊഴിയൂർ
ഒക്ടോബർ 12.1989

## ആശംസ

സർവ്വത്രികസഭയിലെ ഏറ്റവും ഇളയമുളയാണ് 'മലങ്കര കത്തോലിക്കാസഭ' എന്നാൽ അത് ഏറ്റവും പുരാതനമായ ആരാധനക്രമത്തിൽ വേരൂന്നിനിൽക്കുന്നു. യേശു ജീവിച്ച് ക്രൂശുമരണംവരിച്ച ജറുസലേമിൽ തന്റെ അപ്പസ്തോലനും പ്രഥമ സഭാദ്ധ്യക്ഷനുമായ മാർ യാക്കോബ് ശ്ലീഹായിൽ ആരംഭിച്ച് അന്ത്യോക്യായിലെ വി. ജോൺ ക്രിസോസ്റ്റം, എഡേസായിലെ മാർ അപ്രേം തുടങ്ങിയ വിശ്രുതരായ പിതാക്കന്മാരുടെ പരിചരണത്തിൽ വളർന്ന് രൂപം കൊണ്ട് ഒരു ആരാധനക്രമമാണിത്. ഒരസാധാരണ മുത്താണ് മലങ്കരസഭയ്ക്കു ലഭിച്ചിരിക്കുന്നത്.

ഇത്ര വിശിഷ്ടമായ നിധി പൈതൃകമായി മലങ്കര മക്കൾക്കു ലഭിച്ചെങ്കിലും അതിന്റെ മഹത്വവും വൈശിഷ്ട്യവും മലങ്കരമക്കൾപോലും മനസ്സിലാക്കുകയോ അനുഭവിക്കുകയോ ചെയ്യുന്നില്ല. മനസ്സിലാക്കാതെ എങ്ങനെ സജീവമായി പങ്കെടുക്കാനാവും. അനുഭവിക്കാനാവും. ഏശയ്യായുടെ പ്രവചനം വായിച്ചുകൊണ്ടിരുന്ന എത്യോപ്യാക്കാരൻ ഷണ്ഡൻ പീലിപ്പോസിനോടു ചോദിച്ച ചോദ്യം പ്രസക്തമാണ്. 'ആരെങ്കിലും വ്യാഖ്യാനിച്ചുതരാതെ എങ്ങനെയാണു ഞാൻ മനസ്സിലാക്കുക? (അ.പ്ര.8:31). വി.കുർബാനയെപ്പറ്റിയും പലർക്കും പറയാനുള്ളതും ഇതുതന്നെയാവും. ഈ വലിയ കുറവ് ബഹു: കാരിച്ചാൽ ഗീവർഗീസ് പണിക്കരച്ചന്റെ 'മലങ്കര കുർബാന തീർത്ഥാടകസഭയിൽ' എന്ന ഗ്രന്ഥം പരിഹരിച്ചിരിക്കുകയാണ്. ഈ ഗ്രന്ഥം മലങ്കര കുർബാനയെപ്പറ്റിയുള്ള ആഴമായ പഠനവും ഹൃദ്യമായ വ്യാഖ്യാനവുമാണ് നൽകുന്നത്.

ബഹു: കാരിച്ചാൽ ഗീവർഗീസ് പണിക്കരച്ചൻ തയ്യാറാക്കിയിരുന്ന കുറിപ്പുകൾ സമാഹരിച്ച് സൂക്ഷ്മതയോടെ എഡിറ്റു ചെയ്ത് പ്രസിദ്ധീകരിക്കുന്നത് അദ്ദേഹത്തിന്റെ വത്സലപുത്രനും പണ്ഡിതനുമായ ബ. തോമസ് പണിക്കരച്ചനാണ്. ഇതുവഴിയായി മലങ്കരസഭയ്ക്കു ഒരു വലിയ സേവനമാണ് അച്ചൻ അനുഷ്ഠിച്ചിരിക്കുന്നത്. അച്ചന് എല്ലാ അനുഗ്രഹങ്ങളും നേരുന്നു; ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുന്നു.

**ലോറൻസ് മാർ അപ്രേം**
**മെത്രാപ്പോലീത്താ**
തിരുവനന്തപുരം അതിരൂപതാ
സഹായമെത്രാൻ

ക്രിസ്തുരാജപുരം
3.10.1989

# ആസ്വാദനക്കുറിപ്പ്

ഭാഗ്യസ്മരണാർഹനായ പുത്തൻ പുരയ്ക്കൽ ഗീവർഗീസ് പണിക്കരച്ചനോടൊപ്പം വളരെ വർഷങ്ങൾ സഭയുടെ എല്ലാകൂദാശകളിലും ഭാഗഭാക്കാകുവാൻ എനിക്കവസരം ലഭിച്ചിട്ടുള്ളതിനാൽ മലങ്കര ആരാധനക്രമങ്ങളിലും പൗരസ്ത്യപാരമ്പര്യങ്ങളിലും അദ്ദേഹത്തിനുണ്ടായിരുന്ന അഗാധമായ പാണ്ഡിത്യവും നിഷ്ഠയും പ്രതിബദ്ധതയും നേരിട്ടറിയുവാൻ സാധിച്ചിട്ടുണ്ട്. ബഹു:അച്ചൻ നൽകിയ അറിവുകളും ചെറുകുറിപ്പുകളും എന്റെ സണ്ടേസ്കൂൾ അദ്ധ്യാപനത്തിലും രചനകളിലും ഉപയോഗിക്കുവാനും അദ്ദേഹത്തിന്റേതായി ബഹു: തോമസ് പണിക്കരച്ചൻ പ്രസിദ്ധീകരിച്ച രണ്ടു പുസ്തകങ്ങളും ആഴത്തിൽ പഠിക്കുവാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ആ പുസ്തകങ്ങളുടെ പരിഷ്ക്കരിച്ച പതിപ്പ് ഇറങ്ങുന്നതിൽ അതിയായ സന്തോഷമുണ്ട്.

മലങ്കര ആരാധന ക്രമത്തെ സ്നേഹിക്കുകയും അത് ആസ്വദിച്ച് അതിൽ ഭാഗഭാക്കുകളാകുകയും ചെയ്യുന്ന ഏവർക്കും ഇതൊരു മുതൽക്കൂട്ടായിരിക്കുമെന്നത് നിസ്തർക്കമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ "പൗരസ്ത്യസഭകൾ" എന്ന ഡിക്രിയിൽ ഓരോ വിശ്വാസിയും അവനവന്റെ റീത്തിന്റെ പാരമ്പര്യത്തോടും പൈതൃകത്തോടും വിശ്വസ്തത പുലർത്തണമെന്ന് ഊന്നിപ്പറഞ്ഞിരിക്കുന്നു. എന്നാൽ അതിനും വർഷങ്ങൾക്കുമുമ്പേതന്നെ അക്കാര്യത്തിനായി വാക്കിലും ലിഖിതത്തിലും ശക്തിയുക്തം പ്രയത്നിച്ച വ്യക്തിയായിരുന്നു ബഹു: വല്യ പണിക്കരച്ചൻ. പുനരൈക്യത്തിനുശേഷം നമ്മുടെ സഭയിൽ കടന്നുകൂടിയ ചില അന്യമായ ആചാരങ്ങളെ ശക്തിയായി എതിർക്കുകയും അന്ത്യോക്യൻ ആരാധന ക്രമത്തിന്റെ ശ്രേഷ്ഠതയും ആസ്വാദ്യതയും എപ്പോഴും എടുത്തു കാട്ടുകയും തനിമ കാത്തുപാലിക്കുവാൻ അന്ത്യശ്വാസം വരെയും ശ്രമിക്കുകയും ചെയ്ത വന്ദ്യനായ ആചാര്യശ്രേഷ്ഠന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ഇങ്ങനെ രണ്ടുവരികുറിക്കുവാൻ ബലഹീനനായ എനിക്കവസരം തന്ന ബഹു: തോമസ് പണിക്കരച്ചനോടുള്ള അളവറ്റ നന്ദി പ്രകാശിപ്പിച്ചുകൊണ്ടും നിർത്തുന്നു.

**തോമസ് തുണ്ടിയിൽ**
റിട്ട. പ്രിൻസിപ്പൽ, കാരിച്ചാൽ

30.9.2015



# അവതാരിക

കഴിഞ്ഞ വർഷങ്ങളിൽ ഹൃദ്യമായ സ്വീകരണമാണ് 'മലങ്കര കുർബാന തീർത്ഥാടകസഭയിൽ' എന്ന ഗ്രന്ഥത്തിനു മലങ്കരമക്കളിൽ നിന്നു ലഭിച്ചതെന്ന് കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. പുസ്തകത്തിന്റെ മൂന്നാം പതിപ്പ് ആവശ്യമാണെന്ന് പലരും പറഞ്ഞു. അതുകൊണ്ട് പരിഷ്ക്കരിച്ച മൂന്നാം പതിപ്പ് മലങ്കര മക്കൾക്കു വിനയപൂർവ്വം സമർപ്പിക്കുകയാണ്. പുസ്തകത്തിന്റെ ആദ്യഭാഗത്തിന്റെ തമിഴ് പരിഭാഷ കഴിഞ്ഞ വർഷം പ്രകാശനം ചെയ്ത കാര്യം സന്തോഷത്തോടെ അറിയിക്കുന്നു.

29 വർഷങ്ങൾക്കുമുമ്പ് മലങ്കര ആരാധനാവത്സരത്തിന്റെ അവസാനത്തിലാണ് അച്ചാ സ്വർഗ്ഗീയ ജറുസലേമിലെ മഹത്വപൂർണ്ണമായ ആരാധനയിൽ പങ്കെടുക്കുവാൻ വിളിക്കപ്പെട്ടത്. ആരാധന ആ ജിവിതത്തിന്റെ അവിഭാജ്യമായ അംശമായിരുന്നു. പൗരസ്ത്യ പാരമ്പര്യങ്ങൾ അഭംഗുരം കാത്തുസൂക്ഷിക്കുന്നതിന് അവസാനംവരെ അച്ചാ ആത്മാർത്ഥമായി പരിശ്രമിച്ചു അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നാണ് ആരാധനക്രമത്തോടുള്ള ഈ സ്നേഹവും താല്പര്യവും അച്ചായ്ക്ക് ലഭിച്ചത്. മലങ്കര സഭയുടെ ആരാധനയുമായി അച്ചായുടെ ജിവിതം അലിഞ്ഞുചേർന്നിരുന്നു. ജീവിതം തന്നെ ആരാധനയാക്കിമാറ്റിയ ആ ജീവിതത്തിന്റെ സ്പന്ദനങ്ങളാണ് ഈ പുസ്തകത്തിന്റെ താളുകളിൽ.

അച്ചായുടെ പഠനക്കുറിപ്പുകൾ എനിക്കു കിട്ടിയ അമൂല്യമായ സമ്പത്തായി ഞാൻ സൂക്ഷിക്കുന്നു. അച്ചായുടെ ജീവിതമാതൃകയാണ് ആരാധനയോടുള്ള ആഭിമുഖ്യം എന്നിൽ അങ്കുരിപ്പിച്ചത്. ദൈവജനത്തിനു വേണ്ടി സ്വയം സമർപ്പിക്കുന്നതിനുള്ള ആവേശം ഉൾക്കൊണ്ടതും ആ ജീവിതത്തിൽ നിന്നു തന്നെ.

പലരുടെയും സ്നേഹപൂർവ്വമായ പ്രേരണയാണ് ഈ പുസ്തകത്തിന്റെ പ്രകാശനം ഒരു യാഥാർത്ഥ്യമാക്കിത്തീർത്തത്. അവരെയെല്ലാം നന്ദിനിറഞ്ഞ ഹൃദയത്തോടെ ഓർമ്മിക്കുന്നു. ദിവംഗതനായ അഭിവന്ദ്യ മാർഗ്രിഗോറിയോസ് തിരുമേനി ഈ പുസ്തകം സശ്രദ്ധം വായിക്കുകയും ഇതിന്റെ ആദ്യപതിപ്പിന് പ്രൗഢമായ ഒരു അവതാരിക എഴുതിത്തരുകയും ചെയ്തു. പിതാവിന്റെ ജന്മശതാബ്ദിവർഷത്തിൽ അഭിവന്ദ്യ തിരുമേനിയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഈ പുസ്തകം

പ്രസിദ്ധീകരിക്കുന്നതിന് എന്നെ വളരെ പ്രോത്സാഹിപ്പിച്ച മലങ്കര കത്തോലിക്കാ സഭയുടെ ആദ്യ കാതോലിക്കാ ബാവാ സിറിൽ മാർ ബസേലിയോസ് തിരുമേനിയെ നന്ദിനിറഞ്ഞ ഹൃദയത്തോടെ ഓർക്കുന്നു. ജോലിത്തിരക്കിനിടയിലും ഈ പുസ്തകത്തിന് നല്ല ഒരു ആശംസ എഴുതി തന്നനുഗ്രഹിച്ച മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാതിരുമനസ്സിനോടുള്ള എന്റെ സ്നേഹംനിറഞ്ഞ കൃതജ്ഞത അറിയിക്കുന്നു. ഈ മൂന്നാംപതിപ്പ് പ്രകാശനം ചെയ്യാൻ സ്നേഹപൂർവ്വം സമ്മതിച്ച മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ:ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയെ ഒത്തിരി നന്ദിയോടെ ഓർക്കുന്നു. അനുഗ്രഹാശംസകൾ എഴുതിയ തിരുവല്ല അതിഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പൊലീത്തയ്ക്കും തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് തിരുമേനിക്കും എന്റെ സ്നേഹാദരവുകൾ മലങ്കര സഭയുടെ മറ്റെല്ലാ തിരുമേനിമാരും അച്ചായോട് പ്രത്യേക സ്നേഹവും താല്പര്യവും കാണിച്ചിരുന്നു. ആശംസകൾ കൊണ്ടും പ്രാർത്ഥനകൾ കൊണ്ടും ഇതിനെ അനുഗ്രഹിച്ച എല്ലാ അഭിവന്ദ്യ തിരുമേനിമാർക്കും സ്നേഹാദരങ്ങൾ അർപ്പിക്കുന്നു. ആസ്വാദനക്കുറിപ്പ് എഴുതി തന്ന തുണ്ടിയിൽ തോമസ് സാറിനെയും നന്ദിയോടെ ഓർക്കുന്നു.

ഈ പുസ്തകം എഡിറ്റു ചെയ്യാൻ എന്നെ സഹായിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. നിശ്ചിതസമയത്തിനുള്ളിൽ മുദ്രണം ഭംഗിയായി പൂർത്തിയാക്കിയ ചാരുംമൂട് ആൽഫ ഡിസൈനേഴ്സ് ആൻഡ് പ്രിന്റേഴ്സിലെ പ്രവർത്തകർക്ക് എന്റെ സ്നേഹം നിറഞ്ഞ നന്ദി. പ്രൂഫ് നോക്കിയും പ്രാർത്ഥിച്ചും പ്രോത്സാഹിപ്പിച്ചും എന്നെ സഹായിച്ച നല്ലവരായ കുറത്തികാട് ഇടവകാംഗങ്ങളെയും എന്റെ പ്രീയപ്പെട്ട കുടുംബാംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ഒരു തീർത്ഥാടന അരൂപിയിൽ വി. കുർബാനയിൽ പങ്കെടുക്കാനും അത് ഒരു ദൈവാനുഗ്രഹമാക്കി മാറ്റാനും മലങ്കരസഭയുടെ തനിമയും വ്യക്തിത്വവും കാത്തുസൂക്ഷിക്കാനും മലങ്കരമക്കളെ ഈ പുസ്തകം അല്പമെങ്കിലും സഹായിക്കുമെന്നുള്ള പ്രതീക്ഷയോടെ അച്ചായുടെ പാവനസ്മരണയ്ക്കു മുമ്പിൽ നമിച്ചുകൊണ്ട് ഈ മൂന്നാം പതിപ്പ് മലങ്കരസഭയ്ക്കു സമർപ്പിക്കുന്നു.

കുറത്തികാട്
23.10.2015

**ഫാ.തോമസ് പണിക്കർ**



# 1

# ആരാധന ആത്മാവിലും സത്യത്തിലും

എല്ലാ മതങ്ങൾക്കും ആരാധനയുണ്ട്. കാരണം, എല്ലാ മനുഷ്യർക്കും ദൈവത്തെ ആരാധിക്കാൻ കടമയുണ്ട്. സ്രഷ്ടാവിന്റെ പരമാധികാരത്തെ ഏറ്റുപറയുക സൃഷ്ടികളുടെ കടമയാണ്. അവർ ദൈവത്തെ പാടിസ്തുതിക്കുകയും നന്ദിനിറഞ്ഞ ഹൃദയത്തോടെ ആരാധിക്കുകയും വേണം (വെളി 4:11). മനുഷ്യഹൃദയങ്ങളിൽ ദൈവാരാധനയ്ക്കുള്ള ആഗ്രഹം സ്വതവേ ഉണ്ട്. അതുകൊണ്ടാണ് എല്ലാ മതങ്ങളും ദൈവാരാധനയ്ക്കുള്ള രീതികൾ നിശ്ചയിച്ചിരിക്കുന്നത്.എന്നാൽ ക്രിസ്തീയ ആരാധനയ്ക്ക് ചില പ്രത്യേകതകൾ ഉണ്ട്. ക്രിസ്തു തന്നെ അവ വെളിപ്പെടുത്തിയിരിക്കുന്നു. സമരിയാക്കാരി സ്ത്രീയുമായുള്ള സംഭാഷണത്തിനിടയിലാണ് ക്രിസ്തു ആരാധനയെക്കുറിച്ചു പരാമർശിച്ചത്. യഥാർത്ഥ ആരാധനാസ്ഥലത്തെക്കുറിച്ചുള്ള സമരിയാക്കാരി സ്ത്രീയുടെ ചോദ്യത്തിനു മറുപടിയായിട്ടാണ് യഥാർത്ഥ ആരാധന എന്താണെന്ന് ക്രിസ്തു പറഞ്ഞത്:

> ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത് (യോഹ 4:24).

അതുകൊണ്ട് ആത്മാവിലും സത്യത്തിലുമുള്ള ആരാധന എന്നത് ക്രിസ്തീയ ആരാധനയുടെ പ്രത്യേകതയായി കണക്കാക്കണം.

ഇപ്രകാരം മറ്റു മതങ്ങളുടെ ആരാധനകളിൽനിന്ന് ക്രിസ്തുമതത്തിന്റെ ആരാധന വേർതിരിച്ചറിയാൻ സാധിക്കും.

## ആത്മാവിലുള്ള ആരാധന

ആത്മാവിൽ ആരാധിക്കണമെന്ന് യേശു പറഞ്ഞപ്പോൾ എന്താണ് അർത്ഥമാക്കിയത്? ആത്മാവിൽ ആരാധിക്കുകയെന്നാൽ, ദൈവമക്കളെപ്പോലെ ആരാധിക്കുക എന്നർത്ഥമാകുന്നു. പ്രാർത്ഥന ദൈവത്തോടുള്ള സംഭാഷണമാണ്. മക്കൾ സ്വന്തം പിതാവിനോടു സംസാരിക്കുന്ന വിധത്തിൽ ദൈവത്തോടു സംഭാഷണം ചെയ്യുന്നതാണ് ക്രിസ്തീയ പ്രാർത്ഥന. പാപത്തിനു മുമ്പ് ആദാമും ഹവ്വായും ദൈവത്തോടു സംഭാഷണം ചെയ്തിരുന്നത് അപ്രകാരമായിരുന്നു. ദൈവം ആദാമിനെയും ഹവ്വായെയും എല്ലാദിവസവും വൈകുന്നേരം തോട്ടത്തിൽ സന്ദർശിക്കുമായിരുന്നു. ആദിമാതാപിതാക്കൾ സ്വതന്ത്രമായി ദൈവത്തെ സമീപിക്കുകയും സംസാരിക്കുകയും ചെയ്തിരുന്നു. പക്ഷേ പാപം ചെയ്തതിനു ശേഷം അവർ അവിടുത്തെ മുമ്പിൽനിന്നു മാറി.

> വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു. പുരുഷനും ഭാര്യയും അവിടുത്തെ മുമ്പിൽനിന്നു മാറി (ഉൽപ 3:8).

പാപത്തിനു മുമ്പ് അവർ ദൈവമക്കളെപ്പോലെ പെരുമാറി. എന്നാൽ പാപത്തിനു ശേഷം അവർക്ക് ദൈവമക്കളുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. അവർക്കു ഭയമായി. ഇനി അവർക്കു യഥാർത്ഥത്തിൽ പ്രാർത്ഥിക്കുവാൻ സാധിക്കുകയില്ല. പാപം വഴിയായി ദൈവപുത്രസ്ഥാനം അവർ നഷ്ടപ്പെടുത്തി. ആ സ്ഥാനം വീണ്ടെടുക്കാതെ അവർക്കു വേണ്ട വിധത്തിൽ പ്രാർത്ഥിക്കാൻ സാധിക്കില്ല. ദൈവവുമായി സ്നേഹ സംഭാഷണം നടത്താൻ അവർ വീണ്ടും ദൈവമക്കളാകണം. പരിശുദ്ധാത്മാവാണ് നമ്മെ വീണ്ടും ദൈവമക്കളാക്കുന്നത്.

> ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്. നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച്, പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവു മൂലമാണ് നാം





> ആബാ പിതാവേ എന്നു വിളിക്കുന്നത്. നാം ദൈവത്തിന്റെ മക്കളാണെന്ന് ഈ ആത്മാവ് നമ്മുടെ ആത്മാവിനോടു ചേർന്ന് സാക്ഷ്യം നൽകുന്നു (റോമ 8:14-16).

ആത്മാവിൽ ആരാധിക്കണമെന്ന് യേശു പറഞ്ഞതിന്റെ അർത്ഥം ഇപ്പോൾ കൂടുതൽ വ്യക്തമാണ്. ദൈവമക്കളെപ്പോലെ പ്രാർത്ഥിച്ചാലേ ക്രിസ്തീയ ആരാധന ആവുകയുള്ളു. പരിശുദ്ധാത്മാവിന്റെ സഹായം അതിന് അത്യാവശ്യമാണ്. അതുകൊണ്ടാണ് വി. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നത്.

> നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവു തന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു (റോമ 8:26).

മാമോദീസാ മൂലം നമുക്ക് ഈ ഭാഗ്യമാണ് ലഭിക്കുന്നത്. പരിശുദ്ധാത്മാവ് നമ്മിൽ അധിവസിക്കുകയും നമ്മെ ദൈവത്തിന്റെ മക്കളാക്കുകയും ചെയ്യുന്നു. അതുവഴി ആത്മാവിൽ പ്രാർത്ഥിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. ക്രിസ്തു ഈ ലോകത്തിലേക്കു വന്നത് നമ്മെ ദൈവമക്കളാക്കുവാനാണ്.

> തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി (യോഹ 1:12).

പരിശുദ്ധാത്മാവിനെ സമൃദ്ധമായി ചൊരിഞ്ഞുകൊണ്ടാണ് ഈ കഴിവ് ക്രിസ്തു നല്കിയത്.

> നിങ്ങൾ മക്കളായതുകൊണ്ട് ആബ്ബാ പിതാവേ എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയത്തിലേക്ക് അയച്ചിരിക്കുന്നു (ഗലാ 4:6).

## സത്യത്തിലുള്ള ആരാധന

വി.ഗ്രന്ഥത്തിലെ സത്യം ബുദ്ധിയുടെ സമ്മതത്തിനുള്ള വിഷയമല്ല. ഒരുവന്റെ വ്യക്തിപരമായ ജീവിത സമർപ്പണം ആവശ്യപ്പെടുന്ന യാഥാർത്ഥ്യമാണ്. *എമെത്* എന്ന ഹീബ്രു പദമാണ് പഴയനിയമത്തിൽ

ഉപയോഗിച്ചിരിക്കുന്നത്. അതിനു വിശ്വസ്തത, ആശ്രയിക്കാവുന്നത്, ഒരിക്കലും മാറ്റമില്ലാത്തത് എന്നൊക്കെ അർത്ഥമുണ്ട്. കർത്താവ് സത്യ ദൈവമാണെന്നു പഴയനിയമം പറയുമ്പോൾ (2 ദിന 15:3; നിയ 32:4) വ്യാജദൈവമല്ലാത്തവൻ എന്നതിലുപരി തന്റെ ജനത്തിന് ആശ്രയിക്കാ വുന്നവൻ എന്നാണർത്ഥം. ഉടമ്പടിയോടും വാഗ്ദാനങ്ങളോടും കർത്താവെന്നും വിശ്വസ്തനായിരുന്നു (നിയ 7:9; സങ്കീ 31:6). പുതിയ നിയമത്തിൽ സത്യത്തെ അനുസരിക്കുകയും (റോമ 2:8; ഗലാ 5:7) സത്യം പ്രവർത്തിക്കുകയുമാണ് (1 യോഹ 1:6). സത്യത്തെ സ്നേഹി ക്കുകയും (2 തെസ്സ 2:10) സത്യത്തോടു വിധേയത്വം കാണിക്കുകയു മാണ് (1 പത്രോ 1:22) അത്. *യേശു തന്നെയാണ് വഴിയും സത്യവും ജീവനും (യോഹ 14:6). കൃപയും സത്യവുമാകട്ടെ യേശുക്രിസ്തു വഴി ഉണ്ടായി (യോഹ 1:17).* ഈ സത്യമാണ് നമ്മെ സ്വതന്ത്രരാക്കുന്നത് (യോഹ 8:32). ആത്മാവാണ് സത്യം (1യോഹ 5:6). അതുകൊണ്ടാണ് യേശു പറഞ്ഞത്: *സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും* (യോഹ 16:13). സത്യത്തിനു സാക്ഷ്യം നല്കാൻ വന്ന യേശു, എന്താണു സത്യം എന്ന പീലാത്തോസിന്റെ ചോദ്യത്തിനു നേരിട്ടു മറുപടി നല്കിയില്ല (യോഹ 18:37–38). എന്നാൽ തന്റെ പ്രവൃത്തികൊണ്ട് സാക്ഷ്യം നല്കി. കുരിശിലെ മരണമായിരുന്നു യേശുവിനു സത്യം. സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം പൂർണ്ണമായി നിറവേറ്റുകയായിരുന്നു അത്. പിതാവിന്റെ തിരുവിഷ്ടം പൂർണ്ണമായി നിറവേറ്റിയതുകൊണ്ടാണ് യേശുതന്നെ സത്യമായത്. അതുകൊണ്ട് ദൈവത്തിന്റെ ഇഷ്ടം ചെയ്യുകയാണ് സത്യം. സത്യത്തിലുള്ള ആരാ ധനയെക്കുറിച്ച് വി.പൗലോസ് അപ്പസ്തോലൻ പറയുന്നു. *നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബ ലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന* (റോമ 12:1).

## ആരാധന അനുഭവത്തിൽനിന്ന്

എങ്ങനെയാണ് ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ നമുക്കു കഴിയുക? അതിനുള്ള ഉത്തരം സമരിയാക്കാരി സ്ത്രീയുടെ യേശുവുമായുള്ള സംഭാഷണത്തിൽനിന്ന് മനസ്സിലാക്കാം. സിക്കാറിലെ യാക്കോബിന്റെ കിണറ്റിൻകരയിൽവച്ചാണ് സമരിയാക്കാരി സ്ത്രീ യേശുവിനെ കണ്ടെത്തിയത്. പാപിനിയായ അവൾ യേശുവിനെ രക്ഷ കനും കർത്താവുമായി അനുഭവിച്ചറിഞ്ഞു. അതുവഴി അവൾ യഥാർത്ഥ ആരാധനയുടെ അനുഭവത്തിലേക്കു വന്നു.





യോഹ 4:07 യേശു അവളോട് എനിക്കു കുടിക്കാൻ തരുക

4:09ആ സമരയിക്കാരി അവനോടു ചോദിച്ചു നീ *ഒരുയഹൂദനായിരിക്കെ* സമരിയക്കാരിയായ എന്നോടു കുടിക്കാൻചോദിക്കുന്നതെന്ത്? യഹൂദരും സമരിയാക്കാരും തമ്മിൽ സമ്പർക്കമൊന്നുമില്ലല്ലോ.

4:10 ദൈവത്തിന്റെ ദാനം എന്തെന്നും എനിക്കു കുടിക്കാൻ തരുക എന്ന് നിന്നോടാവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നെങ്കിൽ, നീ അവനോടു ചോദിക്കുകയും അവൻ നിനക്കു ജീവജലംതരുകയും ചെയ്യുമായിരുന്നു.

4:11 *പ്രഭോ,* വെള്ളം കോരാൻ നിനക്കു പാത്രമില്ല, കിണറോ ആഴമുള്ളതും. പിന്നെ ഈ ജീവജലം നിനക്ക് എവിടെനിന്നു കിട്ടും? ഈ കിണർ ഞങ്ങൾക്കു തന്ന ഞങ്ങളുടെ പിതാവായ *യാക്കോബിനേക്കാൾ വലിയവനാണോ നീ?*

4:13 ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കുന്നു.എന്നാൽ ഞാൻ നൽകുന്ന വെള്ളംകുടിക്കുന്നവന് പിന്നീടൊരിക്കലും ദാഹിക്കുകയില്ല.

4:15 ആ ജലം എനിക്കു തരുക. മേലിൽ എനിക്കു ദാഹിക്കയില്ലല്ലോ. വെള്ളം കോരാൻ ഞാൻ ഇവിടെ വരുകയും വേണ്ടല്ലോ.

4:16 നീ ചെന്ന് നിന്റെ ഭർത്താവിനെ കൂട്ടിക്കൊണ്ടു വരുക

4:16 എനിക്കു ഭർത്താവില്ല

4:18എനിക്കു ഭർത്താവില്ല എന്നു നീ പറഞ്ഞതു ശരിയാണ്. നിനക്ക് അഞ്ചുഭർത്താക്കന്മാർ ഉണ്ടായിരുന്നു ഇപ്പോഴുള്ളവൻ നിന്റെ ഭർത്താവല്ല.

4:18*പ്രഭോ,*അങ്ങ് ഒരു *പ്രവാചകനാണെന്നു* ഞാൻ മനസ്സിലാക്കുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധന നടത്തി, എന്നാൽ യഥാർത്ഥമായ ആരാധനാസ്ഥലം ജറുസലേമിലാണ് എന്നു നിങ്ങൾ പറയുന്നു.

4:21 സ്ത്രീയേ, എന്നെ വിശ്വസിക്കുക, ഈ മലയിലോ ജറുസലെമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു...

4:23 എന്നാൽ, യഥാർത്ഥ ആരാധകർ *ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു.* അല്ല, അത് ഇപ്പോൾ ത്തന്നെയാണ്. യഥാർത്ഥത്തിൽ അങ്ങനെയുള്ള ആരാധകരെത്തന്നെയാണ്പിതാവ് അന്വേഷിക്കുന്നതും.

4:24 ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്.

4:25 *മിശിഹാ*-ക്രിസ്തു വരുമെന്ന് എനിക്ക് അറിയാം. അവൻ വരുമ്പോൾ എല്ലാക്കാര്യങ്ങളും ഞങ്ങളെ അറിയിക്കും

4:26 നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെയാണ് അവൻ.

സമരിയാക്കാരി സ്ത്രീ യേശുവിനെ ആദ്യം കണ്ടപ്പോൾ നീ എന്നു സംബോധന ചെയ്യുകയും ഒരു യഹൂദനെന്ന നിലയിൽ മാത്രം കാണുകയും ചെയ്തു. എന്നാൽ പടിപടിയായി അവൾ യേശുവിനെ കൂടുതൽ അറിയുകയും അവളുടെ രക്ഷകനായി അംഗീകരിക്കുകയും ചെയ്യുന്നു. യേശുവിനെ ആദ്യം നീ എന്നു വിളിച്ച (9) അവൾ, പിന്നീട് പ്രഭോ എന്നു വിളിക്കുകയും പിതാവായ യാക്കോബിനേക്കാൾ വലിയവനാണെന്നു (11) സമ്മതിക്കുകയും ചെയ്യുന്നു.തുടർന്ന് അവൾ യേശുവിനെ പ്രവാചകനായി (19) കാണുന്നു. അവസാനം അവൾ യേശുവിനെ മിശിഹാ ആയി അനുഭവിച്ച് അറിയുന്നു (25). ഈ അനുഭവത്തിൽനിന്നാണ് അവൾ ആരാധനയിലേക്കു കടന്നുവരുന്നത്. യേശുവാകട്ടെ അവളുടെ പാപജീവിതത്തിലേക്കു കടന്നുചെല്ലുകയും അവളെ മാനസാന്തരപ്പെടുത്തുകയും ചെയ്യുന്നു. ഇതാണ് യഥാർത്ഥ ആരാധനാനുഭവം. ക്രിസ്ത്വാനുഭവത്തിൽനിന്നു മാത്രമേ ആരാധനാനുഭവത്തിലേക്കു വരാൻ സാധിക്കൂ. യേശുവിനെ രക്ഷകനും കർത്താവുമായി അനുഭവിച്ചറിയുന്നവർക്കാണ് ആത്മാവിലും സത്യത്തിലും ആരാധിക്കാൻ കഴിയുക.

## ആരാധനയിൽനിന്ന് പ്രേഷിത ദൗത്യത്തിലേക്ക്

ക്രിസ്ത്വാനുഭവവും യഥാർത്ഥ ആരാധനയും നമ്മെ മറ്റൊരു തലത്തിലേക്കു നയിക്കേണ്ടതാണ്. അതാണ് സമരിയാക്കാരി സ്ത്രീക്കു സംഭവിച്ചത്.

> ആ സ്ത്രീയാകട്ടെ കുടം അവിടെ വച്ചിട്ട് പട്ടണത്തിലേക്കു പോയി. ആളുകളോടു പറഞ്ഞു: ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ വന്നു കാണുവിൻ. ഇവൻ തന്നെയായിരിക്കുമോ ക്രിസ്തു? അവർ പട്ടണത്തിൽനിന്നു പുറപ്പെട്ട് അവന്റെ അടുത്തുവന്നു (യോഹ 4:28-29).





സമരിയാക്കാരി സ്ത്രീ അവളുടെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവച്ചു. അവൾ ക്രിസ്തുവിനു സാക്ഷ്യം വഹിച്ചു. ആ സ്ത്രീയുടെ സാക്ഷ്യംമൂലം പട്ടണത്തിലെ സമരിയാക്കാരിൽ അനേകർ അവനിൽ വിശ്വസിച്ചു (യോഹ 4:39). നമ്മുടെ ആരാധന ദൈവാലയത്തിൽ ഒതുങ്ങിനിൽക്കാനുള്ളതല്ല. അത് അനുദിന ജീവിതത്തിലേക്കു കടന്നുവരണം. മലങ്കര കുർബാനയിൽ അവസാനഭാഗത്ത് സമാധാനത്താലെ പോകുവിൻ എന്നു പറയുന്നത് ഈ അർത്ഥത്തിലാണ്. ഞങ്ങൾ നിങ്ങളെ ഭരമേല്പിക്കുന്നതനുസരിച്ച് സമാധാനത്താലെ പോകുവിൻ എന്നാണ് വൈദികൻ പറയുന്നത്. ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനുള്ള ദൗത്യവുമായിട്ടാണ് നമ്മെ ദൈവാലയത്തിൽനിന്നു പറഞ്ഞയക്കുന്നത്.മഹത്വമുള്ളവനായ ഏശയ്യാ ദീർഘദർശി കണ്ട ദർശനത്തിലും (ഏശ 6:1-8) ഇതു വ്യക്തമാണ്. അവിടെ നമ്മുടെ കുർബാനയിലെ പ്രതീകങ്ങളാണ് നാം കാണുക. (ഉന്നതമായ സിംഹാസനം, കൊടിൽ കൊണ്ടെടുത്ത തീക്കനൽ). തുടർന്ന് ദീർഘദർശി പറയുന്നു: അതിനു ശേഷം കർത്താവ് അരുളിച്ചെയ്യുന്നതു ഞാൻ കേട്ടു, ആരെയാണു ഞാൻ അയയ്ക്കുക? ആരാണു നമുക്കുവേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു, ഇതാ ഞാൻ എന്നെ അയച്ചാലും (ഏശ 6:8) ക്രിസ്ത്വാനുഭവത്തിൽനിന്നാണ് ക്രിസ്തീയ ആരാധന ആരംഭിക്കുന്നത്. അത് ആത്മാവിലും സത്യത്തിലുമുള്ള ആരാധന ആയിരിക്കും. അത് നമ്മെ പ്രേഷിത ദൗത്യത്തിലേക്കു നയിക്കുകയും ചെയ്യും. തീർത്ഥാടക സഭ സ്വഭാവത്താലെതന്നെ പ്രേഷിതയാണ് (Ad Gentes 2) എന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നത് ഈ അർത്ഥത്തിലാണ്.

## വിവിധ ആരാധനാരീതികൾ

ക്രിസ്ത്വാനുഭവത്തിൽനിന്നാണ് ആരാധന ആരംഭിക്കുന്നതെങ്കിൽ അനുഭവം വ്യത്യസ്തമായാൽ ആരാധനാരീതിയും വ്യത്യസ്തമാകും. കാരണം, ക്രിസ്ത്വാനുഭവത്തോടുള്ള പ്രതികരണമാണ് ആരാധന. ഒരു വ്യക്തിയോടോ ഒരു സംഭവത്തോടോ പലർ പ്രതികരിക്കുന്നത് പല വിധത്തിലായിരിക്കും. ഒരു സംഭവത്തിന്റെതന്നെ ദൃക്സാക്ഷികളായവർ ഒരേ വിധത്തിൽ അത് വിവരിച്ചെന്നു വരികയില്ല. ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കാഴ്ചപ്പാടായിരിക്കുകയില്ല ഒരു ഡോക്ടറുടേത്. ഒരു സാധാരണക്കാരനും ഒരു നിയമപണ്ഡിതനും ഒരേ കാര്യം തന്നെ വിലയിരുത്തുന്നത് രണ്ടുതരത്തിലായിരിക്കും. അതുപോലെ

ക്രിസ്തുവിന്റെ ശിഷ്യന്മാർ അവിടുത്തെ അനുഭവിച്ചറിഞ്ഞത് പലവിധത്തിലാണ്. വി.മത്തായിയുടെയും വി.മർക്കോസിന്റെയും വി.ലൂക്കോസിന്റെയും വി.യോഹന്നാന്റെയും അനുഭവങ്ങൾ വ്യത്യസ്ഥങ്ങളായിരുന്നു. അതുകൊണ്ടാണല്ലോ നാലു സുവിശേഷങ്ങൾ ഉണ്ടാകുവാൻ കാരണമായത്. നാലു സുവിശേഷകരും ഒരേ ക്രിസ്തുസംഭവത്തിന്റെ സാക്ഷികളാണ്. ഒരേ ക്രിസ്തുസംഭവത്തിന്റെതന്നെ നാലുതരത്തിലുള്ള അനുഭവാവിഷ്കാരമാണ് നാലു സുവിശേഷങ്ങൾ.

ആരാധനയുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും തങ്ങൾക്കുണ്ടായ ക്രിസ്ത്വാനുഭവം തങ്ങളുടേതായ പ്രത്യേകതകളോടുകൂടി വിവിധ സമൂഹങ്ങൾക്കു പകർന്നുകൊടുത്തു. അങ്ങനെ വിവിധ സ്ഥലങ്ങളിൽ ക്രൈസ്തവസമൂഹങ്ങൾ രൂപംകൊണ്ടു. അതതുസ്ഥലത്തെ സംസ്കാരങ്ങളും പ്രത്യേകതകളും ഉൾക്കൊണ്ട് അവ വളർന്നുവന്നു. ഇപ്രകാരം പുഷ്ടിപ്പെട്ട ക്രൈസ്തവസമൂഹങ്ങളാണ് പ്രാദേശിക സഭകളായി വളർച്ച പ്രാപിച്ചത്. ഇങ്ങനെ രൂപംകൊണ്ട പ്രാദേശിക സഭകളുടെ കൂട്ടായ്മയാണ് തിരുസഭ. ഓരോ പ്രാദേശിക സഭയും അതുൾക്കൊണ്ട ക്രിസ്ത്വാനുഭവത്തെ സ്വന്തം രീതിയിൽ ആവിഷ്ക്കരിച്ച് തനതായ ആരാധനക്രമത്തിനു രൂപം കൊടുത്തു. അങ്ങനെ സഭയിൽ വിവിധ ആരാധനക്രമങ്ങളുണ്ടായി. വിവിധ റീത്തുകളുമുണ്ടായി.

ആദ്യ നാലു നൂറ്റാണ്ടുകളിലാണ് വിവിധ ആരാധനരീതികൾ വളർന്നുവന്നത്. എന്നാൽ എല്ലാ പ്രാദേശിക സഭകളും സ്വന്തമായ ആരാധനക്രമങ്ങൾക്കു രൂപം കൊടുത്തില്ല. ചില സഭകൾ കൂടുതൽ വളർന്നവയും തങ്ങളോടു പല തരത്തിൽ ബന്ധപ്പെട്ടവയുമായ ഇതര സഭകളുടെ ആരാധനക്രമം സ്വീകരിക്കുകയുണ്ടായി. ഏ.ഡി 52-ൽ മാർത്തോമാ ശ്ലീഹാ ഭാരതത്തിൽ വന്ന് ആരാധന നടത്തിയെങ്കിലും ഇവിടെ തനിമയുള്ള ഒരു ആരാധനക്രമം രൂപം കൊണ്ടതായി അറിവില്ല. അതുകൊണ്ട്. പേർഷ്യയിൽ വളർന്ന കൽദായ ആരാധനക്രമം നാലാം നൂറ്റാണ്ടിൽ ഭാരതം സ്വീകരിക്കുകയുണ്ടായി. ഈ ആരാധനക്രമം മാർത്തോമ്മായുടെ ക്രിസ്ത്വാനുഭവത്തിൽനിന്നു വളർന്നു വന്നതാണ്. കാരണം, പേർഷ്യയിൽ സഭ സ്ഥാപിച്ചത് മാർത്തോമ്മായുടെ ശിഷ്യനായ മാർ ആദായി ആയിരുന്നു. അതുകൊണ്ട് കൽദായാ ആരാധനക്രമം സ്വീകരിക്കാൻ നമുക്ക് എളുപ്പമായിരുന്നു.

ഒരു ഉദ്യാനത്തിനു ഭംഗി വർദ്ധിപ്പിക്കുന്നത് അതിൽ വിടർന്നു





നിൽക്കുന്ന പുഷ്പങ്ങളാണ്. പല നിറത്തിലും തരത്തിലുമുള്ള പുഷ്പങ്ങളും ഇലകളും ഉദ്യാനത്തെ ആകർഷകമാക്കുന്നു. കത്തോലിക്കാ സഭയും ഒരു പൂന്തോട്ടമാണ്. അതിലെ വിവിധ ആരാധനക്രമങ്ങൾ വിവിധ വർണ്ണങ്ങളുള്ള പുഷ്പങ്ങളും. അവ ക്രിസ്തുവിന്റെ സഭയെ മനോഹരമാക്കുന്നു. മഴവില്ല് എത്ര മനോഹരമാണ്! സൂര്യപ്രകാശം മഴത്തുള്ളികളിലൂടെ കടന്നുവരുമ്പോൾ ഉണ്ടാകുന്ന ആ വർണ്ണരാജി കണ്ണുകൾക്കു കുളിർമ നല്കുന്നു. സഭയിലെ വിവിധ ആരാധനക്രമങ്ങൾ മഴവില്ലിലെ മനോഹരങ്ങളായ നിറങ്ങൾ പോലെയാണ്. അവ ക്രിസ്തുവിന്റെ മണവാട്ടിയുടെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു.

## രണ്ടാം വത്തിക്കാൻ കൗൺസിലും ആരാധനക്രമവും

രണ്ടാം വത്തിക്കാൻ കൗൺസിൽ (1962-65) 16 പ്രമാണരേഖകളാണ് പുറപ്പെടുവിച്ചത്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് തിരുസഭയെപ്പറ്റിയുള്ള ജനതകളുടെ പ്രകാശം (Lumen Gentium) എന്ന പ്രമാണരേഖയാണ്. എന്നാൽ, കൗൺസിൽ ആദ്യം പാസ്സാക്കിയ പ്രമാണരേഖ ആരാധനക്രമത്തെ (Sacrosanctum Concilium 1963 December 4) സംബന്ധിച്ചതായിരുന്നു. (തുടർന്നുള്ള പേജുകളിൽ SC എന്ന ചുരുക്കെഴുത്ത് ഈ പ്രമാണരേഖകളെയാണ്) കൗൺസിലിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ കൗൺസിൽ ആദ്യം ശ്രദ്ധിച്ചത് ആരാധനക്രമത്തിന്റെ നവോത്ഥാനത്തിലാണ്. ആദ്ധ്യാത്മിക ജീവിതത്തിന്റെ പ്രാഥമിക വിദ്യാലയമാണ് ലിറ്റർജി. ക്രിസ്തീയ ജീവിതത്തിന്റെ അന്തർധാരയും ജീവിത വിശുദ്ധിയുടെ മഹനീയ പ്രകാശനവുമാണ് ആരാധനക്രമപരമായ ജീവിതം. സഭയുടെ നവീകരണത്തിന്റെ അവശ്യഘടകമാണ് ആരാധനക്രമ നവോത്ഥാനമെന്ന് കൗൺസിലിനു ബോദ്ധ്യമായി. തിരുസ്സഭാജീവിതത്തിൽ ലിറ്റർജിയുടെ പ്രാധാന്യമാണ് ഇത് വ്യക്തമാക്കുക.

ഏതാണ്ട് 40 വർഷം ദീർഘിച്ച പഠനത്തിന്റെയും ആരാധനക്രമ നവോത്ഥാനത്തിന്റെയും ഫലമാണ് ഈ പ്രമാണരേഖ. ഇതിലെ പൊതുതത്വങ്ങൾ എല്ലാ റീത്തുകളെയും ബാധിക്കുന്നവയാണെങ്കിലും പ്രായോഗിക നിർദ്ദേശങ്ങൾ ലത്തീൻ റീത്തിനെ മാത്രം ബാധിക്കുന്നവയാണ്. നിയമാനുസൃതം അംഗീകൃതമായ എല്ലാ റീത്തുകൾക്കും തിരുസ്സഭാമാതാവ് തുല്യാവകാശവും ശ്രേഷ്ഠതയും കല്പിക്കുന്നുണ്ടെന്ന് ഈ രേഖയിൽ കൗൺസിൽ വ്യക്തമാക്കുന്നു (S.C 4). മറ്റെല്ലാവിധ

ത്തിലും ഉന്നത നിലവാരം പുലർത്തുന്ന ഈ പ്രമാണരേഖയിലെ ഒരു കുറവ് പൗരസ്ത്യ സഭയിലെ മെത്രാന്മാർ ചൂണ്ടിക്കാണിച്ചു. പൗരസ്ത്യ ആരാധനക്രമത്തിൽ പരിശുദ്ധാത്മാവിന് അതിപ്രധാനമായ സ്ഥാനമുണ്ട്. എന്നാൽ, പ്രധാനമായും ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള ഈ രേഖയിൽ പരിശുദ്ധാത്മാവിന്റെ പേരു പോലും ആദ്യം ഇല്ലായിരുന്നു. അവസാന നിമിഷത്തിൽ നാലു സ്ഥലങ്ങളിൽ പരിശുദ്ധാത്മാവിനെപ്പറ്റി പരാമർശിച്ചെങ്കിലും ആരാധനക്രമത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വ്യക്തമാക്കാൻ അതുകൊണ്ട് വേണ്ടിടത്തോളം സാധിച്ചില്ല എന്നു പറയേണ്ടിയിരിക്കുന്നു.

## സഭയുടെ ഏറ്റം വിശിഷ്ട പ്രവർത്തനം

സഭയുടെ പ്രവർത്തനങ്ങളിൽ ഏറ്റം വിശിഷ്ടവും ഫലപ്രദവുമാണ് ആരാധനക്രമം. അശ്രദ്ധയോടും നിസ്സംഗ മനോഭാവത്തോടും സമീപിക്കേണ്ട ഒന്നല്ല ആരാധനക്രമം. ഏറ്റവും കൂടുതൽ താത്പര്യം കാണിക്കേണ്ടതും ഗൗരവമായി പരിഗണിക്കേണ്ടതുമായ വിഷയമാണത്.

> ആരാധനക്രമത്തിലെ ഓരോ തിരുക്കർമ്മവും, പുരോഹിതനായ ക്രിസ്തുവിന്റെയും അവിടുത്തെ ശരീരമായ സഭയുടെയും പ്രവൃത്തിയാകയാൽ, വിശുദ്ധവും ഉത്കൃഷ്ടവുമാണെന്നു വരുന്നു. സഭയുടെ മറ്റ് യാതൊരു പ്രവർത്തനവും വൈശിഷ്ട്യത്തിലും ഫലദായകത്വത്തിലും ഇവയെ പിന്നിലാക്കാൻ പോരുന്നതല്ല തന്നെ (S.C 7).

> സഭയുടെ പ്രവർത്തനം തന്നെ ആരാധനക്രമമാകുന്ന അത്യുച്ച സ്ഥാനത്തേക്കാണ് തിരിഞ്ഞിരിക്കുന്നത്. അവളുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്നതും അവിടെനിന്നു തന്നെ. കാരണം പ്രേഷിതവേലയുടെ ലക്ഷ്യം, വിശ്വാസവും മാമോദീസായും വഴി ദൈവമക്കളാക്കപ്പെട്ടവരെല്ലാം ഒന്നുചേർന്ന് ദിവ്യ ബലിയിൽ സംബന്ധിച്ചും വി.കുർബാന സ്വീകരിച്ചും സഭയിൽ ദൈവത്തെ പുകഴ്ത്തുകയെന്നതാണ് (S.C 10).

## ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രം

ദൈവത്തെ മഹത്ത്വപ്പെടുത്തുകയും സ്വയം വിശുദ്ധീകരിക്കപ്പെടുകയുമാണ് മനുഷ്യജീവിതത്തിന്റെ കാതൽ. ആരാധനക്രമത്തിലൂടെ, വിശിഷ്യാ വി.കുർബാനയിലൂടെയാണ് ഇത് സാധിക്കുന്നത്. ആകയാൽ, ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രമാണ് ആരാധനക്രമം. അടിസ്ഥാന





പരമായ ഈ വസ്തുത വിസ്മരിക്കാൻ പാടുള്ളതല്ല. മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളും ആരാധനക്രമത്തിൽനിന്ന് ശക്തി സ്വീകരിക്കേണ്ടതും അതിലേക്ക് അവനെ ആനയിക്കുന്നതുമായിരിക്കണം.

> ആരാധനക്രമത്തിൽനിന്ന്, വിശിഷ്യാ വി.കുർബാനയിൽനിന്ന്, ഒരു ഉറവയിൽനിന്നെന്നപോലെ പ്രസാദവരം നമ്മിലേക്കു പ്രവഹിക്കുന്നു. അങ്ങനെ ദൈവമഹത്ത്വീകരണവും ക്രിസ്തുവിലുള്ള മനുഷ്യവിശുദ്ധീകരണവും ഏറ്റവും ഫലവത്തായി നിർവ്വഹിക്കപ്പെടുന്നു (S.C 10).

## സജീവ ഭാഗഭാഗിത്വം

തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്ത ജനവുമെന്ന (1 പത്രോ 2:9) നിലയിൽ, ആരാധനക്രമത്തിൽ പൂർണ്ണവും, ബോധപൂർവ്വവും, കർമ്മോൽസുകവുമായ രീതിയിൽ എല്ലാ വിശ്വാസികളും ഭാഗഭാക്കാകണമെന്ന് തിരുസ്സഭ ആഗ്രഹിക്കുന്നു (S.C 14). ഈ ഭാഗഭാഗിത്വം മാമോദീസാ സ്വീകരിച്ച എല്ലാ ക്രിസ്ത്യാനികളുടെയും അവകാശവും ധർമ്മവുമാണ്. വിശ്വാസികൾക്കു ക്രിസ്തീയ ചൈതന്യം സമാർജിക്കാനുള്ള പ്രഥമവും അനുപേക്ഷണീയവുമായ ഉറവിടം ആരാധനക്രമമാണ്. അത് പരിപൂർണ്ണ ഫലമുളവാക്കാൻ വിശ്വാസികൾ a) അനുയോജ്യമായ മനോഭാവത്തോടെ അതിനെ സമീപിക്കുകയും b) ഏകാഗ്രചിത്തരായി അതിൽ സംബന്ധിക്കുകയും c) കൃപാവരം വിഫലമാകാതിരിക്കാൻ അതിനോടു സഹകരിച്ചു പ്രവർത്തിക്കുകയും വേണം (S.C 11). ഇതിനെല്ലാം സഹായിക്കാൻ വൈദികരെയും വൈദികവിദ്യാർത്ഥികളെയും സന്യാസിനിസന്യാസികളെയും വേണ്ടവിധം പരിശീലിപ്പിക്കണമെന്നും കൗൺസിൽ നിർദ്ദേശിക്കുന്നു (S.C 15-18).

## ഭക്താനുഷ്ഠാനങ്ങൾ

ആരാധനക്രമത്തിൽ പങ്കുകൊള്ളുന്നതിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒന്നല്ല ആദ്ധ്യാത്മിക ജീവിതം (S.C 12) എന്ന് കൗൺസിൽ തന്നെ പറയുന്നു. ആരാധനക്രമത്തിൽ യോഗ്യമാംവിധം പങ്കെടുക്കണമെങ്കിൽ ഭക്തിയുടെയും പ്രാർത്ഥനയുടെയും ഭാവം വ്യക്തിപരമായ പ്രാർത്ഥനയിലൂടെ നേടിയെടുക്കേണ്ടതുണ്ട്. ലിറ്റർജിയിൽ ഉചിതമായി പങ്കുചേരുന്നതിന് ആവശ്യകമായ മനോഭാവവും ഹൃദയഗതിയും സ്വകാര്യ പ്രാർത്ഥനയിലൂടെയും ഭക്താനുഷ്ഠാനങ്ങളിലൂടെയും വേണം

മെനഞ്ഞെടുക്കുവാൻ. പക്ഷേ, ആരാധനക്രമത്തിൽനിന്ന് വികാരപരമായ അനുഭൂതി ലഭിക്കുന്നില്ല എന്നു പറഞ്ഞ് വ്യക്തിപരമായ ഭക്താഭ്യാസങ്ങളിലും പ്രാർത്ഥനകളിലും മാത്രം താത്പര്യം കാണിക്കുന്ന പ്രവണത തെറ്റാണ്.വളരെ അധികം ഭക്താനുഷ്ഠാനങ്ങൾ ഇന്നു നിലവിലുണ്ട്. ഭക്താനുഷ്ഠാനങ്ങൾ ആരാധനക്രമ ചൈതന്യത്തിനനുസൃതവും അതിൽനിന്നുതന്നെ മുളയെടുക്കുന്നതുമായിരിക്കണമെന്ന് കൗൺസിൽ പഠിപ്പിക്കുന്നു. കൂടാതെ അവ ജനങ്ങളെ ആരാധനക്രമത്തിലേക്ക് അടുപ്പിക്കുന്നവയുമായിരിക്കണം. കാരണം, എല്ലാ ഭക്താനുഷ്ഠാനങ്ങളെയും അതിശയിക്കുന്നതാണ് ആരാധനക്രമം (S.C 13).

## ആരാധനക്രമപരിഷ്ക്കരണം

ആരാധനക്രമം നവീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ കൗൺസിൽ ഇപ്രകാരം വ്യക്തമാക്കുന്നു.

> "........ആരാധനക്രമത്തിൽ പരിവർത്തനാതീതമായ ദൈവസ്ഥാപിത ഘടകങ്ങളുണ്ട്; പരിവർത്തനവിധേയമായ ഘടകങ്ങളുമുണ്ട്. പരിവർത്തന വിധേയമായവയിൽ ആരാധനക്രമത്തിന്റെ ആന്തരിക സ്വഭാവത്തോടു പൊരുത്തപ്പെടാത്തതോ, യോജിക്കാത്തതോ ആയി എന്തെങ്കിലും കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താവുന്നതും വരുത്തേണ്ടതുമാണ് (S.C 21).

ആരാധനക്രമം നവീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ കൗൺസിൽ ഇപ്രകാരം വ്യക്തമാക്കുന്നു. നിസ്സാര കാര്യങ്ങളുടെ പേരിൽ അടിസ്ഥാനതത്വങ്ങളെ ബലികഴിച്ചുകൊണ്ടുള്ള മാറ്റങ്ങളല്ല ആരാധനക്രമത്തിൽ ഉണ്ടാകേണ്ടത്. പരിവർത്തനവിധേയമായവയിൽ ആരാധനക്രമത്തിന്റെ ആന്തരിക സ്വഭാവത്തോടു യോജിക്കാത്തത് എന്തെങ്കിലും കടന്നുകൂടിയിട്ടുണ്ടോ എന്നു സത്യസന്ധമായി കണ്ടുപിടിക്കണം. ഒരു സഭയുടെ കൂട്ടായതും സത്യസന്ധവുമായ ഗവേഷണ പഠനങ്ങളും സുനിശ്ചിതമായ തീരുമാനങ്ങളും അതിന്റെ പിന്നിലുണ്ടാവണം. അതുകൊണ്ട് ആരാധനക്രമത്തിന്റെ നിയന്ത്രണം തിരുസഭാധികാരികളെ മാത്രം ആശ്രയിച്ചിരിക്കുന്നു. തന്മൂലം മറ്റാർക്കും, ഒരു വൈദികനുപോലും സ്വാധികാരത്താൽ ആരാധനക്രമത്തിൽ





എന്തെങ്കിലും കൂട്ടുകയോ കുറയ്ക്കുകയോ മാറ്റം വരുത്തുകയോ ചെയ്യാവുന്നതല്ല (S.C 22).

ആരാധനക്രമം എപ്രകാരം പരിഷ്ക്കരിക്കണം എന്നുള്ളതിനു വ്യക്തമായ സൂചനകൾ കൗൺസിൽ തന്നെ നല്കുന്നു (S.C 23).

- ◈ ശരിയായ പാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കണം
- ◈ ന്യായമായ എല്ലാ പുരോഗതിയ്ക്കും വഴി തുറന്നിടണം
- ◈ പുരോഗതി നിലവിലിരിക്കുന്നവയിൽനിന്നു തന്നെ സ്വാഭാവികമായി വളർന്നു വരുന്നതായിരിക്കണം
- ◈ സഭയുടെ നന്മയ്ക്കു ഉപകരിക്കുമെന്ന് തീർച്ചയില്ലാത്തപ്പോൾ നവീകരണം വരുത്തേണ്ടതില്ല

അതിന്

- ◈ ആരാധനക്രമത്തിന്റെ ഓരോ ഭാഗവും സശ്രദ്ധം പരിശോധിക്കണം
- ◈ ഈ പരിശോധന ദൈവശാസ്ത്രം, ചരിത്രം, ആത്മപാലനം എന്നിവയുടെ പശ്ചാത്തലത്തിലായിരിക്കണം
- ◈ കൂടാതെ അനുഭവജ്ഞാനം കണക്കിലെടുക്കണം
- ◈ സർവ്വോപരി വിശ്വാസികളുടെ പൂർണ്ണവും ക്രിയാത്മകവുമായ ഭാഗഭാഗിത്വം ലക്ഷ്യമാക്കി വേണം ആരാധനക്രമം പരിഷ്ക്കരിക്കാൻ (S.C 14).

# 2

# ദൈവാരാധന രക്ഷാകര ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ

മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും (ഉൽപ 1:26) സൃഷ്ടിക്കപ്പെട്ട അവൻ, അനാദ്യന്തനായ ദൈവത്തിന്റെ നിത്യജീവനിലും സൗഭാഗ്യത്തിലും പങ്കാളിയാവണമെന്നായിരുന്നു ദൈവേഷ്ടം. അമർത്യമായ ഒരു ആത്മാവിനെ അവനു നൽകി. വിശേഷബുദ്ധിയും സ്വതന്ത്രമനസ്സുംകൊണ്ട് മനുഷ്യൻ മാത്രം അനുഗൃഹീതനാണ്. സൃഷ്ടിക്കപ്പെട്ടവയെല്ലാം അവന്റെ പാദത്തിൻ കീഴാക്കി (സങ്കീ 8:6; ഹെബ്രാ 2:7–8). ചരിത്രത്തിന്റെ പൊൻപുലരിയിൽ പ്രപഞ്ചത്തിന്റെ ഭരണാധികാരം (ഉൽപ 1:26; 2:19–20; പ്രഭാ 17:2–3) ദൈവം മനുഷ്യനെയാണ് ഏല്പിച്ചത്. ആകയാൽ അവൻ സൃഷ്ടികളുടെയെല്ലാം രാജാവും (സങ്കീ 8:5–8; വെളി 5:10; 20:6)[1] പ്രവാചകനും (ഉൽപ 20:7; ജ്ഞാനം 9:3) പുരോഹിതനുമാണ് (ഏശ 61:6; പുറ 19:6; ഉൽപ 14:18; 1 പത്രോ 2:9). സർവ്വോപരി, അവന് ദൈവസാദൃശ്യവും ദൈവഛായയും ഉള്ളതിനാൽ അവൻ ദൈവപുത്രനുമാണ് (ഉൽപ 6:4; ഹോസി 1:10; യോഹ 1:12; റോമ 8:14; 1 യോഹ 3:1).

ഇപ്രകാരം നാലു ശ്രേഷ്ഠ പദവികളാൽ മനുഷ്യൻ ഇതര സൃഷ്ടികളിൽനിന്ന് ഉയർത്തപ്പെട്ടിരിക്കുന്നു. മനുഷ്യൻ തന്നെത്തന്നെ

1. ആണ്ടുതക്സാ. ദനഹാശുശ്രൂഷയുടെ സെദറാ; ദുഃഖവെള്ളിയാഴ്ച ഒൻപതാം മണിയുടെ സെദറാ.

യും, തന്നിലൂടെ പ്രപഞ്ചം മുഴുവനെയും ദൈവത്തിനു സമർപ്പിക്കാൻ ബാദ്ധ്യസ്ഥനാണ്. വി മാക്സിമോസ് പറയുന്നതുപോലെ പ്രപഞ്ചത്തിന്റെ പ്രധാനാചാര്യനായ ആദാമിന്റെ പ്രധാന ദൗത്യം സ്ഥലകാല സത്താ വൈപരീത്യങ്ങളെല്ലാം അവനിൽ അനുരഞ്ജിപ്പിച്ച് സർവ്വാധിനാഥനായ ദൈവത്തിനു സമർപ്പിക്കുക എന്നതായിരുന്നു[2]. ആത്മാവ്, ദേഹി (അരൂപി) ശരീരം[3] എന്നിവ ചേർന്ന ഏക വ്യക്തിയെന്ന നിലയിൽ മനുഷ്യനു സൃഷ്ടികളുടെ ഇടയിൽ പ്രത്യേക സ്ഥാനവും സാദ്ധ്യതകളുമുണ്ട്. ദൈവത്തിനും സൃഷ്ടിക്കും മദ്ധ്യേ നിന്ന് ആരാധന നടത്താൻ മനുഷ്യനു കഴിവുണ്ട്. അതുകൊണ്ടാണ് മനുഷ്യൻ പ്രപഞ്ചത്തിന്റെ പുരോഹിതൻ എന്ന് വിളിക്കപ്പെടുന്നത്.

## മനുഷ്യൻ പ്രകൃത്യാ ദൈവാരാധകനാണ്

കർത്താവ് ഓരോന്നിനെയും നിശ്ചിത ലക്ഷ്യത്തോടെ സൃഷ്ടിച്ചു (സുഭാ 16:4). മനുഷ്യസൃഷ്ടിയിലും തീർച്ചയായും അതിമഹത്തായ ഒരു ഉദ്ദേശ്യമുണ്ട്. ദൈവത്തെ മഹത്ത്വപ്പെടുത്താനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിന്റെ സർവ്വാധിപത്യത്തെ ഏറ്റുപറയുകയാണത്. മനുഷ്യനും മറ്റു സൃഷ്ടികളും അപരിമേയനായ ദൈവത്തിന്റെ കരവേലയാണെന്ന് അവൻ അംഗീകരിക്കണം. സൃഷ്ടിയിൽ കാണുന്ന ജഗദീശന്റെ ചൈതന്യവിശേഷത്തെ അവൻ വാഴ്ത്തിപ്പാടണം. സൃഷ്ടികളുടെയെല്ലാം പരിപൂർണ്ണത ദൈവത്തിലാണെന്ന് അവൻ സമ്മതിക്കണം. ദൈവാരാധനയുടെ അവിഭാജ്യഘടകങ്ങളായ ഇവയെല്ലാം പ്രകൃത്യാതന്നെ മനുഷ്യനിൽ ഉണ്ട്. തികച്ചും സ്വാഭാവികമായി ദൈവാരാധനയുടെ ചൈതന്യം മനുഷ്യനിൽ അന്തർലീനമായിരിക്കുന്നു. അത്യുന്നതനായ ദൈവത്തിനു മഹത്ത്വവും, സ്തുതിയും, ആരാധനയും, കൃതജ്ഞതയും സമർപ്പിക്കുകയത്രേ മനുഷ്യന്റെ ഏറ്റവും പരിപാവനമായ കർത്തവ്യം.

2. *De Ambiguiis P.G. 91, 1308.*

3. പൗരസ്ത്യ ചിന്തയിൽ, പ്രത്യേകിച്ച് സെമിറ്റിക്ക്, ഭാരതീയ ചിന്തകളിൽ അരൂപി, (*Spirit,* റൂഹൊ, *zoe*) ആത്മാവ് (*Soul,* നപ്ശൊ, *psuche*) ശരീരം (*body,* ഫഗ്റൊ, *soma*) എന്നീ സ്ഥാനക്രമത്തിൽ നിലകൊള്ളുന്ന ഒരു സങ്കരസൃഷ്ടിയാണ് മനുഷ്യൻ (1 തെസ 5,23 *Jerome Biblical Commentary 79:121; K.Rahner Sacramentum Mundi 3, 361*) സൃഷ്ടികർത്താവിൽ നിന്നു വരുന്ന ജീവശ്വാസമാണ് മനുഷ്യന്റെ അരൂപി (ഉൽപ2,7) മനുഷ്യശരീരത്തിന്റെ ജീവദായകമായ കഴിവത്രെ ആത്മാവ്. ദൈവം അരൂപിയെ ശരീരവുമായി യോജിപ്പിച്ചപ്പോഴാണ് ആത്മാവ് രൂപം കൊണ്ടത്. അരൂപി നേരിട്ട് ശരീരത്തിൽ പ്രവർത്തിക്കുന്നില്ല. അതിനുള്ള ഉപാധിയാണ് ആത്മാവ്. അരൂപിയെയും ശരീരത്തെയും ബന്ധിപ്പിച്ചു പ്രവർത്തിക്കുന്നത് ആത്മാവാണ്. സർവ്വോപരി വ്യക്തിത്വത്തിന്റെ ഇരിപ്പിടമത്രെ ആത്മാവ്, അരൂപിയുടെ പ്രവർത്തനങ്ങൾ കൊണ്ടാണ് സ്രഷ്ടാവായ ദൈവത്തെ അറിയുന്നതിനും സ്തുതിച്ചാരാധിക്കുന്നതിനും മനുഷ്യന് സാധിക്കുന്നത്.





## പാപം - ദൈവസ്നേഹത്തിന്റെ തിരസ്കരണം

ദൈവത്തിന് മനുഷ്യരുടെയും സർവ്വസൃഷ്ടികളുടെയും മേലുള്ള സർവ്വാധിപത്യത്തിന്റെ തിരസ്കരണമാണ് പാപം. സർവ്വശക്തനായ ദൈവത്തെ സ്തുതിച്ചാരാധിച്ചു മഹത്വപ്പെടുത്തുന്നതിനുള്ള മനുഷ്യന്റെ മനപൂർവ്വമായുള്ള വൈമനസ്യമാണ് പാപം. ദൈവത്തിന്റെ അനന്ത സ്നേഹത്തിനെതിരായ വിപ്ളവമാണത്. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും കല്പനകൾ വിവേചിച്ചറിയാതെ ദൈവദത്തമായ സ്വാതന്ത്ര്യം ദുരുപയോഗിക്കുകയാണത്. ദൈവത്തിനു കടപ്പെട്ട പരസ്യാരാധന നടത്തുന്നതിനുള്ള മനുഷ്യപുരോഹിതന്റെ കഠിനമായ എതിർപ്പത്രേ പാപം. സ്വയംഭൂവായ ദൈവത്തിനു യാഗമർപ്പിക്കുന്നതിനുള്ള മനുഷ്യന്റെ വിസമ്മതത്തെയാണ് അത് സൂചിപ്പിക്കുന്നത്. മാനവരാശിയുടെ ശിരസ്സായ ആദാം ഏദൻതോട്ടത്തിൽവച്ച് പാപം വഴി ദൈവാരാധനയിൽനിന്നു പിന്മാറി പിശാചാരാധനയിലേക്കു വഴുതി വീണു.

## മനുഷ്യന്റെ അധഃപതന ചരിത്രം

മനുഷ്യന്റെ വീഴ്ച പരിശോധിച്ചാൽ താഴെപ്പറയുന്ന നാലുഘട്ടങ്ങൾ നമുക്കു കാണാൻ കഴിയും.

1. അനുസരണക്കേട് (Disobedience) നിത്യനായദൈവം ഏദൻതോട്ടത്തിൽ മനുഷ്യനു നിരോധിച്ചിരുന്ന (ഉൽപ 2:17) വൃക്ഷഫലം പിശാചിന്റെ പ്രേരണയാൽ പൂർണ്ണ അറിവോടും പൂർണ്ണ സമ്മതത്തോടുംകൂടി അവൻ ഭക്ഷിച്ചു.

2. അവിശ്വാസം (Disbelief). പിശാചിന്റെ അസത്യഭാഷണം (ഉൽപ 3:4–5) അക്ഷരംപ്രതി വിശ്വസിച്ച് നിത്യസത്യമായ ദൈവവചനം പാടേ അവഗണിച്ച് വിലക്കപ്പെട്ട കനി തിന്നതിനാൽ മനുഷ്യൻ മഹാപരാധം ചെയ്തു. അധഃപതന പ്രക്രിയയിലെ രണ്ടാം ഘട്ടമായിരുന്നു ഇത്.

3. അകൽച്ച (Disruption). കല്പന ലംഘനംമൂലം മനുഷ്യൻ ദൈവത്തിന്റെ സഖിത്വത്തിൽ നിന്നും വേർപെട്ടു (ഉൽപ 3:8). ഇതാണുമൂന്നാം ഘട്ടം.

4. അനൈക്യം (Disunion). അവസാനം അവൻ പിശാചിനോടു ചേർന്നു.

ദൈവവും മനുഷ്യനും തമ്മിലുണ്ടായിരുന്ന കൂട്ടായ്മ നഷ്ടപ്പെടുത്തി. വീഴ്ചയുടെ അവസാനത്തെ പടിയായ അനൈക്യത്തിനു മനുഷ്യൻ തുടക്കം കുറിച്ചു.

മനുഷ്യഹൃദയത്തിന്റെ ഓരോ സ്പന്ദനത്തെയും നിയന്ത്രിക്കുന്നവനും മനുഷ്യജീവന്റെ ഉടയവനുമായ ദൈവത്തോടു പാപം മൂലം ധിക്കാരപൂർവ്വം എതിർത്തുകൊണ്ട് ആദം സ്വരമുയർത്തി. ദൈവത്തിന്റെ കർതൃത്വത്തെ അവൻ പരിപൂർണ്ണമായി നിഷേധിച്ചു. ദൈവത്തിനു സ്വയം യാഗമർപ്പിക്കാൻ ആദം വിസമ്മതിച്ചു. അങ്ങനെ ലോകനിയന്താവായ ദൈവത്തിന്റെ അനന്ത സ്നേഹത്തിനെതിരായി അവൻ വിപ്ളവകാഹളം മുഴക്കി. ദൈവത്തിന്റെ അലംഘനീയ കല്പന അവൻ കൂസലെന്യേ ലംഘിച്ചു. ഇതുമൂലം ദൈവത്തിനു കടപ്പെട്ട പരസ്യാരാധന നടത്തുന്നതിലുള്ള പ്രതിഷേധമാണ് ആദം പ്രഖ്യാപിച്ചത്. തൽഫലമായി, സൃഷ്ടികർമ്മത്തിന്റെതന്നെ പരമമായ ഉദ്ദേശ്യം അതിദയനീയമായി താറുമാറാക്കപ്പെട്ടു. മാനവചരിത്രം അർത്ഥശൂന്യമായി. അതുമൂലം, ഒരു അനാഥത്വവും ശൂന്യതയും പ്രപഞ്ചത്തിലെവിടെയും ദൃശ്യമായി.

## പ്രതീക്ഷകൾ പൂവണിയുന്നു

സൃഷ്ടിയുടെ താറുമാറാക്കപ്പെട്ട ക്രമീകരണം, കാലത്തിന്റെ പൂർണ്ണതയിൽ പുനഃസ്ഥാപിക്കുവാൻ ദൈവപുത്രൻ ഭൂമിയിൽ മനുഷ്യനായി പിറന്നു. അവതീർണ്ണനായ ദൈവസുതൻ ചരിത്രത്തെ അപ്പാടെ ഉടച്ചുവാർത്തു. തന്റെ രക്ഷണീയ വ്യാപാരത്താൽ ലോകം വീണ്ടും പ്രഭാപൂരിതമായി. സൃഷ്ടിയുടെ പരമോദ്ദേശ്യം യഥായോഗ്യം നിവർത്തിച്ചുകൊണ്ട് ഈ പ്രപഞ്ചത്തെ അവിടുന്ന് ധന്യമാക്കി. ഈ പ്രപഞ്ചകടാഹത്തെ വീണ്ടും ധന്യമാക്കാൻ, ആ പരമകാരുണികൻ സ്വീകരിച്ച മാർഗം കുരിശിലെ പരമയാഗാർപ്പണമായിരുന്നു. കൈകാലുകൾ കാരിരുമ്പാണികളാൽ തറയ്ക്കപ്പെട്ട് സ്വർഗത്തിനും ഭൂമിക്കും മദ്ധ്യേ ഗോഗുൽത്തായിൽ തൂങ്ങിക്കിടന്നുകൊണ്ട് എല്ലാം പൂർത്തിയായിരിക്കുന്നു (യോഹ 19:36) എന്ന് ആ മനുഷ്യസ്നേഹി വിളിച്ചുപറഞ്ഞു. സച്ചിദാനന്ദ സ്വരൂപിയായ ദൈവം, ആദിയിൽ നടത്തിയ സൃഷ്ടികർമ്മത്തിന്റെ പരമോദ്ദേശ്യം അങ്ങനെ സഫലമായി. നരകുലപരിത്രാണനമായിരുന്നു കുരിശിലെ പരമയാഗത്താൽ യേശുമിശിഹാ നിർവ്വഹിച്ച





ത്. ക്രിസ്തുവിന്റെ കുരിശുമരണം ഏറ്റവും പരിപൂർണ്ണവും മഹോന്നതവുമായ യാഗവും ദൈവാരാധനയുമായിരുന്നു. അതിനാൽ മനുഷ്യചരിത്രത്തിലെ സുപ്രധാന നിമിഷമായിരുന്നു അതെന്ന് നിസ്സന്ദേഹം പറയാം. യുഗയുഗാന്തരങ്ങളുടെയെല്ലാം പൂർത്തീകരണമായിരുന്നു അത്.

## രക്ഷ ദൈവത്തിൽ നിന്ന്

കടുംതൂക്കായി വളരെ ഉയർന്നുകിടക്കുന്ന കടലോരത്തിന്റെ ഉപരിതലത്തിൽ സ്വഛന്ദം വിഹരിക്കുന്ന ഒരുവന് ആഗ്രഹമുണ്ടെങ്കിൽ, താഴെ ആർത്തിരമ്പി മറിയുന്ന കടലിലേക്ക് നിഷ്പ്രയാസം ചാടാം. പക്ഷേ, ആ എടുത്തുചാട്ടത്തിന്റെ ഫലമായി അവൻ എത്തിച്ചേരുന്ന അലയാഴിയുടെ അടിത്തട്ടിൽനിന്ന് പ്രശാന്തസുന്ദരമായ മണൽപ്പരപ്പിലേക്കു ചാടിക്കയറുക, താഴോട്ടുള്ള എടുത്തുചാട്ടംപോലെ അത്ര എളുപ്പമല്ല. നമ്മുടെ ആദിമാതാപിതാക്കന്മാരായ ആദാമിന്റെയും ഹവ്വായുടെയും ദൈവകല്പന ലംഘനമാകുന്ന എടുത്തുചാട്ടത്തിന്റെ ചരിത്രവും ഏതാണ്ടിപ്രകാരമായിരുന്നു. പരമകാരുണികനും സ്നേഹനിധിയുമായ ദൈവത്തിന്റെ വാത്സല്യാതിരേകത്താൽ, ഏദൻതോട്ടത്തിലെ ആനന്ദലഹരിയിൽ ആറാടിയിരുന്ന ആദാമും ഹവ്വായും പിശാചിന്റെ ദുഷ്പ്രേരണയാൽ അനന്തസ്നേഹമൂർത്തിയായ ദൈവത്തിന്റെ കല്പനയെ തൃണവൽഗണിച്ച് ശാന്തസുന്ദരമായ കടലോരത്തുനിന്ന് ആഴിയുടെ അത്യഗാധത്തിലേക്ക് നിപതിച്ചത് അതിവേഗത്തിലായിരുന്നു. ഇതിനുള്ള കാരണം, ദൈവത്തെപ്പോലെയാകണ (ഉൽപ 3:5) മെന്ന അത്യാഗ്രഹമായിരുന്നു. ദൈവത്തെ ആശ്രയിക്കാതെ സർവ്വസ്വതന്ത്രരായി ജീവിക്കുവാനുള്ള തങ്ങളുടെ വ്യാമോഹത്തിന്റെ അനന്തരഫലങ്ങൾ അവർണ്ണനീയങ്ങളും ദൂരവ്യാപകങ്ങളുമാണെന്ന് അവർ അന്നു ഗ്രഹിച്ചില്ല. അനന്തസ്നേഹനിധിയായ ദൈവത്തിന്റെ മഹാ പരിശുദ്ധ ഹൃദയത്തെ ആ കൽപനലംഘനം അഗാധമായി വ്രണപ്പെടുത്തി. ദൈവത്തിന്റെ അനന്ത നീതിനിമിത്തം കോപാഗ്നി നീറിക്കത്തുന്നതിന് അത് ഇടയാക്കി. മനുഷ്യൻ ദൈവത്തിന്റെ പരമശത്രുവായിത്തീർന്നു. സനാതന സൗഭാഗ്യത്തിന്റെ മോക്ഷാനുഭവത്തിന് അവൻ അയോഗ്യനായിത്തീർന്നു. അവൻ നിന്ദ്യനും നികൃഷ്ടനും ശാപഗ്രസ്തനുമായിത്തീർന്നു. ബുദ്ധിശൂന്യമായ ആ ദുഷ്പ്രവൃത്തിയുടെ ഭീകരതയെപ്പറ്റി അറിയുവാൻ തുടങ്ങിയ നിമിഷം മുതൽ അവൻ അതിന്റെ കഠിനയാത

നകൾ അനുഭവിക്കുവാൻ ആരംഭിച്ചു. ആ നിമിഷം മുതൽ മനുഷ്യ രാശി പശ്ചാത്താപാശ്രുക്കൾ പൊഴിക്കാൻ തുടങ്ങി.

പാപപരിഹാരത്തിനായി മനുഷ്യൻ അനുഷ്ഠിച്ച പ്രായശ്ചിത്ത കർമ്മങ്ങൾ അനവധിയാണ്. ദൈവാരാധനാ കർമ്മങ്ങളിൽ പരമോൽകൃഷ്ടമായ യാഗങ്ങൾപോലും മനുഷ്യൻ അനവധിയായി അർപ്പിച്ചു. എന്നാൽ ഇവയെല്ലാം പാപഗർത്തത്തിൽ മുങ്ങി ശ്വാസം മുട്ടുന്ന ഒരു നിസ്സഹായന്റെ വിഫലശ്രമങ്ങളെന്നല്ലാതെ മാനവരാശിക്കു രക്ഷാകരമായിരുന്നില്ല. കാരണം, ആദാമിന്റെയും ഹവ്വായുടെയും പാപംമൂലം, അവർ പ്രാതിനിധ്യം വഹിക്കുന്ന മാനവരാശിയുടെയും അനന്തനീതിമാനായ ദൈവത്തിന്റെയും മദ്ധ്യേ അഗാധമായ ഒരു ഗർത്തം സൃഷ്ടിക്കപ്പെട്ടിരുന്നു. ഇത് ഇല്ലാതാക്കാൻ അപരിമേയനും അത്യുന്നതനുമായ ഒരു ദൈവമനുഷ്യൻ മദ്ധ്യസ്ഥനായി വർത്തിക്കേണ്ടത് അത്യാവശ്യമായിരുന്നു.

## രക്ഷയുടെ വാഗ്ദാനം

മനുഷ്യന്റെ ഈ നിസ്സഹായാവസ്ഥയിൽ പരമകാരുണികനായ ദൈവം അവനെ നിശ്ശേഷം കൈവെടിഞ്ഞില്ല. ഏദനിൽവച്ചുതന്നെ അവിടുന്ന് ഒരു രക്ഷകനെ വാഗ്ദാനം ചെയ്തിരുന്നു (ഉൽപ 3:15). പിൽക്കാലത്ത് ഈ വാഗ്ദാനം തുടരെത്തുടരെ ആവർത്തിക്കപ്പെടുകയും ചെയ്തു (സംഖ്യ 24:17; ഏശ 7:14; സങ്കീ 118:22). ഈ വാഗ്ദാനം നിറവേറ്റാൻ അനന്തജ്ഞാനിയായ ദൈവം ആവിഷ്ക്കരിച്ച മാർഗ്ഗങ്ങളാണ് ദൈവപുത്രന്റെ മനുഷ്യാവതാരവും, സുവിശേഷ പ്രഘോഷണവും, പീഡാസഹനവും കുരിശുമരണവും, പുനരുത്ഥാനവും സ്വർഗാരോഹണവുമെല്ലാം.

## ദൈവപുത്രന്റെ പ്രഥമ യാഗപീഠം

കാലസമ്പൂർണ്ണതയിൽ വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു (യോഹ 1:14). സാക്ഷാൽ വചനമായ ദൈവപുത്രൻ വിണ്ണിൽനിന്ന് മണ്ണിലേക്കു അവരോഹണം ചെയ്തു. അവൻ നമ്മുടെ മനുഷ്യ സ്വഭാവം സ്വീകരിച്ച് നമ്മോടുകൂടെ ജീവിച്ചു. യേശുമിശിഹാ, മനുഷ്യനെന്ന നിലയിൽ ആദാമ്യസന്തതിയാണ്. അക്കാരണത്താൽ അദ്ദേഹത്തിന്റെ പ്രവൃത്തികൾ മാനുഷികങ്ങളും മാനവരാശിയുടേതുമായിരുന്നു. അതേസമയം, ദൈവത്വത്തിൽ അവിടുന്ന് സ്വർഗീയപി





താവിനോടു തുല്യനായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ പ്രവൃത്തികൾ ദൈവികങ്ങളും അനന്ത യോഗ്യതയുള്ളവയും ആയിരുന്നു. തന്നിമിത്തം, ദൈവത്തിന്റെ അനന്ത നീതിക്കനുയോജ്യമായ കോപത്തെ ശമിപ്പിക്കുവാനും മനുഷ്യരാശിക്കു രക്ഷ നേടാനും ദൈവമനുഷ്യനായ യേശുമിശിഹാ സർവ്വപ്രകാരേണയും പ്രാപ്തനായിരുന്നു. എന്നുമാത്രമല്ല, തന്റെ ഏറ്റവും നിസ്സാര പരിഹാരപ്രവൃത്തിപോലും മനുഷ്യരക്ഷയ്ക്കു പര്യാപ്തവുമായിരുന്നു. എന്നിരുന്നാലും, ആ സ്നേഹസ്വരൂപൻ മനുഷ്യരോടുള്ള അതീവവാത്സല്യം നിമിത്തം അവർക്കുവേണ്ടി ഗോഗുൽത്തായിലെ കുരിശിൽ സ്വയം ജീവാർപ്പണം ചെയ്തു. നികൃഷ്ടവും നിഷ്ഠൂരവുമായ കുരിശുമരണം വരിച്ച് അവസാനത്തെ തുള്ളി രക്തംവരെ മനുഷ്യർക്കുവേണ്ടി ചൊരിഞ്ഞു

എന്നാൽ മരണത്തെ അതിജീവിച്ച് മൂന്നാം നാൾ കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റുകൊണ്ടാണ് ക്രിസ്തു മനുഷ്യരക്ഷ നിറവേറ്റിയത്. മാത്രമല്ല, ആ നിത്യമഹാപുരോഹിതൻ സ്വർഗാരോഹണം ചെയ്ത് പിതാവിന്റെ വലത്തുഭാഗത്തുള്ള കൃപാസനത്തിൽ തന്റെ പരമയാഗത്തിന്റെ അമൂല്യരക്തം നിരന്തരം തളിച്ചുകൊണ്ട് മദ്ധ്യസ്ഥബലി ഇപ്പോഴും അർപ്പിച്ചുകൊണ്ടിരിക്കുന്നു. ഗോഗുൽത്തായിലെ പ്രഥമയാഗപീഠത്തിന്റെ തുടർച്ചയും പൂർത്തീകരണവുമാണ് പിതാവിന്റെ വലത്തുഭാഗത്തുള്ള കൃപാസനം. ഇവ രണ്ടിനെയും സമന്വയിപ്പിച്ചുകൊണ്ടുള്ളതാണ് നമ്മുടെ ദൈവാലയത്തിലെ ത്രോണോസും അതിലർപ്പിക്കപ്പെടുന്ന കുർബാനയും.

## ഗോഗുൽത്തായിലെ പരമയാഗത്തോടുള്ള കൗദാശിക ബന്ധം

അവതീർണ്ണനായ ദൈവപുത്രന്റെ രക്തംചിന്തലോടുകൂടിയ ഗോഗുൽത്തായിലെ യാഗാർപ്പണം മാനവരാശിയുടെ രക്ഷാകരചരിത്രത്തിലെ ഏറ്റവും മഹത്തായ സംഭവമായിരുന്നു. അത് രക്ഷയുടെ അഖണ്ഡദീപമായി ഇന്നും പരിലസിക്കുന്നു. ആദിമാതാപിതാക്കന്മാരുടെ പാപംമൂലം നിരാശയുടെ അഗാധത്തിൽ മുങ്ങിയ മനുഷ്യവംശം ഗോഗുൽത്തായിലെ യാഗാർപ്പണത്തിന്റെ വെളിച്ചത്തിൽ രക്ഷാതുറമുഖത്തെത്തി. അടയ്ക്കപ്പെട്ടിരുന്ന സ്വർഗകവാടം മനുഷ്യരാശിക്കു തുറന്നുകിട്ടി. കുരിശിലെ പരമയാഗത്തോടുള്ള കൗദാശിക ബന്ധത്താൽ ആദാമ്യസന്തതികളെല്ലാവരും സ്വർഗത്തിനവകാശികളും ദൈവത്തിന്റെ ദത്തുപുത്രരുമായി ഭവിക്കുന്നു.

മനുഷ്യഭാഗധേയത്തെ നിയന്ത്രിക്കുന്ന ഒരു രക്ഷാദീപമായിട്ടാണ് ഗോഗുൽത്തായിലെ കുരിശ് എന്നാളും പരിഗണിക്കപ്പെടുന്നത്. രക്തം ചിന്തലോടുകൂടിയ ആ ജീവാർപ്പണത്താൽ നമ്മെ രക്ഷിച്ച ദൈവപുത്രൻ ആ രക്ഷണീയ യാഗം തന്നെ രക്തം ചിന്താതെ ത്രോണോസിലെ വി.കുർബാനയിൽ തുടരുന്നു. അങ്ങനെ നമ്മുടെ കർത്താവിന്റെ പരമയാഗാർപ്പണത്തിൽ നാം പങ്കാളികളാകാൻ മാർഗമുണ്ടായിരിക്കുന്നു. ക്രിസ്തു സ്ഥാപിച്ച സഭയിൽ അവിടുന്നു നൽകിയ ആദ്ധ്യാത്മീക നിക്ഷേപത്തിൽ നമ്മൾ പങ്കാളികളാകണമെന്നത്രേ അവിടുന്നു തിരുമനസ്സായത്. അതുകൊണ്ടാണ് തന്റെ പരമയാഗാർപ്പണത്തിനുമുമ്പ്, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ അന്ത്യഅത്താഴവേളയിൽ, അപ്പവും വീഞ്ഞുമെടുത്ത് വാഴ്ത്തി ശുദ്ധീകരിച്ച് സ്വശരീര രക്തങ്ങളാക്കി സ്വർഗിയ പിതാവിനു കുർബാന അർപ്പിച്ചതും ശിഷ്യന്മാർക്കു നൽകിയതും.

അങ്ങനെ കുരിശിലെ തന്റെ മരണവും, തദനന്തരമുള്ള പുനരുത്ഥാനവും സ്വർഗാരോഹണവും സെഹിയോൻ മാളികയിൽ രക്തം ചിന്താതെ അനുഷ്ഠിച്ച് ശിഷ്യന്മാർക്കു കാണിച്ചുകൊടുത്തു. കൂടാതെ, എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവീൻ എന്നുള്ള അനുശാസനം വഴി, തന്റെ ബലിയുടെ രക്ഷണീയഫലങ്ങൾ, അവ സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർക്കെല്ലാം താൻ അടയാളമായി കാണിച്ചുകൊടുത്ത വിധത്തിൽ ത്രോണോസിലെ വി. കുർബാനയിലൂടെ അവിടുന്നു ലഭ്യമാക്കി. ആദാമിന്റെ സന്തതികളായ നമുക്കു ഇതിലുപരി ദൈവികമായ മതകർമ്മമോ, രക്ഷണീയമായ ഒരു സൽക്കർമ്മമോ, ഫലദായകമായ ഒരു ദൈവികശുശ്രൂഷയോ, പരമോൽകൃഷ്ഠമായ ഒരു ദൈവാരധനയോ ഇല്ല എന്നുള്ളതാണ് സത്യം.

## മനുഷ്യൻ ദൈവവുമായി ബന്ധപ്പെടുന്നു

ദൈവിക സംവിധാനത്തിൽ സൃഷ്ടികർമ്മത്തിന്റെയും പരിത്രാണകർമ്മത്തിന്റെയും കേന്ദ്രസ്ഥാനം വഹിക്കുന്നത് വി.കുർബാനയല്ലാതെ മറ്റൊന്നുമല്ല. വി.കുർബാനയിൽ നമ്മുടെ ആത്മീയഭക്ഷണപാനീയങ്ങളായി തന്നെത്തന്നെ നമുക്കു പ്രദാനം ചെയ്യുന്ന ക്രിസ്തു തന്റെ പുനരുത്ഥാനത്തിന്റെ നവജീവനിൽ നമ്മെ ഓഹരിക്കാരാക്കുന്നു. വി. കുർബാന അനുഭവിക്കുന്നതുമൂലം, അതനുഭവിക്കുന്ന ആളുംക്രിസ്തുവും തമ്മിലുളവാകുന്ന ബന്ധത്തെ പിതാവിനും പുത്രനും തമ്മി





ലുള്ള ബന്ധമായിട്ടാണ് വി.യോഹന്നാൻ എഴുതിയ സുവിശേഷം ചിത്രീകരിക്കുന്നത്.

> എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.. ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു; ഞാൻ പിതാവുമൂലം ജീവിക്കുന്നു. അതുപോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും. (യോഹ 6:56-57)

കുർബാനാനുഭവംമൂലം നാം ദൈവപുത്രന്മാരായിത്തീരുന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അവൻ ദൈവപുത്രനും സ്വർഗരാജ്യത്തിന്റെ അവകാശിയും ആയിരിക്കുവാനായിട്ടാണ്. എന്നാൽ, മനുഷ്യൻ തനിക്കു നൽകപ്പെട്ടിരുന്ന സ്വാതന്ത്ര്യം ദുരുപയോഗിച്ച് ദൈവിക ഐക്യത്തിൽനിന്നു വേർപെട്ടു; സ്വർഗരാജ്യത്തിന് അന്യനായി. ഈ ശോച്യാവസ്ഥയിൽനിന്ന് സമുദ്ധരിക്കപ്പെടണമെങ്കിൽ മനുഷ്യൻ വീണ്ടും ദൈവവുമായി ബന്ധപ്പെടണം. ഈ പുനരൈക്യം കേവലം യാന്ത്രികമായി നടന്നാൽ പോരാ. ഏതേതു കാരണങ്ങളാൽ, മനുഷ്യൻ ഈശ്വരബന്ധത്തിൽനിന്ന് വിട്ടുപോയോ, ആ അനുസരണക്കേട്, അവിശ്വാസം, അകൽച്ച, അനൈക്യം എന്നീ ദുരന്തങ്ങൾ പരിഹരിക്കപ്പെടണം. ഇതാണ് ക്രിസ്തു നിറവേറ്റിയത്. മരണത്തെ തന്റെ കുരിശുമരണത്താൽ ചവുട്ടിമെതിച്ച് (ഉൽപ 3:15) വിജയശ്രീലാളിതനായി ഉയിർത്തെഴുന്നേറ്റ്, മനുഷ്യന്റെ പൂർവ്വാവകാശമായ സ്വർഗത്തിലേക്ക് മഹിമപ്രതാപങ്ങളോടെ ക്രിസ്തു ആരോഹണം ചെയ്തു. അങ്ങനെ ഒന്നാമത്തെ ആദാമിനു കഴിയാതെപോയത് രണ്ടാമത്തെ ആദാമെന്ന നിലയിൽ, മാനവരാശി മുഴുവന്റെയും ശിരസ്സും പ്രതിനിധിയുമായി വർത്തിച്ച് ക്രിസ്തു സാധിച്ചു. അനുസരണം, വിശ്വാസം, സാമിപ്യം, ഐക്യം എന്നീ നിലകളിൽ കുരിശുമരണത്തോളം ദൈവേഷ്ടം പരിപൂർണ്ണമായി നിർവ്വഹിച്ച ക്രിസ്തുവിനോട് ശാരീരികമായും ആത്മീകമായും മനുഷ്യൻ ബന്ധപ്പെടണം. ഈ പുനരൈക്യത്തിനുവേണ്ടിയാണ്, തന്റെ ശരീരരക്തങ്ങളാകുന്ന വി.കുർബാന സെഹിയോൻ മാളികയിൽ നമ്മുടെ കർത്താവ് പെസഹാവ്യാഴാഴ്ച രാത്രി സ്ഥാപിച്ചത്. ഈ മഹത്തായ മതാനുഷ്ഠാനമാണ് വി.കുർബാന അർപ്പിക്കുന്നതുവഴി സഭയിൽ നടക്കുന്നത്. നിത്യപുരോഹിതനായ ക്രിസ്തു ഇന്നും എന്നും

നമുക്കുവേണ്ടി പിതൃസന്നിധിയിൽ മധ്യസ്ഥയാഗം നടത്തിക്കൊണ്ടിരിക്കുന്നു. ആ പരമയാഗത്തോടുചേർന്ന് അതിൽ പങ്കാളികളായിത്തീരുന്നതിനുള്ള ഏകവും ശ്രേഷ്ഠവുമായ മാർഗ്ഗമായി സ്ഥാപിച്ചിരിക്കുന്നതാണ് ത്രോണോസിലെ വി.കുർബാന.

## രക്ഷാകര രഹസ്യം

ചരിത്രത്തെയും മനുഷ്യനെയും സംബന്ധിച്ചുള്ള പിതാവായ ദൈവത്തിന്റെ പദ്ധതിയുടെ പടിപടിയായുള്ള പ്രകാശനമാണ് നമ്മുടെ പരിത്രാണനത്തിന്റെ രഹസ്യം (സുറിയാനിയിൽ *റോസൊ*, ഗ്രീക്കിൽ *മിസ്തേരിയോൺ*). നമ്മോടുള്ള ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലാണത്; അഥവാ ദൈവത്തിന്റെ വിജ്ഞാനവും വെളിപ്പെടുത്തലും (1 കോറി 2:7-12). അനാദികാലം മുതൽ പിതാവായദൈവത്തിൽ നിഗൂഢമായി സൂക്ഷിച്ചിരുന്ന രഹസ്യമാണത്. ഈ രഹസ്യത്തെ ആദാം മുതൽ മോശവരെയും, മോശ മുതൽ ക്രിസ്തുവരെയും മനുഷ്യചരിത്രത്തിലിടപെട്ടുകൊണ്ട് ദൈവം പടിപടിയായി വെളിപ്പെടുത്തിക്കൊണ്ടിരുന്നു. ഈ വെളിപാടിന്റെ പൂർണ്ണത ക്രിസ്തു സംഭവത്തിലാണ് കാണുന്നത് (എഫേ 3:9-11). അങ്ങനെ രക്ഷണീയ പദ്ധതി മുഴുവൻ ക്രിസ്തുവിൽ സമാഹൃതമാവുകയാണ്. താൻ ആവിഷ്ക്കരിച്ച രക്ഷണീയ പദ്ധതി പുത്രൻ മുഖേന ക്രമാനുഗതം നടപ്പാക്കണമെന്നതായിരുന്നു പിതാവായ ദൈവത്തിന്റെ തീരുമാനം. പുത്രനിൽക്കൂടിയുള്ള വീണ്ടെടുപ്പിൽ പങ്കാളികളാകാനും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി ലഭിക്കാനുമാണല്ലോ നാം വി.കുർബാനയിൽ പങ്കുകൊള്ളുന്നത്. വി.കുർബാനയിൽ നാം ക്രിസ്തുവുമായി ഐക്യപ്പെടുകയും, ക്രിസ്തു നമ്മെ പിതൃസമക്ഷം സമർപ്പിക്കുകയും അങ്ങനെ നമ്മെ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന (യോഹ 4:23) യഥാർത്ഥ ആരാധകരാക്കിത്തീർക്കുകയും ചെയ്യുന്നു. ക്രിസ്തുവിൽ നിറവേറാനിരുന്നവയുടെ പ്രതിരൂപങ്ങളും ഭാഗിക സാക്ഷാൽക്കാരവുമായിരുന്നു പഴയനിയമത്തിലെ നിർണ്ണായകമായ സംഭവങ്ങൾ. ദൈവസ്നേഹത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രകാശനവും നിർവ്വഹണവുമാണ് ക്രിസ്തു. ഇസ്രായേല്യരെ തിരഞ്ഞെടുക്കുകയും അവരുടെ അവിശ്വസ്തതയും കൃതഘ്നതയും വിസ്മരിച്ചുകൊണ്ട് അവരെ നേർപാതയിൽ നയിക്കുകയും സംരക്ഷിക്കുകയും ചെയ്ത ദൈവത്തിന്റെ സ്നേഹപൂർണ്ണമായ കാരുണ്യം ക്രിസ്തുവിൽ പൂർണ്ണമാവു





കയാണ്. അദൃശ്യനും അരൂപിയുമായ ദൈവത്തിന്റെ സ്നേഹവും രക്ഷയും മൂർത്തരൂപം പ്രാപിക്കുകയായിരുന്നു വചനമായ ദൈവത്തിന്റെ മനുഷ്യാവതാരത്തിൽ. രക്ഷിക്കുന്ന ദൈവസ്നേഹത്തിന്റെ പ്രാഥമിക കൂദാശയാണ് മാംസംധരിച്ച ദൈവവചനമെന്നു പറയാം. ദൈവത്തിന്റെ രക്ഷാകരമായ സ്നേഹം വെളിപ്പെടുത്തുകയും യാഥാർത്ഥ്യമാക്കുകയുമാണ് ക്രിസ്തുവിന്റെ ജീവിതവും പ്രവൃത്തികളും. ക്രിസ്തുവിന്റെ ഓരോ പ്രവൃത്തിയും ദൈവസ്നേഹത്തെ പ്രകാശിപ്പിക്കുകയും നിവർത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ക്രിസ്തു രഹസ്യത്തിന്റെ സമാഹരണമായ പെസഹാസംഭവത്തിലാണ് അത് അത്യുന്നത നിലയിലെത്തുന്നത്.

> ദൈവവും മനുഷ്യനുമായ ക്രിസ്തുവിന്റെ പ്രവൃത്തികൾ രക്ഷിതാവായ ദൈവത്തിന്റെ സ്നേഹത്തെ കാണിക്കുന്നു. അതേസമയം ആ പ്രവൃത്തികൾ മനുഷ്യനെന്ന നിലയിൽ ദൈവത്തിന്റെ സ്നേഹത്തിനു കൊടുക്കുന്ന പൂർണ്ണമായ പ്രത്യുത്തരം കൂടിയാണ്. അതുകൊണ്ട് ക്രിസ്തു ഒരേസമയം രക്ഷകനും ദൈവത്തിന്റെ സത്യാരാധകനുമാണ്. ക്രിസ്തുവിന്റെ പെസഹാരഹസ്യം മനുഷ്യരുടെ രക്ഷ ആയിരിക്കുന്നതു പോലെ ദൈവത്തിനർപ്പിക്കുന്ന ആരാധനയുമാണ് [4].

ക്രിസ്തുവിന്റെ പെസഹാരഹസ്യം ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ സംഭവമാണ്. അത് ആവർത്തിക്കാൻ സാധിക്കാത്തതും എക്കാലത്തേക്കുമുള്ളതുമാണ് [5]. എങ്കിലും നാമതിൽ വ്യക്തിപരമായി പങ്കുചേരേണ്ടിയിരിക്കുന്നു. അപ്രകാരം ക്രിസ്തുരഹസ്യം ഒരു വിധത്തിൽ ഇനിയും പൂർത്തീകരിക്കപ്പെടേണ്ടതുണ്ട്. ക്രിസ്തുവിന്റെ തുടർച്ചയും പൂർണ്ണതയുമായ സഭയുടെ ദൗത്യം ഇതാണ് (എഫേ 1:10); യേശുവിന്റെ മരണത്തിലും ഉയിർപ്പിലും മനുഷ്യരെ പങ്കാളികളാക്കുക എന്നതുതന്നെ. മഹത്വീകൃതനായ ക്രിസ്തുവിനെ കൗദാശികമായ രീതിയിൽ സഭയിലൂടെ നാം കണ്ടുമുട്ടുന്നു. ദൈവവുമായുള്ള നമ്മുടെ കണ്ടുമുട്ടലിന്റെ പ്രാഥമിക കൂദാശയാണ് ക്രിസ്തു. അതുപോലെ, മഹത്വീകൃതനായ ക്രിസ്തുവുമായുള്ള നമ്മുടെ കണ്ടുമുട്ടലിന്റെ മൗലിക കൂദാശയാണ് സഭ.

4. E.Schillebeeckx, Christ the Sacrament of Encounter with God.p.18-19

5.O.Cullman, Christ and Time

## ആരാധനക്രമം സഭാപ്രവർത്തനങ്ങളുടെ കേന്ദ്രം

ഗോഗുൽത്തായിലെ കുരിശിൽ ക്രിസ്തു നിർവ്വഹിച്ച രക്ഷയും ദൈവാരാധനയും ആരാധനക്രമത്തിലൂടെയാണ് എക്കാലത്തും സഭ തുടർന്നുപോരുന്നത്. സഭയുടെ പരമമായ ദൈവാരാധനയാണ് പരിശുദ്ധ കുർബാന. സഭയുടെ വിശ്വാസജീവിതത്തിന്റെ പ്രകാശനമാണ് കുർബാന. കുർബാനയാണ് സഭയുടെ ജീവനു നിലനിൽപും അർത്ഥവും നൽകുന്നത്. കുർബാനയെ കേന്ദ്രമാക്കിയാണ് സഭയുടെ ദൈവശാസ്ത്രവും ആദ്ധ്യാത്മികതയും വളരുന്നത്. അവളുടെ സുവിശേഷഘോഷണവും മതബോധനവുമൊക്കെ ഉന്നം വയ്ക്കുന്നതും അതിലേക്കുതന്നെ. അതിനാൽ സഭയുടെ പ്രവർത്തനങ്ങളുടെയെല്ലാം സിരാകേന്ദ്രമാണ് കുർബാന.

## മനുഷ്യജീവിതത്തിന് അർത്ഥവും ലക്ഷ്യവും

മാമോദീസാമൂലം രക്ഷകനായ ക്രിസ്തുവിനോട് സംയോജിപ്പിക്കപ്പെട്ടിരിക്കുന്ന ഓരോ ക്രിസ്ത്യാനിയും നമ്മുടെ കർത്താവ് കുരിശിലർപ്പിച്ച ആ പരമയാഗത്തിന്റെ സാക്ഷാത്തായ പങ്കാളിത്തത്തിലൂടെ ഈ യോജിപ്പ് നിലനിർത്തണം. ആ യാഗത്തിൽ പങ്കുപറ്റിയാണ് ഓരോ സത്യവിശ്വാസിയും ക്രിസ്തുവിന്റെ യാഗത്തെ തന്റെയും യാഗമാക്കിത്തീർക്കേണ്ടത്. ഗോഗുൽത്തായിൽ ഉയർത്തപ്പെട്ട മരക്കുരിശിൽ നിന്നാണ് നിത്യജീവന്റെ സന്ദേശം പുറപ്പെടുന്നത്. രക്ഷാകരചരിത്രത്തിന് അർത്ഥവും വ്യാപ്തിയും ലഭിക്കുന്നത് ആ കുരിശിൽനിന്നാണ്. മനുഷ്യജീവിതത്തിന് അർത്ഥവും ലക്ഷ്യവും ഉണ്ടാകണമെങ്കിൽ കുർബാനയിലേക്കു മനുഷ്യൻ തിരിയേണ്ടിയിരിക്കുന്നു. കാരണം കുരിശിലെ പരമയാഗത്തിന്റെ തുടർച്ചയും പുനരാവിഷ്ക്കരണവുമാണ് വി. കുർബാന.

നാം കുർബാനയിൽ പങ്കുകൊള്ളുന്ന സമയം, ജീവിതത്തിന്റെ ആനന്ദമധുരിമ നുകരുന്ന അമൂല്യനിമിഷം തന്നെയാണ്. തിക്താനുഭവങ്ങൾക്കും വിപരീത സാഹചര്യങ്ങൾക്കും അടിമപ്പെട്ടു വലയുന്ന നിമിഷങ്ങൾ, ലോകജീവിതത്തിന്റെ നാല്ക്കവലകളിൽ ചുറ്റിത്തിരിഞ്ഞ് ഒടുങ്ങാത്ത നൈരാശ്യമനുഭവിക്കുന്ന നീങ്ങാത്ത നിമിഷങ്ങൾ, പരാജയത്തിൽനിന്ന് പരാജയത്തിലേക്ക് മനുഷ്യനെ നയിക്കുന്ന ചില ജീവിതാനുഭവങ്ങൾ, വിയർപ്പുതുള്ളികളെ രക്തത്തുള്ളികളാക്കുന്ന അദ്ധ്വാ





നപൂരിതമായ ജീവിതസാഹചര്യങ്ങൾ എന്നിവയ്ക്കെല്ലാം വി.കുർബാനയിൽ മാത്രമേ അർത്ഥമുണ്ടാവുകയുള്ളു. വി.കുർബാനയിലൂടെ നമ്മുടെ വേദനകൾ സ്വർഗീയ പിതാവിനു സമർപ്പിക്കുമ്പോൾ അവയ്ക്കെല്ലാം ആത്മീയമായി അനന്തമൂല്യമുണ്ടാകുന്നു.

## ക്രിസ്തീയ തത്ത്വങ്ങളുടെ സജീവ സംഗ്രഹം

സഭയുടെ പ്രയത്നം മുഴുവൻ മനുഷ്യരെ വി.കുർബാനയിലേക്കു ആനയിക്കുന്നതിനാണല്ലോ. വി.കുർബാനയിൽ കർമ്മനിരതമായും ബോധപൂർവ്വമായും സജീവമായും ഭാഗഭാക്കാകുന്ന ഒരുവനെന്ന് ഒരു സത്യവിശ്വാസിയെ നിർവ്വചിക്കാം. കാരണം, തന്റെ മതത്തിന്റെ സാരാംശം മുഴുവൻ മനസ്സിലാക്കുന്നതും അനുഭവിക്കുന്നതും വി.കുർബാനയിൽ നിന്നത്രേ. വി.കുർബാന ക്രിസ്തീയ തത്ത്വങ്ങളുടെ സംഗ്രഹമാണെന്നുള്ളതാണ് അതിന്റെ കാരണം. ചരിത്രത്തിലൂടെ പ്രത്യേകിച്ച് ക്രിസ്തുവിലൂടെ ദൈവം നൽകിയ രക്ഷാകരമായ വെളിപ്പെടുത്തലിന്റെ പുനരാവിഷ്ക്കരണമാണ് വി.കുർബാനയിൽ സംഭവിക്കുന്നത്. ക്രിസ്തീയ ജീവിതത്തെ അർത്ഥവത്താക്കുന്നതിലും പവിത്രീകരിക്കുന്നതിലും വി.കുർബാനയ്ക്കുള്ള പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. വി.കുർബാനയിൽ സംബന്ധിക്കുന്നത് നമ്മുടെ മനസ്സിനും ഹൃദയത്തിനും ഒന്നുപോലെ ലഭിക്കുന്ന അദ്ഭുതകരമായ ഒരു പരിശീലനമത്രേ. അതിലുപരിയായി, ജീവന്റെയും വിശുദ്ധിയുടെയും സ്വർഗീയ സ്രോതസ്സിനോടു കുർബാന നമ്മെ അടുപ്പിക്കുന്നു. സജീവവും ഭക്തിനിർഭരവുമായ ദൈവാരാധനയ്ക്കും തന്മൂലം ചൈതന്യപ്രദവും തീക്ഷ്ണവുമായ ഒരു ക്രിസ്തീയ ജീവിതത്തിനും വി.കുർബാന പ്രചോദനം തരുന്നു.

## ഏറ്റവും വലിയ ദൈവിക ദാനം

തനിക്കുള്ളതെല്ലാം മനുഷ്യർക്കു ദാനം ചെയ്തുകൊണ്ട് കടന്നുപോയ കർത്താവിന്റെ ജീവിതത്തിന്റെ പ്രതീകമാണ് അന്ത്യതിരുവത്താഴത്തിലെ പങ്കുവയ്ക്കൽ. തനിക്കുള്ളതെല്ലാം മറ്റുള്ളവർക്കു പ്രയോജനപ്പെടുന്ന രീതിയിൽ, ഭക്ഷിക്കാവുന്ന വിധത്തിൽ രൂപപ്പെടുത്തി സ്വയം ദാനം ചെയ്യുകയാണ് കർത്താവ് ചെയ്തത്. ഇത് സ്നേഹത്തിന്റെ പരമരഹസ്യമത്രേ. കാരണം, ദൈവം സ്നേഹം തന്നെയാ

ണല്ലോ (1 യോഹ 4:16). മനുഷ്യരാശിയുടെ നേർക്കുള്ള ദൈവസ്നേഹത്തിന്റെ അടയാളമാണ് നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര രഹസ്യം (യോഹ 3:16). ദൈവപുത്രൻ നമുക്കുവേണ്ടി ദാസവേഷം ധരിച്ച് ഗോഗുൽത്തായിൽ സ്വയം യാഗമർപ്പിച്ചു. പക്ഷേ, ഈ യാഗാർപ്പണവും ദൈവപുത്രനു നമ്മോടുള്ള സ്നേഹത്തിന്റെ അവസാനത്തെ പടി ആയിരുന്നില്ല. മനുഷ്യഹൃദയങ്ങളിൽ വസിക്കാൻ കർത്താവു തിരുമനസ്സായി. അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ ദിവ്യകാരുണ്യ സാന്നിദ്ധ്യംവഴി മനുഷ്യരിൽ വസിക്കാൻ നമ്മുടെ കർത്താവു തീരുമാനിച്ചു.

> ദൈവം സർവ്വശക്തനാണെങ്കിലും വി.കുർബാനയേക്കാൾ ശ്രേഷ്ഠമായ എന്തെങ്കിലും നൽകുവാൻ അവിടുത്തേക്ക് സാദ്ധ്യമല്ല. ദൈവം അനന്തജ്ഞാനിയാണെങ്കിലും വി.കുർബാനയേക്കാൾ ഉൽകൃഷ്ടമായ ഒരു ദിവ്യ ദാനം കണ്ടെത്താൻ അവിടുത്തേക്ക് അറിവില്ല. ദൈവം സർവ്വ സമ്പന്നൻ ആണെങ്കിലും വി.കുർബാനയേക്കാൾ അനർഘമായ മറ്റൊരു നിധി നമുക്കു നല്കുന്നതിന് അവിടുത്തേക്ക് ഇല്ല.

എന്നത്രേ ഈ ദിവ്യദാനത്തെപ്പറ്റി വി.അഗസ്തീനോസ് പറയുന്നത്. തനിക്കുള്ളവരെ അവസാനംവരെ സ്നേഹിക്കുവാൻ (യോഹ: 13:1) നമ്മുടെ കർത്താവു സ്വീകരിച്ച ഉന്നത മാർഗമാണ് കുർബാന. ത്യാഗത്തിന്റെ കൊടുമുടിയിൽ ഉയർന്നു നില്ക്കുന്ന കലർപ്പില്ലാത്ത സ്നേഹത്തിന്റെ സ്വരൂപമാണത്. വി.കുർബാനയെ അതിശയിക്കുന്ന മറ്റൊരു ദാനവും ലോകത്തിലില്ല. ക്രിസ്തു സമ്പാദിച്ച അമൂല്യങ്ങളായ വരപ്രസാദങ്ങളാൽ നമ്മെ ഓരോരുത്തരെയും നിറയ്ക്കുവാനത്രേ വി.കുർബാന നമുക്ക് ഇഷ്ടദാനമായി തന്നിട്ടുള്ളത്.

## ആരാധനക്രമത്തിന്റെ കേന്ദ്രം

മറ്റെല്ലാ കൂദാശകളുടെയും കേന്ദ്രവും പൂർത്തീകരണവുമാണ് വി.കുർബാന. മാമോദീസാ നമ്മെ ജന്മപാപം നീക്കിക്കളഞ്ഞ് ദൈവമക്കളും സഭാംഗങ്ങളുമാക്കുന്നു. അതുവഴി ഈ അതിമഹത്തായ വി. കുർബാന സ്വീകരിക്കാൻ നാം യോഗ്യരായിത്തീരുന്നു. ക്രിസ്തുവിന്റെ വിശ്വസ്ത പടയാളികളായി ജീവിതയാത്രയിൽ മുന്നേറുവാൻ മൂറോന





ഭിഷേകം നമുക്ക് ആത്മശക്തി പ്രദാനം ചെയ്യുന്നു. കുമ്പസാരമാകട്ടെ നമുക്കു പാപമോചനം തന്ന് കുർബാന സ്വീകരിക്കാൻ നമ്മെ ഒരുക്കുന്നു. അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ സ്ഥിതിചെയ്യുന്ന കർത്താവിനെ തന്റെ രണ്ടാം വരവിൽ ന്യായാസന സവിധം സന്തോഷപൂർവ്വം ദർശിപ്പാൻ തക്കവണ്ണം രോഗികളുടെ തൈലാഭിഷേകമെന്ന കൂദാശ നമ്മെ സജ്ജരാക്കുന്നു. അപ്പവും വീഞ്ഞും കൂദാശ ചെയ്യുന്നതിനും അത് ദൈവജനത്തിനു തീർത്ഥാടകഭക്ഷണമായി പങ്കിടുന്നതിനും പാപങ്ങൾ മോചിക്കുന്നതിനുമുള്ള ദൈവികാധികാരം പൗരോഹിത്യകൂദാശവഴി നൽകപ്പെടുന്നു. സൃഷ്ടികർമ്മത്തിൽ ദൈവത്തോടു സഹകരിക്കുന്നതിനും അങ്ങനെ കുടുംബം മുഴുവൻ വി. കുർബാന അനുഭവിച്ച് സ്വർഗരാജ്യത്തിൽ ക്രിസ്തുവിനോടൊന്നിച്ച് നിത്യസൗഭാഗ്യം അനുഭവിക്കുന്നതിനുംവേണ്ടി വിവാഹകൂദാശ സ്ഥാപിതമായിരിക്കുന്നു. അങ്ങനെ കൂദാശകളെല്ലാം തന്നെ വി. കുർബാന വഴി പൂർത്തീകരിക്കപ്പെടുന്ന മഹത്തായ സംവിധാനമാണ് സഭയിലുള്ളത്.

## സഭ മുഴുവന്റെയും യാഗാർപ്പണം

ശിരസ്സും അവയവങ്ങളും ചേർന്ന് സ്വർഗീയപിതാവിനു സമർപ്പിക്കുന്ന യാഗമാണ് വി.കുർബാന. ദൈവജനം ക്രിസ്തുവിന്റെ മൗതിക ശരീരത്തിലെ അവയവങ്ങളാണ്. കൂടാതെ, മാമോദീസാ മുഖേന ലഭിക്കുന്ന മായാത്ത മുദ്രമൂലം എല്ലാ വിശ്വാസികളും ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കുകാരാണ്. എന്തെന്നാൽ ദൈവജനം തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തജനവുമാണ് (1 പത്രോ 2:9). അതിനാൽ ആന്തരികവും ആദ്ധ്യാത്മികവുമായ യാഗം തനിക്കും ദൈവജനത്തിനുംവേണ്ടി ദൈവത്തിന് അർപ്പിക്കുവാൻ എല്ലാ വിശ്വാസികൾക്കും സാധിക്കും. ഇത് ദൈവജനത്തിന്റെ അവകാശവും കർത്തവ്യവുമത്രേ. പുറപ്പാടു പുസ്തകത്തിൽ (19:5-6) ഇസ്രായേലിനെക്കുറിച്ച് പറയുന്നതത്രേ ഇവിടെ പത്രോസ് ഉദ്ധരിക്കുന്നത്.

> ഇസ്രായേലിന്റെ രാജകീയ പൗരോഹിത്യം ലേവായ പൗരോഹിത്യത്തിന്റെ ആവിർഭാവത്തിന് തടസ്സമായി നിന്നിട്ടില്ല. പുതിയ നിയമത്തിൽ രാജകീയ പൗരോഹിത്യം വി.കുർബാനയുമായി ബന്ധപ്പെടു

ത്തിയിട്ടുമില്ല. അതുകൊണ്ട് രാജകീയ പൗരോഹിത്യം ശുശ്രൂഷാ പൗരോഹിത്യത്തിന് ഒരിക്കലും തടസ്സമായി നില്ക്കുന്നില്ല.[8]

വി.കുർബാനയിൽ പ്രധാന കാർമ്മികത്വം വഹിക്കുന്നത് ക്രിസ്തുവിന്റെ സ്ഥാനത്ത് ഔദ്യോഗികമായി നില്ക്കുന്ന വൈദികനാണ്. പട്ടത്വമെന്ന കൂദാശവഴി നമ്മുടെ കർത്താവ് വൈദികനെ ഈ മഹത്തായ കൂദാശാനുഷ്ഠാനത്തിനു പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നു. പെസഹാ വ്യാഴാഴ്ച വി.കുർബാന സ്ഥാപിച്ചുകൊണ്ട് ക്രിസ്തു തന്റെ തിരഞ്ഞെടുക്കപ്പെട്ട ശിഷ്യരോടു കല്പിച്ചു. എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ (1 കോരി 11:24; ലൂ 22:19). ഈ അനുശാസനത്തിന്റെ യുഗങ്ങളിലൂടെയുള്ള അനുവർത്തനമാണ് ഇന്നു ത്രോണോസിൽ അർപ്പിക്കപ്പെടുന്ന വി.കുർബാന. അതുകൊണ്ട്, തന്റെ ഔദ്യോഗിക പുരോഹിതന്മാരായി ക്രിസ്തു നിയമിച്ച ശ്ലീഹന്മാരുടെ നിയമാനുസൃത പിൻഗാമികൾക്കുമാത്രമേ, മദ്ബഹായിൽ പ്രവേശിച്ച് കുർബാന അർപ്പിക്കുവാൻ ക്രിസ്തു അധികാരം നല്കിയിട്ടുള്ളു. ഔദ്യോഗിക കാർമ്മികൻ അഭിഷിക്ത പുരോഹിതനാണെങ്കിലും കുർബാന അദ്ദേഹത്തിന്റെ മാത്രം ശുശ്രൂഷയല്ല; ദൈവജനം മുഴുവന്റെയും വ്യക്തിപരവും പൊതുവുമായ അർപ്പണമാണത്.

8. മാത്യു വെള്ളാനിക്കൽ, മതവും ചിന്തയും സെപ്റ്റ-ഒക്ടോ 1984 പുറം 478



# 3

# അന്ത്യോക്യൻ റീത്ത് ഉത്ഭവവും വളർച്ചയും

**പെ**ന്തിക്കൊസ്തി ദിവസം ജറുസലേമിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ട സഭ പരിശുദ്ധാത്മാവിന്റെ ശക്തിപ്രാപിച്ച ശ്ലീഹന്മാരുടെ സാക്ഷ്യംവഴി ജറുസലേമിലും യൂദയാമുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും (അ.പ്ര 1:8) വളരുവാൻ തുടങ്ങി. ശ്ലീഹന്മാരുടെ കാലത്തുതന്നെ റോമാസാമ്രാജ്യത്തിന്റെ എല്ലാ പ്രധാനകേന്ദ്രങ്ങളിലും സുവിശേഷം പ്രസംഗിക്കപ്പെട്ടിരുന്നു. സഭ സാർവത്രികമാണെങ്കിലും അത് ഉത്ഭവിച്ചതും ആദ്യം പ്രചരിച്ചതും പൗരസ്ത്യദേശങ്ങളിലാണ്. ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കാണ് ക്രിസ്തു വന്നത് (മത്താ 15:24). അവിടുന്ന് ശ്ലീഹന്മാർക്കു നിർദ്ദേശം നല്കിയതും നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്കു പോകാനാണ് (മത്താ 10:6). ആദ്യകാലത്ത് അവർ യഹൂദ്യായിലും സമീപരാജ്യങ്ങളിലുമുള്ള യഹൂദന്മാരോടുമാത്രമേ വചനം പ്രസംഗിച്ചുള്ളു (അ.പ്ര 11:19). അങ്ങനെ ക്രിസ്തുമതം ആരംഭിച്ചത് ജറുസലേമിലാണ്.

## സഭകളുടെ കൂട്ടായ്മ

സാർവത്രിക സഭ തനതായ വ്യക്തിത്വമുള്ള സഭകളുടെ

കൂട്ടായ്മ (Communion of Individual Churches) യാണ്. ഒരു ക്രൈസ്തവ സമൂഹത്തിന്റെ ക്രിസ്ത്വാനുഭവമാണ് ഓരോ വ്യക്തിഗത സഭയുടെയും ഉത്ഭവാടിസ്ഥാനം. അപ്പസ്തോലിക കാലത്തുതന്നെ, ക്രിസ്തുവിന്റെ സഭ അന്ത്യോക്യ, കേസറിയ, എഫേസോസ്, കോരിന്തോസ്, റോം എന്നീ പട്ടണങ്ങളെ കേന്ദ്രമാക്കി വളർന്നു (അ.പ്ര 11:26; 15:3; 14:27; റോമ 16:5). ഒരു സഭയുടെ വിവിധ ഭാഗങ്ങളായി അവയെ കരുതിയിരുന്നില്ല. മറിച്ച് ഓരോ സ്ഥലത്തെയും സഭ പൂർണ്ണമാണ്. ക്രിസ്തുരഹസ്യം ഓരോ സഭയിലും പൂർണ്ണമായി ആവിഷ്ക്കരിക്കപ്പെട്ടിരുന്നു.

ഒരു സംഭവംതന്നെ പല വ്യക്തികൾ പലവിധത്തിലായിരിക്കുമല്ലോ സ്വാംശീകരിക്കുക. അത് പങ്കുവയ്ക്കുന്നതും തനതായ രീതിയിലായിരിക്കും. ഈ വ്യത്യാസങ്ങൾ ആശയം പങ്കുവയ്ക്കുന്ന വ്യക്തിയുടെ സവിശേഷതകളെയും അദ്ദേഹത്തെ സ്വാധീനിക്കുന്ന സാഹചര്യങ്ങളെയും ആശ്രയിച്ചാണിരിക്കുക. രക്ഷാകര സുവിശേഷം ക്രിസ്തുവിൽനിന്ന് അനുഭവിച്ചറിഞ്ഞ ശ്ലീഹന്മാരും അറിയിപ്പുകാരും സ്വന്തമായ വ്യക്തിത്വമുള്ളവരായിരന്നു. ഓരോരുത്തരും അവരവരുടേതായ രീതിയിൽ അത് ഗ്രഹിക്കുകയും സ്വാംശീകരിക്കുകയും ചെയ്തു. സുവിശേഷങ്ങളുടെ രൂപീകരണത്തിൽ ഇക്കാര്യം വ്യക്തമായി കാണാവുന്നതാണ്. നാലു സുവിശേഷകരും ഒരേ ക്രിസ്തുസംഭവത്തിനു തന്നെയാണല്ലോ സാക്ഷ്യം വഹിച്ചത്. എന്നാൽ നാലുപേരുടെയും അനുഭവങ്ങൾ വ്യത്യസ്തങ്ങളാണ്. ഒരേ ക്രിസ്തുസംഭവത്തിന്റെ തന്നെ നാലു തരത്തിലുള്ള അനുഭവാവിഷ്കരണങ്ങളാണ് നാലു സുവിശേഷങ്ങൾ.

## വ്യക്തിഗതസഭ

വ്യത്യസ്തങ്ങളായ ക്രിസ്ത്വാനുഭവങ്ങൾ വിവിധ ജീവിതസാഹചര്യങ്ങളും സംസ്കാരങ്ങളുമായി കൂടികലർന്നപ്പോൾ മാത്രമാണ് ക്രൈസ്തവ വിശ്വാസം വ്യക്തമായ രൂപം പ്രാപിച്ചത്. പ്രധാന നഗരങ്ങളെ കേന്ദ്രമാക്കി ഓരോരോ സ്ഥലങ്ങളിൽ സഭ രൂപീകൃതമായപ്പോൾ ഈ വൈവിധ്യത്തിന് പുതിയ രൂപഭാവങ്ങൾ സിദ്ധിച്ചു. അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും തങ്ങൾക്കുണ്ടായ ക്രിസ്ത്വാനുഭവം തങ്ങളുടേതായ പ്രത്യേകതകളോടുകൂടി വിവിധസമൂഹങ്ങൾക്കു പകർന്നുകൊടുത്തു. അങ്ങനെ വിവിധ സ്ഥലങ്ങളിൽ ക്രൈസ്തവ സമൂഹങ്ങൾ രൂപംകൊണ്ടു. അതതു സ്ഥലത്തെ സംസ്കാരവും പ്രത്യേകതകളും ഉൾക്കൊണ്ട് അവ വളർന്നുവന്നു. ഇപ്രകാരം പുഷ്ടിപ്പെട്ട





ക്രൈസ്തവ സമൂഹങ്ങളാണ് വ്യക്തിഗത സഭകളായി രൂപംപ്രാപിച്ചത്. ദൈവാരാധന, ആദ്ധ്യാത്മീകത, ദൈവശാസ്ത്രം, സ്വന്തമായ ഭരണസംവിധാനം എന്നിവ ഒരു വ്യക്തിഗത സഭയുടെ പ്രത്യേക പൈതൃകത്തിന്റെ ഭാഗങ്ങളാണ്[1]. ഈ ഘടകങ്ങളാണ് ഒരു സഭയെ വ്യക്തിഗത സഭയാക്കിത്തീർക്കുന്നത്. ഓരോ പ്രാദേശിക സഭയും (വ്യക്തിഗത സഭയും) അതുൾക്കൊണ്ട ക്രിസ്ത്വാനുഭവത്തെ അതിന്റേതായ രീതിയിൽ ആവിഷ്ക്കരിച്ച് തനതായ ആരാധനക്രമത്തിനു രൂപംകൊടുത്തു. അങ്ങനെ സഭയിൽ വിവിധ ആരാധനക്രമങ്ങളുണ്ടായി. ആരാധന സഭാജീവിതത്തിന്റെ ആവിഷ്കരണമാണ്. ആരാധനക്രമത്തിലുണ്ടാകുന്ന പാളിച്ചകൾ സഭാജീവിതത്തിലും പ്രതിഫലിക്കും.

## വിവിധറീത്തുകൾ

രീതി എന്നർത്ഥമുള്ള റീത്തൂസ് എന്ന ലത്തീൻ പദത്തിൽനിന്നാണ് റീത്തിന്റെ ഉത്ഭവം. ദിവ്യകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള അംഗീകൃത രീതികളും ആചാരവിധികളുമാണ് പുരാതന റോമാക്കാർ റീത്തൂസ് എന്നസംജ്ഞകൊണ്ട് അർത്ഥമാക്കിയിരുന്നത്. ഒരു പ്രത്യേക ആരാധനക്രമത്തെയും ശിക്ഷണനടപടിയെയും സൂചിപ്പിക്കുവാൻ ഈ പദം ഉപയോഗിക്കുന്നു. വ്യക്തിത്വമാർന്ന ഒരു പ്രാദേശിക സഭയെ സൂചിപ്പിക്കുവാനാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ റീത്ത് എന്ന വാക്കുപയോഗിക്കുന്നത് [2].

വി.കുർബാനയിലാണ് ക്രൈസ്തവ ആരാധനക്രമത്തിന്റെ കേന്ദ്രവും ഉറവിടവും നാം കാണുന്നത്. പരിശുദ്ധാത്മാവു വന്നുകഴിഞ്ഞപ്പോൾ ക്രിസ്തുവിന്റെ ആജ്ഞാനുസരണം ശ്ലീഹന്മാർ പഠിപ്പിക്കുവാനും പ്രവർത്തിക്കുവാനും തുടങ്ങി. ക്രിസ്തു തന്റെ അന്ത്യ അത്താഴസമയത്ത് നിവർത്തിച്ച ശുശ്രൂഷയുടെ പുനരാവിഷ്കരണമെന്ന നിലയിൽ വി.കുർബാനയുടെ കാതലായ ഭാഗം എല്ലായിടത്തും ഒന്നുതന്നെ ആയിരുന്നു. അത് വളരെ ലളിതവുമായിരുന്നു.

അതേസമയം, ആരംഭംമുതൽതന്നെ ആരാധനക്രമങ്ങൾ തമ്മിലുള്ള വ്യത്യാസം വളരെ പ്രകടമായിരുന്നു. വ്യത്യസ്തങ്ങളും സ്വതന്ത്രങ്ങളുമായ കേന്ദ്രങ്ങളിൽ വളർന്നു വികസിച്ച ആരാധനക്രമങ്ങൾക്ക്

1. രണ്ടാം വത്തിക്കാൻ കൗൺസിൽ, എക്യുമേനിസം നമ്പർ15-17
2. പൗരസ്ത്യ സഭ നമ്പർ 2

അവയുടെ ചുറ്റുപാടുമുള്ള പ്രാദേശികസഭകളുടെമേൽ കാലക്രമത്തിൽ പ്രത്യേക സ്വാധീനം ലഭിച്ചു. 5-ാം നൂറ്റാണ്ടോടുകൂടി വിവിധങ്ങളായ ആരാധനക്രമങ്ങൾക്ക് നിയതമായ ക്രമങ്ങൾ ഉണ്ടായി.

## പാശ്ചാത്യവും പൗരസ്ത്യവും[3]

തിയഡോഷ്യസ് ചക്രവർത്തിയുടെ മരണാനന്തരം ഏ.ഡി 395 -ൽ റോമാസാമ്രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. ഇല്ലിരിക്കും, ഓറിയൻസ് എന്നീ പ്രവിശ്യകൾ ഉൾപ്പെടുത്തി പൗരസ്ത്യ സാമ്രാജ്യവും ഗള്ളിക്കും, ഇത്താലിയാ എന്നീ പ്രവിശ്യകൾ ഉൾപ്പെടുത്തി പാശ്ചാത്യ സാമ്രാജ്യവും നിലവിൽവന്നു. ഈ വിഭജനം സഭാചരിത്രത്തെ കാര്യമായി സ്വാധീനിച്ചു. പാശ്ചാത്യഭാഗത്ത് റോമും പൗരസ്ത്യഭാഗത്ത് കോൺസ്റ്റാന്റിനോപ്പിളും കേന്ദ്രങ്ങളായി ആരാധനക്രമങ്ങൾ വളർന്നുവന്നു. ഇവയെ കൂടാതെ അന്ത്യോക്യായും അലക്സാണ്ട്രിയായും ആരാധനയുടെ കേന്ദ്രങ്ങളായിരുന്നു. കാലാന്തരത്തിൽ റോമാ സാമ്രാജ്യത്തിനുപുറത്തും ഇത്തരം കേന്ദ്രങ്ങൾ രൂപംകൊണ്ടു. അവയിൽ പ്രധാനപ്പെട്ടവ സെലൂഷ്യ-ചെസിഫോണും അർമ്മീനിയായുമായിരുന്നു. ഈ കേന്ദ്രങ്ങളിൽ പ്രാബല്യത്തിൽ വന്ന ആരാധനക്രമങ്ങളെ ആസ്പദമാക്കി സാർവ്വത്രികസഭയിൽ ഓരോരോ റീത്തുകൾ രൂപം പ്രാപിച്ചു. ആരാധനക്രമകാര്യത്തിലും കാനോൻ നിയമത്തിലും പുരാതനപാരമ്പര്യങ്ങളിലധിഷ്ഠിതമായ തങ്ങളുടെ നിയമങ്ങളാലും ആചാരങ്ങളാലും നയിക്കപ്പെടുന്നതും സ്വയംഭരണാവകാശമുള്ളതും മറ്റുള്ളവയിൽനിന്ന് വ്യതിരിക്തമെന്ന് പരിശുദ്ധ സിംഹാസനത്തിൽനിന്ന് അംഗീകാരം ലഭിച്ചതുമായ വിശ്വാസികളുടെ ഒരു സമൂഹമാണ് റീത്ത് [4]. ഒരു സഭയുടെ ആരാധനക്രമത്തിന്റെയും സഭാശിക്ഷണത്തിന്റെയും ആദ്ധ്യാത്മിക പൈതൃകത്തിന്റെയും ആകെത്തുകയായി രണ്ടാം വത്തിക്കാൻ കൗൺസിൽ റീത്തിനെ കാണുന്നു[5]. ആരാധനക്രമം റീത്തിന്റെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളു. എന്നാൽ പ്രധാനമായും ആരാധനക്രമത്തെ അടിസ്ഥാനമാക്കിയാണ് വിവിധ റീത്തുകൾ രൂപീകൃതമായത്. ഒരു സംസ്കാരത്തിലോ ഒരു രീതിയിലോ ഒതുക്കിനിർത്താൻ സാദ്ധ്യമാകാത്തവിധം ക്രിസ്തുസംഭവം അത്രമാത്രം സമ്പന്നമാണ്. സൂര്യ

3. ഏ.ഡി. 395-ൽ തിയഡോഷ്യസ് ചക്രവർത്തിയുടെ മരണാനന്തരം പിൻഗാമികൾ റോമാ സാമ്രാജ്യത്തെ രണ്ടായി തിരിച്ച് ഇല്ലിരിക്കും, ഓറിയൻസ് എന്നീ പ്രവിശ്യകൾ പൗരസ്ത്യ സാമ്രാജ്യത്തിലും ഗാള്ളിക്കും ഇത്താലിയാ എന്നീ പ്രവിശ്യകൾ പാശ്ചാത്യ സാമ്രാജ്യത്തിലും ഉൾപ്പെടുത്തി ഭരണം നടത്തി. അങ്ങനെ പാശ്ചാത്യവും പൗരസ്ത്യവും എന്ന രണ്ടു സംജ്ഞകൾ ഉടലെടുത്തു. കുടപ്പുഴ, തിരുസഭാചരിത്രം. പുറം 202.
4. E.Herman
5. പൗരസ്ത്യസഭ നമ്പർ.3





പ്രകാശം ഒരു പ്രിസത്തിലൂടെ കടന്നുവരുമ്പോൾ സപ്തവർണ്ണങ്ങളായി മാറുന്നതുപോലെ ക്രിസ്തുസംഭവവും ക്രിസ്ത്വാനുഭവും വിവിധ റീത്തുകളിലായി അതിന്റെ ചാരുത വർദ്ധിപ്പിക്കുന്നു. ഒരു പൂന്തോട്ടത്തിൽ പലരൂപത്തിലും വർണ്ണത്തിലുമുള്ള പൂക്കൾ ഉള്ളതുപോലെ. കത്തോലിക്കാസഭയിൽ പാശ്ചാത്യവും പൗരസ്ത്യവുമായ 23 ആരാധനാരീതികൾ (റീത്തുകൾ) ഉണ്ട്.[6]

## മാർ യാക്കോബിന്റെ തക്സാ

ക്രിസ്തു വി.കുർബാന സ്ഥാപിച്ചപ്പോൾ നിവർത്തിച്ച ശുശ്രൂഷയെ അനുകരിച്ച് സഭയുടെ പിള്ളത്തൊട്ടിലായ ജറുസലേമിൽ അനുഷ്ഠിക്കപ്പെട്ടിരുന്നതാണ് ഏറ്റവും പുരാതനമായ ആരാധനക്രമം. ഒരു മെത്രാന്റെ നേതൃത്വത്തിലുള്ള ക്രൈസ്തവ സമൂഹത്തിലാണ് ആരാധനക്രമം വളരുക. നമ്മുടെ കർത്താവിന്റെ സഹോദരൻ എന്നറിയപ്പെടുന്ന മാർ യാക്കോബ്ശ്ലീഹാ ആയിരുന്നു ജറുസലേം സഭയുടെ പ്രഥമാദ്ധ്യക്ഷൻ. അദ്ദേഹത്തിന്റെ പേരിലാണ് ആദ്യത്തെ ആരാധനക്രമം രൂപംകൊണ്ടത്. മാർ ദിവന്നാസ്യോസ് ബർസ്ലീബി വി.കുർബാനയുടെ വ്യാഖ്യാനത്തിൽ പറയുന്നത് ഇപ്രകാരമാണ്.

> പെന്തിക്കോസ്തി ദിവസം ശ്ലീഹന്മാർ പരിശുദ്ധാത്മാവിനെ പ്രാപിച്ചു. തിങ്കളാഴ്ച അവർ മൂറോൻ കൂദാശ ചെയ്തു. ചൊവ്വാഴ്ച ബലിപീഠം കൂദാശ ചെയ്യുകയും നമ്മുടെ കർത്താവിൽനിന്നു ഗ്രഹിച്ചപ്രകാരം അവർ സംഘംകൂടി വി.കുർബാനയുടെ അനുഷ്ഠാനങ്ങൾക്ക് രൂപം കൊടുത്തു. ബുധനാഴ്ച നമ്മുടെ കർത്താവിന്റെ സഹോദരനും ജറുസലേമിൽ എപ്പിസ്ക്കോപ്പായുമായ മാർ യാക്കോബ് ശ്ലീഹാ ഈ ക്രമം വച്ച് പ്രഥമ കുർബാന അർപ്പിച്ചു. വ്യാഴാഴ്ച ശ്ലീഹന്മാരുടെ 72 കാനോനാകൾ രൂപീകരിച്ചു. വെള്ളിയാഴ്ച മാർ പത്രോസും മാർ യോഹന്നാനും മുടന്തനെ സൗഖ്യമാക്കി. ശനിയാഴ്ച ദിവസം സുവിശേഷവേലയ്ക്കും മറ്റുമായി ചിട്ടിയിട്ട് ഓരോരുത്തർക്കും സ്ഥലങ്ങൾ നിശ്ചയിച്ചു കൊടുത്തു.[7]

6. അനുബന്ധം V കാണുക
7. Expositio Liturgiae CSCO 14,36

ഇങ്ങനെ ജറുസലേമിൽ ഉത്ഭവിച്ച മാർ യാക്കോബിന്റെ കുർബാന തക്സാ (ക്രമം) യുടെ കാതലായ ഭാഗങ്ങളെല്ലാം ശ്ലീഹന്മാരുടെ കാലത്തുതന്നെ രൂപം പ്രാപിച്ചതാണ്. സാർവ്വത്രിക സഭയിലെ ഏറ്റവും മഹനീയമായ കുർബാനതക്സാകളിൽ ഒന്നാണിത്. ക്രിസ്തുവും ശ്ലീഹന്മാരും സംസാരഭാഷയായി ഉപയോഗിച്ചിരുന്ന സുറിയാനി (അറമായ) ഭാഷയിലായിരുന്നു പൗരാണികമായ ജറുസലേം തക്സാ.

## അന്ത്യോക്യൻ റീത്ത്

മാർ സ്തേഫാനോസ് ശമ്മാശന്റെ രക്തസാക്ഷിത്വത്തെ തുടർന്ന് സഭയുടെ പ്രധാന പ്രവർത്തനരംഗം ജറുസലേമിൽനിന്ന് അന്ത്യോക്യായിലേക്കു മാറി. ഏ.ഡി 70-ൽ ജറുസലേം തകർക്കപ്പെട്ടതോടെ, അന്ത്യോക്യാ ക്രൈസ്തവരുടെ ഏറ്റവും പ്രധാനപ്പെട്ട സഭാകേന്ദ്രമായിത്തീർന്നു. യേശുവിന്റെ ശിഷ്യന്മാർ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടത് അന്ത്യോക്യായിൽവച്ചാണ് (അ.പ്ര 11:26). ക്രിസ്തീയ കൂട്ടായ്മ, പ്രേഷിതപ്രവർത്തനം, പരസ്യാരാധന ഇവയ്ക്കെല്ലാം ചിട്ടയും ക്രമവും ഉണ്ടാകുവാൻ തുടങ്ങിയതും അന്ത്യോക്യായിൽ വച്ചുതന്നെ. പുറജാതികളുടെ ഇടയിൽ ക്രിസ്തുമതത്തിന്റെ പിള്ളത്തൊട്ടിലായിരിക്കുവാൻ ദൈവപരിപാലനയിൽ നിശ്ചയിക്കപ്പെട്ടത് അന്ത്യോക്യാ ആയിരുന്നു (അ.പ്ര 21:19-27). സഭയുടെ പരമാധികാരിയായി ക്രിസ്തു നിയമിച്ചാക്കിയ വി:പത്രോസ് ശ്ലീഹാ മൂന്നു വർഷം ജറുസലേമിലായിരുന്നു. ഹൽപായിയുടെ പുത്രനായ മാർ യാക്കോബിനെ ജറുസലേം സഭയുടെ ഭരണാധികാരി ആക്കിയിട്ട് റോമിൽ പോകുന്നതിനു മുമ്പ് അന്ത്യോക്യായിൽ പോയി, അവിടെ ഏഴു വർഷം സഭാതലവനായി ഭരിച്ചു. പത്രോസിന്റെ പിൻഗാമിയായ ഏവോദിയോസും അദ്ദേഹത്തിനുശേഷം അഗ്നിമയനായ ഇഗ്നാത്തിയോസും അന്ത്യോക്യൻ സഭയെ നയിച്ചു. ക്രിസ്തുവിന്റെ സഭയെ കത്തോലിക്കാസഭ എന്നു ആദ്യമായി വിളിക്കുന്നത് ഇഗ്നാത്തിയോസാണ്[8].

കിഴക്കിന്റെ രാജ്ഞിയെന്ന് സഭാമണ്ഡലത്തിൽ അറിയപ്പെട്ടിരുന്ന അന്ത്യോക്യാ[9] സിറിയായുടെ പുരാതന തലസ്ഥാനമായിരുന്നു. ക്രൈസ്തവ വിശ്വാസം ആഴമായി വേരുറക്കുന്നതിനും ശക്തമായി

8. സ്മിർണാ ലേഖനം 8,2
9. New Catholic Encyclopedia Vol 1,p 570





വളർന്ന് പന്തലിക്കുന്നതിനുമുള്ള സാംസ്കാരിക പശ്ചാത്തലം അതിനുണ്ടായിരുന്നു. ദൈവവിജ്ഞാനീയത്തിന്റെ ഉറപ്പുള്ള സങ്കേതങ്ങളായ വേദശാസ്ത്ര പാഠശാലകൾ അന്ത്യോക്യായിലാണ് ആരംഭിച്ചത്. മാർ തെയോഫീലോസും സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസും (ജോൺ ക്രിസോസ്റ്റം) അന്ത്യോക്യൻ സഭയിൽ പ്രശോഭിച്ചിരുന്ന ദൈവശാസ്ത്ര പണ്ഡിതന്മാരായിരുന്നു. അങ്ങനെ ദൈവവിജ്ഞാനീയത്തിലും വിശ്വാസജീവിതത്തിലും ഉറപ്പിക്കപ്പെട്ട ഒരു ക്രിസ്തീയ സമൂഹമെന്ന നിലയിൽ അന്ത്യോക്യായിലെ ക്രിസ്തീയ വിശ്വാസികൾ തങ്ങൾക്കു സ്വന്തമായ ആരാധനക്രമത്തിനു രൂപം കൊടുക്കാൻ കഴിവുറ്റവരായിരുന്നു. എങ്കിലും യാക്കോബിന്റെ അനാഫോറ എന്നറിയപ്പെട്ടിരുന്ന ജറുസലേമിലെ വിശിഷ്ടമായ തക്സാ അവർ സ്വീകരിച്ചു. ഏകദേശം മൂന്നാം നൂറ്റാണ്ടോടുകൂടി അന്ത്യോക്യായിലെ ക്രിസ്തീയ സമൂഹത്തിനു സ്വന്തമായ ഒരു ആരാധനാരീതി ഗ്രീക്കുഭാഷയിലുണ്ടായി. അതിന്റെ മേന്മയും പ്രാധാന്യവും മറ്റു സമൂഹങ്ങൾ അംഗീകരിക്കുകയും ചെയ്തു.

## വിശ്വാസികളുടെ ആരാധനക്രമം

സുറിയാനിസഭയുടെ ആസ്ഥാനം അന്ത്യോക്യാ മാത്രമായിരുന്നില്ല. സിറിയായുടെയും മെസൊപ്പൊട്ടോമിയായുടെയും അതിർത്തിയിലുള്ള എഡേസായും ഒരു കേന്ദ്രസ്ഥാനമായിരുന്നു. ഇവിടെയാണ് പരിശുദ്ധാത്മാവിന്റെ വീണയെന്ന് അറിയപ്പെട്ടിരുന്ന മാർ അപ്രേം മല്പാനായി പ്രശോഭിച്ചിരുന്ന ക്രിസ്തീയ മതപഠനകേന്ദ്രം നാലാം ശതകത്തിൽ തഴച്ചു വളർന്നത്. മാർ അപ്രേമിന്റെ കവിതാത്മകങ്ങളായ പ്രാർത്ഥനാഗാനങ്ങളും സാറൂഗിലെ മാർ യാക്കോബിന്റെ ഭക്തിരസം തുളുമ്പുന്ന ആരാധനാഗീതങ്ങളും അന്ത്യോക്യൻ ആരാധനക്രമത്തെ പണ്ഡിതന്മാർക്കെന്നപോലെ സാധാരണക്കാർക്കും കൂടുതൽ ആകർഷകമാക്കി. ഇക്കാരണത്താൽ വിശ്വാസികളുടെ ആരാധനക്രമമെന്ന് അതിനെ പ്രകീർത്തിച്ചിരുന്നു. ഗ്രീക്ക് എന്നപോലെ പ്രാദേശിക ഭാഷയായ സുറിയാനിയും മതാനുഷ്ഠാനങ്ങളിൽ ഉപയോഗിച്ചത് അന്ത്യോക്യൻ റീത്തിന് വിശ്വാസികളുടെ ഇടയിൽ കൂടുതൽ പ്രചാരം ലഭിക്കുന്നതിനിടയാക്കി. ദൈവാനുഭവത്തിനു തക്കവിധം സാംസ്കാരിക മൂല്യങ്ങൾ സ്വാംശീകരിക്കുന്നതിന് അന്ത്യോക്യൻ റീത്തിനു അക്കാലത്തുണ്ടായിരുന്ന കഴിവാണ് അതിനെ ഇത്രമാത്രം ധന്യമാ

ക്കിയത്. അങ്ങനെ മാർ യാക്കോബ് ശ്ലീഹാ ജറുസലേമിൽ സംവിധാനംചെയ്ത് എഡേസായിലെ പിതാക്കന്മാരുടെ സ്വാധീനത്തിൽ അന്ത്യോക്യായിൽ വളർന്നു വന്ന ഈ തക്സാ അഞ്ചാം നൂറ്റാണ്ടോടുകൂടി സ്ഥായിയായ രൂപം പ്രാപിച്ചു.

## മാർ യാക്കോബിന്റെ തക്സാ ഇന്ന്

ആദ്യകാലങ്ങളിൽ ജറുസലേമിൽ സുറിയാനിയിലും അന്ത്യോക്യായിലും പരിസരങ്ങളിലും ഗ്രീക്കിലും മാർ യാക്കോബിന്റെ തക്സാ പ്രചരിച്ചിരുന്നു. ആറാം ശതകത്തിൽ ഈ തക്സാ ഗ്രീക്കിൽനിന്ന് സുറിയാനിയിലേക്ക് വീണ്ടും പരിഭാഷപ്പെടുത്തുകയുണ്ടായി. എന്നാൽ ഈ പരിഭാഷ ഗ്രീക്കുമൂലത്തോട് വേണ്ടത്ര വിശ്വസ്തത കാണിച്ചിരുന്നില്ല. അതിനാൽ, ഏഴാം ശതകത്തിൽ എഡേസായിലെ മാർ യാക്കോബ് മല്പാൻ, പല ഗ്രീക്കു കയ്യെഴുത്തുപ്രതികൾ ഉപയോഗിച്ച് ഒരു നവീന സുറിയാനി പരിഭാഷയുണ്ടാക്കി. 9-ാം ശതകത്തിൽ മോശെ ബർ കേഫായും 12-ാം ശതകത്തിൽ മാർ ദീവന്നാസ്യോസ് ബർസ്ലീബിയും കുർബാന തക്സായിൽ കുറെ മാറ്റങ്ങൾ വരുത്തി. 13-ാം ശതകത്തിൽ പൗരസ്ത്യ കാതോലിക്കയായിരുന്ന മാർ ഗ്രിഗോറിയോസ് ബാർ എബ്രായ തക്സായിലെ സുദീർഘമായ ചില പ്രാർത്ഥനകൾ വെട്ടിച്ചുരുക്കി. ഇങ്ങനെ, മാർ യാക്കോബിന്റെ തക്സാ നാമിന്നു കാണുന്ന വിധത്തിൽ രൂപപ്പെട്ടത് 13-ാം ശതകത്തിലായിരുന്നു. ഈ ക്രമമാണ് കേരളത്തിൽ ഇപ്പോൾ ഉപയോഗിക്കുന്നത്. ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനി സീറോ-മലങ്കരക്കാർക്കു വേണ്ടി 1934-ൽ പാമ്പാക്കുട അച്ചടിച്ച് തക്സായിൽ യാക്കോബിന്റെ വലിയ ക്രമമാണ് സ്വീകരിച്ചത്. ഇതിനിടയിൽ മാർ യാക്കോബിന്റെ തക്സായെ അടിസ്ഥാനമാക്കി നൂറിൽപരം ക്രമങ്ങൾ ഉണ്ടായി. അവയിൽ പലതും സുറിയാനി ഭാഷയിൽനിന്ന് മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയിട്ടില്ല.

## അന്ത്യോക്യൻ റീത്തിന്റെ സവിശേഷതകൾ

മാർ യാക്കോബിന്റെ അനാഫോറായും അതിന്റെ ഉടമയായ അന്ത്യോക്യൻ റീത്തും ക്രിസ്തീയ പാരമ്പര്യത്തിന്റെ അമൂല്യ നിക്ഷേപമായി ഇന്നും നിലനിൽക്കുന്നു. കറയറ്റ വിശ്വാസതീക്ഷ്ണതയും ആഴമായ ദൈവശാസ്ത്രവും അന്ത്യോക്യൻ സഭയുടെ കൈമുതലായിരുന്നു. ദൈവാനുഭവം എളുപ്പമാക്കുന്ന ശുശ്രൂഷകളും സംഗീതാത്മകമായ പ്രാർത്ഥനകളും അന്ത്യോക്യൻ റീത്തിന്റെ പ്രത്യേകതകളാണ്.





ബൈബിൾ പശ്ചാത്തലത്തിൽ നിന്നെടുത്ത അനവധി പ്രതീകങ്ങൾ വിശ്വാസികളെ ദൈവസന്നിധിയിലേക്ക് ഉയർത്തുവാൻ സഹായിക്കുന്നവയാണ്.

രക്ഷാകര പദ്ധതിയുടെ എല്ലാവശങ്ങളും ഇത്ര തെളിവായി പ്രകടമാക്കുന്ന മറ്റൊരു ആരാധനക്രമവും ഇല്ലെന്നത്രേ പല പണ്ഡിതന്മാരുടെയും അഭിപ്രായം[10]

വേദപുസ്തകാശയങ്ങളും പ്രതീകങ്ങളും ഉൾക്കൊള്ളുന്നവയാണ് ഇതിലെ പ്രാർത്ഥനകളെല്ലാംതന്നെ. ചിന്താമാധുരി തുളുമ്പുന്ന ആശയങ്ങളും ഹൃദയാവർജ്ജകമായ ഗാനങ്ങളും ഇതിലുണ്ട്. രക്ഷാകര കർമ്മം മുഴുവൻ, ആദിമുതൽ അവസാനംവരെ ആകർഷകമായി വരച്ചുകാട്ടുന്ന ഈ ആരാധനക്രമത്തിൽ പങ്കെടുക്കുന്നതോടുകൂടി രക്ഷാകര രഹസ്യത്തിലുള്ള ഭാഗഭാഗിത്വം ഓരോ വിശ്വാസിയിലും ആഴമായി ഉറയ്ക്കുന്നു[11].

ദൈവസാന്നിദ്ധ്യത്തെപ്പറ്റിയുള്ള ശക്തമായ പ്രചോദനവും അതിൽനിന്നുളവാകുന്ന ഭയഭക്തിയും ഈ ആരാധനക്രമത്തിന്റെ സവിശേഷതയാണ്. ദൈവം ഒരു രഹസ്യമാണെന്നും ദൈവികപദ്ധതി ഉൾക്കൊള്ളാൻ പരിമിതനായ മനുഷ്യനു കഴിവില്ലെന്നും ഏറ്റുപറയാൻ പ്രേരിപ്പിക്കുന്ന പ്രതീകങ്ങളാണ് ഈ ആരാധനക്രമത്തിലുള്ളത്. ക്രിസ്തീയ ആരാധനയിൽ പരിശുദ്ധ റൂഹായ്ക്കുള്ള സ്ഥാനം എത്ര മാത്രമാണെന്ന് അന്ത്യോക്യൻ ആരാധനാരീതി നമ്മെ പഠിപ്പിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ആവശ്യപ്പെടുന്ന ദൈവജനത്തിന്റെ കർമ്മോത്സുകമായ ഭാഗഭാഗിത്വം (SC 14) ഈ ആരാധനയുടെ പ്രത്യേകമായ സവിശേഷതയാണ്.

## അന്ത്യോക്യൻ റീത്ത് കേരളത്തിൽ

പോർച്ചുഗീസുകാർ വരുന്നതുവരെ (1498) കേരളത്തിലെ

10. We will not deny that the West Syrian Eucharist can be considered ideal, at least in the sense that nowhere else has the whole traditional content of the Christian Eucharist been expressed with such fullness and in such a satisfying framework for a certain logical type of mind" L.Bouyer, Eucharist p.245. "Yet in the economy and the balance of its composition the liturgy of St. James nonetheless remains the most accomplished literary monument of perhaps the whole of liturgical literature". ibid p.268.

11. ഡോ:സിറിൽ ഒ.ഐ.സി. ക്രിസ്തുദർശനം, പേജ്: 769

മാർത്തോമ്മാ ക്രിസ്ത്യാനികൾ ഒരേ ഒരു സഭാസമൂഹമായിരുന്നു; ഒരു സഭയും (കത്തോലിക്കാസഭ) ഒരു റീത്തും (കൽദായ റീത്ത്) ആയിരുന്നു. അതിനു ശേഷമാണ് ലത്തീൻ റീത്ത് ഇവിടെ പ്രചാരത്തിൽ വന്നത്. എന്നാൽ, ചരിത്രപ്രസിദ്ധമായ കൂനൻകുരിശുസത്യ (1653) ത്തോടുകൂടി സഭ രണ്ടായി പിളർന്നു. തങ്ങളുടെ മഹത്തായ പാരമ്പര്യം അഭംഗുരം സംരക്ഷിക്കുന്നതിന്, ഒന്നാം മാർത്തോമ്മാ എന്നു പേരു സ്വീകരിച്ച ആർച്ചുഡീക്കനെ അനുയായികൾ നേതാവായി അംഗീകരിച്ചു. എന്നാൽ, അദ്ദേഹത്തിനു ശരിയായ കൈവയ്പില്ലായിരുന്നു.

## നഷ്ടപ്പെട്ട റീത്തിന്റെ പുനരുദ്ധാരകൻ

മാർത്തോമ്മാ ഒന്നാമന്റെ അപേക്ഷാനുസരണം ജറുസലേമിൽനിന്ന് യാക്കോബായ സഭയിൽപ്പെട്ട മാർ ഗ്രിഗോറിയോസ് എന്ന മെത്രാൻ 1665-ൽ കേരളത്തിൽ വന്നു. യാക്കോബായ വിശ്വാസമോ അന്ത്യോക്യൻ ആരാധനക്രമമോ അദ്ദേഹം പരസ്യമായി പ്രചരിപ്പിച്ചില്ല. കൽദായ എന്നോ അന്ത്യോക്യൻ എന്നോ തരം തിരിക്കാതെ സുറിയാനിക്കാർക്കു പൊതുവായി സ്വീകാര്യമായ ചില പൗരസ്ത്യ പാരമ്പര്യങ്ങളിലേക്കാണ് അദ്ദേഹം അവരുടെ ശ്രദ്ധക്ഷണിച്ചത്. കൽദായ റീത്തും അന്ത്യോക്യൻ റീത്തും രണ്ടാണെങ്കിലും സുറിയാനി സഭയുടെ പൊതുസ്വത്തെന്ന നിലയിൽ അവയ്ക്കു തമ്മിൽ ശ്രദ്ധേയമായ സാമ്യമുണ്ട്. അങ്ങനെ തന്റെയും മാർത്തോമ്മാ ക്രിസ്ത്യാനികളുടെയും ആരാധനക്രമം ഒന്നാണെന്ന് അവരെ വിശ്വസിപ്പിച്ചു. ക്രമേണ ലത്തീൻ റീത്തും സുറിയാനി റീത്തും തമ്മിലുള്ള വ്യത്യാസങ്ങളിലേക്ക് ജനങ്ങളുടെ ശ്രദ്ധതിരിച്ചു.

## ഒരു കാലഘട്ടത്തിന്റെ തുടക്കം

മാർ ബസേലിയോസ്, മാർ ജോൺ എന്നീ മെത്രാന്മാർ 1751-ൽ മലങ്കരയിൽ വന്നു. അവരുടെ വരവ് മലങ്കരസഭാചരിത്രത്തിലെ മുഖ്യമായ ഒരു കാലഘട്ടത്തിന്റെ തുടക്കമായിരുന്നു. മാർ യാക്കോബിന്റെ അനാഫോറാ അടക്കമുള്ള അന്ത്യോക്യൻ ക്രമങ്ങൾ മലങ്കര സഭയിൽ അവതരിപ്പിച്ചതും അവയെ വിശ്വാസികളുടെ ഇടയിൽ പ്രചരിപ്പിച്ചതും അവരാണ്. ഈ കാലയളവുമുതൽ അന്ത്യോക്യൻ റീത്ത് പൂർണ്ണമായിട്ടല്ലെങ്കിലും മലങ്കരയിൽ പൊതുവെ ഉപയോഗിക്കാൻ തുടങ്ങി. എന്നി





രുന്നാലും അവരുടെയിടയിൽനിന്നും കൽദായ റീത്ത് പൂർണ്ണമായി അപ്രത്യക്ഷമായിരുന്നില്ല. അതിനു കാരണം, കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാൻ സാധിച്ചേക്കുമെന്ന പ്രതീക്ഷയായിരുന്നു.

## അന്ത്യോക്യൻ റീത്ത് സ്ഥിരീകരിക്കപ്പെടുന്നു

മലങ്കരസഭയുടെ അദ്ധ്യക്ഷനായിരുന്ന മാർ ദീവന്നാസ്യോസ് ഒന്നാമന്റെ (മാർത്തോമ്മാ ആറാമൻ) പുനരൈക്യത്തിനുള്ള അപേക്ഷയുമായി കരിയാറ്റിൽ ജോസഫ് മല്പാനും പാറേമ്മാക്കൽ തോമാക്കത്തനാരും 1798-ൽ റോമിലേക്കു പോയി. അന്നത്തെ മാർപ്പാപ്പ ഈ പുനരൈക്യത്തിന് അനുമതി നല്കിയെങ്കിലും കേരളത്തിലെ ലത്തീൻ മിഷനറിമാർ ഉദയംപേരൂർ സുനഹദോസ് (1599) അതിന്റെ പരിഷ്കാരങ്ങളോടുകൂടി സ്വീകരിക്കാൻ നിർബന്ധിച്ചതുമൂലം പുനരൈക്യം നടപ്പിലായില്ല. അതിനാൽ, ദീവന്നാസ്യോസ് അന്ത്യോക്യാബന്ധം നവീകരിക്കുകും ഇവിടെ അന്ത്യോക്യൻ റീത്ത് സ്ഥിരീകരിക്കുകയും ചെയ്തു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആംഗ്ലിക്കൻ മിഷനറിമാരുടെ സുവിശേഷപ്രവർത്തനം മലങ്കരയിൽ ഊർജ്ജിതപ്പെട്ടുവന്നു. ഈ സാഹചര്യത്തിൽ മാർ ദീവന്നാസ്യോസ് നാലാമന്റെ അപേക്ഷപ്രകാരം സുറിയാനിപാരമ്പര്യങ്ങൾ മലങ്കരയിൽ സുശക്തമാക്കാൻവേണ്ടി അന്ത്യോക്യൻ പാത്രിയർക്കീസ് മാർ അത്താനാസ്യോസ് എന്ന മെത്രാനെ കേരളത്തിലേക്കയച്ചു. അങ്ങനെ അന്ത്യോക്യാ സഭയുമായുള്ള ബന്ധത്തിൽ സുസ്ഥിരരായ മലങ്കര സുറിയാനിക്കാർ 1836-ൽ മാവേലിക്കരയിൽ ഒരു സുനഹദോസുകൂടി അന്ത്യോക്യൻ റീത്തിനോടുള്ള കൂറ് ഔദ്യോഗികമായും പരസ്യമായും പ്രഖ്യാപിച്ചു.

## മുളന്തുരുത്തി സുനഹദോസ്

കൽദായ ആരാധനക്രമത്തിന്റെ അവസാന അംശങ്ങൾ മലങ്കര യാക്കോബായാ സഭയിൽനിന്നു നീക്കം ചെയ്തത് 1847-ൽ മലങ്കരയിൽ വന്നുചേർന്ന മാർ കൂറീലോസ് ആയിരുന്നു. അദ്ദേഹം 1874 വരെ ഇവിടെ താമസിക്കുകയും അന്ത്യോക്യൻ സുറിയാനി (പാശ്ചാത്യ സുറിയാനി) മാത്രം ആരാധനാഭാഷയായി നിഷ്കർഷിക്കുകയും ചെയ്തു. പക്ഷേ, കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെയെല്ലാം ആരാധനാഭാഷ ആദ്യ നൂറ്റാണ്ടുമുതൽ കൽദായ സുറിയാനി (പൗരസ്ത്യ സുറിയാനി) ആയിരുന്നതുകൊണ്ട് ഇന്നും യാക്കോബായാക്കാരും മലങ്കര

കത്തോലിക്കരും ധാരാളം കൽദായ സുറിയാനി പദങ്ങൾ ഉപയോഗിക്കുന്നുണ്ട്. കുർബാന, കൂദാശ, സ്ലീബാ, ശ്ലീഹാ, മാമോദീസാ, കൃംതാ, പെസഹാ, ദനഹാ മുതലായ പദങ്ങൾ കൽദായ സുറിയാനി രീതിയിലാണ് ഉച്ചരിക്കുന്നത്. അന്ത്യോക്യൻ സുറിയാനിയിൽ *കുർബോനൊ, കൂദോശൊ, സ്ലീബൊ* എന്നൊക്കെയാണ് ഉച്ചരിക്കേണ്ടത്. അന്ത്യോക്യായിൽനിന്നു വന്ന പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് 1876-ൽ മുളന്തുരുത്തിയിൽ ഒരു സുനഹദോസ് വിളിച്ചുകൂട്ടി. കാനൻനിയമ സംഹിതയുടെ സഹായത്തോടെ സ്വന്തം അധികാരം കേരളത്തിലെ യാക്കോബായാ സഭയിൽ ഉറപ്പിക്കാൻ അദ്ദേഹം പരിശ്രമിച്ചു. പൗരസ്ത്യ കാതോലിക്കാ ആയിരുന്ന ബാർ എബ്രായ എന്ന നിയമ പണ്ഡിതൻ ക്രോഡീകരിച്ചതും അന്ത്യോക്യായിലെ യാക്കോബായാക്കാർ സ്വീകരിച്ചിരുന്നതുമായ സഭാനിയമ സംഹിതയത്രേ ഹൂദായ കാനോൻ. മുളന്തുരുത്തി സുനഹദോസിനുശേഷം ഹൂദായ കാനോന് യാക്കോബായാ സഭയിൽ പ്രത്യേക പ്രാധാന്യം ലഭിച്ചു.

## മലങ്കര റീത്തിന് കത്തോലിക്കാസഭയിൽ അംഗീകാരം

അന്ത്യോക്യൻ ആരാധനക്രമം കേരളത്തിൽ വരാനിടയായത് ചില പ്രത്യേക ചരിത്ര സംഭവങ്ങൾ കാരണമാണ്. 1653-ലെ കൂനൻകുരിശു സത്യമാണ് അവയിൽ പ്രധാനം. യാക്കോബായാ സഭ സാർവ്വത്രിക സഭയുമായുള്ള പുനരൈക്യത്തിനു പരിശ്രമിച്ചപ്പോഴെല്ലാം പൗരാണിക റീത്തും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിച്ചുകൊണ്ട് സ്വന്തമായ വ്യക്തിത്വവും സ്ഥാനവുമുള്ള ഒരു പൗരസ്ത്യ സഭയായി നിലനിർത്തണമെന്ന് മാർപ്പാപ്പയോട് ആവശ്യപ്പെട്ടിരുന്നു. ഇപ്രകാരമുള്ള ഒരു റീത്തിന് പതിനൊന്നാം പീയൂസ് മാർപ്പാപ്പ അംഗീകാരം നല്കിയതോടെ കത്തോലിക്കാസഭയിൽ ഒരു പുതിയ റീത്ത് നിലവിൽവന്നു. ക്രൈസ്തവ സഭാചരിത്രത്തിലെ ഒരു പ്രധാന നാഴികക്കല്ലും ഐക്യപ്രസ്ഥാനത്തിന്റെ അവിസ്മരണീയമായ നേട്ടവുമാണ് 1930-ൽ മാർ ഈവാനിയോസ് തിരുമേനി ആരംഭിച്ച പുനരൈക്യപ്രസ്ഥാനം. അതോടുകൂടി, മലങ്കര യാക്കോബായാ സഭയിൽ നിലവിലിരുന്ന അന്ത്യോക്യൻ റീത്ത് കത്തോലിക്കാ സഭ അംഗീകരിക്കുകയും അത് സാർവ്വത്രിക സഭയുടെ പൊതു സമ്പത്തായിത്തീരുകയും ചെയ്തു.



# 4

# ദൈവാലയവും അതിന്റെ പരിശുദ്ധിയും

സർവ്വ ആരാധനയും അർഹിക്കുന്ന ദൈവം തന്റെ ജനത്തിന്റെ ആരാധനാവണക്കങ്ങൾ ഒരു പ്രത്യേക സ്ഥലത്ത് സ്വീകരിക്കുന്നത് യുക്തമാണ് (പുറ 7:16; 8:1; 9:1; 9:13; 10:3). ദൈവം ആവശ്യപ്പെട്ടതനുസരിച്ച് ദൈവാരാധനയ്ക്കായി ക്രമീകരണങ്ങൾ ചെയ്തതായി പഴയനിയമത്തിൽ കാണാവുന്നതാണ്. ദൈവത്തെ മുഖാമുഖം ദർശിച്ചിടത്ത് ഇസ്രയേൽക്കാർ ആരാധന നടത്തിയിരുന്നു. ബെഥേലിലും (ഉൽപ 28) സീനായ് മലയിലും (പുറ 19) മരുഭൂമിയിൽ സമാഗമകൂടാരത്തിലും (പുറ 35) പിന്നീട് സോളമൻ പണിയിച്ച ജറുസലേം ദേവാലയത്തിലും (1 രാജ 8) അവർ ദൈവത്തെ ആരാധിച്ചിരുന്നു. മറ്റെവിടെയുമുള്ളതിൽ കൂടുതൽ ദൈവസാന്നിദ്ധ്യം ദേവാലയത്തിലുണ്ടെന്ന് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്.

## ദൈവസാന്നിദ്ധ്യം

ദൈവം സർവ്വവ്യാപിയാണെങ്കിലും ദൈവസാന്നിദ്ധ്യം പലതരത്തിലുണ്ട്.

**1 സാർവ്വത്രിക സാന്നിദ്ധ്യം** (Universal Presence)

ദൈവത്തിന്റെ പ്രഥമവും പ്രധാനവുമായ സാന്നിദ്ധ്യം സാർവ്വത്രിക സാന്നിദ്ധ്യമാണ്.ദൃശ്യവും അദൃശ്യവുമായ പ്രപഞ്ചം മുഴുവനിലും

ദൈവം എപ്പോഴും ഉണ്ട്. സ്ഥലപരിമിതികൾക്കധീനപ്പെടാതെ പൂർണ്ണമായി എല്ലായിടത്തും എപ്പോഴും ദൈവം സന്നിഹിതനാണ്. ആഴിയുടെ അടിത്തട്ടിലും ആകാശത്തിന്റെ അനന്തതയിലും അവിടുത്തെ സാന്നി ദ്ധ്യം അനുഭവപ്പെടുന്നു. അവിടുത്തെ സന്നിധിയിൽനിന്ന് ഒളിക്കാൻ ആർക്കും സാധ്യമല്ല എന്ന് യോനായുടെ അനുഭവം തെളിയിക്കുന്നു. സ്വർഗത്തിനും സ്വർഗാധിസ്വർഗങ്ങൾക്കും ഉൾക്കൊള്ളാനാവാത്ത (1 രാജാ 8:27) ദൈവത്തെ താൻ പണിയുന്ന ദൈവാലയത്തിന് ഉൾക്കൊള്ളാനാവില്ലെന്ന് ജ്ഞാനിയായ സോളമൻ തുറന്നു സമ്മതിക്കുന്നു. അവിടുത്തെ സത്തയിലാണ് സമസ്തവും സ്ഥിതി ചെയ്യുക, അവിടുത്തെ കൺമുമ്പിലാണ് സകലവും വ്യാപരിക്കുക (ഉൽപ 31:49–50; സങ്കീ 139; ജറെ 23:23–24). ആകാശം എന്റെ സിംഹാസനം; ഭൂമി എന്റെ പാദപീഠവും എന്ന് അവിടുന്ന് തന്നെ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടല്ലോ (ഏശ 66:1). ദൈവത്തിന്റെ നിരന്തരമായ ഈ സാന്നിദ്ധ്യം ഇല്ലാത്ത യാതൊരു സ്ഥലവും യാതൊരു നിമിഷവും ഈ പ്രപഞ്ചത്തിലില്ല. ദൈവത്തിന്റെ ഈ സാർവ്വത്രിക സാന്നിദ്ധ്യം എല്ലാ പള്ളികളിലുമുണ്ട്.

### 2. പ്രതിശ്രുതസാന്നിദ്ധ്യം (Promised Presence)

വാഗ്ദാനം അനുസരിച്ചുള്ള സാന്നിദ്ധ്യമാണ് ഇത്. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും (മത്താ 18:20) എന്ന് യേശു ശിഷ്യന്മാരോടു വാഗ്ദാനം ചെയ്തു.ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും (യോഹ 14:18) എന്നു പറഞ്ഞ് ശ്ലീഹന്മാരെ ആശ്വസിപ്പിച്ചു. യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും (മത്താ 28:20) എന്നു പറഞ്ഞ് അവരെ ധൈര്യപ്പെടുത്തി. വിശ്വാസികൾ ദൈവാരാധനയ്ക്കായി ഒരുമിച്ചുകൂടി യേശുക്രിസ്തു കർത്താവും രക്ഷിതാവുമാണെന്ന് വിശ്വസിച്ച് ഏറ്റുപറയുമ്പോൾ (1 കോറി 12:3) നമ്മുടെ കർത്താവ് പ്രത്യേകവിധത്തിൽ ആ സമ്മേളനസ്ഥലത്ത് തന്റെ വാഗ്ദാനപ്രകാരം സന്നിഹിതനാകുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇതിനെക്കുറിച്ച് ഇപ്രകാരം പറയുന്നു.

> സഭ കീർത്തനങ്ങൾ ആലപിക്കുമ്പോഴും പ്രാർത്ഥിക്കുമ്പോഴും അവിടുന്ന് സന്നിഹിതനത്രെ; കാരണം അവിടുന്നുതന്നെ വാഗ്ദാനം ചെയ്തിട്ടുണ്ട്: രണ്ടോ





> മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും (മത്താ 18:20)[1].

### 3. ദൈവ വചനത്തിലെ സാന്നിദ്ധ്യം
(Presence in the Word of God)

കൗൺസിൽ പ്രത്യേകം എടുത്തുപറയുന്ന ക്രിസ്തുവിന്റെ സാന്നിദ്ധ്യമാണിത്. അവിടുന്ന് തന്റെ വചനത്തിൽ സന്നിധി ചെയ്യുന്നുണ്ട്. കാരണം ദൈവാലയങ്ങളിൽ വി. ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ ക്രിസ്തു തന്നെയാണ് സംസാരിക്കുന്നത്[2].

### 4. പ്രതിഷ്ഠിത സാന്നിദ്ധ്യം (Dedicatory Presence)

മറ്റൊരുതരത്തിലുള്ള സാന്നിദ്ധ്യത്തെപ്പറ്റി വി.ഗ്രന്ഥം സാക്ഷിക്കുന്നു (ഉൽപ 28:10–22). സഹോദരനായ ഏസാവുമായി പിണങ്ങി, യാക്കോബ് വീട്ടിൽനിന്ന് ഇറങ്ങി പുറപ്പെട്ടു. ബെർഷെബായിൽനിന്ന് ഹാരാനിലേക്കു പോയി. വഴിയാത്രയ്ക്കിടയ്ക്ക് രാത്രിയിൽ ലൂസ് എന്ന സ്ഥലത്ത് എത്തിയപ്പോൾ തലയ്ക്കു കീഴെ ഒരു കല്ലെടുത്തുവച്ച് അവൻ ഉറങ്ങാൻ കിടന്നു. അവന് ഒരു ദർശനമുണ്ടായി. ഭൂമിയിൽ ഉറപ്പിച്ചിരുന്ന ഒരു ഗോവണി. അതിന്റെ അറ്റം ആകാശത്തു മുട്ടിയിരുന്നു. ദൈവദൂതന്മാർ അതിലൂടെ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു. ഗോവണിയുടെ മുകളിൽ നിന്നുകൊണ്ട് കർത്താവ് അരുളിച്ചെയ്തു. ഞാൻ നിന്റെ പിതാവായ അബ്രഹാത്തിന്റെയും ഇസഹാക്കിന്റെയും ദൈവമായ കർത്താവാണ്. ആശ്ചര്യഭരിതനായി യാക്കോബ് നിദ്രയിൽ നിന്ന് ഉണർന്ന് പറഞ്ഞു. തീർച്ചയായും കർത്താവ് ഈ സ്ഥലത്തുണ്ട്. എന്നാൽ ഞാൻ അതറിഞ്ഞില്ല. ഈ സ്ഥലം എത്ര ഭയങ്കരമാണ്! ഇത് ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല. സ്വർഗത്തിന്റെ കവാടമാണിവിടം. യാക്കോബ് അതിരാവിലെ എഴുന്നേറ്റ് തലയ്ക്കു കീഴിൽ വച്ചിരുന്ന കല്ലെടുത്ത് ഒരു തൂണായി കൂത്തിനിർത്തി അതിൻമേൽ എണ്ണയൊഴിച്ചു. അവൻ ആ സ്ഥലത്തിനു ബഥേൽ എന്നു പേരിട്ടു. ദൈവഭവനം എന്നാണ് അതിന്റെ അർത്ഥം.

1. ആരാധനക്രമം 7
2. ആരാധനക്രമം 7

ഈ പ്രതിഷ്ഠ ദൈവം അംഗീകരിച്ചതിന്റെ അടയാളമായി പിന്നെയൊരവസരത്തിൽ യാക്കോബിനോടു ദൈവം അരുളിച്ചെയ്തു. നീ കൽത്തൂണിനു അഭിഷേകം ചെയ്യുകയും വ്രതമെടുക്കുകയും ചെയ്ത സ്ഥലമായ ബഥേലിലെ ദൈവമാണ് ഞാൻ (ഉൽപ 31:13). സ്വർഗം തുറക്കപ്പെടുന്നതും ദൈവദൂതന്മാർ കയറിപ്പോകുന്നതും മനുഷ്യപുത്രന്റെമേൽ ഇറങ്ങിവരുന്നതും നിങ്ങൾ കാണും (യോഹ 1:51) എന്ന് ക്രിസ്തു നഥാനിയേലിനോടു പറഞ്ഞപ്പോൾ ബഥേലിലെ സംഭവം അനുസ്മരിപ്പിക്കുകയായിരുന്നു. നമ്മുടെ ദൈവാലയം കൂദാശ ചെയ്യുമ്പോൾ വി.മൂറോൻകൊണ്ട് ത്രോണോസ് അഭിഷേകം ചെയ്യുന്നത് ഈ സംഭവം ആസ്പദമാക്കിയാണ്. ഇതുമൂലം പള്ളിയിൽ ദൈവത്തിന്റെ ഒരു പുതിയ സാന്നിദ്ധ്യമുണ്ടാകുന്നു. അതാണ് പ്രതിഷ്ഠിത സാന്നിദ്ധ്യം. സീനായ്മലയിലും (പുറ 19) മരുഭൂമിയിൽ സമാഗമകൂടാരത്തിലും (പുറ 35) സോളമൻ പണിയിച്ച ജറുസലേം ദേവാലയത്തിലും (1 രാജ 8) ഈ പ്രതിഷ്ഠിത സാന്നിദ്ധ്യം നാം കാണുന്നുണ്ട്. അവിടെയെല്ലാം ദൈവത്തിന്റെ അധിവാസം പ്രത്യേകമായ വിധത്തിൽ ഉണ്ടെന്ന് വി.ഗ്രന്ഥം വ്യക്തമാക്കുന്നു.

## 5. ദിവ്യകാരുണ്യ സാന്നിദ്ധ്യം (Eucharistic Presence)

എല്ലാറ്റിലും ഉപരിയായി വി.കുർബാനയിലൂടെ രക്ഷാകരമായ ഒരു സാന്നിദ്ധ്യം ദൈവം നമുക്കു പ്രദാനം ചെയ്യുന്നു. ക്രിസ്തുവിന്റെ വാക്കുകളനുസരിച്ച് അപ്പവും വീഞ്ഞും പരിശുദ്ധാത്മാവിന്റെ ആവാസംമൂലം ക്രിസ്തുവിന്റെ ശരീരവും രക്തവുമായി മാറ്റപ്പെടുമ്പോൾ അതുല്യമായ ഒരു സാന്നിദ്ധ്യം നമ്മുടെ പള്ളികളിൽ ഉണ്ടാകുന്നു. ഇതാണ് ദിവ്യകാരുണ്യ സാന്നിദ്ധ്യം.

നമ്മുടെ ദൈവാലയങ്ങളിൽ മുകളിൽ പറഞ്ഞ അഞ്ചു സാന്നിദ്ധ്യങ്ങളും ഉണ്ട്. മറ്റെവിടെയും ദൈവസാന്നിദ്ധ്യം ഇതുപോലെ ലഭ്യമല്ല. അതുകൊണ്ട് ദേവാലയത്തിൽ പോയി പ്രാർത്ഥിക്കുന്നതിന്റെ പ്രസക്തി ഏറുന്നു. ദൈവം എല്ലായിടത്തുമുണ്ട്, എവിടെ നിന്നു പ്രാർത്ഥിച്ചാലും മതി എന്ന ചിന്തയും ശരിയല്ല.

## ദേവാലയത്തിന്റെ പ്രതീകങ്ങൾ

ദൈവം വസിക്കുന്ന ഭവനമാണ് ദേവാലയം (യോഹ 2:16; 1 തീമോ 3:15: ഹെബ്രാ 10:21; 1 പത്രോ 4:17). ദൈവം ഭൂമിയിൽ എഴു





ന്നെള്ളി വസിക്കുന്ന വിശുദ്ധ മലയാണ് പള്ളി (സങ്കീ 15:1; 24:3). അത് സ്വർഗത്തിന്റെ പടിവാതിലാണ് (ഉൽപ 28:19; സങ്കീ 118:19). ദൈവം മനുഷ്യമക്കളോടുകൂടി വസിക്കുന്നതിന് ഭൂമിയിൽ ഉറപ്പിച്ചിരിക്കുന്ന വിശുദ്ധ സ്ഥലമാണത് (സങ്കീ 26:8). ദേവാലയം പ്രാർത്ഥനയ്ക്കുവേണ്ടിയുള്ളതാണ് (ഏശ 56:7; മർക്കോ 11:17). അതിനോടു നാം ആദരവു പ്രകടിപ്പിക്കേണ്ടതാണ് (ലേവ്യ 19:30). പള്ളിയോടുള്ള അനാദരവ് ശിക്ഷാർഹമാണെന്ന് (ജറെ 7:8-15) ബൈബിൾ പഠിപ്പിക്കുന്നു. ബൈബിളിൽ ദേവാലയത്തെപ്പറ്റി അനവധി പ്രതീകങ്ങളുണ്ട്.

### 1. ആത്മീയ ഏദൻതോട്ടം

ദൈവം കിഴക്ക് ഏദനിൽ സ്ഥാപിച്ച തോട്ടത്തോടു (ഉൽപ 2:8-17) സദൃശമാണ് പള്ളി. ഏദൻ തോട്ടത്തിലെ ജീവവൃക്ഷത്തിന്റെ സ്ഥാനമാണ് പള്ളിയിലെ കുരിശിനുള്ളത്. ത്രോണോസിലിരിക്കുന്ന കുരിശ് പ്രകാശത്തിന്റെ സ്ലീബാ എന്നറിയപ്പെടുന്നു. അതു സൂചിപ്പിക്കാൻ ആരാധനയുടെ സമയത്ത് കുരിശിന്റെ മുമ്പിൽ ഒരു മെഴുകുതിരി കത്തിക്കുന്നു. ജീവവൃക്ഷത്തെ കാക്കുന്ന കെരൂബുകൾക്കു (ഉൽപ 3:24) തുല്യം കുരിശിന്റെ ഇരുവശവും രണ്ടു മെഴുകുതിരികൾ ഉണ്ട്. ജീവവൃക്ഷത്തിന്റെ ഫലമാണ് കുരിശിന്റെ മുമ്പിൽ കാസായിലും പീലാസായിലുമുള്ള തിരുശരീരരക്തങ്ങൾ. മാമോദീസാ സ്വീകരിച്ച കുഞ്ഞുങ്ങൾക്കു വി.കുർബാന കൊടുക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ഇതു വ്യക്തമാക്കുന്നു. ആദാം ഏദൻതോട്ടത്തിൽവച്ച് രുചിനോക്കാത്ത ജീവവൃക്ഷത്തിന്റെ ഫലം ഇന്നേദിവസം നിന്റെ വായിൽ സന്തോഷപൂർവ്വം വയ്ക്കപ്പെടുന്നു. ഏദൻതോട്ടത്തെ നനയ്ക്കുന്ന നാലു നീർച്ചാലുകളാണ് ഏവൻഗേലിയോൻ പീഠത്തിൽ സ്ഥാപിതമായിരിക്കുന്ന നാലു സുവിശേഷങ്ങൾ.

### 2. ആത്മീയ സീനായ്

മോശയ്ക്കും ഇസ്രായേൽക്കാർക്കും ദൈവം സീനായ് മലയിൽ പ്രത്യക്ഷപ്പെട്ടു (പുറ 19:1-25). അതുപോലെ പട്ടക്കാർക്കും വിശ്വാസികൾക്കും ദൈവം ദേവാലയത്തിൽ പ്രത്യക്ഷപ്പെടുന്നു. മദ്ബഹാ ദൈവം ഇറങ്ങി വന്ന സീനായ്മലയ്ക്കു സദൃശ്യമാണ്. പാളയത്തിനു പുറത്ത് ജനം നിലയുറപ്പിച്ചിരുന്ന മലയുടെ അടിവാരത്തിനു തുല്യമാണ് ഹൈക്കലാ. ഇസ്രായേൽക്കാർ മല തൊടാതിരിപ്പാൻ മലയ്ക്കും താഴ്‌വരയ്ക്കും ഇടയിലുണ്ടായിരുന്ന വേലിയാണ് കെസ്ത്രൂമ്മായുടെ

അഴിക്കാലുകൾ. ധൂപക്കുറ്റിയിൽനിന്ന് ഉയരുന്ന പുക സീനായ് മലയിൽ കാണപ്പെട്ട മേഘത്തെ സൂചിപ്പിക്കുന്നു. മറുബഹാസാകളുടെയും മണികളുടെയും ശബ്ദം മലയിലെ ഇടിമുഴക്കത്തിന്റെ പ്രതീകമാണ്. മിന്നൽപ്പിണരുകൾ കത്തുന്ന മെഴുകുതിരികളാൽ സൂചിപ്പിക്കപ്പെടുന്നു. സ്ലീബായുടെ മുമ്പിലുള്ള മെഴുകുതിരി മലയുടെ മുകളിൽ മോശയോടു സംസാരിച്ച അഗ്നിസ്വരൂപനായ ദൈവത്തിന്റെ പ്രതീകമാണ്. മോശയുടെ സ്ഥാനത്ത് പുരോഹിതൻ ദൈവത്തിന്റെ മുമ്പിൽനിന്ന് ദൈവജനത്തിനുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു.

### 3. ആത്മീയ മോറിയാമല (ഉൽപ 22:1-18)

തന്റെ ഏകമകൻ ഇസഹാക്കിനെ മോറിയാ മലയിൽ ദഹനബലിയായി അർപ്പിക്കാൻ ദൈവം അബ്രഹാമിനോട് ആവശ്യപ്പെട്ടു. ദഹനബലിക്കുള്ള വിറകുമെടുത്ത് മലയിലേക്കു നടന്ന ഇസഹാക്ക് മരക്കുരിശുമെടുത്ത് ഗോഗുൽത്താമലയിലേക്കു പോയ ക്രിസ്തുവിന്റെ പ്രതിരൂപമായിരുന്നു[3]. മകനു പകരം ദൈവം കാണിച്ചുകൊടുത്ത മുട്ടാടിനെ അബ്രഹാം ബലി കഴിച്ചു. ക്രിസ്തു എന്ന കുഞ്ഞാട് ബലിയർപ്പിക്കപ്പെടുന്ന സ്ഥലമായ പള്ളി ആത്മീയ മോറിയാ മലയാണ്.

### 4. ആത്മീയ ബഥേൽ (ഉൽപ 28:10-20)

യാക്കോബ് ബഥേലിൽ തൂണായി കുത്തിനിർത്തിയ കല്ലാണ് ത്രോണോസ്. യാക്കോബ് ചെയ്തതുപോലെ ദേവാലയ കൂദാശയുടെ സമയത്ത് മേൽപ്പട്ടക്കാരൻ അത് മൂറോൻ പൂശി ശുദ്ധീകരിക്കുന്നു. ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ആത്മീയ ഗോവണിയാണ് പള്ളി. പള്ളിയുടെ അകത്തെ ക്രമീകരണം ഒരു ഗോവണിപോലെയാണ്. ദേവാലയത്തിന്റെ നാലുഭാഗങ്ങളെ വേർതിരിക്കുന്ന പടികൾ അതാണ് സൂചിപ്പിക്കുന്നത്. നമ്മുടെ കാഴ്ചവസ്തുക്കൾ ദൈവദൂതന്മാർ സ്വീകരിച്ച് ദൈവസന്നിധിയിലെത്തിക്കുന്നു. അവ യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളായി നമുക്കു തിരികെ ലഭിക്കുന്നു.

## 5. ആത്മീയ സമാഗമകൂടാരം (പുറ 25-40)

ഭയംകൂടാതെ ദൈവത്തെ ആർക്കും സമീപിക്കാൻ സാദ്ധ്യമല്ല. എന്നാൽ തന്റെ കൃപയിൽ ദൈവം തന്റെ സാമീപ്യം സ്വജനത്തിനു

3. കഷ്ടാനുഭവ ആഴ്ച നമസ്കാരം, ചൊവ്വാ രാത്രി 3-ാം കൗമാ.





നൽകിയിരിക്കുന്നു. ജനത്തെ അടിമത്തത്തിൽനിന്നു വിടുവിക്കുന്നതിന് ഇറങ്ങിവന്ന ദൈവം സ്ഥിരമായി അവരുടെ നടുവിൽ വസിക്കുവാനും അവരോടുകൂടെ യാത്ര ചെയ്യാനും തീരുമാനിക്കുന്നു. *ഞാൻ അവരുടെയിടയിൽ വസിക്കാൻ അവർ എനിക്ക് ഒരു വിശുദ്ധകൂടാരം സജ്ജമാക്കണം. ഞാൻ കാണിച്ചുതരുന്ന മാതൃകയനുസരിച്ചായിരിക്കണം കൂടാരവും അതിലെ ഉപകരണങ്ങളും നിർമ്മിക്കുന്നത് (പുറ 25:8-9).* മോശ കൂടാരം പ്രതിഷ്ഠിച്ചുകഴിഞ്ഞപ്പോൾ ഒരു മേഘം സമാഗമകൂടാരത്തെ ആവരണം ചെയ്തു. കർത്താവിന്റെ മഹത്വം കൂടാരത്തിൽ നിറഞ്ഞുനിന്നു (പുറ 40:34). ദൈവവും പുതിയനിയമത്തിലെ ദൈവജനവും തമ്മിലുള്ള സമാഗമം നടക്കുന്ന സ്ഥലമാണ് ദേവാലയം.

### 6. ആത്മീയ ഏലീം (പുറ 15:27; സംഖ്യ 33:9)

മരുഭൂമിയിലെ നാല്പതു വർഷത്തെ യാത്രയ്ക്കിടയിൽ ഇസ്രയേല്യർക്ക് അനുഭവപ്പെട്ട സന്തോഷാനുഭവത്തിന്റെ സ്ഥലമാണ് ഏലീം. സ്വർഗീയ കനാൻ യാത്രയിലുള്ള നമ്മുടെ വിശ്രമസ്ഥാനമാണ് പള്ളി. അവിടെ കൂദാശകളാകുന്ന നീരുറവകളുണ്ട്.

### 7. നോഹയുടെ പെട്ടകം (ഉൽപ 6:13-8:22)

പാപത്തിൽ മുങ്ങിയ മനുഷ്യവർഗത്തിന്മേലുള്ള ന്യായവിധിയായിരുന്നു പ്രളയം. രൂപരഹിതവും ശൂന്യവുമായിരുന്ന പെരുവെള്ളത്തിൽനിന്ന് ദൈവാത്മാവ് പ്രപഞ്ചം ഉളവാക്കി (ഉൽപ 1:1-2). ജലപ്രളയത്തിൽ അഗാധങ്ങളിലെ ഉറവകൾ പൊട്ടിയൊഴുകി. ഇവിടെ സൃഷ്ടിയെ ആഴിയും പെരുവെള്ളവും തിരിച്ച് കീഴടക്കുന്നതാണ് നാം കാണുന്നത്. പ്രളയം ശൂന്യതയുടെയും ക്രമരാഹിത്യത്തിന്റെയും പ്രതീകമാണ്. മനുഷ്യൻ ദൈവകല്പന ലംഘിച്ചതിനാൽ പ്രപഞ്ചം മുഴുവൻ പ്രളയത്തിൽ നശിക്കുന്നു. പാപപ്രളയത്തിൽനിന്നും രക്ഷപ്പെടുന്നതിനുള്ള ആത്മീയ പെട്ടകമാണ് പള്ളി.

### 8. ആത്മീയ താബോർമല

ക്രിസ്തു ഈ മലയിൽവച്ച് രൂപാന്തരപ്പെട്ടു എന്ന് പൊതുവെ കരുതപ്പെടുന്നു[4]. അവിടുന്ന് തേജസ്ക്കരണം പ്രാപിച്ച മല പള്ളിയുടെ പ്രതിരൂപമാണ്. ക്രിസ്തുവിന്റെ തേജസ് ദർശിച്ച ശ്ലീഹന്മാരുടെ അനു

4. ഗവേഷണ വെളിച്ചത്തിൽ ഇതിന് സാദ്ധ്യത കുറവാണ്. cfr Dictionary of the Bible J.L McKenzie Page.865

ഭൂതിയാണ് വിശ്വാസികൾക്ക് ദേവാലയത്തിൽ വച്ചുണ്ടാകുന്നത്. കുരിശിന്റെ മുമ്പിൽ കത്തുന്ന മെഴുകുതിരി ക്രിസ്തുവിന്റെ തേജസ്സുറ്റ സാന്നിദ്ധ്യത്തിന്റെ പ്രതീകമാണ്. ഇരുവശത്തുമുള്ള തിരികൾ മോശയെയും ഏലിയായെയും സൂചിപ്പിക്കുന്നു.

### 9. രക്ഷയുടെ സോവാർ

ചാവുകടലിനു തെക്കുകിഴക്കുള്ള ഒരു പട്ടണമാണ് സോവാർ. സോദോം നഗരത്തിൽ മ്ലേച്ഛത നിറഞ്ഞപ്പോൾ ദൈവകോപത്തിന്റെ അഗ്നിയിൽനിന്ന് രക്ഷപ്പെടാനായി ഓടിപ്പോയതും സോവാറിലേക്കാണ്(ഉൽപ 19:22). ദൈവം വാഗ്ദാനം ചെയ്ത കാനാൻദേശത്തിന്റെ ഭാഗമായി മോശയ്ക്കു കാണിച്ചുകൊടുത്തത് സോവാർവരെയുള്ള സമതലമാണ് (നിയമാ 34:3). പാപം നിറഞ്ഞ ഈ ഭൂമിയിൽനിന്ന് രക്ഷപെടുന്നതിനുള്ള സ്ഥലമാണ് പള്ളി. സ്വർഗീയ കാനാൻനാടിന്റെ പ്രതീകമാണത്.

### 10. ആത്മീയ ജറുസലേം

ദൈവനിയോഗപ്രകാരം സോളമൻ പണിയിച്ച ജറുസലേം ദേവാലയം യഹൂദന്മാരുടെ ഏക ദേവാലയമായിരുന്നു (1 രാജ 6:1–38). അവിടെ യഹൂദന്മാർ ആണ്ടുതോറും മൂന്നു പെരുന്നാളുകളിൽ തീർത്ഥാടന ഗാനങ്ങൾ പാടിപോകുമായിരുന്നു. ഇസ്രയേലിനെ സംബന്ധിച്ചിടത്തോളം ജറുസലേമിലല്ലാതെ മറ്റൊരിടത്തും ദൈവാരാധനയ്ക്കുള്ള ദേവാലയമില്ലായിരുന്നു (യോഹ 4:20). ദൈവം ജറുസലേമിനെയാണ് തന്റെ വാസസ്ഥലമായി തിരഞ്ഞെടുത്തത്. അതുപോലെ, പ്രതിഷ്ഠമൂലം തന്റെ വാസസ്ഥാനമായി ദൈവം തിരഞ്ഞെടുത്തിരിക്കുന്ന ഇടവകപള്ളിയിലേക്ക് ഞായറാഴ്ചതോറും തീർത്ഥാടനം നടത്താൻ ക്രിസ്ത്യാനികൾ ചുമതലപ്പെട്ടവരാണ്.

## ദൈവാലയത്തിന്റെ ആന്തരിക സംവിധാനം

ആദ്യശതകങ്ങളിൽ സമൂഹാരാധനയ്ക്കു പള്ളികൾ ഇല്ലായിരുന്നു. ദൈവാരാധനയ്ക്കും അപ്പം മുറിക്കലിനുമായി വീടുകളിലാണ് ക്രിസ്തീയസമൂഹം ഒന്നിച്ചുകൂടിയിരുന്നത് (അ.പ്ര 2:46). മതപീഡനകാലത്ത് ഭൂഗർഭ അറകളിൽ രഹസ്യമായി ആരാധന നടത്തിയിരുന്നു. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലത്ത് മിലാൻ വിളംബരത്തിനു (ഏ.ഡി 313) ശേഷമാണ് ക്രിസ്തീയ ദേവാലയങ്ങൾ നിർമ്മിക്കാൻ





ആരംഭിച്ചത്. പിന്നീട് വിവിധ രൂപത്തിലും കലാസൗന്ദര്യവുമുള്ള ദേവാലയങ്ങളും ബസിലീക്കാകളും ഉണ്ടായി. എന്നാൽ വേദപുസ്തകത്തിലെ മൂന്ന് ആശയങ്ങളാണ് സുറിയാനി പാരമ്പര്യത്തിലുള്ള ദൈവാലയത്തിന്റെ ആന്തരിക ഘടനയെ പ്രധാനമായും സ്വാധീനിച്ചത്.

### 1. ദൈവാലയം ക്രിസ്തുവിന്റെ തന്നെ പ്രതീകമാണ്

യേശു മറുപടി പറഞ്ഞു: നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക. മൂന്നു ദിവസത്തിനകം ഞാൻ അത് പുനരുദ്ധരിക്കും.... എന്നാൽ അവൻ പറഞ്ഞത് തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ് (യോഹ 2:19–21). അതുകൊണ്ട് പള്ളി ക്രിസ്തുവിന്റെ ശരീരമായി പരിഗണിക്കപ്പെടുന്നു. വിശ്വാസികളെ നോക്കി കുരിശിൽ കിടക്കുന്ന ക്രിസ്തുവിന്റെ ശരീരാകൃതിയിലാണ് പള്ളി സംവിധാനം ചെയ്യുന്നത്. ത്രോണോസ് ക്രിസ്തുവിന്റെ തലയെയും പള്ളിയുടെ പടിഞ്ഞാറുഭാഗം പാദങ്ങളെയും സൂചിപ്പിക്കുന്നു. മെഴുകുതിരികൾ കണ്ണുകളെയും ഏവൻഗേലിയോൻമേശ ക്രിസ്തുവിന്റെ വായയെയും ഓർമ്മിപ്പിക്കുന്നു. കുമ്പസാരക്കൂട് ക്രിസ്തുവിന്റെ ചെവികളുടെ പ്രതീകമാണ്. അതുകൊണ്ട് കുമ്പസാരക്കൂട് പള്ളിയുടെ മുൻ ഭാഗത്തായിരിക്കണം. ഹൈക്കലായിൽ തെക്കുകിഴക്കുഭാഗത്തുള്ള മാമോദീസാതൊട്ടി കുന്തത്താൽ പിളർന്ന ക്രിസ്തുവിന്റെ വിലാപ്പുറത്തെ സൂചിപ്പിക്കുന്നു.

### 2. യാക്കോബ് കണ്ട ഗോവണി (ഉൽപ 28:10–20)

പള്ളി വിശ്വാസികളെ സ്വർഗത്തിലേക്കു കയറ്റിക്കൊണ്ടുപോകുന്ന ഗോവണിയാണ്. ഈ അനുഭവം പള്ളിയുടെ പടിഞ്ഞാറെ വാതിൽക്കൽ നിൽക്കുന്ന ഒരു ഭക്തന് ഉണ്ടാകത്തക്കവണ്ണം ദേവാലയത്തിന്റെ ഉൾഭാഗം ഗോവണിയുടെ പടികൾപോലെ ഉയർന്നുപോകണം.

### 3. ക്രിസ്തുവിന്റെ ശൂന്യമായ കല്ലറ (യോഹ 20:1–10)

ആദിമസഭയിൽ ക്രിസ്തുവിന്റെ ഉയിർപ്പിന്റെ ഒരു സുപ്രധാന തെളിവായിരുന്നു ശൂന്യമായ കല്ലറ. പള്ളി പ്രത്യേകിച്ച് ത്രോണോസ് പൗരസ്ത്യരുടെയിടയിൽ കർത്താവിന്റെ ഒഴിഞ്ഞ കല്ലറയായി പരിഗണിക്കപ്പെടുന്നു. കിഴക്കുപടിഞ്ഞാറായി ദീർഘചതുരാകൃതിയിൽ പണിയപ്പെടുന്ന പള്ളിയുടെ മുകളിൽ രൂപമില്ലാത്ത ഒരു കുരിശുണ്ടായിരിക്കും.

## ദൈവാലയത്തിന്റെ വിവിധ ഭാഗങ്ങൾ

പള്ളിയുടെ ബാഹ്യാകൃതിയും ശില്പകലയും കാലാന്തരത്തിൽ വ്യത്യാസപ്പെടാവുന്നതാണ്. എന്നാൽ അകത്തെ വിഭജനം മാറുന്നില്ല. കാരണം, സീനായ് മലയിൽവച്ച് സ്വർഗീയ ജറുസലേമിന്റെ മാതൃക ദൈവം മോശയ്ക്കു കാണിച്ചുകൊടുത്തു (പുറ 26 മുതൽ). ആ മാതൃകയിലാണ് മോശ മരുഭൂമിയിൽ സമാഗമകൂടാരം പണിതുയർത്തിയത്. അതേ മാതൃക സ്വീകരിച്ച് ഇസ്രായേൽ ജനത്തിന് സോളമൻ രാജാവ് ജറുസലേം ദേവാലയം പണിയിച്ചു (1 രാജ 6 മുതൽ). അതിൽ ദൈവം സംപ്രീതനായി.

> അവിടുന്ന് അരുളിച്ചെയ്തു: നീ എന്റെ സന്നിധിയിൽ സമർപ്പിച്ച പ്രാർത്ഥനകളും യാചനകളും ഞാൻ ശ്രവിച്ചു. നീ നിർമ്മിക്കുകയും എന്നേക്കുമായി എന്റെ നാമം പ്രതിഷ്ഠിക്കുകയും ചെയ്ത ഈ ആലയം ഞാൻ വിശുദ്ധീകരിക്കുന്നു. എന്റെ ഹൃദയപൂർവ്വമായ കടാക്ഷം സദാ അവിടെ ഉണ്ടായിരിക്കും (1 രാജ 9:3).

യഹൂദന്മാരെ അനുകരിച്ച് സുറിയാനി സഭയും പുതിയ ഇസ്രായേലായ വിശ്വാസികൾക്ക് അതേ ക്രമീകരണത്തോടുകൂടിയ പള്ളികൾ പണികഴിപ്പിച്ചു. സമാഗമകൂടാരത്തിൽ, മഹാവിശുദ്ധസ്ഥലം (ദബീർ) വിശുദ്ധ സ്ഥലം (ഹൈക്കൽ) അകത്തെ പ്രാകാരം (ഉലാംലഗാവ്) പുറത്തെ പ്രാകാരം (ഉലാംലവാർ) എന്നിങ്ങനെ നാലു ഭാഗങ്ങൾ മോശ സംവിധാനം ചെയ്തിരുന്നു. ജറുസലം ദേവാലയത്തിനും ഇപ്രകാരം നാലു ഭാഗങ്ങൾ ഉണ്ടായിരുന്നു. പുറത്തെ പ്രാകാരത്തിൽ വിജാതികൾക്കും പ്രവേശനം അനുവദിച്ചിരുന്നു. അകത്തെ പ്രാകാരത്തിൽ യഹൂദന്മാർക്കുമാത്രമേ പ്രവേശനമുള്ളു. ലേവ്യർ വിശുദ്ധസ്ഥലത്തും (ഹെബ്രാ 9:6) മഹാപുരോഹിതൻമാത്രം അതിവിശുദ്ധസ്ഥലത്തും (പുറ 30:10; ഹെബ്രാ 9:7) പ്രവേശിച്ചിരുന്നു. ഇതനുസരിച്ച് സുറിയാനി പള്ളികൾക്ക് നാലുഭാഗങ്ങളുണ്ട്. കിഴക്കേ അറ്റത്ത് മഹാവിശുദ്ധസ്ഥലത്തിനു സമം മദ്ബഹാ, അതിനു താഴെയായി അഴിക്കകം എന്നറിയപ്പെടുന്ന കെസ്ത്രൂമാ അതിനു താഴെയായി ദൈവജനം നിൽക്കുന്ന ഹൈക്കലാ പടിഞ്ഞാറെ അറ്റത്ത് പുറത്തെ പ്രാകാരത്തിനു തുല്യമായി മോണ്ടളം എന്ന പേരിൽ അറിയപ്പെടുന്ന നാലാമതൊരു ഭാഗവുമുണ്ട്. ഹൈന്ദവ ക്ഷേത്രത്തിനും നാലുഭാഗങ്ങൾ ഉണ്ടെന്നുള്ളത് ശ്രദ്ധേയമാണ്; 1 ശ്രീകോവിൽ, 2 ശുകനാസി, 3 ചുറ്റമ്പലം, 4 പ്രാകാരം.





| | ഹിന്ദുക്ഷേത്രം | സമാഗമനകൂടാരം ജറുസലേം ദേവാലയം | ക്രിസ്തീയ ദേവാലയം സുറിയാനി പള്ളി |
|---|---|---|---|
| 1 | *ശ്രീകോവിൽ*<br>ഗർഭഗൃഹം<br>*കർമ്മി പ്രവേശിക്കുന്നിടം* | *ദബീർ*<br>മഹാവിശുദ്ധസ്ഥലം<br>നിയമപേടകം<br>പുരോഹിതൻ | *മദ്ബഹ*<br>ബലിയർപ്പിക്കുന്ന സ്ഥലം<br>ത്രോണോസ്<br>കർമ്മി |
| 2 | *ശുകനാസി*<br>ബലിക്കല്ല്<br>പൂജാരി | *ഹെയ്ക്കൽ*<br>വിശുദ്ധസ്ഥലം<br>ധൂപപീഠം<br>ലേവ്യർ | *കെസ്ത്രൂമാ*<br>അഴിക്കകം<br>നമസ്കാരമേശ<br>പുരോഹിതസംഘം |
| 3 | *ചുറ്റമ്പലം*<br>ആരാധകരുടെ സ്ഥലം | *ഉലാംല്ഗാവ്*<br>അകത്തെ പ്രാകാരം<br>താമ്രയാഗ പീഠം<br>ഇസ്രായേൽക്കാർ | *ഹൈക്കലാ*<br>ദൈവജനം |
| 4 | *പ്രാകാരം*<br>മുഖപ്പ് | *ഉലാംല്ഗാവ്*<br>പുറത്തെ പ്രാകാരം<br>പുറജാതികൾ | *മോണ്ടളം*<br>പുറത്തെ പ്രാകാരം<br>സ്നാനാർത്ഥികൾ |

### 1. മദ്ബഹാ

മദ്ബഹാ ഒരു സുറിയാനി പദമാണ്. ബലി അർപ്പിക്കുന്ന സ്ഥലമെന്നാണ് അതിന്റെ അർത്ഥം. ബെസ്ക്കുദിശൊ എന്ന് സുറിയാനിയിൽ മറ്റൊരു പേരുമുണ്ട്. രക്തം ചിന്താതെയുള്ള ബലിയർപ്പണത്താൽ വിശ്വാസികൾക്ക് പാപമോചനവും നിത്യജീവനും പ്രദാനം ചെയ്യുന്ന മഹാപരിശുദ്ധ സ്ഥലമാണിത്. ദൈവസാന്നിദ്ധ്യവും മഹത്വവും ഇവിടെ പ്രത്യേകമായ രീതിയിൽ ഉള്ളതിനാൽ ഇതിനെ അതിവിശുദ്ധ സ്ഥലമെന്നു (ക്ദുശ് കുദിശിൻ) എന്നും വിളിക്കുന്നു. മദ്ബഹാ പള്ളിയുടെ ഏറ്റവും കിഴക്കേ അറ്റത്താണ്. സ്വർഗത്തിനു സദൃശ്യമാണ് മദ്ബഹാ. കെസ്ത്രൂമായിൽനിന്ന് 9 പടികൾ ഉയർന്ന സ്ഥലത്താണത്. കുറഞ്ഞത് മൂന്ന് പടികളെങ്കിലും ഉയർന്നിരിക്കണം. ദൈവസിംഹാസനത്തിൻ മുമ്പിൽ നിൽക്കുന്ന 9 വൃന്ദം മാലാഖമാരുടെ സ്ഥാനമാണ് 9 പടികൾ. മൂന്നു പടികളെങ്കിൽ അവ മൂന്നു പദവിയിലുള്ള സ്വർഗീയ നിരകളെ സൂചിപ്പിക്കുന്നു.

ആതൻസിലെ ദീവന്നാസ്യോസിന്റെ അഭിപ്രായത്തിൽ

മദ്ബഹാ അമ്മാനുവേലിനെ സൂചിപ്പിക്കുന്നു [5] കാരണം, വിശുദ്ധ കുർബാന വഴിയായി ദൈവമായ ക്രിസ്തു നമ്മോടുകൂടെ ആയിരിക്കുന്ന സ്ഥാനം ഇവിടെയാണ്. ദൈവം എഴുന്നെള്ളിവരുന്ന സ്ഥലമെന്നനിലയിൽ സാക്ഷാൽ ദേവാലയം മദ്ബഹായാണ്. അതുകൊണ്ടാണ്, പള്ളികൂദാശയിൽ മദ്ബഹാകൂദാശയ്ക്ക് കൂടുതൽ പ്രാധാന്യം കല്പിച്ചിരിക്കുന്നത്. പ്രതിഷ്ഠനടത്തുന്ന മെത്രാൻ മദ്ബഹായിലെ ത്രോണോസും ഭിത്തികളും വിശുദ്ധ മൂറോൻകൊണ്ട് അഭിഷേകം ചെയ്യുകയും പലതവണ കുരിശടയാളം വരയ്ക്കുകയും ചെയ്യുന്നു. വിശുദ്ധ കുർബാനയിൽ ഏവൻഗേലിയോൻ കഴിഞ്ഞു പാടുന്ന മൂശയെ ആ സകലേശൻ... എന്ന ഗീതം മദ്ബഹായുടെ മാഹാത്മ്യം വിളിച്ചറിയിക്കുന്നു. മദ്ബഹായെയും കെസ്ത്രൂമായെയും വേർതിരിക്കുന്ന ഭിത്തിക്ക് 3 വാതിലുകളുണ്ട്. മദ്ധ്യത്തിലുള്ള വാതിലിന് വിശുദ്ധ വാതിൽ (*തറഓദ്കാൻകോ* Holy Door) എന്നു പറയുന്നു. മദ്ബഹായിൽ പ്രവേശിക്കുന്നവർ തെക്കേവാതിലിലൂടെ അകത്തേക്കു പോകുകയും വടക്കേവാതിൽവഴി പുറത്തുവരികയും ചെയ്യുന്നു. മദ്ബഹായുടെ കിഴക്കേഭിത്തിയിൽ വിശുദ്ധമൂറോൻ മുതലായവ സൂക്ഷിക്കുന്ന ബെസ്ഗാസൊ ഉണ്ടായിരിക്കും. കൈവയ്പില്ലാത്തവർക്ക് മദ്ബഹായിൽ പ്രവേശനമില്ല. വൈദികരും ശുശ്രൂഷകരും ചെരുപ്പ് ധരിക്കാതെയോ, അല്ലെങ്കിൽ ശുശ്രൂഷാവസരങ്ങളിൽമാത്രം ഉപയോഗിക്കുന്ന പ്രത്യേക ചെരുപ്പുകൾ ധരിച്ചോ ആണ് ഇവിടെ പ്രവേശിക്കുന്നത്.

മദ്ബഹാ ജറുസലേം ദേവാലയത്തിലെ മഹാവിശുദ്ധ സ്ഥലത്തെ സൂചിപ്പിക്കുന്നു. അതിൽ അഹറോന്റെ തളിർത്തവടിയുടെ (സംഖ്യ 17:18) പൊരുളായ വിശുദ്ധ കുരിശും പൊൻപാത്രത്തിൽ സൂക്ഷിക്കപ്പെട്ടിരുന്ന മന്നായെ (പുറ 16:31-34) സൂചിപ്പിക്കുന്ന വിശുദ്ധ കുർബാനയും നിയമത്തിന്റെ കൽപലകകളുടെ പൂർത്തീകരണമായ ഏവൻഗേലിയോനുമുണ്ട്. കൃപാസനത്തെ നിഴലിക്കുന്ന ക്രൂബകൾക്കു നടുവിലെന്നപോലെ (പുറ 24:18-22) വിശുദ്ധമൂറോൻകൊണ്ട് മുദ്രയിട്ടു പ്രതിഷ്ഠിച്ചിട്ടുള്ള വിശുദ്ധ മദ്ബഹായിൽ ദൈവത്തിന്റെ പ്രതിഷ്ഠിത സാന്നിദ്ധ്യം എപ്പോഴുമുണ്ട് (ഹെബ്രാ 9:2-5).

5. De Ecclesiastica Hierarchia 4; PG 3:484D





**2. കെസ്ത്രൂമാ (അഴിക്കകം)**

ജറുസലേം ദേവാലയത്തിലെ വിശുദ്ധ സ്ഥലത്തോട് ഇതിനെ ഉപമിക്കാം. കത്താസ്ത്രോമ്മാ എന്ന ഗ്രീക്കുപദത്തിന്റെ സുറിയാനി രൂപമാണ് കെസ്ത്രൂമാ. തറനിരപ്പിൽനിന്നും ഉയർന്ന സ്ഥലമെന്നാണ് അർത്ഥം. മദ്ബഹായ്ക്കും ഹൈക്കലായ്ക്കും ഇടയ്ക്കുള്ള ഉയർന്ന സ്ഥലമാണിത്. അഴികളാൽ വേർതിരിച്ചിരിക്കുന്നതുകൊണ്ട് മലങ്കരയിൽ ഇതിനെ അഴിക്കകം എന്നു വിളിക്കുന്നു. മദ്ബഹായിൽ പ്രവേശിക്കാത്ത വൈദികരും ശമ്മാശന്മാരും നിൽക്കുന്നത് ഇവിടെയാണ്. ഗായകസംഘത്തിന്റെ[6] സ്ഥാനവും ഇവിടെത്തന്നെ.

ബീമ്മാ എന്ന പേരിലും ആദ്യകാലത്ത് ഇത് അറിയപ്പെട്ടിരുന്നു. മദ്ബഹായുടെ മറയ്ക്കു പടിഞ്ഞാറുവശത്ത് മദ്ബഹായുടെ തുടർച്ചയായി കാണുന്ന പ്രസംഗപീഠമാണ് ബീമ്മാ. ചുരുക്കം ചില പള്ളികളിൽ ഇന്നും ഇത് ദൃശ്യമാണ്. ഗ്രീക്കുഭാഷയിലുള്ള ഈ വാക്കിന്റെ അർത്ഥം ന്യായാസനം എന്നാണ്. എസ്രാ ജനങ്ങളെ നിയമം വായിച്ചു കേൾപ്പിക്കാൻ നിന്ന പീഠമാണിത് (നെഹ 8:4). ഇസ്രായേൽക്കാർക്ക് കല്പനകൾ കൊടുക്കപ്പെട്ട സീനായ് മലയോട് ബീമ്മായെ ഉപമിക്കാമെന്ന് ബാർ എബ്രായ എഴുതിയിട്ടുണ്ട്. പത്രോസിന്റെ തോണി (ലൂ 5:3) ക്രിസ്തുവിനു ജനങ്ങളെപഠിപ്പിക്കുന്നതിനുള്ള പീഠമായിരുന്നതുപോലെ ദേവാലയത്തിൽ പ്രസംഗം പറയുന്നതിനുള്ള പീഠമാണിവിടം.

**3. ഹൈക്കലാ**

പള്ളിയിലെ ഏറ്റവും വലിയ ഭാഗമാണ് ഹൈക്കലാ. ആരാധനാസ്ഥലം എന്നർത്ഥമുള്ള സുറിയാനി പദമാണ് ദൈവജനം നിൽക്കുന്ന സ്ഥലമായ ഹൈക്കലാ. സോളമൻ രാജാവ് പണിയിച്ച ദേവാലയത്തിന്റെ അകത്തെ പ്രാകാരത്തോട് ഇതിനെ ഉപമിക്കാം. ജറുസലേം ദേവാലയത്തിൽ സ്ത്രീകൾ പുരുഷന്മാരുടെ പിന്നിൽ നിന്നാണ് ആരാധനയിൽ പങ്കെടുത്തിരുന്നത്. കേരളത്തിലെ സുറിയാനി പള്ളികളിലെയും പതിവ് ഇതുതന്നെ ആയിരുന്നു [7]. എന്നാൽ ഈ രീതിക്ക് മാറ്റം വരുത്തിയത് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയാണ്. ഹൈക്കലായിൽ പുരുഷന്മാർ വടക്കുവശത്തും സ്ത്രീകൾ തെക്കു

6. മ്സമ്രോനെ (പാട്ടുകാർ) പദവിയിൽ പെട്ട ശുശ്രൂഷകർ

7. Apostolic Constitution VIII,2

വശത്തും നിൽക്കുന്ന രീതി തിരുമേനി സ്ഥാപിച്ച ബഥനി പള്ളികളിൽ ആദ്യം നടപ്പിൽ വരുത്തുകയും സാവധാനം കേരളത്തിലെ പള്ളികളിലെല്ലാം പ്രചരിക്കുകയും ചെയ്തു.

സുറിയാനിപള്ളികളുടെ ഹൈക്കലായിൽ ഏഴുതിരികളോ പതിമൂന്നുതിരികളോ ഉള്ള ഓടുകൊണ്ടുള്ള തൂക്കുവിളക്കുകൾ സാധാരണമാണ്. വിശ്വാസികൾ നേർച്ചയായി എണ്ണയും തിരിയും കൊണ്ടുവന്ന് പള്ളിയിൽ സമർപ്പിക്കുക പൂർവ്വീകാചാരമാണ്. ക്രിസ്തു തന്റെ 12 ശ്ലീഹന്മാരോടൊപ്പം സെഹിയോൻ മാളികയിൽ പെസഹാ ആചരിച്ചതിനെ അനുസ്മരിപ്പിക്കുന്നതാണ് 13 തിരികൾ. 7 തിരികൾ വിശുദ്ധീകരണ മാർഗങ്ങളായ 7 കൂദാശകളെയും പരിശുദ്ധാത്മാവിന്റെ 7 ദാനങ്ങളെയും ഓർമ്മിപ്പിക്കുന്നു. ക്രിസ്തു ലോകത്തിന്റെ പ്രകാശമാണെന്നും തന്റെ 12 ശ്ലീഹന്മാർ ലോകത്തിന്റെ പ്രകാശമായി വർത്തിച്ചതുപോലെ ആരാധനാസമൂഹത്തിൽപ്പെട്ട വിശ്വാസികളും ലോകത്തിന്റെ ദീപങ്ങളായി രൂപാന്തരപ്പെടണമെന്നും ഉദ്ബോധിപ്പിക്കുകയാണ് ഈ വിളക്ക്.

**4. മോണ്ടളം**

ജറുസലേം ദേവാലയത്തിന്റെ പുറത്തെ പ്രാകാരത്തിനു സമാനമായിട്ടുള്ളതാണ് പുരാതന പള്ളികൾക്കെല്ലാം ഉണ്ടായിരുന്ന മോണ്ടളം. ഇത് പള്ളിയുടെ ഏറ്റവും പടിഞ്ഞാറെ ഭാഗത്താണ്. മാമോദീസാ സ്വീകരിച്ചിട്ടില്ലാത്തവർ, വിശ്വാസം പഠിക്കുന്നവർ, അനുതാപികൾ, ശിക്ഷയിലിരിക്കുന്നവർ എന്നിവർക്ക് യാമനമസ്ക്കാരത്തിലും വചന ശുശ്രൂഷയിലും സംബന്ധിക്കാനുള്ള സ്ഥലമാണ് ഇത്. ആദ്യ കാലത്ത് സെമിത്തേരിയായും ഇത് ഉപയോഗിച്ചിരുന്നു. അതിനാൽ, ആശ്വാസത്തിന്റെ സ്ഥലമെന്നും ഇതിനുപേരുണ്ട്. സ്നാനം സ്വീകരിക്കുന്ന മുതിർന്നവർ വിശ്വാസ പരിശീലനം നടത്തുന്നതും പ്രാർത്ഥിക്കുന്നതും ഇവിടെവച്ചാണ്. അതുകൊണ്ടാണ് ഈ ഭാഗത്തിനു ബെസ്മേത്തർത്യോനെ എന്നു പേരുണ്ടായത്. പള്ളിക്കാര്യങ്ങൾ ആലോചിക്കുന്നതിന് സംഘങ്ങൾ കൂടിയിരുന്നതും മോണ്ടളത്തിൽവച്ചായിരുന്നു.

## രക്ഷയുടെ വിവിധപടികൾ

പള്ളിയുടെ നാലുഭാഗങ്ങൾ രക്ഷയുടെ നാലു പടികളെ സൂചിപ്പിക്കുന്നു. പാപത്തിൽനിന്ന് വിശ്വാസത്താലും മാമോദീസായാലും





നീതീകരണ (Justification) ത്തിലേക്കാണ് ആദ്യത്തെ പടി. മറ്റു കൂദാശകൾവഴി പ്രത്യേകിച്ച് കുമ്പസാരംവഴി നീതീകരണത്തിൽനിന്ന് വിശുദ്ധീകരണ (Sanctification) ത്തിലേക്കു കടക്കുന്നു. വിശുദ്ധിയിൽനിന്ന് ദൈവസ്തുതിപ്പുവഴി മഹത്വീകരണം (Glorification) പ്രാപിക്കുന്നു. വിശുദ്ധകുർബാന സ്വീകരണംവഴി മഹത്വീകരണത്തിൽനിന്ന് ദൈവത്തെ അഭിമുഖമായി ദർശിക്കു (Beatific Vision) ന്നതിലേക്ക് മനുഷ്യൻ വളരുന്നതാണ് രക്ഷ. പാപാവസ്ഥയിൽനിന്ന് ദൈവത്തിന്റെ നീതിയിലേക്ക് വിശ്വാസവും സ്നാനവുംവഴി ജനിക്കുന്നതിനെയാണ് മോണ്ടളം സൂചിപ്പിക്കുന്നത്. വിശ്വാസമാകുന്ന എണ്ണ ലേപനം ചെയ്ത് മാമോദീസായാകുന്ന വിശുദ്ധാത്മ നദിയിൽ കുളിച്ച് അലക്കി വെടിപ്പാക്കിയ അങ്കി ധരിച്ച് രക്ഷയിലേക്കുള്ള തീർത്ഥയാത്ര മോണ്ടളത്തിൽ ആരംഭിക്കുന്നു. നീതീകരണത്തിൽനിന്ന് കുമ്പസാരവും മറ്റു കൂദാശകളുംവഴി വിശുദ്ധീകരണത്തിലേക്കു വളരുന്നതിനെ ഹൈക്കലാ ഓർമ്മിപ്പിക്കുന്നു. യാമപ്രാർത്ഥനയും ദൈവസ്തുതിപ്പുംവഴി ദൈവമഹത്വം ആലപിക്കുന്നതിന് യോഗ്യത നേടണമെന്ന് കെസ്ത്രൂമ്മാ അനുസ്മരിപ്പിക്കുന്നു. മഹത്വത്തിൽനിന്ന് സ്വർഗത്തിൽ ദൈവത്തെ അഭിമുഖമായി ദർശിക്കുന്ന അവസ്ഥയിലേക്കു വളരണമെന്ന് മദ്ബഹാ ആഹ്വാനം ചെയ്യുന്നു. അഭിമുഖ ദർശനമാണ് തീർത്ഥാടകന്റെ ആത്യന്തിക ലക്ഷ്യം.

| | | | |
|---|---|---|---|
| മോണ്ടളം | പ്രപഞ്ചം | വിശ്വാസം<br>മാമോദീസാ | നീതീകരണം |
| ഹൈക്കലാ | ഭൂമി | കൂദാശകൾ<br>കുമ്പസാരം | വിശുദ്ധീകരണം |
| കെസ്ത്രുമാ | ഭൗമിക പറുദീസാ | യാമപ്രാർത്ഥന–<br>ആരാധന | മഹത്വീകരണം |
| മദ്ബഹാ | സ്വർഗ്ഗം | കർത്തൃഭോജനം | അഭിമുഖദർശനം |

# 5

# ദൈവാലയ ക്രമീകരണം

## ത്രോണോസ്: സ്വർഗീയരാജാവ് എഴുന്നെള്ളിയിരിക്കുന്ന സിംഹാസനം

ദൈവാലയത്തിന്റെ കേന്ദ്രസ്ഥാനമാണ് ത്രോണോസ്. ഇതൊരു ഗ്രീക്കു പദമാണ്; സിംഹാസനം എന്നർത്ഥം. കർത്താവ് ഉപവിഷ്ടനായിരിക്കുന്നതായി ഏശയ്യാ പ്രവാചകൻ കണ്ട ഉന്നതമായ സിംഹാസനമാണത് (ഏശ 6:1). സ്വർഗീയരാജാവ് തന്റെ ആരാധനാസമൂഹത്തെ തന്റെ ദിവ്യകൂട്ടായ്മയിലേക്ക് ക്ഷണിക്കുന്ന പീഠമാണ് ത്രോണോസ്. കർത്താവേശുമിശിഹാ നമ്മുടെ രാജാവും, നാം അവിടുത്തെ സ്നേഹഭരണത്തിൽ കഴിയുന്ന പ്രജകളുമാണ്. തന്റെ വാത്സല്യഭാജനങ്ങളായ ആരാധനാസമൂഹത്തെ കണ്ടുസന്തോഷിക്കുവാനും നമ്മുടെ രാജഭക്തിയും സ്നേഹാദരങ്ങളും സ്വീകരിക്കുവാനും നമുക്കു ദർശനമരുളി നമ്മെ അനുഗ്രഹിക്കുവാനും സർവ്വോപരി തന്റെ തിരുശരീരവും രക്തവും നമുക്കു ഭക്ഷണവും പാനീയവുമായി നൽകാനും വേണ്ടി എഴുന്നെള്ളിയിരിക്കുന്ന രാജകീയ സിംഹാസനമാണ് ത്രോണോസ്. അത് ജറുസലേം ദൈവാലയത്തിലെ കൃപാസനത്തെ (ഹെബ്രാ 9:5) സൂചിപ്പിക്കുന്നു. പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്ന ക്രിസ്തുവിന്റെ സ്വർഗീയ സിംഹാസനത്തിന്റെ പ്രതീകമാണ് ത്രോണോസ്. അവിടെയാണ് യഥാർത്ഥത്തിലുള്ള ആരാധന സമർപ്പിക്കപ്പെടുന്നത്. അവിടെ അർപ്പിക്കപ്പെടുന്ന നിത്യബലിയാണ് പള്ളിയിൽ അർപ്പിക്കപ്പെടുക.

> സ്വർഗീയ ജറുസലേമിൽ ആചരിക്കപ്പെടുന്ന ആ ആരാധനക്രമത്തിന്റെ ഒരു മുന്നാസ്വാദനമത്രേ ഈ ഭൗമികമായ ആരാധനക്രമത്തിൽ നമുക്കു കൈവരുന്നത് (ആരാധനക്രമം 8).

കുരിശിൽ തറയ്ക്കപ്പെട്ട യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി ഉയർത്തി (അ.പ്ര 2:36) എന്നതായിരുന്നു ആദിമസഭയുടെ ഉറച്ച വിശ്വാസപ്രഖ്യാപനം. മരിച്ചവനെങ്കിലും ഉത്ഥാനം ചെയ്തവനും ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നു നമുക്കുവേണ്ടി മാധ്യസ്ഥം വഹിക്കുന്നവനുമായ യേശുക്രിസ്തു (റോമ 8:34) വിധി നടത്താൻ മഹത്വത്തോടെ വരാനിരിക്കുന്നു എന്ന് പ്രതീക്ഷിച്ചിരുന്ന ഒരു സമൂഹമാണ് ആദിമ ക്രിസ്ത്യാനികൾ. ഈ അർത്ഥത്തിലാണ് *മാറാനാതാ* (ഞങ്ങളുടെ കർത്താവേ, വന്നാലും) എന്ന് അവർ പ്രാർത്ഥിച്ചത് (1 കോറി 16:22). മനുഷ്യപുത്രൻ തന്റെ രണ്ടാമത്തെ വരവിൽ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും (മത്താ 25:31). വി.കുർബാന നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിന്റെ ഒരു മുന്നനുഭവമാണ്. ഉയിർപ്പു ഞായറാഴ്ചത്തെപ്പോലെ വീണ്ടും സന്നിഹിതനാകാൻ ഉത്ഥാനം ചെയ്ത ക്രിസ്തുവിനോട് വി.കുർബാനയുടെ സമയത്ത് ദൈവജനം പ്രാർത്ഥിക്കുന്നു. മാറാനാതാ എന്ന പ്രാർത്ഥന ആദിമ ക്രിസ്ത്യാനികളുടെ വി. കുർബാനയുടെ ഭാഗമായിരുന്നു[1]. ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ ത്രോണോസ് എന്ന പദം വളരെ അർത്ഥവത്താണ്. നമ്മുടെ വി.കുർബാന തക്സായിലും വി.കുർബാനക്രമത്തിലും ത്രോണോസ് എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ലത്തീൻ റീത്തിൽ ഉപയോഗിക്കുന്ന അൾത്താര എന്ന പദം, ബലിപീഠം എന്നർത്ഥമുള്ള altare എന്ന ലത്തീൻ പദത്തിൽനിന്നാണ്.

## ത്രോണോസ് ഒരു ബലിപീഠമാണ്

ത്രോണോസിന്മേൽ, ബലി എന്നർത്ഥമുള്ള വി. കുർബാന (സുറിയാനി പദം) അർപ്പിക്കപ്പെടുന്നതിനാൽ അത് ബലിപീഠമെന്നും അറിയപ്പെടുന്നു. യേശു ക്രിസ്തു ഗോഗുൽത്തായിൽ അർപ്പിച്ച ബലിയുടെ തുടർച്ചയായി ഇപ്പോഴും സ്വർഗീയ പിതാവിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ട് അർപ്പിക്കുന്ന മദ്ധ്യസ്ഥബലിയാണ് ത്രോണോസിൽ അർപ്പിക്കപ്പെടുന്ന വി.കുർബാന. അതിനാൽ ത്രോണോസ് ഗോഗുൽത്തായിലെ കുരിശിന്റെ സാദൃശ്യമാണ്. ബേത്ലഹേമിലെ പുൽക്കൂട്ടിൽ ആരംഭിച്ച് ഗോഗുൽത്തായിലെ കുരിശിൽ ഒരിക്കലായി അർപ്പിക്കപ്പെട്ടതും സ്വർഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് പൂർത്തീകരിക്കപ്പെടുന്നതുമായ ക്രിസ്തുവിന്റെ നിത്യബലി ഭൂമിയിൽ രക്തം ചിന്താതെ പുനരവതരിക്കപ്പെടുന്നത് ത്രോണോസിലാണ്. തന്റെ ബലിയിൽ നാമും പങ്കുകാരാവാൻ, ഗോഗുൽത്തായിൽ സ്വയം അർപ്പിച്ച ദൈവത്തിന്റെ കുഞ്ഞാട് അതിനെ പിതാവിന്റെ വലത്തുഭാഗത്തെ മദ്ധ്യസ്ഥബലിയോടു സംയോജിപ്പിച്ചുകൊണ്ട് ത്രോണോസിൽ ആഗതനാകുന്നു. ക്രിസ്തുതന്നെയാണ് സ്വയം ബലിയായി ഗോഗുൽത്തായിലും പിതാവിന്റെ വലത്തുഭാഗത്തും ത്രോണോസിലും അർപ്പിക്കപ്പെടുന്നത്.

1 Didache 10,6





## ത്രോണോസ് ജീവന്റെ മേശയാണ്

കർത്താവിന്റെ ശരീരമാകുന്ന ജീവന്റെ അപ്പം മുറിക്കപ്പെടുന്നത് ത്രോണോസാകുന്ന മേശയിലാണ്. അതുകൊണ്ട്, ത്രോണോസ് ജീവന്റെ മേശയെന്നും വിളിക്കപ്പെടുന്നു. ദൈവവും മനുഷ്യനും കർത്താവിന്റെ മേശയിൽ (1 കോറി 10:21) ഒരുക്കപ്പെടുന്ന വിരുന്നാണ് വി.കുർബാന. അത് ഒരേസമയം കൂദാശയും ബലിയും വിരുന്നും ആണെന്നാണ് ത്രോണോസ് സൂചിപ്പിക്കുന്നത്[2].

ത്രോണോസ് നമ്മുടെ കർത്താവിന്റെ ഒഴിഞ്ഞ കല്ലറയുടെ സാദൃശ്യമാണ്. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസു മുതൽ മാർ ദീവന്നാസിയോസ് ബർസലീബി വരെയുള്ള പൗരസ്ത്യ സഭാപിതാക്കന്മാരെല്ലാം ഈ ആശയം വ്യക്തമാക്കിയിട്ടുണ്ട്. ആദാമിന്റെ കല്ലറയ്ക്കുമീതെ നമ്മുടെ കർത്താവിന്റെ കുരിശു നാട്ടപ്പെട്ടതായി പാരമ്പര്യം സാക്ഷിക്കുന്നു. ആദാമിനെ സംസ്കരിക്കുകയും, മൽക്കിസദേക്ക് പൗരോഹിത്യശുശ്രൂഷ നടത്തുകയും, അബ്രഹാം സ്വപുത്രനെ ബലികഴിക്കാൻ ഒരുമ്പെടുകയും ചെയ്ത സ്ഥലത്തുതന്നെ നമ്മുടെ രക്ഷകനായ യേശുതമ്പുരാന്റെ കുരിശുമരം നാട്ടി[3].

2. The Thronos has three meanings in the Malankara Rite. a) It is the Heavenly Throne upon which the king of glory sits, so as to enable us to offer our homage to his majesty. b) It signifies also the Sacrificial Altar on which the Lamb of God immolates himself by perpetuating his unique sacrifice for our salvation.c) It is also the Table of Life on which he allows us to partake of his body and blood. (Notes of Mar Ivanios)

3. ദുഖവെള്ളിയാഴ്ച ഒമ്പതാം മണിയുടെ സെദറാ.

ത്രോണോസ് നമ്മുടെ കർത്താവിനെത്തന്നെ പ്രതിനിധാനം ചെയ്യുന്നു. ഏതൊരു മതത്തിലായാലും യാഗം ആർക്ക് അർപ്പിക്കപ്പെടുന്നുവോ ആ മഹാശക്തിയെയാണ് യാഗപീഠം സൂചിപ്പിക്കുന്നത്. ക്രിസ്തുവിൽ, മനുഷ്യസ്വഭാവം ദൈവസ്വഭാവത്തോടു യോജിച്ചിരിക്കുന്നതിനാൽ, ബലി കഴിക്കാൻ മറ്റൊരു ബലിപീഠം ആവശ്യമില്ല. ക്രിസ്തു ഒരേസമയം മഹാപുരോഹിതനും ബലിവസ്തുവും ബലിപീഠവുമാണ്[4]. മനുഷ്യരായ നമുക്ക് ഒരു ദൃശ്യബലിപീഠം കൂടിയേതീരു. എങ്കിലും, നമ്മുടെ ബലിയും ക്രിസ്തുവിന്റെ ബലിതന്നെ ആകയാൽ, നമ്മുടെ ദൃശ്യബലിപീഠമായ ത്രോണോസ് ക്രിസ്തുവിന്റെ ബലിയുടെ സജീവ പീഠമായ ക്രിസ്തുവിനെത്തന്നെ സൂചിപ്പിക്കുന്നു. ഗോഗുൽത്തായെയും സ്വർഗത്തെയും കൂട്ടിയിണക്കുന്നതാണ് വി.കുർബാന. അതിനാൽ വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥലം സിംഹാസനവും ബലിപീഠവുമാണ്.

## തബ്ലീത്താ - ഏദൻതോട്ടത്തിലെ ജീവവൃക്ഷം

ഇത് ചെറിയ ത്രോണോസ് എന്നും അറിയപ്പെടുന്നു. ത്രോണോസിന്റെ മദ്ധ്യത്തിൽ പടിഞ്ഞാറെ അരിക്ചേർത്ത് കിഴക്കുപടിഞ്ഞാറായി വയ്ക്കുന്ന വി.മൂറോൻ പൂശിയ ദീർഘചതുരാകൃതിയിലുള്ള ചെറിയ പലകയാണ് തബ്ലീത്താ. കാസാ പീലാസാ എന്നിവ വി.കുർബാനയ്ക്കായി ക്രമീകരിക്കുന്നത് തബ്ലീത്തായിലാണ്. വി.മൂറോൻകൊണ്ട് അഭിഷേകം ചെയ്ത ത്രോണോസിന്മേൽ തബ്ലീത്താ വയ്ക്കേണ്ട ആവശ്യമില്ല. പേർഷ്യയിൽ സാപ്പോർ രാജാവിന്റെ (340-380) മതപീഡനം ഉണ്ടായപ്പോഴാണ് തബ്ലീത്തായുടെ ഉപയോഗം പ്രചാരത്തിൽ വന്നത്. പള്ളികൾ ഇല്ലാത്ത സ്ഥലങ്ങളിലും മൂറോൻ കൂദാശ ചെയ്യപ്പെട്ട ത്രോണോസ് ഇല്ലെങ്കിലും അത്യാവശ്യമെങ്കിൽ തബ്ലീത്താമേൽ വി.കുർബാന അർപ്പിക്കാവുന്നതാണ്[5]. തബ്ലീത്തായും ഇല്ലാതെവന്നാൽ ഏവൻഗേലിയോൻ പുസ്തകമോ ഏവൻഗേലിയോൻ താളോ വച്ച് അതിന്മേൽ വി.കുർബാന അർപ്പിക്കാമെന്ന് ഹൂദായ കാനോൻ പറയുന്നു (1,6).

തബ്ലീത്താ രക്ഷാകരമായ കുരിശിനെ സൂചിപ്പിക്കുന്നു. ഏദൻതോട്ടത്തിലെ ജീവവൃക്ഷത്തെയും അത് ദൃഷ്ടാന്തീകരിക്കുന്നു.

4. Christ is the altar, the offering and the priest. (St.Cyril of Alexandria P.G 68,596).

5. ഹൂദായ കാനോൻ 1,6





കർത്താവിന്റെ തിരുശരീരരക്തങ്ങൾ അതിൽ നിന്നുള്ള ഫലങ്ങളാണ്. തബ്ലീത്തായുടെ ഒരു വശത്ത് മൂറോൻ പൂശിയാണ് കൂദാശ ചെയ്യുന്നത്. മറുവശത്ത് കൂദാശ ചെയ്ത മെത്രാന്റെ പേരും കൂദാശ ചെയ്ത തീയതിയും കുരിശാകൃതിയിൽ സുറിയാനിയിൽ എഴുതിയിരിക്കും. മൂറോൻ പൂശിയ ഭാഗം മുകൾവശത്തായിരിക്കത്തക്കവണ്ണമാണ് തബ്ലീത്താ ത്രോണോസിൽ വയ്ക്കുന്നത്[6].

## ചിത്തോല

ത്രോണോസിനെ അലങ്കരിക്കുന്ന പട്ടുവസ്ത്രമാണ് ചിത്തോല. സിംഹാസനത്തിലിരിക്കുന്ന ദൈവത്തിന്റെ മഹത്വത്തെ ചിത്തോല സൂചിപ്പിക്കുന്നു. ഏകനായ ദൈവം ത്രിത്വമായി അറിയപ്പെടുന്നതുകൊണ്ടാണ് അത് മൂന്നു ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നത്. മൂന്നു ഖണ്ഡങ്ങളിലെയും ഒരേനിറം ത്രിത്വത്തിലെ മൂന്ന് ആളുകളും സാരാംശത്തിൽ സമന്മാരാണെന്നു കാണിക്കുന്നു. കുരിശുള്ള നടുവിലത്തെ ഖണ്ഡം ദൈവപുത്രനെയും ഇടതുവശത്തുള്ളത് പിതാവിനെയും വലത്തുവശത്തുള്ളത് പരിശുദ്ധ റൂഹായെയും സൂചിപ്പിക്കുന്നു. ചിത്തോല മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ ത്രിത്വത്തിലുള്ള നിത്യമായ അസ്തിത്വത്തെ സൂചിപ്പിക്കുന്നു. നമ്മുടെ കർത്താവിന്റെ പാരത്രിക ജീവിതംകൂടി നമ്മെ ഓർമ്മിപ്പിക്കുന്ന ശുശ്രൂഷയാണ് വി.കുർബാനയെന്ന് ചിത്തോല വെളിപ്പെടുത്തുന്നു.

ചിത്തോല യേശുക്രിസ്തു ധരിച്ചിരുന്ന തുന്നലില്ലാതെ മുകൾമുതൽ അടിവരെ നെയ്തുണ്ടാക്കിയ അങ്കിയെ (യോഹ 19:23) സൂചിപ്പിക്കുന്നു. ക്രൂശാരോഹണസമയത്ത് ആ അങ്കി ഉരിഞ്ഞുമാറ്റിയതിനെ കാണിക്കാൻ, ദുഖവെള്ളിയാഴ്ച ത്രോണോസിൽനിന്ന് ചിത്തോല അഴിച്ചുമാറ്റുന്നുണ്ട്. കബറടക്കസമയത്ത് കർത്താവിന്റെ ശരീരം പൊതിഞ്ഞ മേൽത്തരം പട്ടുശീലയെയും (യോഹ 19:40) അത് സൂചിപ്പിക്കുന്നു.

സാധാരണയായി ചിത്തോലയിലെ മൂന്നു ഖണ്ഡങ്ങൾ ചുവപ്പുനിറത്തിലും, അരുക് പച്ചനിറത്തിലും, കുരിശും മറ്റ് അലങ്കാരപ്പണികളും മഞ്ഞനിറത്തിലുമായിരിക്കും. പ്രപഞ്ചസൃഷ്ടിയിലൂടെ സ്വയം വെളിപ്പെടുത്തിയ സ്രഷ്ടാവിന്റെ അടയാളമാണ് ചുവപ്പുനിറം. ദൈവപുത്രന്റെ യാഗാർപ്പണത്തെയും (ഏശ 63:2) അത് സൂചിപ്പിക്കുന്നു. പച്ച

6. തൂക്കാസ പേജ് 37 നമ്പർ 9

നിറം ഭൂമിയെയും പ്രത്യാശയുള്ള മനുഷ്യനെയും സൂചിപ്പിക്കുന്നു. മഞ്ഞ നിറം ദൈവമഹത്വത്തിന്റെയും സ്വർഗീയ സൗഭാഗ്യത്തിന്റെയും അട യാളമാണ്. ചിത്തോലയിലെ മൂന്നുനിറങ്ങൾ സഭയിലെ അംഗങ്ങൾ വിശ്വാസം, ശരണം, സ്നേഹം എന്നീ പുണ്യങ്ങളാൽ അലംകൃതരാ യിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. മാത്രമല്ല, അവരുടെ ആത്മീയജീവിത വളർച്ചയിലെ മൂന്നു ഘട്ടങ്ങളെയും അവ സൂചിപ്പി ക്കുന്നു. ചുവപ്പ് നീതീകരണത്തെയും പച്ച ശുദ്ധീകരണത്തെയും മഞ്ഞ മഹത്വീകരണത്തെയും കാണിക്കുന്നു. അതുകൊണ്ട് ദൈവാരാധ നയ്ക്കു വരുന്ന വിശ്വാസി അനുതപിച്ച് നീതീകരണത്തിൽനിന്ന് ശുദ്ധീ കരണത്തിലേക്കും മഹത്വീകരണത്തിലേക്കും ക്രമേണ വളരേണ്ടതാ ണെന്ന് ചിത്തോല നമ്മോട് വിളിച്ചുപറയുന്നു.

## സ്ലീബാ - രാജാവായ ക്രിസ്തുവിന്റെ വിജയപതാക

സ്ലീബാ എന്ന സുറിയാനി പദത്തിന്റെ അർത്ഥം കുരിശിക്കപ്പെ ട്ടവൻ എന്നാണ്. നമ്മുടെ വിശ്വാസത്തിന്റെ മർമ്മം മുഴുവൻ ആ പദ ത്തിൽ അന്തർഭവിച്ചിരിക്കുന്നു. കുരിശ് നമ്മുടെ കർത്താവിന്റെ പീഡാ നുഭവത്തിന്റെയും കുരിശുമരണത്തിന്റെയും മാത്രം അടയാളമല്ല. അവി ടുത്തെ പുനരുത്ഥാനത്തിന്റെയും അതുമൂലം നമുക്കു ലഭിച്ച നിത്യജീ വന്റെയും പ്രതീകംകൂടിയാണ്. അതുകൊണ്ടാണ് തൂങ്ങപ്പെട്ട രൂപമി ല്ലാത്ത പുനരുത്ഥാന സ്ലീബാ (Easter Cross) മലങ്കരസുറിയാനി സഭ ഉപയോഗിക്കുന്നത്. ഈ കുരിശ് മഹിമപ്രതാപവാനായ രാജാവിന്റെ വിജയപതാകയാണ്. വെള്ളിക്കുരിശും സ്വർണ്ണക്കുരിശും മലങ്കരസഭ ഉപയോഗിക്കുന്നത് ഈ അർത്ഥത്തിലാണ്. സ്ലീബാ രക്ഷയുടെയും സമാ ധാനത്തിന്റെയും അടയാളമാണ്. അത് ശത്രുവിനെതിരെ തോൽക്കാത്ത ആയുധവുമാണ്.

ശുഭ ചിഹ്നം താ-ൻ സ്ലീബാ
വിജയക്കൊടി താ-ൻ സ്ലീബാ
നമ്മെ രക്ഷി-ച്ചീടും
സ്ലീബായിൽ പുകഴു-ന്നു നാം.

മരണത്തിന്മേലുള്ള ജീവന്റെ വിജയത്തെ സ്ലീബാ സൂചിപ്പിക്കു ന്നതുകൊണ്ട് പ്രകാശത്തിന്റെ കുരിശ് എന്ന് സഭ അതിനെ പ്രകീർത്തി ക്കുന്നു. ഇതു സൂചിപ്പിക്കുവാനാണ് ത്രോണോസിന്റെ മദ്ധ്യത്തിലുള്ള കുരിശിന്റെ മുമ്പിൽ എപ്പോഴും ഒരു മെഴുകുതിരി കൊളുത്തിവയ്ക്കു





ന്നത്. മേലെഴുത്ത് പലകയോടുകൂടിയ മലങ്കര കുരിശാണ് മലങ്കരസ ഭയിൽ ഉപയോഗിക്കുന്നത്. അത് നമ്മുടെ കർത്താവിന്റെ സാക്ഷാൽ യാഗപീഠമാണ്. ഈ കുരിശ് സ്വർഗീയ മഹാപുരോഹിതനായ ക്രിസ്തു വിനെയും രക്തരഹിതമായി വി.കുർബാനയിൽ അർപ്പിക്കപ്പെടുന്ന അവി ടുത്തെ നിത്യബലിയെയും ഓർമ്മിപ്പിക്കുന്നു. വിശ്വാസിക്ക് സഹന ത്തിലൂടെ വിജയം പ്രാപിക്കാമെന്നും ശത്രുവായ ദുഷ്ടനെ തോൽപ്പി ക്കാൻ സാധിക്കുമെന്നും കുരിശ് പഠിപ്പിക്കുന്നു.

## പ്രകാശത്തിൽ നിന്നുള്ള പ്രകാശം

വേദപുസ്തകപമായും ദൈവശാസ്ത്രപരമായും പ്രകാശത്തിന് ആരാധനയിൽ വലിയ സ്ഥാനമുണ്ട്. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ് (ഹെബ്രാ 12:29; നിയമാ 4:24). ലോകത്തിന്റെ പ്രകാശ മാണ് ക്രിസ്തു (യോഹ 1:9). ഈ വെളിച്ചത്തിലാണ് നമ്മൾ വെളിച്ചം കാണുന്നത്. വെളിവുനിറഞ്ഞോരീശൊ നിൻ വെളിവാൽ കാണുന്നു (സങ്കീ 36:9) ദൈവസാന്നിദ്ധ്യത്തെ (അ.പ്ര 9:3; 22:6; 2 കോരി 11:14; 1 യോഹ 1:5) കാണിക്കാനാണ് ദൈവാലയത്തിൽ മെഴുകുതിരി കത്തി ക്കുന്നത്. സമാഗമകൂടാരത്തിലെ തങ്ക വിളക്കിൽ ഏഴുതിരികൾ കത്തിയിരുന്നു (പുറ 37:23; സംഖ്യ 8:2; സഖ 4:2; വെളി 1:12; 4:5). ജറു സലേം ദൈവാലയത്തിൽ ഏഴുതിരികളുള്ള വിളക്ക് കത്തിക്കൊണ്ടിരു ന്നു.

അപ്രാപ്യമായ പ്രകാശത്തിൽ വസിക്കുന്ന (1 തിമോ 6:16) പിതാവ് ആദ്യത്തെ പ്രകാശമാണ് (സങ്കീ 27:1; ഏശ 60:19). കുരിശിന്റെ മുമ്പിലുള്ള തിരി പിതാവായ ദൈവത്തിന്റെ പ്രതീകമാണ്. പുത്രൻ പ്രകാശത്തിൽ നിന്നുള്ള പ്രകാശമാണെന്ന് സൂചിപ്പിക്കാനാണ് കുരി ശിന്റെമുമ്പിലുള്ള തിരിയിൽ നിന്നു കത്തിച്ച് വടക്കുവശത്തെ തിരി കത്തിക്കുന്നത്. അതുപോലെ, പിതാവിൽനിന്നു പുറപ്പെട്ട് പുത്രനിൽ നിന്നു സ്വീകരിക്കുന്ന പരിശുദ്ധ റൂഹാ മൂന്നാമത്തെ പ്രകാശമാണ് [7]. അതിന്റെ അടയാളമായിട്ടാണ് കുരിശിന്റെ മുമ്പിലുള്ള തിരിയിൽ നിന്നു കത്തിച്ച് വടക്കുവശത്തെ തിരി കത്തിച്ചതിനുശേഷം തെക്കുവശത്തെ തിരി കത്തിക്കുന്നത്. ഒറ്റസംഖ്യ അനുസരിച്ചാണ് (3,7,13 എന്ന ക്രമ ത്തിൽ) തിരികൾ കത്തിക്കുന്നത്. ത്രോണോസിൽ എണ്ണത്തിരികൾ ഉപ യോഗിക്കരുത്.

7. പെന്തിക്കൊസ്തിയുടെ ശുശ്രൂഷ - പ്രുമിയോൻ

ക്രിസ്തു പ്രകാശമായി ലോകത്തിലേക്കു വന്നത് മനുഷ്യനെ പാപാന്ധകാരത്തിൽ നിന്നു മോചിപ്പിക്കാനാണ്. ആ പ്രകാശം സ്വീകരിച്ച ഓരോ ക്രിസ്ത്യാനിയും ലോകത്തിന്റെ വെളിച്ചമായിരിക്കണമെന്നും വെളിച്ചത്തിന്റെ മക്കളെപ്പോലെ ജീവിക്കണമെന്നും (മത്താ 5:14 –16; യോഹ 8:12; എഫേ 5:8) മെഴുകുതിരി വിളിച്ചുപറയുന്നു. പ്രകാശത്തിന്റെ ഫലം സകല നന്മയിലും, നീതിയിലും സത്യത്തിലുമാണ് പ്രത്യക്ഷപ്പെടുന്നത് (എഫേ 5:9). തിരി കത്തിക്കുമ്പോൾ പാടുന്ന ഗീതവും (വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ) ഇതുതന്നെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. ദുഷ്ചിന്തകൾ (പാപചിന്തകൾ) നീക്കി, അതായത് അന്ധകാരത്തിന്റെ ചിന്തകളും പ്രവൃത്തികളും മാറ്റി, സത്ക്രിയകൾക്ക് അതായത് പ്രകാശത്തിന്റെ ചിന്തകൾക്കും പ്രവൃത്തികൾക്കും ഇടയാക്കണമെന്ന് നാം പ്രാർത്ഥിക്കുന്നു. വീടുകളിൽ വിളക്കുകത്തിക്കുമ്പോഴും, പ്രാർത്ഥനയ്ക്കു തിരികത്തിക്കുമ്പോഴും പള്ളിയിലെ തൂക്കുവിളക്കു എണ്ണയൊഴിച്ച് കത്തിക്കുമ്പോഴുമൊക്കെ ഈ ഗീതം താണസ്വരത്തിൽ പാടുന്നതാണ് മലങ്കര പാരമ്പര്യമാണ്. രാത്രിയിലും പകലും സൽപ്രവൃത്തികളാൽ വിളക്കുപോലെ ശോഭിക്കുന്നതിന് ഇടയാക്കണമെന്ന് പ്രാർത്ഥിച്ച് നമ്മെത്തന്നെ ദൈവാരാധനയ്ക്ക് ഒരുക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം.

വിവിധ തരത്തിലുള്ള പൂക്കളിൽനിന്ന് തേനീച്ചകൾ സംഭരിച്ച നിർമ്മലമായ പൊൻമെഴുകു കൊണ്ടുള്ള തിരികളാണ് ത്രോണോസിൽ ഉപയോഗിക്കുന്നത്. മനുഷ്യവംശത്തിനുവേണ്ടി തന്നെത്തന്നെ ബലിയർപ്പിച്ച ക്രിസ്തുവിന്റെ പ്രകാശത്തിലേക്കു തിരിയണമെന്നും ദൈവാരാധന മനുഷ്യനെ പ്രകാശിപ്പിക്കുന്നതാണെന്നും മെഴുകുതിരി സൂചിപ്പിക്കുന്നു. നമ്മുടെ ഹൃദയം മെഴുകുപോലെ ഉരുകുന്നതായിരിക്കണമെന്നും, വിശ്വാസത്താലും അനുതാപത്താലും ദൈവസ്നേഹത്താലും കത്തിയെരിഞ്ഞ് ലൗകികത വെടിഞ്ഞ് ക്രിസ്തുവിൽ ലയിക്കണമെന്നും അതു പഠിപ്പിക്കുന്നു. വിശ്വാസി പരോപകാരാർത്ഥം ത്യാഗം സഹിക്കേണ്ടവനാണെന്നും മെഴുകുതിരി ഓർമ്മിപ്പിക്കുന്നു.

കത്തിച്ച തിരിയുടെ ഉപയോഗത്തിനു സാമൂഹ്യമായ ഒരു പശ്ചാത്തലവും ഉണ്ട്. ബഹുമാന്യരായ വ്യക്തികളെ എതിരേൽക്കുമ്പോൾ ദീപം ഒരു അവശ്യഘടകമാണ്. ഭാരതീയ സംസ്ക്കാരം (താലപ്പൊലി) ഇത് വ്യക്തമാക്കുന്നു. രാജാധിരാജാവായ ക്രിസ്തുവിനെ സ്വീക





രിക്കാൻ കത്തിച്ച മെഴുകുതിരികൾ പിടിക്കുന്നത് തികച്ചും യുക്തമാണ്.

## ദൈവാലയത്തിലെ തിരശ്ശീല

കുരിശിൽ നുറുക്കപ്പെട്ട യേശുക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രതിരൂപമാണ് ദൈവാലയത്തിലെ തിരശ്ശീല. ഗോഗുൽത്തായിലെ കുരിശിൽ ബലിയർപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ തകർന്ന ശരീരത്തെ മറ സൂചിപ്പിക്കുന്നു. തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നുതന്നിരിക്കുന്നു (ഹെബ്രാ 10:20). ദൈവസന്നിധിയിലേക്കു നമ്മൾ പ്രവേശിക്കുന്നത് യേശുവിന്റെ ശരീരമാകുന്ന മറയിലൂടെയാണ്. യേശുവിന്റെ ശരീരം അവിടുത്തെ ദൈവത്വത്തെ മറച്ചുവച്ചു. കുരിശിൽ അവിടുത്തെ ശരീരം മുറിക്കപ്പെട്ടപ്പോഴാണ് മനുഷ്യർ യഥാർത്ഥത്തിൽ ദൈവത്തെ കണ്ടത്. ദൈവസ്നേഹത്തിന്റെ പൂർണ്ണത മനുഷ്യൻ ദർശിച്ചത് ക്രിസ്തുവിന്റെ ശരീരമാകുന്ന മറ തകർന്നപ്പോഴാണ്. അതുവഴി ക്രിസ്തു നമുക്കുവേണ്ടി ദൈവത്തിങ്കലേക്ക് സജീവമായ പാത വെട്ടിയൊരുക്കി.

ദൈവത്തിനും മനുഷ്യനും മദ്ധ്യേനിന്ന് (1 തിമോ 2:5) പൗരോഹിത്യ മാദ്ധ്യസ്ഥം വഹിക്കുന്ന മിശിഹായെയാണ് ഈ മറ സൂചിപ്പിക്കുന്നത്. നമുക്കു ദൈവസന്നിധിയിലേക്കുള്ള സാമിപ്യത്തെ (എഫേ 2:18) അനുവദിക്കുന്ന വാതിൽ (യോഹ 10:7,9; 14:6) കുരിശിൽ സ്വയം ബലിയായിത്തീർന്ന (ഹെബ്രാ 9:14) ക്രിസ്തുവാണെന്ന് തൂങ്ങിക്കിടക്കുന്ന മറ വിളിച്ചുപറയുന്നു. തിരശ്ശീല ദൈവവും മനുഷ്യനും തമ്മിലുള്ള രഹസ്യാത്മക ബന്ധത്തെ സൂചിപ്പിക്കുന്നു. ക്രിസ്തു തന്റെ ശരീരത്തിൽ ദൈവികരഹസ്യത്തെ മറച്ചുവയ്ക്കുകയും വെളിപ്പെടുത്തുകയും ചെയ്തതുപോലെ തിരശ്ശീല വി.കുർബാനയുടെ രഹസ്യത്തെ മറച്ചുവയ്ക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു.

ന്യായപ്രമാണപ്രകാരം വിശുദ്ധസ്ഥലവും മഹാവിശുദ്ധസ്ഥലവും വേർതിരിച്ചു കാണിക്കുന്നതായിരുന്നു തിരശ്ശീല (പുറ 26:31–37; 2 ദിനവൃ 3:14; ലേവ്യ 16:2; ഹെബ്രാ 9:3). തിരശ്ശീലയ്ക്കപ്പുറത്ത് മഹാപുരോഹിതനായ ക്രിസ്തു മനുഷ്യവർഗ്ഗത്തിനുവേണ്ടി മദ്ധ്യസ്ഥബലി നിർവ്വഹിക്കുന്നതുപോലെ (ഹെബ്രാ 4:14; 10:24) തിരശ്ശീലയ്ക്കപ്പുറത്ത് മദ്ബഹായിൽ തിരുസഭയിലെ വൈദികർ വിശ്വാസികൾക്കുവേണ്ടി മദ്ധ്യ

സ്ഥപ്രാർത്ഥന നടത്തുന്നു. ദൈവജനം ഭൂമിയെ സൂചിപ്പിക്കുന്ന ഹൈക്കലായിലും ക്രിസ്തുവിന്റെ സ്ഥാനപതികളായ ആചാര്യന്മാർ തിരശ്ശീലയ്ക്കുള്ളിൽ സ്വർഗത്തെ സൂചിപ്പിക്കുന്ന മദ്ബഹായിലും നിന്നുകൊണ്ട് ദൈവാരാധന നടത്തുന്നു. തിരശ്ശീലയ്ക്കുള്ളിൽ നിന്നു കൊണ്ട് പുരോഹിതൻ സ്വർഗവാസികളെ ക്ഷണിച്ചുവരുത്തുന്നു. പിന്നീട് മറനീക്കി ഭൂവാസികളെ അവരോട് ഒന്നിച്ചുചേർത്ത് ഇരുകൂട്ട രുംകൂടി ദൈവാരാധന നടത്തുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഹൈക്കലായിൽ നിൽക്കുന്ന ആരാധകരായ ഭൂവാസികളെ വി. കുർബാ നയാകുന്ന ദിവ്യാരാധനയിലൂടെ സ്വർഗ്ഗവാസികളാക്കുന്നു.

അരൂപിയായ ദൈവം നമ്മുടെ ദൃശ്യനേത്രങ്ങൾക്ക് അദൃശ്യനാ ണ്. വിശ്വാസക്കണ്ണാൽ മാത്രം നാം ദൈവത്തെ കാണുന്നു. ദൈവ ത്തിന്റെ നിത്യമായ ആസ്തിക്യത്തെയും അദൃശ്യാവസ്തയെയും സൂചി പ്പിക്കുന്ന പ്രതിരൂപമാണ് തിരശ്ശീല. പാപാന്ധകാരമാകുന്ന നമ്മുടെ പുറംമൂടി ദൈവം നീക്കാതിരുന്നാൽ, ദൈവികരഹസ്യങ്ങൾ മൂടപ്പെ ട്ടുതന്നെ കിടക്കുമെന്ന് തിരശ്ശീല സൂചിപ്പിക്കുന്നു. ആദാമ്യപാപം നിമിത്തം മനുഷ്യജാതി പറുദീസായിൽനിന്ന് പുറത്താക്കപ്പെട്ടു (ഉൽപ 3:23). ഈ പുറത്താക്കലിനെയും മറ അനുസ്മരിപ്പിക്കുന്നു. വിശുദ്ധി തന്നെയായ ദൈവത്തെ സമീപിക്കുന്ന എല്ലാവരും നീതീകരണം പ്രാപിച്ച് വിശുദ്ധിയുള്ളവരാകണമെന്ന് മറ ഓർമ്മിപ്പിക്കുന്നു.

സ്വർഗീയ യാഥാർത്ഥ്യങ്ങളുടെ സ്വഭാവം നമ്മിൽ നിന്ന് മറഞ്ഞി രിക്കുന്നു. സഭയുടെ ആരാധനാനുഭവത്തിലൂടെയാണ് അത് നമുക്കു വെളിപ്പെടുത്തപ്പെടുന്നത്. ആരാധനയുടെ ഈ പ്രത്യേക സ്വഭാവത്തെ മറ നമുക്കു അനുഭവവേദ്യമാക്കുന്നു. രണ്ടുതരത്തിലുള്ള സമയമുണ്ട്: സമാന്തരമായ (horizontal) സമയവും ലംബമാനമായ (vertical) സമ യവും. ഒന്നിനു പിറകെ ഒന്നായി ക്രമാനുഗതമായ സംഭവങ്ങളുടെ ഒരു നിരയാണ് നാം സാധാരണയായി അറിയുന്ന സമയം. അതാണ് സമാ ന്തരമായ സമയം. ലംബമാനമായ സമയത്തിന് മുമ്പും പിമ്പുമില്ല. അത് ദൈവത്തിന്റെ സമയമാണ്. ദൈവത്തിന് നിത്യമായ ഇപ്പോൾ (permanent now) മാത്രമേയുള്ളു. ഈ അർത്ഥത്തിലാണ് വി.പത്രോസ്ശ്ലീഹാ ലേഖനത്തിൽ പറയുന്നത്: കർത്താവിന്റെ മുമ്പിൽ ഒരു ദിവസം ആയിരം വർഷങ്ങൾ പോലെയും ആയിരം വർഷങ്ങൾ ഒരുദിവസം പോലെയു മാണ് എന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത് (2 പത്രോ 3:8; സങ്കീ 90:4). ഇതിനെയാണ് ലംബമാനമായ സമയമെന്നു പറയുന്നത്. രണ്ടു തരത്തിലുള്ള ഈ സമയങ്ങൾ സംഗമിക്കുന്ന ബിന്ദുവാണ് ആരാധന





യുടെ സമയം. പള്ളിയിലെ മറ സമയത്തിന്റെ ആരാധനക്രമപരമായ മാനത്തിന്റെ പ്രതീകമാണ്. മറ മാറ്റപ്പെടുമ്പോൾ ചരിത്രത്തിന്റെ കവാ ടങ്ങൾ അടയ്ക്കപ്പെടുകയും സ്വർഗീയകവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യുന്നു.

## ഏവൻഗേലിയോൻ പീഠം-വചനമേശ

വിശ്വാസികൾക്ക് രണ്ടുതരം ആത്മീക ഭക്ഷണമാണ് പള്ളിയിൽ നിന്ന് ലഭിക്കുന്നത്: നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങളും ദൈവത്തിന്റെ തിരുവചനവും. ആദ്യത്തേത് ത്രോണോസിൽനിന്ന് ലഭി ക്കുന്നു. രണ്ടാമത്തേത് ലഭിക്കുന്നത് ഏവൻഗേലിയോൻ മേശയിൽനി ന്നാണ്. ഇവ രണ്ടും നമ്മുടെ ആത്മീകജീവിതത്തിൽ ഒരുപോലെ അത്യാവശ്യമാണ്. രണ്ടിനെയും സഭ ഒരുപോലെയാണ് കരുതു ന്നത്.നമ്മുടെ കർത്താവിന്റെ തിരുശരീരത്തെ വണങ്ങുന്നതുപോലെ യാണ് വി.ഗ്രന്ഥത്തെയും സഭ വണങ്ങിപ്പോന്നിട്ടുള്ളത്[8]. ത്രോണോ സിനെ പട്ടുതുണി (ചിത്തോല) കൊണ്ട് അലങ്കരിക്കുന്നതുപോലെ ഏവൻഗേലിയോൻ മേശയും അതുപോലെ അലങ്കരിക്കുന്നതും അതു കൊണ്ടുതന്നെയാണ്. മദ്ബഹാവാതിൽക്കൽ കെസ്ത്രൂമായിൽ ബീമ്മാ എന്ന ഒരു ഉയർന്ന പീഠത്തിൽവച്ചായിരുന്നു മുൻ കാലങ്ങളിൽ വചന ശുശ്രൂഷ നടത്തിയിരുന്നത്. ക്രിസ്തുവിന്റെ ശരീരത്തിലെ വായയുടെ പ്രതീകമായിരുന്നു അത്. ഇപ്പോഴത്തെ നമസ്ക്കാരമേശ ബീമ്മായുടെ സ്ഥാനം നമ്മെ ഓർമ്മിപ്പിക്കുന്നു. നമസ്ക്കാരമേശയിൽ വേദപുസ്തകം പട്ടുതുണിയിൽ പൊതിഞ്ഞ് വച്ചിരിക്കും. പള്ളിയിൽ കയറുന്നവരെല്ലാം തീർത്ഥാടകപ്രാർത്ഥനകൾ ചൊല്ലിയശേഷം നമസ്ക്കാരമേശയിലിരി ക്കുന്ന വി.ഗ്രന്ഥം ചുംബിക്കുന്ന പതിവുണ്ട്. പശ്ചാത്തപിച്ച് തിരിച്ചെ ത്തിയ ധൂർത്തപുത്രനെ സ്നേഹനിധിയായ പിതാവ് ആലിംഗനം ചെയ്തു സ്വീകരിച്ചതിനെ ഇത് അനുസ്മരിപ്പിക്കുന്നു.

ബൈബിൾ ദൈവവചനമാകുന്ന പ്രകാശമത്രേ. നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും എന്റെ ഊടുവഴികൾക്കു പ്രകാശവും ആകുന്നു (സങ്കീ 119:105). വാഗ്ദത്ത നാടായ കാനാനിലേക്ക് ഇസ്രാ യേൽക്കാരെ വഴി നടത്തിയ ദീപസ്തംഭംപോലെ ദൈവവചനം സ്വർഗീയ കാനാനിലേക്കുള്ള തീർത്ഥയാത്രയിൽ നമ്മുടെ കാലിനു ദീപമായിരിക്കണം. ദൈവവചന പ്രകാശത്തിൽ നമ്മുടെ ഹൃദയം പ്രകാ ശിച്ചിരിക്കത്തക്കവണ്ണം വേദപുസ്തക വചനം നാം കേൾക്കുകയും

8. രണ്ടാം വത്തിക്കാൻ കൗൺസിൽ, ദൈവാവിഷ്ക്കരണം 21

വായിക്കുകയും വേണം. അതുവഴി നമ്മുടെ ഹൃദയം ജ്വലിക്കണം (ലൂക്കോ 24:32). ദൈവാലയത്തിലെ തിരുവചന വായന ബലിയർപ്പണം ശരിയായി നിർവ്വഹിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. ദൈവവചനം കർത്താവിന്റെ തിരുശരീരരക്തങ്ങളിലേക്കു നമ്മെ നയിക്കുന്നു. അതുപോലെ തിരുശരീരരക്തങ്ങൾ ദൈവവചനധ്യാനത്തിലേക്കും നയിക്കേണ്ടതാണ്.

ഏവൻഗേലിയോൻ മേശ സാധാരണയായി ത്രോണോസിന്റെ തെക്കുവശത്ത് വയ്ക്കുകയാണ് പതിവ്. വൈദികനോ ശുശ്രൂഷകനോ മദ്ബഹായിൽ പ്രവേശിക്കുന്നത് തെക്കുവശത്തുകൂടിയാണ്. ഏവൻഗേലിയോൻ മേശയിലിരിക്കുന്ന വേദപുസ്തകം മുത്തിയശേഷമേ ത്രോണോസ് മുത്താവൂ. അതുകൊണ്ട് ഏവൻഗേലിയോൻ മേശ തെക്കുവശത്തു വയ്ക്കുന്നതാണ് നല്ലത്. ചിലസ്ഥലങ്ങളിൽ, ധൂപം വീശുന്ന സൗകര്യത്തെപ്രതി ഏവൻ ഗേലിയോൻമേശ വടക്കുവശത്തു വയ്ക്കുന്ന പതിവുമുണ്ട്.

## കുമ്പസാരക്കൂട്-ഗോഗുൽത്താക്കുരിശിൻ ചുവട്ടിൽ

ദൈവാലയത്തിൽ കുമ്പസാരം കേൾക്കുന്നതിനുള്ള സ്ഥലം നമ്മുടെ കർത്താവിന്റെ കാതുകളുടെ സ്ഥാനത്താണ്. അനുതാപിയുടെ ഏറ്റുപറച്ചിൽ കേൾക്കുന്നതും പാപമോചനം പ്രഖ്യാപിക്കുന്നതും ക്രിസ്തുവാണ്. ഒരു ഉപകരണം മാത്രമാണ് വൈദികൻ. അതിനാൽ ക്രിസ്തുവിന്റെ ചെവിയുടെയും വായുടെയും അടുത്തസ്ഥാനത്താണ് കുമ്പസാര കൂദാശ പരികർമ്മം ചെയ്യേണ്ടത് - അതായത് കെസ്ത്രൂമായിൽ നമസ്ക്കാര മേശയ്ക്ക് ഇരുവശങ്ങളിലായി മദ്ബഹാ വാതിലിനോടു ചേർന്ന സ്ഥലം. ഹാശാ ആഴ്ചയിൽ ഗോഗുൽത്താ സ്ഥാപിക്കപ്പെടുന്നതും ഇതിനോടടുത്താണ്. ഗോഗുൽത്തായിലെ കുരിശിൽനിന്നു ഒഴുകുന്ന രക്തത്തുള്ളികളാണല്ലോ നമ്മുടെ പാപക്കറകൾ കഴുകി വെടിപ്പാക്കുന്നത്.

## വീണ്ടും ജനിക്കുന്ന സ്ഥലം-മാമോദീസാത്തൊട്ടി

വി. മാമോദീസാ സ്വീകരിക്കുന്നവർ പുത്രസ്വീകാരം ലഭിച്ചവരായി (ഗലാ 3:27-29) ക്രിസ്തുവിന്റെ സഹോദരങ്ങളായി വീണ്ടും ജനിക്കുന്നു (തീത്തോ 3:5). അതിനാൽ മാമോദീസാത്തൊട്ടി നമ്മുടെ കർത്താവിന്റെ തിരുവിലാവിന്റെ സ്ഥാനത്താണ്. കർത്താവിന്റെ തിരു





വിലാവിൽ നിന്നൊഴുകിയ ജലം മാമോദീസാ ജലത്തിനു സദൃശ്യമാണ്. ഹൈക്കലായുടെ തെക്കേ ഭിത്തിയോടുചേർന്ന് കിഴക്കേ അറ്റത്തായോ കെസ്ത്രൂമായുടെ തെക്കുവശത്തള്ള മുറിയിലോ മാമോദീസാത്തൊട്ടി സ്ഥാപിക്കപ്പെടുന്നു[9]. സഭയ്ക്കു മക്കളെ ജനിപ്പിക്കുന്ന മാമോദീസാത്തൊട്ടിയെ ഗർഭപാത്രത്തോട് ഉപമിക്കാം. അതിനാൽ ദൈവമാതാവിനു തുല്യമായ ബഹുമാനം മാമോദീസാത്തൊട്ടിക്കു നൽകണമെന്ന് സഭാപിതാക്കന്മാർ പറയുന്നു. അതുകൊണ്ട് പള്ളിയാരാധനകളിൽ മാമോദീസാത്തൊട്ടിക്കും ധൂപം വീശുന്ന പതിവുണ്ട്.

മാമോദീസാത്തൊട്ടി യോർദാൻ നദിയെ സൂചിപ്പിക്കുന്നു. യോർദാൻ നദിയുടെ തെക്കേ അറ്റത്തുള്ള യോർദാൻ, യാർമ്മോക്ക്, യാബൂക്ക് എന്നീ പോഷക നദികളുടെ ത്രിവേണി സംഗമ സ്ഥാനത്തുവച്ചാണ് നമ്മുടെ കർത്താവിന്റെ മാമോദീസാ നടന്നത്. ഹെർമോൻ മലയിൽനിന്നു വരുന്ന യോർദാനിൽ തണുത്ത ജലം ആയിരുന്നു (സങ്കീ 133:3). ദാൻ മരുഭൂമിയിൽക്കൂടി ഒഴുകുന്ന യാർമ്മോക്ക് നദിയിൽ ഉഷ്ണജലവും ഗലയാദ് താഴ്‌വരയിൽക്കൂടി ഒഴുകുന്ന യാബൂക്ക് നദിയിൽ സുഗന്ധഇല വീണുകലങ്ങിയ ജലവുമായിരുന്നു. ഇവ മൂന്നും ഒരുമിച്ച് ചേരുന്ന യോർദാനിലെ സംഗമസ്ഥാനത്താണ് യേശു സ്നാനം സ്വീകരിച്ചത്. അതുപോലെ മാമോദീസാത്തൊട്ടിയിലെ ജലവും തണുത്തജലവും ചൂടുജലവും വി.മൂറോനും ഒരുമിച്ച്ചേർത്ത് വാഴ്ത്തിയതാണ്.

മാമോദീസാ സ്വീകരിക്കുന്നവർ മിശിഹായോടുകൂടി സംസ്കരിക്കപ്പെടുന്നു (റോമ 6:4). അതിനാൽ, മാമോദീസാത്തൊട്ടി മിശിഹായുടെ കബറിനു തുല്യമാണ്. കർത്താവിന്റെ കബറിങ്കൽ വയ്ക്കപ്പെട്ട പാറയെ സൂചിപ്പിക്കുന്ന ശോശപ്പാ മാമോദീസായുടെ സമയത്ത് ആഘോഷിക്കപ്പെടുന്നതിനാലും മാമോദീസാത്തൊട്ടി കർത്താവിന്റെ കബറിടത്തെ ദൃഷ്ടാന്തീകരിക്കുന്നു. ഈ കാരണങ്ങളാലും, വി.മൂറോൻ അതിൽ ഒഴിക്കപ്പെടുന്നതിനാലും മാമോദീസാത്തൊട്ടി പ്രത്യേക ബഹുമാനാദരവുകൾ അർഹിക്കുന്നു. അതിന് ഒരു മൂടി ഉണ്ടായിരിക്കേണ്ടതും അതിനകത്ത് സ്ലീബാ വച്ചിരിക്കേണ്ടതുമാണ്. കെസ്ത്രൂമായുടെ തെക്കുവശത്തെ മുറിയിൽ മാമോദീസാ പരികർമ്മം ചെയ്തിരുന്ന പതിവുണ്ടായിരുന്നു. 16-ാം ശതകത്തിനുശേഷം, അതിന്റെ സ്ഥാനം പള്ളിക്കകത്ത് പകുതിക്കു കിഴക്കോട്ടുമാറി തെക്കേ ഭിത്തിയോടു ചേർന്നായി. അതായത്, നമ്മുടെ കർത്താവിന്റെ തിരുവിലാവിന്റെ സ്ഥാനത്ത്.

9. ഹൂദായ കാനോൻ 2:1

# 6

# പ്രതീകങ്ങൾ

**നി**ത്യപുരോഹിതനായ ക്രിസ്തു സ്വർഗത്തിൽ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്ന് നമുക്കുവേണ്ടി നിരന്തരമായി മദ്ധ്യസ്ഥബലി അർപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്വർഗീയ ആരാധനയിൽ ദൈവജനം മുഴുവൻ പങ്കുചേരേണ്ടിയിരിക്കുന്നു. ഈ ഭൂമിയിൽ ആയിരിക്കുന്നിടത്തോളം കാലം നമുക്കു നേരിട്ട് അതിൽ പങ്കു ചേരാൻ സാദ്ധ്യമല്ല. അതിനൊരു മാദ്ധ്യമം ആവശ്യമാണ്. സഭയുടെ ആരാധനക്രമത്തിൽ ഉപയോഗച്ചിരിക്കുന്ന അടയാളങ്ങളും പ്രതീകങ്ങളും വഴിയാണ് നമ്മൾ സ്വർഗീയ ആരാധനയുമായി ബന്ധപ്പെടുന്നത്. സ്വർഗീയമായ യാഥാർത്ഥ്യത്തിലേക്കു നമ്മെ നയിക്കുന്നവയാണ് അടയാളങ്ങളും പ്രതീകങ്ങളും. ദൈവത്തെയും നമ്മളെയും ബന്ധിപ്പിക്കുന്ന ഒരു പാലം പോലെയാണ് അവ. നാം അവയിൽ തങ്ങിനില്ക്കാറില്ല. മറിച്ച് അവ നമ്മെ എവിടേക്കു നയിക്കുന്നുവോ അവിടേക്കു നാം മുന്നേറുന്നു. സഭയുടെ ആരാധനയിലെ പ്രതീകങ്ങൾവഴി, വിശ്വാസികൾ ഈ ലോകത്തിൽനിന്നും ഉയർന്ന് സ്വർഗത്തിലേക്ക് താല്ക്കാലികമായി പ്രവേശിക്കുന്നു.

യേശുക്രിസ്തുവിൽ പൂർത്തിയായ രക്ഷാകരസംഭവം ചരിത്രത്തിൽ നടന്നവിധം ആവർത്തിക്കപ്പെടുക അസാദ്ധ്യമാണ്. ഇന്നത്തെ ആരാധനാസമൂഹത്തിന് അത് അനുഭവവേദ്യമാകുന്നത് അടയാളങ്ങളിലും പ്രതീകങ്ങളിലുംകൂടിയാണ്. *ഇപ്രകാരം അദൃശ്യമായ സ്വർഗീയ യാഥാർത്ഥ്യത്തെ ദൃശ്യമായ അടയാളങ്ങളിലൂടെ അനുഭവമാക്കുന്ന*

*തിനെയാണ് കൗദാശികമായ പുനരവതരണം എന്നു പറയുന്നത്.* അദൃശ്യമായ പ്രസാദവരത്തെ പ്രദാനം ചെയ്യുന്ന ദൃശ്യമായ അടയാളമാണല്ലോ കൂദാശ. കൂദാശ വെറും അടയാളമല്ല. സൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തെ സന്നിഹിതമാക്കുന്ന അടയാളമാണത്. ആരാധനക്രമത്തിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന പ്രതീകങ്ങൾ സ്വർഗീയ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്നു. അങ്ങനെ നമുക്കതിൽ ഭാഗഭാക്കാകാൻ സാധിക്കുന്നു.

## അടയാളങ്ങളും പ്രതീകങ്ങളും

അടയാളങ്ങൾക്കും പ്രതീകങ്ങൾക്കും മനുഷ്യജീവിതത്തിലുള്ള പ്രസക്തി ആർക്കും ചോദ്യം ചെയ്യാനാവില്ല. നാമുച്ചരിക്കുന്ന വാക്കുകളും നമ്മുടെ ആംഗ്യങ്ങളുമെല്ലാം ഏതെങ്കിലും അദൃശ്യയാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്ന അടയാളങ്ങളാണ്. എന്നാൽ അടയാളങ്ങളെല്ലാം പ്രതീകങ്ങളായിരിക്കണമെന്നില്ല. സ്വതന്ത്രമായി തെരഞ്ഞെടുക്കപ്പെടുന്ന അടയാളമാണ് പ്രതീകം. അതിന് ബോധപൂർവ്വം നല്കപ്പെടുന്ന അർത്ഥമാണുള്ളത്.

## പ്രതീകങ്ങൾ ആരാധനക്രമത്തിൽ

ലൗകിക യാഥാർത്ഥ്യങ്ങളിൽ നിന്നുയർന്ന് ദൈവികമായ അനുഭവത്തിനുവേണ്ടിയുള്ള പരിശ്രമമാണ് ആരാധനക്രമത്തിൽ നടക്കുന്നത്. 1985-ൽ റോമിൽ നടന്ന മെത്രാന്മാരുടെ അസാധാരണ സിനഡിൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ചെയ്ത പ്രഭാഷണത്തിലെ ഒരു ഭാഗം ഇവിടെ വളരെ പ്രസക്തമാണ്.

> മനുഷ്യന്റെ ഗ്രഹണശക്തിക്കതീതവും അവർണ്ണനീയവുമായ ദൈവിക സത്യത്തിന്റ മുമ്പിൽ നില്ക്കുവാനുള്ള ആനുകൂല്യമാണ് ലിറ്റർജിയിൽ അഥവാ ദൈവാരാധനയിൽ നമുക്കു ലഭിക്കുന്നത്. മാനുഷികമായ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ആ സത്യത്തെ യഥാർത്ഥത്തിൽ ആവിഷ്ക്കരിക്കുവാൻ ആർക്കും സാദ്ധ്യമല്ല. അതിനാൽ സംസ്ക്കാരസമ്പന്നനും ഗ്രാമീണനുമെല്ലാം മതപരമായ പ്രതിഭാസങ്ങളെ അവതരിപ്പിക്കുന്നത് എപ്പോഴും പ്രതീകാത്മവും രഹസ്യാത്മകവുമായ ആചാരങ്ങളിലൂടെയാണ്. അക്രൈസ്തവരുടെ ഇടയിലും സ്ഥിതി ഇതു





> തന്നെ. നിയതമായ ഘടകളൊന്നുമില്ലാത്ത ഹൈന്ദവമതം നൂറ്റാണ്ടുകൾക്കുശേഷവും ജനങ്ങളുടെമേൽ ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഇതിനു കാരണം ആചാരങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും രഹസ്യങ്ങളിലൂടെയും ദിവ്യതയുടെ അനുഭൂതി ജനിപ്പിക്കുവാൻ കഴിയുന്നു എന്നതാണ്. രഹസ്യാത്മകത കുറഞ്ഞാൽ മതപരമായ ചടങ്ങുകൾ അർത്ഥരഹിതങ്ങളായിത്തീരും. ആവിഷ്കൃത മതത്തെക്കുറിച്ചാകുമ്പോൾ ഇപ്പറഞ്ഞത് കൂടുതൽ ശരിയാണ്[1].

സഭാജീവിതത്തിൽ പ്രതീകങ്ങൾക്കുള്ള സ്ഥാനവും മൂല്യവും രഹസ്യാത്മകതയ്ക്കുള്ള പ്രാധാന്യവും മനസിലാക്കാതെ ആരാധനക്രമം അനുഭവവേദ്യമാകുമെന്നു തോന്നുന്നില്ല. ഈ പശ്ചാത്തലത്തിൽ വേണം നമ്മുടെ ആരാധനയിലെ പ്രതീകങ്ങൾ മനസ്സിലാക്കുവാൻ. മലങ്കര ആരാധനക്രമം മുഴുവൻ പ്രതീകങ്ങൾകൊണ്ട് സമ്പന്നമാണ്. മിക്കവയും വി.ഗ്രന്ഥത്തിൽനിന്നും സഭാപിതാക്കന്മാരിൽനിന്നും സ്വീകരിച്ചവയാണ്. അവയെ വേണ്ടവിധം അറിയുകയും സ്നേഹിക്കുകയും ചെയ്തില്ലെങ്കിൽ ആരാധന ഒരു സ്വർഗീയ അനുഭവമാക്കി മാറ്റാൻ സാദ്ധ്യമല്ല.

## വിരിക്കൂട്ടം *(തൽബെശ്ത്തൊ)*

ത്രോണോസിൽ ചിത്തോലയുടെയും വെള്ളവിരിയുടെയും മുകളിലായി മദ്ധ്യത്തിൽ തബ്‌ലീത്തായ്ക്കു മീതെ വിരിക്കുന്നതാണ് ത്രിവർണ്ണ വിരിക്കൂട്ടം. ചുവപ്പ്, പച്ച, വെള്ള എന്നീ നിറങ്ങളിലുള്ള മൂന്നു പട്ടുതുണികൾ ഒന്നിച്ചുചേർത്ത് മൂന്നു ഖണ്ഡങ്ങളായി തയ്ച്ച വിരിക്കൂട്ടത്തിന്റെ പകുതിഭാഗം ത്രോണോസിന്റെ മുൻവശത്ത് താഴോട്ട് ഇറങ്ങിക്കിടക്കുന്നു. ഈ ഭാഗത്ത് നമ്മുടെ കർത്താവിന്റെ 5 തിരുമുറിവുകളെ സൂചിപ്പിക്കുന്ന 5 കുരിശുകൾ കാണാം. വിരിക്കൂട്ടത്തിന്റെ മദ്ധ്യഭാഗം വെള്ളയും അതിനുപുറമേ പച്ചയും അതിനു പുറമേ ചുവപ്പുമാണ്. മൂന്നു നിറങ്ങൾക്ക് പല രീതിയിൽ അർത്ഥം നല്കപ്പെടുന്നു. ദൈവസ്നേഹത്തിന്റെ വെളിപാടായി ദൈവം സൃഷ്ടിച്ച സകലത്തെയും ഉൾക്കൊള്ളുന്ന പ്രപഞ്ചത്തിന്റെ പ്രതീകമാണ് ചുവപ്പുനിറം. രക്ഷാകരചരിത്ര

1. കതിരൊളി. ഏപ്രിൽ-മേയ് 1986

ത്തിന്റെ വേദിയായ ഭൂമിയെയും അതിലുള്ള സകലത്തെയും പച്ചനിറം സൂചിപ്പിക്കുന്നു. കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി അലക്കി വെടിപ്പാക്കപ്പെട്ടവരുടെ (വെളി 7:14) സമൂഹമായ വിശുദ്ധ സഭയുടെ പ്രതീകമാണ് വെള്ളനിറം. കർത്താവിന്റെ തിരുശരീരവും തിരുരക്തവും വിഭജിക്കപ്പെടുന്നത് വി.സഭയിലാണ്. അതുകൊണ്ട് കാസായും പീലാസായും വെള്ള പട്ടുതുണിയിൽ ക്രമീകരിക്കപ്പെടുന്നു. ത്രോണോസിലെ വി. കുർബാന ലോകത്തിലെ സകല സൃഷ്ടികളുടെയും ഒന്നുചേർന്നുള്ള അർപ്പണമാണെന്ന് ത്രിവർണ്ണവിരിക്കൂട്ടം സൂചിപ്പിക്കുന്നു. ദൈവിക സംവിധാനത്തിൽ, പ്രപഞ്ചസൃഷ്ടിയുടെയും മനുഷ്യരക്ഷയുടെയും കേന്ദ്രസ്ഥാനം വി. കുർബാനയ്ക്കാണെന്ന് അത് വ്യക്തമാക്കുന്നു.

മറ്റൊരുവിധത്തിലും ഈ നിറങ്ങളെ വ്യാഖ്യാനിക്കാം. വിരിക്കൂട്ടം പൊതുവെ സഭയുടെ പ്രതീകമാണ്. ആദ്യ ശതകങ്ങളിൽ സഭ വളർന്നുവന്നത് രക്തസാക്ഷികളുടെ ചുടുനിണത്തിലാണ്. ചുവപ്പുനിറം ഇതാണ് സൂചിപ്പിക്കുന്നത്. പച്ചനിറമാകട്ടെ സഭയുടെ വരപ്രസാദ സമൃദ്ധിയെയും അതിന്റെ ഫലം അനുഭവിക്കുന്നവരെയും സൂചിപ്പിക്കുന്നു. വെള്ള പട്ടുതുണി വിശുദ്ധരിൽ ഏറ്റവും ഉന്നതയും അമലോത്ഭവയുമായ ദൈവമാതാവിന്റെ പ്രതീകമാണ്. ആ അമ്മയിൽനിന്നാണല്ലോ യേശുക്രിസ്തു ശരീരമെടുത്തത്. അതുപോലെ അവിടുത്തെ ശരീരരക്തങ്ങളായി മാറാനുള്ള അപ്പവും വീഞ്ഞും ക്രമീകരിക്കുന്നത് വെള്ള പട്ടുതുണിയിലാണ്.

ഗോഗുൽത്തായിലെ കുരിശിൽ സ്വയം സമർപ്പിച്ച നമ്മുടെ കർത്താവേശുമിശിഹായുടെ പ്രതീകമാണ് വിരിക്കൂട്ടം. തബ്ലീത്താ കുരിശിനെ പ്രതിനിധാനം ചെയ്യുന്ന യാഗവേദിയാണല്ലോ. തബ്ലീത്തായുടെ നേരെ മുകളിലാണ് വിരിക്കൂട്ടം വിരിക്കുന്നത്. അതുകൊണ്ട് വിരിക്കൂട്ടം ബലിയായി അർപ്പിക്കപ്പെട്ട യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്നു. ദൈവപുത്രൻ സ്വർഗത്തിൽനിന്നു ഭൂമിയിലേക്കിറങ്ങി മനുഷ്യനായി അവതരിച്ചുവെങ്കിലും അവിടുന്നു മുഴുവനായും സ്വർഗത്തിലും ഭൂമിയിലുമുണ്ട്. ഇതു കാണിക്കാനാണ് വിരിക്കൂട്ടത്തിന്റെ പകുതിഭാഗം താഴോട്ട് ഇറക്കിയിടുന്നത്. ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തപ്പോൾ കന്യകയിൽനിന്ന് ശരീരവും രക്തവും സ്വീകരിച്ചു എന്നതിന്റെയും വി.കുർബാനയിൽ ഗോതമ്പപ്പം കർത്താവിന്റെ ശരീരവും മുന്തിരിച്ചാറ് തന്റെ രക്തമായും മാറുന്നു എന്നതിന്റെയും അടയാളമായി താഴോട്ടിറങ്ങിക്കിടക്കുന്ന ഭാഗം ഗോതമ്പുചെടിയുടെയും മുന്തിരിച്ചെ





ടിയുടെയും ചിത്രങ്ങൾകൊണ്ട് അലങ്കരിച്ചിരിക്കും. കൂടാതെ കാസായുടെയും പീലാസായുടെയും ചിത്രങ്ങളും കാണും. മനുഷ്യാവതാരം ചെയ്ത് ഭൂമിയിൽ ആയിരുന്നപ്പോഴും ക്രിസ്തു സ്വർഗത്തിൽ പിതാവിനോടും പരിശുദ്ധ റൂഹായോടുംകൂടി ദൈവത്വം കൈവെടിയാതെ സ്ഥിതിചെയ്യുന്നവനാണെന്ന്, ത്രോണോസിന്റെ ഉപരിതലത്തിലുള്ള ചിത്രരഹിതമായ വിരിക്കൂട്ടഭാഗം വെളിപ്പെടുത്തുന്നു. ഇങ്ങനെ, പൂർണ്ണ ദൈവത്വവും പൂർണ്ണ മനുഷ്യത്വവുമുള്ള ഏക അമ്മാനുവേലാണ് ഗോഗുൽത്തായിൽ ബലിയർപ്പിക്കപ്പെട്ടതെന്ന് വിരിക്കൂട്ടം വിളിച്ചുപറയുന്നു. മൂന്നു പട്ടുതുണികളുടെയും അരികിലുള്ള മഞ്ഞ ബോർഡറുകൾ മൂന്നു സൈന്യങ്ങളായി പരിഗണിക്കപ്പെടുന്ന 9 വൃന്ദം മാലാഖമാരുടെ പ്രതീകമാണ്. പ്രപഞ്ചത്തെയും, ഭൂമിയെയും സഭയെയും സൂക്ഷിക്കുന്ന മൂന്നു സൈന്യവിഭാഗങ്ങളാണ് മാലാഖമാർ. ദൈവിക മഹത്വത്തെ പ്രതിഫലിപ്പിക്കുന്നതാണ് മാലാഖമാരുടെ തേജസ്സെന്ന് ബോർഡറിന്റെ മഞ്ഞ നിറം വ്യക്തമാക്കുന്നു.

## കാസായും പീലാസായും

വിശുദ്ധ കുർബാനയ്ക്കുള്ള അപ്പവും *(ഹമ്മീറ)* വീഞ്ഞും ഒരുക്കിവയ്ക്കുന്ന പാത്രങ്ങളാണ് കാസായും പീലാസായും. ഇവ ലോഹനിർമ്മിതമായിരിക്കണമെന്ന് 9-ാം ശതകം മുതൽ നിർബന്ധമുണ്ട്. സാധാരണയായി വെള്ളികൊണ്ട് നിർമ്മിച്ച് സ്വർണ്ണം പൂശുകയാണ് പതിവ്. കുർബാനയപ്പം വയ്ക്കുന്ന പീലാസ അൽപം കുഴിഞ്ഞതായിരിക്കണം. വാഗ്ദാനപേടകത്തിൽ മന്നാ ഇട്ടുവച്ചിരുന്ന പൊൻപാത്രത്തിനു (ഹെബ്രാ 9:4) സദൃശ്യമാണ് കാസായും പീലാസായും. നമ്മുടെ കർത്താവിന്റെ മൃതശരീരം നിക്ഷേപിച്ച കല്ലറയെ അവ സൂചിപ്പിക്കുന്നു. അളവില്ലാത്ത ദൈവസ്നേഹംകൊണ്ട് നിറഞ്ഞുകവിയുന്ന കർത്താവിന്റെ തിരുഹൃദയത്തിന്റെ പ്രതീകങ്ങളാണവ. ദൈവത്വത്തെ മറച്ചുവച്ചിരിക്കുന്ന മനുഷ്യത്വത്തിന്റെ സൂചനയാണ് കാസായും പീലാസായും.

## അപ്പവും വീഞ്ഞും

ക്രിസ്തുവിന്റെ മുൻകുറിയായ മൽക്കീസെദേക്ക് കാഴ്ചയർപ്പിക്കുന്നതിന് ഉപയോഗിച്ച വസ്തുക്കളാണ് അപ്പവും വീഞ്ഞും (ഉൽപ 14:18; ഹെബ്രാ 7:1). പൗരസ്ത്യർ പുളിപ്പുചേർത്തുണ്ടാക്കിയ അപ്പമാണ് കുർബാനയ്ക്ക് ഉപയോഗിക്കുന്നത്. സുറിയാനിക്കാർ ഇതിന് *ഹമ്മീറാ* എന്നു പറയുന്നു - പുളിപ്പുള്ള അപ്പം എന്നർത്ഥം). *പത്തീറാ* പുളിപ്പി

ല്ലാത്ത അപ്പമാണ്. യേശു അപ്പമെടുത്ത് ആശീർവദിച്ചു (മത്താ 26:26) എന്ന് പറഞ്ഞിരിക്കുന്നിടത്തും, ഞാനാണ് ജീവന്റെ അപ്പം (യോഹ 6:35) എന്ന് യേശു പറഞ്ഞപ്പോഴും *ലഹ്മോ* എന്ന സുറിയാനി പദമാണ് ഉപയോഗിച്ചിരിക്കുന്നത്. പുളിപ്പുചേർത്തുണ്ടാക്കിയ അപ്പത്തിനല്ലാതെ *ലഹ്മോ* എന്നു പറയാറില്ല. പുരാതന സഭയിൽ പുളിപ്പുള്ള അപ്പമാണ് ഉപയോഗിച്ചിരുന്നതെന്ന് സുറിയാനി സഭാപിതാവായ മാർ അപ്രേം സാക്ഷിക്കുന്നു[2]. അതുകൊണ്ട് മലങ്കര സഭ വി.കുർബാനയ്ക്ക് ഉപയോഗിക്കുന്നത് ഹമ്മീറായാണ്. സൈത്ത് എണ്ണ പുരട്ടിയ അച്ചിൽ ഗോതമ്പുപൊടിയും വെള്ളവും പുളിപ്പും ഉപ്പുംകൂടി കുഴച്ചമാവുകൊണ്ടാണ് ഹമ്മീറാ ഉണ്ടാക്കുന്നത്. സങ്കീർത്തനങ്ങൾ പാടിക്കൊണ്ടാണ് ഹമ്മീറാ അഗ്നിയിൽ ചുട്ടെടുക്കുന്നത്.

ഹമ്മീറായുടെ അഞ്ചു ഘടകങ്ങൾ പ്രതീകാത്മകമാണ്. സൃഷ്ടിയുടെ അഞ്ച് അടിസ്ഥാന ഘടകങ്ങളെ[3] അവ സൂചിപ്പിക്കുന്നു. അതുകൊണ്ട് *ഹമ്മീറാ* സൃഷ്ടി മുഴുവന്റെയും പ്രതീകമാണ്. നമ്മുടെ കർത്താവിന്റെ രക്ഷാകരവ്യാപാരത്തെ *ഹമ്മീറ* ദൃഷ്ടാന്തീകരിക്കുന്നു. കാരണം, മാവുകുഴയ്ക്കാനുപയോഗിക്കുന്ന ജലം മാമോദീസായെയും പുളിപ്പ് സത്യവിശ്വാസത്തെയും (മത്താ 16:5-12) ഉപ്പ് സ്നേഹത്തെയും എണ്ണ ദൈവത്തിനു മനുഷ്യരോടുള്ള കരുണയെയും (ലൂ 10:34) സൂചിപ്പിക്കുന്നു[4]. നമ്മുടെ കർത്താവ് ആദ്യം കൂദാശ ചെയ്ത അപ്പത്തിന്റെ ഒരംശം ശ്ലീഹന്മാർ സൂക്ഷിച്ചുവച്ചുവെന്നും, പിന്നീട് കുർബാനയപ്പം ഉണ്ടാക്കിയപ്പോൾ സൂക്ഷിച്ചുവച്ചിരുന്ന ആ വിശിഷ്ട അംശം അവർ ഗോതമ്പുമാവിനോട് ചേർത്തു പുളിപ്പിച്ചു എന്നുമാണ് പാരമ്പര്യം. ഇന്നും പുളിപ്പുണ്ടാക്കുന്നത് നേരത്തെ കുഴച്ചുവച്ച ഗോതമ്പ്മാവിന്റെ ഒരുഭാഗം മാറ്റിവച്ച് ഉണക്കിയെടുത്താണ്. അങ്ങിനെ, പുളിപ്പ് ക്രിസ്തു ആദ്യം അർപ്പിച്ച കുർബാനയിൽനിന്നുള്ള തുടർച്ചയെ കാണിക്കുന്നു.

ഒരു വലിയ കുരിശും 12 ചെറിയ കുരിശുകളുംകൊണ്ട് മുദ്രയിടപ്പെട്ട അപ്പമെന്ന അർത്ഥത്തിലാണ് *തബ്ഗാ* (മുദ്ര) എന്ന് സുറിയാനിയിൽ ഇതിനെ വിളിക്കുന്നത്. വലിയ കുരിശ് നമ്മുടെ കർത്താവിന്റെയും 12 ചെറിയ കുരിശുകൾ 12 ശ്ലീഹന്മാരുടെയും പ്രതീകങ്ങളാണ്. വലിയ കുരിശിൽ കർത്താവിന്റെ തിരുമുറിവുകളെ സൂചിപ്പിക്കുന്ന 5 അടയാളങ്ങൾ ഉണ്ടായിരിക്കും. ഈ അപ്പത്തിന് മറ്റു പേരുകളും വി.

2.Hymni et Sermones S. Ephraemi ed. by J. Lamy

3. പഞ്ചഭൂതങ്ങൾ - ആകാശം, ഭൂമി, ജലം, വായു, അഗ്നി

4. Mathew P.C, The Semitic Culture of Jesus. Vol II p113 cfr Dionysius Barsalibi, Expositio Liturgiae p 27





കുർബാനയിൽ ഉപയോഗിക്കുന്നുണ്ട്. ഒരുക്കസമയത്ത് ഇതിനെ *ബുക്റോ* എന്നു വിളിക്കുന്നു. സുറിയാനി പദത്തിന്റെ അർത്ഥം ആദ്യജാതൻ അഥവാ ആദ്യഫലം എന്നാണ്. ഒരു വിശ്വാസി തന്റെ സ്വന്തമായതെല്ലാം വി.കുർബാനയിൽ സമർപ്പിക്കുകയാണെന്ന് ഇത് സൂചിപ്പിക്കുന്നു. പഴയനിയമത്തിൽ മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂലും വിളവുകളുടെ ആദ്യഫലങ്ങളും ദൈവത്തിന്റേത് എന്നു കരുതപ്പെട്ടിരുന്നു (പുറ 13:2; 22:29). ക്രിസ്തു ആദ്യജാതൻ എന്ന പേര് സ്വീകരിച്ചിരുന്നു (കൊളോ 1:5; റോമ 8:29; ഹെബ്രാ 1:6). മനുഷ്യൻ ദൈവത്തിനു സമർപ്പിക്കുന്ന എല്ലാറ്റിന്റെയും പ്രതീകമത്രേ കുർബാനയിലെ കാഴ്ചയപ്പം. വി.കുർബാന കൊടുക്കുമ്പോൾ കൂദാശ ചെയ്യപ്പെട്ട അപ്പത്തെ *ഗ്മുർത്തൊ* (തീക്കട്ട ഏശ 6:6-7) എന്നും ഗീതത്തിൽ *മർഗോനീസൊ* (മാണിക്യം) എന്നും വിളിക്കുന്നു. രണ്ടും സുറിയാനി പദങ്ങളാണ്[5].

വീഞ്ഞ് മുന്തിരിച്ചെടിയുടെ രക്തമാണെന്നു പറയാം.ക്രിസ്തുവിന്റെ രക്തമാകേണ്ട ഉത്തമ മാധ്യമം മുന്തിരിപ്പഴം പിഴിഞ്ഞുകിട്ടുന്ന രസമാണ്. ക്രിസ്തു വി.കുർബാന സ്ഥാപിച്ചപ്പോൾ ഉപയോഗിച്ചത് വീഞ്ഞാണല്ലോ. രക്തത്തിന്റെ പ്രതിരൂപമായ വീഞ്ഞ് മിശിഹാ പ്രദാനം ചെയ്യുന്ന പ്രത്യാശയുടെയും സന്തോഷത്തിന്റെയും (messianic hope and joy) പ്രതീകമത്രേ (മർക്കോ 14:25).നമ്മുടെ കർത്താവിന്റെ തിരുവിലാവിൽനിന്ന് രക്തവും വെള്ളവും (യോഹ 19:24) ഒഴുകിയതിനാൽ വീഞ്ഞിനോട് അല്പം വെള്ളവും ചേർക്കുന്നു. വീഞ്ഞും വെള്ളവും കർത്താവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും സൂചിപ്പിക്കുന്നു എന്ന് അവ ഒന്നിച്ച് കലർത്തുന്ന സമയത്തെ പ്രാർത്ഥന വ്യക്തമാക്കുന്നു.

## വിരിക്കൂട്ടത്തിലെ മറ്റു പ്രതീകങ്ങൾ

ആദ്യകാലങ്ങളിൽ കാസായ്ക്കും പീലാസായ്ക്കും ലോഹമൂടികൾ ഉപയോഗിച്ചിരുന്നു. ഇപ്പോൾ അവയ്ക്കു പകരം ചതുരാകൃതിയിലുള്ള പട്ടുതുണികളാണ് ഉപയോഗിക്കുന്നത്. *ഹൂഫോയൊ* അല്ലെങ്കിൽ *മ്കബ്‌ലാന* എന്ന സുറിയാനി പേരിൽ അവ അറിയപ്പെടുന്നു. അരുകിൽ തുന്നൽപണികളാൽ അലങ്കരിച്ചിരിക്കും. കാറ്റുകൊണ്ട് പറന്നുപോകാതിരിക്കാൻ നാലു മൂലകളിലും ചെറിയ ഭാരമുള്ള എന്തെങ്കിലും തയ്ച്ച് പിടിപ്പിക്കുക സാധാരണയാണ്. സമാഗമകൂടാരത്തെ

5. S. Brock, The Luminous Eyw-The Spiritual World Vision of St. Ephraem. pp 81-85

മൂടിയിരുന്ന മേഘത്തിന്റെ (പുറ 33:9) പ്രതീകമാണ് *ഹൂഫോയോ*. കാഴ്ചവസ്തുക്കൾ മൂടുന്നതിന് ഉപയോഗിക്കുന്ന വലിയ തുണിയാണ് ശോശപ്പാ. മുൻകാലങ്ങളിൽ ഇത് ത്രോണോസ് മുഴുവൻ മൂടത്തക്ക തായിരുന്നു. കാർമ്മികനും ശുശ്രൂഷകനുംകൂടിയാണ് അത് മാറ്റിയിരുന്നത്. അക്കേഡിയൻ ഭാഷിൽനിന്ന് സുറിയാനിയിലേക്കു വന്ന പദമാണ് *ശോശപ്പാ*. മൂടി, തുവാല എന്നൊക്കെയാണ് അർത്ഥം. വിശുദ്ധ രഹസ്യങ്ങളിൽ മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ അദൃശ്യാവസ്ഥയെ ഇത് സൂചിപ്പിക്കുന്നു. ഇസ്രായേൽ ജനത്തിനു സീനായ് മലയിൽ ദൈവം സ്വയം വെളിപ്പെടുത്തിക്കൊടുത്തത് മേഘത്തിന്റെ രൂപത്തിലാണ്. *ശോശപ്പാ* പ്രസ്തുത മേഘത്തിന്റെ പ്രതിരൂപമാകയാൽ *ഐമൊ* (മേഘം) എന്നു വിളിക്കപ്പെടുന്നു. കുർബാനയിലെ അനാഫോറാ തുടങ്ങുന്നതിനുമുമ്പ് *ശോശപ്പാ* ആഘോഷിക്കുന്നതുകൊണ്ട് ശോശപ്പായെ *അനാഫോറാ* എന്നും വിളിക്കുന്നു.

കാസായിൽനിന്ന് തിരുശരീരവും തിരുരക്തവും സ്വീകരിക്കാൻ ഉപയോഗിക്കുന്ന സ്പൂണിന് *തർവോദൊ* എന്നാണ് സുറിയാനിയിൽ പേര്. ഗ്രീക്കു സഭയിൽ ആരംഭിച്ച്, മദ്ധ്യശതകത്തോടുകൂടി സുറിയാനിസഭയിലും അർമ്മീനിയൻ സഭയിലുമൊക്കെ ഇത് പ്രചാരത്തിലായി. ഏശയ്യാ പ്രവാചകനു സെറാഫുകളിലൊന്ന് തീക്കനൽ എടുക്കുന്നതിനുപയോഗിച്ച കൊടിലിനെ (ഏശ 6:6) ഇത് അനുസ്മരിപ്പിക്കുന്നു. പീലാസായിലിരിക്കുന്ന തിരുശരീരത്തെ ഹൂഫോയൊ തൊടാതിരിക്കത്തക്കവണ്ണം ഉയർത്തി നിർത്താൻ ഉപയോഗിക്കുന്ന നക്ഷത്രത്തിന്റെ രൂപത്തിലുള്ള ഉപകരണമാണ് *കൗക്ക്ബോ*. സുറിയാനി പദത്തിന്റെ അർത്ഥം നക്ഷത്രം. യേശുവിന്റെ ജനനസമയത്ത് ജ്യോതിഷന്മാർ കിഴക്കു കണ്ട നക്ഷത്രത്തിന്റെ (മത്താ 3:2) പ്രതീകമായി ഇത് പരിഗണിക്കപ്പെടുന്നു. വി.രഹസ്യങ്ങൾ സ്പർശിക്കുമ്പോഴെല്ലാം കാർമ്മികന്റെ കൈവിരലുകൾ കഴുകുന്നതിനായി വെള്ളം സൂക്ഷിക്കുന്ന ചെറിയപാത്രത്തിന്റെ സുറിയാനിപേര് *മ്ശംശോനീസൊ* എന്നാണ്. ശുശ്രൂഷക എന്നർത്ഥം. കാസായും പീലാസായും ഉണ്ടാക്കാറുള്ള അതേ ലോഹം കൊണ്ടാണ് ഈ പാത്രവും നിർമ്മിക്കുന്നത്. കാസായും പീലാസായും തുടയ്ക്കുന്നതിന് മുൻകാലങ്ങളിൽ *എസ്ഫൂഗൊ* (sponge) യാണ് ഉപയോഗിച്ചിരുന്നത്. കുരിശിൽ മരിക്കുന്നതിനുമുമ്പ് ക്രിസ്തുവിന് വിനാഗിരിയിൽ മുക്കിക്കൊടുത്ത നീർപ്പഞ്ഞിയെ (മത്താ 27:48) ഇതു സൂചിപ്പിക്കുന്നു. ഇപ്പോൾ ചെറിയ തൂവാലയാണ് ഇതിനു പകരം ഉപയോഗിക്കുന്നത്.





## മർബഹാസാ

ത്രോണോസിനുചുറ്റും നിൽക്കുന്ന മാലാഖമാരുടെ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നതിനാണ് മർബഹാസാ ഉപയോഗിക്കുന്നത്. വിശറിപോലെയുള്ള ഇത് സ്രോപ്പെമാലാഖമാരുടെ രൂപം ചിത്രീകരിക്കപ്പെട്ടിട്ടുള്ളതും ചുറ്റും ചെറുമണികൾ ഘടിപ്പിച്ചിട്ടുള്ളതുമായ വൃത്താകൃതിയിലുള്ള തകിടാണ് മർബഹാസാ. അത് തടികൊണ്ടുള്ള ദണ്ഡിൽ ഉറപ്പിച്ചിരിക്കുന്നു. വി.കുർബാനയുടെ പ്രധാനസമയങ്ങളിലും മറ്റ് ആശീർവാദങ്ങളുടെയും പ്രദക്ഷിണത്തിന്റെയും സമയത്തുമാണ് ഇത് ഉപയോഗിക്കുന്നത്. ജറുസലേം ദൈവാലയത്തിൽ പുരോഹിതശുശ്രൂഷ ചെയ്യുമ്പോൾ ധരിക്കുന്ന എഫോദിന്റെ ചുറ്റുമുള്ള സ്വർണ്ണമണികൾ (പുറ 28:33) പോലെയാണ് മർബഹാസായുടെ ചുറ്റുമുള്ള മണികൾ.

## വലിയമണി

നമ്മുടെ കർത്താവിന്റെ മരക്കുരിശിലുള്ള മരണത്തെ അനുസ്മരിക്കുന്നതിനായി മരത്തടിയിൽ അടിക്കുന്ന പതിവാണ് ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നതെന്ന് മോശെ ബർ കേഫാ പറയുന്നു. മരത്താൽ നാം കല്പന ലംഘിച്ച് പറുദീസായിൽനിന്ന് ബഹിഷ്കൃതരായി എന്നും ഈ പാപത്തിൽ നിന്നുള്ള രക്ഷ കുരിശുമരത്താലത്രേ കൈവന്നത് എന്നും മണിയുടെ ശബ്ദം കേൾക്കുമ്പോൾ നാം അനുസ്മരിക്കുന്നു[6]. 6-ാം ശതകം മുതൽ ഇന്നത്തെ രീതിയിൽ ഓടുകൊണ്ടുള്ള മണികൾ ഉപയോഗിക്കാൻ തുടങ്ങി. ദൈവാരാധന ആരംഭിക്കുന്നതിനുമുമ്പ് യഹൂദന്മാർ കാഹളം ഊതിയിരുന്നു (സംഖ്യ 10:1-10). അതിനെ അനുസ്മരിപ്പിക്കുന്നതാണ് പള്ളി മണി. നമ്മെ ദൈവാരാധനയ്ക്കായി പള്ളിയിലേക്കുള്ള തീർത്ഥാടനത്തിനു ക്ഷണിക്കുന്ന കാഹളമാകുന്നു അത്. സാരൂഗിലെ മാർ യാക്കോബ് മല്പാൻ ഇതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: ജ്ഞാനിയേ, നീ മണിയുടെ നാദം കേൾക്കുമ്പോൾ ഉത്സാഹത്തോടെ വിശുദ്ധ സ്ഥലത്തേക്ക് എത്തിക്കൊൾക. കാഹളധ്വനി കേൾക്കുമ്പോൾ സൈന്യങ്ങൾ ഒരുമിച്ചുകൂടി രാജാവിനെ പ്രകീർത്തിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അതുപോലെ മിശിഹാരാജാവിനെ സ്തുതിക്കാൻ മണിനാദം നമ്മെ ഒന്നിച്ചുകൂട്ടുന്നു. രാജാവിൽനിന്ന് സമ്മാനങ്ങൾ സ്വീകരിക്കാൻ കാഹളനാദം സൈന്യങ്ങളെ ഒന്നിച്ചുകൂട്ടുന്നതുപോലെ മണിനാദം നമ്മുടെ രാജാവായ

6. ഫാ.ചേടിയത്ത്, കൂദാശാഭാഷ്യം പേജ് 2-3.

മിശിഹായുടെ സന്നിധിയിൽ നമ്മെ ഒന്നിച്ചുകൂട്ടുന്നു. അവിടുന്നു നമുക്കു പാപമോചനവും ന്യായമായ യാചനകളുടെ അംഗീകാരവും മറ്റ് ആദ്ധ്യാത്മിക ദാനങ്ങളും നല്കുന്നു. ശത്രുവിനോട് പോരാടുവാൻ സൈന്യങ്ങളെ കാഹളധ്വനി ഒന്നിച്ച് കൂട്ടുന്നതുപോലെ മനുഷ്യകുലത്തിന്റെ ശത്രുവായ സാത്താനോടു യുദ്ധം ചെയ്യാൻ മണിനാദം നമ്മെ ആഹ്വാനം ചെയ്യുന്നു[7]. വർത്തമാനകാലത്തിലെ വ്യഗ്രതകളിൽനിന്ന് പിൻമാറി ക്രിസ്തുവിന്റെ പാദാന്തികത്തിലിരുന്ന് മറിയത്തെപ്പോലെ നല്ല പങ്ക് തെരഞ്ഞെടുത്ത് (ലൂ 10:38-41) നിത്യജീവിതത്തെക്കുറിച്ചുള്ള ധ്യാനത്തിനു മണിനാദം നമ്മെ ക്ഷണിക്കുന്നു. പള്ളിയിലെ മണിനാദം കേൾക്കുമ്പോൾ സത്യവിശ്വാസി തലവണങ്ങി കുരിശുവരക്കണം. താഴെ കാണുന്ന പ്രാർത്ഥനകളിൽ ഒന്ന് മനസ്സിൽ ധ്യാനിക്കുകയും വേണം.

> എന്റെ കർത്താവും രക്ഷിതാവുമായ മിശിഹാ തമ്പുരാനേ, നീ മൂലമുണ്ടായ രക്ഷയ്ക്കുവേണ്ടി, ശത്രുവായ സാത്താനെതിരായി നിന്ന് നിന്നെ എന്നേക്കും മഹത്വപ്പെടുത്തുവാൻ എന്നെ യോഗ്യനാക്കണമേ.

അല്ലെങ്കിൽ

> കർത്താവേ, നീ ചെയ്തിട്ടുള്ള രക്ഷാകര വേലയ്ക്കു വേണ്ടി നിന്നെ സ്തുതിപ്പാൻ എന്നെ അനുഗ്രഹിക്കണമേ.

കർത്താവേ അനുഗ്രഹിക്കണമേ എന്നർത്ഥമുള്ള *ബാറെക്മോർ* എന്ന് സുറിയാനിയിൽ പറഞ്ഞ് തല വണങ്ങി കുരിശു വരച്ചാലും മതി.

ദൈവാരാധനയ്ക്കായി ദൈവജനത്തെ പള്ളിയിലേക്കു ക്ഷണിച്ചുകൊണ്ട് കൂട്ടമണി അടിക്കുന്നതും പ്രതീകാത്മകമായിട്ടാണ്. ആദ്യം കൂട്ടമായും പിന്നീട് മൂന്നുവീതം 11 പ്രാവശ്യവും തുടർന്ന് കൂട്ടമായും മണി അടിക്കുന്നു. പള്ളിയിൽ അന്നേദിവസം അർപ്പിക്കുന്ന വി. കുർബാന നമ്മുടെ കർത്താവിന്റെ സമ്പൂർണ്ണ ജീവിതത്തിന്റെ അമൂല്യവും ഫലപ്രദവും സജീവവുമായ ഓർമ്മയാണെന്ന് കൂട്ടമണി വിളിച്ചറിയിക്കുന്നു. സ്വർഗത്തിൽ പിതാവിനോടും പരിശുദ്ധാത്മാവിനോടും ഒരുമിച്ച് അനാദിമുതലേ വചനമായ ദൈവം വസിച്ചിരുന്നതിനെ കാണിക്കാനാണ് ആദ്യം കൂട്ടമണി അടിക്കുന്നത്. പിന്നീട് എണ്ണമൊപ്പിച്ച് 33

7.*ibid*





മണി അടിക്കുന്നത് കർത്താവിന്റെ മനുഷ്യാവതാര ജീവിതത്തിന്റെ അനുസ്മരണയാണ്. പിന്നീട് കൂട്ടമായി മണി അടിക്കുന്നത് സ്വർഗാരോഹണത്തിനു ശേഷമുള്ള കർത്താവിന്റെ ജീവിതത്തെ അനുസ്മരിപ്പിക്കുന്നു. വി,കുർബാനയിൽ കർത്താവിന്റെ സമ്പൂർണ്ണ ജീവിതമാണ് പുനരവതരിക്കപ്പെടുന്നതെന്ന് കൂട്ടമണി ഉദ്ഘോഷിക്കുന്നു.

## ധൂപക്കുറ്റി

നമ്മുടെ കർത്താവിന്റെ ബലിയർപ്പണവുമായി അഭേദ്യബന്ധമുള്ള ഒരു അടയാളമത്രേ ധൂപകലശം. ധൂപക്കുറ്റിയിൽനിന്ന് ഉയരുന്ന സുഗന്ധം കർത്താവിന്റെ തിരുബലിയെ അനുസ്മരിപ്പിക്കുന്നു. അവിടുന്നു നമുക്കുവേണ്ടി സുരഭില *(റീഹൊ ബാസീമൊ)* കാഴ്ചയും ബലിയുമായി തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചു (എഫേ 5:2). *പാപത്തിന്റെ ദുർഗന്ധം അകറ്റുവാൻ അവൻ സുഗന്ധധൂപമായി അർപ്പിക്കപ്പെട്ടു*[8] എന്നു പറയുന്നതും അർത്ഥവത്താണ്. ജറുസലേം ദേവാലയത്തിലെ വിശുദ്ധ സ്ഥലത്ത് ധൂപപീഠമുണ്ടായിരുന്നു (പുറ 30:1-10). പഴയനിയമകാലത്ത്, സുഗന്ധധൂപം അർപ്പിച്ചിരുന്നത് ബലി അർപ്പിച്ചതിനുശേഷം ബലി ദൈവത്തിങ്കലേക്കുയർത്തുന്ന ഒരു വാഹനമായിട്ടാണ്. എന്നാൽ മലങ്കര കുർബാനയിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു. കർത്താവേ, പാപികളായ നിന്റെ ദാസരിൽനിന്ന് ഈ ധൂപം കൈക്കൊണ്ട് നിന്റെ വിശുദ്ധ ബലിപീഠത്തോട് ഞങ്ങളെ അടുപ്പിക്കണമേ. സുഗന്ധധൂപാർപ്പണംവഴി വി.കുർബാന സ്വർഗീയ ബലിയായിത്തീരുകയാണ് (വെളി 8:3-4). ആചാര്യനായ അഹറോൻ ധൂപം വീശി ഇസ്രായേൽ ജനത്തിൽനിന്ന് വസന്ത നിരോധിച്ചു (സംഖ്യ 16:47-48)[9]. ക്രിസ്തീയ പുരോഹിതനും ഒരുവിധത്തിൽ അഹറോന്യ ആചാര്യനാണ് (ഹെബ്രാ 5:4). അഹറോന്യ പൗരോഹിത്യ പ്രകാരമുള്ള ധൂപകലശവും ധൂപവും ക്രൈസ്തവസഭ സ്വീകരിച്ചു.

ധൂപക്കുറ്റിയുടെ മേൽത്തട്ട് സ്വർഗത്തെയും അടിത്തട്ട് ഭൂമിയെയും അതിനകത്തുള്ള കരി പാപികളായ മനുഷ്യരെയും അഗ്നി പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു. പാപമാലിന്യങ്ങളാൽ കരിക്കു തുല്യരായിരിക്കുന്ന മനുഷ്യർ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ വിശുദ്ധീകരിക്കപ്പെടുന്നു എന്ന് ധൂപക്കുറ്റി വ്യക്തമാക്കുന്നു. കുന്തിരിക്കം വിശ്വാസികളുടെ വിശ്വാസം, ശരണം, സ്നേഹം എന്നീ പുണ്യ

8. വി.കുർബാനയിലെ ഒരു സെദറായിൽ
9. ഒരുക്ക ശുശ്രൂഷയിൽ ധൂപം വീശിക്കൊണ്ടുള്ള സെദറായിൽ

ങ്ങളെ സൂചിപ്പിക്കുന്നു. കുന്തിരിക്കം ഒട്ടിപ്പിടിക്കുന്ന പശയാണ്. ദൈവാരാധനയിൽ മനുഷ്യൻ ദൈവത്തോട് ഐക്യപ്പെടണമെന്ന് ഇത് സൂചിപ്പിക്കുന്നു (വിശ്വാസം). ധൂപം മേല്പ്പോട്ട് ഉയരുന്നതുപോലെ വിശ്വാസികളുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ എത്തുമെന്ന് (സങ്കീ 141:2) പ്രത്യാശ. അതിന്റെ സുഗന്ധം ചുറ്റും വ്യാപിച്ച് മറ്റുള്ളവർക്ക് സന്തോഷം പകരുന്നതുപോലെ നമ്മുടെ ആരാധനും സുകൃതജീവിതവും മനുഷ്യർക്കും ദൈവത്തിനും സന്തോഷം നൽകേണ്ടതാണ് (സ്നേഹം). സമുദ്രജലം സൂര്യന്റെ ചൂടുകൊണ്ട് ആവിയായി കാർമേഘമായി കാണപ്പെട്ട് ആകാശത്തിലേക്കുയർന്ന് തണുത്ത് വീണ്ടും ജലമായി താഴേക്ക് വീഴുന്നതുപോലെ നമ്മുടെ പ്രാർത്ഥനകളും സമർപ്പണവും സ്വർഗസിംഹാസനത്തിലെത്തി സംപ്രീതമായി ദൈവസന്നിധിയിൽനിന്നും വീണ്ടും അനുഗ്രഹമാരിയായി നമ്മിലേക്കു ചൊരിയപ്പെടുമെന്ന് ധൂപക്കുറ്റിയിൽനിന്നുയരുന്ന പുക വ്യക്തമാക്കുന്നു.

ധൂപക്കുറ്റി ദൈവമാതാവായ വി.കന്യകമറിയാമിനെയും അഗ്നി വി.കന്യകയുടെ ഉദരത്തിൽ വസിച്ച അഗ്നിയായ (ഹെബ്രാ 12:29) ദൈവത്തെയും സൂചിപ്പിക്കുന്നു. അതിന്റെ ചങ്ങലകളിൽ ഒന്നാമത്തേത് പിതാവായദൈവത്തെയും രണ്ടാമത്തേതും മൂന്നാമത്തേതും കൂടി മനുഷ്യാവതാരം ചെയ്ത പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ പുത്രൻതമ്പുരാനെയും നാലമത്തേത് പരിശുദ്ധാത്മാവായ ദൈവത്തെയും സൂചിപ്പിക്കുന്നു. ചങ്ങലകളുടെ മുകളിലുള്ള തകിടും കൊളുത്തും വളയവുംകൂടി പരി.ത്രിത്വത്തിന്റെ യോജിപ്പിനെയും ഏകത്വത്തെയും വ്യക്തമാക്കുന്നു. ചങ്ങലകളിലുള്ള 12 മണികൾ 12 ശ്ലീഹന്മാരെയും ഓരോ ചങ്ങലയിലുമുള്ള 72 കണ്ണികൾ 72 അറിയിപ്പുകാരെയും ദൃഷ്ടാന്തീകരിക്കുന്നു.

**ധൂപാർപ്പണം** പ്രധാനമായി നാലു കാര്യങ്ങൾ സൂചിപ്പിക്കുന്നു.

1. വി.കുർബാനയിൽ കുന്തിരിക്കം ആദ്യം ധൂപക്കുറ്റിയിൽ ഇട്ടുകൊണ്ട് വൈദികൻ ഇപ്രകാരം പറയുന്നു. *മഹനീയമായ പരിശുദ്ധ ത്രിത്വത്തിന്റെ ബഹുമതിക്കും മഹിമയ്ക്കും വേണ്ടി ബലഹീനവും പാപപങ്കിലവുമായ എന്റെ കൈകളാൽ സുഗന്ധധൂപം അർപ്പിക്കപ്പെടുന്നു.* ധൂപാർപ്പണം ആരുടെനേർക്ക് നടത്തുന്നുവോ ആ വ്യക്തിയെ ബഹുമാനിക്കാനാണ്.

2. പാപികളായ നമ്മുടെ ശുദ്ധീകരണത്തിന്റെ പ്രതീകമാണ് ധൂപാർപ്പണം. അതുകൊണ്ടാണ്, പ്രുമിയോൻ ചൊല്ലിക്കഴിഞ്ഞ് ധൂപം അർപ്പിക്കുന്നതും അതുകഴിഞ്ഞ് പാപപരിഹാര പ്രാർത്ഥന[10] നടത്തുന്നതും. സെദറായുടെ അവസാനം ദൈവത്തിൽ നിന്ന് കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടുലോകങ്ങളിലും എന്നേക്കും നാം പ്രാപിക്കുമാറാകട്ടെ എന്നു ചൊല്ലി ജനത്തിനു പാപമോചനം നൽകുന്നു.





3. ധൂപാർപ്പണം സ്വർഗത്തിലുള്ളവരുടെ ആരാധനയോട് ബന്ധപ്പെടുന്നതിന്റെ അടയാളമാണ്. വിശുദ്ധന്മാരുടെ പ്രാർത്ഥനയോടൊരുമിച്ച് സ്വർഗത്തിൽ ധൂപാർപ്പണം നടക്കുന്നതായി വി.യോഹന്നാൻ ശ്ലീഹാ പറയുന്നു (വെളി 8:3-4). ഒരുക്കശുശ്രൂഷയിൽ ധൂപാർപ്പണസമയത്തും[11] കുർബാനയുടെ അവസാനഭാഗത്ത് *കുക്കിലിയോൻ* [12] എന്ന ഗീതം ചൊല്ലുമ്പോഴും സ്വർഗത്തിലുള്ള വിശുദ്ധരുമായി നാം സംസർഗ്ഗം ചെയ്യുകയാണ്.

4. ജനങ്ങളുടെ പക്കലേക്കുള്ള ധൂപംവീശൽ സഭയുടെ പ്രേഷിതപരമായ കടമകളെ അനുസ്മരിപ്പിക്കുന്നു. രണ്ടു കൈകളും വിടർത്തി ധൂപം സ്വീകരിച്ച് നെഞ്ചിലേക്കും അധരങ്ങളിലേക്കും കൈപ്പത്തി അടുപ്പിക്കുന്നതും തുടർന്ന് തല വണങ്ങി കുരിശുവരയ്ക്കുന്നതും സത്യവിശ്വാസം സ്വീകരിച്ചതിന്റെയും സുവിശേഷ പ്രഘോഷണത്തിനുള്ള കടമ അംഗീകരിച്ചതിന്റെയും അടയാളമായിട്ടാണ്.

10. ഹൂസോയൊ പ്രാർത്ഥന-പാപപരിഹാരം ചെയ്യുന്നവനും.

11. ധൂപാർപ്പണത്തോടുകൂടെ ദൈവമാതാവായ കന്യകമറിയം അനുസ്മരിക്കപ്പെടട്ടെ.

12. നിന്നാൾ സ്തുതിയൊടു രാജമകൾ.

# 7

# വൈദികസ്ഥാനികളും സ്ഥാനവസ്ത്രങ്ങളും

സഭയിലാണ് വി.കുർബാന അർപ്പിക്കപ്പെടുന്നത്. സഭയുടെ ശിരസ്സും മണവാളനുമായ (എഫേ 4:15; 5:23) ക്രിസ്തുതന്നെയാണ് അതിന്റെ പ്രധാന കാർമ്മികൻ. *കുരിശിൽ സ്വയാർപ്പണം ചെയ്ത അവിടുന്നു തന്നെയാണ് പുരോഹിത ശുശ്രൂഷയിലൂടെ ഇപ്പോൾ അതേ അർപ്പണം നടത്തുന്നത്*[1]. കർത്താവിന്റെ കൗദാശിക സാന്നിദ്ധ്യമായ മേല്പ്പട്ടക്കാരന്റെ പ്രധാന കാർമ്മികത്വത്തിലാണ് വി.കുർബാന അർപ്പിക്കപ്പെടുന്നത്. മേല്പ്പട്ടക്കാരന് എല്ലാ ഇടവകകളിലും ഉണ്ടായിരിക്കുക സാദ്ധ്യമല്ലാത്തതിനാൽ, അദ്ദേഹത്തിന്റെ പ്രതിനിധിയായ *കശീശായുടെ*[2] കാർമ്മികത്വത്തിൽ വി.കുർബാന അർപ്പിക്കുന്നു. കുർബാന അർപ്പിക്കുമ്പോൾ പുരോഹിതൻ ദൈവത്തിന്റെയും ജനത്തിന്റെയും പ്രതിനിധിയായി വർത്തിക്കുകയാണ്. വിശദമായി പറഞ്ഞാൽ പുരോഹിതൻ അഞ്ചു കാര്യങ്ങൾ ചെയ്യുന്നു.

1. ദൈവത്തിന്റെ പ്രതിനിധിയായി വാഴ്വും പാപമോചനവും നൽകുന്നു.

2. ക്രിസ്തുവാകുന്ന ഏക മദ്ധ്യസ്ഥന്റെ പ്രതിനിധിയായി മനുഷ്യർക്കു വേണ്ടി മാദ്ധ്യസ്ഥം അപേക്ഷിക്കുന്നു.

---

1. രണ്ടാം വത്തിക്കാൻ കൗൺസിൽ-ആരാധനക്രമം നമ്പർ 7

2. സുറിയാനിക്കാർ പുരോഹിതൻ എന്ന അർത്ഥത്തിൽ *കൊഹനോ* എന്നും *കശീശാ* എന്നും രണ്ടു സുറിയാനി പദങ്ങൾ ഉപയോഗിക്കുന്നു. ദൈവത്തിനും മനുഷ്യർക്കുമിടയിൽ മദ്ധ്യസ്ഥനായിരുന്നുകൊണ്ട് ബലിയർപ്പകൻ എന്ന ആശയത്തിനു മുൻതൂക്കം നൽകുന്ന സുറിയാനി പദമാണ് കൊഹനോ . ശ്രേഷ്ഠൻ presbyter, ആദ്ധ്യക്ഷം വഹിക്കുന്നയാൾ എന്നൊക്കെയാണ് കശീശായുടെ അർത്ഥം.

3. ദൈവജനത്തിന്റെ ആൾപ്പേരായി ഞങ്ങൾ എന്ന ഉത്തമ പുരുഷ ബഹുവചനം ഉപയോഗിച്ച് പ്രാർത്ഥിക്കുന്നു.

4. ആരാധനാസമൂഹത്തിന്റെ നായകനായി പ്രാർത്ഥന ആരംഭിക്കുകയും നയിക്കുകയും ചെയ്യുന്നു.

5. ഒരു വ്യക്തിയെന്ന നിലയിലും പുരോഹിതനെന്ന നിലയിലും ദൈവത്തോടു പ്രാർത്ഥിക്കുകയും തനിക്കു വേണ്ടി ദൈവത്തോടും ആരാധനാസമൂഹത്തോടും അപേക്ഷിക്കുകയും ചെയ്യുന്നു.

പുരോഹിതനു അധികാരം സിദ്ധിക്കുന്നത് ദൈവത്തിൽനിന്നത്രേ (യോഹ 15:61; ഹെബ്രാ 5:4). അതേസമയം, പുരോഹിതൻ ദൈവജനത്തിനുവേണ്ടിയാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത് (ഹെബ്രാ 5:1-3). അതിനാൽ ജനത്തിന്റെ ആത്മീയപിതാവും, നായകനും ദാസനുമായി പുരോഹിതൻ വർത്തിക്കുന്നു. മദ്ബഹായിൽ നിൽക്കുന്ന പുരോഹിതനും ഹൈക്കലായിൽ നിൽക്കുന്ന ജനത്തിനും മദ്ധ്യേയുള്ള സംയോജന ശൃഖലയായി പ്രവർത്തിക്കുകയും ദൈവാരാധനയിൽ സമൂഹത്തെ നയിക്കുകയും, സമൂഹത്തോടൊന്നിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ് ശുശ്രൂഷകർ. മഹാപുരോഹിതൻ കൈവയ്പു നല്കിയ ശെമ്മാശന്മാരുടെ ഗണത്തിൽപ്പെട്ടവരോ, അഥവാ കൈവയ്പ് ലഭിച്ച അൽമായരോ[3] ആണ് ശുശ്രൂഷകരായി വർത്തിക്കുന്നത്. പുരോഹിതൻ പ്രത്യേക പ്രാർത്ഥന നടത്തി കൈവയ്പ് കൊടുത്ത് ബാലന്മാരെ മദ്ബഹായിലെ ശുശ്രൂഷയ്ക്കായി നിയോഗിക്കുന്ന പതിവുണ്ട്.

രമ്യതയുടെ ശുശ്രൂഷ ദൈവത്തിൽനിന്ന് സ്വീകരിച്ച പുരോഹിതന്മാർ ക്രിസ്തുവിന്റെ സ്ഥാനപതികളാണ് (2 കോറി 5:18-20; എഫേ 6:20). ജനങ്ങളിൽനിന്ന് ജനങ്ങൾക്കുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടവരെന്ന നിലയിൽ (ഹെബ്രാ 5:1) ജനത്തിന്റെ പ്രതിനിധികളുമാണവർ. പുരോഹിതൻ ദൈവത്തിനും മനുഷ്യർക്കുമിടയിൽ മദ്ധ്യസ്ഥനാകുന്നു. മോശെ ബർ കേഫാ വി.കുർബാനയുടെ വ്യാഖ്യാനത്തിൽ വൈദികന്റെ സ്ഥാനത്തെക്കുറിച്ച് പറയുന്നതിപ്രകാരമാണ്.

3. ദൈവജനത്തെ സൂചിപ്പിക്കാൻ സുറിയാനിക്കാർ അൽമേനി അഥവാ അൽമായൻ, അയ്മേനി എന്നീ രണ്ടു പദങ്ങൾ ഉപയോഗിക്കുന്നു. ലോകത്തിൽ നിന്നുള്ളവൻ എന്ന അർത്ഥത്തിൽ അൽമേനി (ഒൽമോ=ലോകം രണ്ടാം വത്തിക്കാൻ കൗൺസിൽ-തിരുസഭ നമ്പർ 3) എന്നും വിശ്വാസി എന്ന അർത്ഥത്തിൽ അയ്മേനി എന്നും പറയുന്നു.





1. തന്നെ ജനിപ്പിച്ചവന്റെ മുമ്പാകെ തന്റെ ശരീരം മുറിച്ച് തന്റെ ശിഷ്യന്മാർക്കു കൊടുത്ത മിശിഹായുടെ സ്ഥാനത്താണ് വൈദികൻ.
2. സഭ മുഴുവനുംവേണ്ടി ദൈവത്തോടപേക്ഷിക്കുന്ന വിശ്വാസികളുടെ സമൂഹത്തിന്റെ ശിരസ്സിലുള്ള നാവാണ് വൈദികൻ.
3. ദിവ്യരഹസ്യങ്ങൾവഴി ആദ്ധ്യാത്മിക കാര്യങ്ങൾ വരച്ചുകാട്ടുന്ന ചിത്രപ്പണിക്കാരനാണ് വൈദികൻ.
4. അതുപോലെ ദൈവത്തിനും മനുഷ്യനും ഇടയിലുള്ള മദ്ധ്യസ്ഥനും[4].

പൗരസ്ത്യ പാരമ്പര്യം അനുസരിച്ച് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ് കൂദാശകൾ അഥവാ ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യപ്പെടുന്നത്. വൈദികൻ ശുശ്രൂഷാപരമായ ധർമ്മമാണ് നിർവഹിക്കുന്നത്[5]. ക്രിസ്തുവിന്റെ ദാസന്മാരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരുമായിട്ടാണ് (1 കോറി 4:1) വൈദികർ പരിഗണിക്കപ്പെടേണ്ടത്. അവരെ വി.സഭയാകുന്ന ക്രിസ്തുവിന്റെ ശരീരത്തിലെ ചങ്ക് എന്നും ശ്രീഭണ്ഡാരങ്ങളുടെ കാര്യസ്ഥർ എന്നും സഭാപിതാക്കന്മാർ വിളിച്ചിട്ടുണ്ട്[6].

## പട്ടത്വവരങ്ങൾ

ദാനങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും ആത്മാവ് ഒന്നുതന്നെ. ശുശ്രൂഷകളിൽ വൈവിധ്യം ഉണ്ടെങ്കിലും കർത്താവ് ഒന്നുതന്നെ (1 കോറി 12:4). അതുപോലെ പട്ടത്വവരങ്ങൾ പലതാണെങ്കിലും അവയെ പ്രദാനം ചെയ്യുന്ന പരിശുദ്ധാത്മാവ് ഒന്നുമാത്രമാണ്. പട്ടത്വ വരങ്ങൾ മൂന്നാകുന്നു.

1. മഹാപുരോഹിതൻ
2. പുരോഹിതൻ
3. ശമ്മാശ്ശൻ[7]

4. ഫാ. ചേടിയത്ത് കുദാശാഭാഷ്യം പേജ് 15-16

5. Pseudo Dionysius, De Ecclesiastica Hierarchia V 3.3 - PG III 528 മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനി രചിച്ച മതോപദേശ സാരം 10 -ാം സംഗതിയിൽ പട്ടത്വത്തെക്കുറിച്ച് ഇപ്രകാരം കാണുന്നു. പട്ടക്കാർ ഭൂമിക്കടുത്തവരെ സ്വർഗത്തിനടുത്തവരും മൃഗസ്വഭാവികളെ ദൈവസ്വഭാവികളുമാക്കിത്തീർക്കുന്നതിനുള്ള വഴികാട്ടികളും കാണപ്പെടാവതല്ലാത്ത ദൈവത്തിന്റെ സ്ഥാനപതികളും തന്റെ സഭയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന വി.കൂദാശകളെ ശുശ്രൂഷിക്കുന്നവരുമാകുന്നു (പുറം 28).

6. കൊഹനൈത്തായുടെ മൂന്നാം ശുശ്രൂഷയിലെ സെദറായിൽ.

7. സുറിയാനി പദത്തിന്റെ അർത്ഥം ശുശ്രൂഷകൻ

ഇപ്രകാരം പട്ടത്വവരം മൂന്നായി വിഭാഗിക്കപ്പെടുവാൻ കാരണമുണ്ട്. ആദ്യപാപംമൂലം നഷ്ടപ്പെട്ടുപോയ ദൈവസാദൃശ്യത്തിലേക്ക് മനുഷ്യവംശത്തെ തിരിച്ചുകൊണ്ടുവന്ന് ദൈവമഹത്വത്തിൽ വീണ്ടും സംബന്ധിപ്പിക്കേണ്ടതിന് മൂന്ന് പ്രധാന സംഗതികളാണാവശ്യം.

1. വെടിപ്പാക്കൽ
2. പ്രകാശിപ്പിക്കൽ
3. പൂർണ്ണമാക്കൽ

ശമ്മാശനു വെടിപ്പാക്കാനുള്ള വരവും പുരോഹിതനു പ്രകാശിപ്പിക്കാനുള്ള വരവും മഹാപുരോഹിതനു പൂർണ്ണമാക്കാനുള്ള വരവും നൽകപ്പെട്ടിരിക്കുന്നു. സ്വർഗീയ ശുശ്രൂഷയിൽ 9 വൃന്ദം മാലാഖമാരുള്ളതുപോലെ ഭൗമികസഭയിലെ ശുശ്രൂഷയിൽ വൈദികസ്ഥാനികൾ 9 വൃന്ദങ്ങളാണ്.മാലാഖമാരിൽ മൂന്നു പദവികളുള്ളതുപോലെ പട്ടത്വപദവികളും മൂന്നാണ്[8].

8. Ps.Dionysius PG 3; cfr J.Madey Christian Orient V (1984) p173) "Even here in the Church the gradation of bishops, presbyters and deacons happens to be imitations, in my opinion, of the angelic glory... St. Clement of Alexandria, Stromateis.

9.ഗണം സ്വർഗീയ സൈന്യങ്ങളെപ്പറ്റി മാർ യാക്കോബിന്റെ അനാഫോറായിൻ വിവരിച്ചിട്ടുണ്ട്. cfr St.Cyril of Jerusalem, Catechetical Lectures 23.5 മേല്പ്പട്ട സ്ഥാനാഭിഷേക കർമ്മത്തിന്റെ ഒന്നാം ശുശ്രൂഷയിലെ പ്രുമിയോനിൽ പട്ടത്വപദവികളെക്കുറിച്ച് ഇങ്ങനെ പറയുന്നു. *അവൻ സ്വർഗീയ സഭയിൽ അദൃശ്യമായി സ്തുതിക്കപ്പെടുകയും ഭൗമിക സഭയിൽ മേല്പ്പട്ടക്കാരാലും പട്ടക്കാരാലും ശുശ്രൂഷകരാലും (ശമ്മാശന്മാർ) പുകഴ്ത്തപ്പെടുകയും ചെയ്യുന്നു.* തുടർന്ന് സെദറായിൽ വായിക്കുന്നതിങ്ങനെ. *ഉത്കൃഷ്ടമായ ശുശ്രൂഷകൊണ്ട് അവർ ധന്യരും സംശുദ്ധരും (വെടിപ്പാക്കൽ) പ്രകാശിതരും (പ്രകാശിപ്പിക്കൽ) സമ്പൂർണ്ണരുമായി (പൂർണ്ണമാക്കൽ) തീരുവാൻ തക്കവണ്ണം നിന്റെ ദൈവിക ദാനങ്ങൾ അവർക്കു നീ നൽകി.*





## പൗരോഹിത്യ പദവികൾ

| സ്വർഗ്ഗീയ സൈന്യങ്ങൾ | പൗരോഹിത്യ പദവികൾ | അംശവസ്ത്രങ്ങൾ |
|---|---|---|
| 1. ഏലോയെ (ഉന്നതപദവി) | മഹാ പൗരോഹിത്യം പൂർണ്ണമാക്കൽ | |
| a) ശ്രോപ്പേ (Seraphim) | a) പാത്രിയർക്കീസ് (കാതോലിക്ക, മപ്രിയാന)[9] | ............ പത്രസീൻ ............. |
| b) ക്രൂബേ (Cherubin) | b) മെത്രാപ്പോലീത്താ | ............ പത്രസീൻ ............. |
| c) മൗത്ത്ബേ (Thrones) | c) എപ്പിസ്ക്കോപ്പാ [10] | കാപ്പാ, പത്രസീൻ, ശീലമുടി, കുരിശുമാല, മോതിരം, സ്ലീബാ, അംസവടി |
| 2. മെസഓയെ (മദ്ധ്യപദവി) | പൗരോഹിത്യം പ്രകാശിപ്പിക്കൽ | |
| a) മോറാവോസെ (Dominions) | a) ഹൈറദ്‌യൂത്തൊ [11] | ഊതനിറത്തിലുള്ള കുപ്പായം, തൊങ്ങലുള്ള കാപ്പ, തലയിൽ വെള്ളശീല. |
| b) ഹൈലാവോസെ (Virtues) | b) കോറെപ്പിസ്ക്കോപ്പാ [12] | തൊങ്ങലുള്ള കാപ്പ, കാപ്പയുടെമേൽ വെള്ളശീല. |
| c) ശുൽത്തോനെ (Powers) | c) കൊഹനൊ [13] | ഹമ്നീക്ക, ഇടക്കെട്ട്, കയ്യുറ, കാപ്പ |
| 3. തഹത്തോയെ (താണപദവി) | ശുശ്രൂഷാസ്ഥാനം വെടിപ്പാക്കൽ | |
| a. അർക്കാവോസെ (Principalities) | a. അർക്കദിയാക്കോൻ[14] | ചെരുപ്പ്, ശുശ്രൂഷക്കുപ്പായം, ഊറാറ, കയ്യുറ. |
| b. റാബൈമാലഖെ (Archangels) | b. ശമ്മാശൻ | ചെരുപ്പ്, ശുശ്രൂഷക്കുപ്പായം, 6 കുരിശുള്ള ഊറാറ. |
| c. മാലാഖെ (Angels) | c. എവുപ്പ്ദിയാക്കോൻ[15] | ചെരുപ്പ്, ശുശ്രൂഷക്കുപ്പായം, 5 കുരിശുള്ള ഊറാറ |

9. കാതോലിക്കായ്ക്ക് തത്തുല്യമായ സ്ഥാനം
10. ഗ്രീക്ക് പദത്തിന്റെ അർത്ഥം മേൽനോട്ടക്കാരൻ – മെത്രാൻ
11. *Episcopal visitor*
12. *Bishop of the Countryside*
13. പട്ടക്കാരൻ
14. ഗ്രീക്ക് വാക്കിന്റെ അർത്ഥം ശമ്മാശന്മാരിൽ പ്രധാനി എന്നാണ്.
15. ഗ്രീക്കു പദം– ശമ്മാശനു താഴെയുള്ള പദവി.

ഇവ കൂടാതെ കൈവയ്പുവഴി ലഭിക്കുന്ന പദവികൾ വേർതിരിവിന്റെ അനുഗ്രഹങ്ങൾ എന്നറിയപ്പെടുന്നു.

1. *കോറൂയൊ* – വായനക്കാരൻ. വി.കുർബാനയിലും മറ്റു കൂദാശകളിലും ശുശ്രൂഷകളിലും കെസ്ത്രൂമാ (അഴിക്കകം) യിൽ പ്രവേശിച്ച് പഴയനിയമവും ലേഖനങ്ങളും വായിക്കുന്നു. ഊറാറ പുറത്തും നെഞ്ചത്തുമായി കുരിശാകൃതിയിൽ ധരിക്കുന്നു.

2. *മ്സമ്റോനൊ* – പാട്ടുകാരൻ. കെസ്ത്രൂമായിൽ നിന്ന് വി.കുർബാനയിലും മറ്റു ശുശ്രൂഷകളിലും പാട്ടു പാടുന്നതും സങ്കീർത്തനങ്ങൾ ആലപിക്കുന്നതും ഈ പദവിയിലുള്ളവരാണ്.

3. *മൗമ്യോനൊ* – ഭൂതഗ്രാഹി. മാമോദീസായുടെ സമയത്ത് പിശാചുക്കളെ ഒഴിപ്പിക്കുകയും വിശ്വാസ പ്രതിജ്ഞ ചെയ്യിക്കുകയും ചെയ്യുന്നു.

4. *മ്പശ്ക്കോനൊ* – ഉപദേശി. സ്നാനാർത്ഥികളെ വിശ്വാസം പഠിപ്പിക്കുകയും സ്നാനം സ്വീകരിക്കാൻ അവരെ ഒരുക്കുകയും ചെയ്യുന്നു.

5. *മ്ശമ്ശോനീസൊ* – ശുശ്രൂഷക. സ്ത്രീകളുടെ മാമോദീസായിൽ തൈലം പൂശുന്നതിനും മറ്റും സഹായിക്കുന്ന സ്ത്രീ.

പഴയ നിയമത്തിലെ മോശയുടെയും അഹറോന്റെയും സ്ഥാനമാണ് വി.സഭയിൽ മേല്പട്ടക്കാർക്കുള്ളത്. പട്ടക്കാർ അഹറോന്റെ പുത്രന്മാരുടെ സ്ഥാനത്താണ്. ലേവ്യരുടെ സ്ഥാനത്ത് ശമ്മാശന്മാർ. സഭയെന്ന മൗതിക ശരീരത്തിന്റെ അദൃശ്യതലവൻ ക്രിസ്തുവും ദൃശ്യതലവൻ മഹാപുരോഹിതനും, നാവ് പുരോഹിതനും ഹസ്തം ശമ്മാശനുമാകുന്നു[16].

## അംശവസ്ത്രങ്ങൾ

ക്രിസ്തീയ സഭയുടെ നിഴലായിരുന്ന യഹൂദസഭയിൽ ലേവ്യർക്കും ആചാര്യന്മാർക്കും പ്രധാനാചാര്യനും പ്രത്യേക സ്ഥാന വസ്ത്രങ്ങൾ ഉണ്ടായിരുന്നു (പുറ 28:1–43; 39:1–43; ലേവ്യ 8:1–13). അതു

16.“മെത്രാന്മാർ ദൈവത്തിന്റെ സ്ഥാനത്ത് അദ്ധ്യക്ഷതവഹിക്കുന്നു. വൈദികർ അപ്പസ്തോലിക സമൂഹത്തിന്റെ സ്ഥാനമെടുക്കുന്നു. എന്റെ പ്രിയങ്കരരായി യേശുക്രിസ്തുവിന്റെ ശുശ്രൂഷാസ്ഥാനം ശമ്മാശന്മാർക്ക് ഏല്പിക്കപ്പെടട്ടെ’’. അന്ത്യോകൃയിലെ മാർ ഇഗ്നാത്തിയോസ്, മാഗ്നേഷ്യർക്ക് എഴുതി ലേഖനം IV, 1





പോലെ പുതിയനിയമത്തിലെ സഭയിലെ ശമ്മാശന്മാർക്കും പട്ടക്കാർക്കും മേല്പട്ടക്കാർക്കും പ്രത്യേകം പ്രത്യേകം അംശവസ്ത്രങ്ങളുണ്ട്. ദൈവത്തിൽനിന്ന് അധികാരം ലഭിക്കാതെ സ്വന്തം നിലയിൽ ഒന്നും ചെയ്യാൻ അധികാരമില്ലെന്ന് സുചിപ്പിക്കത്തക്കവണ്ണം അംശവസ്ത്രങ്ങൾ ധരിച്ചാണ് വൈദികസ്ഥാനികൾ കൂദാശകളും മറ്റ് ശുശ്രൂഷകളും പരികർമ്മം ചെയ്യുന്നത്. ശത്രുവിന്റെ കുടില തന്ത്രങ്ങളെ ചെറുത്തുനില്ക്കാൻ വേണ്ട ആത്മീയ ആയുധങ്ങളാണ് (എഫേ 6:10–17) അംശവസ്ത്രങ്ങൾ എന്ന് അവ ധരിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനകൾ വ്യക്തമാക്കുന്നു.

## ശമ്മാശന്മാരുടെ അംശവസ്ത്രങ്ങൾ

*എവുപ്പ്ദിയാക്കോനൊ* (sub-deacon) ചെരുപ്പും ശുശ്രൂഷക്കുപ്പായവും ഊറാറായും ധരിക്കുന്നു. വലതു കക്ഷത്തിൽക്കൂടി ചുറ്റി ഇടത്തെ തോളിൽ മുമ്പോട്ടും പിറകോട്ടുമാണ് ഊറാറാ ധരിക്കുന്നത്. അഞ്ചാം പട്ടത്തെ[17] സൂചിപ്പിക്കുന്ന അഞ്ചുകുരിശുകൾ ഊറാറായിലുണ്ട്. പട്ടമേല്ക്കുമ്പോൾ മെത്രാനിൽ നിന്ന് മെഴുകുതിരി സ്വീകരിക്കുന്നു. വിളക്കു വഹിച്ചിരുന്ന അഹറോന്റെ പുത്രന്മാരുടെ (പുറ 27:20,21) സ്ഥാനമാണ് എവുപ്പ്ദിയാക്കോനന്മാർക്കുള്ളത്. ഏവൻഗേലിയോൻ വായനയുടെ സമയത്തും പ്രദക്ഷിണസമയത്തും ഇവർ തിരികൾ വഹിക്കുന്നു. മർബഹാസായും ചെറിയമണിയും കിലുക്കേണ്ടതും ഇവരാണ്. പള്ളിയിലെ വിളക്കും ത്രോണോസിലെ തിരികളും ഇവരാണ് കത്തിക്കുന്നത്. പള്ളിയുടെ വാതിലുകൾ തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നതിനുള്ള ചുമതലയും ഇവരിൽ നിക്ഷിപ്തമായിരിക്കുന്നു.

സമാധാന സുവിശേഷത്തിന്റെ ഒരുക്കമെന്ന ചെരിപ്പാണ് (എഫേ 6:15) ഇവർ ധരിക്കുന്നത്. എതിരാളിയെ ചവുട്ടി മെതിക്കുന്നതിനുള്ള സന്നദ്ധതയെ ഇത് സൂചിപ്പിക്കുന്നു. താൻ ചെയ്ത പാപങ്ങൾ മൂലമുണ്ടായ കറയെ യേശുക്രിസ്തുവിന്റെ ക്രൂശിലെ രക്തത്തിൽ അലക്കി വെളുപ്പിച്ച് ശുഭ്രമാക്കണമെന്ന് ശുശ്രൂഷക്കുപ്പായം ഓർമ്മിപ്പിക്കുന്നു. ശുഭ്രവസ്ത്രധാരികളായ മാലാഖമാർ കബറിങ്കൽ കാണപ്പെട്ടതിനെ ഇത് അനുസ്മരിപ്പിക്കുന്നു. കൂടാതെ ഇത് ഹൃദയശുദ്ധിയെ സൂചിപ്പിക്കുന്നു. ഊറാറ മാലാഖമാരുടെ ചിറകുകളെ അനുസ്മരിപ്പി

17. ഒന്നാം പട്ടം – മ്പശ്ക്കോനൊ; രണ്ടാം പട്ടം – മൗമ്യോനൊ; മൂന്നാം പട്ടം – മ്സമ്റോനൊ; നാലാം പട്ടം – കോറൂയൊ; അഞ്ചാം പട്ടം – എവുപ്പ്ദിയാക്കോനൊ; ആറാം പട്ടം – മ്ശമ്ശോനൊ, ഏഴാം പട്ടം – കശ്ശീശ്ശൊ

ക്കുന്നു. ആത്മീയ ശത്രുക്കൾക്കെതിരെയുള്ള നീതിയുടെ കവചത്തെ (എഫേ 6:14) ഇത് സൂചിപ്പിക്കുന്നു. ക്രിസ്തീയ ജീവിതം ഒരു ആത്മീയ പോരാട്ടമാണെന്നും ലോകം, ജഡം. പിശാച് എന്നിവയെ സദാ എതിർത്തുനിൽക്കേണ്ടതാണെന്നും ഇത് കാണിക്കുന്നു. ദൈവാരാധനയിൽ ശുശ്രൂഷയ്ക്കുള്ള താല്പര്യത്തെ ഇത് വിളിച്ചറിയിക്കുന്നു.

ശമ്മാശനും മേൽപ്പറഞ്ഞ അംശവസ്ത്രങ്ങൾ തന്നെയാണ് ധരിക്കുന്നത്. ഊറാറ ഇടത്തെ തോളിൽ മുമ്പോട്ടും പിറകോട്ടുമായി ഇടുന്നു. 6-ാം പട്ടത്തെ സൂചിപ്പിക്കുന്ന 6 കുരിശുകൾ ഊറാറായിൽ ഉണ്ടായിരിക്കും. പട്ടമേല്ക്കുമ്പോൾ ധൂപക്കുറ്റി സ്വീകരിക്കുന്നു. അർക്കദിയാക്കോന് മേൽപ്പറഞ്ഞവയ്ക്കു പുറമേ കയ്യുറയും അംശവസ്ത്രമായിട്ടുണ്ട്. മെത്രാന്റെ അംശവടി പിടിക്കാൻ അർക്കദിയാക്കോന് അനുവാദം ലഭിക്കുന്നു.

## പട്ടക്കാരുടെ അംശവസ്ത്രങ്ങൾ

പട്ടക്കാരുടെ അംശവസ്ത്രങ്ങൾ താഴെ പറയുന്നവയാണ്. ചെരുപ്പ്, (കറുത്തകുപ്പായം, ഇടക്കെട്ട്), വെളുത്ത ശുശ്രൂഷക്കുപ്പായം, ഹമ്നിയാ (ഊറാറ), ഇടക്കെട്ട്, കയ്യുറ, കാപ്പ. മാമോദീസാ സ്വീകരിച്ചപ്പോൾ ലഭിച്ച പരിശുദ്ധിയിൽനിന്ന് മനുഷ്യൻ വഴുതിവീണ് പാപപങ്കിലമായിത്തീർന്നിരിക്കുന്നുവെന്ന് കറുത്ത കുപ്പായം സൂചിപ്പിക്കുന്നു. ജനത്തിന്റെ പാപഭാരം താൻ വഹിച്ചിരിക്കുന്നുവെന്ന് ഇത് കാണിക്കുന്നു. മാമോദീസായിൽ ലഭിച്ച സ്വർഗീയ ധനം ധൂർത്ത പുത്രനെപ്പോലെ നഷ്ടമാക്കിയെന്ന് ഇത് വിളിച്ചുപറയുന്നു. ആത്മാവിനും ശരീരത്തിനും ആവശ്യമായ നൈർമല്യത്തെയും പരിശുദ്ധിയേയും പറ്റി വെള്ളയങ്കി നമ്മെ അനുസ്മരിപ്പിക്കുന്നു. മലയിൽവച്ച് യേശു രൂപാന്തരപ്പെട്ടപ്പോൾ തന്റെ വസ്ത്രം പ്രകാശംപോലെ ധവളമായതിന്റെ (മത്താ 17:2) പ്രതീകമാണ് വെള്ളയങ്കി. സുറിയാനിയിൽ കുത്തീനൊ എന്നു പേരുണ്ട്.

## നീതിയുടെ കവചം

നമ്മുടെ കർത്താവ് തോളിൽ വഹിച്ച കുരിശിന്റെ സാദൃശ്യമാണ് ഹമ്നിയാ. കഴുത്തിലൂടെ മുമ്പോട്ടു കിടക്കുന്ന ഇത് ശത്രുവിന്റെ അക്രമത്തെ തടുക്കുന്നതിനുള്ള ഉരസ്ത്രാണം (മാർകവചം പുറ 28:15) പോലെയാണ്. പട്ടക്കാരന്റെ അധികാര ചിഹ്നമായ ഹമ്നിയാ വി.പൗലോസ് പറയുന്ന നീതിയുടെ കവചമാണ് (എഫേ 6:14). ആദി മാതാ





പിതാക്കൾക്ക് നഷ്ടപ്പെട്ട അമർത്യതയുടെ വസ്ത്രമാണിത്. വഹിക്കാൻ എളുപ്പമുള്ളതെന്ന് യേശു വിശേഷിപ്പിച്ച നുക (മത്താ 11:30) ത്തിന്റെയും പ്രതീകമാണ് ഹമ്നിയാ. പൗരോഹിത്യത്തിന്റെ സവിശേഷഭൂഷണങ്ങളായ വിവേകവും ആത്മനിയന്ത്രണവും പട്ടക്കാർക്കുണ്ടായിരിക്കണമെന്ന് അത് ഓർമ്മിപ്പിക്കുന്നു.

## സത്യംകൊണ്ട് അര മുറുക്കുക

സുറിയാനിയിൽ *സൂനോറൊ* എന്നറിയപ്പെടുന്ന ഇടക്കെട്ട്, അന്ത്യഅത്താഴ സമയത്ത് നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകി തുടയ്ക്കുന്നതിന് അരയിൽ കെട്ടിയ തൂവാലയ്ക്കു (യോഹ 13:4) സദൃശ്യമാണ്. ഗദ്സമേൻ തോട്ടത്തിൽവച്ച് യഹൂദന്മാർ യേശുവിനെ ബന്ധിക്കാൻ ഉപയോഗിച്ച കയറിനെയും ഇത് അനുസ്മരിപ്പിക്കുന്നു. ശുശ്രൂഷകൻ അരമുറുക്കി എപ്പോഴും ഒരുക്കമുള്ളവനായിരിക്കണം. ദൈവം ജോബിനോട് പൗരുഷത്തോടെ നീ അരമുറുക്കുക (ജോബ് 38:3) എന്നു കല്പിച്ചു. നിങ്ങൾ അരമുറുക്കിയും വിളക്കു കത്തിച്ചും ഇരിക്കുവിൻ (ലൂ 12:35) എന്ന് ക്രിസ്തു ശിഷ്യന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏലിയായും (2 രാജാ 1:8) യോഹന്നാൻ സ്നാപകനും (മത്താ 3:4) തോൽ വാറുകൊണ്ട് അരകെട്ടിയിരുന്നു. അര മുറുക്കിനിന്നാണ് ഇസ്രായേൽക്കാർ പെസഹാ ഭക്ഷിച്ചത് (പുറ 12:11). സത്യംകൊണ്ട് അരമുറുക്കി (എഫേ 6:14) നില്ക്കാൻ വി.പൗലോസ് ശ്ലീഹായും ഉപദേശിച്ചിരിക്കുന്നു. അര കെട്ടുന്നത് ജഡമോഹങ്ങളെ നിയന്ത്രിക്കാനുള്ള ആഹ്വാനംകൂടിയാണ്. അതുകൊണ്ട് ഇടക്കെട്ട് ഇന്ദ്രീനിഗ്രഹത്തിന്റെ പ്രതീകമാണ്.

## വിശ്വാസമെന്ന പരിച

വിശ്വാസമെന്ന പരിച ഒരു കൈയിലും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ മറ്റേ കൈയിലും എടുക്കണമെന്ന് വി.പൗലോസ് ശ്ലീഹാ കല്പിച്ചിരിക്കുന്നതനുസരിച്ച് (എഫേ 6:16-17) രണ്ടു കൈയുറകൾ പട്ടക്കാരൻ ധരിക്കുന്നു. സുറിയാനിയിൽ ഇവയുടെ പേര് *സെൻദൊ* എന്നാണ്. ഇവ ധരിക്കുമ്പോൾ വൈദികൻ തന്റെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളാക്കണമേയെന്നു പ്രാർത്ഥിക്കുന്നു. ദൈവപുത്രനായ ക്രിസ്തു മനുഷ്യകുലത്തിന്റെ പാപങ്ങളെക്കുറിച്ച് വിലപിച്ച് കരഞ്ഞതുപോലെ അവിടുത്തെ സ്ഥാനപതിയായ പട്ടക്കാരൻ തന്റെയും തന്റെ ഇടവകജനത്തിന്റെയും പാപങ്ങളെക്കുറിച്ച് കരഞ്ഞ് വിലപിക്കേണ്ട

താണ്. വൈദികശുശ്രൂഷയിലെ അദ്ധ്വാനത്തിന്റെ വിയർപ്പും കണ്ണു നീരും തുടയ്ക്കാനുള്ള തൂവാലയുടെ പ്രതീകമായിട്ടാണ് കൈയുറകൾ കരുതപ്പെടുന്നത്. കണ്ണുനീരും വിയർപ്പും സന്തോഷവും സമാശ്വാസ വുമായി മാറും എന്നുള്ളതിന്റെ ഉറപ്പാണ് അവ. കണ്ണീരോടു വിതയ്ക്കു ന്നവൻ ആനന്ദാഘോഷത്തോടെ കൊയ്യട്ടെ (സങ്കീ 126:5). കഷ്ടതകളും സഹനവും നിത്യതയുടെ സന്തോഷത്തിനു നിദാനമാണ്. കഷ്ടത സഹ നശീലവും സഹനശീലം ആത്മധൈര്യവും ആത്മധൈര്യം പ്രത്യാ ശയും ഉളവാക്കുന്നു എന്നു നാം അറിയുന്നു (റോമ 5:4).

## നീതിയുടെയും വിശുദ്ധിയുടെയും വസ്ത്രം

നീതിയുടെയും വിശുദ്ധിയുടെയും വസ്ത്രമാണ് പട്ടക്കാരൻ ഏറ്റവും പുറമെ ധരിക്കുന്ന കാപ്പ. അഹറോന് മഹിമയും അഴകും നല്കിയ (പുറ 28:2) അങ്കിയാണിത്. ദേവാലയം മുഴുവൻ നിറഞ്ഞു നിന്നതായി ഏശയ്യാ കണ്ട കർത്താവിന്റെ വസ്ത്രത്തിന്റെ (ഏശ 6:1) പ്രതീകമായ ഇത് ദൈവത്തിന്റെ മഹത്വവും രക്ഷയും സൂചിപ്പിക്കു ന്നു. ഏലിയാ പ്രവാചകന്റെ പുറംകുപ്പായം (2 രാജാ 2:8-14); രക്തസ്രാ വക്കാരി വിളുമ്പിൽ സ്പർശിച്ചപ്പോൾ അവൾക്കു സുഖം നല്കിയതായ മിശിഹാതമ്പുരാന്റെ പുറംകുപ്പായം (മത്താ 9:20-22); ക്രൂശാരോഹണ ത്തിനുമുമ്പ് കർത്താവിനെ ധരിപ്പിച്ച ചുവന്ന പുറംകുപ്പായം ഇവയെല്ലാം കാപ്പയുടെ സാദൃശ്യങ്ങളാണ്. വി. പൗലോസ് ത്രോവാസിൽ കാർപ്പോ സിന്റെ പക്കൽ ഏല്പിച്ചിട്ടുപോയ പുറംകുപ്പായത്തെയും (2 തിമോ 4:33) കാപ്പ അനുസ്മരിപ്പിക്കുന്നു. പുരോഹിതന്മാർ നീതിയിൽ നടക്ക ണമെന്നും ആ നീതിയാണ് അവരുടെ മഹത്വത്തിന്റെ കാരണമെന്നും (സങ്കീ 132:9) കാപ്പ ഓർമ്മിപ്പിക്കുന്നു.

## മേല്പട്ടക്കാരുടെ പ്രത്യേക അംശവസ്ത്രങ്ങൾ

*മസ്നപ്സാ* എന്ന് സാധാരണയായി അറിയപ്പെടുന്ന *കുബ് ഊനൊ* വാസ്തവത്തിൽ സന്യാസത്തിന്റെ വസ്ത്രമാണ്. നേർമ്മയുള്ള കറുത്തതുണികൊണ്ടുള്ള ശിരോവസ്ത്രമാണത്. ഇതിന്റെ മുകൾ ഭാഗത്ത് 12 ചെറിയ കുരിശുകളും പിറകിൽ ഒരു വലിയ കുരിശും ഉണ്ടാ യിരിക്കും. ഇത് പരിത്യാഗത്തിന്റെയും തപശ്ചര്യയുടെയും ജീവിതത്തെ സൂചിപ്പിക്കുന്നു. മെത്രാൻ ക്രിസ്തുവിന്റെ ശുശ്രൂഷയ്ക്കായി പൂർണ്ണ മായി പ്രതിഷ്ഠിക്കപ്പെട്ട അവസ്ഥയിലാണെന്ന് ഈ സന്യാസവസ്ത്രം വിളിച്ചുപറയുന്നു. അതു കൊണ്ടാണ് വിവാഹിതരല്ലാത്ത വൈദികരെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്നത്.





## രക്ഷയുടെ പടത്തൊപ്പി

ശുശ്രൂഷകളുടെ അവസരത്തിൽ മാത്രം മേല്പട്ടക്കാർ ശിരസ്സിൽ ധരിക്കുന്ന അംശവസ്ത്രമാണ് ശീലമുടി. യഹൂദ മഹാപുരോഹിതനായ മോശയുടെ മൂടുപടം (പുറ 34:33-36; 2 കോരി 3:13-18) ഇതിനെ ദൃഷ്ടാ ന്തീകരിക്കുന്നു. യേശുക്രിസ്തു പുനരുത്ഥാനംചെയ്തു എന്നു കേട്ട വി.പത്രോസ് ശ്ലീഹാ കബറിങ്കൽ ചെന്നപ്പോൾ കർത്താവിന്റെ തലയിൽ ചുറ്റിയിരുന്ന തുണി (ലൂ 24:12) അദ്ദേഹത്തിനു കിട്ടി. പിന്നീട് പ്രധാനാ ചാര്യത്വത്തിന്റെ കർമ്മങ്ങൾ ചെയ്യുമ്പോഴൊക്കെ ആ തുണി പത്രോസ് ശിരസ്സിൽ ധരിക്കുക പതിവായിരുന്നു എന്ന് പാരമ്പര്യം. അദ്ദേഹത്തിന്റെ ഈ നടപടിയെ അനുകരിച്ച് വി.സഭയിലെ മേല്പട്ടക്കാർ ശുശ്രൂഷക ളിൽ ശീലമുടി ധരിക്കുന്നു എന്ന് മാർ ദീവന്നാസ്യോസ് ബർസ്ലീബി രേഖപ്പെടുത്തിയിരിക്കുന്നു. പരിശുദ്ധാത്മ നൽവരപൂർണ്ണത മേല്പട്ട ക്കാരിൽ സ്ഥിതിചെയ്യുന്നു എന്നതിനെ ഇത് സൂചിപ്പിക്കുന്നു. ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിനു ശക്തമാക്കുന്ന രക്ഷയുടെ പടത്തൊപ്പിയാണ് (എഫേ 6:17) ശീലമുടി. ഇതിലുള്ള പ്രാവിന്റെ ചിത്രം പരിശുദ്ധാത്മാവിന്റെ കൃപാസമൃദ്ധിയെ കാണിക്കുന്നു. പെന്തി ക്കൊസ്തി ദിവസം ശ്ലീഹന്മാർ പ്രാപിച്ച പരിശുദ്ധാത്മാവുമായുള്ള ബന്ധം ചരിത്രപരമായി ഇടമുറിയാതെ ശ്ലൈഹിക പിൻതുടർച്ച വഴി മെത്രാനു ലഭിച്ചിരിക്കുന്നുവെന്ന് ഇത് കാണിക്കുന്നു [18].

## സത്യവിശ്വാസത്തിന്റെ കാവൽക്കാരൻ

*ഊറോറൊ റാബൊ* എന്ന് സുറിയാനിയിൽ പേരുള്ള പത്രസീൻ കാപ്പയുടെ മുമ്പിലും പിറകിലുമായി കിടക്കുന്നു. വിവിധ ചിഹ്നങ്ങളുടെ ചിത്രത്തയ്യലുകൾകൊണ്ട് മോടിപിടിപ്പിച്ചിട്ടുള്ള ഒരു വിശിഷ്ടവസ്ത്ര മാണിത്. മഹാപുരോഹിതന്റെ അധികാരത്തെ ഇത് സൂചിപ്പിക്കുന്നു. മേല്പട്ടക്കാരൻ വി.കൂദാശകളുടെയും സഭയുടെ സത്യവിശ്വാസത്തി ന്റെയും കാവൽക്കാരനാണെന്നും വി.ശുശ്രൂഷകളുടെ നടത്തിപ്പിൽ നായകനാണെന്നും സഭയ്ക്ക് ഭരണകർത്താവാണെന്നും പത്രസീൻ ഓർമ്മപ്പെടുത്തുന്നു. ഇസ്രായേലിലെ 12 ഗോത്രങ്ങളുടെയും പേരെഴു തിയ മാർപതക്കത്തോടുകൂടി അഹറോൻ നെഞ്ചിൽ ധരിച്ചിരുന്ന

18. വി. കുർബാനയിൽ ഏവൻഗേലിയോൻ വായനയുടെ സമയത്തും അനാഫോറായുടെ സമയത്തും മേല്പട്ടക്കാരൻ ശീലമുടികൊണ്ടു ശിരസ്സ് മൂടാറില്ല. എന്നാൽ "നിന്നാൾ സ്തുതി..." എന്നിത്യാദി കുക്കിലിയോനുകളുടെ സമയത്ത് ശിരസ്സ് മൂടുന്നു.

(പുറ 28:12) സ്ഥാനവസ്ത്രം ഇതിനെ ദൃഷ്ടാന്തപ്പെടുത്തുന്നു. കുരിശുകൾ, ഇലകൾ എന്നിവയുടെ ചിത്രത്തയ്യലുകൾക്കു പുറമെ മേല്പട്ടക്കാരൻ നല്ലയിടയനായ ക്രിസ്തുവിന്റെ പ്രതിനിധിയാണെന്നു സൂചിപ്പിക്കുന്ന കുഞ്ഞാടിന്റെ ചിത്രവും പത്രസീനിലുണ്ട്.

### സ്ഥാനമുദ്രകൾ

മേല്പട്ടക്കാരന്റെ സ്ഥാനമുദ്രകളാണ് കുരിശുമാലയും, മോതിരവും അംശവടിയും. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ അടയാളമാണ് മാറിൽ ധരിക്കുന്ന കുരിശുമാല. ഒരു യാഗവസ്തുവിന്റെ ജീവിതമാണ് മേല്പട്ടക്കാരന്റെ ജീവിതം. ക്രിസ്തുവിനെപ്പോലെ തന്റെ ഭദ്രാസനത്തിലെ ആടുകൾക്കുവേണ്ടി മെത്രാൻ ജീവൻ ബലികഴിക്കണം. അവിടുത്തെ നോക്കിയവർ പ്രകാശിതരായി; അവർ ലജ്ജിതരാവുകയില്ല (സങ്കീ 34:5) എന്ന സങ്കീർത്തന വചനം ചൊല്ലിക്കൊണ്ടാണ് കുരിശുമാല ധരിക്കുന്നത്. കുരിശിന്റെ ദിവ്യസംരക്ഷണത്തിലേക്ക് നമ്മെ ക്ഷണിക്കുന്ന അടയാളമാണ് കുരിശുമാല. വിശ്വസ്തതയുടെ അടയാളമാണ് മോതിരം. മെത്രാൻ തന്റെ രൂപതയുമായി വിവാഹ ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നു എന്നതിനെ ഇത് സൂചിപ്പിക്കുന്നു. തന്റെ അധികാരം നിർവ്വഹിക്കുന്നത് സത്യവിശ്വാസം സൂക്ഷിച്ചുകൊണ്ട് വിശ്വസ്തതയും സ്നേഹവും വഴിയാണ്. നല്ലയിടയനായ ക്രിസ്തുവിന്റെ പ്രതിനിധിയായ മെത്രാൻ വിശ്വാസികളുടെ സാക്ഷാൽ ഇടയനാണെന്ന് അംശവടി ഓർമ്മിപ്പിക്കുന്നു. തന്റെ ഭരണാധികാരത്തിന്റെ അടയാളമായി മെത്രാൻ ഇത് വഹിക്കുന്നു. മോശയുടെയും (പുറ 4:2-3) അഹറോന്റെയും (പുറ 7:10) വടികൾ ഇതിന്റെ പ്രതിരൂപങ്ങളാണ്. മേല്പട്ടക്കാരൻ സർപ്പത്തെപ്പോലെ വിവേകമുള്ളവനായിരിക്കണമെന്ന് (മത്താ 10:16) വടിയുടെ മുകളിലെ അറ്റത്തുള്ള സർപ്പാകൃതി സൂചിപ്പിക്കുന്നു. ഇവയ്ക്കു പുറമേ ആശീർവദിക്കുന്നതിനായി സ്ലീബായും മേല്പട്ടക്കാരൻ ഉപയോഗിക്കുന്നു.



8

# മലങ്കര കുർബാനയുടെ ഘടനയും ഉള്ളടക്കവും

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സഭ ഒന്നുചേർന്ന് ദൈവത്തെ സ്തുതിച്ചാരാധിക്കുന്ന ദിവ്യശുശ്രൂഷയാണ് മലങ്കര കുർബാന. അത് തിരുസഭ മുഴുവനെയും പരിശുദ്ധവും ജീവദായകവും സ്വീകാര്യവുമായ യാഗമായി പിതാവിന് സമർപ്പിക്കുന്നു. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. ഒരുവനും തനിക്കായിത്തന്നെ ജീവിക്കുക സാദ്ധ്യമല്ല. അതുപോലെ നമ്മുടെ രക്ഷയും ഒരു കൂട്ടായ്മയുടെ അനുഭവത്തിലാണ് സാദ്ധ്യമാവുക. യേശുമിശിഹായെ ഉൾക്കൊണ്ട്, അതുമൂലം സാക്ഷാൽ മുന്തിരിവള്ളിയായ (യോഹ15:1) തന്റെ ശരീരത്തിൽ അവയവങ്ങളായിത്തീരുക എന്നുള്ളതാണ് സ്വർഗ്ഗാനുഭവം. ഇതിനു നമ്മെ ഒരുക്കുകയും മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരുമായ സകലവിശ്വാസികളോടും ഒന്നുചേർന്നുള്ള ദൈവാരാധനമൂലം ഇത് അനുഭവവേദ്യമാക്കുകയും ചെയ്യുന്ന അതിപരിശുദ്ധമായ ശുശ്രൂഷയാണ് വി.കുർബാന.

വി. കുർബാനയിൽ സഭയുടെ മൂന്ന് അവസ്ഥാന്തരങ്ങളും[1] രക്ഷകനായ യേശുമിശിഹായോടു ഒന്നിച്ച് ചേർന്ന് സർവ്വവും പൂർണ്ണമാക്കുന്നവനായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ സർവ്വരുടെയും പിതാവായ ഏകദൈവത്തെ ആരാധിക്കുന്നു. ഈ ആരാധനവഴി, ഒരേ അപ്പത്തിൽ പങ്കുകാരായി അന്യോന്യമുള്ള സാഹോദര്യത്തെ നമ്മൾ നവീകരിച്ചു ശക്തിപ്പെടുത്തുന്നു. അതോടൊപ്പം, പരിശുദ്ധാത്മാവുമൂലം

1. സമരസഭ, സഹനസഭ, വിജയസഭ

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ജീവൻ നമ്മിലേക്ക് പകരുകയും ചെയ്യുന്നു. കർത്താവിന്റെ വിശ്വസ്ത ദാസരെന്ന നിലയിൽ അവിടുത്തോടുള്ള നമ്മുടെ വിധേയത്വവും ആശ്രയത്വവും സൂചിപ്പിക്കുന്ന ഒരു ദൈവീക രഹസ്യമാണ് വി.കുർബാന. ഒരു മതമായിരുന്നാൽ, അതിൽ യാഗം കൂടാതെ ആരാധന സാദ്ധ്യമല്ല. വി.കുർബാന ഇത്തരത്തിലുള്ള ഒരു യാഗമാണ്.

## വിവിധ സംജ്ഞകൾ

*(a) കൊർബാൻ* എന്ന എബ്രായ പദത്തിനു തുല്യമായ കുർബാന എന്ന സുറിയാനി പദത്തിന് കാഴ്ചസമർപ്പണം, യാഗാർപ്പണം, വഴിപാട് എന്നൊക്കെ അർത്ഥമുണ്ട്. സമ്പൂർണ്ണവും ഫലപ്രദവുമായ ഒരു ക്രിസ്തീയ യാഗമാണ് വി.കുർബാന. സ്രഷ്ടാവായ ദൈവത്തിന് സൃഷ്ടിയായ മനുഷ്യൻ നൽകുന്ന സ്വയം സമർപ്പണത്തിന്റെ അടയാളമായിട്ടാണ് അപ്പവും വീഞ്ഞും കൂദാശചെയ്ത് ബലിയർപ്പിക്കുന്നത്. അതുവഴി നാം നമ്മുടെ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിന്റെ പരമാധികാരത്തെ അംഗീകരിക്കുകയും അവിടുത്തെ ആരാധിക്കുകയും പാപികളായ നമ്മെത്തന്നെ വിശുദ്ധീകരിച്ച്, വിശുദ്ധിതന്നെയായ ദൈവവുമായി ഐക്യപ്പെടുകയും ചെയ്യുന്നു. ഇതുമൂലമാണ്, മനുഷ്യൻ ദൈവത്തെ സമീപിക്കുന്നതെന്ന് (എഫേ 2:18) സൂചിപ്പിക്കുവാൻ *(b) കൂറോബോ* അഥവാ ദൈവസാമിപ്യം എന്നും ഇതിനെ വിളിക്കാറുണ്ട്.

ഏറ്റവും പുരാതനമായ പേര് *(c) അപ്പം മുറിക്കൽ* എന്നാണ് (അ.പ്ര 2:42). ആദിമക്രിസ്ത്യാനികൾ ഞായറാഴ്ച തോറും ഒന്നിച്ചുകൂടി ക്രിസ്തുവിന്റെ കല്പന അനുസരിച്ച് അപ്പം മുറിച്ചപ്പോൾ ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം അനുഭവിച്ചിരുന്നു. സ്വർഗ്ഗത്തിലേയും ഭൂമിയിലേയും ശ്രേഷ്ഠമായ സ്തോത്ര പ്രാർത്ഥന എന്ന നിലയിൽ അതിനെ *(d)എവുക്കാറിസ്തിയാ* എന്ന് വിളിച്ചിരുന്നു. ഈ ഗ്രീക്കു പദത്തിന്റെ അർത്ഥം കൃതജ്ഞതാർപ്പണമെന്നാണ്. നാം മിശിഹായുടെ ശരീരം ഭക്ഷിക്കുന്നതിനാൽ (യോഹ 6:56) ഇത് *(e)കർത്തൃഭോജനം* (തിരുവത്താഴം) എന്നു വിളിക്കപ്പെടുന്നു. ഇതുവഴി ദൂരസ്ഥരും സമീപസ്ഥരും സ്വർഗ്ഗീയരും ഭൗമികരും പരസ്പരം സംയോജിക്കപ്പെട്ടതിനാലാണ് (എഫേ 2:17-18) ഇത് *(f) അനുരഞ്ജനം* എന്നും വിളിക്കപ്പെടുന്നത്. നമ്മുടെ ചിതറപ്പെട്ട കഴിവുകളെ ഏക ദൈവത്തിന്റെ ഐക്യത്തിലേക്ക് ഒന്നിച്ചു കൂട്ടുന്നതിനാൽ ഇത് *(g) സമ്മേളനം* എന്നു





വിളിക്കപ്പെടുന്നു [2]. സെഹിയോൻ മാളികയിൽ വച്ച് നമ്മുടെ കർത്താവ് രഹസ്യമായി തന്റെ ശിഷ്യസമൂഹത്തിനു നൽകിയതിനാൽ ഇത് *(h) ദിവ്യരഹസ്യങ്ങൾ* എന്നു വിളിക്കപ്പെടുന്നു. തന്റെ ശിഷ്യന്മാരെ ഇത് ഭാരമേൽപ്പിച്ചപ്പോൾ തന്റെ പീഡാനുഭവം സംബന്ധിച്ചുള്ള നിഗൂഢത അവർക്ക് വെളിപ്പെടുത്തിയതിനാലും ഈ പേര് യുക്തമാണ്. ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലും ഇതുവഴി പങ്കുകാരാകുന്നതുകൊണ്ട് നമ്മുടെ കർത്താവുമായി നാം സംസർഗ്ഗം ചെയ്യുന്നു. അതുകൊണ്ട് ഇതിന് *(i) ദിവ്യസംസർഗ്ഗമെന്നും* പേരുണ്ട്. മാമോദീസാ, പട്ടത്വം മുതലായ കൂദാശകൾ ഇതിനാൽ പൂർണ്ണമാക്കപ്പെടുന്നതുകൊണ്ട് *(j) പൂർണ്ണതകളുടെ* പൂർണ്ണതയെന്ന് ഇതിനെ പിതാക്കന്മാർ വിളിക്കുന്നു. യാത്രാഭക്ഷണമെന്ന് നമ്മുടെ കുർബാന തക്സായിൽ ഇതിനെ വിശേഷിപ്പിക്കുന്നു. നമ്മുടെ ജീവിതം പരദേശ ജീവിതമാണെന്നും, നമ്മുടെ തീർത്ഥയാത്രയിൽ ആവശ്യമായ ആഹാരമാണിതെന്നും ഇതിനാൽ സൂചിപ്പിക്കപ്പെടുന്നു.

ക്രൈസ്തവലോകത്തിൽ പ്രചാരം സിദ്ധിച്ചിട്ടുള്ള ഏറ്റവും മനോഹരവും അർത്ഥസമ്പുഷ്ടവുമായ കുർബാന എന്ന പേരാണ് ഹൃദയാവർജ്ജകമായ ഈ ശുശ്രൂഷയ്ക്ക് മലങ്കര സഭ നൽകിയിട്ടുള്ളത്. നമ്മുടെ പാപങ്ങൾക്കുവേണ്ടി പിതാവായ ദൈവത്തിനു അവൻ ഒരു ബലിയായിത്തീർന്നതിനാൽ (ഹെബ്രാ 9:14) ഇത് കുർബാന എന്നു വിളിക്കപ്പെടുന്നു. മറ്റു പേരുകളെക്കാൾ അർത്ഥവത്താണ് നാം സർവ്വ സാധാരണമായി ഉപയോഗിക്കുന്ന ഈ പദം. കാരണം, കർത്താവിന്റെ തിരുബലിയുമായുള്ള അഭേദ്യമായ ബന്ധത്തെയും അതിലുള്ള നമ്മുടെ പങ്കാളിത്തത്തെയും നമ്മുടെ ആത്മസമർപ്പണത്തെയും അത് പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു.

## വി. കുർബാന സ്വർഗ്ഗീയ ശുശ്രൂഷയാണ്

> ഈ സമയത്ത് നാമെല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു മിശിഹാതമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിൽ ആയിരിക്കണം.

എന്നു പറഞ്ഞുകൊണ്ട് ബലിയർപ്പണത്തിന്റെ ആരംഭത്തിൽ കാർമ്മികൻ ആരാധകരെ ക്ഷണിക്കുന്നത് സ്വർഗ്ഗീയ ആരാധനയിൽ

2. ഫാ. ചേടിയത്ത്. മോശെ ബർകേഫായുടെ കൂദാശാ ഭാഷ്യം പേജ് 1-2

പങ്കെടുക്കാനാണ്. അവിടെയാണ് ഉത്ഥിതനായ ക്രിസ്തു നമുക്കു വേണ്ടി തന്റെ പിതാവിനോട് മാദ്ധ്യസ്ഥാപേക്ഷ നടത്തുന്നത്. ക്രിസ്തുവിന്റെ ഉത്ഥാനത്തോടെ തന്നിൽ സാക്ഷാത്ക്കരിക്കപ്പെട്ട രക്ഷാകര കർമ്മം അനശ്വരത നേടിയിരിക്കുകയാണ്. ഉത്ഥാനത്തോടെ ക്രിസ്തുവിന്റെ ജീവിതബലി നിത്യബലിയായിത്തീരുകയും സ്വർഗ്ഗത്തിൽ ദൈവത്തെ നിത്യം മഹത്വപ്പെടുത്തുകയും ചെയ്യുന്നു. പുത്രനായ ക്രിസ്തു സ്വർഗ്ഗത്തിൽ നിരന്തരം പിതാവിനർപ്പിക്കുന്ന ആരാധനയാണിത്. ക്രിസ്തു പരമപിതാവിന് നിത്യം അർപ്പിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും മഹത്തായ ഈ ആരാധനയിൽ പങ്കാളിയാകുവാൻ തന്റെ മണവാട്ടിയും മൗതികശരീരവുമായ തിരുസഭയെ വിളിച്ചിരിക്കുകയാണ്. ഈ സ്വർഗ്ഗീയ ശുശ്രൂഷയിൽ പങ്കുചേരുന്നതിനുള്ള ക്രിസ്തുവിന്റെ ആഹ്വാനത്തിനു തിരുസഭ നൽകുന്ന പ്രത്യുത്തരമാണ് വി.കുർബാന. ഇതിൽ പങ്കാളികളാകുന്നതിലൂടെയാണ് വിശ്വാസികൾ ദൈവത്തെ മഹത്വപ്പെടുത്തുകയും തങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും ചെയ്യുന്നത്.

അത് സ്ഥലകാലങ്ങൾക്കതീതമായി എല്ലാ സ്ഥലത്തേക്കും എല്ലാകാലത്തേക്കും വേണ്ടിയുള്ളതാണ്. വി. കുർബാനയർപ്പിക്കുന്നത് ജീവനോടിരിക്കുന്നവരും മരിച്ചവരും ഉൾക്കൊള്ളുന്ന വിശ്വാസികളുടെ സമൂഹമായ സാർവ്വത്രികസഭയാണ്. ആ സഭയുടെ തലവനും നായകനും സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന നിത്യപുരോഹിതനുമായ ക്രിസ്തുവാണ്. പ്രധാനമായി നാലുവിധത്തിൽ മലങ്കര ക്കുർബാന സ്വർഗ്ഗീയ ശുശ്രൂഷയാണ്.

1. *മദ്ബഹാ* സ്വർഗ്ഗത്തെ സൂചിപ്പിക്കുന്നു. മദ്ബഹാ പള്ളിയുടെ ഇതര ഭാഗങ്ങളെക്കാൾ ഉയർത്തി പണിയുകയും തിരശ്ശീലകൊണ്ട് അത് മറയ്ക്കുകയും ചെയ്യുന്നു. സ്വർഗ്ഗത്തിൽ ദൈവസിംഹാസനം ഉള്ളതുപോലെ മദ്ബഹായിൽ ത്രോണോസുണ്ട്. സ്വർഗ്ഗത്തിൽ നടക്കുന്ന തിരുബലി, വി. കുർബാനമൂലം മദ്ബഹായിലും ഒരു യാഥാർത്ഥ്യമായിത്തീരുന്നു. സ്വർഗ്ഗത്തിൽ ബലിയർപ്പിക്കുന്ന കർത്താവിന്റെ പ്രതിനിധിയായി പട്ടക്കാരൻ മദ്ബഹായിൽ യാഗമർപ്പിക്കുന്നു. മാലാഖമാരുടെ സ്ഥാനത്ത് മർബഹാസാ പിടിച്ചു നിൽക്കുന്ന ശുശ്രൂഷകരുണ്ട്. അതിനാൽ മദ്ബഹാ സ്വർഗം തന്നെ.

2. തിരശ്ശീല നീക്കുന്നതുമൂലം സ്വർഗ്ഗം തുറക്കപ്പെടുന്നതായി ചിത്രീകരിക്കുന്നു. കുർബാന പരസ്യമായി ആരംഭിക്കുമ്പോഴും, ഖണ്ഡന ശു





ശ്രൂഷയ്ക്കുശേഷവും തിരുരഹസ്യങ്ങൾ പടിഞ്ഞാറോട്ട് എഴുന്നെള്ളിക്കുന്നതിനുമുമ്പും ഇപ്രകാരം തിരശ്ശീല നീക്കുന്നു. ശോശപ്പാആഘോഷിക്കുമ്പോഴും സ്വർഗ്ഗം തുറക്കപ്പെടുന്നതായി ചിന്തിക്കാവുന്നതാണ്. ഒരുക്കപ്പെട്ടിരുന്ന മാളികയിലേക്ക് നമ്മുടെ കർത്താവ് പ്രവേശിച്ചതുപോലെ, ഈ അവസരത്തിൽ അവിടുന്ന് സ്വർഗ്ഗത്തിൽ നിന്ന് പ്രധാന കാർമ്മികനായി മദ്ബഹായിലേക്ക് എഴുന്നെള്ളുന്നു.

3. സ്വർഗ്ഗത്തിലെ മാലാഖമാരോടു ചേർന്ന് നാം ദൈവത്തെ സ്തുതിക്കുകയും മരിച്ചവരോടുള്ള സംസർഗ്ഗത്തിൽ വന്നുചേരുകയും ചെയ്യുന്നു. മാലാഖമാർ ദൈവത്തെ സ്തുതിക്കുന്നതായുള്ള വർണ്ണനസെദറാകളിലും, മാലാഖമാരുടെ സ്തുതിപ്പിലും, സ്രാപ്പികളെ കണ്ടേശായ....എന്ന ഗീതത്തിലും കാണാവുന്നതാണ്. മാലാഖമാരുടെ സ്തുതിപ്പായ ഹാലേലുയ്യാ (വെളി 19:1-4) വി. കുർബാനയുടെ പല ഭാഗങ്ങളിലും നാം ചൊല്ലുന്നു. ജനം മുഴുവനും മാലാഖമാരെപ്പോലെ ഹാലേലുയ്യാ പാടി സ്വർഗ്ഗീയ ആരാധനയിൽ പങ്കുകൊള്ളുന്നു.

4. സ്വർഗ്ഗത്തിലെ ആരാധനയിൽ കാണുന്നതുപോലെ സുഗന്ധ ധൂപം വി.കുർബാനയിൽ പല പ്രാവശ്യം അർപ്പിക്കുന്നു. വി.യോഹന്നാൻ ശ്ലീഹാ സ്വർഗ്ഗത്തിലെ ശുശ്രൂഷയെ വിവരിച്ചിരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ് (വെളി 8:34). പരിമള ദ്രവ്യങ്ങളുടെ ധുപം വിശുദ്ധരുടെ പ്രാർത്ഥനകളോടൊപ്പം ദൈവസന്നിധിയിലേക്ക് ഉയർന്നു.

അതുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നത്.

> സ്വർഗ്ഗീയ ജറുസലേമിൽ ആചരിക്കപ്പെടുന്ന ആ ആരാധനക്രമത്തിന്റെ ഒരു മുന്നാസ്വാദനമത്രെ ഈ ഭൗമികമായ ആരാധനക്രമത്തിൽ നമുക്ക് കൈവരുന്നത്. ആ വിശുദ്ധ നഗരമാണ് തീർത്ഥാടകരായ നമ്മുടെ യാത്രാലക്ഷ്യം അവിടെയാണ് വിശുദ്ധ സ്ഥലത്തെയും സാക്ഷാൽ ആരാധന സ്ഥലമായ കൂടാരത്തിലെയും (വെളി 12:2; കൊളോ 3:1; ഹെബ്രാ 8:2) ആചാര്യനായ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നത്. അവിടെ സ്വർഗ്ഗീയ സൈന്യനിരയോടു ചേർന്ന് നാഥനു പുകഴ്ചയുടെ കീർത്തനം നാം ആലപിക്കുന്നു[3].

3. SC. 8

## വി.കുർബാന സമ്പൂർണ്ണമായ ദൈവാരാധനയാണ്

നമ്മുടെ കർത്താവിന്റെ തിരുബലിയിൽ നമ്മെ പങ്കാളികളാക്കുന്ന ഈ വിശുദ്ധ കൂദാശ പൂർണ്ണമായ ആരാധനയായിട്ടാണ് വി.പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. ക്രൈസ്തവമായ തന്റെ അസ്തിത്വം ആരാധനയിലൂടെയാണ് ഒരു വിശ്വാസി പ്രകാശിപ്പിക്കുന്നത്. ദൈവത്തോടും മനുഷ്യരോടുമുള്ള ഐക്യത്തിന്റെ പ്രകാശനമാണ് ക്രൈസ്തവാരാധന. ഇപ്രകാരമുള്ള ആരാധനയുടെ പ്രധാനപ്പെട്ട ഘടകങ്ങളെല്ലാം മലങ്കര കുർബാനയിൽ വ്യക്തമായി കാണാവുന്നതാണ്.

### 1. സ്തുതിയും സ്തോത്രവും

ഭൂതകാലങ്ങളിൽ ദൈവം ചെയ്തിട്ടുള്ളവയും വർത്തമാനകാലത്തിൽ ചെയ്തുകൊണ്ടിരിക്കുന്നവയുമായ മഹാകൃത്യങ്ങൾ അനുസ്മരിച്ച് ദൈവത്തെ സ്തുതിക്കുകയാണ് ക്രൈസ്തവാരാധനയുടെ പ്രധാനഘടകം. വിശിഷ്യ ക്രിസ്തുവഴിയുള്ള രക്ഷാകര വ്യാപാരങ്ങളെ അനുസ്മരിച്ച് ദൈവത്തിനു സ്തോത്രവും കൃതജ്ഞതയും അർപ്പിക്കുക ക്രൈസ്തവധർമ്മമാണ്. മലങ്കര കുർബാനയിൽ ഇതിന് വേണ്ടത്ര ഊന്നൽ നൽകിയിട്ടുണ്ട്. പ്രുമിയോൻ പ്രാർത്ഥനയ്ക്കുമുമ്പുള്ള സ്തുതിയും സ്തോത്രവും... മുതൽ മിക്കവാറും എല്ലാ പ്രാർത്ഥനകളുടെയും അവസാനമുള്ള 'സ്തുതിയും സ്തോത്രവും സമർപ്പിക്കും' വരെയുള്ള വിവിധ സ്തോത്രപ്രാർത്ഥനകൾ ഇത് വ്യക്തമാക്കുന്നു. റൂഹാക്ഷണ പ്രാർത്ഥനയ്ക്കു മുമ്പുള്ള വൈദികന്റെ പ്രാർത്ഥനയും ജനങ്ങളുടെ പ്രത്യുത്തരും കൃതജ്ഞതയുടെ മകുടോദാഹരണമാണ്.

> *കർത്താവേ നിന്റെ കൃപ സ്വീകരിക്കുന്ന ബലഹീനരും പാപികളുമായ നിന്റെ ഈ ദാസർ നിനക്കു നന്ദി പറഞ്ഞുകൊണ്ട് സകലത്തെക്കുറിച്ചും സകലത്തിനുവേണ്ടിയും കാരുണ്യവാനായ നിന്നെ സ്തോത്രം ചെയ്യുന്നു.*
>
> *ജനം: ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. നിന്നെ ഞങ്ങൾ വന്ദിക്കുന്നു.*

എല്ലാ അർത്ഥത്തിലും കുർബാന *എവുക്കാറിസ്തിയാ* ആവുകയാണിവിടെ.





ഇടവിടാതെ പ്രാർത്ഥിക്കുന്നതും എല്ലാറ്റിനും സ്തോത്രം ചെയ്യുന്നതുമാകുന്നു ദൈവേഷ്ടം (1 തെസ്സ 5:18). സ്തോത്രം ചെയ്യുക എന്നത് ചില വാക്കുകൾ പറയുന്നതല്ല; ഹൃദയാന്തർഭാഗത്ത് ദൈവത്തോട് നന്ദി നിറഞ്ഞ അനുഭവമാണ്. ദൈവം ചെയ്യുന്ന ഉപകാരങ്ങൾക്ക് അവനെ പുകഴ്ത്തുക; സ്തോത്രം ചെയ്യുക എന്ന അർത്ഥത്തിൽ സങ്കീർത്തനങ്ങളിൽ ധാരാളം പ്രയോഗങ്ങളുണ്ട് (സങ്കീ 18:49; 30:4; 92:1; 118: 1; 136: 1). എല്ലാ നന്മകൾക്കും ദൈവത്തെ പുകഴ്ത്തണമെന്ന് യഹൂദന്മാരുടെ മതഗ്രന്ഥമായ തൽമൂദിൽ നിഷ്കർഷിച്ചിട്ടുണ്ട്. പുതിയ നിയമത്തിലും ദൈവത്തിന് സ്തോത്രം ചെയ്യാൻ അനുശാസിച്ചിട്ടുണ്ട് (എഫേ 5:20; ഫിലി 4:6; കൊളോ 2:7; 1 തെസ്സ 5:18;1 തീമോ 2:1). സ്തോത്രാർപ്പണവും, കൃതജ്ഞതാ പ്രകാശനവും യേശുവിന്റെ പ്രാർത്ഥനയുടെ അവിഭാജ്യ ഘടകങ്ങളായിരുന്നു (ലൂ 10:21; മത്താ 11:25; യോഹ 11:42). ദൈവത്തിന്റെ അനന്ത കൃപകൾക്കായി അവിടുത്തോടുള്ള കടപ്പാട് സമ്മതിച്ച് നന്ദി പ്രകടിപ്പിക്കുന്നതാണ് ക്രിസ്തീയജീവിതം. ദൈവത്തോടുള്ള നന്ദി സഹോദരന്മാരോടുള്ള പെരുമാറ്റത്തിലാണ് പ്രകടമാകുന്നത്. ക്രിസ്തീയ ഔദാര്യം ദൈവത്തിനു കൃതജ്ഞതാ സ്തോത്രമായി പരിണമിക്കുമെന്ന് വി.പൗലോസ് എഴുതിയിരിക്കുന്നു (2 കോറി 9:11-12).

### 2. അനുതാപം

ദൈവം മനുഷ്യനിൽ നിന്ന് ആഗ്രഹിക്കുന്നത് അവന്റെ നീതിയോ യാഗമോ അല്ല ; പ്രത്യുത നുറുങ്ങിയ ഹൃദയമാണ് (സങ്കീ 51:17). ഭൂതകാലത്തെപ്പറ്റിയുള്ള സങ്കടത്തോടും ഭാവിയെപ്പറ്റിയുള്ള പ്രത്യാശയോടും കൂടി ദൈവത്തിങ്കലേക്കു തിരിയുന്നതാണ് (ഏശ 30:15) അനുതാപം. ദൈവം നിർണ്ണയിച്ച പാതയിൽ നിന്നു വ്യതിചലിച്ചതിനെപ്പറ്റിയുള്ള പശ്ചാത്താപവും തിരിച്ചുവരവും അനുതാപത്തിൽ ഉൾക്കൊള്ളുന്നു. വെറും മാനസിക പരിവർത്തനം മാത്രമല്ല; ഒരുവന്റ ജീവിതം മുഴുവനിലും, വ്യക്തിത്വത്തിനും ഉണ്ടാകുന്ന പരിപൂർണ്ണമായ ഒരു നവോത്ഥാനമാണത്. അനുതാപം ആത്മാർത്ഥതയുള്ളതായിരിക്കണം. വസ്ത്രങ്ങളെയല്ല, ഹൃദയങ്ങളെത്തന്നെ കീറി കർത്താവിങ്കലേക്ക് തിരിയണം (ജോയേ 2:13). യേശുക്രിസ്തു ഉദ്ഘാടനം ചെയ്ത ദൈവരാജ്യത്തിലേക്കുള്ള പ്രാഥമിക കാൽവയ്പുകൾ അനുതാപത്തിലൂടെയാണ് (മത്താ 3:1; 4:7; മർക്കോ 1:15). ഒരു പാപിയുടെ മാനസാന്തരത്തിൽ സ്വർഗ്ഗത്തിൽ വലിയ സന്തോഷമുണ്ട് (ലൂ 15)

ആരാധനയുടെ അവിഭാജ്യഘടകമായ അനുതാപം മലങ്കര കുർബാനയിൽ ഉടനീളമുണ്ട്. കുർബാനയുടെ ഒരുക്ക ശുശ്രൂഷ ആരം

ഭിക്കുന്നതുതന്നെ അനുതാപത്തിന്റെ ഉത്തമ ദൃഷ്ടാന്തമായ 51-ാം സങ്കീർത്തനത്തോടുകൂടിയാണ്. ഫരീസയനേക്കാൾ നീതികരിക്കപ്പെടുവാൻ കാരണമാക്കിയ ചുങ്കക്കാരന്റെ പ്രാർത്ഥന ദൈവത്തിന് ഏറ്റവും പ്രിയങ്കരമാണ്; *ദൈവമേ പാപിയായ എന്നിൽ കനിയണമേ* (ലൂ 18:13). ഈ പ്രാർത്ഥന പല രൂപങ്ങളിൽ നമ്മുടെ കുർബാനയിൽ അനേകം തവണമാറ്റൊലികൊള്ളുന്നു. കർത്താവേ ഞങ്ങളോട് കരുണ ചെയ്യേണമേ എന്നർത്ഥമുള്ള ഗ്രീക്കുഭാഷയിലെ *കുറിയേലായിസോൻ* മലങ്കരകുർബാനയിൽ പലവുരു ആവർത്തിക്കപ്പെടുന്നു. *മൊറിയോറാഹേം* അലൈൻ ഈ ആദാറയിൻ എന്ന സുറിയാനി വാക്കുകളുടെ അർത്ഥവും കർത്താവേ നീ പരിശുദ്ധനാകുന്നു എന്ന കീർത്തനത്തിന്റെ നാലാം പാദത്തിലും[4] വി.കുർബാന സ്വീകരിക്കുന്നതിനു മുമ്പുള്ള പ്രാർത്ഥനയിലുമൊക്കെ കരുണ ചെയ്യണമേ എന്ന പ്രാർത്ഥനയാണ് മുഴങ്ങികേൾക്കുന്നത്. ഏവൻഗേലിയോനു ശേഷമുള്ള പാപപരിഹാര പ്രാർത്ഥനയിലും കാർമ്മികന്റെ പല രഹസ്യപ്രാർത്ഥനകളിലും പ്രധാന ആശയം അനുതാപവും കരുണയിരക്കലുമാണ്.

### 3. മദ്ധ്യസ്ഥ പ്രാർത്ഥന

പഴയ നിയമത്തിലെ പ്രാർത്ഥനകളിൽ അധിക പങ്കും മദ്ധ്യസ്ഥപ്രാർത്ഥനകളത്രെ. അബ്രഹാം ലോത്തിനു വേണ്ടിയും (ഉൽപ 18:23-35) മോശ ഇസ്രായേൽ ജനത്തിനുവേണ്ടിയും (സംഖ്യ 11:2; 21:17; നിയമാ 9:25-26) സാമുവൽ ശൗലിനു വേണ്ടിയും ജനത്തിനുവേണ്ടിയും (1 സാമു 7:5; 19-23) പ്രാർത്ഥിക്കുന്നു. ഈ മദ്ധ്യസ്ഥ പ്രാർത്ഥനകളുടെ ഒരു പ്രത്യേകത പ്രധാനമായും പ്രവാചകന്മാരോ പുരോഹിതന്മാരോ ആണ് അത് നിർവ്വഹിക്കുന്നത് എന്നുള്ളതാണ്. മോശയെ ന്യായപ്രമാണത്തിന്റെ മദ്ധ്യസ്ഥനായും (ഗലാ 3:19) യേശുക്രിസ്തുവിനെ ദൈവത്തിനും മനുഷ്യർക്കിമിടയ്ക്കുള്ള ഏക മദ്ധ്യസ്ഥനായും (1 തീമോ 2:5) പുതിയ നിയമത്തിൽ ചൂണ്ടിക്കാണിക്കുന്നു. മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു നമ്മുടെ കർത്താവിന്റെ ജീവിതത്തിൽ സുപ്രധാനമായ സ്ഥാനമുണ്ട്. മഹാപുരോഹിത പ്രാർത്ഥനയെന്ന പേരിൽ പ്രസിദ്ധമായ മദ്ധ്യസ്ഥ പ്രാർത്ഥനയാണ് വി. യോഹന്നാന്റെ സുവിശേഷത്തിലെ 17-ാം അദ്ധ്യായം. മനുഷ്യന്റെ പാപത്തിനു പ്രായശ്ചിത്തമായി മരിച്ച് ഉയിർത്തെഴുന്നേറ്റ് ദൈവത്തിന്റെ വലതുഭാഗത്തിരുന്ന് ഇപ്പോഴും മാദ്ധ്യസ്ഥം വഹി

4. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോടു കരുണ ചെയ്യണമേ. '*എസ്രഹാ അലൈൻ*' എന്ന സുറിയാനി പദങ്ങളുടെ അർത്ഥം ഞങ്ങളോടു കരുണ ചെയ്യേണമേ എന്നാണ്.





ക്കുന്നവനായിട്ടാണ് പുതിയനിയമത്തിൽ ക്രിസ്തുവിനെ ചിത്രീകരിക്കുന്നത്(റോമ 8:34; ഹെബ്രാ 7:24-25).

ക്രിസ്തുവിന്റെ ഈ മദ്ധ്യസ്ഥ പ്രാർത്ഥനയാണ് കുർബാനയാകുന്ന ദൈവാരാധനയുടെ ഒരു പ്രധാന ഘടകം. വി.കുർബാനയുടെ ആരംഭം മുതൽ അവസാനം വരെ നിരവധി അപേക്ഷകളും മദ്ധ്യസ്ഥ പ്രാർത്ഥനകളുമുണ്ട്. ഒരുക്ക ശുശ്രൂഷയിൽ പട്ടക്കാരൻ അപ്പവും വീഞ്ഞും കൈകളിൽ കുരിശാകൃതിയിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് ആദാം മുതൽ എല്ലാ വിശ്വാസികളേയും ഓർക്കുന്ന ദീർഘമായ പ്രാർത്ഥന മദ്ധ്യസ്ഥ പ്രാർത്ഥനയാണ്. ദേവാലയ നിർമ്മാണത്തിനു ശേഷം സോളമൻ ചെയ്ത പ്രാർത്ഥനയെ (1 രാജ 8:22-53) അനുസ്മരിപ്പിക്കുന്ന *സെദറാ* മദ്ധ്യസ്ഥ പ്രാർത്ഥനയാണ്. ബലിയർപ്പണത്തിന്റെ നിർണ്ണായക സമയത്ത് *തുബ്ദേൻ* എന്നറിയപ്പെടുന്ന മദ്ധ്യസ്ഥ പ്രാർത്ഥനകളുമുണ്ട്. കാർമ്മികന്റെ രഹസ്യ പ്രാർത്ഥനകളിൽ അധികപങ്കും മദ്ധ്യസ്ഥ പ്രാർത്ഥനകളാണ്.

### 4. സമർപ്പണം

ആരാധനയുടെ അവിഭാജ്യമായ മറ്റൊരു ഘടകമാണ് സമർപ്പണം. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവത്തിന്റെ കരുണയെ അനുസ്മരിച്ച് ജീവിതത്തെത്തന്നെ ബലിയായി സമർപ്പിക്കുന്നതാകുന്നു യഥാർത്ഥ ആരാധന (റോമ 12:1). അപ്പം മുറിക്കപ്പെടുന്നതുപോലെ നാമും നുറുക്കപ്പെട്ടാലേ ആരാധന പൂർത്തിയാകു. വി.കുർബാനയിൽ കർത്താവിന്റെ തിരുശരീരം പങ്കുവയ്ക്കുമ്പോഴാണ് ബലിയർപ്പണം യഥാർത്ഥമാകുന്നത്. നമ്മെത്തന്നെ ബലിയായി സമർപ്പിക്കുന്ന പല പ്രാർത്ഥനകളും മലങ്കര കുർബാനയിലുണ്ട്. *ഞങ്ങൾതന്നെ നിനക്കു സ്വീകാര്യബലിയായിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കണമേ* (പൊതുവായ സെദറാ). അപ്പവും വീഞ്ഞും സമർപ്പിക്കുന്നത് സ്വയാർപ്പണത്തിന്റെ അടയാളമായിട്ടാണ്. അങ്ങനെ, സമഗ്രമായ ആരാധനയുടെ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്നതാണ് മലങ്കര കുർബാന.

## വി.കുർബാനയുടെ ഘടന

എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇത് ചെയ്യുവിൻ എന്ന നമ്മുടെ കർത്താവിന്റെ അനുശാസനം വളരെ വ്യാപകമായ അർത്ഥത്തിലാണ് മലങ്കര സഭ മനസ്സിലാക്കുന്നത്. നമ്മുടെ കർത്താവിന്റെ പാരത്രികവും ഐഹികവുമായ ജീവിതം മുഴുവന്റെയും ബലിപരവും സജീവവുമായ

ഓർമ്മയാണ് കൗദാശികരൂപത്തിൽ മലങ്കരകുർബാനയിൽ ആഘോഷിക്കുന്നത്. ദൈവിക ആളത്വത്തിന്റെയും മനുഷ്യാവതാരത്തിലെ ക്രിസ്തുവിന്റെ ദൗത്യങ്ങളുടെയും സമ്പൂർണ്ണതയിൽ നമ്മുടെ കർത്താവേശുമിശിഹായെ ആരാധനാ സമൂഹത്തിൽ സന്നിഹിതനാക്കത്തക്ക വിധത്തിൽ മലങ്കരകുർബാന സംവിധാനം ചെയ്തിരിക്കുന്നു. രാജാവ്, പ്രവാചകൻ, പുരോഹിതൻ, ദൈവപുത്രൻ എന്നീ നാലു ശ്രേഷ്ഠ പദവികളുടെ പൂർണതയിൽ രക്ഷകനായ യേശു മിശിഹായെ ലോകാന്ത്യം വരെയുള്ള മനുഷ്യർക്ക് അനവരതം നിത്യനൂതനമായി പുനരവതരിപ്പിക്കത്തക്കവിധം രക്ഷാകര ചരിത്രം മുഴുവൻ കൂദാശയും യാഗവും യാഗവിരുന്നുമായി കോർത്തിണക്കിയിരിക്കുന്ന ഒരു ശുശ്രൂഷയായിട്ടത്രെ മലങ്കര കുർബാനയുടെ ഘടനയിൽ നാം കാണുന്നത്.

മനുഷ്യന്റെ അധഃപതന പ്രക്രിയയിലെ നാലു ഘട്ടങ്ങളെ[5] കൂടുതൽ ആഴമായി അപഗ്രഥിച്ചാൽ മലങ്കരകുർബാന ഇപ്രകാരം സംവിധാനം ചെയ്തിരിക്കുന്നതിന്റെ പൊരുൾ മനസ്സിലാക്കാൻ സാധിക്കും. രാജത്വം, പ്രവാചകത്വം, പൗരോഹിത്യം, ദൈവപുത്രസ്ഥാനം എന്നീ നാലു ശ്രേഷ്ഠ പദവികൾ കൊടുത്താണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. എന്നാൽ ഈ നാലു പദവികളും പടിപടിയായി നഷ്ടപ്പെടുത്തി.

## 1. അനുസരണക്കേട്

> വൃക്ഷത്തിന്റെ പഴം ആസ്വാദ്യവും കണ്ണിനു കൗതുകകരവും. അറിവേകാൻ കഴിയുമെന്നതിനാൽ അഭികാമ്യവുമാണെന്ന് കണ്ട് ഹവ്വാ അതു പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു. അവനും തിന്നു (ഉൽപ 3:6).

അങ്ങനെ നമ്മുടെ ആദിമാതാപിതാക്കന്മാർ ദൈവത്തോട് അനുസരണക്കേട് കാണിക്കുകയും പിശാചിന്റെ ഭരണത്തിനു അധീനരാവുകയും ചെയ്തു. സ്രഷ്ടാവും ദൈവവുമായ രാജാവിനെ ഉപേക്ഷിച്ച് തൽസ്ഥാനത്ത് പിശാചിനെ അവരുടെ രാജാവായി സ്വീകരിച്ച് അവർക്ക് കിട്ടിയ രാജത്വം എന്ന ശ്രേഷ്ഠ പദവി നഷ്ടപ്പെടുത്തി. നഷ്ടപ്പെട്ട ഈ പദവി വീണ്ടെടുത്ത് മാനവരാശിയെ സമുദ്ധരിക്കാനുള്ള രക്ഷകൻ തീർച്ചയായും ഒരു മഹാരാജാവായിരുന്നേ മതിയാവു. പൈശാചിക ദാസ്യത്തിലമർന്ന മനുഷ്യരാശിയെ അതിൽ നിന്ന് സ്വതന്ത്രമാക്കാൻ, പിശാചിനോടു സുധീരം പോരാടി വിജയം വരിക്കുന്ന ഒരു മഹാരാജാവിന്റെ ആവശ്യമാണ് നാമിവിടെ കാണുന്നത്. മരണം വരെ - അതേ കുരിശുമരണം വരെ - അനുസരണമുള്ളവനായി (ഫിലി 2:8) ഗോഗുൽത്തായിലെ വീണ്ടെടുപ്പു വഴി, മഹാരാജാവെന്ന നിലയിൽ പൈശാചിക ഭരണത്തിൽ നിന്ന് മാനവരാശിയെ മിശിഹാ മോചിപ്പിച്ചു. നമ്മുടെ കർത്താവിന്റെ രക്ഷണീയ ദൗത്യങ്ങളിലൊന്നായ രാജത്വം നാം ഇവിടെ ദർശിക്കുന്നു. വി. മത്തായിയുടെ സുവിശേഷത്തിലെ പ്രധാനപ്രമേയം നമ്മുടെ കർത്താവിന്റെ രാജത്വമാണെന്നു പറയാം (മത്താ 2:2; 27:11,37).

5. പേജ് 16-17





## 2. അവിശ്വാസം

തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്, ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും (ഉൽപ 3:3) എന്ന് ദൈവം കല്പിച്ചിരുന്നതിനെ ഹവ്വാ അവിശ്വസിച്ചു. നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം (ഉൽപ 3:5) എന്നു സർപ്പം പറഞ്ഞ വാക്കുകൾ വിശ്വസിച്ച് പഴം പറിച്ചുതിന്നു. പിശാചിന്റെ വഞ്ചനാപരമായ വാക്കുകൾ ശ്രവിച്ച് ദൈവത്തിന്റെ തിരുവചനത്തെ ആദിമമാതാപിതാക്കൾ അവിശ്വസിച്ചു. ഈ അവിശ്വാസത്തിന്റെ ഫലമായി ദൈവത്തെക്കുറിച്ചുള്ള ശരിയായ അറിവ് മനുഷ്യരാശിക്കു നഷ്ടപ്പെട്ടു. കാലക്രമേണ മാനവരാശി അജ്ഞാനാന്തകാരത്തിലും വിഗ്രഹാരാധനയിലും നിപതിച്ചു. ഈ ദൃശ്യമായ ദുരവസ്ഥയിൽ നിന്ന് മനുഷ്യവംശത്തെ സമുദ്ധരിക്കുവാനുള്ള രക്ഷകൻ ഒരു മഹാപ്രവാചകനായിരിക്കണം. ഇരുട്ടിലും മരണനിഴലിലുമിരിക്കുന്ന മനുഷ്യരെ സത്യമാർഗ്ഗത്തിൽ നയിക്കുവാൻ ഒരു പ്രവാചകന്റെ ആവശ്യമാണ് നാമിവിടെ കാണുന്നത്. ക്രിസ്തുമതം എന്ന സമ്പൂർണ്ണമായ ദൈവിക വെളിപാട് ലോകത്തിന് നൽകിക്കൊണ്ട് നമ്മുടെകർത്താവ് മഹാപ്രവാചകനായി അന്ധകാരത്തിൽ നിന്നും വിഗ്രഹാരാധനയിൽ നിന്നും നമ്മെ രക്ഷിച്ചു. രക്ഷണ്യ വേലയിലെ പ്രവാചക ദൗത്യമാണ് ക്രിസ്തു ഇതുമൂലം നിർവ്വഹിച്ചത്. വി. മാർക്കോസിന്റെ സുവിശേഷത്തിലെ (മർക്കോ 6:4,15) പ്രതിപാദ്യ വിഷയം ഇതാണെന്ന് പൊതുവേ പറയാം.

## 3. അകൽച്ച

വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം കെട്ടു. പുരുഷനും ഭാര്യയും അവിടുത്തെ

മുമ്പിൽനിന്നു മാറി, തോട്ടത്തിലെ മരങ്ങൾക്കിടയിലൊളിച്ചു (ഉൽപ 3:8). അനുസരണക്കേടിന്റെയും അവിശ്വാസത്തിന്റെയും പരിണതഫലമെന്നപോലെ ആദിമാതാപിതാക്കൾ ദൈവത്തിന്റെ സാമീപ്യത്തിൽ നിന്ന് അകലുന്നു. ഈ ദുരന്തത്തിൽ നിന്ന് മനുഷ്യനെ രക്ഷിക്കാൻ ഒരു മദ്ധ്യസ്ഥപുരോഹിതനു മാത്രമേ കഴിയൂ. അകൽചയിലിരിക്കുന്ന ഉഭയകക്ഷികളെ തമ്മിൽ രമ്യപ്പെടുത്തുവാൻ കഴിവുറ്റ ഒരു മദ്ധ്യസ്ഥ മഹാ പുരോഹിതനായി ക്രിസ്തു ഈ ഭൂമിയിൽ അവതരിച്ചു. ദൈവ നീതിക്കു ചേർന്നവിധം മനുഷ്യൻ അർഹിച്ചിരുന്ന ശിക്ഷ നമ്മുടെ കർത്താവ് സ്വയം ഏറ്റെടുത്തു. ഗോഗുൽത്തായിലെ പരമയാഗംവഴി നമ്മുടെ കർത്താവ് ബലിവസ്തുവും, ബലിയർപ്പകനായ മദ്ധ്യസ്ഥ പുരോഹിതനുമായി വർത്തിച്ചു. മാനവകുലത്തിന്റെ കടച്ചീട്ടിനെ കീറിക്കളഞ്ഞ് അതിനെ ദൈവപിതാവുമായി രമ്യപ്പെടുത്തി. പാപംമൂലം അടയ്ക്കപ്പെട്ട സ്വർഗ്ഗവാതിൽ തുറന്നുതന്ന മഹാപുരോഹിതനാണ് ക്രിസ്തു. നമ്മുടെ കർത്താവിന്റെ രക്ഷണ്യവേലയിലെ പൗരോഹിത്യ ദൗത്യം വി. ലൂക്കോസിന്റെ സുവിശേഷത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

## 4. അനൈക്യം

കർത്താവ് അവരെ ഏദൻതോട്ടത്തിൽനിന്ന് പുറത്താക്കി (ഉൽപ 3:24). ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദനിലാക്കിയത് ദൈവ തേജസ്സിലും ദൈവിക ജീവനിലും അവനെ പങ്കാളിയാക്കാനായിരുന്നു. എന്നാൽ അനുസരണക്കേടും അവിശ്വാസവും, അകൽചയും നിമിത്തം അവൻ അതിന് അനർഹനായി. ദൈവസംസർഗ്ഗവും ഭാവിയിൽ അവൻ പ്രാപിക്കേണ്ടിയിരുന്ന തേജസ്സും ദൈവിക ജീവനിലുള്ള പങ്കാളിത്തവും അവനു നഷ്ടപ്പെട്ടു. ദൈവവും മനുഷ്യനും, മനുഷ്യനും മനുഷ്യനും, മനുഷ്യനും മറ്റു ജീവികളും തമ്മിൽ അനൈക്യമുണ്ടാക്കി. അനൈക്യത്തിന്റെ ദുരവസ്ഥ നിവാരണം ചെയ്ത് മനുഷ്യനെ ദൈവത്തോടു പുനരൈക്യപ്പെടുത്തുവാൻ ഒരു ദൈവീക വ്യക്തിക്കല്ലാതെ മറ്റാർക്കും സാധ്യമല്ലായിരുന്നു. അങ്ങനെ പുനരൈക്യം കൈവരുത്തുവാൻ ദൈവ പുത്രൻ ദൈവത്വം കൈവെടിയാതെ മനുഷ്യനായി ഭൂമിയിൽ അവതരിച്ചു. വി.യോഹന്നാന്റെ സുവിശേഷം ക്രിസ്തുവിന്റെ ദൈവപുത്ര സ്ഥാനത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്.

ആദിയിൽ ദൈവം ആദിമാതാപിതാക്കന്മാരെ സൃഷ്ടിച്ച് കൃപാവരത്തിൽ ഉയർത്തിയപ്പോൾ, ഭാവിയിൽ ദൈവതേജസ്സിലും, ദൈവിക ജീവിതത്തിലും പങ്കുകൊള്ളേണ്ട രാജാവും, പ്രവാചകനും, പുരോഹിതനും ദൈവപുത്രനുമായിട്ടാണ് ആദാമിനെ ഏദൻതോട്ടത്തിൽ പാർപ്പി





ച്ചത്. അവർ ദൈവകല്പന ലംഘിച്ചതോടെ അനുസരണക്കേട്, അവിശ്വാസം,അകൽച്ച,അനൈക്യം എന്നിവ വഴി ഈ നാലു പദവികളും നഷ്ടമായി. അങ്ങനെ പാപം മൂലം അവർ നഷ്ടമാക്കിയ പദവികളെ നമുക്കു തിരിച്ചുതരാനായി ദൈവപുത്രൻ തന്റെ ദൈവിക ആളത്വത്തോടെ മനുഷ്യാവതാരം ചെയ്തു. അതു വഴി ദൈവപുത്രനായ ക്രിസ്തു രാജത്വവും, പ്രവാചകത്വവും പൗരോഹിത്യവും സ്വീകരിച്ചുകൊണ്ട്, രക്ഷാകരവേല നിർവ്വഹിച്ചു. പഴയ മനുഷ്യനായ ഒന്നാം ആദാം നഷ്ടമാക്കിയ പദവികൾ രണ്ടാം ആദാമായ ക്രിസ്തു നേടിയെടുത്തു. മനുഷ്യരാശിയുടെ അധഃപതനത്തിന്റെ നാലുഘട്ടങ്ങളായ അനുസരണക്കേട്, അവിശ്വാസം, അകൽച,അനൈക്യം എന്നിവയ്ക്ക് നിവാരണമായി നമ്മുടെ കർത്താവ് രാജാവെന്ന നിലയിൽ വീണ്ടെടുപ്പും, പ്രവാചകനെന്ന നിലയിൽ വെളിപാടും, പുരോഹിതൻ എന്ന നിലയിൽ അനുരഞ്ജനവും ദൈവപുത്രൻ എന്ന നിലയിൽ പുനരൈക്യവും നടത്തി പൂർണ്ണ രക്ഷ നമുക്കു നൽകിയിരിക്കയാണ്. മേൽപ്പറഞ്ഞ നാലുപദവികളെ ആസ്പദമാക്കിയാണ് മലങ്കരകുർബാന ഇന്നത്തെ ഘടനയിൽ രൂപം പ്രാപിച്ചത്.

തന്റെ രക്ഷണ്യവേലയുടെ അമൂല്യഫലങ്ങളായ വീണ്ടെടുപ്പ്, വെളിപാട്, അനുരഞ്ജനം,പുനരൈക്യം എന്നിവ ലോകാന്ത്യം വരെയുള്ള എല്ലാ ദേശങ്ങളിലെയും എല്ലാക്കാലങ്ങളിലെയും മനുഷ്യർക്ക് ലഭിക്കാനാണ് നമ്മുടെ കർത്താവ് സെഹിയോൻ മാളികയിൽവച്ച് വി. കുർബാന ബലിയും കൂദാശയും വിരുന്നുമായി സ്ഥാപിച്ചത്. അധഃപതിച്ച മനുഷ്യന് യാതൊരു കാഴ്ച സമർപ്പണവും യോഗ്യമായി നടത്തുക സാദ്ധ്യമായിരുന്നില്ല. എന്നാൽ നമ്മുടെ കർത്താവ് കുരിശുമരണത്താലും ഉയിർപ്പിനാലും മനുഷ്യരാശിയെ പൈശാചിക ഭരണത്തിൽ നിന്നും മോചിപ്പിച്ചു. ആ വിമോചനം ക്രിസ്തുരാജൻ പിശാചിന്റെ ആധിപത്യം തകർത്തതോടെയാണ് സംജാതമായത്.

## 1. ഒരുക്ക ശുശ്രൂഷ-രാജാവായ ക്രിസ്തു

ആദ്യത്തെ രഹസ്യ ശുശ്രൂഷമുതൽ മറനീക്കി സ്വഭാവപ്രകാരം മരണമില്ലാത്തവനും.....എന്നിത്യാദിവരെയുള്ളതാണ് വി.കുർബാനയുടെ ഒന്നാം ഭാഗം - ഒരുക്കശുശ്രൂഷ. ഇവിടെ നാം ക്രിസ്തുവിനെ രാജാവായി ദർശിക്കുന്നു. അനുസരണക്കേടിനു പ്രതിവിധിയായി പാപപരിഹാരം എന്ന മതാനുഷ്ഠാനമാണ് ഈ ഭാഗത്ത് നടക്കുന്നത്. രാജാവായ ക്രിസ്തു കുരിശുമരണം വരെയുള്ള അനുസരണംകൊണ്ട് (ഫിലി 2:8 ) നമ്മെ വീണ്ടെടുത്തു. സുറിയാനിയിൽ *തൂയോബാ* എന്നറിയപ്പെ

ടുന്ന ഒരുക്കശുശ്രൂഷയിലെ പ്രാർത്ഥനകളും കർമ്മങ്ങളും ക്രിസ്തുവിന്റെ രാജത്വത്തെ വെളിവാക്കുന്നവയാണ്.

തുടക്കത്തിൽത്തന്നെ ത്രോണോസിന്റെ[6] മുമ്പിൽ വന്ദിച്ചുകൊണ്ട് വൈദികൻ ഇപ്രകാരം പറയുന്നു. *സ്വർഗ്ഗീയ രാജാവേ, നിന്റെ സിംഹാസനത്തിന്റെ മുമ്പിൽ വന്ദിച്ചു.* അപ്പം ഒരുക്കിവച്ചുകൊണ്ട് വൈദികൻ തുടരുന്നു: *കർത്താവേ, നിന്റെ വിശുദ്ധസ്ഥലം, നീ നിന്റെ സിംഹാസനത്തിന്റെ പാദപീഠമാക്കി. നിന്റെ തൃക്കരങ്ങളാൽ അതിനെ ഉറപ്പിക്കണമേ. കർത്താവ് എന്നേക്കും രാജാവായി വാഴട്ടെ.* സെദറായ്ക്കുശേഷമുള്ള ഗീതത്തിൽ രാജാക്കന്മാരുടെ ആരാധനയ്ക്കുപാത്രമായ മഹത്വമുള്ള രാജാവേ എന്നു വിളിച്ചാണ് കരുണയ്ക്കുവേണ്ടി ക്രിസ്തുവിനോട് അപേക്ഷിക്കുന്നത്. കൈകൾ കഴുകി അംശവസ്ത്രങ്ങൾ ധരിക്കുമ്പോൾ വൈദികൻ ചൊല്ലുന്ന പ്രാർത്ഥനകൾ പിശാചുമായി നടത്തുന്ന യുദ്ധത്തെ സൂചിപ്പിക്കുന്നവയാണ്. ക്രിസ്തുവിന്റെ രാജത്വത്തെക്കുറിക്കുന്ന രാജകീയ വസ്ത്രങ്ങളാണ് വൈദീകൻ ധരിക്കുന്നത്. ക്രിസ്തുവിന്റെ രാജത്വത്തെ വർണ്ണിക്കുന്നതായി മാർ അപ്രേം വ്യാഖ്യാനിക്കുന്ന 93-ാം സങ്കീർത്തനത്തിന്റെ ഭാഗങ്ങൾ ദർഗ്ഗായിൽ കയറിനിന്ന് വൈദികൻ ചൊല്ലുന്നു. വി.കുർബാന പരസ്യമായി ആരംഭിക്കുമ്പോൾ മറ നീക്കിയതിനുശേഷം ജനം പ്രത്യുത്തരമായി ചൊല്ലുന്ന മാർ സേവേറിയോസിന്റെ മാനീസാ ഇതിന്റെയെല്ലാം പാരമ്യമാണ്. സ്വർഗ്ഗീയ പിതാവിന്റെ ഏകപുത്രനും വചനവും രാജാവുമായ എന്റെ കർത്താവേ, നിന്നെ ഞാൻ പുഴ്ത്തും (cfr സങ്കീ 145:1). ഇങ്ങനെ മഹാരാജാവെന്ന നിലയിൽ ഗോഗുൽത്താ കുരിശിലെ ബലിയർപ്പണത്താലും ഉയിർപ്പിനാലും പിശാചിനെ ചവുട്ടിക്കൊന്ന് വീണ്ടെടുപ്പ് സാധിച്ച മഹാരാജാവായ കർത്താവിന്റെ സജീവ ഓർമ്മയാണ് വി. കുർബാനയുടെ ഒന്നാം ഭാഗത്ത് നാം നിറവേറ്റുന്നത്.

## 2. വചനശുശ്രൂഷ-പ്രവാചകനായ ക്രിസ്തു

ദൈവമ നീ പരിശുദ്ധനാകുന്നു. . . മുതൽ വിശ്വാസപ്രമാണം വരെയുള്ള ഭാഗം *തുൽമോദൊ* എന്ന പേരിൽ അറിയപ്പെടുന്നു. അദ്ധ്യയന ശുശ്രൂഷ അല്ലെങ്കിൽ വചനശുശ്രൂഷ എന്നാണ് സുറിയാനി പദത്തിന്റെ അർത്ഥം. അത് നമ്മുടെ കർത്താവ് പ്രവാചകനെന്ന നിലയിൽ ക്രിസ്തീയ വെളിപാട് നൽകിയതിന്റെ ഓർമ്മയാണ്. ഈ ഭാഗത്ത് അവിശ്വാസത്തിനു പരിഹാരമായി ദൈവജനം വിശ്വസിച്ച് ഏറ്റുപറയുകയും ആരാധന നടത്തുകയും ചെയ്യുന്നു.

6. ത്രോണോസ് എന്ന പ്രയോഗം തന്നെ രാജകീയ സിംഹാസനത്തെ കുറിക്കുന്നു.





## 3.യാഗാർപ്പണം-പുരോഹിതനായ ക്രിസ്തു

സമാധാനത്തിന്റെ പ്രാർത്ഥനമുതൽ മൂന്നാമത്തെ *റുശ്മാ* (മുദ്രകുത്തൽ-ആശീർവാദം) വരെയുള്ള ഭാഗത്താണ് യാഗാർപ്പണ ശുശ്രൂഷ നടക്കുന്നത്. ഗ്രീക്കിൽ *അനാഫോറാ* എന്നറിയപ്പെചുന്ന ഈ ഭാഗത്ത് ക്രിസ്തു മഹാപുരോഹിതൻ എന്ന നിലയിൽ ചെയ്ത രക്ഷണീയ കർമ്മങ്ങളെ ഓർക്കുന്നു. ക്രിസ്തുവിനെ ബലിവസ്തുവും, ബലിയും, പുരോഹിതനുമായി നാം ഇവിടെ കാണുന്നു. അകൽച്ചയ്ക്കു പരിപരിഹാരമായിട്ടുള്ള അനുരഞ്ജനമാണ് ഈ ശുശ്രൂഷയിൽ ദൈവജനം നടത്തുന്നത്.

## 4. യാഗവിരുന്ന് - ദൈവപുത്രനായ ക്രിസ്തു

കാസായും പീലാസായും ഉയർത്തുന്നതുമുതൽ അവസാനം വരെയുള്ള ഭാഗം *മെശ്തുസൊ* എന്ന് സുറിയാനിയിൽ അറിയപ്പെടുന്നു. യാഗവിരുന്ന് എന്നാണ് അർത്ഥം. ഈ ഭാഗത്ത് ക്രിസ്തുവിനെ ദൈവപുത്രനായി ദർശിച്ച് ആരാധിക്കുകയും വി. കുർബാനാനുഭവം വഴി ദൈവവുമായുള്ള പുനരൈക്യം കൈവരുത്തുകയും ചെയ്യുന്നു.

### വി.കുർബാനയുടെ ഘടന

| മനുഷ്യന്റെ അധ:പതന ഘട്ടങ്ങളും നഷ്ടപ്പെട്ട പദവികളും | സുവിശേഷങ്ങളും ക്രിസ്തുവിന്റെ ശ്രേഷ്ഠ പദവികളും | രക്ഷയുടെ ഘട്ടങ്ങളും മതാനുഷ്ഠാനവും | വിശുദ്ധ കുർബാനയുടെ ഘടന |
|---|---|---|---|
| അനുസരണക്കേട് (Disobedience) രാജത്വം | വി.മത്തായി മഹാരാജാവ് | വീണ്ടെടുപ്പ് (Redemption) പാപപരിഹാരം | തുയോബൊ ഒരുക്കശുശ്രൂഷ |
| അവിശ്വാസം (Disbelief) പ്രവാചകത്വം | വി.മാർക്കോസ് മഹാപ്രവാചകൻ | വെളിപാട് (Revelation) ആരാധന | തുൽമോദോ വചനശുശ്രൂഷ |
| അകൽച്ച (Disruption) പൗരോഹിത്യം | വി.ലൂക്കോസ് മഹാപുരോഹിതൻ | അനുരഞ്ജനം (Reconciliation) മദ്ധ്യസ്ഥാപേക്ഷ | അനാഫോറ യാഗാർപ്പണം |
| അനൈക്യം (Disunion) ദൈവപുത്രത്വം | വി.യോഹന്നാൻ ദൈവപുത്രൻ | പുനരൈക്യം (Reunion) കൃതജ്ഞത | മെശ്തുസൊ യാഗവിരുന്ന് |

ഈ വിഭജനം വളരെ ക്ലിപ്തമായ ഒന്നല്ല. മനുഷ്യന്റെ അധ:പതനഘട്ടങ്ങളും ക്രിസ്തുവിന്റെ രക്ഷണ്യ വ്യാപാരത്തിലെ ദൗത്യങ്ങളും ആസ്പദമാക്കി മലങ്കരകുർബാന ഏറെക്കുറെ എങ്ങനെ വിഭജിക്കപ്പെട്ടിരിക്കുന്നുവെന്ന് ഇതിൽ നിന്ന് ഒറ്റനോട്ടത്തിൽ മനസ്സിലാക്കാം.[7]

## മലങ്കരകുർബാനയുടെ ഉള്ളടക്കം

നമ്മുടെ കർത്താവിന്റെ പാരത്രികവും ഐഹികവുമായ ജീവിതം മുഴുവന്റെയും ഓർമ്മയും, മുടിയനായ പുത്രന്റെ തിരിച്ചുവരവും സ്വീകരണവും ഉൾക്കൊള്ളുന്ന തീർത്ഥാടനവും ഏശയ്യാ പ്രവാചകന്റെ ദേവാലയത്തിലെ ദർശനവും സമ്യക്കായി കോർത്തിണക്കിയിട്ടുള്ള ഒരു ദിവ്യ ശുശ്രൂഷയത്രെ മലങ്കര കുർബാന.

### 1. നമ്മുടെ കർത്താവിന്റെ ഓർമ്മ

ക്രിസ്തുവിന്റെ സ്വർഗ്ഗീയവും ഭൗമികവുമായ ജീവിതം മുഴുവന്റെയും യാഗപരവും സജീവവുമായ ഓർമ്മയാണ് മലങ്കര കുർബാനയിലെ സർവ്വപ്രധാനമായ വിഷയം. അതായത് മലങ്കരകുർബാന രക്ഷാകര ചരിത്രത്തിന്റെ കൗദാശികമായ പുനരാവിഷ്ക്കരണമാണ്. രക്ഷണീയ ചരിത്രം മുഴുവൻ സജീവമായും ആത്മീകമായും നമ്മുടെ മുമ്പിൽ മലങ്കര കുർബാന അവതരിപ്പിക്കുന്നു. ക്രിസ്തുവിനെ രാജാവും പ്രവാചകനും പുരോഹിതനും ദൈവപുത്രനും എന്ന നിലയിൽ ആരാധനാ സമൂഹത്തിൽ സന്നിഹിതനാക്കുന്ന ഒരു ദൈവിക ശുശ്രൂഷയാണ് വി. കുർബാന. ദൈവം ക്രിസ്തുവിൽ എന്തെല്ലാം നമുക്കായി പ്രവർത്തിച്ചിട്ടുണ്ടോ അവയെല്ലാം; നമ്മുടെ ക്രിസ്തീയ ജീവിതം എന്തെല്ലാം അർത്ഥമാക്കുന്നുവോ അവയെല്ലാം; കൗദാശികമായി പുനരവതരിക്കപ്പെടുന്നു. വി. കുർബാനയിൽ ദൈവത്തിന്റെ അളവില്ലാത്ത സ്നേഹം നമുക്ക് അനുഭവവേദ്യമാകുന്നു.

ദൈവപുത്രൻ മനുഷ്യാവതാരം ചെയ്ത് ഒരു പ്രത്യേക സമയത്തും ഒരു പ്രത്യേകസ്ഥലത്തും നിർവ്വഹിച്ചതും, താൻതന്നെ നേരിട്ടു സ്ഥാപിച്ചതും, ഇപ്പോഴും ആദൃശ്യമായി സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് തുടർന്നുകൊണ്ടിരിക്കുന്നതുമായ മദ്ധ്യസ്ഥയാഗത്തിൽ വി.കുർബാന നമ്മെ പങ്കാളികളാക്കിത്തീർക്കുന്നു. അദൃശ്യനായിട്ടെങ്കിലും ക്രിസ്തുതന്നെ പ്രധാന കാർമ്മികനായി നടത്തുന്ന ഒരു ദിവ്യ

7.കൂടുതൽ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും അടുത്ത അദ്ധ്യായങ്ങളിൽ.





കൂദാശയാണ് വി.കുർബാന. കർത്താവിന്റെ ദിവ്യസ്നേഹത്തെ ദർശിച്ച് അതിൽ നിറയുന്നതിനും നമ്മുടെ പ്രതിസ്നേഹത്തെ പ്രകാശിപ്പിക്കുന്നതിനും മലങ്കര കുർബാന നമ്മെ സഹായിക്കുന്നു.

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗത്തിലെ ജീവിതത്തെ ഒരുക്കശുശ്രൂഷ അനുസ്മരിപ്പിക്കുന്നു. ലോക സൃഷ്ടിക്കുമുമ്പ്, വി.ത്രിത്വത്തിൽ നമ്മുടെ നഗ്നനേത്രങ്ങൾക്കു മറഞ്ഞിരിക്കുന്നു എന്നുള്ള അദൃശ്യാവസ്ഥയെ, മദ്ബഹായുടെ വാതിൽക്കലെ തിരശ്ശീല സൂചിപ്പിക്കുന്നു. എന്നാൽ യാമപ്രാർത്ഥന തുടങ്ങുമ്പോൾ മറനീക്കി പ്രപഞ്ച സൃഷ്ടിയെ വെളിവാക്കുന്നു. ആദാമും ഹവ്വായും ആദ്യം ദൈവസംസർഗ്ഗത്തിലായിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. ആദാമും ഹവ്വായും കല്പന ലംഘിച്ചതിനാൽ സ്വർഗ്ഗം അടയ്ക്കപ്പെട്ടു എന്നു കാണിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. യാമനമസ്കാരം തീരുമ്പോൾ പഴയനിയമത്തിൽ നിന്നും വായിക്കുന്നത് ചരിത്രത്തിലൂടെയുള്ള ദൈവത്തിന്റെ പടിപടിയായ വെളിപാടിനെ സൂചിപ്പിക്കുന്നു. കന്യകമറിയാമിനോടുള്ള വചനിപ്പ് ഒരുക്കശുശ്രൂഷയിൽ അനുസ്മരിക്കപ്പെടുന്നു. തിരശ്ശീല മാറ്റി മദ്ബഹാ തുറക്കപ്പെടുമ്പോൾ നമ്മുടെ കർത്താവിന്റെ ജനനം മാമോദീസാ ഇവയെയും, തുടർന്ന് ലേഖനങ്ങളും സുവിശേഷങ്ങളും വായിക്കുമ്പോൾ കർത്താവിന്റെ പരസ്യജീവിതത്തെയും ഓർക്കുന്നു. സമാധാനത്തിന്റെ പ്രാർത്ഥന മുതലുള്ള ഭാഗം കർത്താവ് വി.കുർബാന സ്ഥാപിച്ചതിനെ ആഘോഷിക്കുന്നു. ഖണ്ഡനശുശ്രൂഷയുടെ സമയത്ത് കർത്താവിന്റെ പീഡാനുഭവവും മരണവും ഉയിർപ്പും അനുസ്മരിക്കപ്പെടുന്നു. ശരീരവും രക്തവും ഉയർത്തി ആഘോഷിക്കുമ്പോൾ നാം കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു സാക്ഷികളാവുകയാണ്. വിശുദ്ധ രഹസ്യങ്ങൾ പടിഞ്ഞാറോട്ടു കൊണ്ടുവരുമ്പോൾ തന്റെ രണ്ടാമത്തെ വരവിനെയാണ് നാം ദർശിക്കുന്നത്. ഇങ്ങനെ മലങ്കര കുർബാനയിൽ കർത്താവിന്റെ പാരത്രികവും ഐഹികവുമായ ജീവിതം മുഴുവൻ ആഘോഷിക്കുന്നു.

### 2. ധൂർത്തപുത്രന്റെ പിതൃഭവനത്തിലേക്കുള്ള തീർത്ഥാടനം

വി.കുർബാനയ്ക്കുള്ള ഒരുക്കമെന്നപോലെയാണ് വി. വേദപുസ്തകത്തിലെ ഈ ഉപമ മനസ്സിലാക്കേണ്ടത്. ധൂർത്ത പുത്രന്റെ തിരിച്ചുവരവും സ്വീകരണവും വിരുന്നു സൽക്കാരവും വിശ്വാസിയുടെ മനസ്സിൽ തെളിയത്തക്കവിധമാണ് മലങ്കരകുർബാന സംവിധാനം ചെയ്തിരിക്കുന്നത്. വി. കുർബാനയ്ക്കായി ഇടവക പള്ളിയിലേക്കുള്ള

വരവ് ധൂർത്ത പുത്രന്റെ പിതൃഭവനത്തിലേക്കുള്ള ഒരു മാനസാന്തര തീർത്ഥാടനമാണ്. തീർത്ഥാടനകേന്ദ്രവും പിതൃഭവനവുമായ ഇട വകപള്ളിയിൽ വച്ച് മാമോദീസായിലൂടെ പിതൃസ്വത്ത് പ്രാപിച്ചവരാണ് ഇടവകാംഗങ്ങൾ. ദൈവമക്കൾ എന്ന ശ്രേഷ്ഠ പദവിയും, പരിശുദ്ധാ ത്മാവ് അണിയിച്ച മഹത്വ വസ്ത്രവുമായിരുന്നു ആ പിതൃസ്വത്ത്. എന്നാൽ ദൈനംദിന ജീവിതത്തിൽ ഈ ആത്മീയ ധനമെല്ലാം മുടിയ നായ പുത്രനെപ്പോലെ നാം നഷ്ടമാക്കുന്നു. അന്യദേശത്തനുഭവപ്പെട്ട കഠിന ക്ഷാമവും വിശപ്പുമാണ് ധൂർത്തപുത്രനെ പിതൃഭവനത്തിലെ ധനസമൃദ്ധിയെപ്പറ്റി ചിന്തിപ്പാനും, തൽഫലമായി മാനസാന്തരപ്പെട്ട് പിതൃഭവനത്തിലേക്ക് തീർത്ഥാടനം ചെയ്യാനും പ്രേരിപ്പിച്ചത്. പരദേ ശവാസമായ ലൗകികജീവിതത്തിൽ ഓരോ ക്രിസ്ത്യാനിക്കും നേരി ടുന്ന ആത്മീയ ക്ഷാമത്തെ പള്ളിയിലെ വലിയമണി വിളിച്ചറിയിക്കു ന്നു. ആത്മീയ ദാരിദ്ര്യം അനുഭവിച്ച് വലയുന്നവരായ ക്രിസ്ത്യാനി കളെ ഇടവക പള്ളിയിലേക്കു തിരിച്ചുവരാൻ ഈ മണിനാദം ആഹ്വാനം ചെയ്യുകയാണ്.

മണിനാദം നമ്മോട് ശാന്തസുന്ദരമായി മന്ത്രണം ചെയ്യുന്നു. സന്തോഷത്തോടെ കർത്താവിന് ശുശ്രൂഷ ചെയ്യുവിൻ; ഗാനാലാപ ത്തോടെ അവിടുത്തെ സന്നിധിയിൽ വരുവിൻ (സങ്കീ 100:2). കർത്താവ് ഒരുക്കിയ ദിവസമാണിന്ന് ഇന്നു സന്തോഷിച്ചുല്ലസിക്കാം (സങ്കീ 118:24). വരുവിൻ നമുക്ക് കുമ്പിട്ട് ആരാധിക്കാം; നമ്മെ സൃഷ്ടിച്ച കർത്താ വിന്റെ മുമ്പിൽ മുട്ടുകുത്താം (സങ്കീ 95:6). അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കലേക്കു വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം (മത്താ 11:28). ആർക്കെങ്കിലും ദാഹി ക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽവന്നു കുടിക്കട്ടെ (യോഹ 7:37). ഇതാ വിരുന്നു സജ്ജമായിരിക്കുന്നു. എന്റെ കാളകളെയും കൊഴുത്ത മൃഗങ്ങളെയും കൊന്ന് എല്ലാം തയ്യാറാക്കിക്കഴിഞ്ഞു. വിവാഹവിരു ന്നിനു വരിക (മത്താ 22:4). ഇപ്രകാരം അരുളിചെയ്തുകൊണ്ട് നമ്മുടെ വീട്ടിൽനിന്ന് പള്ളിയിലേക്കു നമ്മെ ക്ഷണിക്കുന്ന ദൈവത്തിന്റെ മധുര സ്വരമത്രെ പള്ളിമണിനാദത്തിൽ ക്രിസ്ത്യാനി ശ്രവിക്കുന്നത്.

അനുതാപത്തെ സൂചിപ്പിക്കുന്ന കറുത്ത കുപ്പായമിട്ടുകൊ ണ്ടാണ് വൈദികൻ പള്ളിയിലെത്തുന്നത്. സ്വർഗ്ഗീയ സിംഹാസനമായ ത്രോണോസിന്റെ മുമ്പിൽ വണങ്ങി ഇപ്രകാരം പറയുന്നു. സ്വർഗ്ഗത്തി നെതിരെയും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു (ലൂ 15,:21). ദൈവമേ പാപിയായ എന്നിൽ കനിയേണമേ (ലൂ 18:13). പിതൃഭവന





ത്തിൽ തിരിച്ചുവന്ന് പിതാവിനോട് ധൂർത്തപുത്രൻ മാപ്പപേക്ഷിക്കുന്ന രംഗമാണ് സ്മരിക്കുന്നത്. പള്ളിയിൽ വരുന്ന അനുതാപി ആദ്യംതന്നെ നമസ്ക്കാരമേശയിലിരിക്കുന്ന വേദപുസ്തകം മുത്തുന്നു. ഇത് സ്നേഹ മുള്ള പിതാവ് ധൂർത്ത പുത്രനെ ആലിംഗനം ചെയ്ത് സ്വീകരിച്ച (ലൂ 15:20) സംഭവത്തെ അനുസ്മരിപ്പിക്കുന്നു. കറുത്ത പുറംകുപ്പായം ധൂർത്തപുത്രന്റെ മുഷിഞ്ഞതും കീറിപ്പറിഞ്ഞതുമായ വസ്ത്രത്തെ സൂചിപ്പിക്കുന്നു. പുറംകുപ്പായം ഊരി കൈകൾ കഴുകുന്നു; തുടർന്ന് പട്ടുവസ്ത്രങ്ങൾ ധരിക്കുന്നു. ഇത് ധൂർത്തപുത്രന്റെ ജീർണ്ണവസ്ത്രം മാറ്റി മേൽത്തരം വസ്ത്രം ധരിപ്പിച്ചതിനെ കാണിക്കുന്നു. തുടർന്ന് പുത്രന് പിതാവ് ഒരുക്കിയ വിരുന്നിന്റെ സാദൃശ്യത്തിൽ നമ്മുടെ കർത്താവിന്റെ ഗോഗുൽത്തായിൽ അറുക്കപ്പെട്ടതും ഉയിർപ്പിൽ മഹത്വം പ്രാപിച്ചതുമായ ശരീരവും രക്തവും ഉൾക്കൊള്ളുന്ന വിരുന്ന് ഒരുക്ക പ്പെടുന്നു.

## 3. ഏശയ്യാ പ്രവാചകന്റെ ദർശനം (ഏശ 6:1-9)

മഹത്വമുള്ളവനായ ഏശയ്യാ ദീർഘദർശിക്ക് ജറുസലേം ദേവാ ലയത്തിൽവച്ചുണ്ടായ ദർശനം മലങ്കരകുർബാനയുടെ ഉള്ളടക്കത്തെ സാരമായി സ്വാധീനിച്ചിട്ടുണ്ട്.

(a) കർത്താവ് ഉന്നതമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ട നായിരിക്കുന്നത് ഞാൻ കണ്ടു. (ഏശ 6:1). ദേവാലയത്തിലെ ഏറ്റവും ഉയർന്ന ഭാഗമായ മദ്ബഹയിലെ ത്രോണോസ് ഏശയ്യാ കണ്ടതുപോലുള്ള ഉന്നതമായ സിംഹാസനമാണ്. സ്വർഗ്ഗീയ രാജാവായ കർത്താവിന്റെ പ്രതാപപൂർണ്ണമായ സിംഹാസനമാണ് നമ്മുടെ പള്ളി യിലെ ത്രോണോസ്. ദീർഘദർശി പറഞ്ഞിരിക്കുന്നത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. സൈന്യങ്ങളുടെ കർത്താവായ രാജാവിനെ എന്റെ നയ നങ്ങൾ ദർശിപ്പിച്ചിരിക്കുന്നു. (ഏശ 6:5). രാജകീയ സിംഹാസനത്തിനു ചേർന്ന വിശിഷ്ടമായ പട്ടുകൊണ്ടുണ്ടാക്കിയ ചിത്തോലയാൽ ത്രോണോസ് അലങ്കരിക്കുന്നതിന്റെ കാരണമിതാണ്. ഇതിന്റെ അടി സ്ഥാനത്തിലാണ് വി. കുർബാനയിലെ ആദ്യത്തെ ഗീതത്തിൽ ഇപ്ര കാരം നാം പാടുന്നത്.

സ്വർഗ്ഗാധിപതേ ദേവാ, നിന്നുടെ ആലയമതിനുൾ
പൂകിയിതാ ഞാൻ സിംഹാസന സവിധേ വന്ദിപ്പൂ
ലംഘനമെല്ലാം മോചിച്ചെൻ
പാപമശേഷം മായ്ക്കേണം.

പള്ളിയിലേക്കു പ്രവേശിക്കുമ്പോൾ വാതിൽക്കൽ വന്ദിച്ച് ഇപ്രകാരം ചൊല്ലണമെന്ന് ബാർ എബ്രായ ഹൂദായ കാനോനിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്[8]. മലങ്കര കുർബാനയുടെ ഘടന അനുസരിച്ച് ആദ്യഭാഗത്ത് ക്രിസ്തുവിനെ രാജാവായിട്ടാണ് നാം ദർശിക്കുന്നതെന്നും സ്മരണീയമാണ്. ഒരുക്കശുശ്രൂഷയിൽത്തന്നെയുള്ള 93-ാം സങ്കീർത്തനത്തിലും ഈ സിംഹാസനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. (സങ്കീ 93:2)

(b) *അവിടുത്തെ വസ്ത്രാഞ്ചലം ദേവാലയം മുഴുവൻ നിറഞ്ഞു നിന്നു* (ഏശ 6:1). ത്രോണോസിന്റെ മുമ്പാകെ സാഷ്ടാംഗ പ്രണാമം ചെയ്തു വണങ്ങുമ്പോൾ കാപ്പ നിവർത്തി ത്രോണോസിന്റെ താഴെയുള്ള സ്ഥലം മുഴുവൻ വ്യാപിച്ചതുപോലെ തോന്നും. ദൈവം ധരിച്ചിരുന്ന വസ്ത്രം അവിടുത്തെ തേജസ്സാണ് (സങ്കീ 104:1-2). ആ തേജസ്സുകൊണ്ട് വിശുദ്ധ സ്ഥലം നിറഞ്ഞിരിക്കുന്നതിനെ കാപ്പയുടെ വിടർന്ന സ്ഥിതി സൂചിപ്പിക്കുന്നു. ദൈവത്തിന്റെ വസ്ത്രമാകുന്ന തേജസ്സുകൊണ്ട് വിശുദ്ധസ്ഥലം നിറഞ്ഞിരിക്കുന്നതായി കാഴ്ചവസ്തുക്കൾ ശോശപ്പാകൊണ്ട് മൂടുമ്പോഴും പറയുന്നുണ്ട്.

(c) *ദേവാലയം ധൂമപൂരിതമാവുകയും ചെയ്തു* (ഏശ 6:4). ശോശാപ്പാകൊണ്ട് കാഴ്ചവസ്തുക്കൾ മൂടിയശേഷം ധുപകലശത്തിൽ വൈദികൻ കുന്തിരിക്കമിട്ട് വീശുമ്പോൾ മദ്ബഹാ മുഴുവൻ ധൂമപൂരിതമാകുന്നു. ഒരുക്ക ശുശ്രൂഷയിലെ ധൂമാർപ്പണം ഏശയ്യായുടെ ദർശനത്തിലെ പ്രസ്തുത ഭാഗത്തെ സൂചിപ്പിച്ച് സംവിധാനം ചെയ്തിരിക്കുന്നതാണ്. ഈ ധൂമാർപ്പണം തുടർന്ന് മലങ്കരകുർബാനയുടെ വിവിധഭാഗങ്ങളിലുമുണ്ട്.

(d) *അവയുടെ ശബ്ദഘോഷത്താൽ പൂമുഖത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി* (ഏശ 6:4). വി. കുർബാനയുടെ പരസ്യാരംഭത്തിലെ ഗീതങ്ങളുടെയും മണിനാദങ്ങളുടെയും, മർബഹാസയുടെയും ശബ്ദാഘോഷം പള്ളിമുഴുവൻ മുഖരിതമാക്കുന്നു. ഈ ശബ്ദഘോഷങ്ങളും പല തവണ മലങ്കര കുർബാനയിൽ ആവർത്തിക്കപ്പെടുന്നു.

(e) *അവർ പരസ്പരം ഉദ്ഘോഷിച്ചുകൊണ്ടിരുന്നു. പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ* (ഏശ 6:3). വി. കുർബാനയുടെ പരസ്യാരംഭത്തിൽ ചൊല്ലുന്ന ദൈവമേ നീ പരിശുദ്ധ

8. ഹുദായ കാനോൻ 5,5





നാകുന്നു എന്ന ത്രൈശുദ്ധകീർത്തനം ഏശയ്യായുടെ ദർശനത്തിൽ സ്രോപ്പേമാലാഖമാർ പരിശുദ്ധൻ എന്ന് പാടിക്കൊണ്ടിരുന്നതിനെ അനുസ്മരിപ്പിക്കുന്നു. സ്ഥാപന വചനങ്ങൾക്കുമുമ്പുള്ള മാലാഖമാരുടെ സ്തുതികീർത്തനത്തിലും പരിശുദ്ധൻ എന്ന് മുഴങ്ങിക്കേൾക്കുന്നു. പിന്നീട് ഖണ്ഡന ശുശ്രൂഷയുടെ സമയത്ത് സ്രാപ്പികളെ കണ്ടേശായ എന്ന ഗീതം പാടി ഏശയ്യായുടെ ദർശനത്തെ സവിശേഷമായി നാം ആഘോഷിക്കുന്നു.

(f) *അപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽ നിന്ന് കൊടിൽകൊണ്ട് എടുത്ത ഒരു തീക്കനലുമായി പറന്നുവന്നു* (ഏശ 6:6). ഏശയ്യായുടെ ദർശനത്തിലെ ഈ രംഗത്തെ ഓർമ്മിപ്പിക്കുന്ന ഭാഗമാണ് വി. കുർബാനയിലെ കുർബാന സ്വീകരണസമയം. നമ്മുടെ ദൈവമായ മിശിഹായുടെ ശരീര രക്തങ്ങളാകുന്ന തീക്കട്ട എന്ന പ്രയോഗം ഈ ദർശനത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്.

(g) *അതിനുശേഷം കർത്താവ് അരുളിച്ചെയ്യുന്നത് ഞാൻ കേട്ടു. ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു ഇതാ ഞാൻ! എന്നെ അയച്ചാലും!* (ഏശ 6:7). വി. കുർബാനാനുഭവം അനുദിന ജീവിതത്തിനുള്ള ഒരുക്കമാണ്. വി. കുർബാനകഴിഞ്ഞ് വിശ്വാസികളെ പറഞ്ഞയക്കുന്നത് കർത്താവിൽ നിന്നുള്ള ദൗത്യവുമായിട്ടാണ്. ദൈവം അവിടുത്തെ ജോലിക്ക് ഏശയ്യായെ പറഞ്ഞയച്ചതിനു സമാനമായ ഒരു ഭാഗമാണ് നമ്മുടെ കുർബാനയിൽ യാത്രപറച്ചിലിൽ ഉള്ളത്. *കർത്താവിന്റെ പാപപരിഹാരപ്രദമായ ബലിപീഠത്തിൽ നിന്നും നിങ്ങൾ പ്രാപിച്ച അനുഗ്രഹത്തോടും യാത്രാഭക്ഷണത്തോടും കൂടെ പരിശുദ്ധ ത്രിത്വത്തിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും ഞങ്ങൾ നിങ്ങളെ ഭാരമേൽപ്പിക്കുന്ന ഈ സമയത്ത് സമാധാനത്തോടുകൂടെ പോകുവിൻ.* ഓരോ കുർബാന കഴിഞ്ഞ് വീട്ടിലേക്കു പോകുമ്പോഴും ഒരു പ്രത്യേക ദൗത്യവുമായി ദൈവത്താൽ അയയ്ക്കപ്പെട്ടവരാണെന്ന ബോധ്യം വിശ്വാസികൾക്കുണ്ടാകണം. കൗദാശികമായ കുർബാന അവസാനിക്കുന്നിടത്ത് ജീവിതത്തിലെ കുർബാന ആരംഭിക്കുകയാണ്.

9

# കർത്താവിന്റെ ആലയത്തിലേക്ക്

## തീർത്ഥാടകസഭ

സഭ ഒരു തീർത്ഥാടക സമൂഹമാണ്; സ്വർഗ്ഗീയ പറുദീസായെ ലക്ഷ്യമാക്കി യാത്രചെയ്യുന്ന ആരാധകരുടെ കൂട്ടായ്മയാണത്.

> എന്തെന്നാൽ ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരമില്ല;
> വരാനുള്ള നഗരത്തെയാണല്ലോ നാം അന്വേഷിക്കുന്നത്.
> (ഹെബ്രാ 13:14)

സ്വർഗ്ഗീയ ജറുസലേമിനെ ലക്ഷ്യമാക്കിയുള്ള നമ്മുടെ തീർത്ഥാടനത്തിന്റെ മുന്നാസ്വാദനവും ചെറിയ പതിപ്പുമാണ് ദൈവാലയത്തിലേക്കുള്ള തീർത്ഥാടനം. സ്വർഗ്ഗത്തിലേക്കുള്ള നമ്മുടെ പരമമായ തീർത്ഥാടനത്തിന്റെ ഒരു ഭാഗവും അതു വിജയപ്രദമാക്കാനുള്ള പരിശീലനവുമാണത്. സഭയുടെയും ആരാധനയുടെയും തീർത്ഥാടകസ്വഭാവം ആരാധകരെ ചില പ്രധാനപ്പെട്ട കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു. ലോകത്തിലാണെങ്കിലും ലോകത്തിന്റേതല്ല (യോഹ 15:19) എന്ന അവബോധം സഭ പുലർത്തണം. യുഗാന്ത്യത്തെ ആകാംക്ഷാപൂർവ്വം കാത്തിരിക്കുന്ന സഭ ഭൗതിക യാഥാർത്ഥ്യങ്ങളിൽ മുഴുകാതിരിക്കണം. അതേസമയം, ലോകത്തിൽ ജീവിക്കുന്ന സഭയ്ക്ക് ലോക യാഥാർത്ഥ്യങ്ങളെ അവഗണിക്കാനാവില്ല. മനുഷ്യന്റെ പ്രശ്നങ്ങളോടും പ്രതിസന്ധികളോടും വിമുഖത പുലർത്തുന്നവർക്ക് അവയെ വിശുദ്ധീകരിക്കുക

അസാദ്ധ്യമത്രെ.

> ഇക്കാലത്തെ മനുഷ്യരുടെ, വിശിഷ്യാ പാവങ്ങളുടെയും പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉൽക്കണ്ഠയുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെയും കൂടിയാണ്. കലർപ്പറ്റ മനുഷ്യത്വത്തോടുകൂടിയ യാതൊന്നും അവരുടെ ഹൃദയമണ്ഡലങ്ങളിൽ പ്രതിദ്ധ്വനിക്കാതിരിക്കരുത്. കാരണം മനുഷ്യരാൽ വാർത്തെടുക്കപ്പെട്ട ഒരു സമൂഹമാണ് അവരുടേത്. ക്രിസ്തുവിൽ ഒന്നിക്കപ്പെട്ട് പിതൃരാജ്യത്തേയ്ക്കുള്ള യാത്രയിൽ പരിശുദ്ധാത്മാവിനാൽ അവർ നയിക്കപ്പെടുകയാണ്.[1]

പഴയ നിയമഗ്രന്ഥങ്ങൾ ജീവിതത്തെത്തന്നെ ഒരു തീർത്ഥാടനമായി കാണുന്നു (ഉൽപ 47:9; പുറ 6:4; സങ്കീ 119:54; 1 ദിനവൃ 29:15-16). ദൈവമാണ് നായകൻ; അവിടുന്നു ജനങ്ങളെ നയിക്കുന്നു. അതുവഴി അവർക്കു രക്ഷ അഥവാ സമ്പൂർണ്ണ മോചനം നൽകുന്നു. പൂർവ്വപിതാവായ അബ്രഹാമിന്റെ ജിവിതത്തെ ഒരു തീർത്ഥാടനമായിട്ടാണ് പഴയ നിയമം ചിത്രീകരിക്കുന്നത് (ഉൽപ 13:5-13). അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ ഒരു നീണ്ട യാത്രയായിരുന്നല്ലോ. ഊറിൽ നിന്ന് കാനാൻവഴി ഈജിപ്തിലേക്കും അവിടെനിന്നും പാലസ്തീനായിലേക്കും അബ്രഹാം യാത്ര ചെയ്തു. അദ്ദേഹത്തിന്റെ ജീവിതം ഇസ്രായേൽക്കാരുടെ ജീവിതത്തിന്റെ പ്രതീകമാണ്. *പൂർവ്വപിതാക്കന്മാരെല്ലാം വാഗ്ദത്തനിവൃത്തിയിൽ പ്രത്യാശവച്ചുകൊണ്ട് ഭൂമിയിൽ അന്യരും പരദേശികളുമായി ജീവിച്ചു മരിച്ചു* (ഹെബ്രാ 11:13). വലിയ ഒരു പുറപ്പാടോടുകൂടിയാണ് ഇസ്രായേൽ ഒരു ജനമായി രൂപം കൊള്ളുന്നത് (പുറ 12-20). ബൈബിൾ പണ്ഡിതന്മാർ ക്രിസ്തുവിന്റെ ജീവിതത്തെ ഇസ്രായേലിന്റെ പുറപ്പാടിനോടും താരതമ്യം ചെയ്യുന്നുണ്ട്. മിശിഹാ തന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും പിതാവിന്റെ സന്നിധിയിൽ വാഗ്ദത്തനാട്ടിൽ പ്രവേശിച്ചു.

> എന്തെന്നാൽ, തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു (ഹെബ്രാ 10:20).

എല്ലാവർക്കും മുമ്പേ നടന്നു ലക്ഷ്യത്തിൽ പ്രവേശിച്ചു കഴിഞ്ഞ ക്രിസ്തു നമുക്കു പാത തുറന്നു തരിക മാത്രമല്ല അവിടുന്നു തന്നെയാണ് വാതിലും വഴിയും (യോഹ 10:7-9; 14:6).

1. രണ്ടാം വത്തിക്കാൻ കൗൺസിൽ. സഭ ആധുനിക ലോകത്തിൽ 1





## സ്വർഗ്ഗീയ ജറുസലേം ലക്ഷ്യമാക്കി

പരമവും ഏകവുമായ സാക്ഷാൽ തീർത്ഥാടനകേന്ദ്രം സ്വർഗ്ഗീയ ജറുസലേമത്രേ. അവിടേക്കു പുതിയ ഇസ്രായേലാകുന്ന ദൈവജനം സ്വർഗ്ഗോന്മുഖമായി തീർത്ഥാടനം ചെയ്തുകൊണ്ടിരിക്കുന്നു. അതിന്റെ ഒരു പൂർവ്വരൂപവും സാദൃശ്യവുമായിട്ടത്രെ തീർത്ഥാടക സങ്കീർത്തനങ്ങൾ ആലപിച്ചുകൊണ്ട് ജറുസലേം ദേവാലയത്തിലേക്കു ദൈവാരാധനയ്ക്കായി യുദന്മാരും പ്രത്യേകിച്ച് തിരുക്കുടുംബവും തീർത്ഥാടനം ചെയ്തിട്ടുള്ളത് (ലൂ 2:41-45). ഒരർത്ഥ ത്തിൽ മനുഷ്യരാശി മുഴുവൻ ദൃശ്യപ്രപഞ്ചത്തോടൊപ്പം സ്വർഗ്ഗീയ ജറുസലേം ലക്ഷ്യമാക്കി ക്രിസ്തുരാജന്റെ വിജയക്കൊടിക്കീഴിൽ തീർത്ഥാടനം ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഒരു ക്രിസ്ത്യാനിക്ക്, അവന്റെ പൗരത്വം സ്വർഗ്ഗത്തിലാകയാൽ (ഫിലി 3:20), ഈ ലോകത്തിൽ അന്യനും പരദേശിയുമായിരിക്കാനേ തരമുള്ളു. അങ്ങനെ പ്രവാസികളും, പരദേശികളുമാകയാൽ ജഡമോഹങ്ങളെ വിട്ടൊഴിഞ്ഞ് ജീവിപ്പാൻ വി.പത്രോസ് ശ്ലീഹാ ക്രിസ്ത്യാനികളെ ഗുണദോഷിക്കുന്നു (1 പത്രോ 2:11).

Parish (ഇടവക) എന്ന ആംഗ്ലേയപദം വന്നു താമസിക്കുക എന്നർത്ഥമുള്ള ഗ്രീക്കുപദത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ഇടവക എന്നാൽ ഇടക്കാലത്തെ വക എന്നു പറയാം. ക്രിസ്തീയ സമൂഹത്തെക്കുറിച്ചു പറയുമ്പോൾ, ഈ ലോകത്തിലെ മാർഗ്ഗങ്ങളും രീതികളും സ്വീകരിക്കാതെ ഈ ലോകത്തിൽ ജീവിക്കുന്ന ഒരു കൂട്ടം എന്നാണർത്ഥം. അവരുടെ തോതുകൾ ദൈവത്തിന്റെ തോതുകളാണ്. അവർ താമസിക്കുന്നിടത്തെ നിയമങ്ങൾ അവർ സ്വീകരിക്കുന്നുണ്ട്. എന്നാൽ അതിലും ഉപരിയായി ദൈവത്തിന്റെ നിയമങ്ങൾ അവർക്കുണ്ട്.

> ലോകത്തിന്റെ മർദ്ദനങ്ങളും ദൈവത്തിന്റെ സാന്ത്വനങ്ങളും അനുഭവിക്കുന്ന സഭ തീർത്ഥാടകയെപ്പോലെ നാഥന്റെ കുരിശുമരണവും അവിടുത്തെ പുനരാഗമനവും പ്രഖ്യാപനംചെയ്തുകൊണ്ട് (1 കോരി 11:26) മുന്നോട്ടു നീങ്ങുകയാണ്.[2]

സഭയുടെ തീർത്ഥാടക സ്വഭാവത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ തിരുസഭയെപ്പറ്റിയുള്ള പ്രമാണരേഖയുടെ അവസാന അദ്ധ്യായങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ഇതിന്റെ പശ്ചാത്തലത്തിലാണ് ഒരു ക്രിസ്ത്യാനിയുടെ പള്ളി

2. തിരുസഭ 8

യിലേക്കുള്ള യാത്ര ഒരു തീർത്ഥാടനമാണെന്നു പറയുന്നത്. വി.കുർബാനയിലുള്ള സജീവഭാഗഭാഗിത്വം തന്നെ തികച്ചും ദൈവോന്മുഖവും പടിപടിയായി വളരുന്നതും സ്വർഗ്ഗീയ ജറുസലേമിലെ അതുല്യവും പരമോന്നതവുമായ ദൈവാരാധനയിൽ പങ്കുകൊള്ളിക്കാൻ കഴിവുറ്റതാക്കിത്തീർക്കുന്നതുമായ ഒരു ആത്മീയ തീർത്ഥാടനമത്രേ. പരിശുദ്ധ കുർബാനയെന്ന ബലി വഴിയായി ഈ സമൂഹം ക്രിസ്തുവിനോടുകൂടി നിരന്തരം പിതാവിലേക്കു നീങ്ങുകയാണ്.[3]

## ആത്മീയ ഒരുക്കം

ദൈവാലയത്തിലേക്കുള്ള തീർത്ഥാടനത്തിനു മുമ്പ് വിശ്വാസികൾ അതിരാവിലെ ഉണർന്ന് ശാരീരികവും ആത്മീകവുമായ ഒരുക്കങ്ങൾ നടത്തുന്നു. രാത്രി പ്രാർത്ഥന വീട്ടിൽ വച്ചുതന്നെ പൂർത്തിയാക്കുന്നു. ഇടവകപ്പള്ളിയിൽ നിന്ന് വലിയ മണിനാദം മുഴങ്ങുമ്പോൾ തല കുനിച്ച് വണങ്ങിയശേഷം നിവർന്ന് നിന്ന് കുരിശുവരയ്ക്കുന്നു. അതോടൊപ്പം *കർത്താവേ, അനുഗ്രഹിക്കണമേ എന്നർത്ഥമുള്ള ബാറെക്മോർ* എന്നോ *കർത്താവേ രക്ഷയെപ്രതി നിന്നെ സ്തുതിപ്പാൻ എന്നെ അനുഗ്രഹിക്കേണമേ* എന്നോ ചൊല്ലുന്നു. പ്രതീകാത്മകമായി മുഴങ്ങുന്ന[4] മണിനാദം മലങ്കര കുർബാനയിൽ പുനരാവിഷ്ക്കരിക്കപ്പെടുന്ന ക്രിസ്തുവിന്റെ സ്വർഗ്ഗീയവും ഭൗമികവുമായ ജീവതത്തെ മുഴുവൻ വിശ്വാസിയുടെ ഓർമ്മയിൽ കൊണ്ടുവരുന്നു. തുടർന്ന് ഹെബ്രായഭാഷയിലെ അക്ഷരാനുക്രമത്തിലുള്ള 25-ാം സങ്കീർത്തനം ധ്യാനിക്കുന്നു. സ്വന്തം പാപത്തെക്കുറിച്ചുള്ള ബോധവും ദൈവരക്ഷയിൽ ഉറച്ച വിശ്വാസവുമുള്ള ഒരാളിന്റെ ക്ഷമാപണവും പ്രത്യാശയുമാണ് ഈ സങ്കീർത്തനത്തിന്റെ വിഷയം.

തുടർന്ന്, ദൈവാലയത്തിലേക്കുള്ള യാത്രയിലുടനീളം ആരോഹണഗീതങ്ങളിലെ[5] മൂന്നാമത്തെ ഗീതം തീർത്ഥാടകൻ മനസ്സിൽ ധ്യാനിക്കുന്നു.

3. രണ്ടാം വത്തിക്കാൻ കൗൺസിൽ, പ്രേഷിത പ്രവർത്തനം 15
4. പേജ് 105 കാണുക
5. 120 മുതൽ 134 വരെയുള്ള 15 സങ്കീർത്തനങ്ങൾക്ക് ആരോഹണഗീതങ്ങൾ എന്നു പറയുന്നു. ബാബിലോണ്യ പ്രവാസത്തിൽ നിന്ന് സ്വതന്ത്രരായി സീയോനിലേക്കു തിരിച്ചുവന്നപ്പോഴും, തീർത്ഥാടകർ മല കയറുമ്പോഴും പാടാൻ രചിച്ച ഗീതങ്ങളായതുകൊണ്ടാണ് ഈ പേരുണ്ടായത്. സ്വരമുയർത്തി പാടാനുള്ള നിർദ്ദേശമാണിതിൽ അടങ്ങിയിരിക്കുന്നതെന്നും അഭിപ്രായമുണ്ട്.





> കർത്താവിന്റെ ആലയത്തിലേക്ക് നമുക്ക് പോകാമെന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു (സങ്കീ 122:1).

ഈ ഗീതത്തിൽ സ്വർഗ്ഗീയ നഗരമായ ജറുസലേമിനെക്കുറിച്ചുള്ള തീർത്ഥാടകരുടെ അഭിവാഞ്ഛയാണ് ദൃശ്യമാകുന്നത്. ജറുസലേമിലേക്കു പ്രയാണം ചെയ്യുന്നവർ നഗരത്തിൽ വന്നുചേരുന്നതോടുകൂടി ദൈവത്തിന്റെ ആലയത്തിലേക്കു പോകാം എന്നുള്ള ആരവം കേൾക്കുന്നു. സങ്കീർത്തകൻ ഇതുകേട്ട് അതീവ സന്തുഷ്ടനാകുന്നു. അന്ത്യകാലത്ത് ഇസ്രായേലിനോടുകൂടി മറ്റനേകം വംശങ്ങളും ചേരും. അവർ പറയുന്നത് ഇപ്രകാരമാണ്. വരുവിൻ നമുക്ക് കർത്താവിന്റെ ഗിരിയിലേക്ക്, യാക്കോബിന്റെ ദൈവത്തിന്റെ ഭവനത്തിലേക്കു പോകാം (ഏശ 2:2-5; ജറെ 31:6). കർത്താവിന്റെ നാമത്തിനു കൃതജ്ഞതയർപ്പിക്കാനും ജറുസലേമിന്റെ സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കാനും തന്നെ സ്നേഹിക്കുന്നവർക്കു ഐശ്വര്യമുണ്ടാകാനും വേണ്ടിയാണ് അവർ ദൈവാലയത്തിൽ വരുന്നത് (സങ്കീ 122:4-6). ആ വിശുദ്ധനഗരത്തിന്റെ പൗരത്വത്തിലേക്കും സ്വർഗ്ഗീയ ജറുസലേമിന്റെ കവാടങ്ങൾക്കകത്തും സകല ഗോത്രങ്ങളെയും കൊണ്ടുവരുന്നതാണ് ഭക്തന്മാരുടെ കർത്തവ്യം. അതാണ് ക്രിസ്ത്യാനിയുടെ പ്രേക്ഷിത ചൈതന്യത്തിന്റെയും രഹസ്യം. ദൈവാലയത്തിലേക്കു ഞായറാഴ്ചതോറും നടത്തുന്ന തീർത്ഥയാത്രയിൽ ഉരുവിടുന്ന അതേ വാചകങ്ങൾ തന്നെയാണ് ജീവിതത്തിന്റെ അന്ത്യയാത്രയിൽ മൃതശരീരം കബറിലേക്ക് വയ്ക്കുമ്പോഴും ആവർത്തിക്കപ്പെടുന്നത്.[6]

പള്ളിയുടെ ഗേറ്റിൽ എത്തുമ്പോൾ, പള്ളിയെ നോക്കി ഭക്ത്യാദരപൂർവ്വം തല കുനിക്കുകയും നിവർന്നുനിന്നു കുരിശുവരയ്ക്കുകയും ദൈവത്തിന്റെ യാഗപീഠത്തിലേക്കും എനിക്കു പരമാനന്ദമരുളുന്ന എന്റെ ദൈവത്തിങ്കലേക്കും ഞാൻ വരുന്നു (സങ്കീ 43:4) എന്നു ചൊല്ലുകയും ചെയ്യുന്നു. ദൈവസംസർഗ്ഗത്തിനുവേണ്ടി കണ്ണീരൊഴുക്കി ദൈവത്തിൽ സകലതും സമർപ്പിച്ച് ദൈവസാന്നിദ്ധ്യം അനുഭവിച്ചാനന്ദിക്കുന്ന ഭക്തന്റെ മനോഭാവമാണ് സങ്കീർത്തകൻ ഇവിടെ വിവരിക്കുന്നത്. ക്രിസ്തുവിന്റെ പരമയാഗത്തിൽ പങ്കുകാരനാകുന്നതുമൂലം തീർത്ഥാടകർ ദൈവത്തിന്റെ പ്രകാശവും സത്യവും (സങ്കീ 43:3) ഉൾക്കൊണ്ട്

6. കൂദാശകൾ, പേജ് 166 (1988)

പരമാനന്ദം അനുഭവിക്കും. സൂര്യന്റെ നേർക്ക് തിരിയുന്നവന്റെ നിഴൽ പിമ്പിലേക്കു മാറുന്നതുപോലെ ദൈവസാന്നിദ്ധ്യത്തിന്റെ മഹത്തായ പ്രതീകമായ ദൈവാലയത്തിലേക്കു തീർത്ഥാടകന്റെ ദൃഷ്ടി തിരിയുമ്പോൾ വിഷാദത്തിന്റെയും നിന്ദയുടെയും കരിനിഴൽ പിമ്പിലായിക്കൊള്ളും.

## കർത്താവ് ഈ സ്ഥലത്തുണ്ട്

ഇപ്രകാരം ധ്യാനിച്ചുകൊണ്ട് ദൈവാലയത്തിന്റെ പ്രധാന കവാടത്തിലെത്തുന്ന തീർത്ഥാടകൻ അതിന്റെ അന്തർഭാഗം കാണുകയായി. ഗോത്രപിതാവായ യാക്കോബ് കണ്ട സ്വപ്നം (ഉൽപ 28:10-20) അന്വർത്ഥമാക്കുമാറ് പള്ളിയുടെ ഉൾഭാഗം ഒരു ഗോവണിയുടെ മാതൃകയിലാണ്. പള്ളി മനുഷ്യനെ സ്വർഗ്ഗത്തിലേക്കു നയിക്കുന്ന ഗോവണിയാണ്. ഈ അനുഭവം ദൈവാലയത്തിന്റെ പടിഞ്ഞാറെ വാതിൽക്കൽ നിൽക്കുന്ന ഒരു ഭക്തനുണ്ടാകുന്നു. അനുക്ഷണം അയാളുടെ അന്തരാത്മാവിൽ നിന്ന് യാക്കോബ് പറഞ്ഞ വേദവാക്യങ്ങൾ ഉതിർന്നുവീഴുകയായി:

തീർച്ചയായും കർത്താവ് ഈ സ്ഥലത്തുണ്ട്. എന്നാൽ ഞാൻ അതറിഞ്ഞില്ല, ഈ സ്ഥലം എത്ര ഭയാനകമാണ്. ഇത് ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല. സ്വർഗ്ഗത്തിന്റെ കവാടമാണിവിടം (ഉൽപ 28:16-17).

യഥാർത്ഥ ഭക്തർ ദൈവത്തെ വിസ്മയത്തോടും ഒരു തരം ഭയത്തോടുമാണ് നോക്കിക്കാണുന്നത്. ദൈവികശക്തിയെ അഭിമുഖീകരിക്കുന്ന മനുഷ്യന്റെ ചേതോവികാരമാണ് ഭയം (മത്താ 14:25; 28:4; മർക്കോ 4:41; ലൂ 2:9; 5:26; 7:37). മനുഷ്യ ബുദ്ധിക്കതീതമായ ശക്തിയെക്കുറിച്ചുള്ള ബോധം ആദര സമന്വിതമായ വിസ്മയം മനുഷ്യനിൽ ഉളവാക്കുന്നു. ഈ മനോവികാരം കൂടാതെ മതം അർത്ഥവത്തല്ല. മനുഷ്യൻ തന്റെ രക്ഷയ്ക്കായി അധ്വാനിക്കേണ്ടത് ഭയത്തോടും വിറയലോടും കൂടിവേണം (ഫിലി 2:12). ആദിമ സഭയെക്കുറിച്ചു വി. ഗ്രന്ഥം പറയുന്നത്, *ദൈവഭയത്തിലും പരിശുദ്ധാത്മാവു നൽകിയ സമാശ്വാസത്തിലും വളർന്നു വികസിച്ചു* (അ.പ്ര 9:31) എന്നാണ്. ദൈവത്തിന്റെ പൂർണ്ണതയുടെ മുമ്പിൽ തോൽവിയുടെയും, പോരായ്മയുടെയും അർഹതയില്ലായ്മയുടെയും അവബോധം ഉണ്ടാകുന്നു. സ്രഷ്ടാ





വിന്റെ മുമ്പിൽ സൃഷ്ടിയുടെ അപര്യാപ്തത ഭയം ഉളവാക്കുന്നു. അതുകൊണ്ടാണ്, ഈ പ്രവാസകാലത്ത് ഭയത്തോടെ ജീവിക്കുവാൻ (1 പത്രോ 1:17) വി. പത്രോസ് ഉപദേശിക്കുന്നത്.

തുടർന്നു മറ്റൊരു സങ്കീർത്തനവാക്യം തീർത്ഥാടകൻ ഉരുവിടുന്നു.

> കർത്താവിനെ സ്തോത്രം ചെയ്യേണ്ടതിനു നീതിയുടെ
> വാതിലുകൾ എനിക്കു തുറന്നു തരണമേ. നീതിമാന്മാർ
> പ്രവേശിക്കുന്ന കർത്താവിന്റെ വാതിൽ ഇതാകുന്നു
> (സങ്കീ 118:19-20).

ഹാലേലുയ്യാ അല്ലെങ്കിൽ കർത്താവിനെ സ്തോത്രം ചെയ്യുവിൻ എന്ന വാക്കുകളിൽ ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന 118-ാം സങ്കീർത്തനം ദൈവത്തെ സ്തുതിക്കാൻ ഭക്തരെ ക്ഷണിക്കുന്നു.[7] ദൈവാരാധന പ്രഥമമായും പ്രധാനമായും ഒരു സ്തോത്രാർപ്പണമാണ്. ദൈവം നല്ലവനാണെന്നും അവിടുത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നതാണെന്നും (സങ്കീ 118:1) അനുഭവത്തിൽ സാക്ഷിക്കാനും ഹൃദയത്തിന്റെ ആഴത്തിൽനിന്ന് ഉച്ചൈസ്തരം ഘോഷിക്കാനും ക്രിസ്ത്യാനിക്കു കടമയുണ്ട്. അതിനുവേണ്ടിയാണ് ദൈവാലയ കവാടത്തിൽ തീർത്ഥാടകനായി എത്തിയിരിക്കുന്നത്. ക്രിസ്തുവാകുന്ന വാതിലിലൂടെ (യോഹ 10:7) അകത്തു പ്രവേശിച്ച് ആരാധന നടത്തണം. ദൈവാലയംതന്നെ ക്രിസ്തുവിന്റെ ശരീരമായിട്ടാണ് സുറിയാനി പാരമ്പര്യം[8] വീക്ഷിക്കുന്നത്. നീതിയുടെ മാർഗ്ഗത്തിൽ സഞ്ചരിച്ചാലെ ക്രിസ്തുവാകുന്ന വാതിലിലൂടെ പ്രവേശിക്കാനും യഥാർത്ഥത്തിൽ ദൈവത്തെ സ്തോത്രം ചെയ്യാനും സാധിക്കുകയുള്ളു.

> കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആർ വസിക്കും?
> അങ്ങയുടെ വിശുദ്ധഗിരിയിൽ ആർ വാസമുറപ്പിക്കും?
> നിഷ്ക്കളങ്കനായി ജീവിക്കുകയും
> നീതിമാത്രം പ്രവർത്തിക്കുകയും
> ഹൃദയം തുറന്നു സത്യം പറയുകയും ചെയ്യുന്നവൻ:
> പരദൂഷണം പറയുകയോ സ്നേഹിതനെ ദ്രോഹിക്കുകയോ
> അയൽക്കാരനെതിരെ അപവാദം പരത്തുകയോ
> ചെയ്യാത്തവൻ (സങ്കീ 15:1-3)

---

7. ഓശാന ഞായറാഴ്ച വൈകിട്ട് *വാദെദൽമീനൊ* (തുറമുഖപ്രാപ്തി) ശുശ്രൂഷയ്ക്ക് പള്ളിക്കു ചുറ്റുമുള്ള പ്രദക്ഷിണത്തിന് ഈ സങ്കീർത്തനം ഉപയോഗിക്കുന്നു.

8. പേജ് 75 നോക്കുക

ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ തല കുനിച്ച് വണങ്ങി നിവർന്നു നിന്ന് കുരിശു വരച്ചുകൊണ്ട് ഇപ്രകാരം പറയുന്നു. *ദൈവമേ, ആദരപൂർവ്വം നിന്റെ ഭവനത്തിലേക്കുവന്ന് എന്റെ നേർച്ചകൾ നിറവേറ്റും.* 66-ാം സങ്കീർത്തനം 13-ാം വാക്യത്തിന്റെ സ്വതന്ത്രമായ പരാവർത്തനമാണ് ഈ വാചകം. ഈ സ്തോത്രസങ്കീർത്തനത്തിൽ ദൈവജനത്തിന്റെ വീണ്ടെടുപ്പിന്റെയും വിടുതലിന്റെയും കൃതജ്ഞതാ പ്രകടനമാണ് അടങ്ങിയിരിക്കുന്നത്. ദൈവാലയത്തിൽ ഭക്തി ബഹുമാനാദരപൂരസ്സരം വ്യാപരിക്കണമെന്നും വെറും കൈയോടെ തീർത്ഥാടന കേന്ദ്രമായ പള്ളിയിൽ വരരുതെന്നും ഇത് അനുസ്മരിപ്പിക്കുന്നു.

## രാജകീയ സിംഹാസനത്തിനു മുമ്പിൽ

മഹത്വമുള്ള ഏശയ്യാ ദീർഘദർശിയുടെ ദർശനം (ഏശ 6:1-10) മനസ്സിൽ ധ്യാനിച്ചുകൊണ്ട് തീർത്ഥാടകൻ പള്ളിയകത്തു പ്രവേശിക്കുന്നു. തദവസരത്തിൽ തല വണങ്ങി കുരിശു വരയ്ക്കുന്നതോടൊപ്പം ത്രോണോസിനെ നോക്കി താഴെക്കാണുന്ന വാചകം ചൊല്ലി പ്രാർത്ഥിക്കുന്നു.

ദൈവമെ നിന്റെ ഭവനത്തിൽ ഞാൻ പ്രവേശിച്ചിരിക്കുന്നു; സ്വർഗ്ഗീയ രാജാവേ നിന്റെ സിംഹാസനത്തിൻ മുമ്പാകെ നിന്നെ ഞാൻ വന്ദിക്കുന്നു.

പ്രഭാതകീർത്തനമായ അഞ്ചാം സങ്കീർത്തനം രണ്ടും ഏഴും വാക്യങ്ങളുടെ സ്വതന്ത്ര വിവർത്തനമാണിത്. യാഗം ഒരുക്കിവച്ചിട്ട് മറുപടിക്കായും അംഗീകാരത്തിനായും കാത്തിരിക്കുന്ന ആരാധകന്റെ ആകാംക്ഷയാണ് ഈ കീർത്തനത്തിൽ നാം കാണുന്നത്. പക്ഷേ, ദുഷ്പ്രവർത്തി ചെയ്യുന്ന ഒരുവനും കർത്താവിന്റെ അതിഥിയായിരിക്കാൻ സാദ്ധ്യമല്ല. ദൂരദേശത്തുനിന്ന് ജീർണ്ണവസ്ത്രധാരിയായി പിതൃഭവനത്തിലേക്കു തീർത്ഥാടനം ചെയ്തുവന്ന ധൂർത്തപുത്രനു (ലൂ 15:11-24) സമാനം ആരാധകർ പള്ളിയിലെ ത്രോണോസിൽ സ്ഥിരാധിവാസം ചെയ്യുന്ന സ്വർഗ്ഗീയ രാജാവായ ദൈവത്തോട് പാപമോചനത്തിനായി യാചിക്കുന്നു. നിനക്കു വിരോധമായി ഞാൻ ചെയ്ത സകല പാപങ്ങളും എന്നോടു ക്ഷമിക്കണമേ (cfr ലൂ.15:18). കുർബാനക്രമത്തിലെ ആദ്യഗീതത്തിന്റെ തുടക്കം ഈ ആശയങ്ങളാണ് ഉൾക്കൊള്ളുന്നത്.





സ്വർഗ്ഗാധിപതേ ദേവാ, നിന്നുടെ ആലയമതിനുൾ
പൂകിയിതാ ഞാൻ സിംഹാസന സവിധേ വന്ദിപ്പൂ
ലംഘനമെല്ലാം മോചിച്ചെൻ
പാപമശേഷം മായ്ക്കേണം.

വീണ്ടും മുന്നോട്ടു നടന്ന് ഹൂദായ കാനോനിൽ (5,5) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പ്രാർത്ഥിക്കുന്നു.

തന്റെ സ്തുതികളാൽ ആകാശവും. ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ; ഉയരങ്ങളിൽ ഓശാന. കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി (cfr സങ്കീ 118:26; ഏശ 6:3; മത്താ 21:9; മാർക്കോ 11:10: ലൂ 19:38; യോഹ 12:13).

ഈ പ്രാർത്ഥനയുടെ ഇടയിൽ മൂന്നുപ്രാവശ്യം വണങ്ങുകയും കുരിശു വരയ്ക്കുകയും ചെയ്യുന്നു. അതിനുശേഷം നമസ്കാരമേശയിലുള്ള വേദപുസ്തകം മുത്തുന്നു. ധൂർത്തപുത്രൻ തിരിച്ചുവന്നപ്പോൾ കാരുണ്യവാനായ പിതാവു നൽകിയ ചുംബനത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. പാപിയുടെ മാനസാന്തരത്തെ ആകാംക്ഷയോടെ കാത്തിരിക്കുന്ന (2 പത്രോ 3:9) സ്നേഹമുള്ള പിതാവിന്റെ സാന്നിധ്യം പള്ളിയിലുണ്ട്. അതുകൊണ്ട് സ്വസ്ഥാനത്തു പോയിനിന്ന് വിശ്വാസി കൗമാ പൂർത്തിയാക്കുന്നു. ഇതോടുകൂടി വി.കുർബാനയ്ക്കുള്ള വ്യക്തിപരമായ ഒരുക്കങ്ങൾ പൂർത്തിയാകുന്നു.

## യാമപ്രാർത്ഥനകൾ

യാമനമസ്കാരവും പഴയനിയമ വായനയുമാണ് വി.കുർബാനയ്ക്കുള്ള അടുത്ത ഒരുക്കം. ക്രിസ്ത്യാനികളുടെ ജീവിതം ദൈവവുമായി ഐക്യത്തിൽ അധിഷ്ഠിതമായിരിക്കേണ്ടതിന് പ്രാർത്ഥന ആവശ്യമാണ്. *ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം* (ലൂ 18:1) എന്ന് സുവിശേഷത്തിൽ നമ്മുടെ കർത്താവ് അരുളിചെയ്തു. ആദിമ ക്രിസ്ത്യാനികൾ ദിവസത്തിൽ പലപ്രാവശ്യം, പ്രത്യേകിച്ച് യഹൂദന്മാരുടെ പാരമ്പര്യം അനുകരിച്ചുകൊണ്ട് യാമം തോറും, ദൈവാലയത്തിൽ സമ്മേളിച്ച് സമൂഹപ്രാർത്ഥന നടത്തിയിരുന്നു. (അ.പ്ര 2:42; 3:1). *അവനിലൂടെ (ക്രിസ്തുവിലൂടെ)- നമുക്ക് അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരങ്ങളുടെ ഫലങ്ങൾ അർപ്പിക്കാം* (ഹെബ്രാ 13:15) എന്ന്

വി.പൗലോസ് ശ്ലീഹായും ആഹ്വാനം ചെയ്യുന്നു. സഭാമക്കൾ ഈ കർത്തവ്യം നിർവഹിക്കുന്നത് തീർത്ഥാടനകേന്ദ്രമായ ഇടവകപ്പള്ളിയിൽ ഒരുമിച്ചുകൂടി യാമപ്രാർത്ഥനകൾ ചൊല്ലുമ്പോഴത്രെ. പള്ളിയിൽ ആരാധനാ സമൂഹത്തോടു ചേർന്ന് വൈദികൻ സഭയുടെ ഔദ്യോഗിക പ്രാർത്ഥനയായ യാമ നമസ്ക്കാരം കുർബാനയ്ക്കുമുമ്പ്, അതിനുള്ള ആത്മീയ ഒരുക്കമായി നടത്തുക മലങ്കരസഭയുടെ പൂർവ്വികാചാരമത്രെ.

*തെശ്മശ്ത്തൊ* എന്നാണ് ബാർ എബ്രായ ഇതിനെ നാമകരണം ചെയ്തിരിക്കുന്നത്. ഈ സുറിയാനി പദത്തിന് ശുശ്രൂഷ എന്ന് അർത്ഥമാകുന്നു. സങ്കീർത്തനങ്ങളും പരിശുദ്ധാത്മ പ്രേരിതരായ വി. സഭാപിതാക്കന്മാർ രചിച്ചിട്ടുള്ള ഭക്തിസംവർദ്ധകമായ പ്രാർത്ഥനകളിൽ നിന്ന് തിരഞ്ഞെടുത്ത ദൈവസ്തുതി കീർത്തനങ്ങളുമാണ് ഇതിന്റെ ഉള്ളടക്കം. വചനശുശ്രൂഷയ്ക്കും കുർബാനയ്ക്കും മുമ്പ് യാമനമസ്ക്കാരം നടത്തണമെന്നാണ് സഭാനിയമം. ഞായറാഴ്ച ദിവസം ശുശ്രൂഷയും, വേദപുസ്തക വായനയും കുർബാനയും ഉണ്ടായിരിക്കണം.[9] തീർത്ഥാടകസമൂഹം പള്ളിയിൽവച്ച് ദൈവത്തോടു നടത്തുന്ന സംഭാഷണമെന്ന നിലയിൽ പൊതുവായ ഈ നമസ്കാരാലാപനം, സ്വർഗ്ഗീയ ജറുസലേമിലേക്കുള്ള തങ്ങളുടെ തീർത്ഥാടനത്തിന്റെ പ്രഥമ ശ്രേണിയത്രെ. വിശ്വാസികൾ പള്ളിയിലെത്തിയ ശേഷമുള്ള സ്വർഗ്ഗോന്മുഖമായ തീർത്ഥാടനത്തിന് ഈ സാധന വേണ്ടവിധം കളമൊരുക്കുന്നു. അങ്ങനെ തീർത്ഥാടകർ തങ്ങളുടെ ഹൃദയങ്ങൾ ദൈവസന്നിധിയിലേക്കുയർത്തി, അവിടുത്തോട് സൗഹൃദ സംഭാഷണത്തിലേർപ്പെടുന്ന ഒരസുലഭ സന്ദർഭമാണത്.

യാമ പ്രാർത്ഥനയിലെ തങ്ങളുടെ സജീവ ഭാഗഭാഗിത്വം വഴി തീർത്ഥാടകർ ദൈവത്തെ സ്രഷ്ടാവായും പരിപാലകനായും ഏറ്റുപറയുകയും ദൈവം നൽകിയ മഹത്തായ അനുഗ്രഹങ്ങളെ പ്രതി അവിടുത്തെ സർവ്വാത്മനാ സ്തുതിക്കുകയും സർവ്വോപരി അവിടുത്തെ മഹത്വത്തെ പ്രകീർത്തിക്കുകയും അവിടുത്തെ അനന്തകാരുണ്യത്തിന് ഹൃദയംഗമായി നന്ദിപറയുകയും ചെയ്യുന്നു. കൂടാതെ മനസ്സാ വാചാ കർമ്മണാ ചെയ്ത അപരാധങ്ങൾക്ക് മോചനം വിനയപൂർവ്വം യാചിക്കുകയും ന്യായമായ ആവശ്യങ്ങൾ സാധിച്ചുകിട്ടുന്നതിന് മുട്ടിപ്പായി അപേക്ഷിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ദൈവത്തിലുള്ള തങ്ങളുടെ ഉറച്ച വിശ്വാസത്തിന്റെയും പരമമായ ആശ്രയത്തിന്റെയും ഉന്നതമായ പ്രവൃത്തിയാണ് യാമനമസ്കാരം; വി. കുർബാനയ്ക്കുള്ള ശ്രേഷ്ഠമായ ഒരുക്കവും.

9. ഹുദായകാനോൻ 5, 5



10

# നീതിയുടെ രാജാവിന് വരവേല്പ്

**തൂയോബൊ** **ഒരുക്ക ശുശ്രൂഷ**

**തീ**ർത്ഥാടകരെല്ലാം ഇതിനകം പള്ളിയിലെത്തി. കറുത്ത കുപ്പായം ധരിച്ച് പള്ളിയിലേക്കുവരുന്ന കാർമ്മികൻ നമസ്കാരമേശയുടെ പടിഞ്ഞാറുവശത്ത്, കിഴക്കിനഭിമുഖമായി നിൽക്കുന്നു. യാമനമസ്കാരത്തിനു സമയമാകുമ്പോൾ, അതുവരെയും ധ്യാനനിരതരായിരുന്ന ദൈവജനം എഴുന്നേറ്റ് ഭക്ത്യാദരപൂർവ്വം കിഴക്കോട്ടുനോക്കി നിലയുറപ്പിക്കുന്നു.[1] അപ്പോഴേക്കും ശുശ്രൂഷകരിൽ ഒരാൾ മദ്ബഹയ്ക്കുള്ളിൽ പ്രവേശിച്ച് ത്രോണോസിന്റെ മദ്ധ്യഭാഗത്ത് കുരിശിന്റെ മുമ്പിലുള്ള ഒരു മെഴുകുതിരിമാത്രം കത്തിക്കുന്നു. അനന്തരം മദ്ബഹാവാതിൽക്കലുള്ള തിരശ്ശീല തെക്കുനിന്ന് വടക്കോട്ട് വലിച്ചുമാറ്റുന്നു.[2] തിരി കത്തിക്കുന്നത്, പ്രപഞ്ചോൽപത്തിയിൽ ത്രിയേകദൈവം പ്രകാശംകൊണ്ട് സൃഷ്ടികർമ്മം ആരംഭിച്ചതിനെ (ഉൽപ 1:3) അനുസ്മരിക്കുന്നു. സൃഷ്ടികർമ്മം വഴി അദൃശ്യനായ ദൈവം സ്വയം വെളിപ്പെടുത്തിയതിനെ മറനീക്കുന്നത് സൂചിപ്പിക്കുന്നു. പഴയനിയമകാലത്ത് പുറജാതികൾ പല ദേവന്മാരെ ആരാധിക്കുന്നതിനെതിരായി, ഏകദൈവവിശ്വാസത്തിന് ഊന്നൽ കൊടുത്തിരുന്നതിനെ കാണിക്കാനാണ്

1. കർത്താവ് അവസാനത്തിൽ കിഴക്കുനിന്ന് പ്രത്യക്ഷപ്പെടുമെന്നുള്ളതുകൊണ്ട കിഴക്കോട്ടുതിരിഞ്ഞു നിന്ന് പ്രാർത്ഥിക്കണമെന്ന് ശ്ലീഹന്മാർ നിശ്ചയിച്ചു.(ഹുദാ 5:5)

2. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ ആദ്യം കണ്ടത് സ്ത്രീകളാണ്. ദൈവാലയത്തിൽ തെക്കുവശത്തു നിൽക്കുന്ന സ്ത്രീകൾക്ക് മഹത്വത്തിന്റെ രാജാവ് എഴുന്നെള്ളിയിരിക്കുന്ന മദ്ബഹായുടെ ആദ്യദർശനം ലഭിക്കാനാണ് മറ തെക്കു നിന്ന് വടക്കോട്ടു മാറ്റുന്നതെന്ന് വ്യാഖ്യാനമുണ്ട്.

ഒരു തിരിമാത്രം കത്തിക്കുന്നത്. ദൈവാരാധനമൂലം നമ്മിലുള്ള അജ്ഞതയും പാപമാകുന്ന അന്ധകാരവും നീക്കി ദൈവം നമ്മെ നേർവഴിയിലൂടെ പരിപാലിക്കുന്നുവെന്ന് പ്രകാശം ഉദ്ബോധിപ്പിക്കുന്നു. ഇങ്ങനെ സൃഷ്ടികർമ്മവും തുടർന്നുള്ള ദൈവപരിപാലനയും ദൈവസന്നിധിയിൽ ഓർത്തുകൊണ്ടാണ് തീർത്ഥാടകർ യാമനമസ്കാരം വഴി ദൈവത്തോട് സംഭാഷണം ചെയ്യുന്നത്. ഇതിന് ദൈവത്തിൽനിന്നുള്ള പ്രത്യുത്തരമാണ് വേദപുസ്തക വായനവഴി അവർ ശ്രവിക്കുന്നത്.

പരസ്യാരാധനയുടെ ആരംഭമായി കാർമ്മികന്റെ നേതൃത്വത്തിൽ പ്രഭാതപ്രാർത്ഥനയും ഏഴരയുടെ നമസ്കാരവും നടത്തുന്നു. വി. കുർബാന പരസ്യമായി ആരംഭിക്കുന്നതിനു മുമ്പായി ഉച്ചനമസ്കാരത്തിന്റെ ആദ്യ കൗമായും കോലോകളും[3] ബോവുസായും[4] ചൊല്ലിയിരിക്കണമെന്ന് ഒരു പൂർവ്വികാചാരം മലങ്കരയിലുണ്ട്. ഉച്ചനമസ്ക്കാരത്തിന്റെ അവസാനഭാഗങ്ങളായ 'സ്വഭാവപ്രകാരം മരണമില്ലാത്തവനും' എന്നുള്ള മാർ സേവേറിയോസിന്റെ മാനീസായും[5] അന്ത്യകൗമയും വിശ്വാസപ്രമാണവുമൊക്കെ വി.കുർബാനയിൽ സമുചിതമായി കോർത്തിണക്കിയിരിക്കുന്നു. യാമനമസ്കാരവും വി. കുർബാനയും തമ്മിലുള്ള അഭേദ്യമായ ബന്ധം ഇതിൽ നിന്ന് വ്യക്തമാണ്.

**ഒരുക്കശുശ്രൂഷകൾ**

> പെസഹാക്കുഞ്ഞാടിനെ ബലികഴിക്കേണ്ടിയിരുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിനം വന്നുചേർന്നു. യേശു പത്രോസിനെയും യോഹന്നാനെയും അയച്ചുകൊണ്ടു പറഞ്ഞു. 'നിങ്ങൾ പോയി നമുക്കു പെസഹാ ഭക്ഷിക്കേണ്ടതിന്ഒരുക്കങ്ങൾ ചെയ്യുവിൻ' (ലൂ 22:7-8).

ലോകൈക ഗുരുവായ മിശിഹാ ആരാധ്യമായ തിരുവത്താഴ ബലി അർപ്പിക്കുന്നതിന് ഇപ്രകാരം ഒരുക്കം ചെയ്തെങ്കിൽ, അതിന്റെ കൂദാശപരമായ പുനരവതരണമായ പുതിയ പെസഹാബലിയ്ക്ക് സമീപിക്കുന്ന പുരോഹിതൻ അതിൽ എത്രയോ അധികം ഒരുങ്ങേണ്ടത്

3. ഗീതങ്ങൾ (സുറിയാനി വാക്കിന്റെ അർത്ഥം ശബ്ദം)
4. അപേക്ഷ
5. മറുപടി പ്രാർത്ഥന





അത്യന്താപേക്ഷിതമാണ്. അതുകൊണ്ടാണ് മലങ്കര കുർബാന ഒരുക്ക ശുശ്രൂഷകൾകൊണ്ട് ആരംഭിക്കുന്നത്. ഈ ഒന്നാം ഭാഗത്ത് ക്രിസ്തുവിനെ അജയ്യ മഹാരാജാവായി നാം ദർശിക്കുന്നു.[6] പുനരുദ്ധാരണം (redemption) എന്ന രക്ഷണീയഫലം കൗദാശികമായി പുനരവതരിപ്പിക്കുന്ന ഈ ഭാഗത്തുള്ള പ്രാർത്ഥനകളും കർമ്മങ്ങളും വഴി പാപപരിഹാരം എന്ന മതാനുഷ്ഠാനം നാം സമുചിതം നിർവ്വഹിക്കുന്നു.

ഇതിന് രണ്ടു ശുശ്രൂഷകൾ ഉണ്ട്. രണ്ടും തിരശ്ശീലയ്ക്കുള്ളിൽ രഹസ്യത്തിലാണ് പട്ടക്കാരൻ നിർവ്വഹിക്കുന്നത്. മലങ്കരകുർബാനയിൽ ഇപ്രകാരം മദ്ബഹായിൽ വച്ച് പട്ടക്കാരൻ രഹസ്യമായ കർമ്മങ്ങൾ നടത്തുന്ന സന്ദർഭങ്ങൾ മൂന്നാണ്. ഈ രഹസ്യഘട്ടങ്ങൾക്ക് മൗതികഘട്ടങ്ങൾ (Mystical Hours) എന്നു പറയുന്നു. ഒന്നാമത്തെ മൗതികഘട്ടത്തിലാണ് ഒരുക്കശുശ്രൂഷകൾ പൂർത്തിയാക്കുന്നത്. ഈ ഘട്ടത്തിൽ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിനു മുമ്പുള്ള പാരത്രിക ജീവിതത്തെ അനുസ്മരിക്കുന്നു. ഈ കാലഘട്ടം നമ്മുടെ നഗ്നനേത്രങ്ങൾക്കു അദൃശ്യമാകയാലാണ് അതിനെ മൗതികഘട്ടമെന്ന് പറയുന്നത്. വിശ്വാസത്തിന്റെ കണ്ണുകൊണ്ട് മാത്രമേ, ദൈവപുത്രന്റെ പാരത്രിക ജീവിതത്തെ നാം ദർശിക്കുന്നുള്ളൂ. മദ്ബഹായുടെ വാതിൽ തിരശ്ശീലകൊണ്ട് മറച്ചിരിക്കുന്ന ഈ സമയത്ത് കാർമ്മികൻ പ്രാർത്ഥനകളെല്ലാം രഹസ്യത്തിൽ വളരെ താഴ്ന്ന ശബ്ദത്തിൽ ചൊല്ലുന്നു. അതേസമയം ആരാധനാ സമൂഹം ഹൈക്കലായിൽ നിന്ന് പ്രാർത്ഥന നടത്തുകയാണ്. പഴയനിയമകാലത്ത് പുരോഹിതൻ തിരശ്ശീലയ്ക്കകത്തുപോയി രഹസ്യമായി ധൂപാർപ്പണവും പ്രാർത്ഥനകളും നടത്തുമ്പോൾ ഇസ്രായേൽജനം വെളിയിൽ പ്രാകാരത്തിൽനിന്ന് പ്രാർത്ഥിച്ചതിനു (ലൂ 1:10) തുല്യമാണിത്.

താഴെ വിവരിക്കുന്ന രഹസ്യങ്ങളുടെ അനുഷ്ഠാനമാണ് പ്രധാനമായും ഇവിടെ നടക്കുന്നത്.

1. ത്രിത്വമഹാരഹസ്യത്തിൽ ,ദൈവപുത്രന്റെ നിത്യമായ പൂർവ്വ ആസ്തിക്യവും, സ്വർഗ്ഗീയ പിതാവിൽനിന്നുള്ള പുത്രനാം ദൈവത്തിന്റെ നിത്യതയിലുള്ള ജനനവും (യോഹ 1:1-2).
2. ഏകജാതനായ പുത്രന്റെ നിത്യതയിലുള്ള സ്വയാർപ്പണം. ലോക സ്ഥാപനത്തിൽത്തന്നെ വധിക്കപ്പെട്ട കുഞ്ഞാട് (വെളി 13:8).

6. പേജ് 106 വരെ നോക്കുക.

3. പ്രപഞ്ചസൃഷ്ടിയിലുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ.
4. മനുഷ്യാവതാരം മൂലമുള്ള ദൈവപുത്രന്റെ മഹത്വപൂർണ്ണമായ സ്വയാവിഷ്ക്കരണം.
5. പഴയനിയമകാലത്തെ കുറിക്കുന്ന സംഭവങ്ങൾ.

## മൽക്കിസദേക്കിന്റെ ക്രമം

പ്രഭാതപ്രാർത്ഥനയ്ക്കു ശേഷം ദൈവജനത്തോടു പ്രാർത്ഥനാസഹായം യാചിച്ചിട്ടാണ് പട്ടക്കാരൻ മൽക്കിസദേക്കിന്റെ ക്രമം രഹസ്യത്തിൽ നടത്താൻ മുന്നോട്ടുനീങ്ങുന്നത്. ഈ സമയത്തു ദൈവജനം യാമ നമസ്ക്കാരം തുടർന്നു നടത്തുകയാണ്. അപ്പവും വീഞ്ഞും ത്രോണോസിന്മേൽ ക്രമപ്പെടുത്തുന്ന ശുശ്രൂഷയാണ് മൽക്കിസദേക്കിന്റെ ക്രമം. അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്ന മൽക്കിസദേക്ക് അപ്പവും വീഞ്ഞും എടുത്തുകൊണ്ട് അബ്രഹാമിനെ എതിരേറ്റ സംഭവത്തെയാണ് ഇത് അനുസ്മരിക്കുന്നത് (ഉൽപ 14:18). ഹെബ്രായാർക്കുള്ള ലേഖനത്തിൽ ക്രിസ്തുവിന്റെ ഒരു നിഴലായിട്ടാണ് മൽക്കിസദേക്ക് പരിഗണിക്കപ്പെടുന്നത്. 'മൽക്കിസദേക്കിന്റെ ക്രമപ്രകാരം എന്നേക്കും ഉള്ള പുരോഹിതൻ' (ഹെബ്രാ 6:20; സങ്കീ 110:4) എന്ന് നമ്മുടെ കർത്താവിനെ വിശേഷിപ്പിച്ചിരിക്കുന്നു. അവിടുന്ന് വന്നത് യഹൂദനിയമത്തിൻ കീഴിലുള്ള ബലികൾ മാത്രമല്ല, ലോകചരിത്രാരംഭം മുതൽ സ്വാഭാവിക നിയമത്തിൻ കീഴിൽ അർപ്പിക്കപ്പെട്ടുപോന്ന ബലികളും പൂർത്തിയാക്കാനാണെന്നും അങ്ങനെ നമ്മുടെ കർത്താവ് മനുഷ്യവർഗ്ഗം മുഴുവന്റെയും രക്ഷകനാണെന്നും ഇത് സൂചിപ്പിക്കുന്നു.[7]

മൽക്കിസദേക്ക് സലേമിന്റെ രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായിരുന്നു (ഉൽപ 14:18; ഹെബ്രാ 7:1). സലേമെന്നത് ജറുസലേമിന്റെ പഴയ പേരാണ് (സങ്കീ 76:2)[8]. അവന്റെ പേരിന് ഒന്നാമത് നീതിയുടെ രാജാവെന്നും രണ്ടാമത് സലേമിന്റെ-സമാധാനത്തിന്റെ രാജാവെന്നുമാണ് അർത്ഥം (ഹെബ്ര 7:2). ലേവ്യ പൗരോഹിത്യത്തിനു മുമ്പു തന്നെ പറജാതികളുടെ എല്ലാം പ്രതിനിധിയായി ദൈവമുമ്പാകെ നിന്ന പുരോഹിതനാണ് മൽക്കിസദേക്ക്. പ്രകൃതിപരമായ പൗരോഹിത്യവും വി.കുർബാനയിൽ പൂർണ്ണമാക്കപ്പെടുന്നു എന്നാണ് ഈ നാമംകൊണ്ട്

7. J.Danielou Bible and the Liturgy Page.147
8. J.L. McKenzie, Dictionary of the Bible Page 759





വിവക്ഷിക്കപ്പെടുന്നത്. മൽക്കിസദേക്ക് പൂർവ്വപിതാവായ അബ്രഹാമിനെ അനുഗ്രഹിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തതുകൂടാതെ അപ്പവും വീഞ്ഞും ഉപയോഗിച്ച് ബലി നടത്തുകയും പ്രതിഫലമായി അബ്രഹാമിൽ നിന്നും ദശാംശം വാങ്ങുകയും ചെയ്തു (ഹെബ്രാ 7: 4-9). അബ്രഹാം മുഖാന്തരം ലേവിയും മൽക്കിസദേക്കിന് ദശാംശം കൊടുക്കുകയും മൽക്കിസദേക്കിൽ നിന്ന് അനുഗ്രഹം പ്രാപിക്കുകയും ചെയ്തു. ശാരീരികമായി അഹറോന്റെ മുൻഗാമിയായ അബ്രഹാം ലേവ്യ ഗോത്രത്തിൽപ്പെടാത്ത മൽക്കിസദേക്കിന്റെ പൗരോഹിത്യം അംഗീകരിച്ചു എന്നാണ് ഇത് വ്യക്തമാക്കുന്നത്. മൽക്കിസദേക്കിന്റെ അപ്പവും വീഞ്ഞും സമർപ്പണം വി.കുർബാനയുമായി ബന്ധപ്പെടുത്തുവാൻ തുടങ്ങിയത് അലക്സാണ്ട്രിയായിലെ ക്ലെമന്റും സിപ്രിയനുമാണ്.[9] മൽക്കിസദേക്കിന്റെ ക്രമപ്രകാരം നിത്യാചാര്യനായ ക്രിസ്തു സ്വജാതിക്കാരായ ഇസ്രായേലിന്റെ മാത്രമല്ല ജാതികളിൽ നിന്നുമെടുത്ത സഭയുടെയും പുരോഹിതനായിരുന്നു. പ്രകൃതിപരമായ പൗരോഹിത്യത്തിന്റെയും ലേവ്യ പൗരോഹിത്യത്തിന്റേയും പൂർത്തികരണമായ ക്രിസ്തുവിന്റെ പൗരോഹിത്യമാണ് വി.കുർബാനയ്ക്ക് ആസ്പദമായിരിക്കുന്നത്.

## ത്രിത്വസ്തുതിയും കുരിശുവരയും

പ്രഭാത പ്രാർത്ഥനയ്ക്കുശേഷം കാർമ്മികൻ സാവധാനം മദ്ബഹായുടെ നടയിലേക്കു നീങ്ങുന്നു. മദ്ബഹാ വാതിൽക്കൽ മദ്ധ്യത്തിൽ കിഴക്കോട്ടഭിമുഖമായിനിന്ന് കുരിശുവരച്ചുകൊണ്ട് ത്രിസ്തുതി ആരംഭിക്കുന്നു. ത്രിത്വത്തിന്റെ നാമം ഉച്ചരിക്കുമ്പോഴും സ്ലീബാ എന്ന വാക്ക് ആരാധനയിൽ കേൾക്കുമ്പോഴും നാം കുരിശുവരയ്ക്കാറുണ്ട്. സ്വയം കുരിശുവരയ്ക്കുന്നത് നെറ്റിയിൽ നിന്ന് നെഞ്ചിലേക്കും ഇടത്തെ തോളിൽ നിന്ന് വലത്തെ തോളിലേക്കുമാണ്. വലതുകൈയിലെ അവസാനത്തെ രണ്ടു വിരലുകൾ ഉള്ളംകൈയോടു ചേർത്തുപിടിക്കുന്നു. തള്ളവിരലും ചൂണ്ടുവിരലും നടുവിരലും ഒന്നിച്ചുപിടിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തെ ഈ മൂന്നുവിരലുകൾ ഒന്നിച്ചു ചേർത്തു പിടിക്കുന്നത് സൂചിപ്പിക്കുന്നു. മനുഷ്യാവതാരം ചെയ്ത പുത്രനെ സൂചിപ്പിക്കുന്ന ചൂണ്ടുവിരൽ അല്പം മുമ്പോട്ടു നീട്ടി

9. ibid Page 563

പിടിക്കുന്നു. ഏകപുത്രനിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉണ്ട ല്ലോ. ഈ വിരലുകൊണ്ടുമാത്രമാണ് നെഞ്ചത്തും ഇടത്തെതോളിലും വലത്തെതോളിലും തൊടുന്നത്. കാരണം മനുഷ്യസ്വഭാവം സ്വീകരിച്ച പുത്രനായ ദൈവമാണ് സ്വർഗ്ഗത്തിൽ നിന്ന് നമ്മുടെ രക്ഷയ്ക്കുവേണ്ടി ഭൂമിയിലിറങ്ങി ഇടത്തേതിന്റെ മക്കളായിരുന്ന നമ്മെ വലത്തേതിന്റെ മക്ക ളാക്കിത്തീർത്തത്. അതുകൊണ്ടാണ്, ഒരു വിരൽകൊണ്ട് കുരിശുവര യ്ക്കുന്നു എന്ന് ബാർ എബ്രായ സൽഗെയിൽ പറയുന്നത്.[10] രക്ഷാകര ചരിത്രം മുഴുവൻ ഉൾക്കൊള്ളുന്ന സത്യവിശ്വാസത്തിന്റെ ചിഹ്നമാണീ കുരിശുവരയ്ക്കൽ. പട്ടക്കാരൻ ഗോഗുൽത്താക്കുരിശിലെ ബലിതന്നെ യാണ് കൂദാശയ്ക്കടുത്തവിധം പരികർമ്മം ചെയ്യാൻ പോകുന്നതെന്ന് ഈ കുരിശുവരയ്ക്കൽ വ്യക്തമാക്കുന്നു. ആരാധനയ്ക്കായി ദൈവസ ന്നിധിയിൽ എത്തിയാൽ, ആദ്യമായി കുരിശുവരയ്ക്കുകയും ത്രിയേക ദൈവത്തെ സ്തുതിക്കുകയും ചെയ്യുക എന്നുള്ളത് സുറിയാനിക്കാരുടെ പാരമ്പര്യമാണ്. *'ശുബ്ഹോ ലാബോ ഉലബ്രൊ വൽ റൂഹൊ കാദിശൊ'* (പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി) എന്ന പ്രമാണ സൂത്രം (formula) വേദപുസ്തകത്തിന്റെ പശ്ചാത്തലത്തിൽ ആര്യൻപാ ഷണ്ഡതയ്ക്കെതിരായി ആവിർഭവിച്ചതും സഭയുടെ ആരാധനാജീവി തത്തിൽ നിരന്തരം മുഴങ്ങി കേൾക്കുന്നതുമാണ്[11].

## ദൈവജനത്തിന്റെ അംഗീകൃത പ്രതിനിധി

തനിക്കും താൻ പ്രതിനിധാനം ചെയ്യുന്ന ഇടവകജനത്തിനും വേണ്ടി യോഗ്യതാപൂർവ്വം വി.കുർബാന അർപ്പിക്കുന്നതിനുള്ള ദൈവാ നുഗ്രഹം യാചിക്കുകയാണ് പ്രാരംഭ പ്രാർത്ഥനയുടെ ഉദ്ദേശ്യം.

> കരുണയും മനുഷ്യസ്നേഹവും ഉള്ള ദൈവമായ കർത്താവേ അറിവോടും ഭയഭക്തിയോടും ആദ്ധ്യാത്മികമായ നല്ല ഒരുക്കത്തോടുംകൂടി തിരുമുമ്പാകെ ഞങ്ങൾ നിന്ന്, സർവ്വാരാധ്യനായ നാഥനും സ്രഷ്ടാവുമെന്ന നിലയിൽ പിതാവും

10. ഇടത്തുനിന്ന് വലത്തോട്ട് കുരിശുവരയ്ക്കണമെന്ന് നിയമമുണ്ടാക്കിയത് അന്ത്യോക്യയിലെ മാർ സേവേറിയോസ് പാത്രിയാർക്കീസാണ്. പൗരസ്ത്യ സുറിയാനിക്കാർ കുരിശുവരയ്ക്കു ന്നത് വലത്തുനിന്ന് ഇടത്തോട്ടാണ്.

11. J.Jungmann. The Early Liturgy Pages 193-195





> പുത്രനും പരിശുദ്ധാത്മാവുമായ നിന്നെ വെടിപ്പോടും വിശുദ്ധിയോടും കൂടെ ശുശ്രൂഷിക്കുവാൻ ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും ഞങ്ങളെ യോഗ്യരാക്കേണമേ. ആമ്മീൻ.

പരമോന്നതമായ കുർബാന എന്ന ദിവ്യബലി അർപ്പിക്കാനുള്ള യോഗ്യത നമുക്കില്ലെന്ന് വിനയപൂർവ്വം ഏറ്റുപറയുകയും അതിനു യോഗ്യ രാകാനുള്ള അനുഗ്രഹം യാചിക്കുകയുമാണ് ഈ പ്രാർത്ഥനയിൽ. ആരാ ധനാസമൂഹത്തിന്റെ തലവനും പ്രതിനിധിയും എന്ന നിലയിലാണ് പട്ട ക്കാരൻ പൗരോഹിത്യത്തിനടുത്ത ഈ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്ന ത്. ഞങ്ങൾ, ഞങ്ങളെ എന്നീ പദപ്രയോഗങ്ങളിൽ നിന്ന് ഇത് വ്യക്തമാ ണ്. ദൈവസന്നിധിയിൽ കേവലം ഒറ്റപ്പെട്ട വ്യക്തിയായിട്ടല്ല, പട്ടക്കാ രൻ അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുന്നത്. ദൈവജനമാകുന്ന സമൂഹത്തിലാണ് രക്ഷയുടെ അനുഭവം പൂർത്തിയാകുന്നത്. വി. കുർബാ നയിൽ ഒരുവൻ ദൈവത്തോടടുക്കുമ്പോൾ, അവൻ ഏതു സമൂഹത്തിൽ ജിവിക്കുന്നുവോ ആ സമൂഹത്തിലുള്ളവരെയും അവരുടെ ആവശ്യങ്ങ ളെയുമെല്ലാം വഹിച്ചുകൊണ്ടല്ലാതെ, കേവലം ഒറ്റപ്പെട്ട വ്യക്തിയായും സ്വാർത്ഥനായും അടുത്തുചെല്ലാൻ സാദ്ധ്യമല്ല. അതിനാൽ പട്ടക്കാരൻ, ദൈവജനത്തിന്റെ അംഗീകൃത പ്രതിനിധിയായും ജനത്തിനും ദൈവ ത്തിനുമിടയിൽ നിൽക്കുന്ന മദ്ധ്യസ്ഥനും, ഇടവക ജനത്തിന്റെ തലവനും ദൈവാഭിമുഖമായിട്ടുള്ള തീർത്ഥാടകസംഘത്തിന്റെ നായകനുമായിട്ടത്രെ ത്രോണോസിങ്കലേക്കു നീങ്ങുന്നത്. തിരുസഭ മുഴുവന്റെയും ഒരു ചെറിയ പതിപ്പാണ് ഇടവകയിലെ ആരാധനാസമൂഹം. തെരഞ്ഞെടുക്കപ്പെട്ട ദൈവജനമായ സഭ മുഴുവൻകൂടിയാണ് പട്ടക്കാരൻവഴി കുർബാന അർപ്പി ക്കുന്നത്. അദൃശ്യനെങ്കിലും അതിലെ പ്രധാന കാർമ്മികൻ നമ്മുടെ കർത്താവേശുമിശിഹായാണ്. കർത്താവിന്റെ കൗദാശിക സാന്നിദ്ധ്യത്തെ ക്കുറിക്കുന്ന എപ്പിസ്ക്കോപ്പയുടെ പ്രധാന കാർമ്മികത്വത്തിലാണ് വാസ്തവത്തിൽ കുർബാന അർപ്പിക്കപ്പെടുന്നത്. പക്ഷെ എപ്പി സ്ക്കോപ്പാ എല്ലാ ഇടവകകളിലും ഉണ്ടായിരിക്കുക സാദ്ധ്യമല്ലാത്തതി നാൽ എപ്പിസ്ക്കോപ്പായെ പ്രതിനിധാനം ചെയ്യുന്ന വൈദികന്റെ കാർമ്മി കത്വത്തിൽ ഇടവകപ്പള്ളിയിൽ വി.കുർബാന അർപ്പിക്കപ്പെടുന്നു.

## അനുതാപത്തിന്റെ വിശിഷ്ടമാതൃക

അനന്തരം നുറുങ്ങിയ ഹൃദയത്തോടെ കാർമ്മികൻ 51-ാം സങ്കീർത്തനം ചൊല്ലുന്നു. തന്റെ പാപകൃത്യങ്ങളെപ്പറ്റി ദാവീദിനെ നാഥാൻ പ്രവാചകൻ കുറ്റപ്പെടുത്തിയപ്പോൾ (2 സാമു 12:1-13) അതീവ ദുഃഖത്തോടെ ദൈവത്തിന്റെ കരുണയ്ക്കായി യാചിക്കുകയാണ് സങ്കീർത്തകനായ ദാവീദ് രാജാവ് ഈ സങ്കീർത്തനത്തിൽ. വികാരനിർഭരവും അനുതാപ പ്രാർത്ഥനയുടെ വിശിഷ്ടമാതൃകയുമായ ഈ സങ്കീർത്തനം യഹൂദന്മാരുടെയും തുടർന്ന് ക്രൈസ്തവ സഭയുടെയും ആരാധനക്രമത്തിൽ ആദ്യം മുതലേ സ്ഥാനം പിടിച്ചു. വൈദികൻ തന്റെയും ജനത്തിന്റെയും അയോഗ്യതകൾ ഏറ്റുപറഞ്ഞ് തെറ്റുകൾക്കു മോചനം യാചിക്കുന്ന ഒരവസരമാണിത്. സുവിശേഷത്തിൽ കാണുന്ന ചുങ്കക്കാരനുതുല്യം (ലൂ 18:13) ധൂർത്തപുത്രനെപ്പോലെ കറുത്ത പുറങ്കുപ്പായമാകുന്ന ജീർണ്ണവസ്ത്രം ധരിച്ച് വിനയപൂർവ്വം തലകുനിച്ച് നിന്നുകൊണ്ടാണ് ഈ സങ്കീർത്തനം ചൊല്ലുന്നത്. സ്വന്തം അയോഗ്യത ഗ്രഹിച്ചുകൊണ്ടും ക്രിസ്തുനാഥനെപ്പോലെ ഇടവകജനത്തിന്റെ പാപഭാരം വഹിച്ചുകൊണ്ടുമാണ് (യോഹ 1:29; 2 കോരി 5:21) നമ്മുടെ കർത്താവിന്റെ അമൂല്യരക്തത്തിന്റെ യോഗ്യതയെ മുൻനിറുത്തി പട്ടക്കാരൻ ഏറ്റുപറച്ചിൽ നടത്തുന്നത്. ഇതു ചൊല്ലുമ്പോൾ മൂന്നു കാര്യങ്ങൾ വൈദികൻ മനസ്സിൽ ധ്യാനിക്കുന്നു.

1. തന്റെയും ഇടവകജനങ്ങളുടെയും പാപങ്ങൾ കഴുകി കളയുന്നതിനെപ്പറ്റി. (വാക്യങ്ങൾ 1-9)
2. വീണ്ടും ജനനത്തിന്റെ അനുഭവം നവീകരിക്കുന്നതിനെപ്പറ്റി. (വാക്യങ്ങൾ 10-15)
3. സ്വയം ബലിയായ് അർപ്പിക്കുന്നതിനെപ്പറ്റി. (വാക്യങ്ങൾ 16-19)

51-ാം സങ്കീർത്തനം മലങ്കര ആരാധനയിലെ എല്ലാ ശുശ്രൂഷകളുടെയും ആരംഭത്തിൽ ചൊല്ലണമെന്ന് നിഷ്ക്കർഷയുണ്ട്. ദൈവാനുഗ്രഹം പ്രാപിക്കുന്നതിന് മുമ്പ് പാപം ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ച് ഹൃദയം നിർമ്മലമാക്കേണ്ടത് അത്യാവശ്യമാണ്. മിശിഹാരാജാവിനെ സ്വീകരിക്കുന്നത് അനുതാപ ചിന്തകളോടുകൂടിവേണം. മലങ്കരയിൽ





സങ്കീർത്തനങ്ങളെല്ലാം അവസാനിപ്പിക്കുന്നത് 'ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു' എന്നു പറഞ്ഞുകൊണ്ടാണ്.

മേൽപ്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ 'പിതാവേ മോചനം തന്ന് എന്നെ അനുഗ്രഹിക്കണമേ' എന്നു പറഞ്ഞ് സ്ലീബാ മുത്തിയതിനുശേഷം കാർമ്മികൻ ദൈവജനത്തിന്റെ നേരെതിരിഞ്ഞ് അവരുടെ പ്രാർത്ഥനാസഹായം അപേക്ഷിക്കുന്നു. മാനുഷിക പ്രകൃതിക്കതീതമായ ഒരു ദൈവികശുശ്രൂഷാനിർവ്വഹണത്തിന് പൗരോഹിത്യംമൂലം ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നുവെങ്കിലും മാനുഷിക ബലഹീനതകളും കുറവുകളും അപൂർണ്ണതകളും ഉള്ള പട്ടക്കാരൻ ഇടവക ജനങ്ങളുടെപക്കലേക്ക് പ്രാർത്ഥനാസഹായത്തിന് തിരിയുന്നു. പട്ടക്കാരന്റെ പ്രാർത്ഥനകൾ ദൈവം കേൾക്കുമെന്നും, വിശുദ്ധ കുർബാന സാക്ഷാൽ ബലിയാണെന്ന് തങ്ങൾ വിശ്വസിക്കുന്നുണ്ടെന്നും, ആ ബലിയിൽ ദൈവം പ്രസാദിക്കുമെന്നും, തങ്ങളുടെ ബലിയായികൂടി അത് സ്വീകരിക്കുമാറാകട്ടെയെന്നും പ്രത്യുത്തരത്തിൽ ജനങ്ങൾ ആശംസിക്കുന്നു. വി. കുർബാന ദൈവോന്മുഖമായ ഒരു ആത്മീയ തീർത്ഥാടനമാണ്. പട്ടക്കാരൻ തീർത്ഥാടകസംഘത്തിന്റെ മുൻഗാമിയും മാർഗ്ഗദർശിയും നേതാവുമാണ്. ഈ തീർത്ഥാടനത്തിൽ കാർമ്മികനെ അനുഗമിക്കാൻ അപേക്ഷയും ആംഗ്യങ്ങളും വഴി സമൂഹത്തോട് ആവശ്യപ്പെടുന്നു. താൻ ആരുടെ പ്രതിനിധി ആയിരിക്കുന്നുവോ ആ സമൂഹത്തിന്റെ കാഴ്ചകളും ആവശ്യങ്ങളും സ്വീകരിച്ച്, ആരാധനാസമൂഹം മുഴുവനെയും പ്രതീകാത്മകമായി തന്റെ ഹൃദയത്തിൽ സംവഹിച്ചുകൊണ്ടാണ് ദൈവസന്നിധിയിലേക്കു പോകുന്നതെന്ന് കൈ രണ്ടും നെഞ്ചോടടുപ്പിക്കുന്നത് സൂചിപ്പിക്കുന്നു.

## പഴയനിയമകാലം

ശുശ്രൂഷകരോടൊന്നിച്ച്[12] സങ്കീർത്തനങ്ങൾ ചൊല്ലിക്കൊണ്ട് കാർമ്മികൻ മദ്ബഹായിലേക്ക് പ്രവേശിക്കുന്നു. ഒരു ശുശ്രൂഷകൻ തിരശ്ശീല വടക്കുനിന്ന് തെക്കോട്ട് വലിച്ച് മറയിടുന്നു. ദൈവസംസർഗ്ഗത്തി

12. മദ്ബഹായിൽ പ്രവേശിക്കുന്ന ശുശ്രൂഷകർ കൈവയ്പ് സ്വീകരിച്ചവരായിരിക്കണം. ദൈവത്തെ ശുശ്രൂഷിക്കുന്ന മാലാഖമാരുടെ സ്ഥാനത്ത് നിൽക്കുന്ന അവർ വെള്ള ശുശ്രൂഷക്കുപ്പായം ധരിച്ചുകൊണ്ടാണ് മദ്ബഹായിൽ പ്രവേശിക്കുന്നത്.

ലായിരുന്ന ആദി മാതാപിതാക്കന്മാരെ പാപഫലമായി ഏദൻതോട്ടത്തിൽ നിന്ന് പുറത്താക്കിയതിനെയും (ഉൽപ 3:23) പറുദീസായുടെ കവാടം അടച്ചതിനെയും ഇത് സൂചിപ്പിക്കുന്നു. പഴയനിയമത്തിലെ രക്ഷയുടെ വാഗ്ദാനങ്ങളെയും വചനമായ ദൈവപുത്രൻ വി.കന്യക മറിയാമിന്റെ ഗർഭപാത്രത്തിൽ ഒമ്പതുമാസം ആദൃശ്യമായി വസിച്ചതിനെയും സൂചിപ്പിക്കാൻ മറയിടുന്നു.

> കർത്താവേ ഞങ്ങളുടെ പെരുന്നാളുകളെ നിന്റെ ബലിപീഠത്തിന്റെ കൊമ്പുകളോടു ബന്ധിക്കണമേ.[13] നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കു നന്ദിപറയും; നീ എന്റെ ദൈവമാകുന്നു, ഞാൻ നിന്നെ സ്തുതിക്കും.

118-ാം സങ്കീർത്തനത്തിന്റെ 27-29 വാക്യങ്ങൾ ചൊല്ലിക്കൊണ്ട് കാർമ്മികൻ ത്രോണോസിന്റെ നാലു കോണുകളും മുത്തി പ്രദക്ഷിണം വയ്ക്കുന്നു. *ഞാൻ അങ്ങയുടെ ബലിപീഠത്തിനു പ്രദക്ഷിണം വയ്ക്കുന്നു* (സങ്കീ 26:6). യാഗവസ്തുവുമായി ബലിപീഠത്തിനുചുറ്റും വലത്തോട്ട് പ്രദക്ഷിണം നടത്തിയിരുന്ന പഴയനിയമകാലത്തെ ചടങ്ങിനെയാണിത് അനുസ്മരിപ്പിക്കുന്നത്. യാഗം നടത്തുന്നതിന് മുമ്പ് ബലിമൃഗങ്ങളെ ബലിപീഠത്തിന്റെ കോണുകളിൽ ബന്ധിച്ചിരുന്നു. പള്ളിയിലേക്കുള്ള തീർത്ഥാടനം ക്രിസ്തുവിന്റെ ബലിയിൽ പങ്കുകാരാകുന്നതിനും നമ്മളെത്തന്നെ യാഗമായി[14] അർപ്പിക്കുന്നതിനുമാണ്. കൂടാതെ

13. മൂലഭാഷയിൽ അർത്ഥം അവ്യക്തമാണ്. മരച്ചില്ലകളേന്തി പ്രദക്ഷിണം തുടങ്ങുവിൻ, ബലിപീഠത്തിലേക്കു നീങ്ങുവിൻ. (പി.ഒ.സി. ബൈബിൾ). ബലിപീഠത്തിന്റെ കൊമ്പുകളെക്കുറിച്ച് (പുറ: 27:2; എസെ.43,15).

14. യാഗം യജിപ്പിക്കുന്നതാണ്; യോജിപ്പിക്കുന്നതാണ്. ദേവന്മാരെ പ്രസാദിപ്പിക്കുന്നതിനായി ചെയ്യുന്ന കർമ്മമാണ് യാഗം. മനുഷ്യൻ പ്രതിദിനം ചെയ്യേണ്ട കർമ്മങ്ങളെ പഞ്ചമഹായജ്ഞങ്ങളായിട്ടാണ് ഹൈന്ദവാചാര്യന്മാർ വിവരിക്കാറുള്ളത്; ബ്രഹ്മയജ്ഞം, ദേവയജ്ഞം, മനുഷ്യയജ്ഞം, പിതൃയജ്ഞം, ഭൂതയജ്ഞം. ബ്രഹ്മയജ്ഞമെന്നു പറയുന്നത്. ബ്രഹ്മവിദ്യാ പാഠമാകുന്നു. വേദാധ്യാപനവും ഇതിൽ ഉൾപ്പെടുന്നു. ദേവയജ്ഞം ദേവന്മാരെ ഉദ്ദേശിച്ചു ചെയ്യുന്ന ഉപാസനയാണ്. ദൈവാരാധനയിൽ നമ്മുടെ ഉള്ളിലും പുറമെയും ഉള്ള ഭാവങ്ങളിൽ സൗന്ദര്യത്തെ വർദ്ധിപ്പിക്കാനുതകുന്ന സകല പ്രവർത്തികളും ഉൾപ്പെടും. മനുഷ്യരുടെ ദുഃഖത്തെ കുറക്കുന്നതിനും സുഖകാരണങ്ങളെ വർദ്ധിപ്പിക്കേണ്ടതിനും വ്യക്തികളായും സമൂഹമായും നാം ചെയ്യേണ്ട പ്രവർത്തികൾ മനുഷ്യയജ്ഞത്തിൽ ഉൾപ്പെടുന്നു. സ്ഥൂലശരീരം വിട്ടുപോയിട്ടുള്ള പൂർവ്വികരെ ഉദ്ദേശിച്ചു ചെയ്യേണ്ട സകല പ്രവർത്തികളും ആചാരങ്ങളും പിതൃയജ്ഞമാണ്. മനുഷ്യരൊഴിച്ചുള്ള മറ്റ് ജീവികളെ ഉദ്ദേശിച്ചുള്ള കർമ്മങ്ങളെയാണ് ഭൂതയജ്ഞമെന്ന് പറയുന്നത് (സങ്കീർത്തന ധ്യാനമാല നാലാംഭാഗം പേജ് 49-50)





ഇസ്രായേല്യർ കൂടാരപ്പെരുന്നാൾ ദിവസം ബലിപീഠത്തിനു ചുറ്റും ഈന്തപ്പനയോലകളുമായി പ്രദക്ഷിണം വയ്ക്കുമ്പോൾ ചൊല്ലിയിരുന്നതാണ് 118-ാം സങ്കീർത്തനം.

മരുഭൂമിയിൽ സമാഗമ കൂടാരത്തിലാണ് ദൈവം മോശയ്ക്കും മറ്റു പുരോഹിതന്മാർക്കും പ്രത്യക്ഷപ്പെട്ട് അവരോടു സംസാരിച്ചിരുന്നത്. പള്ളിയിലുള്ള ദൈവത്തിന്റെ സാക്ഷാൽ തിരുനിവാസ സ്ഥാനമാണ് ത്രോണോസ്. ഈ തിരുനിവാസത്തിന്റെ പരമമായ ലക്ഷ്യം ദൈവം തന്റെ വിശുദ്ധജനവുമായി നടത്തുന്ന അതുല്യമായ കൂടിക്കാഴ്ചയാണ്. അതിനാൽ ദൈവവും ആരാധനാസമൂഹവും തമ്മിലുള്ള സവിശേഷമായ കൂടിക്കാഴ്ചയാണ് പട്ടക്കാരൻ ത്രോണോസിനെ ചുംബിക്കുമ്പോൾ നടക്കുന്നത്. പിതൃസ്വത്തവകാശം കണക്കുപറഞ്ഞു വാങ്ങി ദൂരദേശത്തുപോയി ധൂർത്തടിച്ചശേഷം, അവസാനം മാനസാന്തരപ്പെട്ട് ജീർണ്ണവസ്ത്രധാരിയായി പിതൃഭവനത്തിലേക്കു തിരുച്ചുവന്ന ധൂർത്തപുത്രനെ വിരഹദുഖത്താൽ വിവശനായിരുന്ന വത്സലപിതാവ് മനസ്സലിഞ്ഞ് ആലിംഗനം ചെയ്ത് സ്വീകരിച്ച സംഭവത്തെയും (ലൂ 15:20) ഇത് ഓർമ്മിപ്പിക്കുന്നു. കൂടാതെ, ത്രോണോസ് നമ്മുടെ കർത്താവിന്റെ കബറിടത്തിന്റെ സാദൃശ്യമായിരിക്കുന്നതുകൊണ്ട് ത്രോണോസ് ചുറ്റലും മുത്തലും തിരുക്കബറിട സന്ദർശനത്തെയും അതിനോടുള്ള ഭക്ത്യാദരവുകളെയും സൂചിപ്പിക്കുന്നു.

## വെളിച്ചത്തിന്റെ പ്രവൃത്തികൾ

ശുശ്രൂഷകരിൽ ഒരാൾ ഈ സമയത്ത് മെഴുകുതിരികൾ കത്തിക്കുന്നു. കുരിശിന്റെ മുമ്പിൽ കത്തിനിൽക്കുന്ന തിരിയിൽ നിന്നാണ് ആദ്യം വടക്കുവശത്തെ തിരികൊളുത്തുന്നത്. അങ്ങനെ പുത്രൻ പിതാവിൽ നിന്ന് അനാദിയിൽ ജനിച്ച പ്രകാശത്തിൽ നിന്നുള്ള പ്രകാശമാണെന്ന് കാണിക്കുന്നു. അതിൽനിന്ന് പിന്നീട് തെക്കുവശത്തെ തിരികത്തിക്കുന്നത് പരിശുദ്ധ റൂഹാ പിതാവിൽനിന്ന് പുറപ്പെട്ട് പുത്രനിൽ നിന്ന് സ്വീകരിക്കുന്നവനാണ് എന്ന് കാണിക്കാനാണ്. വടക്കുവശത്തെ തിരികത്തിക്കുമ്പോൾ 'വെളിവുനിറഞ്ഞോരീശോ. . .' ഇത്യാദിഗാനവും, തെക്കുവശത്തെ തിരികത്തിക്കുമ്പോൾ 'വെളിവിൻ തട്ടിൽ വസിക്കും...' ഇത്യാദിഗാനവും ശുശ്രൂഷകൻ രഹസ്യമായി ചൊല്ലുന്നു. ത്രോണോസിൽ ഒരുക്കിവയ്ക്കുന്ന അപ്പവും വീഞ്ഞും സർവ്വലോകത്തിന്റെയും പ്രകാശമായ ക്രിസ്തുവിന്റെ പ്രതീകമാണെന്നും ആ പ്രകാശത്തിൽ നിന്നുവേണം

നാം യഥാർത്ഥപ്രകാശം ഉൾക്കൊള്ളേണ്ടതെന്നും, പരിശുദ്ധാത്മാവിന്റെ സഹായത്താൽ ദുഷ്ടമായ ചിന്തകൾ വെടിഞ്ഞ് വെളിച്ചത്തിന്റെ പ്രവൃത്തികൾ (യോഹ 3:17-21) ചെയ്യണമെന്നതുമാണ് തിരികത്തിക്കലിന്റെ സൂചന. പ്രകാശം തന്നെയായ ത്രിയേക ദൈവസന്നിധിയിലത്രെ നമ്മൾ പാപപരിഹാരാർത്ഥം കാഴ്ച സമർപ്പണം നടത്തുന്നത്.

## അപ്പവും വീഞ്ഞും ഒരുക്കുന്നു

*ഹമ്മീറാ* എടുത്ത് ഖണ്ഡന ശുശ്രൂഷയ്ക്ക് സഹായകമായ രീതിയിൽ തബ്ലീത്തായിൽവച്ച് കാർമ്മികൻ പീലാസായുടെ വക്കുകൊണ്ട് വരയ്ക്കുന്നു. ആരാധനക്രമവത്സരത്തിലെ പ്രത്യേക കാലങ്ങൾക്കനുയോജ്യമായ രീതിയിൽ കുഞ്ഞാടിന്റെയോ, മനുഷ്യപുത്രന്റെയോ സ്ലീബായുടേയോ ആകൃതിയിലാണ് വരയ്ക്കുന്നത്. തദവസരത്തിൽ ഇപ്രകാരം ചൊല്ലുന്നു.

> കൊലയ്ക്കുള്ള ആട്ടിൻകുട്ടിയെപ്പോലെ അവനെ കൊണ്ടുപോയി. രോമം കത്രിക്കുന്നവന്റെ മുമ്പിൽ ആടെന്നപോലെ അവൻ മൗനം പാലിച്ചു. താഴ്മ നിമിത്തം അവൻ വായ് തുറന്നില്ല. (cfr ഏശ 53:7; അ.പ്ര 8:32)

ഏശയ്യാ ദീർഘദർശിയുടെ നാലാം ദാസഗീതത്തിൽ നിന്നുള്ള ഈ ഭാഗം ക്രൂരമായി പീഡിപ്പിക്കപ്പെടുന്ന ദാസന്റെ താഴ്മയും നിശബ്ദതയും വിവരിക്കുന്നു. ഈ ഭാഗം വ്യാഖ്യാനിച്ചുകൊടുത്താണ് പീലിപ്പോസ് എത്യോപ്യാക്കാരനായ ഷണ്ഡന് ക്രിസ്തുവിനെപ്പറ്റി പറഞ്ഞുകൊടുക്കുന്നത്. ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹ 1:29; 1 പത്രോ 1:19; വെളി 5:6; 13:8) ക്രിസ്തുവാണ്. കുഞ്ഞാട് ബലിവസ്തുവായിട്ടാണ് ബൈബിളിൽ കരുതപ്പെടുന്നത്. തുടർന്ന് ത്രോണോസിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു പറയുന്നു.

> കർത്താവേ നിന്റെ വിശുദ്ധസ്ഥലം, നീ നിന്റെ സിംഹാസനത്തിന്റെ പാദപീഠമാക്കി. നിന്റെ തൃക്കരങ്ങളാൽ അതിനെ ഉറപ്പിക്കണമേ. കർത്താവ് എന്നേക്കും രാജാവായി വാഴട്ടെ.
> (cfr പുറ 15:17-18).

ചെങ്കടൽ കടന്നതിനുശേഷം മോശയും ഇസ്രായേൽക്കാരും കർത്താവിനെ സ്തുതിച്ചുകൊണ്ട് ആലപിച്ച വിജയകീർത്തനത്തിലെ വാചകങ്ങളാണ് ഇവ. സ്വർഗ്ഗരാജ്യത്തിൽ കർത്താവിന്റെ അതുല്യതയും ഭൂമിയിൽ അവിടുത്തെ





നിത്യരാജത്വവും വാഴ്ത്തുകയാണ് കീർത്തനത്തിന്റെ ഏക ലക്ഷ്യം.

രണ്ടുകൈകളിലുമായി ഹമ്മീറാ അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് സമർപ്പണ പ്രാർത്ഥന ചൊല്ലുന്നു.

> സ്വർഗ്ഗീയ പിതാവിന്റെ ആദ്യജാതാ ബലഹീനനും പാപിയുമായ എന്റെ കൈകളിൽ നിന്ന് ഈ ആദ്യഫലം സ്വീകരിക്കേണമേ.

അപ്പത്തിന് 'ആദ്യജാതൻ' 'ആദ്യഫലം' എന്ന് നാമകരണം ചെയ്തിരിക്കുന്നത് വളരെ അർത്ഥവത്താണ്. വി.കുർബാനയിൽ വിശ്വാസി, തന്റെ സ്വന്തമായതെല്ലാം ദൈവത്തിനു സമർപ്പിക്കുകയാണ് എന്ന് ഇത് കാണിക്കുന്നു. പഴയനിയമത്തിൽ മനുഷ്യരുടെയും മൃഗങ്ങളുടെയും 'കടിഞ്ഞൂലും' വിളവുകളുടെ ആദ്യഫലങ്ങളും ദൈവത്തിന്റേതെന്ന് കരുതപ്പെട്ടിരുന്നു. (പുറ 13:1-2; 22:9-30; നിയമാ 15:19). ക്രിസ്തു ആദ്യജാതൻ എന്ന പേര് സ്വീകരിച്ചിരുന്നു (ലൂ 2:7; റോമ 8:29; കൊളോ 1:15;1:18; ഹെബ്രാ 1:6; വെളി 1:5). ആ നിലയിൽ ദൈവത്തിനു തന്നെത്തന്നെ സമർപ്പിച്ചു. മനുഷ്യരാൽ ദൈവത്തിനു സമർപ്പിക്കപ്പെടുന്ന ഏല്ലാറ്റിന്റെയും പ്രതീകമത്രെ വി.കുർബാനയിലെ കാഴ്ചയപ്പം.

താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടാണ് വീഞ്ഞ് കാസായിൽ ഒഴിക്കുന്നത്.

> നമ്മുടെ കർത്താവായ യേശുമിശിഹാ ജറുസലേമിൽ രണ്ടു കള്ളന്മാരുടെ മദ്ധ്യേ, മരത്തിൽ ക്രൂശിക്കപ്പെടുകയും കുന്തംകൊണ്ട് വിലാവിൽ കുത്തേൽക്കുകയും ചെയ്തു. അവന്റെ വിലാവിൽ നിന്ന് സർവ്വസൃഷ്ടിക്കും പാപപരിഹാരം നൽകുന്ന രക്തവും വെള്ളവും ഒഴുകി. ഇതു കണ്ടുനിന്നവർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യമെന്ന് ഞങ്ങൾ അറിയുകയും ചെയ്തിരിക്കുന്നു.
> (cfr യോഹ 19:32-35)

തുടർന്ന് വെള്ളം കാസായിൽ ഒഴിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു.

> ദൈവമായ കർത്താവേ, നിന്റെ ദൈവത്വം ഞങ്ങളുടെ മനുഷ്യത്വവുമായി യോജിച്ചതുപോലെ ഈ വീഞ്ഞുമായി ഈ വെള്ളം യോജിക്കുവാൻ നീ ഇടയാക്കണമേ.

കാസാ ഉയർത്തിക്കൊണ്ട് 116-ാം സങ്കീർത്തനത്തിലെ രണ്ടു വാക്യങ്ങൾ ചൊല്ലുന്നു.

> എനിക്കു ചെയ്തിട്ടുള്ള സകല ഉപകാരങ്ങൾക്കും പകരമായികർത്താവിനു ഞാൻ എന്തു നൽകും? രക്ഷയുടെ പാന

> പാത്രമെടുത്ത് കർത്താവിന്റെ നാമം ഞാൻ വിളിച്ചപേക്ഷിക്കും. സകല ജനത്തിന്റെയും മുമ്പാകെ കർത്താവിന് എന്റെ നേർച്ച കൾ ഞാൻ അർപ്പിക്കും
> (സങ്കീ 116:13-14).

കഠിനരോഗത്തിൽനിന്ന് വിടുതൽ കിട്ടിയ ഒരുവൻ ദൈവാലയത്തിൽ സമൂഹമദ്ധ്യത്തിൽ കർത്താവിനു സ്തോത്രവഴിപാടർപ്പിക്കുന്ന ഹാലേൽ ഗീതമാണ് 116-ാം സങ്കീർത്തനം. മൃഗയാഗം ഒരു വിരുന്നോടുകൂടിയാണ് സമാപിക്കുന്നത്. അപ്പോൾ യഹോവായുടെ നേർക്കു നന്ദി പ്രദർശിപ്പിക്കുന്നതിനായി പാനപാത്രം ഉയർത്തി സ്തോത്രം ചെയ്യുന്നു. ആ കർമ്മം കർത്താവ് രക്ഷിച്ചതിന്റെ നന്ദിപ്രകടനമായതുകൊണ്ട് സങ്കീർത്തകൻ അതിനെ രക്ഷയുടെ പാനപാത്രം എന്നു വിളിക്കുന്നു. നമ്മുടെ ജീവിതം മുഴുവൻ ദൈവത്തിന് അർപ്പിക്കുന്ന യാഗവും രക്ഷയുടെ പാനപാത്രം എടുത്തുകൊണ്ടുള്ള സ്തോത്രാർപ്പണവും സാക്ഷ്യവുമായിരിക്കണം.

മൽക്കിസദേക്ക് അപ്പവും വീഞ്ഞും കാഴ്ചവച്ചത് സാധാരണ വസ്ത്രങ്ങളോടുകൂടെയായിരുന്നതിനാൽ കുർബാനയിൽ അപ്പവും വീഞ്ഞും ക്രമീകരിക്കുന്നത് അംശവസ്ത്രങ്ങൾ ഇടാതെയാണ്. മേശയൊരുക്കം ഒരു പൗരോഹിത്യ ശുശ്രൂഷയല്ല. സുറിയാനിയിലുള്ള ശുശ്രൂഷകരുടെ പുസ്തകത്തിൽ ഇത് ശമ്മാശന്മാർ ചെയ്യുന്നതായി കാണുന്നു, പ്രത്യേകിച്ച് മെത്രാന്റെ കുർബാനയിൽ. മേശയൊരുക്കം പൂർത്തിയായാലുടൻ കാസയും പീലാസായും ഹുഫോയോകൾ കൊണ്ടുമൂടുന്നു.

## അനുതാപത്തിന്റെ ക്രമം

നമ്മുടെ രക്ഷകനായ ക്രിസ്തുവിനെ രാജാവായി ദർശിച്ചുകൊണ്ട്, അനുസരണക്കേടിനു പ്രതിവിധിയായി പാപപരിഹാരം എന്ന മതാനുഷ്ഠാനമാണ് കുർബാനയുടെ ഒന്നാം ഭാഗത്ത് നടക്കുന്നത്[15]. അനുതാപ ചിന്തകളുണർത്തുന്ന പ്രാർത്ഥനകളും ഗീതങ്ങളുമാണ് ഈ ഭാഗത്തെ പ്രധാന ഉള്ളടക്കം. കാർമ്മികൻ ദർഗായിൽ[16] നിന്നിറങ്ങി

15. പേജ് 137 കാണുക.

16. ത്രോണോസിനു താഴെയുള്ള പടിയാണ് ദർഗ. വൈദീക പദവിയുള്ളവർക്ക് മാത്രമേ ദർഗായിൽ കയറാൻ അധികാരമുള്ളു. കയറുമ്പോഴും ഇറങ്ങുമ്പോഴും ത്രോണോസ് മുത്തുന്നു. ദർഗായുടെ നീളം ത്രോണോസിന്റെ നീളംതന്നെയാണ്. വീതി ഒന്നരയടിയും. ഉയരം മൂന്ന് ഇഞ്ച്.





അനുതാപത്തിന്റെ പ്രുമിയോനും സെദറായും[17] ചൊല്ലുന്നു. പ്രാർത്ഥനകളിലൂടനീളം അനുതാപചിന്തകളാണുള്ളത്.

പ്രുമിയോൻ: വിളിച്ചപേക്ഷിക്കുന്ന പാപികൾക്ക് ഉത്തരമരുളുന്ന കാരുണ്യവാനായ ഏകപിതാവിനും, വാതിലിൽ മുട്ടുന്ന അനുതാപികളെ കൈക്കൊള്ളുന്ന ദയാലുവായ ഏക പുത്രനും യാചിക്കുന്നവരുടെ കുറ്റം മോചിച്ച് അവർക്കു ജീവൻ നൽകുന്ന ഏക പരിശുദ്ധാത്മാവിനും ...

സെദറാ: ദഹനയാഗങ്ങളേക്കാൾ അനുതാപമുള്ള ഹൃദയത്തെ സ്നേഹിക്കുന്നവനും... നുറുങ്ങിയ ഹൃദയത്തോടും വിനയമുള്ള ആത്മാവോടും കൂടെ...

കൊലൊ: പാപം ഏറ്റുപറഞ്ഞുപേക്ഷിച്ച് നിന്റെ കൃപയിൽ ജീവിക്കുവാൻ എന്നെ സഹായിക്കണമേ... രാജാക്കന്മാരുടെ ആരാധനയ്ക്കു പാത്രമായ മഹത്വമുള്ള രാജാവേ, നിന്റെ കരുണതന്നെ ഞങ്ങളുടെ തെറ്റുകളെക്കുറിച്ച് നിന്നോടപേക്ഷിക്കുന്നില്ലെങ്കിൽ ഞങ്ങൾക്കുവേണ്ടി വേറെ ആര് അപേക്ഷിക്കും?

എത്രൊ: നിന്റെ കാരുണ്യത്താൽ നിന്റെ സൃഷ്ടിയോട് ഇപ്പോഴും എപ്പോഴും നീ രമ്യപ്പെടേണമേ.

എക്ബൊ: പ്രധാനാചാര്യനായ മൽക്കിസദേക്കിന്റെ വഴിപാടു കൈക്കൊണ്ട മിശിഹാ, നിന്റെ ജനത്തിന്റെ കടങ്ങൾ പരിഹരിക്കണമേ.

ഹൂത്തോമ്മൊ: ഞങ്ങളുടെ സകല വിചാരവും വചനവും പ്രവൃത്തിയും നിനക്കു ഹോമയാഗമായിത്തീരണമേ.

## അഹറോന്യക്രമം

പഴയനിയമത്തിൽ ക്രിസ്തുവിന്റെ മറ്റൊരു പ്രതിരൂപമാണ് ആചാ

17. അന്ത്യോക്യൻ റീത്തിലെ മിക്ക കർമ്മങ്ങൾക്കും ഉള്ളതാണ് പ്രുമിയോനും സെദറായും. എല്ലായിടത്തും ഘടന ഒരുപോലയാണ്.

ശുശ്രൂഷകൻ : സ്തൗമെൻ കാലോസ് (ഗ്രീക്കുപദങ്ങളുടെ അർത്ഥം, നമുക്കു നന്നായി നിൽക്കാം)
ജനം : കുറിയേലായിസ്സോൻ. (കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമേ)
വൈദികൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...
ജനം : കാരുണ്യവാനായ...

ര്യനായ അഹറോൻ. അദ്ദേഹത്തിന്റെ പൗരോഹിത്യ ശുശ്രൂഷയെയും ധൂപാർപ്പണത്തെയും അനുസ്മരിപ്പിക്കുന്നതാണ് മലങ്കര കുർബാനയിലെ രണ്ടാമത്തെ ഒരുക്കശുശ്രൂഷ. മഹാപുരോഹിതനായ അഹറോനും ലേവി ഗോത്രത്തിൽപ്പെട്ട മറ്റു പുരോഹിതന്മാരും ധരിച്ചിരുന്ന അംശവസ്ത്രങ്ങളെയും അവർ അർപ്പിച്ചിരുന്ന ധൂപത്തെയും അനുസ്മരിക്കുമാറ്, പുതിയനിയമത്തിലെ കാർമ്മികൻ രണ്ടാമത്തെ ശുശ്രൂഷയിൽ സ്ഥാനവസ്ത്രങ്ങൾ ധരിക്കുകയും യാഗവസ്തുക്കളിൽ ധൂപം അർപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഇതിന് അഹറോന്യക്രമം എന്നു പറയുന്നത്.

ഇസ്രായേൽ ജനത്തിൽ അഹറോനും പുത്രന്മാരുമാണ് പുരോഹിതന്മാരായി ആദ്യം നിയോഗിക്കപ്പെട്ടത് (പുറ 28:1 മുതൽ; ലേവ്യ 8:1–10,20). മോശയ്ക്കു പകരം സംസാരിക്കുന്നതിനും (പുറ 4:14; 7:1). മോശയോടൊപ്പം സീനായ്മലയിൽ ദൈവസന്നിധിയിൽ പ്രവേശിക്കുന്നതിനും (പുറ 19:24) അഹറോനാണ് വിളിക്കപ്പെട്ടത് (ഹെബ്രാ 5:4). പഴയനിയമത്തിലെ പൗരോഹിത്യ ശുശ്രൂഷ ലേവിഗോത്രത്തിൽ പിൻതുടർച്ചാവകാശമുള്ളവർക്കായിരുന്നു. പുതിയ നിയമത്തിലാകട്ടെ മൽക്കിസദേക്കിന്റെ ക്രമപ്രകാരം നിത്യപുരോഹിതനായ ക്രിസ്തു അഹറോന്യ പൗരോഹിത്യത്തിനുടമയായി. അതിന്റെ ആത്യന്തികമായ അടിസ്ഥാനം അവിടുന്ന് ദൈവപുത്രനാണെന്നുള്ളതാണ് (ഹെബ്രാ 3:2–6; 5:1–10). പക്ഷെ ക്രിസ്തുവിന്റെ പൗരോഹിത്യം മൽക്കീസദേക്കിന്റെയും അഹറോന്റെയും പൗരോഹിത്യത്തിന്റെ പൂർണ്ണതയും നിറവേറലുമാണ്. ഈ വിധത്തിൽ പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും നടുക്കുള്ള കണ്ണിയാണ് യോഹന്നാൻസ്നാപകൻ. മലങ്കരസഭയുടെ ആരാധനക്രമത്തിൽ യോഹന്നാന് അതുല്യമായ സ്ഥാനമുണ്ട്. പഴയനിയമത്തിലെ പൗരോഹിത്യം തലമുറകളായി ലേവിഗോത്രത്തിൽപ്പെട്ടവർക്കു മാത്രം കൈമാറി. എന്നാൽ പുതിയനിയമത്തിൽ പൗരോഹിത്യം ഒരു ഗോത്രത്തിൽപ്പെട്ടവർക്കു മാത്രമായി ഒതുക്കിനിർത്താതെ കൈവയ്പ്പ്

| | |
|---|---|
| വൈദികൻ | : സ്തുതിയും സ്തോത്രവും... |
| പ്രുമിയോൻ | : മുഖവുര |
| സെദറാ | : നിരനിരയായ പ്രാർത്ഥന |
| കോലൊ | : ശബ്ദം, ഗീതം |
| എത്രൊ | : ധൂപപ്രാർത്ഥന |
| എക്ബൊ | : കാലടി, തുടർന്നുള്ള പ്രാർത്ഥന |
| ഹൂത്തോമ്മാ | : മുദ്രവയ്ക്കൽ, സമാപന പ്രാർത്ഥന |





വഴിയായി ദൈവത്താൽ വിളിക്കപ്പെടുന്ന (ഹെബ്രാ 5, 4) ഏവർക്കും നൽകുന്നു.[18]

അഹറോന്യക്രമവും ത്രിത്വസ്തുതിയോടെ ആരംഭിക്കുന്നു. അനന്തരം പ്രാരംഭപ്രാർത്ഥന ചൊല്ലുന്നു.

> ദൈവമായ കർത്താവേ, എല്ലാ മാനസിക മാലിന്യങ്ങളും കഴുകി, ഹൃദയവിശുദ്ധിയോടുകൂടെ ഉന്നതവും ശ്രേഷ്ഠവുമായ നിന്റെ അതിവിശുദ്ധ സ്ഥലത്തു പ്രവേശിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരുശുദ്ധാത്മാവുമായ ദൈവമേ വെടിപ്പോടും വിശുദ്ധിയോടുംകൂടെ നിന്റെ പരിശുദ്ധ ബലിപീഠത്തിന്റെ മുമ്പിൽ നിന്നുകൊണ്ട് സാത്ത്വികവും ആത്മീയവുമായ ബലികൾ സത്യവിശ്വാസത്തോടുകൂടെ നിനക്ക് അർപ്പിക്കുവാൻ ഇപ്പോഴും എല്ലാസമയത്തും എന്നേക്കും ഞങ്ങളെ യോഗ്യരാക്കണമേ.

9–ാം നൂറ്റാണ്ടിലെ കൈയ്യെഴുത്തുപ്രതികളിൽ ഈ പ്രാർത്ഥന അനാഫോറായ്ക്കു തൊട്ടുമുമ്പുള്ള ഒരുക്കമായിട്ടാണ് കാണുന്നത്. ഈ പ്രാർത്ഥന വേദപുസ്തക ശൈലികൾ കോർത്തിണക്കിയതാണ്.

> എന്റെ സഹോദരരേ, യേശുവിന്റെ രക്തംമൂലം വിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കാൻ നമുക്കു മനോധൈര്യമുണ്ട്. എന്തെന്നാൽ തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നുതന്നിരിക്കുന്നു. ദൈവഭവനത്തിന്റെ മേൽനോട്ടക്കാരനായി നമുക്കൊരു പുരോഹിതനുണ്ട്. അതിനാൽ വിശ്വാസത്തിന്റെ ഉറപ്പുള്ള സത്യഹൃദയത്തോടെ നമുക്ക് അടുത്തുചെല്ലാം. ഇതിന് ദുഷ്ടമനസ്സാക്ഷിയിൽ നിന്ന് നമ്മുടെ ഹൃദയത്തെ വെടിപ്പാക്കുകയും ശരീരം ശുദ്ധജലത്തിൽ കഴുകുകയും വേണം (ഹെബ്രാ 10:19 –22).

18. പഴയനിയമത്തിലെ ആചാര്യത്വം പുതിയനിമയത്തിലേക്ക് യൂദാ ഗോത്രത്തിൽപ്പെട്ട നിത്യാചാര്യനായ ക്രിസ്തുവിനു കൈമാറിയത് യോഹന്നാൻ സ്നാപകൻ യോർദ്ദാൻ നദിയിൽവെച്ച് നമ്മുടെ കർത്താവിനു മാമോദീസാ നൽകിയപ്പോഴാണെന്ന് സുറിയാനി സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നു. ഇവൻ എന്റെ പ്രിയപുത്രൻ എന്ന് പിതാവ് സാക്ഷ്യപ്പെടുത്തിയതും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ക്രിസ്തുവിന്മേൽ ഇറങ്ങിയതും ആ സമയത്താണല്ലോ. പുത്രത്വമാണ് . യഥാർത്ഥത്തിൽ നിത്യാചാര്യത്വത്തിന് അടിസ്ഥാനം. Aphrahat, Dem 23; Ephrem, Comment, Diat IV,3; Jacob of Serug, (ed Bedjan) Homiliae Selectate I, 191. IV, 781; cfr R.Murray, Symbols of Church and Kingdom Page 178-179

ആകയാൽ സഹോദരരെ, ദൈവത്തിന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന (റോമ 12:1).

നിങ്ങൾ സജീവ ശിലകൾകൊണ്ടുള്ള ഒരു ആത്മീയഭവനമായി പടുത്തുയർത്തപ്പെടട്ടെ. യേശുക്രിസ്തുവഴി ദൈവത്തിനു സ്വീകാര്യമായ ഒരു പുരോഹിത ജനമാവുകയും ചെയ്യട്ടെ (1 പത്രോ 2:5).

പ്രാരംഭപ്രാർത്ഥനയ്ക്കുശേഷം മദ്ബഹായിൽ തെക്കുവശത്തു നിന്ന് പുറംകുപ്പായം മാറ്റുകയും കൈകൾ കഴുകി (സങ്കീ 26:6) അംശവസ്ത്രങ്ങൾ ധരിക്കുകയും ചെയ്യുന്നു. ധൂർത്തുപുത്രൻ സ്വഭവനത്തിൽ എത്തിയപ്പോൾ ജീർണ്ണവസ്ത്രം മാറ്റി വിശേഷവസ്ത്രങ്ങൾ അവനെ അണിയിച്ചതിനെ ഇത് സൂചിപ്പിക്കുന്നു. അകൃത്യങ്ങൾ അകറ്റി (സക്ക 3:3) സുകൃതങ്ങൾ ചെയ്യാനുള്ള ആഹ്വാനമാണിതെന്ന് തൽസമയത്തെ പ്രാർത്ഥന സൂചിപ്പിക്കുന്നു.

ദൈവമായ കർത്താവേ, ഞാൻ ഉദാസീനമായി ചെയ്തുപോയ അപരാധങ്ങൾ നിമിത്തം സാത്താൻ എന്നെ ധരിപ്പിച്ച മലിനവസ്ത്രങ്ങൾ എന്നിൽനിന്നു മാറ്റി, നിന്റെ ബഹുമാന്യതയുടെ ശുശ്രൂഷയ്ക്കും തിരുനാമ മഹത്വത്തിനും ഉചിതമായ വിശേഷവസ്ത്രങ്ങൾ എന്നെ ധരിപ്പിക്കേണമേ.

പുരോഹിതനായ അഹറോന് സ്ഥാനവസ്ത്രങ്ങൾ നിർമ്മിക്കാൻ കർത്താവ് ആവശ്യപ്പെടുന്നതും അവ എന്തൊക്കെയാണെന്നും പുറപ്പാടുപുസ്തകം 28-ാം അദ്ധ്യായത്തിൽ വിശദമായി വിവരിക്കുന്നുണ്ട്. *വിശുദ്ധ വസ്ത്രങ്ങളണിഞ്ഞ് അവിടുത്തെ ആരാധിക്കുവിൻ* എന്ന് സങ്കീർത്തകനും പറയുന്നു (96:9) ദൈവാലയത്തിൽ ശുശ്രൂഷചെയ്യുന്നവർ അവരവരുടെ സ്ഥാനം അനുസരിച്ച് അംശവസ്ത്രങ്ങൾ ധരിക്കണം[19]. ആചാര്യവസ്ത്രങ്ങൾ ഓരോന്നും ധരിക്കുമ്പോൾ അനുയോജ്യമായ വേദപുസ്തകവാക്യം പ്രാർത്ഥനാരൂപത്തിൽ കാർമ്മികൻ ചൊല്ലി അവയെ വാഴ്ത്തിയാണ് ധരിക്കുന്നത്. താൻ അണിയുന്ന അംശവസ്ത്രങ്ങൾ ഓരോന്നും എന്ത് സൂചിപ്പിക്കുന്നുവെന്ന് കാർമ്മികനെ നന്നായി ബോധ

19. പേജ് 116 കാണുക





വാനാക്കുന്നവയാണ് ആ പ്രാർത്ഥനകൾ. പിശാചിനെയും അവന്റെ സൈന്യത്തെയും ചവുട്ടി മെതിക്കാൻ പടയാളിയായ ഒരു മഹാരാജാവിനെപ്പോലെയാണ് കാർമ്മികൻ സ്ഥാനവസ്ത്രങ്ങൾ ഓരോന്നും ധരിക്കുന്നത്.

ദൈവാലയത്തിൽ ധരിക്കാൻ വിശിഷ്ടമായ നൂൽകൊണ്ടുള്ള പ്രത്യേക ചെരുപ്പുകൾ ദൈവാലയത്തിൽതന്നെ സൂക്ഷിക്കുകയാണ് സുറിയാനിസഭയുടെ പതിവ്. അവ ഇല്ലാത്ത പക്ഷം പൊതുവെ നിഷ്പാദുകരായിട്ടാണ് വിശുദ്ധസ്ഥലത്ത് പ്രവേശിക്കുന്നത് (പുറ 3:5; അ.പ്ര 7:33). ചെരുപ്പുകൾ ധരിക്കുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥനകൾ വളരെ അർത്ഥവത്താണ്.

## ഇടതുകാലിൽ

ദൈവമായ കർത്താവേ, സർപ്പങ്ങളെയും തേളുകളെയും ശത്രുവിന്റെ എല്ലാ ശക്തിയെയും എന്നേക്കും മെതിക്കുവാൻ തക്കവണ്ണം (ലൂ 10:19) സമാധാന സുവിശേഷത്തിന്റെ സന്നദ്ധതയാൽ (ഏശ 52:7; റോമ 10:15; എഫേ 6:15) എന്നെ ചെരുപ്പുധരിപ്പിക്കണമേ.

## വലതുകാലിൽ

ദൈവമായ കർത്താവേ, നിന്റെ ജ്ഞാനത്തിനെതിരായി ഉയരുന്ന സകല ഉന്നതഭാവത്തെയും എന്റെ കാൽക്കീഴിൽ നീ താഴ്ത്തുകയും ജഢീക വികാരങ്ങളെ എന്നേക്കും ചവിട്ടുവാൻ എന്നെ സഹായിക്കുകയും ചെയ്യണമേ.

## വെള്ളയങ്കി ധരിക്കുമ്പോൾ

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അനശ്വരവസ്ത്രം എന്നെ ധരിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ ആയുഷ്ക്കാലം മുഴുവൻ നിർമ്മലവും ധർമ്മാനുസൃതവുമായ നടപടികളോടുകൂടെ സത്യവിശ്വാസത്തിൽ ജീവിക്കുവാൻ എനിക്കു കൃപ നൽകണമേ.

| | | |
|---|---|---|
| ഹമ്നിയാ (ഊറാറാ) | : | സങ്കീ 18:39-40 |
| അരക്കെട്ട് | : | സങ്കീ 45:3; 2 രാജാ 4:29; പുറ 12:11; ലൂ 12:35; എഫേ 6:14 |
| കൈയ്യുറകൾ | : | റോമ 6:13; 2 കോറി 10:4; അ.പ്ര |

| | | |
|---|---|---|
| | : | 9:5; 2 കൊരി 4:7; 2 തിമോ 2:21 |
| ഇടത് | : | സങ്കീ 18:34 |
| വലത് | : | സങ്കീ 18:35 |
| കാപ്പ | : | സങ്കീ 132:9-10. |

മെത്രാൻ സന്നിഹിതനാണെങ്കിൽ കാർമ്മികൻ അദ്ദേഹത്തെക്കൊണ്ട് കാപ്പമേൽ റൂശ്മാ ചെയ്യിക്കണം. മെത്രാന്മാർ കാപ്പ ധരിക്കുന്നതിനു മുമ്പായി മസ്നപ്സായും (സങ്കീ 4:7) വലിയ ഊറാറ അഥവാ പത്രസീനും (സങ്കീ 27:5) ധരിക്കുന്നു. ഇവ കൂടാതെ കുരിശുമാലയും അംശവടിയും (സങ്കീ 34:5; 110:2) സ്ലീബായും മെത്രാന്റെ പ്രത്യേകസ്ഥാന ചിഹ്നങ്ങളാണ്. വൈദിക മേലദ്ധ്യക്ഷന്റെ അംശവസ്ത്രങ്ങളെല്ലാം അദ്ദേഹം സഭയുടെ ഭരണാധികാരിയും മഹാപുരോഹിതനും ആണെന്ന് വ്യക്തമാക്കുന്നു. വൈദിക ഗണത്തിൽപ്പെട്ടവരെല്ലാം സവിശേഷമായ രീതിയിൽ ക്രിസ്തുവിന്റെ യാഗാത്മകമായ ജീവിതത്തിൽ ബലിവസ്തുക്കളായി പങ്കുചേരാൻ പ്രത്യേകം അഭിഷിക്തരാണെന്നത്രെ അംശവസ്ത്രധാരണം പൊതുവേ സൂചിപ്പിക്കുന്നത്.

അംശവസ്ത്രങ്ങളണിഞ്ഞശേഷം, അനുതാപിയായ ചുങ്കക്കാരനോട് ആത്മനാ യോജിച്ചുകൊണ്ട് ഹൃദയാനുതാപത്തിന്റെ ബാഹ്യപ്രകാശനമെന്നവണ്ണം ത്രോണോസിന്റെ മുമ്പാകെ കാർമ്മികൻ കുമ്പിട്ട് പ്രാർത്ഥിക്കുന്നു. അനുതാപ ചിന്തകളുണർത്തി പാപമോചനം യാചിക്കുകയും തന്റെ ബോധത്തെയും പഞ്ചേന്ദ്രിയങ്ങളെയും നിയന്ത്രിച്ച് വിശുദ്ധീകരിക്കണമെന്ന് വളരെ എളിമയോടെ അപേക്ഷിക്കുകയും ചെയ്യുന്നു.

> സർവ്വാധിപതിയും മനുഷ്യരുടെ അപരാധങ്ങളെ ക്ഷമിക്കുന്നവനും പാപികളുടെ മരണം ആഗ്രഹിക്കാത്തവനുമായ (എസെ 33:11; ലൂ 15:7) ദൈവമായ കർത്താവേ, അയോഗ്യനായ ഞാൻ എന്റെ സകല നിയമലംഘനങ്ങൾക്കും മാപ്പപേക്ഷിക്കുന്നു. കർത്താവേ ഞാൻ നിന്നോടു പ്രാർത്ഥിക്കുന്നു. വൈരിയുടെ സകല വ്യാപാരങ്ങളിൽ നിന്നും എന്റെ ബോധത്തെയും അവിഹിത വീക്ഷണങ്ങളിൽ നിന്നും എന്റെ കണ്ണുകളെയും വ്യർത്ഥശ്രവണത്തിൽനിന്ന് എന്റെ ചെവികളെയും നിന്ദ്യപ്രവൃത്തികളിൽ നിന്ന് എന്റെ കൈകളെയും നീ കാത്തുകൊള്ളേണമേ. അങ്ങനെ ഞാൻ പൂർണ്ണമായി നിന്റേതാകുവാനും, നിന്റെ ദിവ്യരഹസ്യങ്ങളുടെ നൽവരം ഇപ്പോഴും എപ്പോഴും നിന്നിൽ നിന്ന് പ്രാപിക്കുവാനും എന്റെ അന്തരിന്ദ്രിയങ്ങളെ നീ കർമ്മനിരതങ്ങളാക്കണമേ.





**അല്ലെങ്കിൽ**

> നിന്റെ ആത്മീയ ശുശ്രൂഷയ്ക്ക് അയോഗ്യനായിരിക്കെ, കരുണാപൂർവ്വം എന്നെ വിളിക്കുകയും ഈ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കുവാൻ ഔദാര്യപൂർവ്വം എന്നെ ധൈര്യപ്പെടുത്തുകയും, നിന്റെ ബലിപീഠത്തിന്റെ മുമ്പാകെനിന്ന് സ്വാതന്ത്ര്യത്തോടുകൂടി നിന്നോട് സംഭാഷണം ചെയ്യുവാൻ, സ്നേഹപൂർവ്വം എന്നെ ശക്തനാക്കുകയും ചെയ്ത കർത്താവേ, നിന്റെ പരിശുദ്ധാത്മാവിന്റെ കൃപ എനിക്കു പ്രദാനം ചെയ്യണമേ. എന്റെ ബോധത്തിന്റെ നിഗൂഢ നയനങ്ങളെ പ്രകാശിപ്പിക്കണമേ. കടങ്ങളുടെയും പാപങ്ങളുടെയും ഭാരമുള്ള ചുമട് എന്നിൽനിന്ന് മാറ്റണമേ. അങ്ങനെ വെടിപ്പോടും നിഷ്ക്കളങ്കതയോടുംകൂടെ നിന്നെ ശുശ്രൂഷിക്കുന്നതിനും, നിന്റെ ഏകജാതനെയും പരിശുദ്ധാത്മാവിനെയും സ്തുതിക്കുന്നതിനും എന്നെ യോഗ്യനാക്കണമേ.

രണ്ടു പ്രാർത്ഥനകളിൽ ഓരോന്നും യഥേഷ്ടം മാറിമാറി ഉപയോഗിക്കാവുന്നതാണ്. അനുതാപചിന്തകളുണർത്തുന്ന ആദ്യത്തെ പ്രാർത്ഥന 14-ാം ശതകത്തിലെ കൈയ്യെഴുത്തു പ്രതിയിലാണ് ആദ്യം കാണുന്നത്. 10-ാം ശതകത്തിലെ കയ്യെഴുത്തു പ്രതിയിൽ കാണുന്ന രണ്ടാമത്തെ പ്രാർത്ഥന സുറിയാനി സഭയുടെ സമ്പന്നമായ പാരമ്പര്യവും വേദശാസ്ത്ര സമ്പത്തും ഉൾക്കൊള്ളുന്നതാണ്. ദൈവത്തിന്റെ മഹാപരിശുദ്ധിയുടെ മുമ്പിൽ മനുഷ്യൻ തികച്ചും അയോഗ്യനാണെന്ന ചിന്ത സുറിയാനി സഭയുടെ പൈതൃകത്തിലുള്ളതാണ്. പ്രത്യാശയുടെ ഉന്നത നിലവാരം പുലർത്തുന്നുവെങ്കിലും അതോടൊപ്പം പാപബോധം പശ്ചാത്തപത്തിലേക്കു നയിക്കുന്നു. പരിശുദ്ധാത്മാവിന്റെ ദാനത്തിനു വേണ്ടിയുള്ള അഭ്യർത്ഥനയും നമ്മുടെ പാരമ്പര്യത്തിനു വളരെ യോജിച്ചതാണ്. എല്ലാറ്റിനെയും ശുദ്ധീകരിക്കുകയും പൂർണ്ണമാക്കുകയും ചെയ്യുന്നത് പരിശുദ്ധാത്മാവാണ്. പ്രാർത്ഥനയുടെ അവസാനം പട്ടക്കാരൻ ദർഗ്ഗാ മുത്തുന്നു. തന്റെ അയോഗ്യതയുടെയും എളിമയുടെയും പ്രകാശനമാണിത്.

## പൊതുവായ അനുസ്മരണം

തദനന്തരം ദർഗ്ഗാമേൽ കയറിനിന്ന്, ക്രിസ്തുവിന്റെ രാജത്വത്തെ കീർത്തിക്കുന്നതായി മാർ അപ്രേം മല്പാൻ വ്യാഖ്യാനിക്കുന്ന 93-ാം സങ്കീർത്തനത്തിലെ ആദ്യ വാക്യങ്ങൾ (സങ്കീ 96:10 കാണുക) ചൊല്ലി കാസായുടെയും പീലാസായുടെയും മൂടികൾ മാറ്റിക്കൊണ്ട് ഒരു പ്രാർത്ഥന കാർമ്മികൻ ചൊല്ലുന്നു.

> ലോകം മുഴുവന്റെയും പാപപരിഹാരത്തിനും രക്ഷയക്കും വേണ്ടി പിതാവിന് സ്വീകാര്യബലിയായി സ്വയം അർപ്പിച്ച നിർമ്മലകുഞ്ഞാടായ മിശിഹാതമ്പുരാനേ, നിനക്കു പ്രീതികരവും, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ ആത്മീകബലിയ്ക്ക് അനുരൂപവുമായ ജീവനുള്ള ബലിയായി സ്വയം സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ (1 പത്രോ 1:19; റോമ 12:1).

തുടർന്ന കാസായും പീലാസായും എടുത്ത്, കൈകൾ കുരിശാകൃതിയിൽ പിടിച്ച് ക്രിസ്തുവിന്റെ മനുഷ്യവതാര രഹസ്യങ്ങൾ അനുസ്മരിച്ചുകൊണ്ട് സുദീർഘമായ മദ്ധ്യസ്ഥ പ്രാർത്ഥന കാർമ്മികൻ നടത്തുന്നു. ഈ പ്രാർത്ഥനയിൽ ഗബ്രിയേൽ മാലാഖയുടെ സന്ദേശം മുതൽ ക്രിസ്തു സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതുവരെയുള്ള എല്ലാ രക്ഷണീയ പ്രവർത്തനങ്ങളെയും അനുസ്മരിച്ചുകൊണ്ട് ആദിമുതൽ ഇത:പര്യന്തം ദൈവത്തെ പ്രസാദിപ്പിച്ചിട്ടുള്ള സകലരെയും ഓർക്കുന്നു. പിന്നീട് രോഗികൾ, മരിച്ചുപോയവർ, കാർമ്മികന്റെ മാതാപിതാക്കൾ, ബന്ധുമിത്രാദികൾ, പള്ളിപണിയിൽ സഹായിച്ചിട്ടുള്ളവർ എന്നിവരെയും ഓർത്തു പ്രാർത്ഥിക്കുന്നു. അവസാനം അതാതു ദിവസത്തെ കുർബാനയ്ക്കുള്ള പ്രത്യേക നിയോഗമോർത്തു പ്രാർത്ഥിക്കുന്നു. ഈ അനുസ്മരണപ്രാർത്ഥനകൾ വളരെ അർത്ഥഗർഭവും ദൈവശാസ്ത്രപരമായി പ്രാധാന്യം ഉള്ളവയുമത്രെ. ദൈവത്തിന്റെ രക്ഷണീയ പദ്ധതി സമ്പൂർണ്ണമായി ഇവിടെ അനുസ്മരിക്കപ്പെടുന്നു.

ക്രിസ്തുവിലും അവിടുത്തെ പരിത്രാണ കർമ്മങ്ങളിലുമാണ് സൃഷ്ടി മുഴുവൻ ഐക്യത്തിൽ കോർത്തിണക്കപ്പെട്ടിരിക്കുന്നത്. സകല സൃഷ്ടികളുടെയും മകുടവും ശിരസ്സുമായി നിയോഗിക്കപ്പെട്ടവനാണ് ക്രിസ്തു എന്നുള്ള വി.പൗലോസിന്റെ വേദശാസ്ത്രത്തോട് (എഫേ





1:9-10) ഈ പ്രാർത്ഥന സാമ്യമുള്ളതാണ്. വി.കുർബാനയിലെ ദൈവാരാധനയിൽ സഭ മുഴുവനും പങ്കുകൊള്ളുന്നു. സ്വർഗ്ഗത്തിലെ വിജയസഭയും, ഭൂമിയിലെ തീർത്ഥാടകസഭയും ദൈവത്തിന്റെ കരുണ ലഭിപ്പാനായി നോക്കിപ്പാർക്കുന്ന സഹന സഭയും ശിരസ്സായ ക്രിസ്തുവിൽ ഐക്യപ്പെട്ട് അർപ്പിക്കുന്നതാണ് വി. കുർബാന എന്ന ആശയം ഇവിടെ സുവ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ നാം ദർശിക്കുന്ന മറ്റൊരു പ്രത്യേകത മരിച്ചവരോടുള്ള ആദരവാണ്. വി. കുർബാനയുടെ ആരംഭം മുതൽ അവസാനംവരെ ഈ പ്രത്യേകത നിലനിർത്തിയിട്ടുമുണ്ട്. നിയോഗപ്രാർത്ഥന മൂന്നു പ്രാവശ്യം ചൊല്ലി പൊതുവായ അനുസ്മരണം അവസാനിപ്പിക്കുന്നു.

> ദൈവമേ നീ കുർബാനയാകുന്നു; കുർബാന നിനക്ക് അർപ്പിക്കപ്പെടുന്നു. (...) ക്കുവേണ്ടി ബലഹീനവും പാപപങ്കിലവുമായ എന്റെ കൈകളിൽനിന്ന് ഈ കുർബാന നീ സ്വീകരിക്കണമേ.

## ധൂപാർപ്പണ ശുശ്രൂഷ

അനുസ്മരണ പ്രാർത്ഥനയ്ക്കുശേഷം കാസാ കിഴക്കും പീലാസാ പടിഞ്ഞാറുമായി ത്രോണോസിൽ ക്രമപ്പെടുത്തിയിട്ട് ശോശപ്പാകൊണ്ടു മൂടുന്നു. അനാഫോറ (ബലി) ആരംഭിക്കുന്നതിനു മുമ്പായി വചന ശുശ്രൂഷ നടത്താനുള്ളതുകൊണ്ടാണ് കാഴ്ചവസ്തുക്കൾ ഇപ്രകാരം മൂടിവയ്ക്കുന്നത്. ആദ്യനൂറ്റാണ്ടുകളിൽ ത്രോണാസ് മുഴുവൻ മൂടത്തക്ക വിരിയിട്ടാണ് മൂടിയിരുന്നത്. രഹസ്യങ്ങളിൽ ഒളിഞ്ഞിരിക്കുന്ന ദൈവത്വത്തെയും വെളിപാടിന്റെ പഴയനിയമകാലയളവിനെയും ഇത് സൂചിപ്പിക്കുന്നു. അനന്തരം ദർഗായിൽനിന്നിറങ്ങി ധൂപാർപ്പണത്തിന്റെ പ്രുമിയോനും സെദറായും ചൊല്ലി ധൂപം വീശുന്നു. ഈ ധൂപാർപ്പണം സെദാറയിൽ പറഞ്ഞിരിക്കുന്നതുപോലെ അഹറോന്റെ ധൂപാർപ്പണത്തോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത് (സംഖ്യ 16:47-48)[20].

> കർത്താവേ, വെടിപ്പുള്ള ധൂപം കൂടാരത്തിൽ നിനക്കർപ്പിച്ച്, ഇസ്രായേൽ ജനത്തിൽനിന്ന് വസന്ത നിരോധിച്ച ആചാര്യനായ അഹറോനെപ്പോലെ ഞങ്ങൾ ഈ ധൂപം തിരുമുമ്പാകെ അർപ്പിക്കുന്നു.

സെദറായുടെ ആരംഭത്തിൽ കാണുന്ന 'മറിയം എന്ന ദാഹാർത്ത

20. പേജ് 107 നോക്കുക

ഭൂമിയിൽ നിന്നു മുളച്ചുവരുന്ന അനുഗൃഹീതസസ്യവും' എന്നത് ഏശയ്യാ 53:2 ലെ പ്രയോഗമാണ്. ഏശയ്യാ ദീർഘദർശിയുടെ നാലാം ദാസഗീതത്തിന്റെ ആരംഭത്തിലുള്ളതാണിത്. ധൂപാർപ്പണം കർത്താവിന്റെ തിരുബലിയെയത്രെ അനുസ്മരിപ്പിക്കുന്നത് (എഫേ 5:2).

വീണ്ടും ദർഗായിൽ കയറിനിന്നുകൊണ്ട്, ധൂപകലശത്തിന്റെ ചങ്ങലകൾ ചുരുക്കിപ്പിടിച്ച് ദൈവമാതാവിന്റെ സ്മരണയ്ക്കായി പൂജാപാത്രങ്ങളുടെ കിഴക്കും, നിബിയന്മാർ, സഹദേന്മാർ, ശ്ലീഹാന്മാർ എന്നിവരുടെ സ്മരണക്കായി പടിഞ്ഞാറും മൽപാന്മാരുടെയും[21] പുരോഹിതന്മാരുടെയും നീതിമാന്മാരുടെയും ഓർമ്മയ്ക്കായി വടക്കും, തിരുസഭയുടെയും അവളുടെ മക്കളുടെയും ഓർമ്മയ്ക്കായി തെക്കും കുരിശാകൃതിയിൽ കാർമ്മികൻ ധൂപാർപ്പണം നടത്തുന്നു. എത്രൊ ചൊല്ലി രഹസ്യങ്ങൾക്കു ചുറ്റും മൂന്നുപ്രാവശ്യം ധൂപകലശം ചുറ്റിക്കുന്നു; ആദ്യത്തെ രണ്ടു പ്രാവശ്യം വലത്തുനിന്ന് ഇടത്തോട്ടും മൂന്നാമത്തേത് ഇടത്തുനിന്ന് വലത്തോട്ടും ആണ്. മാതാവും യൗസേഫും ശിശുവായ യേശുവിനോടുകൂടെ ഈജിപ്തിലേക്കുപോയി, ഹേറോദേസ് മരിച്ചപ്പോൾ നസ്രേത്തിൽ തിരിച്ചുവന്നതിനെ സൂചിപ്പിച്ചുകൊണ്ടാണ് ഇപ്രകാരം വീശുന്നത്. ശോശപ്പാ ആഘോഷത്തിനും, വിവാഹശുശ്രൂഷയിൽ കിരീടം ദമ്പതികളുടെ ശിരസ്സിൽ ആഘോഷിക്കുമ്പോഴും ഇങ്ങനെതന്നെയാണ് ചെയ്യുന്നത്. വഴിതെറ്റി ഇടത്തോട്ട് തെറ്റായ മാർഗ്ഗത്തിൽ വളരെദൂരം സഞ്ചരിച്ച നമ്മെ കർത്താവ് വലത്തോട്ടുകൊണ്ടുവന്നു എന്ന ആത്മീകമായ അർത്ഥവും ഇതിനുണ്ട്. പിന്നീട് ത്രോണോസിന്റെ മദ്ധ്യത്തിൽ പിതാവിനെയും ഇടത്തെക്കോണിൽ, മടക്കിവച്ച് പുത്രനെയും വലത്തേക്കോണിൽ പരിശുദ്ധാത്മാവിനെയും അനുസ്മരിച്ചുകൊണ്ട് മൂന്നു പ്രാവശ്യം വീതം വീശി ത്രോണോസ് മുത്തി ത്രിയേകദൈവത്തിലെ മൂന്നാളുകളുമായുള്ള സത്താസംസർഗ്ഗം പ്രത്യക്ഷമാക്കുകയും ത്രിത്വാരാധന നടത്തുകയും ചെയ്യുന്നു. *പുത്രൻ സ്കീപ്പായിൽ മരിച്ചു* എന്നു പറഞ്ഞുകൊണ്ട് ശോശപ്പായുടെ ഇടത്തേക്കോണ് മടക്കിവച്ച് മുത്തുന്നത് കർത്താവിന്റെ കബറടക്കത്തെ അനുസ്മരിപ്പിക്കുന്നു. കബർ വലിയ കല്ലുവച്ച് മുദ്രവച്ചതിനെയാണ് ഇത് സൂചിപ്പിക്കുന്നത് (മത്താ 27:66).

ഹുത്തോമ്മൊ പ്രാർത്ഥനയിൽ വി.കന്യകമറിയാമിന്റെയും സകല വിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയ്ക്കായി യാചിക്കുന്നത് വി.കുർബാന

21. മല്പന്മാർ = ഗുരുക്കന്മാർ; നിബിയന്മാർ = പ്രവാചകന്മാർ; സഹദേന്മാർ= രക്തസാക്ഷികൾ





യുടെ പരസ്യാരംഭത്തിലേക്കുള്ള വിനയാന്വിതനായ ഒരു സമീപനമത്രെ. കാർമ്മികന്റെയോ, ആരാധനാസമൂഹത്തിന്റെയോ സവിശേഷമായ ഒരുക്കത്തിലോ നീതിയിലോ ആശ്രയിച്ചല്ല കുർബാനയിൽ പങ്കുകൊള്ളുന്നതെന്നുള്ള യാഥാർത്ഥ്യം ഇവിടെ വ്യക്തമാക്കുകയാണ്. സർവ്വോപരി നമുക്കുചുറ്റും സാക്ഷികളുടെ വലിയ സമൂഹമുള്ള (ഹെബ്രാ 12:1)തിനെ ആത്മനാ ദർശിക്കുകയും, ദൂതന്റെ കയ്യിൽനിന്നു പരിമളദ്രവ്യങ്ങളുടെ ധൂപം വിശുദ്ധരുടെ പ്രാർത്ഥനകളോടൊപ്പം ദൈവസന്നിധിയിലേക്ക് ഉയരുന്ന (വെളി 8:4) തിനെ കണ്ടുകൊണ്ട് അവരുടെ മദ്ധ്യസ്ഥത്തിനായി യാചിക്കുകയും ചെയ്യുന്നു. കാരണം നീതിമാന്റെ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലദായകവുമാണ് (യാക്കോ 5:16). കുറിയേലായിസോൻ ... ഇത്യാദി സമാപന പ്രാർത്ഥന ചൊല്ലി ഒന്നാം മൗതികഘട്ടം അവസാനിപ്പിക്കുന്നു.

## സ്വർഗ്ഗം തുറക്കപ്പെടുന്നു

വി.കുർബാന പരസ്യമായി ആരംഭിക്കുമ്പോൾ മദ്ബഹായുടെ മറനീക്കി, കാർമ്മികൻ ധുപകലശത്തിൽ കുന്തിരിക്കമിട്ട് ത്രോണോസിന് ധൂപം വീശുകയും കോണുകൾ മുത്തി പ്രദക്ഷിണം വയ്ക്കുകയും ചെയ്യുന്നു. തദവസരത്തിൽ കാർമ്മികൻ ഉച്ചത്തിൽ ചൊല്ലുന്നു.

> കർത്താവേ, നിന്നേ പ്രസവിച്ച മറിയാമും നിനക്കു മാമോദീസാ നൽകിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും; ഞങ്ങളോടു കരുണചെയ്യണമേ.

അതിനെ തുടർന്ന് 'സ്വഭാവപ്രകാരം മരണമില്ലാത്തവനും. . .' എന്നു തുടങ്ങുന്ന മിശിഹാ രാജാവിനെ പുകഴ്ത്തുന്ന മാർ സേവേറിയോസിന്റെ മാനീസാ എല്ലാവരും ഒരുമിച്ച് ആലപിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ രാജകീയ ശുശ്രൂഷയുടെ പരമോന്നത ദർശനമാണ് നാമിവിടെ കാണുന്നത്. ഒരുക്കശുശ്രൂഷയുടെയും പരസ്യാരംഭത്തിന്റെയും മദ്ധ്യത്തിലുള്ള പരിവർത്തനബിന്ദുവാണ് ഈ കർമ്മങ്ങൾ. പരസ്യഭാഗത്തിന് രഹസ്യഭാഗവുമായുള്ള ബന്ധം സൂചിപ്പിക്കാനാണ്, ക്രിസ്തുവിനു ജന്മം കൊടുത്ത കന്യകമറിയാമിനെ പ്രാർത്ഥനയിൽ ഓർക്കുന്നത്. തുടർന്നുവരുന്ന പരസ്യഭാഗത്തെ വ്യക്തമാക്കാൻ കർത്താവിന്റെ പരസ്യശുശ്രൂഷയ്ക്ക് ആരംഭം കുറിച്ചുകൊണ്ട് യോർദാൻ നദിയിൽവച്ച് മാമോദീസാ നൽകി ലോകസമക്ഷം കർത്താവിനെ സാക്ഷിച്ച സ്നാപകയോഹന്നാനെയും ഇവിടെ ഓർക്കുന്നത് ശ്രദ്ധേയമാണ്. അതുപോലെതന്നെ രഹസ്യശുശ്രൂഷയിലെ അവസാനകർമ്മമായ ധൂപാർപ്പണ

ത്തിന്റെ തുടർച്ചയും പൂർത്തീകരണവുമായിട്ടാണ് പരസ്യാരംഭത്തിലെ ധൂപാർപ്പണം സ്ഥിതിചെയ്യുന്നത്.

മറനീക്കി മദ്ബഹാവാതിൽ തുറക്കുന്നതിനാൽ, മനുഷ്യപാപം മൂലം അടയ്ക്കപ്പെട്ടിരുന്ന സ്വർഗ്ഗം തുറക്കപ്പെട്ട് അദൃശ്യനായ ദൈവം ആരാധനാസമൂഹത്തിന് ദർശനമരുളുന്നു എന്ന് വ്യക്തമാക്കുന്നു. വെളിപാടിന്റെ പരിപൂർത്തി ക്രിസ്തുവാണ്. അതിനാൽ കുർബാനയുടെ പരസ്യാരംഭമാകുമ്പോൾ അവ്യക്തതയെയും അപൂർണ്ണതയെയും കുറിക്കുന്ന തിരശ്ശീല നീക്കപ്പെടുന്നു. ഇത:പര്യന്തം അദൃശ്യനായിരുന്ന, യുഗങ്ങളുടെ പ്രതീക്ഷയും പ്രതിശ്രുതരക്ഷകനുമായ മിശിഹാ രാജാവ് ഇതാ വെളിപ്പെട്ടിരിക്കുന്നുവെന്ന് മറനീക്കൽ പ്രഖ്യാപിക്കുന്നു. സ്വർഗ്ഗം തുറക്കപ്പെട്ട് ലോകത്തിന്റെ പ്രകാശവും ദൈവത്തിന്റെ തേജസ്സുമായവൻ (യോഹ 1:1-5) പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ കുർബാനയുടെ പരസ്യാരംഭം, സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യരക്ഷയ്ക്കായുള്ള നമ്മുടെ കർത്താവിന്റെ മഹത്വപ്രത്യക്ഷതയെ സൂചിപ്പിക്കുന്നു. വിശുദ്ധ കന്യകമറിയാമിന്റെ ഉദരത്തിൽ ഒമ്പതുമാസം മറഞ്ഞിരുന്ന ഉണ്ണിയേശു ജനനംവഴി ലോകത്തിന് വെളിപ്പെട്ടതിനെയും ഇത് സൂചിപ്പിക്കുന്നു.

രാജകീയ വസ്ത്രവിഭൂഷിതനായ കാർമ്മികൻ, പരസ്യമായി പ്രത്യക്ഷപ്പെടുന്ന അജയ്യ രാജാവായ ക്രിസ്തുവിനെയാണ് പ്രതിനിധാനം ചെയ്യുന്നത്. ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ചെമ്മരിയാട്ടിൻകുട്ടിയായ യേശുവിനെ ചൂണ്ടിക്കാണിച്ച യോഹന്നാൻ സ്നാപകനെയാണ് കത്തിച്ച മെഴുകുതിരിയോടുകൂടി മുമ്പേ പോകുന്ന പ്രധാന ശുശ്രൂഷകൻ സൂചിപ്പിക്കുന്നത്. മദ്ബഹാ ബേത്‌ലഹേം ഗോശാലയായും ത്രോണോസ് വി.കന്യകമറിയാമിന്റെ മടിത്തട്ടായും അപ്പവും വീഞ്ഞും ഉണ്ണിയേശുവായും അവയെ മൂടിയിരിക്കുന്ന ശോശപ്പാ യേശുവിനെ പുതപ്പിച്ചിരുന്ന പിള്ളക്കച്ച (ലൂ 2:13-14) ആയും പരിഗണിക്കപ്പെടുന്നു. വൈദികൻ ത്രോണോസ് ധൂപിച്ച് കോണുകൾ മുത്തുന്നതിനാൽ പുൽക്കൂട്ടിലവതരിച്ച ഉണ്ണിയേശുവിനെ സ്നേഹബഹുമാനാദരങ്ങളാൽ ആലിംഗനം ചെയ്യുകയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുകയാണെന്നു കാണിക്കുന്നു.

രക്ഷാകര ചരിത്രത്തിൽ നമ്മുടെ കർത്താവിനോട് ഏറ്റം കൂടുതൽ സഹകരിച്ച രണ്ടു മഹത്‌വ്യക്തികളാണ് വി.കന്യകമറിയാമും സ്നാപകയോഹന്നാനും. അവൻ രണ്ടുപേരുടെയും ശക്തിയേറിയ മദ്ധ്യസ്ഥത അപേക്ഷിച്ചുകൊണ്ടാണ് ഈ വിശുദ്ധ കർമ്മം അനുഷ്ഠിക്കുവാൻ





തുടങ്ങുന്നത്. ഇവർ രണ്ടുപേരും പരിത്രാണകർമ്മത്തിൽ സദാ ജാഗരൂകരാകയാൽ, അവർ നമ്മുടെ രക്ഷയ്ക്കുവേണ്ടി അനവരതം മദ്ധ്യസ്ഥപ്രാർത്ഥന നടത്തിക്കൊണ്ടിരിക്കും. ഇവരുടെ സഖിത്വത്തിലാണ് മിശിഹാരാജാവിനു നാം സ്തുതിപാടുന്നത്. ഇവിടെ വിശുദ്ധന്മാരുടെ സംസർഗ്ഗത്തിലും കൂട്ടയ്മയിലുമുള്ള നമ്മുടെ വിശ്വാസം നാം ഉറപ്പിച്ചു പറയുന്നു. മനുഷ്യാവതാരത്തിൽ മാതാവായ മറിയാമിനും പുത്രനായ ക്രിസ്തുവിനും തമ്മിലുണ്ടായ ബന്ധം നിത്യമായി നിലനിൽക്കുന്ന ഒന്നാണ്. ക്രിസ്തുവിന്റെ ലോകത്തിലേക്കുള്ള പ്രഥമ ആഗമനത്തിൽ (മനുഷ്യാവതാരത്തിൽ) മാതാവിന് അതുല്യമായ പങ്കുണ്ടായിരുന്നതുപോലെ വിശ്വാസികളുടെ ഹൃദയങ്ങളിലേക്ക് വി.കുർബാനവഴിയുള്ള ഇപ്പോഴത്തെ വരവിലും അതിപ്രധാനമായ ഒരു പങ്കുണ്ട്. ആദ്യപാപത്തിനുശേഷം ആദം ദൈവത്തോടു പറഞ്ഞു: സ്ത്രീ ആ മരത്തിന്റെ ഫലം എനിക്കു തന്നു; ഞാൻ അതുതിന്നു (ഉൽപ 3:12). ആദാം ഏദൻതോട്ടത്തിൽവച്ച് രുചിനോക്കാതിരുന്ന ജീവവൃക്ഷത്തിന്റെ ഫലമാണ് വി.കുർബാന. ഈ ഫലത്തെപ്പറ്റി വിശ്വാസികൾക്ക് പറയാൻ സാധിക്കും: സ്ത്രീ (വി.കന്യകമറിയം)തന്നു. ഞാൻ അതു തിന്നു എന്ന് കാരണം മറിയാമിൽ നിന്ന് ജഡം ധരിച്ച ക്രിസ്തുവിന്റെ ശരീരവും രക്തവുമാണ് വി.കുർബാനയിൽ നമുക്കു ലഭിക്കുന്നത്.

അതുപോലെ മനുഷ്യാവതാരകാലത്ത് ദൈവപുത്രന്റെ ആഗമനത്തിന് വഴി ഒരുക്കുകയും ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹ 1:29) എന്ന് ലോകത്തിനു സാക്ഷ്യപ്പെടുത്തുകയും ചെയ്ത സ്നാപകയോഹന്നാൻ ആരാധനാസമൂഹത്തിലേക്കു വരുന്ന മിശിഹാ രാജാവിനു ഇന്നും വഴി ഒരുക്കുന്നു. വിശുദ്ധാന്മാരുടെ പട്ടികയിൽ ദൈവമാതാവിന്റെ പേരിനുശേഷം മാർ യോഹന്നാൻ മംദാനാ[22] യുടെ പേര് ചേർക്കുന്നത് സുറിയാനി സഭയുടെ പുരാതന പാരമ്പര്യമാണ്. ക്രിസ്തുവിന്റെ ജനനപ്പെരുന്നാൾ ആഘോഷിക്കുന്നതു കൂടാതെ സഭ കന്യകമറിയാമിന്റെയും (സെപ്തംബർ 8) യോഹന്നാൻ സ്നാപകന്റെയും (ജൂൺ 24-ഉം അറിയിപ്പിന്റെ കാലത്തെ 6-ാം ഞായറാഴ്ചയും) ജനനത്തിരുനാളുകളും ആഘോഷിക്കുന്നുണ്ട്. മൂന്നുപേരും പാപമില്ലാതെ ജനിച്ചവരാണ്. ക്രിസ്തു ദൈവപുത്രനായിരുന്നതുകൊണ്ട് സ്വഭാവത്തിൽത്തന്നെ പാപമില്ലാത്തവനായിരുന്നു. തനിക്കു മാതാവായി തെരഞ്ഞെടുത്ത മറിയത്തെ അവളുടെ മാതാവായ ഹന്നയുടെ ഉദരത്തിൽ ഉരുവായ നിമിഷം തന്നെ ദൈവം തന്റെ കൃപയാൽ പാപരഹിതയാക്കി.

22. സുറിയാനിപദം: സ്നാപകൻ

യോഹന്നാനാകട്ടെ എലിസബത്തിന്റെ ഗർഭത്തിൽവച്ചു തന്നെ പരിശുദ്ധാത്മാവിനാൽ ശുദ്ധീകരിക്കപ്പെട്ടു (ലൂ 1:41). ദൈവപുത്രന്റെ അമ്മയും മുന്നോടിയും മാത്രം ജനനത്തിൽത്തന്നെ വിശുദ്ധരായിരുന്നു എന്നുള്ളത് അവർക്കുമാത്രം ദൈവം നൽകിയ പ്രത്യേക പദവിയെ കാണിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് വി.കുർബാനയിൽ ക്രിസ്തുവിന്റെ ജനനത്തോടൊപ്പം മാതാവിനെയും യോഹന്നാനെയും സഭ ഓർക്കുകയും അവരുടെ മദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യുന്നത്.

സ്വഭാവപ്രകാരം . . . എന്നു തുടങ്ങുന്ന കീർത്തനം അന്ത്യോക്യയിലെ പാത്രിയാർക്കീസായിരുന്ന മാർ സേവേറിയോസിന്റെ (+530) മാനീസായാണ്. *എന്റെ ദൈവവും രാജാവുമായ അങ്ങയെ ഞാൻ പുകഴ്ത്തും* (സങ്കീ 145:1; പ്രഭാ 51:1). സങ്കീർത്തകന്റെ ഈ വാക്യത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഈ സ്തുതിഗീതത്തിൽ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെയും ക്രൂശുമരണത്തെയും പ്രകീർത്തിക്കുന്നു. കുർബാനയുടെ പരസ്യാരംഭത്തിൽ നമുക്കു ദർശനമരുളുന്ന മിശിഹാരാജാവ് ആരാണെന്നും, അദ്ദേഹം നമുക്കുവേണ്ടി എന്തുചെയ്തെന്നും ഇതിൽ വ്യക്തമാക്കുന്നു. നരകുല പരിത്രാണാർത്ഥം മനുഷ്യനായിത്തീർന്ന് യോർദ്ദാനിലെ മാമോദീസായോടുകൂടി പരസ്യമായി ജനസമക്ഷം പ്രത്യക്ഷപ്പെടുന്ന ക്രിസ്തുവിനെയാണ് ഈ ഭാഗത്ത് അനുസ്മരിക്കുന്നത്. ദൈവപുത്രനായ ക്രിസ്തു അജയ്യരാജാവ് എന്ന നിലയിൽ, അധഃപതിച്ച മാനവരാശിക്കു പുനരുദ്ധാരണം എന്ന രക്ഷണീയഫലവും, കുരിശിലെ പരമയാഗം മൂലം കൃപാവരവും തന്ന്, നഷ്ടപ്പെട്ടുപോയ നമ്മുടെ രാജകീയ പദവി തിരികെ തരുന്നുവെന്ന് ഇത് വിശദീകരിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ പരസ്യമായ ഏറ്റുപറച്ചിൽ ഇവിടെ നടത്തുന്നു. മിശിഹാരാജാവ് ഒരേസമയം പരിപൂർണ്ണ ദൈവവും പരിപൂർണ്ണ മനുഷ്യനുമാണ്. മനുഷ്യാവതാരം ചെയ്തപ്പോൾ ദൈവത്വത്തിന് യാതൊരു വ്യത്യാസവും വന്നില്ല. അവിടുന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടും സർവ്വപ്രകാരേണയും സമനാണ്. അവതീർണ്ണനായ ദൈവം ഗോഗുൽത്താക്കുരിശിലെ മരണംവഴി മാനവരാശിക്ക് പാപപരിഹാരയാഗമായിത്തീർന്നവനാണ്. തന്റെ മരണത്താൽ മനുഷ്യസംഹാരകനായ സർപ്പത്തിന്റെ തലയെ ചവിട്ടിത്തകർക്കുകയും നമ്മുടെ മരണത്തെ ഇല്ലാതാക്കുകയും ചെയ്തു.[23]

23. സുറിയാനിയിൽ ഉൽപ്പത്തിപ്പുസ്തകത്തിലെ (3,15) പദപ്രയോഗം സ്വീകരിച്ച് മരണത്തെ ചവുട്ടിക്കൊന്നു എന്നാണ്.



11

# വഴിയും സത്യവും ജീവനും

**തുൽമോദൊ** **വചന ശുശ്രൂഷ**

**മ**ലങ്കര കുർബാനയുടെ രണ്ടാംഭാഗത്ത് യേശുക്രിസ്തുവിനെ 'വഴിയും സത്യവും ജീവനു' (യോഹ 14,6)മായ അതുല്യ പ്രവാചകനായി ആരാധനാസമൂഹം ദർശിക്കുന്നു. തന്റെ പരസ്യ ശുശ്രൂഷാകാലത്ത് ക്രിസ്തു സാധിച്ച ദൈവാവിഷ്ക്കരണം (Revelation) എന്ന രക്ഷണീയഫലം ഈ ഭാഗത്ത് പുനരവതരിപ്പിക്കപ്പെടുന്നു. പ്രാർത്ഥനകളും കർമ്മങ്ങളും മുഖാന്തരം ദൈവാരാധന എന്ന മതാനുഷ്ഠാനം ഈ അവസരത്തിൽ സമുചിതമായി നിർവ്വഹിക്കപ്പെടുന്നു. വചനശുശ്രൂഷയ്ക്ക് ആസന്നമായ ഒരുക്കമെന്ന നിലയിൽ, ആരാധനാസമൂഹത്തോടൊരുമിച്ച് കാർമ്മികൻ പരസ്യമായി കൗമാ പ്രാർത്ഥന ആരംഭിക്കുന്നു. തിരുസഭയിൽ അതിപുരാതനകാലം മുതൽ ഉപയോഗത്തിലിരുന്ന അതീവ മനോഹരമായ സ്തോത്ര പ്രാർത്ഥനയാണിത്.

### ക്രിസ്തുസ്തവം

പ്രാചീനരൂപത്തിൽ ഈ പ്രാർത്ഥന ത്രിത്വത്തെ സംബോധന ചെയ്തുകൊണ്ടുള്ളതായിരുന്നു എന്ന് ഒരഭിപ്രായമുണ്ട്. ഈ ത്രിശുദ്ധകീർത്തനം മലങ്കര റീത്തിൽ ത്രിത്വസ്തവമല്ല, ക്രിസ്തുസ്തവമാണ്. *ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ* ഞങ്ങളോടു കരുണ ചെയ്യണമേ എന്ന നാലാംപാദം ഇത് വ്യക്തമാക്കുന്നു. 5-ാം ശതകത്തിൽ പത്രോസ് കസോറ പാത്രിയർക്കീസാണ് ഇത് കൂട്ടിച്ചേർത്തത്. കുരി

ശിൽ യാഗമർപ്പിച്ച ക്രിസ്തു മനുഷ്യൻ മാത്രമല്ല ദൈവപുത്രനുമാണെന്നുള്ള സത്യം ഉറപ്പിക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം ചെയ്തത്. അപ്പോൾ ആ സ്തുതിത്രയം മുഴുവൻ ദൈവപുത്രനും മനുഷ്യനുമായ ക്രിസ്തുവിനു സമർപ്പിക്കുന്ന ആരാധനയായി പരിണമിച്ചു. മൂന്നുതവണ ആവർത്തിക്കുന്നതിനാൽ യേശുക്രിസ്തുവിന്റെ മനുഷ്യത്വം വഴി ത്രിയേകദൈവത്തെ ആരാധിക്കുകയാണെന്നു പറയാം. ഇതിന്റെ ആദ്യത്തെ മൂന്നുപാദങ്ങൾ സ്തോത്രവും നാലാംപാദം നമ്മുടെ കർത്താവിന്റെ പീഡാനുഭവങ്ങളെയും കുരിശുമരണത്തെയും അനുസ്മരിച്ചുകൊണ്ടുള്ള അനുതാപത്തിന്റെയും പ്രായ്ശ്ചിത്തത്തിന്റെയും അപേക്ഷയുമാകുന്നു. ചുരുക്കത്തിൽ ആരാധനയുടെയും മഹത്വീകരണത്തിന്റെയും പ്രാർത്ഥനകളും പാപപരിഹാരത്തിന്റെയും ആത്മസമർപ്പണത്തിന്റെയും അപേക്ഷയും ചേർത്തുള്ള ഒരു അനുഗ്രഹീത സ്തുതിപ്പാണിത്. ദിവ്യരക്ഷകനും അതുല്യപ്രവാചകനുമായ ക്രിസ്തുവിന്റെ മഹാശക്തിയെയും ഗോഗുൽത്താക്കുരിശിലെ പരമയാഗത്തിൽ താൻ പ്രകാശിപ്പിച്ച അവർണ്ണനീയ സ്നേഹത്തെയും സ്തുതിക്കുന്ന മഹത്തായ ഒരു ആരാധനയാണിത്.

ക്രിസ്തുവിന്റെ മഹത്വവും നമ്മുടെ ബലഹീനാവസ്ഥയും ദർശിച്ച് നാം ദൈവാരാധന നടത്തുകയാണിവിടെ. ക്രിസ്തു മഹാപരിശുദ്ധനായ ദൈവം. നമ്മളോ പാപത്താൽ അശുദ്ധരായ മനുഷ്യർ; താൻ സർവ്വശക്തൻ, നമ്മളോ ബലഹീനർ (യോഹ 15:5); താൻ മരണമില്ലാത്ത ദൈവം, നമ്മളോ മരണത്തിനധീനർ (റോമ 6:22 -23); താൻ സ്വയം യാഗമായി അർപ്പിച്ച സ്നേഹസ്വരൂപൻ; നാമോ സ്വാർത്ഥരും പരദ്രോഹികളും. ഈ സ്തോത്രത്രയം ചൊല്ലി തലകുനിക്കുകയും കുരിശുവരയ്ക്കുകയും ചെയ്യുന്നു. ഇത് പാപത്താൽ നാം കർത്താവിനെ ദു:ഖിപ്പിച്ചതിലുള്ള നമ്മുടെ പശ്ചാത്താപനിർഭരമായ പ്രായശ്ചിത്തപ്രവൃത്തിയായും നമ്മെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്ന ഒരു കാഴ്ചയർപ്പണമായും കരുതാം. വിശുദ്ധിയിൽ വളരാൻ ഇത് നമ്മെ അത്യധികം സഹായിക്കുന്നു. ഈ പ്രാർത്ഥന ചൊല്ലുന്നതിന്റെ ഉദ്ദേശ്യത്തെപ്പറ്റി മോശെ ബർകേഫാ പറയുന്നത് ശ്രദ്ധേയമാണ്:

> നമുക്കുവേണ്ടി ജഡം ധരിക്കുകയും ക്രൂശിക്കപ്പെടുകയും മരിക്കുകയും നമ്മെ രക്ഷിക്കുകയും ചെയ്ത വചനത്തിന് നാം ഇതിലൂടെ നന്ദിപറയുന്നു. നാം അവിടുത്തെ





> പരിശുദ്ധൻ എന്നു പാടി സ്തുതിക്കുന്നു[1].

ക്രിസ്തുസ്തവം ഇന്നു നാം കാണുന്നരീതിയിൽ രൂപംകൊണ്ടതിനെപ്പറ്റിയുള്ള സുറിയാനി പാരമ്പര്യമിതാണ്. നമ്മുടെ കർത്താവിന്റെ മരണസമയത്ത് അവിടുത്തെ പരിഹസിച്ചുകൊണ്ട് ഒരു കൂട്ടം ആളുകൾ ഇവൻ മഹാ വഞ്ചകനാണ്; ജനത്തെ വഴിതെറ്റിച്ചവനാണ് എന്നുപറഞ്ഞു അപ്പോൾ ഒരു സൈന്യം മാലാഖമാർ അങ്ങേ ദൈവത്വത്തെ പ്രകീർത്തിച്ചുകൊണ്ട് പറഞ്ഞു. വഞ്ചിക്കുവാനോ വഞ്ചിക്കപ്പെടുവാനോ പാടില്ലാത്ത ദൈവമാണു നീ; ദൈവമേ നീ പരിശുദ്ധനാകുന്നു. മറ്റൊരു കൂട്ടം ശത്രുക്കൾ കഴിയുമെങ്കിൽ കുരിശിൽനിന്ന് ഇറങ്ങിവരിക എന്നു പരിഹസിച്ചു. അപ്പോൾ വേറൊരു സൈന്യം മാലാഖമാർ പാടി അശക്തനെപ്പോലെ നീ ഇപ്പോൾ കാണപ്പെടുന്നുവെങ്കിലും നീ ബലവാനാണ്; ബലവാനേ നീ പരിശുദ്ധനാകുന്നു. വീണ്ടും ശത്രുക്കൾ അവിടുത്തെ നിന്ദിച്ച് ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെത്തന്നെ രക്ഷിക്കുന്നതു കാണട്ടെ എന്നു പറഞ്ഞു. ഇതിനുമറുപടിയായി ഒരു കൂട്ടം മാലാഖമാർ ഇപ്രകാരം പാടി മരിച്ചവനെപ്പോലെ കുരിശിൽ കിടക്കുന്ന നീ യഥാർത്ഥ ജീവനാകുന്നു; മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു. ഇതെല്ലാം കേട്ടുകൊണ്ട് കുരിശിൻ ചുവട്ടിൽ നിന്ന യൗസേപ്പും നിക്കോദിമോസും കൂടെനിന്നവരും വിശ്വാസപൂർവ്വം വിളിച്ചുപ്രാർത്ഥിച്ചു; ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോടു കരുണചെയ്യണമേ എന്ന്.

കർത്താവ് ഉന്നതമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നതും, സ്രോപ്പേന്മാർ സിംഹാസന സവിധം പറന്നുനിന്ന് 'പരിശുദ്ധൻ' എന്നു മൂന്നുപ്രാവശ്യം ഉദ്ഘോഷിക്കുന്നതും ഏശയ്യാ ദീർഘദർശികണ്ടു (ഏശ 6:1-3). ഈ ദർശനത്തിൽ സിംഹാസനാരൂഢനായിരുന്നത് ദൈവപുത്രനായിരുന്നുവെന്ന് യോഹന്നാൻ 12: 40-41 നെ ആസ്പദമാക്കി സുറിയാനി സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട്. സ്വർഗ്ഗീയസഭ ദൈവത്തെ പരിശുദ്ധൻ എന്നു പ്രകീർത്തിക്കുന്നതായി വി.യോഹന്നാനും കണ്ടു (വെളി 4.:8). അതുപോലെ, സ്വർഗ്ഗീയസഭയോടു സമ്മിശ്രപ്പെട്ടുകൊണ്ട്, ഭൂമിയിലെ തീർത്ഥാടകസഭയായ ആരാധനാസമൂഹവും, പരിത്രാതാവും ഏകമദ്ധ്യസ്ഥനുമായ ക്രിസ്തുവിനെ സംബോധനചെയ്തു മഹത്വപ്പെടുത്തുന്ന ത്രിശുദ്ധകീർത്തനമാണ് വച

1. കൂദാശ ഭാഷ്യം പേജ് 7

നശുശ്രൂഷയുടെ പ്രാരംഭമായി നാം ചൊല്ലുന്നത്. പൗലോസ് ശ്ലീഹായുടെ ശിഷ്യൻ അഗ്നിമയനായ ഇഗ്നാത്തിയോസാണ് ഇത് സഭയിൽ പ്രചരിപ്പിച്ചത്[2].

പരിശുദ്ധി ദൈവത്തിന്റെ പ്രത്യേക ലക്ഷണമാണ്. ദൈവത്തിന്റെ അന്തസ്സത്ത വിശുദ്ധിയിൽ അന്തർഭവിച്ചിരിക്കുന്നതായി വേദപുസ്തകം പ്രഘോഷിക്കുന്നു. അത് സൃഷ്ടികളിൽ നിന്ന് ദൈവത്തെ വേർതിരിച്ചു കാണിക്കുന്ന സവിശേഷതയാണ് (ആമോസ് 4:2; ഹോസി 11:9; 1 സാമു 2:2; ഹബ 1:12). ദൈവം സ്രഷ്ടാവാണ്, സർവ്വശക്തനാണ്, സർവ്വജ്ഞനാണ്, സർവ്വാതിശായിയാണ് എന്നിത്യാദി വിശേഷണങ്ങളെല്ലാംതന്നെ ദൈവത്തിന്റെ വിശുദ്ധിയെ പ്രഖ്യാപിക്കുന്നു. പരിശുദ്ധൻ എന്നു നാം ദൈവത്തെ മഹത്വപ്പെടുത്തുമ്പോൾ ഇവയെല്ലാം നാം സമ്മതിച്ചു പറയുന്നു. സത്യേകദൈവത്തെ പുറജാതികളുടെ ദേവന്മാരിൽനിന്ന് വേർതിരിച്ചു മനസ്സിലാക്കുന്നതും വിശുദ്ധി എന്ന ലക്ഷണത്താലത്രെ. ദൈവം പരിശുദ്ധൻ എന്ന സംജ്ഞയാൽ അറിയപ്പെടുന്നു (ഏശ 57:15). ദൈവത്തിന്റെ പരിശുദ്ധി പ്രഖ്യാപിക്കുന്നതാണ് 99-ാം സങ്കീർത്തനം. ദൈവനാമം പരിശുദ്ധമാക്കപ്പെടണമെന്ന് പ്രാർത്ഥിക്കാൻ ക്രിസ്തു നമ്മെ ഉപദേശിക്കുന്നു (ലൂ 11:2). ദൈവത്തിന്റെ ഈ പരിശുദ്ധിയുടെ മുമ്പിൽ ഏശയ്യാ ദീർഘദർശി ഞെട്ടുന്നു (ഏശ 6:5). കുറ്റങ്ങളും കുറവുകളും മൂലമുള്ള തന്റെ അയോഗ്യതയെപ്പറ്റി ഓർമ്മിച്ച് പരിഹാരമനുഷ്ഠിക്കേണ്ടതിന്റെയും സ്വയം വിശുദ്ധീകരിക്കേണ്ടതിന്റെയും ആവശ്യകതയെപ്പറ്റി ഏശയ്യാ ബോധവാനാകുന്നു. ഇത് ദൈവവുമായുള്ള സമാഗമത്തിൽ ഓരോ മനുഷ്യനിലുമുണ്ടാകുന്ന തികച്ചും സ്വാഭാവികമായ മനോഭാവമത്രെ. ത്രിശുദ്ധകീർത്തനം ആലപിക്കുമ്പോൾ നമുക്കുണ്ടാകേണ്ട മനോഭാവം ഇത്തരത്തിലുള്ളതായിരിക്കണം.

സഭാവത്സരത്തിലെ ഓരോ കാലഘട്ടത്തിലും ഈ കീർത്തനത്തിലെ നാലാംപാദം മാറിമാറി വരുന്നു.

1. സുബോറൊക്കാലത്ത്
   ഞങ്ങൾക്കുവേണ്ടി മനുഷ്യാവതാരം ചെയ്തവനേ, ഞങ്ങളോടു കരുണ ചെയ്യണമേ
2. യൽദാക്കാലത്ത്
   ഞങ്ങൾക്കുവേണ്ടി ശിശുവായി ജനിച്ചവനേ, ഞങ്ങളോടു

2. കൂദാശഭാഷ്യം പേജ് 5





   കരുണ ചെയ്യണമേ.
3. ദനഹാക്കാലത്ത്
   ഞങ്ങൾക്കുവേണ്ടി മാമോദീസാ സ്വീകരിച്ചവനേ ഞങ്ങളോടു കരുണചെയ്യണമേ.
4. നോമ്പുകാലത്ത്
   ഞങ്ങൾക്കുവേണ്ടി നോമ്പുനോറ്റവനേ ഞങ്ങളോട് കരുണ ചെയ്യണമേ.
5. ഉയിർപ്പുകാലത്ത്
   ഞങ്ങൾക്കുവേണ്ടി മഹത്വത്തോടെ കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റവനേ ഞങ്ങളോടു കരുണചെയ്യണമേ.
6. സ്വർഗ്ഗാരോഹണകാലത്ത്
   ഞങ്ങൾക്കുവേണ്ടി സ്വർഗ്ഗാരോഹണം ചെയ്തവനേ ഞങ്ങളോടു കരുണ ചെയ്യണമേ.
7. പെന്തിക്കൊസ്തിക്കാലത്ത്
   ഞങ്ങൾക്കു വേണ്ടി പരിശുദ്ധാത്മാവിനെ അയച്ചുതന്നവനേ, ഞങ്ങളോടു കരുണചെയ്യണമേ.
8. തേജസ്ക്കരണകാലത്ത്
   ഞങ്ങൾക്കുവേണ്ടി തേജസ്ക്കരിക്കപ്പെട്ടവനേ ഞങ്ങളോടു കരുണ ചെയ്യണമേ.
9. സ്ലീബാക്കാലത്ത്
   ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോടു കരുണ ചെയ്യണമേ.

കാലാകാലങ്ങളിൽ വ്യത്യാസപ്പെടുത്തി ചൊല്ലാൻ എല്ലാവരും പ്രാപ്തരല്ലാത്തതിനാലും മനുഷ്യാവതാരത്തിന്റെ സമ്പൂർണ്ണസാരം കുരിശുമരണത്തിൽ അടങ്ങിയിരിക്കുന്നതിനാലും ഏതൊരവസരത്തിലും ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ എന്ന് വിളിച്ചു പ്രാർത്ഥിക്കുന്നതിൽ തെറ്റില്ല[3]. ഈ സ്തോത്രത്രയം മാലാഖമാർ അനുസ്യൂതം സ്വർഗ്ഗത്തിൽ ആലപിക്കുന്നതാണ്. ഈ കീർത്തനം ചൊല്ലുമ്പോൾ കാർമ്മികൻ ആദ്യത്തെ തവണ തബ്ലീത്തായുടെ പടിഞ്ഞാറെ അറ്റത്തും, രണ്ടാംപ്രാവശ്യം പീലാസായുടെ വക്കിലും തബ്ലിത്തായിലും, മൂന്നാമത് കാസായുടെ വക്കിലും പീലാസായിലും തബ്ലീത്തായിലും വല

3. കൂദാശഭാഷ്യം പേജ് 8

ത്തുകൈ കൊണ്ടു സ്പർശിക്കുകയും തുടർന്ന് കുരിശുവരയ്ക്കുകയും ചെയ്യുന്നു. അതേസമയം ഇടത്തുകൈ കമഴ്ത്തി ത്രോണോസിൽ വച്ചിരിക്കുകയാണ്. പൗരസ്ത്യ രീതിയനുസരിച്ച് കൂദാശ ചെയ്യപ്പെടുന്നതിനു മുമ്പുതന്നെ അപ്പവും വീഞ്ഞും നമ്മുടെ കർത്താവിന്റെ പ്രതിരൂപങ്ങളാണ്. അതുകൊണ്ടാണ് വി.കുർബാനയിലെ ആശീർവാദങ്ങളും സമാധാനാശംസകളും വി.രഹസ്യങ്ങളെ സ്പർശിച്ചുകൊണ്ട് നൽകപ്പെടുന്നത്.

## കുറിയേലായിസ്സോൻ

ഇത് ഒരു ഗ്രീക്കുപദമാണ്, കർത്താവേ ഞങ്ങളോടു കരുണയുണ്ടാകണമേ എന്നാണ് അർത്ഥം. ദൈവത്തിന്റെ കാരുണ്യം പ്രാപിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷയാണിത്. പാപം ചെയ്തതിനുശേഷം ഏദൻതോട്ടത്തിൽനിന്നും ബഹിഷ്കൃതരായ ആദാമും ഹവ്വായും ദൈവത്തിന്റെ കരുണയ്ക്കായി യാചിച്ചിരുന്നു. അതിന്റെ പ്രതിദ്ധ്വനിയാണ് കുറിയേലായിസ്സോൻ. ഭൂമിയിലുള്ള നമ്മുടെ പരദേശവാസകാലത്ത് (1 പത്രോ 2:11) നാം നടത്തുന്ന പ്രവാസഗീതമാണിത്. കണ്ണുനീരിന്റെ താഴ്വരയായ ഈ ഭൂമിയിൽ ദൈവത്തെ പ്രാപിക്കുവാനുള്ള നമ്മുടെ ആഗ്രഹം ഇതുവഴിയായി നാം വിനയപൂർവ്വം പ്രകാശിപ്പിക്കുന്നു. ത്രൈശുദ്ധകീർത്തനത്തിലെ അപേക്ഷയുടെ തുടർച്ചയാണിത്. യേശുവിൽ നിന്ന് സഹായം അപേക്ഷിച്ചുകൊണ്ട് കുരുടനും (മർക്കോ 10:47; മത്താ 20:30) കുഷ്ഠരോഗിയുമൊക്കെ (ലൂ 17:13) കുറിയേലായിസ്സോൻ എന്നാണ് പ്രാർത്ഥിച്ചത്. ചുങ്കക്കാരന്റെ പ്രാർത്ഥനയും ദൈവമേ പാപിയായ എന്നിൽ കനിയണമേ (ലൂ 18:13) എന്നായിരുന്നു. ഇതു ദൈവത്തിൽ നമുക്കുള്ള പരിപൂർണ്ണമായ ആശ്രയത്തെയും ദൈവസഹായം നമുക്ക് അത്യന്താപേക്ഷിതമാണെന്നുള്ള ബോദ്ധ്യത്തെയും വെളിപ്പെടുത്തുന്നു. ആരാധനയിലെ വളരെ പ്രധാനപ്പെട്ട ഭാഗങ്ങളിൽ പരിശുദ്ധാത്മാവിന്റെ ആവാസത്തിനായി ആരാധനാസമൂഹം മുഴുവനായി അപേക്ഷിക്കുന്നത് കുറിയേലായിസ്സോൻ എന്ന് ആവർത്തിച്ചുകൊണ്ടാണ്.

## വേദപുസ്തക വായനകൾ

വി.കുർബാനയിൽ സാക്ഷാത്ക്കരിക്കപ്പെടുന്ന പരിത്രാണ രഹസ്യങ്ങൾ ദൈവവചനം വഴി ആരാധനാസമൂഹത്തോട് പ്രഖ്യാപിക്കപ്പെടുകയാണ്. ഈ ഭാഗം പ്രബോധനപരമാണ്. മുൻകാലങ്ങളിൽ മുഖ്യ





മായും സ്നാനാർത്ഥികളെ ഉദ്ദേശിച്ചായിരുന്നു ഇത്. അതുകൊണ്ടാണ് ഈ ഭാഗം സ്നാനാർത്ഥികളുടെ കുർബാന (Mass of the Catechumens) എന്നറിയപ്പെട്ടിരുന്നത്. യാഗാർപ്പണത്തോടു ചേർന്നല്ലാതെ ആദ്യനൂറ്റാണ്ടുകളിൽ വചനശുശ്രൂഷ നടത്തിയിരുന്നു. വി.ജസ്റ്റിനും വി.അഗസ്റ്റിനും ഇതിനു സാക്ഷികളാണ്. മറ്റു പൗരസ്ത്യ റീത്തുകളിൽ ഇന്നും മദ്ബഹായ്ക്കു വെളിയിൽ കെസ്ത്രുമ്മായിൽ ബീമ്മാ[4] യിൽ വച്ച് വചനശുശ്രൂഷ നടത്തുന്നത് അതുകൊണ്ടാണ്.

> നിന്റെ ദൈവമായ കർത്താവ് നിന്റെ സഹോദരങ്ങളുടെ ഇടയിൽ നിന്ന് എന്നെപ്പോലെയുള്ള ഒരു പ്രവാചകനെ നിനക്കുവേണ്ടി അയയ്ക്കും; അവന്റെ വാക്കാണ് നീ ശ്രവിക്കേണ്ടത്. (നിയമാ 18:18).

ഇങ്ങനെ മോശ പറഞ്ഞത് യേശുക്രിസ്തുവിനെക്കുറിച്ചാണെന്ന് വി. പത്രോസിന്റെ പ്രസംഗത്തിൽ നിന്നും (അ.പ്ര 3:21-24) വി. സ്തേപ്പാനോസിന്റെ പ്രസംഗത്തിൽനിന്നും (അ.പ്ര 7:37) വ്യക്തമാണ്. സജീവനായ കർത്താവിനെ പ്രതിനിധാനം ചെയ്യുന്ന ഒന്നായി വി.വേദപുസ്തകത്തെ ക്രിസ്തീയപാരമ്പര്യം എന്നും പരിഗണിച്ചിരുന്നു. അതുകൊണ്ടാണ് എഫേസോസ് സുന്നഹദോസു മുതൽ (431) രണ്ടാം വത്തിക്കാൻ കൗൺസിൽവരെ എല്ലാ സുന്നഹദോസുകളിലും സുവിശേഷ ഗ്രന്ഥം അദ്ധ്യക്ഷസ്ഥാനത്തു വയ്ക്കപ്പെട്ടത്.

നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷയും, രോഗശമന പ്രവൃത്തിയും, പ്രേഷിതവേലയും, അത്ഭുത പ്രവർത്തനങ്ങളുമാണ് കുർബാനയിലെ വചനശുശ്രൂഷ സൂചിപ്പിക്കുന്നത്. പുതിയൊരു മനുഷ്യാവതാരമാണ് ദൈവവചനം എന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. വചനത്തിലും മാംസത്തിലുമുള്ള യഥാർത്ഥ ക്രിസ്തുവിനെപ്പറ്റി അവർ പഠിപ്പിക്കുന്നത് ഇക്കാരണത്താലാണ്. വേദപുസ്തകത്തെ ബഹുമാനിച്ചു വണങ്ങുന്നതിന്റെ കാരണവും ഇതുതന്നെ[5].

ത്രോണോസിൽ നിന്നും ഏവൻഗേലിയോൻ മേശയിൽ നിന്നും സഭ അവളുടെ മക്കൾക്ക് ആത്മീയഭക്ഷണം പങ്കിടുന്നു. ജീവിപ്പിക്കുകയും പവിത്രീകരിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ പ്രത്യേക സാന്നി

4. പേജ് 79 നോക്കുക
5. രണ്ടാം വത്തിക്കാൻ കൗൺസിൽ, ദൈവാവിഷ്ക്കരണം 21

ദ്ധ്യമുള്ള[6] തിരുവചനം മനുഷ്യവിശുദ്ധീകരണത്തിനു വളരെ സഹായിക്കുന്നു. *ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു.* (യോഹ 15,3) എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തു. അതുകൊണ്ട് മാമോദീസായോടും കുമ്പസാരത്തോടും തിരുവചനത്തിനു സാദൃശ്യമുണ്ട്.

> അപ്പവും വെള്ളവും ശരീരത്തെ പരിപോഷിപ്പിക്കുന്നതുപോലെ, ആത്മീയ ഭക്ഷണം നൽകി ആത്മാവിനെ പരിപോഷിപ്പിക്കുന്നതിന് വേദവായനകൾ ആവശ്യമാണ്. അത് ജീവിത തത്വവും സ്വർഗ്ഗരാജ്യത്തിന്റെ സുനിശ്ചിത സദ്വാർത്തയുമാണ്.[7]
>
> ദൈവവചനത്തിന്റെ മേശയിൽ നിന്ന് പോഷകപ്രദങ്ങളായ വിഭവങ്ങൾ ധാരാളമായി ലഭിക്കാൻവേണ്ടി വി.ഗ്രന്ഥത്തിലടങ്ങിയിരിക്കുന്ന നിക്ഷേപങ്ങൾ വിശ്വാസികൾക്കു പ്രദാനം ചെയ്യണം.[8]

എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ആഹ്വാനം ചെയ്യുന്നു. ദൈവവചനം ആത്മീയഭക്ഷണം മാത്രമല്ല അത്മപരിശോധനയ്ക്കുതകുന്ന നല്ല ഉപാധിയുമാണ്.

> പഴയതും പുതിയതുമായ ഉടമ്പടികൾ സംബന്ധിച്ച് ലിഖിതങ്ങളും സഭയ്ക്ക് ഒരു മുഖക്കണ്ണാടിപോലെയാണ്. ഈ ലോകത്തിൽ തീർത്ഥാടകയായ സഭ ആ കണ്ണാടിയിൽ ദൈവത്തെ ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നു. എല്ലാം നൽകിയ ദൈവത്തെ അഭിമുഖമായി ദർശിക്കുന്നതുവരെ അവൾ അങ്ങനെ ചെയ്തു കൊണ്ടിരിക്കും (1 യോഹ 3:27)[9]

പഴയനിയമത്തിൽ നിന്ന് നാലും പുതിയനിയമത്തിൽനിന്ന് മൂന്നും ഉൾപ്പെടെ ആകെ ഏഴു വായനകളാണ് വചനശുശ്രൂഷയിൽ. പഴയനിയമവായന യാമനമസ്ക്കാരത്തിനു ശേഷം ഒരുക്കശുശ്രൂഷാ സമയത്ത് നടത്തുന്ന പതിവാണ് മലങ്കരസഭയിലുള്ളത്.

**പഴയനിയമത്തിൽനിന്നുള്ള വായനകൾ**

1. പഞ്ചഗ്രന്ഥിയിൽനിന്ന് (ഒറൈത്താ) .

6. ആരാധനക്രമം 7
7. മോശെ ബർകേഫയുടെ കൂദാശാഭാഷ്യം പേജ് 8
8. രണ്ടാം വത്തിക്കാൻ കൗൺസിൽ, ആരാധനക്രമം 51
9. ദൈവാവിഷ്ക്കരണം 7





2. ചരിത്ര ഗ്രന്ഥങ്ങളിൽ നിന്ന്
3. വിജ്ഞാനഗ്രന്ഥങ്ങളിൽ നിന്ന്
4. പ്രവചനഗ്രന്ഥങ്ങളിൽ നിന്ന്

**പുതിയനിയമത്തിൽ നിന്നുള്ള വായനകൾ:**

1. അപ്പസ്തോല പ്രവർത്തനങ്ങൾ, കാതോലിക ലേഖനങ്ങൾ, വെളിപാട് ഇവയിൽ ഒന്നിൽനിന്ന്
2. വി.പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ നിന്ന്
3. സുവിശേഷങ്ങളിൽ നിന്ന്.

വേദപുസ്തകത്തിൽനിന്നുള്ള വായനകളെല്ലാം ജനാഭിമുഖമായി നിന്നാണ് വായിക്കുന്നത്. സുവിശേഷവായനയുടെ സമയം ഒഴിച്ച് ബാക്കി സമയം ജനത്തിന് ഇരിക്കാവുന്നതാണ്. ആരാധനയിൽ പഴയനിയമവും ലേഖനങ്ങളും വായിക്കേണ്ടത് *കോറൂയൊ* (വായനക്കാരൻ) പട്ടമുള്ളവരാണ്. പ്രത്യേക അനുവാദത്തോടുകൂടി മറ്റുള്ളവർക്കും വായിക്കാവുന്നതാണ്. സുവിശേഷം വായിക്കാനുള്ള അധികാരം പുരോഹിതനാണ്. എന്നാൽ അസാധാരണ സന്ദർഭങ്ങളിൽ പ്രത്യേകിച്ച് ജനുവരി 8-ാംതീയതി, ശമ്മാശന്മാരിൽ പ്രധാനിയും സഹദേന്മാരിൽ മുമ്പനുമായ മാർ സ്തേപ്പാനോസിന്റെ തിരുനാളിൽ, പ്രധാന ശമ്മാശനെക്കൊണ്ട് സുവിശേഷം വായിപ്പിക്കുന്ന ഒരു പാരമ്പര്യമുണ്ട്.

പഴയനിയമത്തിന്റെ പ്രവചനസ്വഭാവവും, പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ അതു കൂടുതൽ വ്യക്തമാകുന്നു എന്ന വസ്തുതയും പരിഗണിച്ചാണ് ലിറ്റർജിയിൽ പഴയനിയമവായന ചേർത്തിരിക്കുന്നത്. ആദ്യം പഴയനിയമവും, പിന്നെ പുതിയനിയമവും വായിക്കുന്നത് പഴയതിൽ പറഞ്ഞിരിക്കുന്നതെല്ലാം പുതിയതിൽ നിവർത്തിച്ചു എന്നും പഴയത് പുതിയതിന്റെ സാക്ഷ്യമാണെന്നും കാണിപ്പാനത്രെ. ദൈവത്തിന്റെ അതിശയകരമായ ക്രമീകരണത്തിൽ പുതിയനിയമം പഴയതിൽ ഒളിഞ്ഞുകിടക്കുന്നു. അതേസമയം പഴയത് പുതിയതിൽ പ്രകാശം ചൊരിയുകയും അതിനെ വിശദീകരിക്കയും ചെയ്യുന്നു. സർവ്വലോകത്തിന്റെയും രക്ഷകനായ ക്രിസ്തുവിന്റെയും അവിടുത്തെ രാജ്യത്തിന്റെയും ആഗമനം അറിയിക്കുകയും അതിനു കളമൊരുക്കുകയുമായിരുന്നു. പഴയ ഉടമ്പടിയുടെ മുഖ്യമായ ഉദ്ദേശ്യം. അതിലെ വിവിധ പ്രതിരൂപങ്ങൾ ക്രിസ്തുവിന്റെ ആഗമനലക്ഷ്യം ആവിഷ്ക്കരിക്കുവാൻ വേണ്ടിയാണ്. (1 കോറി 10:11)[10.]

10. ibid 15,16

## പഴയനിയമ വായന

പഴയനിയമവായനയ്ക്ക് ഒരുക്കമായി സമൂഹം മുഴുവനുംകൂടി ഒരു *സുമോറൊ* (പാട്ട്) പാടുന്നു.

> നീതിപ്രിയരുടെ നിലയത്തിൽ - സംസ്തുതിയുടെ രക്ഷാഗാനം ദാവീദുരാജൻ തൻ നാവാൽ - പരിശുദ്ധൻ റൂഹാ പാടി. (അല്ലെങ്കിൽ ഗദ്യം)
>
> നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്ന് ദാവീദുമുഖാന്തരം പരിശുദ്ധ റൂഹാ പാടി (cfr സങ്കീ 118:15 അ.പ്ര 1:16)

കെസ്ത്രൂമായിൽ അല്പം വടക്കുവശം മാറി പ്രാർത്ഥനമേശയുടെ കിഴക്കുവശത്തുനിന്നാണ് പഴയനിയമം വായിക്കുന്നത്. ഒറൈത്തായുടെ അഞ്ചു പുസ്തകങ്ങളിൽ ഏതെങ്കിലും ഒന്നിൽനിന്നാണ് ആദ്യം വായിക്കുന്നത്. പഴയനിയമത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾക്കുംകൂടിയുള്ള പേരാണ് *ഒറൈത്താ* (തോറ) അഥവാ പഞ്ചഗ്രന്ഥി. ഉൽപ്പത്തി പുസ്തകത്തിൽ നിന്നുള്ള വായനയാണെങ്കിൽ വായനക്കാരൻ *ഒറൈത്തായുടെ ഒന്നാം പുസ്തകത്തിൽ നിന്നും ബാറെക്മോർ* എന്നു പറയുകയും ജനം മറുപടിയായി *സൃഷ്ടികളുടെ ഉടയവനു സ്തുതി അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ* എന്നു പറയുകയും ചെയ്യുന്നു. പുറപ്പാടുമുതൽ നിയമാവർത്തനം വരെയുള്ള നാലുപുസ്തകങ്ങളിൽ നിന്നുള്ള വായനയ്ക്ക് ജനത്തിന്റെ മറുപടി ദീർഘദർശിമാരുടെ ഉടയവനു സ്തുതി... എന്നാണ്. മറ്റു പുസ്തകങ്ങളിൽ നിന്നാണെങ്കിൽ, അതാതു പുസ്തകങ്ങളുടെ പേരുപറഞ്ഞാണ് പ്രഖ്യാപനം നടത്തുന്നത്. അതനുസരിച്ചായിരിക്കണം പ്രതിവാക്യവും (വി.കുർബാനക്രമം പേജ് 155-156 നോക്കുക)[11]. വായനയ്ക്കുശേഷം ബാറെക്മോർ പറഞ്ഞ് നിർത്തുന്നു. വായനയ്ക്ക് മുമ്പും പിമ്പും വി.ഗ്രന്ഥം ഭക്തിയോടെ മുത്തുന്നു.

## ഒന്നാം ലേഖനം

പുതിയ നിയമത്തിലെ വായനകൾ ത്രൈശുദ്ധകീർത്തനവും കുറിയേലായിസോനും കഴിഞ്ഞ് ആരംഭിക്കുന്നു. ഒന്നാമത്തെ വായന

11. അനുബന്ധം III നോക്കുക





അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിൽ നിന്നാണ്. ചിലപ്പോൾ കാതോലിക ലേഖനങ്ങളിൽ നിന്നോ വെളിപാടു പുസ്തകത്തിൽ നിന്നോ ആയിരിക്കും. അതിനുമുമ്പ് ഭൂവിലശേഷം... എന്ന ഗാനം പാടുന്നു. *ഭൂലോകമെങ്ങുംപോയി സകല സൃഷ്ടികൾക്കും സുവിശേഷം അറിയിപ്പിൻ* (മർക്കോ 16:15) എന്നുള്ള മിശിഹാ തമ്പുരാന്റെ അന്ത്യകല്പനയെ വി.ശ്ലീഹന്മാർ നിറവേറ്റിയ വസ്തുതയാണ് ഈ ഗാനം അനുസ്മരിപ്പിക്കുന്നത്. ഗീതം ചൊല്ലിക്കഴിയുമ്പോഴേക്കും വായനക്കാരൻ ലേഖനപുസ്തകവുമായി ചെന്ന് ത്രോണോസിന്റെ വടക്കേഅറ്റത്ത് മുത്തി, അവിടെ നിന്ന് നേരെ പടിഞ്ഞാറോട്ട് വന്ന് വാതിലിനുതാഴെയുള്ള ഒന്നാമത്തെ സ്റ്റെപ്പിൽ ഇറങ്ങി നിൽക്കുന്നു. മെത്രാൻ സന്നിഹിതനതാണെങ്കിൽ അദ്ദേഹത്തിന്റെ സ്ലീബായും മുത്തുന്നു. ശുശ്രൂഷകൻ ഇടതുകൈയ്യിൽ കത്തിച്ച തിരിയുമായി വായനക്കാരന്റെ ഇടതുവശത്ത് നിന്ന് വി.ഗ്രന്ഥത്തിനു നേരെ ധൂപം വീശിക്കൊണ്ടിരിക്കുന്നു. വായനക്കാർ വേദവായനക്കുറിപ്പിലെ നിർദ്ദേശാനുസരണം വായിക്കുന്നു.

വിശുദ്ധ ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിൽനിന്നും ബാറെക്മോർ എന്ന് പ്രഖ്യാപനം നടത്തുമ്പോൾ ജനം അതിനു മറുപടി പറയുന്നു. അതിനുശേഷം *ഹാബീബായ്* അല്ലെങ്കിൽ എന്റെ വാത്സല്യമുള്ളവരേ എന്ന് അഭിസംബോധന ചെയ്ത് നിർദ്ദിഷ്ടഭാഗം വായിക്കുന്നു. ആരാധനസമൂഹത്തിലെ വ്യക്തികളും ശ്ലീഹന്മാരും തമ്മിലുള്ള ബന്ധത്തെയാണ് ഈ സംബോധന സൂചിപ്പിക്കുന്നത്. ഇവിടെ ബാറെക്മോർ എന്ന പദത്തിന് പിതാവേ എന്നെ അനുവദിക്കണമേ എന്നാണു വിവക്ഷ. ഒരുകാര്യം നിർവ്വഹിക്കുന്നതിന് അധികാരികളിൽ നിന്ന് അനുമതി യാചിക്കുകയാണ് ഇതിന്റെ ലക്ഷ്യം. അതുകൊണ്ട് ഹാബീബായ് ബാറെക്മോർ ഒരുമിച്ചുപറയുന്നത് ശരിയല്ല. *ആഹായ്* എന്ന പദത്തിന്റെ കാര്യത്തിലും ഇത് പ്രസക്തമാണ്. അതിന്റെഅർത്ഥം എന്റെ സഹോദരന്മാരേ എന്നാണ്, വായന അവസാനിക്കുമ്പോഴും ബാറെക്മോർ എന്നുമാത്രം പറഞ്ഞ് വി.ഗ്രന്ഥം ചുംബിച്ചതിനുശേഷം പൂർവ്വസ്ഥാനത്തേക്കു മടങ്ങുന്നു.

## രണ്ടാം ലേഖനം

രണ്ടാം ലേഖനം വി.പൗലോസിന്റെ 14 ലേഖനങ്ങളിൽ ഏതെങ്കിലും ഒന്നിൽനിന്നായിരിക്കും. കാർമ്മികൻ രഹസ്യപ്രാർത്ഥന ചൊല്ലി

ക്കൊണ്ടിരിക്കുമ്പോൾ വായനയ്ക്ക് ആമുഖമായി പൗലോസ് ശ്ലീഹാ ധന്യൻ. . . എന്ന ഗാനം സമൂഹം ഒരുമിച്ചാലപിക്കുന്നു. ലേഖനം വായനകൾക്കു മുമ്പുള്ള ഗാനം സ്ഥിരമാണ്. കുർബാനയിൽ മറ്റുഗാനങ്ങൾക്കെല്ലാം പകരം അതതു പെരുന്നാളിന് അനുയോജ്യമായ ഗാനങ്ങൾ ഉണ്ട്. ലേഖനത്തിനു മുമ്പുള്ള ഈ ഗാനം ആരാധകരെ സത്യവിശ്വാസം കേൾക്കുന്നതിന് ക്ഷണിക്കുന്നു. സഭയുടെ വിശ്വാസവും ജീവിതവും ആദിമ ശിഷ്യന്മാർ പഠിപ്പിച്ചിട്ടുള്ളതുപോലെതന്നെ ആയിരിക്കണമെന്ന് ഉറപ്പിച്ചു പറയുകയും അതിൽ നിന്ന് അണുവിടപോലും വ്യതിചലിക്കരുതെന്ന് ശക്തമായി നിർദ്ദേശിക്കുകയും ചെയ്യുന്നു.

> ഞങ്ങൾ നിങ്ങളോടു പ്രസംഗിച്ചതിൽ നിന്നും വ്യത്യസ്തമായ ഒരു സുവിശേഷം ഞങ്ങൾതന്നെയോ, സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻതന്നെയോ നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ (ഗലാ 1:8).

> ആത്മാവിന്റെ ആദ്ധ്യാത്മിക ഭക്ഷണമായ ദിവ്യവചനം ശ്രവിക്കുവാൻ വി. ഗ്രന്ഥവായനയ്ക്കു മുമ്പുള്ള ഗീതങ്ങളും സ്തുതിപ്പുകളും വിശ്വാസികളെ കാഹളധ്വനിയും കുഴൽനാദവും പോലെ ആഹ്വാനം ചെയ്യുന്നു[12].

ഈ സമയത്ത് മറ്റൊരു വായനക്കാരൻ ലേഖനങ്ങളടങ്ങിയ പുസ്തകവുമായി ചെന്ന് ത്രോണോസിന്റെ തെക്കേ അറ്റത്തുമുത്തി പടിഞ്ഞാറോട്ടു നടന്ന് മദ്ബഹായുടെ തെക്കേ അറ്റത്ത് താഴെ ഒന്നാമത്തെ സ്റ്റെപ്പിൽ ജനാഭിമുഖമായി നിൽക്കുന്നു. ശുശ്രൂഷകൻ ഇടതുകൈയ്യിൽ മെഴുകുതിരിയുമായി വായനക്കാരന്റെ വലതുവശത്തുനിന്ന ധൂപം വീശുന്നു. സമൂഹത്തെ ആഹായ് (എന്റെ സഹോദരങ്ങളേ) എന്ന് അഭിസംബോധന ചെയ്ത് വായനക്കാരൻ ക്രമപ്രകാരം ലേഖനം വായിക്കുന്നു. കാതോലിക ലേഖനങ്ങൾക്ക് പ്രാദേശിക ലേഖനങ്ങളേക്കാൾ പ്രാധാന്യമുണ്ട്. തന്നെയുമല്ല പൗലോസിനുമുമ്പേ ശിഷ്യരാക്കപ്പെട്ടവരാണ് മറ്റു ശ്ലീഹന്മാർ. പൗലോസ് സ്വർഗ്ഗാരോഹണത്തിനുശേഷമാണ് വിളിക്കപ്പെട്ടത്. ഇക്കാരണങ്ങളാൽ ശ്ലീഹാന്മാരുടെ ലേഖനം വടക്കുവശത്തുനിന്ന് ആദ്യം വായിക്കുന്നു. സുറിയാനിക്കാരുടെ ഇടയിൽ വടക്കുഭാഗത്തിന് തെക്കിനേക്കാൾ ദൈവാലയത്തിൽ മുൻഗണനയുണ്ട്. കാരണം ത്രോണോസിൽ എഴുന്നെള്ളിയിരിക്കുന്ന പിതാവിന്റെ വല

12. മോശെ ബർ കേഫായുടെ കൂദാശാഭാഷ്യം പേജ് 8





ത്തുവശമാണ് വടക്ക്. മറ്റൊരുവിധത്തിൽ, ആരംഭം മുതൽക്കെ ലേഖനങ്ങളിൽ അദ്വിതീയസ്ഥാനം പൗലോസിന്റേതിനു ലഭിച്ചിരുന്നു. പൗലോസ് മറ്റു ശ്ലീഹന്മാരേക്കാൾ കൂടുതൽ സുവിശേഷവേല നടത്തുകയും കൂടുതൽ ലേഖനങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ട്. കൂടാതെ, രഹസ്യപ്രാർത്ഥനയിൽ പൗലോസിനെ വിശേഷിപ്പിച്ചിരിക്കുന്നത് വിശുദ്ധസഭയുടെ പണിക്കാരനും ശില്പിയുമായിട്ടത്രെ. അപ്പസ്തേലന്മാരുടെ പ്രവർത്തനങ്ങളിൽനിന്നോ കാതോലിക ലേഖനങ്ങളിൽനിന്നോ വടക്കുവശത്തുനിന്നു വായിക്കുന്നത് യഹൂദന്മാരോട് ആദ്യം സുവിശേഷം അറിയിച്ചതിനെ സൂചിപ്പിക്കുന്നു. തെക്കുവശത്തുനിന്ന് പൗലോസിന്റെ ലേഖനം വായിക്കുന്നത് പുറജാതികളോടു സുവിശേഷം പ്രസംഗിച്ചതിനെക്കുറിക്കുന്നു.

## സുവിശേഷ വായന

ലേഖനം വായിച്ചുകഴിഞ്ഞ്, മറ്റ് പൗരസ്ത്യസഭകളിൽ ലഘുപ്രവേശനം (Little Entrance) എന്നറിയപ്പെടുന്ന ഭക്തിജനകമായ ഒരു പ്രദക്ഷിണമുണ്ട്. മദ്ബഹായിൽ നിന്ന് ഏവൻഗേലിയോൻ (സുവിശേഷം) ഗ്രന്ഥം ക്രെസ്തുമ്മായിലുള്ള ബീമ്മായിലേക്കു കാർമ്മികൻ ആഘോഷമായി കൊണ്ടുവരുന്ന ചടങ്ങാണിത്. നമ്മുടെ കുർബാനയിൽ ഇന്ന് ഇത് വളരെ ലോപിച്ചിരിക്കുന്നു. മദ്ബഹായുടെ മദ്ധ്യത്തിൽ പടിഞ്ഞാറെ അറ്റത്തുവച്ചിരിക്കുന്ന ഏവൻഗേലിയോൻ മേശയുടെ അടുത്തേക്ക് കാർമ്മികൻ തിരിഞ്ഞുവരുന്നത് ലഘുപ്രവേശനമായി കണക്കാക്കാം. ഈ സമയത്തു ചൊല്ലുന്ന ഗീതത്തിന് *ഹൂലോലൊ* എന്നു പേരു കിട്ടിയത് അതിൽ ഉപയോഗിക്കുന്ന ഹാലേലുയ്യായിൽനിന്നാണ്. സങ്കീർത്തനവാക്യങ്ങൾ കൊരുത്ത് അതിന്റെ ആദ്യം രണ്ടും അവസാനം ഒന്നും ഹലേലുയ്യാവീതം ചൊല്ലുന്നതാണ് *ഹുലോലൊ*. ഹിപ്പോളിറ്റസിന്റെ ശ്ലൈഹിക പാരമ്പര്യത്തിൽ കാണുന്നതുപോലെ ഹാലേലുയ്യാകളോടുകൂടി സങ്കീർത്തനമാലപിക്കുന്ന പാരമ്പര്യം വളരെ പുരാതനമാണ്. ദൈവത്തെ സ്തുതിക്കുക എന്നർത്ഥമുള്ള *ഹാല്ലേൽയാഹ്*, പഴയ നിയമത്തിലെ എബ്രായ ഭാഷയിൽ നിന്ന് പരിഭാഷപ്പെടുത്താതെ ക്രിസ്തീയ പാരമ്പര്യത്തിൽ സ്വീകരിച്ചതാണ് ഹാലേലുയ്യാ ഇത് സുവിശേഷ വചനത്തെ സ്വാഗതം ചെയ്യുന്നതിന്റെ ആനന്ദം പ്രകടിപ്പിക്കുന്നു. സഭയുടെ ആമോദത്തിന്റെ ഗാനവും ആനന്ദത്തിന്റെ ആർപ്പുവിളിയുമാണിത്.

ഇതിനുശേഷം സ്വർഗ്ഗത്തിൽ വലിയ ജനക്കൂട്ടത്തിന്റേതുപോലുള്ള ശക്തമായ സ്വരം ഞാൻ കേട്ടു. ഹല്ലേലുയ്യാ! രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിന്റേതാണ് (വെളി 19:1; 19:4; 19:6)

സങ്കീർത്തനം 50:14; 84:2; 96:8; 100:4;107:22 എന്നീ വാക്യങ്ങൾ ഹുലോലൊയിൽ സമാഹരിച്ചിരിക്കുന്നു. (cfr ഹെബ്രാ 13:15). മുൻകാലങ്ങളിൽ പൂർണ്ണമായ സങ്കീർത്തനങ്ങൾ വേദവായനയ്ക്കുമുമ്പു ചൊല്ലുക പതിവായിരുന്നു. പഴയകാലത്ത്, ആരാധകരുടെ നേർച്ച കാഴ്ചകൾ ഈ സമയത്ത് സമർപ്പിച്ചിരുന്നതുകൊണ്ടായിരിക്കണം വെടിപ്പുള്ള കാഴ്ചകൾ എടുത്തു തന്റെ പ്രാകാരങ്ങളിലേക്കു പ്രവേശിച്ച് വിശുദ്ധ മദ്ബഹായുടെ മുമ്പാകെ കർത്താവിനെ വന്ദിപ്പിൻ എന്ന് ഹുലോലൊയിൽ കാണുന്നത്. അതേസമയം കാർമ്മികൻ രഹസ്യ പ്രാർത്ഥനയിൽ വചനം യോഗ്യതാപൂർവ്വം വായിച്ചു കേൾപ്പിക്കുന്നതിനുള്ള കഴിവും ആത്മശുദ്ധീകരണവും, വചനമനുസരിച്ച് എല്ലാവരും ജീവിക്കുന്നതിനുവേണ്ട പ്രകാശവും അനുഗ്രഹവും ലഭിക്കാനായി പ്രാർത്ഥിക്കുന്നു. ആരാധനാസമൂഹം മുഴുവനെയും പരിശുദ്ധാത്മദാനം കൊണ്ട് നിറയ്ക്കണമേയെന്നും കാർമ്മികൻ അപേക്ഷിക്കുന്നു.

സുവിശേഷ വായനയ്ക്കുമുമ്പ് ശുശ്രൂഷകൻ ജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ട് ദൈവത്തിന്റെ ജീവനുള്ള വചനങ്ങൾ ആദരവോടും ഭക്തിയോടുംകൂടി ശ്രദ്ധിച്ചുകേൾക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. സുവിശേഷം ജീവൻ പ്രദാനം ചെയ്യുന്ന തിരുവചനങ്ങളാണ്.

ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്; ഇരുതല വാളിനേക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിൽ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ് (ഹെബ്രാ 4:12; യോഹ 6:63; 6:68).

ഈ സംഗതി മറന്ന് യാതൊരുവനും അപകടത്തിൽ വീഴാതിരിക്കാനാണ് ശുശ്രൂഷകൻ ഈ ഉദ്ബോധനം നടത്തുന്നത്. ഇതുവഴി





മൂന്നു കാര്യങ്ങൾ ചെയ്യാൻ അവൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു എന്ന് മോശെ ബർകേഫാ വ്യാഖ്യാനിക്കുന്നു.

i സംസാരിക്കാതെ നിശ്ശബ്ദരായിരിക്കണം

ii ഭക്തിപൂർവ്വം വ്യാപരിക്കണം

iii വായിക്കപ്പെടുന്നവ ശ്രദ്ധാപൂർവ്വം ശ്രവിക്കണം; ചിന്തകൾ കാടുകയറാൻ അനുവദിക്കരുത്.[13]

ഈ മഹത്തായ ബഹുമതിക്ക് തങ്ങളെ യോഗ്യരാക്കണമേ എന്ന് ജനം പ്രതിവാക്യം ചൊല്ലുന്നു.

ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തത് നമ്മുടെ അജ്ഞാനന്ധകാരം നിർമ്മാർജ്ജനം ചെയ്ത്, നമ്മെ സത്യപ്രകാശത്തിലേക്കു നയിക്കാനായിരുന്നു. ക്രിസ്തുവിന്റെ തിരുവചനങ്ങളും രക്ഷാകര പ്രവൃത്തികളും അടങ്ങിയ സുവിശേഷഗ്രന്ഥമാണ് നമ്മുടെ ജ്ഞാനനിക്ഷേപം. നാം പരിശുദ്ധാത്മാവിൽ വളരുന്നതിനും, തദ്വാരാ സ്വർഗ്ഗരാജ്യം പ്രാപിക്കുന്നതിനുമുള്ള സത്യമാർഗ്ഗം അത് നമുക്ക് കാണിച്ചു തരുന്നു. ആ വിജ്ഞാനഭണ്ഡാരത്തിലടങ്ങിയിരിക്കുന്ന ദൈവവചനങ്ങളെ നാം ശ്രദ്ധാപൂർവ്വം ശ്രവിച്ച് അവയ്ക്കനുസൃതമായി നമ്മുടെ ക്രിസ്തീയ ജീവിതത്തെ നവീകരിക്കണമെന്നതാണ് വേദവായനകളുടെ ലക്ഷ്യം. നമ്മുടെ കർത്താവിന്റെ തന്നെ വാക്കുകളായിട്ടാണ് ഏവൻഗേലിയോനെ ക്രിസ്തീയ പാരമ്പര്യത്തിൽ പരിഗണിക്കുന്നത്.

> അവിടുന്നു തന്റെ വചനത്തിൽ സന്നിഹിതനാണ്; കാരണം ദൈവാലയങ്ങളിൽ പരിശുദ്ധ ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ ക്രിസ്തു തന്നെയാണ് സംസാരിക്കുന്നത്.[14]

ശുശ്രൂഷകന്റെ പ്രഖ്യാപനം കേട്ട് ഭയഭക്തിയോടെ നിലനിൽക്കുന്ന ആരാധകരെ സമാശ്വസിപ്പിക്കുന്നതിന് എന്നു തോന്നുമാറ് ആരാധനാ സമൂഹത്തിനഭിമുഖമായി നിൽക്കുന്ന കാർമ്മികൻ പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ അതേ ആശംസ ഉപയോഗിച്ച് വല

13. കൂദാശാഭാഷ്യം പേജ്: 8,9
14. രണ്ടാം വത്തിക്കാൻ കൗൺസിൽ, ആരാധനാക്രമം 7

തുകൈ ഉയർത്തി സ്ലീബായുടെ അടയാളംകൊണ്ട് [15] അനുഗ്രഹിക്കുന്നു: നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ. ഈ സമയത്ത് കാർമ്മികന്റെ ഇരുവശങ്ങളിലും രണ്ടു ശുശ്രൂഷകർ കത്തിച്ച തിരികളുമായി നിൽക്കുന്നു. ശുശ്രൂഷകൻ സുവിശേഷത്തിന് ധൂപം വീശിക്കൊണ്ടിരിക്കുന്നു. ദൈവം സീനായ്മലയിൽ അഗ്നി മദ്ധ്യേ ഇറങ്ങി മോശയോടു സംസാരിക്കുകയും കല്പനകൾ കൊടുക്കുകയും ചെയ്തപ്പോൾ മലമുഴുവൻ പുകകൊണ്ടു നിറയുകയും ഇടിമുഴക്കത്താൽ മല കുലുങ്ങുകയും ചെയ്തതിനു (പുറ 19:17-18) സമാനമായി ഇപ്രകാരം ചെയ്യുന്നു.

മലങ്കര കുർബാനയിലെ ഏറ്റവും ആദ്യത്തെ ഈ സമാധാനാശംസ ക്രിസ്തുവിന്റെ ജനനസമയത്ത് ദൈവദൂതൻമാർ ആശംസിച്ച സമാധാനത്തിനു (ലൂ 2:14) സദൃശ്യമാണ്. ഈ ആശംസയുടെ അർത്ഥം മോശെ ബർകേഫാ ഇപ്രകാരം വിശദീകരിക്കുന്നു.

> ക്രിസ്തുവിന്റെ സമാധാനത്തിന്റെ സദ്വാർത്തയാണ് താൻ വായിക്കുന്നത് എന്ന് ഈ ആശംസ സൂചിപ്പിക്കുന്നു. അവിടുന്ന് സ്വർഗ്ഗീയരെയും ഭൗമികരെയും, സ്വജനത്തെയും ജാതികളെയും രമ്യപ്പെടുത്തി. ഇതാ മഹാസന്തോഷത്തിന്റെ സദ്വാർത്ത ഇന്നു നിങ്ങൾക്കു ഞാൻ നൽകുന്നു. (ലൂ 2:10) എന്നാണല്ലോ ദൂതൻ ഇടയന്മാരോട് പറഞ്ഞത്. സമാധാനത്തിന്റെ സദ്വാർത്ത അറിയിക്കുന്നവരുടെ പാദങ്ങൾ മലമുകളിൽ എത്ര മനോഹരമാണ്. (ഏശ 52:7; റോമ 10:15) എന്നും എഴുതിയിട്ടുണ്ടല്ലോ. ഏവൻഗേലിയോൻ എന്നതിന്റെ അർത്ഥം സദ്വാർത്ത എന്നാണ്[16]

15. സഭയിൽ വിശുദ്ധീകരിക്കപ്പെടുന്നവയെല്ലാം മൂറോൻ, സ്നാനജലം, തിരുശരീരരക്തങ്ങൾ, കൈവെപ്പ്, ത്രോണോസ്, ഭവനം, ദേവാലയം എന്നിവയെല്ലാം സ്ലീബായുടെ അടയാളം കൊണ്ടാണ് വിശുദ്ധീകരിക്കപ്പെടുകയും പൂർത്തീകരിക്കപ്പെടുകയും പൂർണ്ണമാക്കപ്പെടുകയും ചെയ്യുന്നത്. കുരിശിനെകുറിച്ചുള്ള മാനിസായിൽ മാർ സേവേറിയോസ് പറയുന്നു.'സ്നാനത്തിലെ പുനർജന്മത്തെ വിശുദ്ധീകരിക്കുന്നത് ഇതാകുന്നു. രക്തരഹിതവും ബൗദ്ധീകവുമായ ബലിയെയും പൗരോഹിത്യ ശുശ്രൂഷയെയും വിശുദ്ധ ശുശ്രൂഷയെയും പൂർണ്ണമാക്കുന്നതും പൂർത്തീകരിക്കുന്നതും ഇതാകുന്നു. സഭയിൽ വിശുദ്ധീകരിക്കപ്പെടുന്നവയെല്ലാം സ്ലീബായാൽ വിശുദ്ധീകരിക്കപ്പെടുകയും പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നത് എന്നറിയുന്നത് അത്യാവശ്യമാണ്. സ്ലീബാ മിശിഹായെ വരച്ചുകാട്ടുന്നു. അവിടുന്ന് വിശുദ്ധീകരിക്കുന്നവനാണ്, വിശുദ്ധീകരിക്കപ്പെടുന്നവനല്ല. ക്രിസ്തുവിനെ വരച്ചുകാട്ടുന്നതിന് മറ്റ് രീതികളുണ്ടെങ്കിലും രക്ഷാകര വ്യാപാരം (*മ്ദബറോനൂസോ*) മുഴുവൻ പൂർത്തീകരിക്കപ്പെടുന്നത്, മുഴുവൻ പൂർത്തീകരിക്കപ്പെട്ടത് സ്ലീബാവഴിയത്രേ. (മോശെ ബർകേഫായുടെ കൂദാശാഭാഷ്യം പേജ് 59). വൈദികർ ആശീർവദിക്കുന്നത് കുരിശുവരയ്ക്കുന്നത് പോലെതന്നെ മൂന്നു വിരലുകളും ചേർത്ത്പിടിച്ച് ആർച്ച് (arch) രൂപത്തിലാണ്. നേർവരകളിലല്ല. നെറ്റിയിലും മറ്റുവസ്തുക്കളിലും തള്ളവിരൽകൊണ്ടാണ് കുരിശുവരയ്ക്കുന്നത്.





സുവിശേഷവായനയുടെ ആരംഭത്തിലെ സ്വസ്തി പറച്ചിൽ സ്വർഗ്ഗവും ഭൂമിയും തമ്മിലും സ്വജാതീയരും വിജാതീയരും തമ്മിലും സമാധാനമുണ്ടാക്കിയ ക്രിസ്തുവിന്റെ സമാധാനത്തിന്റെ സുവിശേഷം (എഫേ 6:15) കാർമ്മികൻ വായിക്കാനാരംഭിക്കുന്നുവെന്ന് പ്രസ്താവിക്കുകയാണ്. സുവിശേഷവായനയുടെ അവസാനത്തിലുമുണ്ട് മറ്റൊരു സമാധാനാശംസ. ഇവയ്ക്കു രണ്ടിനും പുറമേ കുർബാനയുടെ വിവിധ ഭാഗങ്ങളിലായി വേറെയും അഞ്ചു പ്രാവശ്യം പട്ടക്കാരൻ സമാധാനം ആശംസിക്കുന്നു. ഈ ഏഴു സമാധാനാശംസകൾ ദൈവശാസ്ത്രപരമായി വളരെ അർത്ഥവത്താണ്.

പുനരുത്ഥാനശേഷം തന്റെ പ്രിയശിഷ്യന്മാർക്ക് ക്രിസ്തു നൽകിയ ദാനമാണ് സമാധാനം (ലൂ 24:36). ഉയിർത്തെഴുന്നേറ്റ ക്രിസ്തു സമാധാനത്തിന്റെ രാജാവാണ്; പാപത്തിന്റെയും മരണത്തിന്റെയും ലോകത്തിന്റെയും സാത്താന്റെയും മേൽ പരിപൂർണ്ണ വിജയംവരിച്ച സമാധാനത്തിന്റെ രാജാവാണ് ക്രിസ്തു. അതുകൊണ്ടാണ് കഷ്ടാനുഭവ ആഴ്ചയിൽ മലങ്കരസഭയിൽ സമാധാനം നൽകാത്തതും. ഉയിർപ്പ് ഞായറാഴ്ച രാത്രിയിൽ പ്രത്യേക സമാധാന ശുശ്രൂഷ നടത്തുന്നതും[17].

> ഇരുകൂട്ടരുടെയും സ്ഥാനത്ത് ഒരു പുതിയ മനുഷ്യനെ സൃഷ്ടിച്ചുകൊണ്ട് സമാധാനം സംസ്ഥാപിക്കാനും കുരിശുവഴി ഒരേ ശരീരത്തിൽ ഇരുകൂട്ടരെയും ദൈവത്തോട് അനുരഞ്ജിപ്പിക്കാനും അങ്ങനെ തന്നിലൂടെ ശത്രുത അവസാനിപ്പിക്കാനുമാണ് അവൻ ഇങ്ങനെ ചെയ്തത്. വിദൂരസ്ഥരായിരുന്ന നിങ്ങളോടും സമീപസ്ഥരായിരുന്ന ഞങ്ങളോടും അവൻ സമാധാനം പ്രസംഗിച്ചു (എഫേ 2:16-17; cfr ഏശ 57:19).

16. കൂദാശാഭാഷ്യം പേജ് 9
17. *cfr* ശ്ലോമ്മോ (സമാധാനം) ശ്ലോമ്മോ അടുത്തവർക്കും... എന്ന ഗീതം

ഈ സമാധാനാശംസയെപ്പറ്റി, സുറിയാനി മല്പാനായ നർസാ യിയുടെ വിശദീകരണം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

> മനുഷ്യപുത്രൻ മുഖാന്തരം മരണം നിർവീര്യമാക്ക പ്പെട്ടു; തിന്മ നശിപ്പിക്കപ്പെട്ടു. താൻ നമുക്കുവേണ്ടി പീഡസഹിക്കുകയും സമാധാനത്തിലേക്കുള്ള മാർഗ്ഗം ത്വരിതപ്പെടുത്തുകയും ചെയ്തു. നമുക്കെല്ലാവർക്കു മായി സമാധാനം ഒരുക്കുവാൻ ദൈവരാജ്യത്തിൽ മുന്നമേ പ്രവേശിച്ച അവൻ നിങ്ങളെയും അങ്ങോട്ടു ക്ഷണിച്ചിരിക്കുന്നു[18].

അങ്ങയുടെ ആത്മാവിനും ഉണ്ടായിരിക്കട്ടെ എന്ന് ആരാധനാ സമൂഹം പ്രതിവചിക്കുന്നത് എബ്രായ ശൈലിയിലുള്ള ഒരു പ്രത്യഭി വാദനരീതിയാണ്. കാർമ്മികന്റെ ആശീർവാദവും പ്രാർത്ഥനയും സമൂ ഹത്തിന് ആവശ്യമുള്ളതുപോലെതന്നെ സമൂഹത്തിന്റെ പ്രാർത്ഥന കാർമ്മികനും ആവശ്യമാണെന്ന് ഇരുകൂട്ടരെയും ബോദ്ധ്യപ്പെടുത്തു കയാണ് ഈ പ്രത്യഭിവാദനം ചെയ്യുന്നത്. അങ്ങയുടെ ആത്മാവ് എന്ന പ്രയോഗം കാർമ്മികനിലുള്ള പരിശുദ്ധാത്മാവിനെയാണ് സൂചിപ്പിക്കു ന്നത്. ആത്മാവ് എന്ന പദത്തിന്, മനുഷ്യനിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനം, പരിശുദ്ധാരുചി എന്നിങ്ങനെ ബൈബിളിൽ അർത്ഥ മുണ്ട്[19]. പരിശുദ്ധാത്മാവും പട്ടക്കാരനും സമാധാനത്തിൽ വസിക്കാ നാണ് ജനം പ്രാർത്ഥിക്കുന്നത്. എന്തെന്നാൽ പരിശുദ്ധാത്മാവുമായി പട്ടക്കാരൻ രമ്യതയിൽ വസിച്ചാൽ അത് സഭയ്ക്കു മുഴുവൻ നന്മയാണ്; അല്ലാത്തപക്ഷം ഇടർച്ചയുണ്ടാകും [20].

തുടർന്ന് കാർമ്മികൻ സുവിശേഷം അവതരിപ്പിക്കുന്നു. പിന്നീ ടുള്ള പ്രഖ്യാപനം വത്സരചക്രമനുസരിച്ച് യഥോചിതം ഭേദപ്പെടുത്തി ചൊല്ലുന്നു.

വിശുദ്ധ കന്യകമറിയാമിൽനിന്ന് ശരീരമെടുത്തവനും, ദൈവ ത്തിന്റെ ജീവനുള്ള വചനവും നമ്മുടെ കർത്താവും ദൈവവും രക്ഷക നുമായ യേശുമിശിഹായുടെ ഇഹലോകവാസ/മനുഷ്യാവതാരത്തെക്കു

18. Connolly, Liturgical Homilies Page 8
19. Prat, Theology of St.Paul II, 405-4007
20. നർസായി, Connolly, Liturgical Homilies Page 59





റിച്ചുള്ള അറിയിപ്പിന്റെ/ജനനപ്പെരുന്നാളിന്റെ/ദനഹായുടെ/നോമ്പു/ ഉയിർപ്പ്/സ്വർഗ്ഗാരോഹണകാലത്ത് + ഇപ്രകാരം സംഭവിച്ചു.

ഇതു ചൊല്ലുമ്പോൾ കാർമ്മികൻ ആദ്യം ത്രോണോസിലേക്കു തിരിഞ്ഞ് വണങ്ങി സ്വയം കുരിശുവരയ്ക്കുകയും പിന്നെ ജനങ്ങളുടെ നേരെതിരിഞ്ഞ് സമൂഹത്തെ സ്ലീബാവരച്ച് ആശീർവദിക്കയും ചെയ്ത ശേഷം വേദപുസ്തകം ചുംബിക്കുന്നു. ഇപ്രകാരം ചെയ്യുന്നത് അപ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ ഓർക്കുന്ന മനുഷ്യാവതാര രഹ സ്യത്തോടുള്ള ആദരവും, അതുമൂലം മനുഷ്യർക്കു ലഭിക്കുന്ന അനു ഗ്രഹങ്ങളും സൂചിപ്പിക്കാനാണ്. അങ്ങനെ വിശ്വസിച്ചു ഞങ്ങൾ ഏറ്റു പറയുന്നു എന്നുള്ള പ്രതിവാക്യം വളരെ പുരാതനമാണ്. സുറിയാനി സഭയ്ക്ക് ദൈവവചനത്തെപ്പറ്റിയുണ്ടായിരുന്ന ഗാഢമായ മതിപ്പാണ് ഇത് കാണിക്കുന്നത്.

മേൽപ്പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുമ്പോൾ ഇടതു കൈയ്യിൽ അംശവടിയും വലതുകൈയ്യിൽ സ്ലീബായും പിടിച്ചിരിക്കും. വായന നടത്തുമ്പോൾ ശിരസ്സിൽനിന്ന് ശീലമൂടി പുറകോട്ടു മാറ്റിയി ടും. ഇത് സീനായ് മലയിൽ വച്ച് മോശ ചെയ്തിരുന്നതിനെ അനുസ്മ രിച്ചാണ്. മോശ ദൈവത്തെ ദർശിച്ചപ്പോൾ മുഖം പ്രകാശമാനമായി. അതിനാൽ ന്യായപ്രമാണത്തെപ്പറ്റി മോശ ഇസ്രായേല്യരോടു സംസാ രിക്കുമ്പോൾ ഒരു മൂടുപടംകൊണ്ട് തന്റെ മുഖം മറച്ചിരുന്നു. ദൈവ ത്തോടു സംസാരിക്കുമ്പോൾ ആ മൂടുപടം മാറ്റിയിരുന്നു (പുറ 34: 33-35). മോശയെ അനുകരിച്ചാണ്, മോശയുടെ സ്ഥാനത്തുള്ള മേല്പ ട്ടക്കാരൻ സുവിശേഷം വായിക്കുമ്പോൾ ശീലമുടി പുറകോട്ടുമാറ്റുന്ന ത്. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്ക് എഴുതിയ രണ്ടാം ലേഖ നത്തിൽ മോശയുടെ മൂടുപടത്തെക്കുറിച്ച് പരാമർശമുണ്ട്(3:12-18). ആരെങ്കിലും കർത്താവിലേക്കു തിരിയുമ്പോൾ ആ മൂടുപടം നീക്ക പ്പെടുന്നു (2 കോറി 3,16).

സുവിശേഷവായന കഴിഞ്ഞ്, കാർമ്മികൻ ത്രോണോസിങ്കൽ തിരിച്ചുചെന്ന്, ആരാധനാസമൂഹം ശ്രവിച്ച തിരുവചനത്തെപ്രതി നന്ദി പറയുന്ന പ്രാർത്ഥന രഹസ്യത്തിൽ ചൊല്ലുന്നു. ഏവൻഗേലിയോനു ശേഷമുള്ള ഗാനത്തിനു പകരമായി ജനം ഇതു ചൊല്ലുന്ന പതിവ് മല ങ്കര സഭയിലുണ്ട്.

> ഞങ്ങൾക്കു നൽകിയ ജീവദായകമായ വചനങ്ങൾക്കുവേണ്ടി കർത്താവേശുമിശിഹായ്ക്കും, ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി അവനെ അയച്ച പിതാവിനും, ഞങ്ങൾക്കു ജീവൻ നൽകുന്ന ജീവനുള്ള പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും ആരാധനയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

വളരെ അർത്ഥഗർഭവും സുന്ദരവുമായ ഒരു പ്രാർത്ഥനയാണിത്. പിതാവ് തന്റെ വചനമായ ക്രിസ്തുവിനെ ലോകത്തിലേക്കയച്ചു. വചനമായ മിശിഹാതമ്പുരാൻ പിതാവിന്റെ തിരുവചനം മനുഷ്യർക്കു നൽകി. പരിശുദ്ധാത്മാവ് ആ ദൈവവചനത്തെ ആരാധകരിൽ സജീവമാക്കുകയും ആന്തരീകരിക്കുകയും ചെയ്യുന്നു. അന്യഥാ പറഞ്ഞാൽ ദൈവവചനം പിതാവിൽനിന്ന് പുറപ്പെട്ട് പുത്രനിലൂടെ പരിശുദ്ധാത്മാവിൽ പൂർണ്ണമാകുന്ന ദൈവനിവേശനമാണ്. തിരുവചനം ശ്രവിക്കുന്നവർ പിതൃപുത്ര പരിശുദ്ധാത്മാവായ ത്രിയേക ദൈവത്തിൽ ഐക്യപ്പെടുന്നു. ത്രിത്വകേന്ദ്രീകൃതമായ സുറിയാനിസഭാ ദൈവശാസ്ത്രത്തിന് ഒരു ഉദാഹരണമത്രെ ഈ ചെറിയ പ്രാർത്ഥന.

ഏവൻഗേലിയോൻ വായിച്ചുകഴിഞ്ഞാലുടൻ കാർമ്മികൻ രണ്ടു കൈകളിലും വേദപുസ്തകമെടുത്ത് ചുംബിക്കുന്നു. ദൈവവചനത്തോടുള്ള ഭയഭക്തി ബഹുമാനാദരവുകളും, വചനംവഴി നിർദ്ദേശിക്കപ്പെടുന്നതെന്തൊ അവ ചെയ്യുന്നതിനുള്ള സമ്മതവും പ്രകടമാക്കാനാണ് ഇപ്രകാരം ചെയ്യുന്നത്. താൻ വായിച്ചുകേൾപ്പിച്ച ദൈവവചനം മനസ്സാ വാചാ കർമ്മണാ അനുഷ്ഠിപ്പാൻ താൻ അത്യുത്സാഹപൂർവ്വം ശ്രമിക്കുമെന്ന് മൂകഭാഷയിൽ പ്രഖ്യാപിക്കുകയാണ് ഇതുവഴി. അതായത്, വായിച്ച കാര്യങ്ങൾ മനസ്സിൽധ്യാനിക്കുകയും, പ്രസംഗം മൂലം മറ്റുള്ളവരെ പഠിപ്പിക്കുകയും തന്റെ മാതൃകാപരമായ ജീവിതംവഴി മറ്റുള്ളവർക്ക് സാക്ഷ്യം വഹിക്കുകയും ചെയ്തുകൊള്ളാമെന്നുള്ള നിശ്ചയത്തിന്റെ ഒരു സൂചനകൂടിയാണീ ചുംബനം. ദൈവവചന പാരായണത്തിന്റെ ഫലമാകട്ടെ പാപജീവിതത്തിൽനിന്ന് മാനസാന്തര ജീവിതത്തിലേക്കുള്ള നമ്മുടെ തീർത്ഥാടനമാണ്.

ആരാധനക്രമവത്സരത്തിലെ കാലത്തിനനുയോജ്യമായ ഗാനം സമൂഹം പാടുമ്പോഴാണ് കാർമ്മികൻ രഹസ്യപ്രാർത്ഥന ചൊല്ലുന്നത്. തുടർന്ന് കാർമ്മികൻ സുവിശേഷപ്രസംഗം നടത്തുന്നു. കുർബാനയിലൂടെയുള്ള തീർത്ഥാടനത്തിൽ സുവിശേഷപ്രസംഗത്തിനുള്ള സ്ഥാനം ഒട്ടും അപ്രധാനമല്ല. ദൈവവചനം വ്യാഖ്യാനിച്ചുകൊടുക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇക്കാര്യത്തിൽ സഭയുടെ ഔദ്യോഗിക വക്താവാണ് കാർമ്മികൻ. വിശ്വാസരഹസ്യങ്ങളും, ക്രിസ്തീയജീവിതത്തിനു മാർഗ്ഗദർശകങ്ങളായ തത്ത്വങ്ങളും പ്രസംഗംവഴി കാർമ്മികൻ ആരാധനാസമൂഹത്തിനു വിവരിച്ചുകൊടുക്കുന്നു. വി.കുർബാനയുടെ ഒരു ഭാഗം തന്നെയാണ് പ്രസംഗം. ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും വിശ്വാസികളുടെ സഹകരണത്തോടെ നടത്തപ്പെടുന്ന കുർബാനയിൽ ഗൗരവമായ കാരണംകൂടാതെ പ്രസംഗം ഉപേക്ഷിക്കരുതെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ അനുശാസിക്കുന്നു[21].

## രഹസ്യങ്ങളുടെ പ്രവേശനം

പ്രസംഗശേഷം ശമ്മാശൻ ചൊല്ലുന്ന *കോറുസൂസൊായും*[22] (ലുത്തിനിയാ) അതിന്റെ അവസാനം അയോഗ്യരെ പിരിച്ചുവിടുന്ന ക്രമവും[23] പ്രാചീന സഭയിൽ നിലനിന്നിരുന്നതായി രണ്ടാംശതകത്തിലെ വി.ജസ്റ്റിനും മറ്റുസഭാപിതാക്കന്മാരും സാക്ഷിക്കുന്നു. സ്നാനാർത്ഥികളുടെ കുർബാന (വചനശുശ്രൂഷ) അവസാനിപ്പിച്ചിരുന്നത് ഇവ രണ്ടും കൊണ്ടായിരുന്നു[24]. മുൻകാലങ്ങളിൽ ഇവ ഉണ്ടായിരുന്നതായി നമ്മുടെ കുർബാനഭാഷ്യക്കാരായ ഉറഹായിലെ മാർ യാക്കോബും, അറബികളുടെ മെത്രാനായ മാർ ഗീവർഗീസും മോശെ ബർ കേഫായും മാർ ദീവന്നാസ്യോസ് ബർസ്ലീബിയും തങ്ങളുടെ കൃതികളിൽ സാക്ഷിക്കുന്നുണ്ട്. 7-ാം ശതകം മുതൽ ഏതാനും സ്ഥലങ്ങളിൽ ഇവ നിന്നുപോ

21. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനാക്രമം 52.
22. അറിയിപ്പ്, പ്രഖ്യാപനം എന്നൊക്കെയാണ് സുറിയാനി പദത്തിന്റെ അർത്ഥം. ആരാധനക്രമത്തിൽ വിശ്വാസികളുടെ പ്രാർത്ഥന, സാർവത്രിക പ്രാർത്ഥന എന്നൊക്കെയാണ് ഉപയോഗിക്കുന്നത്. നമുക്കുവേണ്ടി രക്ഷാകരകർമ്മം നിർവ്വഹിച്ച വചനമായ ദൈവത്തോട് അപേക്ഷിക്കാനും യാചിക്കാനും ശെമ്മാശൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നു. ഇതാണ് കോറൂസൂസോയ്ക്ക് മോശ ബർകേഫാ കൊടുക്കുന്ന അർത്ഥം. കൂദാശാ ഭാഷ്യം പേജ് 9.
23. സ്നാനാർത്ഥികൾ, പ്രായശ്ചിത്തം അനുഷ്ഠിക്കുന്ന പരസ്യപാപികൾ, പിശാചുബാധിതർ ആദിയായി അഞ്ചു വകുപ്പിൽപ്പെട്ട അയോഗ്യരെ ശമ്മാശൻ പുറത്താക്കി വാതിൽ അടച്ചിരുന്നു. വിശ്വാസപ്രമാണത്തിന്റെ സമയത്ത് ശുശ്രൂഷകൻ ധൂപകലശവുമായി പള്ളിയുടെ പടിഞ്ഞാറെ വാതിൽവരെ പോകുന്നത് അവിശ്വാസികളെയും അയോഗ്യരെയും പറഞ്ഞയയ്ക്കാൻ കൂടിയായിരുന്നു.
24. I.H.Dalmais Eastern Liturgies Page 83

യതായും 13-ാം ശതകമായപ്പോഴേക്കും എല്ലാസ്ഥലങ്ങളിലും നിശ്ശേഷം ഇല്ലാതായി എന്നും വ്യക്തമാണ്. അർത്ഥികളുടെ കുർബാനയും വിശ്വാസികളുടെ കുർബാനയും തമ്മിലുള്ള വേർതിരിവ് അപ്രത്യക്ഷമായതാണ് ഇതിനുകാരണം. മാമോദീസായ്ക്കുവേണ്ടി അർത്ഥികളെ ഒരുക്കുന്നപതിവ് (Catechumenate) ഇടക്കാലത്ത് നിന്നുപോയതുകൊണ്ട്, മാമോദീസാ സ്വീകരിച്ചിട്ടില്ലാത്തവർക്കും ഇന്ന് കുർബാനയുടെ ആദ്യന്തം പങ്കുകൊള്ളുന്നതിന് യാതൊരു തടസവുമില്ല. വി. കുർബാനയൊഴിച്ചുള്ള പല ശുശ്രൂഷകളിലും ഏവൻഗേലിയോനു ശേഷമുള്ള *കോറുസൂസൊ* ഇന്നും നമ്മുടെ സഭയിൽ നിലവിലുണ്ട്.

മഹദ്പ്രവേശനമാണ് (Great Entrance) ബലിയർപ്പണത്തിനുള്ള അടുത്തഒരുക്കം. കുർബാനയ്ക്കുള്ള ബലിവസ്തുക്കളുടെ ആഘോഷപൂർവ്വമായ പ്രദക്ഷിണമാണ് മഹദ്പ്രവേശനം. 7-ാം നൂറ്റാണ്ടുവരെ കുർബാനയ്ക്കുള്ള അപ്പവും വീഞ്ഞും വിശ്വാസികൾ മദ്ബഹായുടെ വടക്കുവശത്തുള്ള ചമയമുറിയിൽ ശമ്മാശനെ ഏല്പ്പിക്കുകയായിരുന്നു പതിവ്. ശമ്മാശൻ അവ ഒരുക്കമേശയിൽ സജ്ജീകരിക്കുകയും ആഘോഷമായി മദ്ബഹായിലേക്കു കൊണ്ടുവന്ന് കാർമ്മികനെ ഏല്പിക്കുകയും ചെയ്തിരുന്നു. മുൻ കാലങ്ങളിൽ അവ മദ്ബഹയിൽ നിന്ന് ഹൈക്കലായിലേക്കും വീണ്ടും മദ്ബഹായിലേക്കും പ്രവേശിപ്പിച്ചിരുന്നു. ഇതാണ് മഹദ്പ്രവേശനം എന്നറിയപ്പെട്ടിരുന്നത്. ഇത് ബഥാനിയായിൽ നിന്ന് ജറുസലേമിലേക്കുള്ള ക്രിസ്തുവിന്റെ അന്ത്യയാത്രയെ അനുസ്മരിപ്പിക്കുന്നു. വളരെ അർത്ഥവത്തായ വ്യാഖ്യാനമാണ് മോശെ ബർകേഫാ ഇതിനു നല്കുന്നുണ്ട്.

> വചനമായ ദൈവം ഇറങ്ങിവന്ന്, മനുഷ്യനായി ത്തീർന്നെന്നും, ലോകത്തിൽ വ്യാപരിച്ചെന്നും നമുക്കുവേണ്ടി രക്ഷാകർമ്മം നിർവ്വഹിച്ചെന്നും അതിനുശേഷം ക്രൂശിലേറി എന്നും തന്റെ പിതാവിന്റെ പക്കലേക്ക് എടുക്കപ്പെട്ടെന്നും കാണിക്കാനാണ് വിശുദ്ധ രഹസ്യങ്ങൾ മദ്ബഹായിൽ നിന്ന് ക്രമമായി ഹൈക്കലായിലേക്കും തിരികെ മദ്ബഹായിലേക്കും കൊണ്ടുവരുന്നത്[25].

25. കൂദാശാഭാഷ്യം പേജ് 13-14





ആഘോഷമായ ഈ പ്രവേശനം ഇന്ന് അപ്രായോഗികമായി ത്തീർന്നിരിക്കുന്നു. കാരണം വിപുലമായ ഒരുക്കശുശ്രൂഷകൾ വഴി കാഴ്ചവസ്തുക്കൾ ത്രോണോസിൽ സജ്ജീകരിച്ചു കഴിഞ്ഞിരിക്കുന്നു. എങ്കിലും ഇതിന്റെ സൂചനകൾ ഇപ്പോഴും നമ്മുടെ തക്സായിലുണ്ട്.

1. കുർബാനയുടെ ഈ ഭാഗത്തിന് മായൽത്തോ ദ്റോസെ (രഹസ്യങ്ങളുടെ പ്രവേശനം) എന്ന് ശീർഷകം കൊടുത്തിരിക്കുന്നു.
2. ഈ സമയത്തെ സെദറായ്ക്ക് പ്രവേശനത്തിന്റെ സെദറാ എന്നത്രെ പേര്.
3. പ്രവേശന സൂചകമായി വിശ്വാസപ്രമാണത്തിനുശേഷം അതുവരെ ത്രോണോസിന്റെ ദർഗായ്ക്കു താഴെ നിന്നിരുന്ന കാർമ്മികൻ ഈ സമയം ദർഗായിൽ കയറി നിൽക്കുന്നു.
4. സുവിശേഷാനന്തരമുള്ള ഗാനം ഒരു പ്രദക്ഷിണഗീതമാണ്. പലതിലും ബലി എന്ന ആശയത്തിനു പ്രാധാന്യം കൊടുത്തിരിക്കുന്നു.

## പാപ പരിഹാരപ്രാർത്ഥനകൾ

പാപക്ഷമ ലഭിക്കാതെ ആരും വിശുദ്ധ രഹസ്യങ്ങളെ സമീപിക്കാൻ പാടില്ല, അത് അസാദ്ധ്യവുമാണ്. അതിനാൽ ബലി അർപ്പിക്കുന്നതിന് മുമ്പ് ഹുസോയൊ പ്രാർത്ഥനകൾ എന്നറിയപ്പെടുന്ന *പ്രുമിയോൻ, ഹുസോയോ, സെദറാ, ഹുത്തോമ്മൊ*[26] എന്നിവ ഒന്നിനു പിറകേ ഒന്നായി കാർമ്മികൻ ചൊല്ലുന്നു. വിവിധങ്ങളായ പ്രുമിയോൻ സെദറാകളുടെ ഒരു വലിയ സമ്പത്തുതന്നെ മലങ്കരസഭയ്ക്കുണ്ട്.

വിശ്വാസികളുടെ കുർബാന ആരംഭിക്കാൻ പോകുന്നു എന്നു സൂചിപ്പിച്ചുകൊണ്ട് ശുശ്രൂഷകൻ *സ്തൗമെൻ കാലോസ്* എന്നുചൊല്ലി ജനത്തെ പ്രാർത്ഥനയ്ക്കായി ഒരുക്കുന്നു. നമുക്കു നന്നായി നില്ക്കാം എന്നാണ് ഈ ഗ്രീക്കു വാക്കുകളുടെ അർത്ഥം. ആരാധകർ കൂടുതൽ ഭയഭക്ത്യാദരവുകളോടെ നില്ക്കേണ്ടതായ ഒരവസരം ആസന്നമായിരിക്കുന്നു എന്ന് ഈ ഉദ്ബോധനം സ്പഷ്ടമാക്കുന്നു. കർത്താവേ ഞങ്ങളോടു കരുണയുണ്ടാകണമേ എന്നർത്ഥമുള്ള *കുറിയേലായി*

26. പേജ് 168 അടിക്കുറിപ്പ് 17

*സോൻ* എന്നു ജനം പ്രതിവാക്യമായി ചൊല്ലുന്നു. സന്ദർഭത്തിന്റെ ഗൗരവം ശരിയായി മനസ്സിലാക്കുന്നു എന്ന് ഏറ്റുപറയുകയും അതനുസരിച്ച് പ്രവർത്തിപ്പാൻ പ്രാപ്തി തരണമെന്നു അപേക്ഷിക്കുകയുമാണ് ഇതുവഴി ചെയ്യുന്നത്.

*പ്രുമിയോന്റെ* വാച്യാർത്ഥം മുഖവുര, ആമുഖം എന്നൊക്കെയാണ്. ഇത് പ്രാരംഭവിവരണവും സ്തുതിപ്പുമാണ്. ക്രിസ്തുവിന് സ്തുതിയർപ്പിക്കുന്ന മുഖവുര പ്രാർത്ഥനയാണ് *പ്രുമിയോൻ*. നമ്മുടെ പരിത്രാണാർത്ഥം, മനുഷ്യാവതാരം ചെയ്യുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും സുവിശേഷപ്രഘോഷണം നടത്തുകയും ക്രൂശിലേറി മരിക്കയും ഉയിർത്തെഴുന്നേറ്റ്, സ്വർഗ്ഗാരോഹിതനായി പിതൃവലഭാഗത്തിരിക്കയും ചെയ്യുന്ന നമ്മുടെ കർത്താവിനെയത്രെ പ്രുമിയോനിൽ അനുസ്മരിക്കുന്നത്. സെദറായിലെ അപേക്ഷകളുടെ ഏകദേശരൂപം ശ്രോതാക്കൾക്കു ലഭിക്കത്തക്ക രീതിയിൽ അതിന്റെ സംഗ്രഹമാണ് പ്രുമിയോൻ. അതിനെതുടർന്ന് കബറിൽനിന്ന് അവൻ ഉയിർത്തു എന്നു പറഞ്ഞുകൊണ്ട് നേരത്തെ മടക്കിവച്ചിരുന്ന ശോശപ്പായുടെ കോണ് നിവർത്തിയിട്ടശേഷം മുത്തുന്നു. തുടർന്ന് കാർമ്മികൻ ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുന്നു. സാധാരണമായി ശുശ്രൂഷകൻ ധൂപം വീശുന്നുവെങ്കിലും ധൂപാർപ്പണം വൈദികപദവിയിലുള്ളവരുടെ ധർമ്മമാണ്. കാർമ്മികന്റെ ആൾ പേരായിട്ടാണ് ശുശ്രൂഷകൻ ധൂപം വീശുന്നത്. ഇത് വ്യക്തമാക്കാനാണ് കാർമ്മികൻ തന്നെ ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇട്ടശേഷം കൈമുത്തിച്ച് (കൈ നെറ്റിയിൽ വച്ച്) ശുശ്രൂഷകനെ ധൂപാർപ്പണത്തിന് അധികാരപ്പെടുത്തുന്നത്[27].

*പ്രുമിയോനും സെദറായും* മാറിമാറി വരുമെങ്കിലും മാറ്റമില്ലാത്തതാണ് *ഹൂസോയൊ* പ്രാർത്ഥന. ജീവനോടിരിക്കുന്നവർക്കും മരിച്ചുപോയവർക്കും വേണ്ടി കടങ്ങളുടെ മോചനവും പാപങ്ങളുടെ പരിഹാരവും[28] യാചിക്കുന്നതും ധൂപാർപ്പണത്തോടുകൂടി നടത്തുന്നതുമായ

27. വൈദികപട്ടം കൊടുക്കുന്ന ശുശ്രൂഷയുടെ അവസാനഭാഗത്ത് അംശവസ്ത്രങ്ങൾ അണിഞ്ഞശേഷം നവവൈദികൻ ആദ്യം ചെയ്യുന്നത് പ്രുമിയോൻ വായിച്ച് ധൂപം വീശുകയാണ്.

28. കടങ്ങളുടെ മോചനവും പാപപരിഹാരവും എന്ന മലങ്കര ആരാധനയിലെ ശൈലി പ്രത്യേക അർത്ഥമുള്ളതാണ്. ദൈവത്തിനും സഹോദരനും വേണ്ടി ചെയ്യാൻ കടപ്പെട്ടിരിക്കുന്നത് ചെയ്യാത്തതാണ് കടം. ദൈവത്തിനും അയൽക്കാരനുമെതിരായി ചെയ്യരുതാത്തത് ചെയ്യുന്നതാണ് പാപം. രണ്ടും ക്ഷമിക്കാനാണ് നാം പ്രാർത്ഥിക്കുന്നത്.





വലിയ പ്രാർത്ഥനയാണിത്. ക്രിസ്തുവിനെ പുരോഹിതനും യാഗവസ്തുവുമായി വീക്ഷിക്കുന്ന പ്രാചീനപാരമ്പര്യത്തിനനുസരണമായി ഈ പ്രാർത്ഥനയിൽ ക്രിസ്തുവിനെ പാപപരിഹാരവും പരിഹാരകനും എന്നു വിളിക്കുന്നു. കരുണാവാരിധിയായ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹവും, അവിടുത്തെ ക്ഷമയുടെ പരിപൂർണ്ണതയും ഈ പ്രാർത്ഥന പ്രഖ്യാപിക്കുന്നു. നമ്മുടെ പാപങ്ങൾ ഓർമ്മയിൽ നിന്നു കൂടി നീക്കിക്കളയുന്നവനാണ് ദൈവം (ജറെ 31:34; ഏശ 43:25; 44:22). തിന്മകൾ ക്ഷമിക്കുന്നവനും വിസ്മരിക്കുന്നവനുമായ ദൈവമായ കർത്താവേ എന്ന് സംബോധനചെയ്താണ് പ്രാർത്ഥന ആരംഭിക്കുന്നത്. ക്രിസ്തീയ അന്ത്യത്തെക്കുറിച്ച് നമ്മെ അനുസ്മരിപ്പിച്ചുകൊണ്ട് പ്രാർത്ഥന അവസാനിക്കുന്നു. ഞങ്ങൾ നിനക്ക് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഇവിടെ വ്യത്യസ്തങ്ങളായ മൂന്നു സമയങ്ങളെയാണ് ഉദ്ദേശിക്കുന്നത്.

1. ഇപ്പോഴും (*ഹോശൊ*) ആരാധന നടക്കുന്ന സമയം
2. എല്ലാ സമയത്തും *(ബ്കുല്സ്ബാൻ)* ജീവിതകാലം മുഴുവനും.
3. എന്നേക്കും (*ല്ഓലംഒൽമീൻ*) മരണശേഷം മാലാഖമാരോടും വിശുദ്ധരോടും ചേർന്ന് നിത്യമായി ക്രിസ്തുവിനു സ്തുതിയർപ്പിക്കുന്നത് ഭൂമിയിലും, ശുദ്ധീകരണസ്ഥലത്തും സ്വർഗ്ഗത്തിലും ഏകശരീരമായി ഏകമണവാട്ടിയായിരിക്കുന്ന സത്യേകസഭയത്രെ. തീർത്ഥാടകരായ നാം വിജയസഭയോടും സഹനസഭയോടും ചേർന്നാണ് ആരാധന നടത്തുന്നത്.

തുടർന്ന് കാർമ്മികൻ പ്രവേശന *സെദറാ* ചൊല്ലുന്നു. *സെദറാ* എന്ന സുറിയാനി പദത്തിന് നിരകൾ എന്നർത്ഥമാകുന്നു. പല ചെറിയ അപേക്ഷകൾ ഒന്നായി കൂട്ടിയിണക്കിയ ഒരു അപേക്ഷയാകയാൽ ഇതിന് ഈ പേരു കിട്ടി. ജറുസലേം ദേവാലയത്തിന്റെ പ്രതിഷ്ഠാവേളയിൽ യാഗപീഠത്തിനു മുമ്പിൽനിന്ന് സോളമൻ ചൊല്ലിയ പ്രാർത്ഥനയെ (1 രാജാ 8:22-53; 2 ദിനവൃ6:14-42) സെദറാ അനുസ്മരിപ്പിക്കുന്നു. പ്രാസം ഒപ്പിച്ചുള്ള വർണ്ണനകളും സ്തുതികളും അപേക്ഷകളും ഒന്നിനുപിന്നാലെ ഒന്നായി നിരത്തിവച്ചിരിക്കുകയാണ് സെദറായിൽ. മനോഹര വർണ്ണനകളും ഹൃദയസ്പർശിയായ ആശയങ്ങളും മനം കവരുന്ന വാചാവിലാസവും സെദറാകളുടെ പ്രത്യേകതയാണ്. ബലിഅർപ്പി

ക്കുന്ന വൈദികനിലും കർത്താവിന്റെ ശരീരവും രക്തവും ആയിത്തീരേണ്ട അപ്പത്തിലും വീഞ്ഞിലും ആരാധനാസമൂഹത്തിലും പരിശുദ്ധാത്മാവിന്റെ ആവാസം ഉണ്ടാകുന്നതിനുള്ള അപേക്ഷയും സെദറായിലുണ്ട്. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര രഹസ്യങ്ങളെ ഓർത്ത് തന്നെ മഹത്വപ്പെടുത്തുകയും കുർബാനയുടെ അർത്ഥവും മഹത്വവും പട്ടക്കാരന്റെ അയോഗ്യതയും വർണ്ണിക്കുകയും ചെയ്യുന്ന സെദറാകളുമുണ്ട്. ബുദ്ധിയെയും മനസ്സിനെയും ഉണർത്തുകയും ദൈവത്തിങ്കലേക്ക് ഉയർത്തുകയും ചെയ്യുന്ന സെദറാകൾ മനോഹരമായ പ്രാർത്ഥനയാണെന്നതുപോലെ കുർബാനയുടെ മൂന്നാംഭാഗമായ *അനാഫോറാ* (ബലിയർപ്പണം) യിലേക്കുള്ള പ്രവേശനകവാടമായി വർത്തിക്കുകയും ചെയ്യുന്നു. *കർത്താവ് അങ്ങയുടെ ശുശ്രൂഷകൈക്കൊള്ളുകയും അങ്ങയുടെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുകയും ചെയ്യട്ടെ* എന്ന് ജനം പ്രതിവചിക്കുന്നു. അപ്പോഴാണ് കർമ്മി പൊതുവായ പാപമോചന പ്രാർത്ഥന ചൊല്ലുന്നത്.

*ദൈവത്തിൽ നിന്ന് കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടു ലോകങ്ങളിലും എന്നേക്കും നാം പ്രാപിക്കുമാറാകട്ടെ.*

പാപപരിഹാര പ്രാർത്ഥനകളുടെ സമാപനമായ *ഹുത്തോമ്മൊ* യാണിത്. ബലിയർപ്പണത്തിനു മുമ്പ് ആരാധനാസമൂഹത്തിനു പൊതുവായി പാപമോചനം നൽകിയിരുന്ന ആദിമസഭയുടെ പാരമ്പര്യത്തിന്റെ തുടർച്ചയാണിത്.

## ധൂപക്കുറ്റി വാഴ്വ്[29]

പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാണ് ഈ ശുശ്രൂഷ. പരിശുദ്ധ ത്രിത്വം പരസ്യമായി ആദ്യം വെളിപ്പെട്ടത് യോർദ്ദാൻ നദിയിൽ വച്ചായിരുന്നതിനാൽ നമ്മുടെ കർത്താവിന്റെ മാമോദീസായെ ഇത് അനുസ്മരിപ്പിക്കുന്നു. ധൂപക്കുറ്റി സഭയുടെ പ്രതീകമായാൽ, ധൂപക്കുറ്റി വാഴ്വ് സഭയുടെ ശുദ്ധീകരണത്തെയും സൂചിപ്പിക്കുന്നു. കാർമ്മികൻ തെക്കോട്ടു തിരിയുമ്പോൾ ശുശ്രൂഷകൻ ധൂപക്കുറ്റിയുമായി കാർമ്മികനെ അഭിമുഖീകരിച്ചു നിൽക്കുന്നു. ജറുസലേമിനും അന്ത്യോക്യയ്ക്കും തെക്കുള്ള യോർദ്ദാൻ നദിയിൽവച്ചാണ്

29. പേജ് 81, 83 നോക്കുക





കർത്താവിന്റെ മാമോദീസാ നടന്നത്. അതുകൊണ്ടാണ് ധൂപക്കുറ്റി വാഴ്വിനായി കാർമ്മികൻ തെക്കോട്ടു തിരിഞ്ഞു നിൽക്കുന്നത്.

കാർമ്മികൻ ധൂപക്കുറ്റിയുടെ ബാഹ്യചങ്ങലകളിൽ ഒന്നിന്റെ മദ്ധ്യത്തിൽ ഇടതുകരംകൊണ്ടു പിടിച്ച് വലതുകരത്തിലെ മൂന്നുവിരലുകൾ ചേർത്തുപിടിച്ച് പരിശുദ്ധനായ പിതാവ് പരിശുദ്ധൻ എന്നു പാടിക്കൊണ്ട് ധൂപക്കുറ്റിയിൽ കുരിശാകൃതിയിൽ റൂശ്മാ ചെയ്യുകയും ഇടതുകൈയിലിരിക്കുന്ന ചങ്ങലയുടെ മദ്ധ്യത്തിൽനിന്നും അല്പം മുകളിലായി തൊടുകയും ചെയ്യുന്നു. ജനം ആമ്മീൻ എന്നു പറയുന്നതല്ലാതെ കുരിശുവരയ്ക്കുന്നില്ല. തുടർന്ന് കാർമ്മികൻ ബാഹ്യചങ്ങലകളിൽ പുത്രന്റെ ദൈവത്വത്തെ സൂചിപ്പിക്കുന്ന രണ്ടാമത്തെയും മേൽമൂടി തൂങ്ങിക്കിടക്കുന്ന പുത്രന്റെ മനുഷ്യത്വത്തെ സൂചിപ്പിക്കുന്ന നാലാമത്തെ ചങ്ങലയും ഇടതുകരത്തിൽ ആദ്യത്തേതിനോട് ഒരുമിച്ച് ചേർത്തുപിടിച്ചതിനുശേഷം നേരത്തെ ചെയ്തതുപോലെ *റൂശ്മാ* ചെയ്യുകയും മുമ്പു തൊട്ട സ്ഥാനത്തും അല്പം താഴെയും തൊടുകയും ചെയ്യുന്നു. പുത്രൻ പിതാവിൽ നിന്നു ജനിച്ചവനാണ് എന്നു കാണിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. അപ്പോൾ പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ എന്നു പാടുന്നു. അനന്തരം നാലാമത്തെ ചങ്ങല മറ്റുമൂന്നു ചങ്ങലകളോടു ചേർത്തുപിടിച്ച് ജീവപ്രദനായ പരിശുദ്ധ റൂഹാ പരിശുദ്ധൻ എന്നു പാടി വീണ്ടും റൂശ്മാ ചെയ്യുന്നത്. വലതുകരം മുമ്പുതൊട്ട രണ്ടു സ്ഥലങ്ങളിലും തൊട്ടിട്ട് ചങ്ങലയുടെ താഴത്തെ അറ്റത്തു സ്പർശിക്കുന്നു. ഇങ്ങനെ ചെയ്യുന്നച് പരിശുദ്ധാത്മാവ് പിതാവിൽനിന്ന് പുറപ്പെട്ട് പുത്രനിൽനിന്നു സ്വീകരിക്കുന്നവനാകുന്നു എന്നു സൂചിപ്പിക്കാനാണ്. തുടർന്ന് വലതുകൈ രണ്ടുപ്രാവശ്യം മുകളോട്ടു ചുറ്റിച്ച് മൂന്നാംതവണ തിരിച്ച് താഴോട്ടു ചുറ്റിച്ച് മുമ്പിൽ വരുമ്പോൾ താഴത്തെ തട്ടിൽ കൈമുട്ടിച്ച് വാഴ്വ് അവസാനിപ്പിക്കുന്നു. അനന്തരം ശുശ്രൂഷകനിൽനിന്ന് ധൂപക്കുറ്റി വാങ്ങി, ത്രോണോസിനും ഏവൻഗേലിയോൻ മേശയ്ക്കും, മദ്ബഹായിലുള്ളവർക്കും പടിഞ്ഞാറോട്ടു തിരിഞ്ഞ് ആരാധനാസമൂഹത്തിനും വീശുന്നു. അപ്പോൾ, സഭയിൽ നിത്യമായി വസിച്ച് അതിനെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ വ്യക്തമാക്കുന്ന പ്രഖ്യാപനം നടത്തുന്നു.

*അവൻ നമ്മുടെയും നമ്മുടെ പിതാക്കന്മാരുടെയും സഹോദരങ്ങളുടെയും നേതാക്കന്മാരുടെയും ഗുരുക്കന്മാരുടെയും മരിച്ചു*

*പോയവരുടെയും വിശുദ്ധ സഭയുടെ മക്കളും വിശ്വാസികളു മായ സകല പരേതരുടെയും ആത്മാക്കളിൽ എന്നുമെന്നേക്കും രണ്ടു ലോകങ്ങളിലും മനസ്സലിവുതോന്നി പാപിയായ ഈ ദാസന്റെ ധൂപത്തെ ശുദ്ധീകരിക്കുന്നവനാകുന്നു.*

ധൂപക്കുറ്റി വാഴ്വിൽ നാം ദർശിക്കുന്ന കാർമ്മികന്റെ കര ച ലനങ്ങളെല്ലാം പ്രതീകാത്മകങ്ങളാണ്. ധൂപക്കുറ്റിയുടെ തട്ടുകൾക്കു ചുറ്റും വലതുകൈ മൂന്നുപ്രാവശ്യം ചുറ്റുന്നതിന്റെ അർത്ഥമിതാണ്. ധൂപ ക്കുറ്റി നോഹയുടെ പെട്ടകത്തെ സൂചിപ്പിക്കുന്നു. സുറിയാനി സഭാപി താക്കന്മാർ സഭയെ നോഹയുടെ പെട്ടകത്തോട് സാദൃശ്യപ്പെടുത്തി യിട്ടുണ്ട്. നോഹയും കുടുംബവും പക്ഷിമൃഗാദികളും ജലപ്രളയകാ ലത്ത് സഞ്ചരിച്ചിരുന്ന പെട്ടകത്തിൽനിന്ന്, ഭൂമിയിൽ വെള്ളിമിറങ്ങിയോ എന്നറിയാൻ മൂന്നുപ്രാവശ്യം പ്രാവിനെ വിട്ടതായി ഉൽപത്തിപുസ്ത കത്തിൽ (8:8–12) രേഖപ്പെടുത്തിയിട്ടുണ്ട്. ധുപക്കുറ്റിയ്ക്കു മൂന്നുതവണ വൃത്തംവയ്ക്കുന്ന പതിവ് പ്രാവിന്റെ മൂന്നു പറക്കലിനെയാണ് സൂചി പ്പിക്കുന്നത്. വേദപുസ്തകത്തിൽ പരിശുദ്ധാത്മാവിന്റെ പ്രതിരൂപമാ യിട്ടത്രെ പ്രാവിനെപ്പറ്റി പറയുന്നത് (മത്താ 3:16; മർക്കോ 1:10; ലൂ 3:22; യോഹ1:32). നോഹയുടെ പെട്ടകത്തിൽ നിന്നുള്ള പ്രാവിന്റെ ഒന്നാ മത്തെ പറക്കലിനു തുല്യമായി പരിശുദ്ധാത്മാവിന്റെ ഒന്നാമത്തെ പറ ക്കൽ യുഗാരംഭത്തിൽ പ്രപഞ്ചസൃഷ്ടിയിൽ നാം കാണുന്നു.

> ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴത്തിനുമു കളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്നു (ഉൽപ 1:1–2; *cfr RSV Bible*).

ഇതനുസ്മരിപ്പിക്കുന്നതാണ് ധൂപക്കുറ്റിക്കുചുറ്റും കാർമ്മികൻ വരയ്ക്കുന്ന ഒന്നാമത്തെ വൃത്തം. രണ്ടാമത്തെ പറക്കലിൽ പ്രാവ് ഒലി വിലയുമായി പെട്ടകത്തിൽ തിരുച്ചുവരുന്നു (ഉൽപ 8:11). ഇതിനു സമാ നമായി രക്ഷാകരചരിത്രത്തിൽ, പരിശുദ്ധാത്മാവായ പ്രാവിന്റെ പറ ക്കൽ നസ്രേത്തിൽ കന്യക മറിയാമിന്റെ പക്കലേക്കാണ് (ലൂ 1:35). ഒലിവില നമ്മുടെ കർത്താവിന്റെ പ്രതിരൂപമായിരുന്നു. മനുഷ്യവംശ ത്തിന്റെ പ്രത്യാശയാണ് ഒലിവില സൂചിപ്പിക്കുന്നത്. അത് ക്രിസ്തു





വിന്റെ മനുഷ്യാവതാരമത്രെ. നോഹ മൂന്നാമതും പ്രാവിനെ വിട്ടപ്പോൾ അതു തിരിച്ചുവന്നില്ല (ഉൽപ 8:12) ഈ പറക്കലിനു തുല്യമായി ചരി ത്രത്തിൽകാണുന്നത്, പരിശുധ്ധാത്മാവാകുന്ന പ്രാവ് പെന്തിക്കോ സ്തിദിവസം ശ്ലീഹന്മാരുടെ മേൽ അഗ്നി നാവിന്റെ സാദൃശ്യത്തിൽ വന്നാവാസിച്ചതാണ് (അ.പ്ര 2:3–4). നോഹയുടെ പെട്ടകത്തിലെ പ്രാവിന്റെ മൂന്നാമത്തെ പറക്കലിനുശേഷം അത് ഭൂമുഖത്തുതന്നെ വാസ മുറപ്പിച്ചതുപോലെ പരിശുദ്ധാത്മാവ് അതിന്റെ മൂന്നാമത്തെ പറക്ക ലിൽ സഭയിൽ സ്ഥിരവാസമാക്കിയിരിക്കുന്നതിനെയാണ് മൂന്നാമത്തെ ചുറ്റൽ ധൂപക്കുറ്റിയുടെ താഴത്തെ തട്ടിൽ സ്പർശിച്ച് അവസാനിക്കു ന്നത് സൂചിപ്പിക്കുന്നത്.

പരിശുദ്ധനായ പിതാവ് പരിശുദ്ധൻ (കാദീശ് ആബൊ കാദീ ശൊ). ഇത് വെറും ആവർത്തനമല്ല. പരിശുദ്ധനായ പിതാവ് പരിശുദ്ധ നാകുന്നു എന്ന് സമ്മതിച്ച് ഏറ്റുപറയുകയാണ്. നമ്മൾ പറയുന്നതു കൊണ്ടല്ല പിതാവ് പരിശുദ്ധനായിരിക്കുന്നത്; മറിച്ച് അവിടുന്ന് വാസ്ത വത്തിൽ പരിശുദ്ധനാണെന്നുള്ള സത്യം നമ്മൾ ഇതുവഴി പ്രഖ്യാപി ക്കുകയാണ്. ജനം ആമ്മീൻ പറയുന്നതുവഴി അതിനു സമ്മതം ഉറച്ചു പ്രഖ്യാപിക്കുന്നു. തിരുക്കർമ്മങ്ങളനുഷ്ഠിക്കുമ്പോൾ, ആരാധനാസ മൂഹം നൽകുന്ന പ്രത്യുത്തരങ്ങളിൽ ഏറ്റവും ചെറുതാണ് ആമ്മീൻ. എങ്കിലും അത് വളരെ അർത്ഥഗർഭമാണ്. ഈ എബ്രായപദം പരിഭാ ഷപ്പെടുത്താതെ എല്ലാ ഭാഷകളിലും ഉപയോഗിക്കുന്നു. അത് അങ്ങനെ ആയിരിക്കട്ടെ, തീർച്ചയായും. സത്യമായും എന്നൊക്കെയാണ് അർത്ഥം. വേദപുസ്തകത്തിൽ നിന്നും യഹൂദന്മാരുടെ ആരാധനക്രമത്തിൽ നിന്നും (രാജാ 1:36; സങ്കീ 106:48; 41:13; 72:19; 89: 52) സഭ സ്വീകരിച്ച താണ് അംഗീകാരത്തിന്റേയും വിശ്വാസത്തിന്റെയും ഈ പദം. വിശ്വ സ്തനും, നിലനിൽക്കുന്നവനുമായ ദൈവത്തിനൊരു വിവരണമായും നാമപദമായും ഇത് വേദപുസ്തകത്തിൽ ഉപയോഗിച്ചിട്ടുണ്ട്. (2 കോരി 1:2 വെളി 3:14).

ഇങ്ങനെ ധൂപക്കുറ്റി വാഴ്വിൽക്കൂടി സത്യവിശ്വാസം ഏറ്റുപറ യുകയും പിതൃപുത്രപരിശുദ്ധാത്മാവിന്റെ പരിശുദ്ധി പരസ്യമായും ആഘോഷമായും പ്രഖ്യാപിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ പരി ശുദ്ധിയും മനുഷ്യന്റെ പാപബോധവും ഒരുമിച്ചുപോകുന്നു. ദൈവ ത്തിന്റെ പരിശുദ്ധിയെപ്പറ്റി ബോധ്യം വരുമ്പോൾ സ്വന്തം പാപത്തെ ക്കുറിച്ചും അയോഗ്യതയെക്കുറിച്ചും മനുഷ്യൻ ബോധവാനാകും. അതു കൊണ്ട് പാപപരിഹാര പ്രാർത്ഥനകളുടെ അവസാനം ദൈവത്തിന്റെ പരിശുദ്ധിയെക്കുറിച്ചുള്ള ഈ പ്രഖ്യാപനം തികച്ചും അവസരോചിത മാണ്.

ഇതിന്റെ അവസാന വാചകവും ഒരു പ്രഖ്യാപനമാണ് പ്രർത്ഥനയല്ല. പരിശുദ്ധാത്മാവ് ധൂപത്തെ ശുദ്ധീകരിക്കുന്നവനാകുന്നു. പരിശുദ്ധാത്മാവാകുന്ന അഗ്നി കരിപോലിരിക്കുന്ന പാപപങ്കിലമായ നമ്മുടെ ഹൃദയങ്ങളെ ഉജ്ജ്വലിപ്പിക്കുന്നു. അഗ്നിയിൽ കുന്തിരിക്കമിട്ടാൽ സുഗന്ധധൂപമായിത്തീരുന്നതുപോലെ പരിശുദ്ധാത്മാവിനാൽ നമ്മൾ ജ്വലിച്ചാൽ നമ്മിൽ നിന്നുയരുന്ന ആരാധനയും കാഴ്ചസമർപ്പണവും ദൈവസന്നിധിയിൽ പ്രസാദകരമായിരിക്കും. ദൈവത്തിന് എല്ലാവരോടുമുള്ള താല്പര്യവും കാരുണ്യവും സൂചിപ്പിക്കാനാണ് ശുശ്രൂഷകൻ പള്ളിമുഴുവൻ ധൂപം വീശുന്നതെന്ന് ഉറഹായിലെ മാർ യാക്കോബിന്റെ കുർബാനഭാഷ്യത്തിൽ പറയുന്നു. കത്തുന്ന ഒരു ദീപത്തിൽനിന്ന് മറ്റ് അനേകം ദീപങ്ങൾ കത്തിച്ചാലും ദീപം കുറഞ്ഞുപോകാത്തതുപോലെ മാറ്റമില്ലാത്തതും അവസാനിക്കാത്തതുമാണ് ദൈവിക പരിപാലന.

## വിശ്വാസപ്രമാണം

ധൂപക്കുറ്റി വാഴ്വ് പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസപ്രഖ്യാപനമാണ്. അതിന്റെ തുടർച്ചയാണ് വിശ്വാസപ്രമാണം. വി.കുർബാന ആരുടെമുമ്പാകെ സമർപ്പിക്കപ്പെടുന്നുവോ ആ പിതാവിലും, അതിലെ ബലിവസ്തുവും പുരോഹിതനും ആരാണോ ആ ദൈവപുത്രനിലും ആരുടെ വ്യാപാരത്താലാണ് അത് അർപ്പിക്കപ്പെടുകയും പൂർത്തിയാക്കപ്പെടുകയും ചെയ്യുന്നത്, ആ പരിശുദ്ധാത്മാവിലുമുള്ള വിശ്വാസം ഇതുവഴി നാം ഏറ്റുപറയുന്നു. ത്രിയേകദൈവം സ്രഷ്ടാവും രക്ഷകനും ജീവിപ്പിക്കുന്നവനുമാകുന്നുവെന്നും ആ ദൈവം തിരുസഭയിൽകൂടി നിത്യജീവൻ നമുക്കുനൽകുന്നുവെന്നു വിശ്വാസപ്രമാണം നമ്മെ അനുസ്മരിപ്പിക്കുന്നു. വിശ്വാസപ്രമാണത്തിലൂടെ, ആരാധനാസമൂഹം യാഗാർപ്പണമെന്ന പുതിയ മണ്ഡലത്തിലേക്ക് തീർത്ഥാടനം ചെയ്യുകയാണ്. സജീവവും ആഴമുള്ളതുമായ വിശ്വാസം ഉണ്ടെങ്കിൽ മാത്രമെ യാഗം അർപ്പിക്കുന്നതിന് നാം സന്നദ്ധരാവുകയുള്ളു. വിശുദ്ധ ഗ്രന്ഥവായനയിലും കാർമ്മികന്റെ പ്രസംഗത്തിലുംകൂടി ദൈവം നമ്മോടു സംസാരിച്ച സത്യങ്ങളെ സസന്തോഷം നാം സ്വീകരിക്കുന്നു എന്നത്രെ വിശ്വാസപ്രമാണം വിളംബരം ചെയ്യുന്നത്. നമ്മുടെ രക്ഷകനും കർത്താവുമായ ക്രിസ്തുവിനെ ആത്മാർത്ഥമായി അനുഗമിക്കാനും അനുകരിപ്പാനുമുള്ള നമ്മുടെ സന്നദ്ധത ഇതുവഴി നാം ഉദ്ഘോഷിക്കുന്നു.

ആദ്യകാലങ്ങളിൽ മാമോദീസായോട് അനുബന്ധിച്ചാണ് വിശ്വാസപ്രമാണം ആരംഭിച്ചത്. യാമ നമസ്ക്കാരങ്ങളിലും ഇത് ഉപയോഗിച്ചിരുന്നു. നിഖ്യാവിശ്വാസപ്രമാണം വി.കുർബാനയിൽ ഉപയോഗിക്കാൻ തുടങ്ങിയത് A D 473-ൽ അന്ത്യോക്യാ പാത്രിയാർക്കീസ് പത്രോസ്





കസോറായുടെ കല്പനപ്രകാരമാണ്. മറ്റു സഭകളും ക്രമേണ ഈ മാതൃക അനുകരിച്ചു.[30] നിഖ്യാ വിശ്വാസപ്രമാണം ക്രിസ്തീയ വെളിപാടിന്റെ സംക്ഷേപമാണ്. ചരിത്രത്തിന്റെ ഗതിവിഗതിയിലുള്ള ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലുകൾ ഇതിൽ സമാഹരിച്ചിട്ടുണ്ട്.[31]

സമൂഹം വിശ്വാസപ്രമാണം ചൊല്ലുമ്പോൾ കാർമ്മികൻ കൈകൾ കഴുകിയിട്ട് ജനത്തോട് പ്രാർത്ഥനാസഹായം അപേക്ഷിച്ച് ത്രോണോസിന്റെ മുമ്പിൽ കുമ്പിട്ട് രഹസ്യത്തിൽ ദൈവാനുഗ്രഹം യാചിക്കുകയും മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തുകയും വി.കുർബാനയുടെ നിയോഗം നവീകരിക്കുകയും ചെയ്യുന്നു. കൈകൾ കഴുകുന്നത് ആത്മീയ ഒരുക്കത്തിന്റെ സൂചനയത്രെ. കൂടാതെ കർത്താവ് അന്ത്യ അത്താഴസമയത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതിനെയും ഇത് അനുസ്മരിപ്പിക്കുന്നു. യഹൂദന്മാർ മതപരമായ ഭക്ഷണത്തിന് മുമ്പ് കൈകൾ കഴുകുക പതിവായിരുന്നു. ആദിമസഭയിൽ ഈ സമയത്ത് പട്ടക്കാരൻ മാത്രമല്ല, വിശ്വാസികളെല്ലാവരും കൈയും വായും കഴുകുന്ന പാരമ്പര്യമുണ്ടായിരുന്നു. മാർ അപ്രേമിന്റെ പീഡാനുഭവ ആഴ്ചയിലെ ഗീതത്തിൽ ഇതിന്റെ സൂചനയുണ്ട്. അന്ന് വി. കുർബാന വലതു കൈയിലാണ് സ്വീകരിച്ചിരുന്നത്[32]വിശ്വാസപ്രമാണസമയത്ത് ശുശ്രൂഷകൻ പള്ളി മുഴുവൻ ധൂപം വീശുന്നു. തീർത്ഥാടകർ അത് ഇരുകൈകൾ കൊണ്ട് സ്വീകരിച്ച് നെഞ്ചോടടുപ്പിക്കുകയും കുരിശു വരയ്ക്കുകയും ചെയ്യുന്നു. വിശ്വാസസത്യങ്ങൾ ഹൃദയപൂർവ്വം തങ്ങൾ സ്വീകരിക്കുന്നെന്നും നിരന്തരമായ പ്രാർത്ഥനകൂടാതെ വിശ്വാസജീവിതം നയിക്കാൻ സാദ്ധ്യമല്ലെന്നുമുള്ള ബോധം, ആരാധകരിൽ ഇത് ഉളവാക്കുന്നു. അനന്തരം ശുശ്രൂഷകൻ മദ്ബഹാവാതിൽക്കൽ തെക്കുവശത്തു വന്ന് ധൂപക്കുറ്റിയുടെ ചങ്ങലകൾ ഇരു കൈകളിലായി താങ്ങിപ്പിടിച്ചു നിൽക്കുന്നു. ഇത് വിശ്വാസികളുടെ അർത്ഥനകളും യാചനകളും ശുശ്രൂഷകൻ സ്വീകരിച്ചുകൊണ്ടുവന്നിരിക്കുന്നു എന്നു സൂചിപ്പിക്കുന്നു. കാർമ്മികന്റെ രഹസ്യപ്രാർത്ഥന നീണ്ടുപോകുന്നെങ്കിൽ യാചിക്കേണ്ടും സമയമിതാ ... എന്ന ഗാനം സമൂഹം പാടുന്നു. കരുണയ്ക്കും പാപമോചനത്തിനുമായി യാചിക്കുന്ന ഈ ഗാനം ഹൃദയസ്പർശിയും ബലിയർപ്പണത്തിനുമുമ്പ് അനുയോജ്യവുമാണ്.

30. Kelly, Early Christian Dictrine Page 30; G.Dix, Shape of the Liturgy Page 486.

31. Vagaggini, Theological Dimensions of Liturgy Page 5

32. കുർബാനയ്ക്കു ശേഷമുള്ള ഗീതത്തിലെ 'പുതുജീവൻ നിന്നൊടു കൈക്കൊണ്ടോരാക്കൈകൾ' എന്നത് ഈ പാരമ്പര്യത്തിലേക്കു വിരൽ ചൂണ്ടുന്നു.

12

# യേശുവിന്റെ രക്തംമൂലം വിശുദ്ധസ്ഥലത്തേക്ക്

**അനാഫോറ** **ബലിയർപ്പണം**

**വി.** കുർബാനയുടെ മൂന്നാമത്തേതും അതിപ്രധാനഭാഗവുമായ ബലിയർപ്പണ ശുശ്രൂഷയിൽ ക്രിസ്തുവിനെ നിത്യപുരോഹിതനും വിമലയാഗവസ്തുവുമായി തീർത്ഥാടകർ ദർശിക്കുന്നു. ഗോഗുൽത്താക്കുരിശിൽ ക്രിസ്തു നിർവ്വഹിച്ച അനുരഞ്ജനം എന്ന രക്ഷണീയ കൃത്യം ഈ സമയം തീർത്ഥാടകരുടെ മുമ്പിൽ കൗദാശികമായി പുനരവതരിപ്പിക്കുപ്പെടുന്നു. അതോടൊപ്പംതന്നെ, ക്രിസ്തു നടത്തിയ മദ്ധ്യസ്ഥാപേക്ഷ എന്ന മതാനുഷ്ഠാനവും സമുചിതം നിർവ്വഹിക്കപ്പെടുന്നു. കുർബാനയുടെ ഈ ഭാഗത്തിന് അനാഫോറാ എന്നാണ് പേര്. ഭക്തിനിർഭരമായ എവുക്കാറിസ്തിയാ അഥവാ കൃതജ്ഞതാ പ്രകാശന പ്രാർത്ഥനകളുടെ ശൃംഖലയത്രെ അനാഫോറാ. ഇതാണ് കുർബാനയിലെ ഏറ്റം കാതലായഭാഗം.

## അനാഫോറാ

ഗ്രീക്കിൽനിന്നു സുറിയാനിഭാഷയ്ക്കു ലഭിച്ച ഒരു പദമാണ് അനാഫോറാ. അനാഫെറെയിൻ എന്ന ഗ്രീക്ക് ധാതുവിൽ നിന്ന് ഉദ്ഭവിച്ചതാണ് ഇത്. വാച്യാർത്ഥം മേല്പോട്ട് ഉയർത്തുക എന്നാണ്.[1] കൊണ്ടുവരിക, സമർപ്പിക്കുക എന്നൊക്കെ വിവക്ഷയുണ്ട്. കാഴ്ചവസ്തു ദൈവസന്നിധിയിലേക്ക് ഉയർത്തുന്നതാണല്ലോ ബലിയർപ്പണം.

1. ana=up. pherein=to lift

അങ്ങനെ യാഗാർപ്പണം എന്നാണ് ആരാധനയിൽ അനാഫോറായുടെ അർത്ഥം. കുർബാന എന്ന സുറിയാനി പദത്തിന്റെയും പൊരുൾ അതു തന്നെ. അന്ത്യഅത്താഴ സമയത്ത് നമ്മുടെ കർത്താവ് ചൊല്ലിയ കൃത ജ്ഞതാ പ്രാർത്ഥനയും കർമ്മങ്ങളുമാണ് ഇതിന്റെ ഉള്ളടക്കം. അനാ ഫോറാ മാത്രമാണ് ആദ്യകാലത്തുണ്ടായിരുന്നത്. പിൽക്കാലത്ത്, അതി നോട് പലതും കൂട്ടിച്ചേർത്ത്, രൂപത്തിലും ഭാവത്തിലും ചില്ലറമാറ്റങ്ങൾ വരുത്തി, സ്ഥലകാല സാഹചര്യങ്ങൾക്ക് അനുരൂപമായി ക്രമീകരിച്ചി ട്ടുള്ളവയാണ് വിവിധ റീത്തുകളിലെ കുർബാനക്രമങ്ങൾ.

വിശ്വാസപ്രമാണം കഴിഞ്ഞ്, സമാധാന പ്രാർത്ഥന മുതൽ യാത്ര പറച്ചിൽവരെയുള്ള വി.കുർബാനയുടെ ഭാഗത്തിന് പൊതുവെ അനാഫോറാ എന്നുപറയുന്നു. രഹസ്യവും പരസ്യവുമായ 66 പ്രാർത്ഥ നകളാണ് അനാഫോറായിൽ; അവയിൽ 33 എണ്ണം ദൈവത്വത്തെ സൂചി പ്പിക്കുന്ന മാറ്റമില്ലാത്തവയും 33 എണ്ണം മനുഷ്യത്വത്തെ സൂചിപ്പിക്കുന്ന മാറ്റമുള്ളവയുമാണ്. നമ്മുടെ കർത്താവിന്റെ 33-ാമത്തെ വയസ്സിൽ അർപ്പിച്ച കുരിശിലെ ബലിയുടെ തുടർച്ചയും കൗദാശിക പുനരാവി ഷ്കരണവുമായ വി.കുർബാനയിൽ ഇവ കോർത്തിണക്കിയിരിക്കുന്നു. ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമുള്ള ഏകവ്യക്തിയായ നമ്മുടെ കർത്താവിന്റെ 33 വർഷത്തെ ഇഹലോകജീവിതം പ്രതിഫലിപ്പിക്കു ന്നതിന് ദൈവസ്വഭാവത്തിനനുസൃതമായി 33 മാറ്റമില്ലാത്ത പ്രാർത്ഥന കളും മനുഷ്യസ്വഭാവത്തിനനുയോജ്യമായ 33 മാറിവരുന്ന പ്രാർത്ഥന കളും ഏറ്റവും സമുചിതമത്രെ. മാറിവരുന്ന ഈ 33 പ്രാർത്ഥനകളാണ് സഭയിലെ പരിശുദ്ധരായ പിതാക്കന്മാരിൽ ഓരോരുത്തരുടേയും പേരിൽ അറിയപ്പെടുന്നത്. അന്ത്യോക്യൻസഭയിലെ ആദ്യത്തെ അനാ ഫോറാ ജറുസലേമിലെ ഒന്നാമത്തെ മെത്രാനായ മാർ യാക്കോബ് ശ്ലീഹായുടെ നാമത്തിലറിയപ്പെടുന്നു[2]. ഇതിനെ അടിസ്ഥാനമാക്കി നൂറിൽപരം അനാഫോറാകൾ പിൽക്കാലത്ത് ഉണ്ടായിട്ടുണ്ട്. നിഷ്കൃ ഷ്ടാർത്ഥത്തിൽ, സമാധാനപ്രാർത്ഥന മുതൽ തിരുശരീരവും തിരുര ക്തവും ഉയർത്തുന്നതുവരെയുള്ള കുർബാനയുടെ അനുഷ്ഠാനമാണ് അനാഫോറാ. മേല്പറഞ്ഞ 66 പ്രാർത്ഥനകളാകുന്ന സുരഭിലകുസുമ

2. പേജ് 62 നോക്കുക. യാക്കോബിന്റെ അനാഫോറായിൽ കാണുന്ന സാഹിത്യശൈലിയും മറ്റും അന്ത്യോക്യയിലുള്ള അതിന്റെ വളർച്ചയെ കാണിക്കുന്നു. നാലാംശതകത്തിലെ ഗ്രീക്കുപിതാക്കന്മാരുടെ വേദശാസ്ത്രത്തിന്റെ മനോഹാര്യതയും ആഴവും ഇതിൽ കാണാൻ കഴിയും.





ങ്ങൾകൊണ്ട് കൊരുത്തുണ്ടാക്കിയ നമ്മുടെ അനാഫോറായിൽ തീർത്ഥാടകർ ഭക്തിപൂർവ്വം പങ്കെടുക്കുമ്പോൾ മനോഹരമായ ഈ ആരാധനാമാല്യം ദൈവസന്നിധിയിൽ സാദരം സമർപ്പിച്ച് തങ്ങളെ ത്തന്നെ ദൈവത്തിനു ബലിയായി അർപ്പിക്കുന്നു.

## സമാധാനത്തിന്റെ പ്രാർത്ഥന

മഹോന്നതങ്ങളിലേക്ക് വിചാരങ്ങളും വ്യാപാരങ്ങളും ഉയർത്തി തീർത്ഥാടകർ പ്രാർത്ഥിക്കുവാൻ കാർമ്മികൻ നടത്തുന്ന ആഹ്വാനത്തോടെയാണ് അനാഫോറാ യാഥാർത്ഥത്തിൽ ആരംഭിക്കുന്നത്. എന്നാൽ അതിന് ആമുഖമായി മൂന്നു പ്രാർത്ഥനകൾ നമ്മുടെ കുർബാനയിലുണ്ട്.

1. സമാധാനത്തിന്റെ പ്രാർത്ഥന
2. അനുഗ്രഹത്തിന്റെ പ്രാർത്ഥന
3. ശോശപ്പാ ഉയർത്തലിന്റെ പ്രാർത്ഥന[3]

ഈ മൂന്നു പ്രാർത്ഥനകളെക്കുറിച്ച് ഉറഹായിലെ മാർ യാക്കോബ് മല്പാൻ (+708) തോമ്മാ കശ്ശീശായ്ക്കു എഴുതിയ കത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.[4] അതിനാൽ ഏഴാം ശതകം മുതലെങ്കിലും ഈ പ്രാർത്ഥനകൾ തക്സാ (ക്രമം) യിലുണ്ടായിരുന്നെന്ന് അനുമാനിക്കാം. ഇവയിൽ പ്രഥമവും പ്രധാനവുമായത് സമാധാനത്തിനായുള്ള പ്രാർത്ഥ നയാണ്. കാർമ്മികൻ ദർഗായിൽ കയറിനിന്ന്, ഇരുകരങ്ങളും കുരി ശാകൃതിയിൽ നെഞ്ചത്തു ചേർത്തുപിടിച്ച് പ്രാർത്ഥിക്കുന്നു. അതുല്യ പ്രവാചകനായ ക്രിസ്തു തന്റെ സുദീർഘമായ സുവിശേഷ പര്യടന ത്തിനുശേഷം, മർക്കോസിന്റെ ഭവനമായ സെഹിയോൻ മാളികയിൽ പെസഹാ തിരുവത്താഴകർമ്മം അനുഷ്ഠിക്കുന്നതിന് പ്രവേശിച്ചതി നെയത്രെ ഈ ദർഗാപ്രവേശനം അനുസ്മരിപ്പിക്കുന്നത്. ഭൗമികമായ സകലതിൽനിന്നും താൻ ഉയർന്നിരിക്കുന്നുവെന്നും, പിതാവിന്റെ വല തുഭാഗത്ത് പുത്രൻതമ്പുരാൻ ഇരിക്കുന്നസ്ഥലമായ സ്വർഗ്ഗത്തിലെ കാര്യങ്ങളെപ്പറ്റി മാത്രമാകുന്നു ചിന്ത (കൊളോ 3:1-2) എന്നും ഇതു വഴി കാർമ്മികൻ സൂചിപ്പിക്കുന്നു. തീർത്ഥാടനത്തിന്റെ സർവ്വപ്രധാനഭാ ഗത്തേക്കുള്ള ആരാധകരുടെ പുരോഗമനത്തേയും ഇത് സൂചിപ്പിക്കു ന്നു. ഇനിയുള്ള കർമ്മങ്ങൾ, ഗോഗുൽത്താകുരിശിലെ യാഗം തന്നെ

3. ഹുദായ കാനോൻ 4,7
4. Brightman, Liturgies Eastern and Western I, Page 490-494

ദൈവാലയത്തിൽ കൂദാശരൂപത്തിൽ സന്നിഹിതമാക്കുകയാണെന്നാണ് കരങ്ങൾ നെഞ്ചത്ത് കുരിശാകൃതിയിൽ പിടിക്കുന്നതിന്റെ പൊരുൾ.

വി.കുർബാനയുടെ അർത്ഥം യഥാർത്ഥത്തിൽ തീർത്ഥാടകരെ മനസ്സിലാക്കുന്ന മനോഹരമായ പ്രാർത്ഥനയാണ് സമാധാനത്തിന്റെ പ്രാർത്ഥന. വി.കുർബാന സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവും ഉപവിയുടെ ഉടമ്പടിയുമാണ്[5]. സ്നേഹവും ഐക്യവും സമാധാനവും തീർത്ഥാടകർക്കെല്ലാം ലഭിക്കുന്നതിനായി ഈ പ്രാർത്ഥനയിൽ കാർമ്മികൻ പ്രാർത്ഥിക്കുന്നു. വിശുദ്ധവും ദൈവികവുമായ സ്നേഹചുംബനം നൽകുന്നവർ സകല വഞ്ചനയിൽ നിന്നും കാപട്യത്തിൽ നിന്നും ശുദ്ധീകരിക്കപ്പെട്ടവരായിരിക്കണം. അതു നൽകുകയും സ്വീകരിക്കുകയും ചെയ്യുന്നവർ യേശുമിശിഹാ മുഖാന്തരം സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ബന്ധത്താൽ ഐക്യം പ്രാപിച്ചിരിക്കണം. തമ്മിൽ തമ്മിൽ വിരോധമുള്ളവർ ഇവിടെ വച്ച് രമ്യപ്പെട്ട് സ്വർഗ്ഗീയസമാധാനം കൈവരിക്കണം. അന്യോന്യം രമ്യപ്പെടാതെ ഈ യാഗത്തിൽ സംബന്ധിച്ചു കൂടാ (മത്താ 5:23-24; യോഹ 13:35; 2 കോറി 13:12). കടക്കാരോടു ക്ഷമിക്കാൻ മനസ്സില്ലാത്തവർക്ക് ഇനിയും നടക്കുന്ന രഹസ്യത്തിൽ പങ്കില്ല.

ലോകം നൽകുന്ന സമാധാനമല്ല കർത്താവു തരുന്നത്; രക്ഷാകരമായ സമാധാനമാണത്. പിതാവിന്റെ സന്നിധിയിലേക്ക് തിരിച്ചുപോകുന്നതിനുമുമ്പ് ദൈവപുത്രൻ നമുക്കുതന്നിട്ടുപോയ സമ്മാനമാണത്.

> ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടുപോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം നൽകുന്നതുപോലെയല്ല ഞാൻ നൽകുന്നത്. (യോഹ 14:27).

ആ സമാധാനം ത്രോണാസിനാൽ സൂചിപ്പിക്കപ്പെടുന്ന കർത്താവിൽ നിന്നു വരികയും കാർമ്മികൻ വഴി എല്ലാവരും സ്വീകരിക്കയും ചെയ്യുന്നു. അതുകൊണ്ടാണ് വൈദികനും ശുശ്രൂഷകനും ത്രോണോസ് ആദ്യം മുത്തുകയും അനന്തരം ധൂപക്കുറ്റിയുടെ ചങ്ങലകളും കൈപ്പത്തിയും പ്രതീകാത്മകമായി ഉപയോഗിച്ച് ജനത്തിനു സമാധാനം നൽകുകയും ചെയ്യുന്നത്. കാർമ്മികൻ ഇടതുകൈ ത്രോണോസിൽ കമഴ്ത്തിവച്ച്, വലതുകൈ വെള്ളം കോരിയെടുക്കുന്നതുപോലെ കുഴിച്ചുപിടിച്ച്, കാസായുടെയും പീലാസായുടെയും മുകളിൽ വലത്തുനിന്ന് ഇടത്തോട്ട് ചുറ്റി രഹസ്യങ്ങളിൽ നിന്ന് ശക്തി കോരിയെടുക്കുന്നു. അനന്തരം ആ കൈ ഉയർത്തി പടിഞ്ഞാറോട്ട് എടുത്ത് നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ എന്നാശംസിച്ച് ജനങ്ങളുടെ നേർക്ക് ഒഴിക്കുന്നതുപോലെ കൈപ്പത്തി നിവർത്തി കാണിക്കുന്നു. തുടർന്ന് ശോശപ്പായുടെ തെക്കുപടിഞ്ഞാറെ കോൺ മുത്തി അത് മുകളിലേക്ക് മടക്കിവെയ്ക്കുന്നു. ശുശ്രൂഷകൻ അവിടെ മുത്തുകയും ചെയ്യുന്നു. സമാധന പ്രഭുവായ (2 തെസ്സ 3:16) ക്രിസ്തുവിൽനിന്നു കിട്ടിയ സമാധാനം പള്ളിയിൽ നിൽക്കുന്ന തീർത്ഥാടകർക്കു കൊടുക്കാനായി ധൂപകലശത്തിന്റെ ചങ്ങലകൾവഴി ശുശ്രൂഷകനെ കാർമ്മികൻ എല്പിക്കുന്നു. ശുശ്രൂഷകൻ രണ്ടു കൈകളിലായി മടക്കിപ്പിടിച്ചിരിക്കുന്ന ചങ്ങലയുടെ നടുക്ക് കാർമ്മികൻ പിടിച്ചു മുത്തുകയും ശുശ്രൂഷകന്റെ നെറ്റിയിൽ തൊടുവിച്ച് തള്ളവിരൽകൊണ്ട് കുരിശടയാളം വരയ്ക്കുകയും ചെയ്യുന്നു. തുടർന്ന് മദ്ബഹായിൽ നിൽക്കുന്നവർക്കും ഹൈക്കലായിലുള്ളവർക്കും സമാധാനം കൊടുക്കുന്നു. സമാധാനം കൊടുക്കുന്ന ആളിന്റെയും വാങ്ങുന്ന ആളിന്റെയും വലതുകൈപ്പത്തി ഉള്ളിൽ വരത്തക്കവണ്ണം കൈപിടിച്ചാണ് സമാധാനം കൊടുക്കുന്നത്. ആദിമസഭയിൽ വിശുദ്ധ ചുംബനം കൊണ്ടാണ് സമാധാനം കൊടുത്തിരുന്നത് (റോമ 16:16; 1 കോരി 16:20; 2 കോരി 13:12; 1 തെസ 5:26; 1 പത്രോ 5:14). ഇന്നും സമാധാനം കൊടുക്കുന്നതിനു മുമ്പായി ശുശ്രൂഷകൻ പറയുന്നത് ശ്രദ്ധേയമാണ്.

> നമ്മുടെ ദൈവമായ കർത്താവിന്റെ സ്നേഹം മൂലം പരിശുദ്ധവും ദിവ്യവുമായ ചുംബനത്താൽ തമ്മിൽ തമ്മിൽ സമാധാനം കൊടുക്കണം.

ഈ സമാധാന ചുംബനത്തിന്റെ അർത്ഥം മോശെ ബർകേഫാ ഇപ്രകാരം വിവരിക്കുന്നു.

a) തന്റെ ശരീരം വഴി ദൈവവുമായി സംസർഗ്ഗം ചെയ്യാൻ നാം ഒരുങ്ങുമ്പോൾ, നമ്മിൽത്തന്നെയും അന്യോന്യവും നാം വിഭജിതരെങ്കിൽ അത് അസാധ്യമാകയാൽ, നാം സമാധാനം നൽകുന്നു. ബാഹ്യമായി നാം ആശ്ലേഷിക്കുന്നതുവഴി ആന്തരികമായി നമുക്കു സ്നേഹവും ഐക്യവും ഉണ്ടെന്നു നാം കാണിക്കുന്നു.

5. രണ്ടാം വത്തിക്കാൻ കൗൺസിൽ, ആരാധനക്രമം 47; cfr. Cyril of Alexandria, Commentary on the Gospel of John P.G. 74, 559-564

b) പരസ്പരം സമാധാനത്തിലായിരിക്കുമ്പോൾ നാം ദൈവത്തോട് രമ്യതയിലാണ്.

c) പരസ്പരം നൽകുന്ന സമാധാനം പരസ്പരമുള്ള ശത്രുതയെ ഹനിക്കുന്നു.

d) ദൈവവും മർത്യരും തമ്മിലും, സ്വജനവും ജാതികളും തമ്മിലും, ആത്മാവും ശരീരവും തമ്മിലും ഉള്ള ശത്രുതയെ ക്രിസ്തു ഇല്ലാതാക്കുകയും നമ്മുടെ ഇടയിൽ സ്നേഹവും സമാധാനവും വസിക്കാൻ ഇടയാക്കുകയും ചെയ്തു എന്ന് നാം നൽകുന്ന സമാധാനം സൂചിപ്പിക്കുന്നു.

e) നീ *ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരനു നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനുമുമ്പിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യപ്പെടുക* (മത്താ 5:23-24) എന്ന കർത്തൃവചനം പരസ്പരം സമാധാനം നല്കുന്നതുവഴി നാം പൂർത്തീകരിക്കുകയാണ്.[6]

രക്ഷാകരചരിത്രത്തിൽ വളരെ പ്രാധാന്യമുള്ള പ്രമേയമാണ് സമാധാനം. ക്രിസ്തുവാണ് നമ്മുടെ സമാധാനം (എഫേ 2:14). ക്രിസ്തുവിന്റെ രക്ഷാകരകർമ്മത്തിന്റെ, പ്രത്യേകിച്ച് ഉയിർപ്പിന്റെ ഫലമാണ് സമാധാനം. ഉയിർപ്പിന്റെ ശുശ്രൂഷയുടെ ഗീതത്തിലെ രണ്ടുവരികൾ ഇതു വ്യക്തമാക്കുന്നു.

> ശ്ലോമ്മോ[7] ശ്ലോമ്മോ, അടുത്തവർക്കും ദൂരസ്ഥന്മാർക്കും
> മിശിഹാ കബറീന്നെഴുന്നേറ്റു ഭിന്നിതരെ ചേർത്തു.
> (cfr ഏശ 57:19; എഫേ 2:17).

എല്ലാവർക്കും സമാധാനം കൊടുക്കുകയും എല്ലാവരിൽ നിന്നും സമാധാനം സ്വീകരിക്കയും ചെയ്യുന്ന രീതിയായിരുന്നു ആദിമസഭയിലുണ്ടായിരുന്നത്. ആർക്കെങ്കിലും ആരോടെങ്കിലും വിരോധമുണ്ടെന്നു കണ്ടാൽ കാർമ്മികന്റെ മദ്ധ്യസ്ഥതയിൽ എല്ലാ പിണക്കങ്ങളും വിദ്വേഷങ്ങളും പറഞ്ഞുതീർത്തതിനുശേഷമേ അപ്പം മുറിക്കൽ എന്ന

6. കൂദാശാഭാഷ്യം പേജ് 22

7. സുറിയാനിവാക്കിന് സമാധാനം എന്നർത്ഥം





കുർബാന നടന്നിരുന്നുള്ളൂ. കാലാന്തരത്തിൽ സഭ വളർന്നതോടെ സമാധാനശുശ്രൂഷയ്ക്കായി മാത്രം മണിക്കൂറുകൾ വേണ്ടിവന്നു. ഇങ്ങനെ പ്രായോഗിക കാരണങ്ങളാൽ സമാധാന ശുശ്രൂഷ ഇന്നു കാണുന്ന അനുസ്മരണ ചടങ്ങായി മാറി. എന്നാൽ ഇത് ഒരു അനുസ്മരണ മാത്രമല്ല, ഇതൊരു ആഹ്വാനമാണ്; സഹിക്കാനും ക്ഷമിക്കാനുമുള്ള ദൈവീക ആഹ്വാനം.

> സകല വിദ്വേഷവും, ക്ഷോഭവും ക്രോധവും അട്ടഹാസവും ദൂഷണവും എല്ലാ തിൻമകളോടും കൂടെ നിങ്ങൾ ഉപേക്ഷിക്കുവിൻ. ദൈവം ക്രിസ്തുവഴി നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണ കാണിച്ചും ഹൃദയാർദ്രതയോടു പെരുമാറുവിൻ (എഫേ 4:31-32).

ഈ ആഹ്വാനം അനുസരിച്ചു ജീവിച്ചെങ്കിലേ ക്രിസ്തു ആശംസിച്ച സമാധാനം നമുക്കു കൈവരൂ. ഇതിനു നമ്മുടെ ഹൃദയത്തിൽ മൂന്നുവിധത്തിലുള്ള അനുരഞ്ജനം നടക്കണം.

1. ദൈവവുമായുള്ള അനുരഞ്ജനം; ദൈവകല്പനകൾ അനുസരിക്കുന്നതുവഴി.
2. സമസൃഷ്ടങ്ങളുമായുള്ള അനുരഞ്ജനം; ശത്രുതയും വിദ്വേഷവും വെടിഞ്ഞ് നീതി, സ്നേഹം എന്നീ സാമൂഹ്യപുണ്യങ്ങൾ പരിശീലിക്കുന്നതു വഴി.
3. നമ്മോടുതന്നെയുള്ള അനുരഞ്ജനം; ദുരാശകളും ദുഷ്പ്രവണതകളും അമർച്ചചെയ്യുന്നതു വഴി.

ലോകം, ജഡം, പിശാച് എന്നീ ത്രിവിധ ശത്രുക്കളോട് നിത്യസമരം ചെയ്ത് വിജയംവരിക്കുക. ഈ വിജയത്തിന്റെ ഫലമാണ് സമാധാനം. വിശ്വാസികൾ പരസ്പരം സമാധാനം കൊടുക്കുമ്പോൾ ജീവന്റെ പുസ്തകം (സുറിയാനിയിൽ *സ്പർ ഹായെ*) വായിക്കുന്ന പതിവ് 12-ാം ശതകംവരെ നിലവിലിരുന്നു. മരിച്ചുപോയവരെങ്കിലും ക്രിസ്തുവിൽ ജീവിക്കുന്നവരുടെ പേരുകൾ ഇതിൽ എഴുതപ്പെട്ടിരിക്കുന്നു.[8] അറബികളുടെ മെത്രാനായ ഗീവർഗീസിന്റെ കുർബാന വ്യാഖ്യാനത്തിൽ ഇതേപ്പറ്റി പറയുന്നുണ്ട്.

8. Brightman, Liturgies Eastern and Western I, Page 574-575

വിശുദ്ധരഹസ്യങ്ങൾ കൂദാശചെയ്യുന്നതിന് മുമ്പ് മദ്ബഹായിൽ വായിക്കപ്പെടുന്ന ജീവന്റെ പുസ്തകം വിശുദ്ധരുടെ അനുസ്മരണവും ക്രിസ്തുവുമായുള്ള അവരുടെ സംസർഗ്ഗവും സ്വർഗ്ഗത്തിലുള്ള ജീവ പുസ്തകത്തിൽ അവരുടെ പേര് എഴുതപ്പെട്ടു എന്ന യാഥാർത്ഥ്യവും കാണിക്കുന്നു.[9] ജീവന്റെ പുസ്തകം എന്ന പേര് വേദപുസ്തകത്തിൽ അധിഷ്ഠിതമാണ് (സങ്കീ 69:28; ഫിലി 4:3; വെളി 21:27).

## അനുഗ്രഹത്തിന്റെ പ്രാർത്ഥന

സമാധാനത്തിനുശേഷം, തലകുനിച്ചു നിൽക്കുന്നവർക്കുവേണ്ടി അനുഗ്രഹങ്ങൾ യാചിക്കുന്ന പ്രാർത്ഥനയാണ് അനാഫോറയുടെ ആമുഖ പ്രാർത്ഥനകളിൽ രണ്ടാമത്തേത്. ദൈവത്തോടും തമ്മിൽത്തമ്മിലും നിരപ്പായിത്തീർന്നവർക്കു വേണ്ടി ദൈവത്തോടായി നടത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥനയാണിത്. ഇപ്രകാരം തലകുനിച്ചു നിൽക്കുന്നവരുടെ മേൽ നടത്തുന്ന അനുഗ്രഹത്തിന്റെ പ്രാർത്ഥനകൾ കുർബാനയിൽ മൂന്നാണ്.

1. സമാധാനത്തിനുശേഷം വി.കുർബാന അർപ്പിക്കുന്നതിനു മുമ്പ്.
2. കുർബാന അർപ്പിച്ചതിനുശേഷം രഹസ്യങ്ങൾ സ്വീകരിക്കുന്നതിനു മുമ്പ്.
3. വി.കുർബാന സ്വീകരണത്തിനുശേഷം പിരിച്ചു വിടലിനുമുമ്പ്.

തലകുനിച്ചു നില്ക്കുന്നത് ദൈവാരാധനയുടെയും സമ്പൂർണ്ണ സമർപ്പണത്തിന്റെയും അടയാളമാണ് (ഉൽപ 48:12; 2 ദിനവൃ 29:29-31; യോഹ 19:30). പ്രാർത്ഥിക്കുക എന്നർത്ഥമുള്ള *സാലി* എന്ന സുറിയാനി വാക്കിന്റെ പ്രാഗ് രൂപമാണ് *സ്ലൊ*. ഇതിന്റെ അർത്ഥം തലകുനിക്കുക എന്നാണ്. കർത്താവിന്റെ മുമ്പിൽ തലകുനിക്കാതെ പ്രാർത്ഥിക്കാനും അനുഗ്രഹം പ്രാപിക്കാനും സാദ്ധ്യമല്ല. ജനങ്ങളുടെ മേലുള്ള പ്രാർത്ഥനയെന്നും കൈവയ്പിന്റെ പ്രാർത്ഥനയെന്നും ഇതിനു പേരുണ്ട്. ആദ്യകാലങ്ങളിൽ കാർമ്മികൻ ജനത്തിനഭിമുഖമായി പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്ന്, കൈകൾ തലയിൽ വയ്ക്കുന്നതുപോലെ പിടിച്ചു പ്രാർത്ഥിക്കുന്ന പതിവുണ്ടായിരുന്നു. ഗോത്രപിതാവായ യാക്കോബ് ജോസഫിന്റെ മക്കളെ അനുഗ്രഹിച്ചത് അപ്രകാരമായിരുന്നു (ഉൽപ 48:14). അനുഗ്രഹത്തിന്റെ പ്രാർത്ഥനയ്ക്കായി ജനങ്ങൾ പ്രാർത്ഥനയുടെ സമയം മുഴുവൻ ശിരസ്സുനമിച്ചു നില്ക്കുകയും ആമ്മീൻ എന്നു പറഞ്ഞ്

9. ചേടിയത്ത്, സഭാപിതാക്കന്മാർ I (1988) Page 12





നിവർന്നുനിന്ന് കുരിശുവരച്ച് ആശീർവാദം സ്വീകരിക്കയും ചെയ്യുന്നു.

## ശോശപ്പാ ആഘോഷം

മൂന്നാമത്തെ പ്രാർത്ഥന ശോശപ്പായുടെ പ്രാർത്ഥനയാണ്. ദിവ്യരഹസ്യങ്ങളെ മൂടിയിരിക്കുന്ന ശോശപ്പാ എടുത്തുമാറ്റുമ്പോൾ ചൊല്ലുന്ന ഈ പ്രാർത്ഥന അനാഫോറായ്ക്കുള്ള ഒരുക്കമാണ്. ചുങ്കക്കാരന്റേതുപോലുള്ള (ലൂ 18:13) വിനയാന്വിതമായ സമീപനമാണ് ഇവിടെ കാണുന്നത്. ബലി അർപ്പിക്കാൻ തുടങ്ങുന്നതിനു മുമ്പ് ദൈവത്തിന്റെ കരുണയിൽ പൂർണ്ണമായി ആശ്രയിക്കുന്നു.

വഴിതെറ്റിപ്പോയ ആടിനെ (ഏശ 53:5; സങ്കീ 119:176) തിരികെ കൊണ്ടുവരുവാൻ (മത്താ 18:12; ലൂ 15:4; 1 പത്രോ 2:25) മഹത്തായ മനുഷ്യസ്നേഹംമൂലം സ്വപുത്രനെ ലോകത്തിലേക്കയച്ച (യോഹ 3:16) പിതാവായ ദൈവമേ, രക്തം ചിന്താതെയുള്ള ഈ ബലി നീ നിരസിക്കരുതേ, എന്തെന്നാൽ ഞങ്ങളുടെ നീതിയിലല്ല നിന്റെ കരുണയിലത്രേ ഞങ്ങൾ ആശ്രയിക്കുന്നത് (സങ്കീ 52:8; ദാനി 9:18).

തന്റെയും തന്റെ പിന്നിൽ അണിനിരന്നിരിക്കുന്ന ജനങ്ങളുടെയും ബലി സ്വീകരിക്കണമെന്ന്, പിതാവായ ദൈവത്തോടു ചെയ്യുന്ന അപേക്ഷയാണിത്. എല്ലാവരും പാപികളായതുകൊണ്ട്, ദൈവത്തിന്റെ കരുണയിൽ മാത്രം ആശ്രയിച്ചുകൊണ്ടാണ് ഈ അപേക്ഷ നടത്തുന്നത്. അതുകൊണ്ട് ഇതിന് വിനീത സമീപന പ്രാർത്ഥനയെന്നു പേരുണ്ട്.

വിശുദ്ധ രഹസ്യങ്ങൾ മൂടിയിരിക്കുന്ന പട്ടുതുണിയാണ് *ശോശപ്പാ* അല്ലെങ്കിൽ അനാഫോറ. ശോശപ്പാ എന്ന വാക്ക് അക്കേഡിയൻ ഭാഷയിൽ നിന്ന് സുറിയാനിയിലേക്കു വന്നിട്ടുള്ളതാണ്. ആവരണം, മൂടി, തൂവാല എന്നൊക്കെ അർത്ഥമുണ്ട്. യൽദാക്കാലത്ത് നക്ഷത്രത്തിന്റെ അടയാളമുള്ളതും, ദനഹാക്കാലത്തും പെന്തക്കോസ്തിക്കാലത്തും പ്രാവിന്റെ രൂപമുള്ളതും സ്ലീബാക്കാലത്തും മറ്റുകാലങ്ങളിലും കുരിശുള്ളതുമായ ശോശപ്പാ ഉപയോഗിക്കുന്ന പതിവുണ്ട്. രണ്ടുകൈകളും കൊണ്ട് ശോശപ്പാ എടുത്ത് ആഘോഷിക്കുമ്പോൾ കാർമ്മികൻ ബലി അർപ്പിക്കാൻ ആരംഭിക്കുന്നു. ആരാധകരുടെ ശ്രദ്ധ ആകർഷിക്കാൻ മണിയും മർബഹാസായും കിലുക്കുകയും ശുശ്രൂഷകൻ സന്ദർഭ

ത്തിന്റെ ഗൗരവം വിളിച്ചറിയിക്കുകയും ചെയ്യുന്നു. പിതാവായ ദൈവത്തിന് രമ്യതയിലും സമാധാനത്തിലും അർപ്പിക്കപ്പെടുന്ന ജീവനുള്ള ബലിയിൽ ഭയഭക്തിയോടും വിശുദ്ധിയോടും സ്നേഹത്തോടും സത്യവിശ്വാസത്തോടുംകൂടെ നിന്ന് ശ്രദ്ധിക്കാൻ ശുശ്രൂഷകൻ ഈ പ്രഖ്യാപനം വഴി ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നു. അതിനു രണ്ടു കാരണങ്ങളുണ്ട്.

1. വിശുദ്ധവും ദൈവികവുമായ രഹസ്യങ്ങൾ, അവയുടെ മേൽ വയ്ക്കപ്പെട്ടിരിക്കുന്ന, മറ മാറ്റി വെളിപ്പെടുത്താൻ പോകുന്നു.
2. ഈ സന്ദർഭത്തിൽ സ്വർഗ്ഗവാതിൽ തുറക്കപ്പെടുകയും സ്വർഗ്ഗീയസൈന്യങ്ങളും പരിപൂർണ്ണരാക്കപ്പെട്ട നീതിമാന്മാരുടെ ആത്മാക്കളും ദിവ്യരഹസ്യങ്ങളെ ദർശിക്കാനും ബഹുമാനിക്കാനും ഇറങ്ങിവരികയും ചെയ്യുന്നു.[10]

അർപ്പിക്കപ്പെടുന്ന കുർബാന ദൈവികവും പരിശുദ്ധവുമത്രെ. തന്നിമിത്തം ഭക്തിയോടും വിശുദ്ധിയോടുംകൂടെ അതിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇതിലേക്കു സത്യവിശ്വാസവും സ്നേഹവും ആവശ്യമത്രെ. ശോശപ്പാ ഉയർത്തുന്നത് സ്വർഗ്ഗവാതിൽ നമുക്കായി തുറന്നിരിക്കുന്നു എന്നു കാണിക്കുന്നു. ഇവിടെ നാം ദർശിക്കുന്നത് സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള സമ്മേളനമാണ്. നാം സ്വർഗ്ഗീയ ജറുസലേമിലേക്ക് ആരോഹണം ചെയ്യുന്നു. സ്വർഗ്ഗീയർ നമ്മുടെ ഇടയിലേക്ക് അവരോഹണം ചെയ്യുന്നു. ഈ ദൃശ്യം, മനുഷ്യരും സ്വർഗ്ഗീയരുമായുള്ള സംസർഗ്ഗം വ്യക്തമാക്കുന്നു. ഇക്കാരണത്താലാണ് ശോശപ്പാ മുകളിലോട്ടും താഴോട്ടും ചലിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ, ശോശപ്പായെ യാക്കോബ് ബഥേലിൽ കണ്ട (ഉൽപ 28:12) ഗോവണിയോടു സദൃശ്യപ്പെടുത്തിയിരിക്കുന്നു.

> സീയോൻ മലയിലേക്കും ജീവിക്കുന്ന ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ ജറുസലേമിലേക്കും അസംഖ്യം ദൂതന്മാരുടെ സമൂഹത്തിലേക്കുമാണ് നിങ്ങൾ വന്നിരിക്കുന്നത്. (ഹെബ്രാ 12:22).

ശോശപ്പാ ആഘോഷിക്കുമ്പോൾ വൈദികൻ രഹസ്യത്തിൽ ചൊല്ലുന്ന പ്രാർത്ഥനയിൽനിന്ന ശോശപ്പായുടെ പ്രതീകാത്മകമായ അർത്ഥം എന്തെന്ന് ഏകദേശം ഗ്രഹിക്കാം.

10. മോശെ ബർകേഫായുടെ കൂദാശാഭാഷ്യം പേജ് 26





> ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കു പന്ത്രണ്ടു നീരുറവകൾ ഒഴുക്കിക്കൊടുത്ത തീക്കൽപ്പാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ വയ്ക്കപ്പെട്ട തീക്കൽപ്പാറയും നീ തന്നെയാകുന്നു.

മരുഭൂമിയിൽ അലഞ്ഞുനടന്ന ഇസ്രായേൽക്കാർക്ക് ദൈവം പാറയിൽനിന്ന് വെള്ളമൊഴുക്കി അവരുടെ ദാഹം തീർത്തു (സംഖ്യ 20:2-13). ഈ പാറയോടാണ് ശോശപ്പായെ ഉപമിച്ചിരിക്കുന്നത്. പാറയിൽ നിന്ന് ധാരാളമായി വെള്ളം ഒഴുകിയതുപോലെ ക്രിസ്തുവാകുന്ന ആത്മീയ പാറയിൽനിന്ന് ദൈവകൃപയാകുന്ന ജീവജലം (ജറെ 2:13) സഭയിലേക്ക് ധാരാളമായി ഒഴുകുന്നു (1 കോറി 10:1-4). ഉയിർപ്പിന്റെ അടയാളവുമാണിത്. ത്രോണോസ് കർത്താവിന്റെ കബറാണ്. കബറിടത്തിൽ വയ്ക്കപ്പെട്ട പാറയ്ക്കുസദൃശ്യമാണ് ശോശപ്പാ. ഉയിർപ്പുസമയത്തുണ്ടായ ഭൂകമ്പത്തെയും (മത്താ 28:2) ശോശപ്പായുടെ ചലനം സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനം സ്പഷ്ടമായതും, മരണത്തിന്മേലുള്ള തന്റെ വിജയം വെളിപ്പെട്ടതും കബറിങ്കൽ വയ്ക്കപ്പെട്ടിരുന്ന പാറ മാറ്റിയപ്പോഴാണ്. ബലിവസ്തുക്കളെ മൂടിയിരുന്ന ശോശപ്പാ മാറ്റുമ്പോൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് ആരാധനാസമൂഹം ദർശിക്കുന്നത്. ക്രിസ്തുവിന്റെ ഉയിർപ്പ് ക്രിസ്ത്യാനികളുടെ ഉയിർപ്പിന്റെ അടയാളവും അച്ചാരവുമാണ്. അതിനാൽ തങ്ങൾ ക്രിസ്തുവിൽ ഉയർപ്പിക്കപ്പെട്ടിരിക്കുന്നുവെന്നും യുഗാന്ത്യത്തിൽ ശരീരത്തോടുകൂടി ഉയർപ്പിക്കപ്പെടുമെന്നുമുള്ള ചിന്തകൾ തീർത്ഥാടകരിൽ ഉളവാകുന്നു.

ശോശപ്പാ മൂന്നുപ്രാവശ്യം ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നത്, പത്രോസ് കണ്ട ദർശനത്തിൽ സ്വർഗ്ഗത്തിൽനിന്നിറങ്ങിയ പാത്രം മൂന്നുപ്രാവശ്യം താഴുകയും പൊങ്ങുകയും (അപ്പ 10:11-16) ചെയ്തതിനോട് മോശെ ബർകേഫാ താരതമ്യപ്പെടുത്തിയിരിക്കുന്നു.[11] പത്രോസ് കണ്ട ദർശനം പ്രതീകാത്മകമായിരുന്നു. കൃപാവരവും രക്ഷയും യഹൂദന്മാർക്കു മാത്രമല്ലെന്നും സാർവ്വത്രികമാണെന്നും വ്യക്തമാക്കാനാണ് പത്രോസിനു ദർശനമുണ്ടായത്. അപ്രകാരം ശോശപ്പാ ആഘോഷവും പ്രതീകാത്മകമാണ്. ഇനി നടക്കാൻപോകുന്ന ബലിയർപ്പണം എല്ലാവരെയും നിത്യജീവനിലേക്കു നയിക്കുന്ന ശക്തികേന്ദ്രമാണെന്ന് അത് സൂചിപ്പിക്കുന്നു.

ശോശപ്പായുടെ പ്രാർത്ഥന യാക്കോബിന്റെ ഗ്രീക്കുതക്സായിൽ താഴെവരും പ്രകാരം വിനീത സമീപനപ്രാർത്ഥനയാണ്.

> നിന്റെ മഹാ വിശുദ്ധസ്ഥലത്തു പ്രവേശിക്കുന്നതിനുള്ള

11. മോശെ ബർകേഫായുടെ കൂദാശാഭാഷ്യം പേജ് 27

ധൈര്യം (ഹെബ്രാ 10:19–20) ഞങ്ങൾക്കു തന്നതിനാൽ നിന്നെ സ്തുതിക്കുന്നു. മിശിഹായുടെ ശരീരമാകുന്ന തിര ശ്ശീലയിലൂടെ നവീനവും സജീവവുമായ ഒരു പാതയായി നീ അത് ഞങ്ങൾക്ക് പുതുക്കിയിരിക്കുന്നു (ഹെബ്രാ 10:21). നിന്റെ മഹത്വത്തിന്റെ കൂടാരങ്ങളിൽ പ്രവേശിക്കുന്നതിനും, തിരശ്ശീലയ്ക്കുള്ളിൽ കടക്കുന്നതിനും മഹാവിശുദ്ധ സ്ഥലം ദർശിക്കുന്നതിനും യോഗ്യരായി പരിഗണിക്കപ്പെ ട്ടതിനാൽ നിന്റെ നന്മയുടെ മുമ്പാകെ ഞങ്ങൾ സാഷ്ടാം ഗപ്രണാമം ചെയ്യുന്നു.

വിശുദ്ധ കുർബാനയുടെ രഹസ്യം പൂർണ്ണമായും മനസ്സിലാ ക്കിയാണ് ശുശ്രൂഷകന്റെ വിജ്ഞാപനത്തിനു ജനം മറുപടി പറയുന്ന ത്. വി.കുർബാന എന്തെല്ലാമായിരിക്കുന്നോ അതിന്റെ ചുരുക്കമാണ് ഈ വാക്യം.

ഈ കുർബാന അനുഗ്രഹവും സമാധാനവും, ബലിയും സ്തോത്രവുമാകുന്നു.

*റഹ്മെ* എന്ന സുറിയാനി പദമാണ് അനുഗ്രഹമെന്നു പരിഭാ ഷപ്പെടുത്തിയിരിക്കുന്നത്. സ്നേഹം, കരുണ, കൃപ, അനുകമ്പ എന്നീ ആശയങ്ങൾ ഉൾക്കൊള്ളുന്ന പദമാണ് റഹ്മെ. പാപംവഴി മനുഷ്യ വർഗ്ഗം മുഴുവൻ മരിച്ചിട്ടും, സ്നേഹനിധിയായ ദൈവം ക്രിസ്തുവി ലൂടെ അതിനെ ജീവിപ്പിച്ചു. ഇപ്രകാരം കരുണാസമ്പന്നമായ ദൈവം നമ്മോട് അളവില്ലാത്ത സ്നേഹം കാണിച്ചു. വരാനിരിക്കുന്ന കാലങ്ങ ളിൽ തന്റെ അപരിമേയമായ കൃപാസമൃദ്ധി വ്യക്തമാക്കാനാണ് ഇപ്ര കാരം ചെയ്തത് (എഫേ 2:4–7). അവൻ കുരിശിൽ ചിന്തിയ രക്തം വഴി (കൊളോ 1:20) നമ്മോടു കാണിച്ച സ്നേഹവും കരുണയും രക്ത രഹിതമായും കൂദാശപരമായും പുനരാവിഷ്ക്കരിക്കപ്പെടുകയാണ് വി. കുർബാനയിൽ. അതുവഴി ദൈവത്തിന്റെ അനുഗ്രഹം നമ്മുടെമേൽ ചൊരിയപ്പെട്ടിരിക്കുന്നു. നമ്മുടെ വർഗ്ഗത്തിനുവേണ്ടി അർപ്പിക്കപ്പെട്ട യാഗവും, അതുമൂലമുള്ള മോചനവുമാണ് ഈ അനുഗ്രഹം.

ക്രിസ്തുതന്നെ നമ്മുടെ സമാധാനമാണ് (എഫേ 2:14). സമാ





ധാനത്തിന്റെ ദൈവം (റോമ 16:20) ദൈവസ്നേഹമുള്ളവർക്കു നല്കുന്ന വലിയ കൃപയാണ് സമാധാനം. സ്വജനത്തെയും ജാതികളെയും, സ്വർഗ്ഗീയരെയും ഭൗമികരെയും ആത്മാവിനെയും ശരീരത്തെയും തമ്മിൽ ഈ കുർബാന രമ്യപ്പെടുത്തുന്നതിനാൽ ഇത് സമാധാനമാ കുന്നു.[12]

എല്ലാ യാഗങ്ങളുടെയും മർമ്മം സ്തോത്രമാണ്; ദൈവത്തിന്റെ മഹത്ത്വം ഏറ്റുപറയുകയാണ്. അനുസരണം, സഹനം, രക്തം ചിന്തൽ ഇവയെല്ലാം നാം ദൈവത്തിന്റേതാണെന്നും, അവനിൽ പൂർണ്ണമായി ആശ്രയിക്കുന്നവരാണെന്നും ഏറ്റുപറയുന്നതിന്റെ ചില ബാഹ്യ അട യാളങ്ങളാണ്. തന്റെ യാഗം രഹസ്യപൂർണ്ണമായി സെഹിയോൻ മാളി കയിൽ അനുഷ്ഠിച്ചപ്പോൾ ക്രിസ്തു സ്തോത്രം ചെയ്തത് (ലൂ 22:17–9) പ്രത്യേകം ശ്രദ്ധേയമാണ്. അനുഗ്രഹത്തിന്റെ അപ്പവും സ്തോത്രാർപ്പ ണത്തിന്റെ കാസായും (1 കോരി 10:16) എന്ന് വി.പൗലോസ് ശ്ലീഹാ പറയുന്നത് കുർബാനയെപ്പറ്റിയാണ്. അതിനാൽ കുർബാന സ്തോത്ര ബലിയാകുന്നു.

### സ്തോത്രയാഗ പ്രാർത്ഥന

വി.കുർബാനയിലെ ഏറ്റവും പ്രധാനഭാഗമാണ് ഇത്. രക്ഷാച രിത്രം വിവരിച്ചുകൊണ്ടു തുടങ്ങി, അന്ത്യ തിരുവത്താഴത്തിലൂടെ കടന്ന് റൂഹാക്ഷണത്തിലവസാനിക്കുന്ന ഒരു നീണ്ട പ്രാർത്ഥനവൃത്തത്തി ലാണ് അപ്പവും വീഞ്ഞും തിരുശരീരവും തിരുരക്തവുമായി രൂപാന്ത രപ്പെടുന്നത്. നിഷ്കൃഷ്ടാർത്ഥത്തിൽ ഇതാണ് അനാഫോറാ. ഇതിന് പൊതുവായ ഒരു പ്രാർത്ഥനാ സംവിധാനമുണ്ട്. അത് താഴെവരും പ്രകാ രമാണ്.

1. ശ്ലൈഹിക ആശീർവാദം
2. ദൈവസ്തുതിപ്പിനുള്ള ആഹ്വാനം
3. മാലാഖമാരുടെ സ്തുതിഗീതത്തിനുമുമ്പുള്ള പ്രാർത്ഥന
4. മാലാഖമാരുടെ സ്തുതിഗീതം

12. മോശെ ബർകേഫായുടെ കൂദാശാഭാഷ്യം പേജ് 28

5. രക്ഷാകരചരിത്രം
6. കുർബാന സ്ഥാപനവിവരണം
7. കല്പനാനുസ്മരണം
8. റൂഹാക്ഷണപ്രാർത്ഥന
9. മദ്ധ്യസ്ഥ പ്രാർത്ഥന
10. സ്തുതിഗീതം

യേശുക്രിസ്തു ഭൂമിയിൽ സ്ഥാപിച്ച സഭയിൽ എന്നാളും അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ വഴി പിതാവായ ദൈവത്തിന് സ്തുതിയും സ്തോത്രവും കൃതജ്ഞതയും സാദരം സമർപ്പിക്കുന്ന അതിവിശുദ്ധകർമ്മമത്രേ ഇത്. ഈ പ്രാർത്ഥനാശൃംഖലയ്ക്കിടയ്ക്ക് ആരാധകർ സമർപ്പിച്ച കാഴ്ചവസ്തുക്കൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങളായിരുന്നു. തിരുസഭ മുഴുവന്റെയും സത്യവിശ്വാസത്തിന്റെ ആഘോഷപൂർവ്വമായ ഒരു ദിവ്യപ്രഘോഷണം കൂടിയാണ് അനാഫോറ.

## ശ്ലൈഹിക ആശീർവാദം

> മനുഷ്യപുത്രൻ തന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതുപോലെ പോകുന്നു (മർക്കോ 14:21).

> പുസ്തകത്തിന്റെ ആരംഭത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, ഞാൻ പറഞ്ഞു: ദൈവമേ അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു (ഹെബ്രാ 10:7; സങ്കീ 40:7-8).

മനുഷ്യപുത്രനെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്ന സകലവും, ത്രിയേകദൈവത്തിന്റെ നിശ്ചയങ്ങളാണ്. യേശുക്രിസ്തുവിന്റെ കാര്യങ്ങൾ മുന്നോട്ടുപോകുന്നത് ത്രിയേകദൈവത്തിന്റെ ആലോചനയ്ക്കും നിശ്ചയത്തിനും അനുസരിച്ചാണ്. ഇക്കാരണത്താലാണ് അന്ത്യോക്യൻ അനാഫോറാ ത്രിത്വപരമാണ് എന്ന് പറയുന്നത്. അതുകൊണ്ട് സ്തോത്രയാഗ പ്രാർത്ഥനയുടെ ആരംഭത്തിൽ പള്ളിയിൽ സമ്മേളിച്ചിരിക്കുന്ന തീർത്ഥാടകരെ ശ്ലൈഹിക ആശീർവാദം നല്കി ത്രിത്വത്തിനു ഭാരമേല്പിക്കുന്നു.





> പിതാവായ ദൈവത്തിന്റെ സ്നേഹവും + ഏകജാതന്റെ കൃപയും + പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും ആവാസവും + എന്റെ സഹോദരങ്ങളെ നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.

ഈ ആശീർവാദം വി.പൗലോസ് ശ്ലീഹാ കോറിന്ത്യരെ അഭിവാദനം ചെയ്ത് എഴുതിയ വചനത്തെ ആസ്പദമാക്കിയുള്ളതത്രെ. ഇതിന് ശ്ലൈഹിക ആശീർവാദമെന്ന് പേരുലഭിച്ചതും അതുകൊണ്ടത്രെ.

> കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. (2 കോറി 13:14).

അന്ത്യോക്യൻ സഭ വി.പൗലോസിന്റെ ലേഖനത്തിലെ അഭിവാദനരീതി അല്പം വ്യത്യാസത്തോടെ സ്വീകരിച്ചത് ത്രിത്വത്തെക്കുറിച്ചുള്ള ദൈവശാസ്ത്രം നാലാം നൂറ്റാണ്ടിൽ വികസിച്ചപ്പോഴാണ്. അനാഫോറ വി.ത്രിത്വത്തിൽ കേന്ദ്രീകൃതമാണെന്നും ത്രിത്വത്തിലെ മൂന്ന് ആളുകളുടെയും പ്രവർത്തനം അത് വിശദീകരിക്കുകയാണെന്നുമത്രെ ഈ ആശിർവാദത്തിന്റെ സാരാംശം.

## *കബൂറാ ഭക്ഷണം*

പണ്ഡിതന്മാരുടെ അഭിപ്രായമനുസരിച്ച്, യഹൂദന്മാരുടെ കബൂറാഭക്ഷണ (ശാബതു ദിവസത്തെ ആചാരപരമായ ഭക്ഷണം) സമയത്തെ പ്രാർത്ഥനയുടെ മാതൃകയിലാണ് അനാഫോറാ രൂപം കൊണ്ടത്[13]. ഈ പ്രാർത്ഥനയ്ക്ക് മൂന്നു ഭാഗങ്ങളായിരുന്നു, **ദൈവത്തെ സ്തുതിക്കുക, നന്ദിപറയുക, കരുണ യാചിക്കുക.** ക്രിസ്തീയ പാരമ്പര്യം ഇവയെ ത്രിത്വത്തിലെ മൂന്ന് ആളുകളുമായി ബന്ധപ്പെടുത്തി. അതനുസരിച്ച് അനാഫോറായുടെ മൂന്നു ഘടകങ്ങൾ ഇവയാണ്.

1. **സ്തുതിപ്പ്** പിതാവ് തന്റെ അനന്തമായ സ്നേഹം നിമിത്തം സർവ്വപ്രപഞ്ചത്തെയും സൃഷ്ടിച്ചു പരിപാലിക്കുന്നു. എന്നാൽ മനു

13. *G.Dix, The Shape of the Liturgy Page 50ff*

ഷ്യൻ പാപത്തിൽ വീണപ്പോൾ തന്റെ ഏകജാതനെ നൽകാൻ തക്ക വിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16). ഈ സ്നേഹത്തിന്റെ പ്രഘോഷണമാണ് സ്തുതിപ്പ്.

2. **കൃതജ്ഞതാപ്രകടനം** പുത്രനായ ദൈവം തന്റെ കൃപയാൽ നമ്മെ രക്ഷിച്ചു. ഈ വലിയ കൃപയ്ക്ക് നന്ദി പറയുകയാണ് അനാഫോറായുടെ രണ്ടാമത്തെ ഘടകം.

3. **മദ്ധ്യസ്ഥാപേക്ഷ** പരിശുദ്ധാത്മാവിന്റെ സംസർഗ്ഗം നമ്മെ ശുദ്ധീകരിക്കുന്നു. അവിടുത്തെ ആവാസം കുർബാനയെന്ന യാഗം പൂർത്തിയാക്കുകയും ദൈവമുമ്പാകെ സ്വീകാര്യമാക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനായി അപേക്ഷിക്കുകയാണ് സഭയുടെ കടമ.

ഇക്കാര്യങ്ങളെല്ലാം വ്യക്തമാക്കുകകയാണ് ആദ്യ ആശീർവാദത്തിൽ. അതുകൊണ്ടാണ് മോശെ ബർ കേഫാ ശ്ലൈഹിക ആശീർവാദം ഇപ്രകാരം വ്യാഖ്യാനിക്കുന്നത്.

> പിതാവായ ദൈവത്തിന്റെ സ്നേഹം എന്നു പറയുന്നതുവഴി, ശ്ലീഹാ പ്രസ്താവിക്കുന്നതുപോലെ ദൈവം നമുക്കുവേണ്ടി സ്നേഹം മൂലം തന്റെ പുത്രനെ മരണത്തിനു കൈയ്യാളിച്ചു എന്നതു വ്യക്തമാക്കുന്നു. ഏകജാതന്റെ കൃപ എന്നു പറയുന്നതുവഴി തന്റെ കൃപയാലാണ് മനുഷ്യരുടെ യോഗ്യത കൊണ്ടല്ല, പുത്രൻ മരണം ആസ്വദിച്ചത് എന്നു സ്പഷ്ടമാകുന്നു. പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും ആവാസവും എന്നു പറയുന്നതുവഴി, പരിശുദ്ധാത്മാവിന്റെ ആവാസം വഴിയാണ് ബലികൾ പൂർണ്ണമാകുന്നതും സ്വീകരിക്കപ്പെടുന്നതും എന്ന് അവൻ പ്രഖ്യാപിക്കുന്നു[14].

14. മോശെ ബർ കേഫായുടെ കൂദാശാഭാഷ്യം പേജ് 29





കാർമ്മികൻ വലതുകൈകൊണ്ട് രഹസ്യങ്ങളിൽനിന്ന് ശക്തി സംഭരിച്ച് തന്റെ മേൽത്തന്നെ ആദ്യം കുരിശുവരയ്ക്കുന്നു. തുടർന്ന്, വലത്തോട്ടു തിരിഞ്ഞ് ദൈവജനത്തെ മൂന്നുതവണ കുരിശാകൃതിയിൽ റൂശ്മ ചെയ്യുന്നതിനു മുമ്പായി മദ്ബഹായിൽ വടക്കുവശത്തുള്ളവരുടെമേലും തെക്കുവശത്തുള്ളവരുടെമേലും ഓരോ പ്രാവശ്യം കുരിശുവരയ്ക്കുന്നു. തന്നേക്കാൾ പ്രായവും സ്ഥാനവും കൂടുതലുള്ളവരാണ് മദ്ബഹായിൽ നിൽക്കുന്നതെങ്കിൽ അവരെ നോക്കി തലകുനിക്കുകയും തന്നെത്താൻ കുരിശുവരയ്ക്കുകയും ചെയ്യുന്നു. റൂശ്മാ അവസാനിക്കുമ്പോൾ, കൈ ഉയർത്തി കൈപ്പത്തി കമഴ്ത്തി ജനങ്ങളുടെ ശിരസ്സിൽ വയ്ക്കുന്നതുപോലെ പിടിക്കുന്നു. പിതാവിന്റെ സ്നേഹം സ്വർഗ്ഗത്തിലെ കരുണയുടെ വാതിൽ നമുക്കു തുറന്നുതരുന്നു. ഏകജാതന്റെ കൃപ. ദൈവസമക്ഷം മനോധൈര്യത്തോടെ നില്ക്കാൻ ഉറപ്പുതരുന്നു (ഹെബ്ര 10:19). പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും ആവാസവും കാഴ്ചവസ്തുക്കളെ രൂപാന്തരപ്പെടുത്തുന്നതുപോലെ നമ്മെയും നിരന്തരം രൂപാന്തരപ്പെടുത്തുന്നു.

## സ്വർഗ്ഗത്തിലേക്ക്

> സ്വർഗ്ഗീയജറുസലേമിൽ ആചരിക്കപ്പെടുന്ന ആരാധനക്രമത്തിന്റെ ഒരു മുന്നാസ്വാദനമത്രെ ഈ ഭൗമികമായ ആരാധനക്രമത്തിൽ നമുക്കു കൈവരുന്നത്. ആ വിശുദ്ധ നഗരമാണ് തീർത്ഥാടകരായ നമ്മുടെ യാത്രാലക്ഷ്യം. അവിടെയാണ് വിശുദ്ധസ്ഥലത്തിലെയും സാക്ഷാൽ ആരാധനസ്ഥലമായ കൂടാരത്തിലെയും ആചാര്യനായ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നത്. അവിടെ സ്വർഗ്ഗീയ സൈന്യനിരയോടു ചേർന്നു നാഥനു പുകഴ്ചയുടെ കീർത്തനം നാം ആലപിക്കുന്നു. [15]

ശ്ലൈഹിക ആശീർവാദത്തിനുശേഷം തുറക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗത്തിലേക്ക് സമൂഹത്തിന്റെ സത്വര ശ്രദ്ധയെ പ്രത്യേകവിധം കാർമ്മികൻ ക്ഷണിക്കുന്നു. യാഗാർപ്പണത്തിന്റെ ആദ്ധ്യാത്മിക പ്രകൃ

15. രണ്ടാം വത്തിക്കാൻ കൗൺസിൽ, ആരാധനക്രമം 8

തിയെ സുവ്യക്തമാക്കാൻ കഴിയുന്നതാണ് ശ്രദ്ധ ക്ഷണിച്ചുകൊണ്ടുള്ള ആമുഖസംഭാഷണം.

ക്രിസ്തു ഒരിക്കൽമാത്രം എന്നേക്കുമായി ഗോഗുൽത്താക്കുരിശിൽ തന്റെ പരമയാഗം അർപ്പിച്ചു (ഹെബ്രാ 7:27; 9:26–28; 10:10). കബറിൽനിന്നും മഹിമ പ്രതാപങ്ങളോടെ അവൻ ഉയിർത്തെഴുന്നേറ്റശേഷം നാല്പതാം ദിവസം സ്വർഗ്ഗാരോഹണം ചെയ്ത്, ഇപ്പോൾ പിതാവിന്റെ വലത്തുഭാഗത്തിരുന്ന് കുരിശിലെ യാഗത്തിന്റെ തുടർച്ചയെന്നവണ്ണം നിത്യമഹാപുരോഹിതൻ എന്ന നിലയിൽ നമുക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുന്നു (ഹെബ്രാ 7:22,25; 9:24; റോമ 8:34). ഇതാണ് സ്വർഗ്ഗീയ ജറുസലേമിൽ ആചരിക്കപ്പെടുന്ന ആരാധനക്രമം. ഇതിന്റെ മുന്നാസ്വാദനമാണ് ഭൗമിക ത്രോണോസിൽ നടക്കുന്നത്. അതിനാൽ ത്രോണോസിലെ യാഗാർപ്പകനും യാഗവസ്തുവും ക്രിസ്തുതന്നെ. അതുകൊണ്ട് വർത്തമാനകാലത്ത്, നാം ദൈവാലയത്തിൽ കുർബാന എന്ന യാഗം അർപ്പിക്കുമ്പോൾ, രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഗോഗുൽത്താക്കുരിശിൽ യാഗമർപ്പിച്ചവനും സ്വർഗ്ഗാരോഹണംമൂലം ഇപ്പോൾ സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്തിരുന്ന് മദ്ധ്യസ്ഥം നടത്തുന്നവനുമായ ക്രിസ്തുവിനോട് എല്ലാ പ്രകാരത്തിലും യോജിച്ചുകൊണ്ടായിരിക്കണം നാം അത് നടത്തേണ്ടത്. എങ്കിൽ മാത്രമേ നമ്മുടെ കുർബാനാർപ്പണത്തിന് അർത്ഥവും ഫലവും ഉണ്ടാവു. നമ്മുടെ കർത്താവ് കുർബാനയെപ്പറ്റി ശിഷ്യന്മാരോടു സംസാരിച്ചപ്പോൾ സ്വർഗ്ഗാരോഹണത്തിന്റെ കാര്യം അവരെ ഓർമ്മിപ്പിച്ചത് ഇതിലേക്കു വിരൽ ചൂണ്ടുന്നു (യോഹ 6:62). ക്രിസ്തുവിന്റെ യാഗമാണ് കുർബാന. അതിനാൽ സ്വർഗ്ഗീയ മണവാളനും ശിരസ്സുമായ ക്രിസ്തുവിനോടു യോജിച്ചുവേണം മണവാട്ടിയും മൗതികശരീരവുമായ സഭ കുർബാന അർപ്പിക്കേണ്ടത്. അക്കാരണത്താലത്രേ, *നമ്മുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് മിശിഹാതമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിൽ* (സങ്കീ 110:1; അ.പ്ര 2:34; റോമ 8:34; എഫേ 1:20; ഹെബ്രാ 1:3; 8:1; 10:12; 1 പത്രോ 3:22; വെളി 3:21) ആയിരിക്കണമെന്ന് കാർമ്മികൻ ആഹ്വാനം ചെയ്യുന്നത്. ക്രിസ്ത്യാനികൾക്ക് നിരന്തരം ഉണ്ടായിരിക്കേണ്ട മനോഭാവം ഇവിടെ ഓർമ്മിപ്പിക്കുകയാണ്.

ക്രിസ്തുവിനോടൊപ്പം നിങ്ങൾ ഉയിർപ്പിക്കപ്പെട്ടെ





ങ്കിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തുവസിക്കുന്ന ഉന്നതങ്ങളിലുള്ളവയെ അന്വേഷിക്കുവിൻ, ഭൂമിയിലുള്ള വസ്തുക്കളിലല്ല, പ്രത്യുത ഉന്നതത്തിലുള്ളവയിൽ ശ്രദ്ധിക്കുവിൻ (കൊളോ 3:1–2).

ഇവിടെ മദ്ബഹാ മറ്റൊരു സ്വർഗ്ഗമായി മാറുകയാണ്. ദിവ്യരഹസ്യങ്ങളെ ബഹുമാനിക്കാനായി സ്വർഗ്ഗീയ സേനകളും നീതിമാന്മാരുടെ ആത്മാക്കളും സമാഗതരാകുന്നു. സഭ മുഴുവനും ആത്മീയമായി സ്വർഗ്ഗത്തിലേക്കു കരേറുകയാണ്. അതിനാലത്രേ, ആരോഹണം എന്നർത്ഥമുള്ള **അനാഫോറാ** എന്ന് ഈ ഭാഗത്തിന് പേര് ലഭിച്ചത്. നമ്മുടെ ശിരസ്സായ ക്രിസ്തു സ്വർഗ്ഗത്തിലാകയാൽ അവിടെത്തന്നെ നമ്മുടെ ഹൃദയം ആയിരിക്കണമെന്ന് വി. അഗസ്തിനോസ് ഇതിനെ വ്യാഖ്യാനിക്കുന്നു.

ഈ സുപ്രധാനഘട്ടത്തിൽ കാർമ്മികൻ ദൃഷ്ടികൾ സ്വർഗ്ഗത്തിലേക്കുയർത്തുകയും (മത്താ 14:19; മർക്കോ 6:41; ലൂ 9:16) ഇരുകരങ്ങളും മുകളിലേക്കുയർത്തി (സങ്കീ 63:4; 141:2) സ്വർഗ്ഗത്തിലേക്ക് ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. *ഞങ്ങളുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ദൈവമായ കർത്താവിങ്കൽ ആയിരിക്കുന്നു* എന്നു പറഞ്ഞ് ജനം തങ്ങളെത്തന്നെ കർത്തൃകരങ്ങളിൽ സമർപ്പിക്കുന്നു. ഇപ്രകാരം നാം സമർപ്പിതരാകാതെ ക്രിസ്തുവിന് എങ്ങനെ നമ്മെ പിതാവായ ദൈവത്തിന് സമർപ്പിക്കാൻ കഴിയും?

## ദൈവത്തിനു നന്ദി

കുർബാനയുടെ ഏറ്റം വലിയ മർമ്മം കൃതജ്ഞതാ പ്രകാശനമാണ്. ഗ്രീക്കിൽ *എവുക്കാറിസ്തിയാ* എന്നു പറയും (1 കോറി 11:24; ലൂ 22:19). സുറിയാനിയിലും ഈ പദം ഉപയോഗിച്ചുപോരുന്നു. ആദിമസഭയിലെ അനാഫോറായിലെ സുപ്രധാന ഘടകം കൃതജ്ഞതാ പ്രകാശനമായിരുന്നു. ഇതിനുവേണ്ടിയാണ് കാർമ്മികൻ ദൈവജനത്തിന്റെ ശ്രദ്ധ ക്ഷണിച്ചത്. *ഭയഭക്തിയോടുകൂടി കർത്താവിനു നമുക്കു സ്തോത്രം നൽകാം.* സ്തോത്രം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് സ്തുതിയും കൃതജ്ഞതയുമാണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന *നൗദെ* എന്ന സുറിയാനിവാക്കിന് ഈ രണ്ട് അർത്ഥങ്ങളുമുണ്ട്. ആദ്യത്തേത്

പ്രഘോഷിക്കുക, ആഘോഷിക്കുക, സ്തുതിക്കുക, മഹത്ത്വപ്പെടുത്തുക; മാലാഖമാരുടെ സ്തുതിപ്പിൽ ഈ ആശയമാണ് പ്രധാനമായിട്ടുള്ളത്. രണ്ടാമത്തേത്-നന്ദി പറയുക. തുടർന്നുള്ള പ്രാർത്ഥനകളിൽ ക്രിസ്തു നമ്മെ രക്ഷിച്ചതിനെപ്രതിയും നമ്മുടെ വിശുദ്ധീകരണത്തെ പ്രതിയും കൃതജ്ഞത പറയുന്നതിനു പ്രാധാന്യം കൊടുത്തിരിക്കുന്നു. അതിനാൽ ആരാധനയുടെ രണ്ടു പ്രധാന ഉദ്ദേശ്യങ്ങളായ ദൈവമഹത്ത്വവും മനുഷ്യ വിശുദ്ധീകരണവും[16] ഉൾക്കൊള്ളുന്ന വാക്കാണ് സ്തോത്രം. ഭയം എന്ന പദത്താൽ ഇവിടെ വിവക്ഷിക്കുന്നത് മാനുഷികമായ ഭയമല്ല. പിന്നെയോ ദൈവഭക്തിയിൽ നിന്നുളവാകുന്ന ഭയമാണ്; സ്വർഗ്ഗമാകുന്ന മഹാവിശുദ്ധസ്ഥലത്തെ വലിയ പരിശുദ്ധി ഓർത്ത് ദൈവാനുഭവത്തിൽ നിന്നുണ്ടാകുന്ന ഭയം; നമ്മുടെ മുമ്പിൽ അനാവരണം ചെയ്യപ്പെടുന്ന വിശുദ്ധ രഹസ്യങ്ങളുടെ സന്നിധിയിൽ നാം അയോഗ്യരാണെന്നുള്ള ബോധത്തിൽ നിന്നുളവാകുന്ന ഭയം. ഈ മനോഭാവത്തോടുകൂടി, ഇനി നടക്കാൻ പോകുന്ന ശുശ്രൂഷ യുക്തവും ന്യായവുമാണെന്ന് ആരാധകർ സമ്മതിച്ച് ഏറ്റുപറയുന്നു; വൈദികനും രഹസ്യത്തിൽ ഈ സമ്മതം അംഗീകരിച്ചു പറയുന്നു.

## സ്വർഗ്ഗീയ കൂട്ടായ്മ

*എവുക്കാറിസ്തിയാ* പ്രാർത്ഥന തുടർന്ന് ചൊല്ലുന്നു. അതോടൊപ്പം കുർബാനയുടെ ഏറ്റവും വലിയ രഹസ്യം പരികർമ്മം ചെയ്യപ്പെടുന്നു. ആദിമകാലങ്ങളിലെ അനാഫോറായുടെ പ്രധാനഘടകം ഇതായിരുന്നു. കൃതജ്ഞതാ പ്രാർത്ഥനയുടെ ഭാഗമായിരുന്നു കുർബാന സ്ഥാപനവിവരണം. പിൽക്കാലത്താണ് മാലാഖമാരുടെ സ്തുതിപ്പ് ചേർക്കപ്പെട്ടത്. അതിനുശേഷമുള്ള ഭാഗം സ്ഥാപനവിവരണത്തിലേക്കു നയിക്കുന്നതായി പരിവർത്തനം പ്രാപിച്ചു.

ദൈവം മഹോന്നതനും ഏറ്റവും വലിയവനുമാണ്. അവിടുത്തേക്ക് സമനായി മറ്റൊരുവനില്ല. അവിടുന്ന് മഹാപരിശുദ്ധനും അത്ഭുതവാനുമത്രെ. ദൈവത്തിന്റെ സർവ്വമഹത്ത്വവും എല്ലാ സൃഷ്ടികളിലും പ്രത്യക്ഷമാകുന്നുണ്ട് (സങ്കീ 19:1; റോമ 1:20). ദൈവം നമുക്കുവേണ്ടി ഭൂതകാലത്തുചെയ്തവയും, വർത്തമാനകാലത്ത് ചെയ്യുന്നവയും, ഭാവിയിൽ ചെയ്യാനിരിക്കുന്നവയും ഏറ്റവും വിസ്മയാവഹമത്രെ. അവ

16. രണ്ടാം വത്തിക്കാൻ കൗൺസിൽ, ആരാധനക്രമം 7





യെല്ലാം ദൈവത്തിന്റെ അളവില്ലാത്ത കാരുണ്യവും അനന്തസ്നേഹവും വിളംബരം ചെയ്യുന്നു. ഈ സംഗതികളെപ്പറ്റിയെല്ലാം ഒരുവൻ ബോധവാനാകുമ്പോൾ അവന്റെ ഹൃദയ അദ്ഭുതപൂർണ്ണവും സ്നേഹം, നന്ദി എന്നിവകൊണ്ട് നിറഞ്ഞതുമാകും. ഇപ്രകാരം, ദൈവസ്നേഹത്തിന്റെയും നന്ദിയുടെയും വികാരങ്ങൾകൊണ്ട് അവന്റെ ഹൃദയം നിറയുമ്പോൾ അവ ദൈവസ്തോത്രങ്ങളായി സ്വാഭാവികമായി അവനിൽനിന്ന് പുറത്തുവരാതിരിക്കുകയില്ല. ദൈവത്തിന്റെ വിസ്മയാവഹമായ പ്രവൃത്തികൾ വിവരിച്ചുകൊണ്ടാണ് വാസ്തവത്തിൽ സ്തുതിയർപ്പിക്കുന്നത്. ഇതുനിമിത്തം, നാം ദൈവമഹത്ത്വം ഏറ്റുപറയുന്നതും യഥാർത്ഥ ആരാധന സമർപ്പിക്കുന്നതും ദൈവസ്തുതിയിൽക്കൂടിയത്രെ.

ദൈവത്തിന്റെ മഹത്ത്വവും അവിടുത്തെ സ്നേഹവും മനുഷ്യന് സ്വന്തം ശക്തിയാൽ ഗ്രഹിക്കാൻ അസാദ്ധ്യമത്രെ (1 കോരി 2:7-16; എഫേ 3:17-21). അതുകൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്താൻ നമ്മൾ സ്വർഗ്ഗീയ ഗണങ്ങളോടു ചേരുന്നു. ഇതേപ്പറ്റി ഭാഗ്യസ്മരണാർഹനായ 12-ാം പീയൂസ് മാർപ്പാപ്പ ആരാധനക്രമത്തെക്കുറിച്ചുള്ള ചാക്രിക ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമത്രെ.

> ഗോഗുൽത്താക്കുരിശിലെ യാഗത്തിന്റെയും വി.കുർബാനയുടെയും ഉദ്ദേശ്യങ്ങൾ ഒന്നുതന്നെ. അവയിൽ പ്രഥമസ്ഥാനം സ്വർഗ്ഗസ്ഥപിതാവിനെ മഹത്വപ്പെടുത്തുന്നതിനാണ്. ക്രിസ്തുവിന്റെ ജനനംമുതൽ ക്രൂശിലെ മരണംവരെ ദൈവത്തിനു മഹത്ത്വം കൊടുക്കുന്നതിൽ അവൻ അതീവ ശുഷ്ക്കാന്തിപ്രകടിപ്പിച്ചിരുന്നു. ഗോഗുൽത്താക്കുരിശിലെ രക്തം ചിന്തിയുള്ള യാഗാർപ്പണം, പരിമളവാസനയായി സ്വർഗ്ഗത്തിലേക്കു കരേറി. ഈ സ്തുതി ഇന്നു നിലനിർത്തുന്നതിനുവേണ്ടി വി.കുർബാനയിൽ ശിരസ്സായ ക്രിസ്തുവിനോടു കൂടെ തന്റെ മൗതിക ശരീരത്തിലെ അംഗങ്ങൾ യോജിക്കുകയും മാലാഖമാരുടെ ഗണങ്ങളോടുകൂടെ നിരന്തരമായ സ്തുതി ദൈവത്തിനർപ്പിക്കുകയും സർവ്വശക്തനായ പിതാവാം ദൈവത്തിന് ബഹുമാനവും മഹത്ത്വവും നൽകുകയും ചെയ്യുന്നു.[17]

17. Mediator Dei 72.

അതുകൊണ്ട് ക്രിസ്തു നിത്യയാഗം അർപ്പിക്കുന്ന സ്വർഗ്ഗീയ യാഗപീഠത്തിന്റെ മുമ്പിലത്രെ നാമിപ്പോൾ വന്നെത്തിയിരിക്കുന്നത്. ഈ അവസരത്തിൽ, വേദപുസ്തകത്തിലെ പല ദിവ്യദർശനങ്ങളും തീർത്ഥാടകരുടെ മനസ്സിൽ തെളിയണം. സീനായ്മലയിൽ ദൈവം മോശയ്ക്ക് പ്രത്യക്ഷപ്പെട്ടത് (പുറ 19, 16-19) വി. പൗലോസ് ശ്ലീഹാ ഇപ്രകാരം വിവരിക്കുന്നു:

> ഞാൻ ഭയംകൊണ്ടു വിറയ്ക്കുന്നു എന്നു മോശ പറയത്തക്കവിധം അത്ര ഭയങ്കരമായിരുന്നു ആ കാഴ്ച. സീയോൻമലയിലേക്കും ജീവിക്കുന്ന ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ ജറുസലേമിലേക്കും അസംഖ്യം ദൂതന്മാരുടെ സമൂഹത്തിലേക്കുമാണ് നിങ്ങൾ വന്നിരിക്കുന്നത്. സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരുടെ സമൂഹത്തിലേക്കും സഭയിലേക്കും എല്ലാവരുടെയും ദൈവമായ ന്യായധിപന്റെ മുമ്പിലേക്കും പരിപൂർണ്ണരാക്കപ്പെട്ട നീതിമാന്മാരുടെ ആത്മാക്കളുടെ അടുത്തേക്കും പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ യേശുവിന്റെ സവിധത്തിലേക്കും ആബേലിന്റെ രക്തത്തേക്കാൾ ശ്രേഷ്ഠമായവ വാഗ്ദാനം ചെയ്യുന്ന തളിക്കപ്പെട്ട രക്തത്തിലേക്കുമാണ് നിങ്ങൾ വന്നിരിക്കുന്നത് (ഹെബ്രാ 12:21-24).

മഹത്വമുള്ളവനായ ഏശയ്യാ ദീർഘദർശിയും (ഏശ 6:1-4), ദാനിയേൽ പ്രവാചകനും (ദാനി 7:9-11) കണ്ട ദർശനങ്ങളും വി.യോഹന്നാൻ പാത്മോസ് ദ്വീപിൽവച്ച് കണ്ട സ്വർഗ്ഗദർശനവും (വെളി 4:8-11) ഇതിൽനിനിന്ന് ഒട്ടും വ്യത്യസ്തമല്ല.

ദൈവം മഹത്ത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കാൻ അർഹനാണ് (വെളി 4:8—11). പ്രപഞ്ചം മുഴുവനും ദൈവത്തിന് മഹത്ത്വം നൽകുന്നു. നീലാംബരത്തിന്റെ നിശ്ശബ്ദമായ അദ്ഭുതധോരണിയും, മഴവില്ലിന്റെ കണ്ണഞ്ചിപ്പിക്കുന്ന അഴകും പൊട്ടിവിടരുന്ന പ്രഭാതത്തിന്റെ സൗന്ദര്യവും, വസന്തരാവിലെ കുളിർതെന്നലിന്റെ മൃദുലമായ തലോടലും സ്രഷ്ടാവായ ദൈവത്തിന്റെ മഹത്ത്വം പ്രഘോഷിക്കുകയാണ്. അതു മനസ്സിലാക്കിയാണ് രാജകീയ പ്രവാചകനായ ദാവീദ് പാടിയിരിക്കുന്നത്.





> ആകാശം ദൈവത്തിന്റെ മഹത്വം പ്രഘോഷിക്കുന്നു. വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു. പകൽ പകലിനോട് അവിരാമം സംസാരിക്കുന്നു. രാത്രി രാത്രിക്കു വിജ്ഞാനം പകരുന്നു. ഭാഷണമില്ല, വാക്കുകളില്ല; ശബ്ദംപോലും കേൾക്കാനില്ല. എന്നിട്ടും അവയുടെ സ്വരം ഭൂമിയിലെങ്ങും വ്യാപിക്കുന്നു; അവയുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തിയോളം എത്തുന്നു. (സങ്കീ 19:1-4).

അതുപോലെ തീച്ചൂളയിൽ കിടന്ന മൂന്നു ബാലന്മാർ പാടിയ ഗാനം (ദാനിയേൽ 3-ാം അദ്ധ്യായം) പ്രപഞ്ചത്തിന്റെ സ്തുതിപ്പുകളെ വർണ്ണിക്കുന്നു. ഇങ്ങനെ സൃഷ്ടികളെല്ലാം, ജീവനില്ലാത്തവയും ജീവനുള്ളതിൽ ബുദ്ധിരഹിതമായവപോലും അതാതിന്റെ പ്രകൃതിക്കു തക്കവണ്ണം ദൈവത്തിനു സ്തുതിയർപ്പിക്കുന്നു. എന്നാൽ അത് മനുഷ്യർക്ക് കേൾക്കാവുന്ന വിധത്തിലോ മനസ്സിലാകുന്ന ഭാഷയിലോ ആവണമെന്നില്ല. ഇതിന് പ്രാപഞ്ചികാരാധന (cosmic liturgy) എന്നു പറയും. സ്വർഗ്ഗീയർ അവരുടേതായ പ്രത്യേക ഭാഷയിൽ ദൈവത്തെ നിരന്തരം സ്തുതിക്കുന്നു. അതിന് സ്വർഗ്ഗീയ ആരാധന (heavenly liturgy) എന്നു പറയാം. ഈ രണ്ടുകൂട്ടരോടും ചേർന്ന് തീർത്ഥാടകരായ നാമും ദൈവത്തെ സ്തുതിക്കണമെന്നാണ് ദൈവനിശ്ചയം. ഈ ഭൗമികാരാധന (earthly liturgy) യ്ക്കുള്ള ആഹ്വാനമാണ് കാർമ്മികൻ നൽകുന്നത്.

> സ്വർഗ്ഗവും സ്വർഗ്ഗാധിസ്വർഗ്ഗവും അവയിലെ സകല സൈന്യങ്ങളും സൂര്യനും ചന്ദ്രനും സകല നക്ഷത്രങ്ങളും, കരയും കടലും അവയിലുള്ള സകലവും സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരുടെ സഭയാകുന്ന സ്വർഗ്ഗീയ ജറുസലേമും (1) മാലാഖമാരും (2) പ്രധാനമാലാഖമാരും (3) റീശനുവോസേന്മാരും (4) ശൂൽത്തോനേന്മാരും (5) മൗത്ത്ബേന്മാരും (6) മോറാവോസേന്മാരും (7) ഹൈലാവോസേന്മാരും (കൊളോ 1:16; 1 പത്രോ 3:22) (8) അനേകം കണ്ണുകളുള്ള ക്രോബേന്മാരും (ഉൽപ 3:24) (9) കാലുകളും മുഖവും മൂടിക്കൊണ്ട് പരസ്പരം പറന്നടുത്ത്, പരിശുദ്ധൻ എന്ന് ഉച്ച

ത്തിൽ പാടുന്നവരും ആറാറു ചിറകുള്ള സ്രോപ്പേന്മാരുമായ (ഏശ 6:2-3) സ്വർഗ്ഗീയസൈന്യങ്ങൾ ആരെ മഹത്വപ്പെടുത്തുന്നുവോ, അവനെ നമുക്കു മഹത്വപ്പെടുത്താം.

മാലാഖമാർ ചിറകുകൾ വിരിച്ച് പറന്നുനിന്നുകൊണ്ട് ദൈവത്തെ സ്തുതിക്കുന്നതുപോലെ കൈകൾ വിരിച്ചുപിടിച്ചുകൊണ്ടാണ് കാർമ്മികൻ ഈ പ്രാർത്ഥന ചൊല്ലുന്നത്. ഈ സന്ദർഭത്തിൽ മാത്രമേ പട്ടക്കാരൻ കൈകൾ വിരിച്ചു പിടിച്ച് പ്രാർത്ഥിക്കുന്നുള്ളൂ. മറ്റവസരങ്ങളിൽ, അനുഗ്രഹദാതാവായ ദൈവത്തോട് യാചിക്കുന്നുവെന്നപോലെ കൈകൾ മലർത്തി നീട്ടിപ്പിടിച്ചാണ് പ്രാർത്ഥനകൾ ചൊല്ലുന്നത്. സ്വർഗ്ഗീയസഭയുടെ ഒമ്പതുവൃന്ദം[18] മാലാഖമാരുടെ വർണ്ണനയും അവരുടെ ഗണംതിരിച്ചുള്ള വിവരണവുമൊക്കെയാകുമ്പോൾ ചില ക്രമങ്ങളിൽ ഈ പ്രാർത്ഥനവളരെ ദീർഘമാണ്. എങ്കിലും ആരാധകരുടെ ഹൃദയങ്ങളെ ദൈവത്തിലേക്കുയർത്തുന്നതിനും ദൈവസ്തുതിക്കും പര്യാപ്തമാണത്. ഇങ്ങനെ നമ്മുടെ ഹൃദയങ്ങളെ സ്വർഗ്ഗത്തിലേക്ക് ഉയർത്തുകയും മാലാഖമാരോടൊന്നിച്ച് ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്ന സമയം നാം സ്വർഗ്ഗത്തിൽത്തന്നെയാണ്; ഈ സമയത്ത് സ്വർഗ്ഗീയാരാധനയുടെ മുൻകൂട്ടിയുള്ള ആസ്വാദനമാണ് നടക്കുന്നത്.

### മാലാഖമാരുടെ സ്തുതിഗീതം

മാലാഖമാരുടെ ഈ കീർത്തനാലാപം സ്വർഗ്ഗീയ കൂട്ടായ്മയ്ക്ക് നല്ലൊരവസരമാണ്. ഭൂമിയിലെ തീർത്ഥാടക സഭ, സ്വർഗ്ഗത്തിലെ വിജയസഭയോടുചേർന്ന് ദൈവസന്നിധിയിൽ പരിശുദ്ധൻ എന്ന് കീർത്തിക്കുന്നതിന് ഈ സ്തുതിഗീതം ഇടയാക്കുന്നു. നമ്മുടെ ഹൃദയങ്ങളുയർത്തുകയും മാലാഖമാരോടൊന്നിച്ച് ദൈവത്തെ സ്തുതിക്കുകയും ചെയ്യുവാൻ തുടങ്ങുന്ന സമയം മുതൽ നാം സ്വർഗ്ഗത്തിലേക്ക് ആത്മീയമായി ഉയരുകയും അവിടെ ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്ന അനുഭൂതിയാണ് ഉളവാകുന്നത്.

തന്റെ മഹത്ത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരി

18. അനുബന്ധം II നോക്കുക





ശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ ഊശാന. ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും, വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

സ്രോപ്പേ മാലാഖമാരുടെ ഈ ഗാനം നമ്മുടെ ആരാധന ക്രമത്തിലെ ഏറ്റവും വിശിഷ്ടഭാഗങ്ങളിൽ ഒന്നത്രെ. മണ്മയരായ നാം കേവലം അശക്തരും അയോഗ്യരുമാണെന്നുള്ളതിൽ സംശയമില്ല. എന്നിരുന്നാലും, നമ്മുടെ അയോഗ്യതയെപ്പറ്റിയുള്ള തീവ്രമായ ദുഃഖം പ്രകടിപ്പിച്ചുകൊണ്ടും, ദൈവത്തിന്റെ വിസ്മയനീയമായ കാരുണ്യാതിരേകത്തിൽ ആശ്രയിച്ചുകൊണ്ടും ഈ കീർത്തനം പാടുന്നതിന് ആവശ്യമായ യോഗ്യത സ്നേഹനിധിയായ ദൈവത്തിൽനിന്ന് നമുക്ക് പ്രാപിക്കാവുന്നതാണ്. മറ്റൊരുവിധത്തിൽ ചിന്തിച്ചാൽ വി.കുർബാനയിലെ ഈ ഗാനാലാപം വഴി, ഭാവിയിൽ സ്വർഗ്ഗീയ ജറുസലേമിൽ എത്തുമ്പോൾ മാലാഖമാരൊത്ത് ശ്രുതിമധുരമായി ഈ കീർത്തനമാലപിപ്പാൻ ആവശ്യമായ യോഗ്യത ഇഹത്തിൽവച്ച് നാം സമ്പാദിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ തീർത്ഥാടാനത്തിന്റെ അവസാനം, സ്വർഗ്ഗീയ ആരാധനയിൽ വാനവനിരകളൊത്ത് നിത്യമായി ദൈവത്തെ സ്തുതിപ്പാനുള്ള പരിശീലനമാണിവിടെ ലഭിക്കുന്നത്.

ഏശയ്യായ്ക്കുണ്ടായ ദർശനത്തിൽ മാലാഖമാർ ആലപിച്ച ഗാനവും (ഏശ 6:3; വെളി 4:8) യേശുവിന്റെ സ്വയം യാഗാർപ്പണത്തിനുമുമ്പുള്ള ജറുസലേം പ്രവേശനവേളയിൽ ജനക്കൂട്ടം ആർത്തുവിളിച്ച ഓശാനാ ഗീതവും (മത്താ 21:8; മർക്കോ 11:9; ലൂ 19:38; യോഹ 12:13; വെളി 4:7-9; സങ്കീ 118:26) ഒന്നിച്ചുചേർത്തുള്ള ഒരു കീർത്തനമാണ് മാലാഖമാരുടെ സ്തുതിഗീതം. മിശിഹാ, രാജാവായി ജറുസലേമിലേക്ക് എഴുന്നെള്ളിയതിന്റെ അനുസ്മരണമാണ് ഈ ഗീതത്തിന്റെ രണ്ടാംഭാഗം. കൂടാരപ്പെരുന്നാളിൽ ഇസ്രായേൽ ജനം യുഗങ്ങളുടെ പ്രതീക്ഷയായ മിശിഹാരാജാവിനെ സ്വാഗതം ചെയ്യുന്നതിനുപയോഗിച്ച സങ്കീർത്തന വാക്യമാണിത് (118:26). അതുപോലെ സഭാമക്കൾ ഭൗമിക ത്രോണോസിൽ നമ്മുടെ കർത്താവ് സന്നിഹിതനാകുന്നതിനായി ആകാംക്ഷാപൂർവ്വം കാത്തിരിക്കുമ്പോൾ പ്രത്യാശയോടുകൂടി ഈ രണ്ടാം ഭാഗം ചൊല്ലുന്നു.

ക്രിസ്തുസംഭവം സഭയെ സംബന്ധിച്ചിടത്തോളം മൂന്നു കാലഘട്ടങ്ങളുടെ (ഭൂത, വർത്തമാന, ഭാവി) സമ്മേളനമാണ്. രണ്ടായിരത്തിൽപരം വർഷങ്ങൾക്കുമുമ്പ് പാലസ്തീനായിൽ പ്രത്യക്ഷപ്പെട്ട മിശിഹാ യുഗാന്ത്യത്തിൽ വരാനിരിക്കുന്ന മിശിഹായായാണ്. ഈ രണ്ടു ബിന്ദുക്കളുടെയും മദ്ധ്യത്തിലാണ് സഭയുടെ ജീവിതം, ഭൂതകാലത്തിൽ നിന്ന് ശക്തിപ്രാപിച്ച് ഭാവിയിലേക്കു ദൃഷ്ടിയുറപ്പിച്ച് വർത്തമാനകാലത്തിലാണ് സഭ ജീവിക്കുന്നത്. അതിനാൽ സഭയ്ക്ക് ക്രിസ്തു വന്നവൻ മാത്രമല്ല, വരാനിരിക്കുന്നവനാണ്. സുറിയാനിയിൽ *ഓസെ* എന്ന അപൂർണ്ണക്രിയയ്ക്ക് വരുന്നവനെന്നും വരാനിരിക്കുന്നവനെന്നും അർത്ഥസങ്കല്പമുണ്ട്. കർത്താവ് രണ്ടാമത്തെ ആഗമനത്തിൽ വരാനിരിക്കുന്നതുകൂടാതെ ഇവിടെ ഇപ്പോൾ ആരാധനാസമൂഹത്തിൽ വരുന്നവനാണ്. വി.കുർബാനയിൽ താൻ കരുണയോടെ യഥാർത്ഥത്തിൽ സന്നിഹിതനാകുന്നു എന്ന് ഇത് നമ്മെ അനുസ്മരിപ്പിക്കുന്നു.

**ബലവാനായ ദൈവംതമ്പുരാൻ** എന്നത് മോശെ ബർകേഫാ ഇപ്രകാരം വിശദീകരിക്കുന്നു.

a) അവിടുന്ന് പ്രപഞ്ചത്തെ ഉണ്മയിലേക്കു കൊണ്ടുവന്നതിനാൽ

b) അത് നശിക്കാതിരിക്കാൻ തന്റെ സംരക്ഷണയാൽ അതിനെ താങ്ങുകയും പരിപാലിക്കുകയും ചെയ്യുന്നതിനാൽ

c) ദൈവമെന്ന സ്ഥിതിക്കു മാറ്റം സംഭവിക്കാതെ മനുഷ്യനായിത്തീർന്നതിനാൽ

d) അവിടുന്ന് പാപത്തെയും മരണത്തെയും സാത്താനെയും കീഴടക്കി അവയിൽനിന്ന് നമ്മെ രക്ഷിച്ചതിനാൽ

നമ്മുടെ ബലഹീന ശരീരമെടുത്ത് അവതരിച്ചുവെങ്കിലും തന്റെ ദൈവത്വത്തിൽ അവിടുന്ന് സർവ്വശക്തനാകുന്നു[19] .

**ഊശാന** എന്ന വാക്ക് ഹീബ്രൂപദത്തിൽ നിന്നെടുത്തതാണ്. **ഹെബ്രായാഭാഷയിൽ അതിന്റെ അർത്ഥം രക്ഷ എന്നാണ്; ഗ്രീക്കിലാകട്ടെ മഹത്വം എന്നും**. ഇവ രണ്ടും ശരിയാണെന്ന് മോശെ

19. മോശെ ബർ കേഫായുടെ കൂദാശാഭാഷ്യം പേജ് 34





ബർകേഫാ വ്യാഖ്യാനിക്കുന്നു.

> കാരണം, യേശു രക്ഷകനും മഹത്വത്തിന്റെ കർത്താവുമാകുന്നു. അവൻ രക്ഷകനാണ് എന്നതിന് ഗബ്രിയേൽ മാലാഖാ സാക്ഷിയാണ്. അവൻ യൗസേഫിനോടു പറഞ്ഞു അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കും (മത്താ 1:21). അവിടുന്നു നമ്മെ പാപത്തിൽ നിന്നും മരണത്തിൽനിന്നും പിശാചിൽനിന്നും രക്ഷിച്ചു. അവിടുന്ന് മഹത്വത്തിന്റെ കർത്താവാകുന്നു എന്ന് പൗലോസും സാക്ഷിക്കുന്നു. അവൻ പറഞ്ഞു: അവർ അറിഞ്ഞിരുന്നുവെങ്കിൽ മഹത്വത്തിന്റെ കർത്താവിനെ ക്രൂശിക്കുകയില്ലായിരുന്നു. (1 കോറി 2:8)[20].

അതുകൊണ്ട് മാലാഖമാരുടെ സ്തുതിപ്പ് അനാഫോറായുടെ ആദ്യത്തെ രണ്ടുഘടകങ്ങളായ സ്തുതിപ്പിനെയും കൃതജ്ഞതയെയും ഒന്നിപ്പിക്കുന്ന കണ്ണിയാണ്. മാലാഖമാരുടെ സ്തുതിപ്പിനു മുമ്പുള്ള പ്രാർത്ഥനയിൽ ദൈവമഹത്വ (ഊശാന) മാണ് വിവരിക്കപ്പെടുന്നത്. അതിനുശേഷമുള്ള വൈദികന്റെ രഹസ്യപ്രാർത്ഥനയിൽ ക്രിസ്തുവിലുള്ള രക്ഷ (ഊശാന) യെ പ്രതി കൃതജ്ഞതയർപ്പിക്കുന്നു. ഇവ രണ്ടിനെയും കൂട്ടിയിണക്കിയാണ് ഉയരങ്ങളിൽ ഊശാന എന്ന് ജനം ഘോഷിക്കുന്നത്.

## രക്ഷാകര ചരിത്രം

പരിശുദ്ധൻ എന്ന കീർത്തനം ജനം ചൊല്ലുമ്പോൾ കാർമ്മികൻ രഹസ്യപ്രാർത്ഥന നടത്തി രക്ഷാകര ചരിത്രം അനുസ്മരിക്കുന്നു. അതിന്റെ തുടർച്ചയായിട്ടാണ് വി. കുർബാന സ്ഥാപന വിവരണം വൈദികൻ ഉച്ചത്തിൽ ചൊല്ലുന്നത്. യാക്കോബിന്റെ അനാഫോറായിൽ രക്ഷാകരചരിത്രം അടങ്ങിയ രഹസ്യപ്രാർത്ഥന ഇപ്രകാരമാണ്.

> ലോകങ്ങളുടെ രാജാവേ നീ യഥാർത്ഥത്തിൽ പരിശുദ്ധനും ശുദ്ധീകരിക്കുന്നവനും ആകുന്നു. നിന്റെ

14. മോശെ ബർ കേഫായുടെ കൂദാശാഭാഷ്യം പേജ് 34

> പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുമിശിഹാ പരിശുദ്ധനാകുന്നു. നിന്റെ വിശുദ്ധ കാര്യങ്ങളെ പരിശോധിച്ചറിയുന്ന നിന്റെ ആത്മാവും പരിശുദ്ധനാകുന്നു.

> മനുഷ്യനെ മണ്ണിൽനിന്നും നീ സൃഷ്ടിച്ചു പറുദീസായിലാക്കി. അവൻ തന്റെ കല്പന ലംഘിച്ചുവെങ്കിലും നശിച്ചുപോകുന്നതിന് അവനെ നീ അനുവദിച്ചില്ല. പിന്നെയോ, ദീർഘദർശിമാർ മുഖേന അവനു നീ മാർഗ്ഗദർശനം നൽകി. അവസാനം നിന്റെ ഏകപുത്രനെത്തന്നെ നീ ലോകത്തിലേക്കയയ്ക്കുകയും, അവൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയാമിൽനിന്ന് മനുഷ്യാവതാരം ചെയ്ത്; ക്ഷയിച്ചുപോയിരുന്ന നിന്റെ സാദൃശ്യത്തെ നവീകരിക്കുകയും ചെയ്തു.

ഇതിലെ ആദ്യഭാഗം പരിശുദ്ധൻ എന്ന കീർത്തനത്തിലെ ആശയം മറ്റൊരുവിധത്തിൽ ആവർത്തിക്കുകയാണ്. അവസാനഭാഗം യേശുക്രിസ്തുമൂലം ലഭിച്ച രക്ഷയെക്കുറിച്ചാണ്. ആ രക്ഷയെപ്രതിയുള്ള കൃതജ്ഞതയാണ് അനാഫോറാ.

നാമെന്തായിരിക്കുന്നുവോ, നമുക്കെന്തെല്ലാം ഉണ്ടോ അവയെല്ലാം ദൈവത്തിൽനിന്ന് ദാനമായി നാം സ്വീകരിച്ചതത്രേ. ആകയാൽ ദൈവത്തിന്റെ നേർക്ക് തിരിയുന്ന ക്രിസ്തീയവിശ്വാസികളുടെ ശ്രദ്ധ ഒന്നാമതായി കേന്ദ്രീകരിക്കേണ്ടത് അവനു ദൈവത്തിന്റെ നേർക്കുള്ള കടപ്പാടിലാണ്. ആ കടംവീട്ടാൻ നമുക്കു സാധ്യമല്ല. നമുക്കു ചെയ്യാൻ സാധിക്കുന്നത് ഒന്നേയുള്ളു. നമുക്കുള്ളതെല്ലാം ദൈവത്തിൽ നിന്നും നാം സ്വീകരിച്ചു എന്ന് സന്തോഷത്തോടെ ഏറ്റുപറയുക. ഇവിടെ കൃതജ്ഞത ഒരു പ്രതിദാനമല്ല, അംഗീകാരം മാത്രമാണ്; ദൈവത്തിന്റെ മഹത്വത്തിന്റെയും നന്മയുടെയും അംഗീകാരം, അതോടൊപ്പം നമ്മുടെ നിസ്സാരതയുടെ ഏറ്റുപറച്ചിലുമാണ്. അതുകൊണ്ട് രഹസ്യപ്രാർത്ഥനയുടെ രണ്ടാംഭാഗത്ത് പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവം നമുക്കു നല്കിയിട്ടുള്ള എല്ലാ നന്മകളും സംക്ഷിപ്തമായി കാർമ്മികൻ അനുസ്മരിച്ച് ധ്യാനിക്കുകയും കൃതജ്ഞതാസ്തോത്രം അർപ്പിക്കുകയും ചെയ്യുന്നു. ക്രിസ്തുസംഭവത്തെ കേന്ദ്രീകരിച്ചുള്ള ഈ കൃത





ജ്ഞതാർപ്പണം ചില അനാഫോറാകളിൽ വളരെ ദീർഘമാണ്. ക്ലെമെന്റയിൽ ആരാധനയിൽ രക്ഷാകരചരിത്രം മുഴുവൻ ഉൾക്കൊള്ളുന്ന ഈ ധ്യാനപ്രാർത്ഥന പഴയനിയമത്തിലെയും പുതിയനിയമത്തിലെയും അത്ഭുതസംഭവങ്ങളുടെ അനുസ്മരണ മുഴുവൻ നിലനിർത്തിയിട്ടുണ്ട്. അതേസമയം മാർ ഒസ്താത്തിയോസിന്റെ അനാഫോറായിൽ വളരെ ചുരുങ്ങിയ വാക്കുകളിലാണ് ഈ വിവരണം.

> ഞങ്ങൾ അനർഹരായിരിക്കെ, ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നിന്റെ പുത്രനെ നീ ലോകത്തിലേക്കയയ്ക്കുകയും മർത്ത്യരായ ഞങ്ങൾക്ക് അവന്റെ മരണംമൂലം ജീവൻ നൽകുകയും ചെയ്തു.[21]

## കുർബാനസ്ഥാപന വിവരണം

രഹസ്യപ്രാർത്ഥനയ്ക്കുശേഷം രക്ഷാകരചരിത്ര വിവരണത്തിന്റെ ഭാഗമെന്നവണ്ണം വൈദികൻ, നമ്മുടെ കർത്താവ് സെഹിയോൻ മാളികയിൽവച്ച് വി. കുർബാന സ്ഥാപിച്ച സംഭവത്തെ അനുസ്മരിക്കുകയും വിവരിക്കുകയും ചെയ്യുന്നു. ന്യായപ്രമാണസംബന്ധമായ പെസഹാ അനുഷ്ഠിച്ച ശേഷം യേശു സ്വയമായി മഹാപുരോഹിതന്റെ കർമ്മം ചെയ്യുകയും തന്റെ അധികാരം ശിഷ്യന്മാർക്കു കൈമാറുകയും ചെയ്തു. ഈ സംഭവമാണ് നമ്മുടെ ദൈവാലയങ്ങളിൽ കുർബാന അർപ്പിക്കപ്പെടുന്നതിന്റെ അടിസ്ഥാനകാരണം. കർത്താവിന്റെ നാമത്തിൽ ഒരുമിച്ചുകൂടി (മത്താ 18:20) അപ്പം സ്തോത്രം ചെയ്ത് മുറിച്ച് പങ്കിടുമ്പോൾ കർത്താവിന്റെ ശരീരത്തിലുള്ള പങ്കുകൊള്ളലാണ് എന്നു വിശ്വസിക്കുന്നതിന്റെ കാരണം കർത്താവിന്റെ ഈ പ്രവൃത്തിയാണ്. അതുകൊണ്ട് കുർബാന സ്ഥാപനവിവരണം അനാഫോറായിലെ വളരെ പ്രധാനപ്പെട്ട ഘടകമാണ്.

വി. കുർബാനസ്ഥാപനം മുഖ്യമായും കർത്താവിന്റെ ഒരു പ്രവൃത്തിയായിരുന്നു. ആദിമസഭയിലെ ആരാധനയിൽ വാക്കുകളേക്കാൾ കൂടുതൽ പ്രാധാന്യം പ്രവൃത്തികൾക്കായിരുന്നു; **എടുത്തു, സ്തോത്രം ചെയ്തു. മുറിച്ചു, കൊടുത്തു** (മത്താ 20:26; മർക്കോ 11:22; ലൂ 22:19; 1 കോറി 11:24;): എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ

21. വി.കുർബാന തക്സ പേജ് 219
22. *G.Dix, The Shape of the Liturgy Page 48ff, 78 ff*

(ലൂ 22:20; 1 കോരി 11:24) എന്നാണ് കർത്താവ് ശിഷ്യന്മാരോടു പറഞ്ഞത്.[22] സുവിശേഷാധിഷ്ഠിതമായ ഈ പാരമ്പര്യമാണ് അന്ത്യോക്യൻ സഭ സ്വീകരിച്ചിരിക്കുന്നത്. സെഹിയോൻ മാളികയിൽ നമ്മുടെ കർത്താവ് അനുഷ്ഠിച്ച ക്രിയകൾ കാർമ്മികൻ അനുഷ്ഠിക്കുകയും താൻ ഉച്ചരിച്ച വാക്കുകൾ ഉച്ചരിക്കുകയും ചെയ്ത് അപ്പവും വീഞ്ഞും വിശുദ്ധീകരിക്കുന്നു. സുവിശേഷങ്ങളിലെന്നപോലെ അനാഫോറാകളിലും സ്ഥാപനവിവരണണം വ്യത്യസ്തങ്ങളാണ്. ആദിമസഭ അപ്പം മുറിക്കൽ ശുശ്രൂഷയിൽ യേശുവിനെ കണ്ടുമുട്ടിയിരുന്നു എന്ന യാഥാർത്ഥ്യമാണ് എമ്മാവുസിലെ സംഭവം (ലൂ 24:13-35) വ്യക്തമാക്കുന്നത്. എടുത്ത് സ്തോത്രം ചെയ്ത് മുറിച്ച് പങ്കിടപ്പെടുന്ന അപ്പമാണ് വി.കുർബാന.

കാർമ്മികൻ ക്രിസ്തുവിന്റെ പ്രതിനിധിയായി നിന്നുകൊണ്ട് മിശിഹാതമ്പുരാൻ ചെയ്ത അതേ കർമ്മങ്ങൾ ചെയ്യുന്നു. പ്രതീകാത്മകങ്ങളായ പ്രവൃത്തികളാണ് പുരോഹിതന്റേത്. സ്തോത്രം എന്നു ചൊല്ലി അപ്പം ഉയർത്തി ഉന്നതങ്ങളിലേക്കു നോക്കുന്നു. പിന്നീട് അപ്പം ഇടതുകൈയിൽ വച്ച്, വാഴ്ത്തി എന്നു പറഞ്ഞ് രണ്ടുതവണയും ശുദ്ധീകരിച്ചു എന്നു പറഞ്ഞ് ഒരു തവണയും കുരിശുവരയ്ക്കുന്നു. മുറിച്ചു എന്നു പറയുമ്പോൾ കാർമ്മികൻ അപ്പം അല്പം മുറിക്കുന്നുവെങ്കിലും രണ്ടായി വേർപെടുത്തുന്നില്ല. എന്തെന്നാൽ ക്രിസ്തു കുരിശിൽവച്ച് മുറിക്കപ്പെടുകയും മരിക്കുകയും ആത്മാവ് അവന്റെ ശരീരത്തിൽ നിന്ന് വേർപെടുകയും ചെയ്തുവെങ്കിലും ദൈവത്വം ആത്മാവിൽനിന്നാകട്ടെ ശരീരത്തിൽനിന്നാകട്ടെ വേർപിരിഞ്ഞില്ല. പ്രത്യുത തന്റെ ആത്മാവോടും ശരീരത്തോടും സ്വഭാവത്തിലും വ്യക്തിത്വത്തിലും യോജിച്ചിരുന്നുവെന്ന് ഈ കർമ്മം സൂചിപ്പിക്കുന്നു.[23] ചിന്തപ്പെടുന്നു എന്നുച്ചരിക്കുമ്പോൾ ക്രിസ്തു രക്തം ചിന്തി എന്നു കാണിക്കാൻ കാസാ ഉയർത്തി ചലിപ്പിക്കുന്നു. ക്രിസ്തുവിന്റെ സ്ഥാനത്തുനിന്നുകൊണ്ട് ശരീരത്തെയും രക്തത്തെയും തന്റേതെന്ന് കാർമ്മികൻ വിളിക്കുന്നു.[24] ഇതെന്റെ ശരീരമാകുന്നു. എന്നിപ്രകാരം കാർമ്മികൻ പറയുന്നതിനെപ്പറ്റി മോശെ ബർകേഫാ ഇപ്രകാരം വ്യാഖ്യാനിക്കുന്നു.

> വൈദികൻ അർപ്പിക്കുന്ന അപ്പത്തെയും വീഞ്ഞിനെയും സംബന്ധിച്ചും ഇങ്ങനെവേണം മനസ്സിലാക്കാൻ. കന്യകയുടെ ഉദരത്തിലേക്കിറങ്ങിവരികയും അവളിൽനിന്നുള്ള ശരീരത്തെ വചനമായ ദൈവത്തിന്റെ ശരീരവും രക്തവും ആക്കിത്തീർക്കുകയും ചെയ്ത പരിശുദ്ധാത്മാവുതന്നെ മദ്ബഹായിലെക്കിറങ്ങിവരുന്നു. അതിൽ വയ്ക്കപ്പെട്ടിരിക്കുന്ന അപ്പത്തെയും വീഞ്ഞിനെയും വൈദിക ശുശ്രൂഷയും അർപ്പണവും നടത്തുന്ന പുരോഹിതന്റെ കരങ്ങളാൽ അവിടുന്ന് മറിയാമിൽ നിന്നെടുത്ത വചനമായ ദൈവത്തിന്റെ ശരീരവും രക്തവുമാക്കി മാറ്റുന്നു.[25]

23. മോശെ ബർകേഫായുടെ കൂദാശാഭാഷ്യം പേജ് 38
24. മോശെ ബർകേഫായുടെ കൂദാശാഭാഷ്യം പേജ് 84





**കല്പനാനുസ്മരണം**

ക്രിസ്തുവിന്റെ കല്പനപ്രകാരമാണ് നാം കുർബാന അർപ്പിക്കുന്നത്. വി.കുർബാന സ്ഥാപനത്തിനുശേഷം എന്റെ ഓർമ്മയ്ക്കായി ഇതുചെയ്യുവിൻ (ലൂ 22:20; 1 കോരി 11:24) എന്നു കല്പിച്ചതിനെ അനുസ്മരിച്ചുകൊണ്ട് കാർമ്മികൻ പറയുന്നു.

> ഈ രഹസ്യങ്ങളിൽ നിങ്ങൾ സംബന്ധിക്കുമ്പോഴെല്ലാം എന്റെ മരണത്തെയും കബറടക്കത്തെയും പുനരുത്ഥാനത്തെയും ഞാൻ വരുന്നതുവരെ നിങ്ങൾ ഓർമ്മിക്കുവിൻ എന്ന് അപ്പോൾത്തന്നെ അവൻ കല്പിച്ചരുളിചെയ്തു.[26]

ഇതു ചൊല്ലുമ്പോൾ കാർമ്മികൻ കാസായുടെ വടക്കുവശത്തിരിക്കുന്ന സ്പൂൺ എടുത്ത് മരണത്തെയും എന്നു പറയുമ്പോൾ കാസായിലും പീലാസായിലും കബറടക്കത്തെയും എന്നു പറയുമ്പോൾ തബ്ലീത്തായിലും പുനരുത്ഥാനത്തെയും എന്നു പറയുമ്പോൾ നെറ്റിയിലും തൊടുവിക്കുന്നു. ഞാൻ വരുന്നതുവരെ എന്നു പറയുമ്പോൾ സ്പൂൺ പെട്ടെന്ന് ഉയർത്തിക്കാട്ടി തെക്കുവശത്തു വയ്ക്കുന്നു. *കിഴക്കുനിന്നു പടിഞ്ഞാറോട്ടുപായുന്ന മിന്നൽപ്പിണർപോലെയായിരിക്കും മനുഷ്യപുത്രന്റെ ആഗമനം* (മത്താ 24:27). നമ്മുടെ കർത്താവിന്റെ ഈ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കാനാണ് സ്വർണ്ണനിറവും തിളക്കവുമുള്ള സ്പൂൺ ജനം കാണത്തക്കവിധം പെട്ടെന്ന് ഉയർത്തി

25. മോശെ ബർകേഫായുടെ കൂദാശാഭാഷ്യം പേജ് 39,40
26. മാർ ക്സുസ്തോസിന്റെ അനാഫോറാ

താഴ്ത്തുന്നത്. സ്പൂൺ വടക്കുവശത്തുനിന്ന് തെക്കുവശത്തേക്കു മാറ്റുന്നത് മിശിഹാതമ്പുരാൻ രണ്ടാമത്തെ വരവിൽ കരുണയിൻ സിംഹാസനത്തിൽ നിന്ന് നീതിയിൻ സിംഹാസനത്തിൽ പ്രവേശിക്കുമെന്ന് കാണിക്കുന്നു[27]. യേശുക്രിസ്തു ആദ്യം വന്നത് കരുണയോടെ നമ്മെ രക്ഷിക്കാനാണ്. എന്നാൽ അവിടുന്ന് വീണ്ടും വരുന്നത് നീതിപൂർവ്വം നമ്മെ വിധിക്കാനാണ്. വി. കുർബാന കർത്താവിന്റെ മരണത്തിന്റെ അനുസ്മരണമാണ് (1 കോരി 11:26). ശരീരവും രക്തവും വെവ്വേറെ ഉൾക്കൊള്ളുന്ന കാസായും പീലാസായും തൊട്ട് മരണത്തെ അനുസ്മരിക്കുന്നു. കർത്താവിന്റെ കബറിനു സദൃശ്യമായ തബ്ലീത്തായിൽ തൊട്ട് കബറടക്കത്തെ ഓർക്കുന്നു. കൂടാതെ, പീഡാനുഭവവും മരണവും കബറടക്കവും, പുനരുത്ഥാനവും രണ്ടാമത്തെ വരവും, ഒരു യാഥാർത്ഥ്യത്തിന്റെ തന്നെ സ്ഥലകാല വ്യത്യാസമനുസരിച്ചുള്ള ചുരുൾ നിവർക്കലാണെന്ന് ഈ ക്രിയ സ്പഷ്ടമാക്കുന്നു. ഒരേ സ്പൂൺ പല സ്ഥാനങ്ങളിൽ സ്പർശിച്ച് രണ്ടാം വരവിനെ സൂചിപ്പിക്കാനായി ഉയർത്തിക്കാട്ടുമ്പോൾ ഇതാണർത്ഥമാക്കുന്നത്. ക്രിസ്തുവിന്റെ നിത്യ പൗരോഹിത്യം മൂന്നുതലങ്ങളിലാണ് വ്യക്തമാകുന്നത്. ഒന്നാമതായി ക്രിസ്തു ഒരിക്കലായി അർപ്പിച്ച പാപപരിഹാരബലിയിൽ (ഹെബ്രാ 7:27); രണ്ടാമത് പിതാവിന്റെ പക്കൽ നമുക്കുവേണ്ടി നിരന്തരം മദ്ധ്യസ്ഥം നടത്തുന്നവനെന്നനിലയിൽ (ഹെബ്രാ 7:25); മൂന്നാമത് ലോകത്തെ വിധിക്കുന്നവനെന്ന നിലയിൽ (ഹെബ്രാ 9:28). യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ് (ഹെബ്രാ 13:8).

ജനം മറുപടിയായി കർത്താവിന്റെ രക്ഷാകര രഹസ്യങ്ങളിലുള്ള വിശ്വാസപ്രഖ്യാപനം നടത്തുന്നു.

> ഞങ്ങളുടെ കർത്താവേ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു. നിന്റെ ഉയിർത്തെഴുന്നേല്പിനെ ഏറ്റുപറയുന്നു; നിന്റെ രണ്ടാമത്തെ വരവിനായി നോക്കിപ്പാർക്കുന്നു.

27. രണ്ടാം വരവിൽ താൻ അണയും വിധമതു വ്യത്യസ്തം
സ്കീപ്പൂസായ്ക്കായ്താൻ വന്നതുപോൽ വരികില്ലിനിയും
ഒന്നാം വരവിൽ പാപത്തിനുതാൻ പരിഹാരമതായ്
നീതി വിധിപ്പാനല്ലോ താൻ അണയുന്നിത് വീണ്ടും
(യാക്കോബിന്റെ ബോവൂസാ, ചൊവ്വ സന്ധ്യ, ശ്ഹീമ്മൊ നമസ്ക്കാരം മെന്ഗാലം..........)





> നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളെല്ലാവരിലും ഉണ്ടായിരിക്കണമേ.

ഇപ്രകാരം ഭൂതഭാവികാല സംഭവങ്ങളെ വർത്തമാനകാലത്തിലേക്കു കൊണ്ടുവന്ന് അനുഭവമാക്കിത്തീർക്കുകയാണ് നാം ചെയ്യുന്നത്. നിത്യതയും സമയവും തമ്മിൽ സന്ധിക്കുകയാണിവിടെ. സ്വർഗ്ഗവും ഭൂമിയും ഒന്നായിത്തീരുന്നു. വി. കുർബാന സാരാംശത്തിൽത്തന്നെ യുഗാന്ത്യോന്മുഖമാണ് (eschatalogical). രണ്ടാമത്തെ വരവിൽ സംഭവിക്കുന്ന ദൈവാനുഭവത്തിന്റെ മുൻകൂട്ടിയുള്ള ആസ്വാദനവും അതിലേക്കു നമ്മെ നയിക്കുന്ന വിജയകരമായ മാർഗ്ഗവുമാണ് വി.കുർബാന.

സ്വാഭാവികമായിത്തന്നെ തീർത്ഥാടകരുടെ ശ്രദ്ധ ലോകാവസാനത്തിൽ നീതിയോടെ വിധിക്കാൻ വരുന്ന ന്യായാധിപനായ ക്രിസ്തുവിലേക്കു തിരിയുന്നു (അ.പ്ര 17:31; 2 കോരി 5:10). അനാഫോറായിലെ പ്രാർത്ഥനകൾ പൊതുവെ പിതാവിനെ സംബോധന ചെയ്തുകൊണ്ടാണെങ്കിലും ഈ പ്രാർത്ഥനയിൽ പുത്രനെ വിളിച്ച് അപേക്ഷിക്കുന്നു. ക്രിസ്തുവിന്റെ കല്പനാനുസ്മരണം നടത്തുന്നതുകൊണ്ടും യുഗാന്ത്യത്തിൽ ക്രിസ്തുതന്നെ നമ്മെ വിധിക്കാൻ വരുന്നതുകൊണ്ടുമാണ് ഇപ്രകാരം ചെയ്യുന്നത്. കൂടാതെ ഈ സമയത്ത് നമ്മുടെ ചിന്തകൾ യേശുമിശിഹായുടെ ആത്മാർപ്പണത്തിൽ കേന്ദ്രീകൃതമായിരിക്കുകയാണ്. പക്ഷേ പ്രാർത്ഥനയുടെ അവസാനം പുത്രൻവഴി പിതാവിന് അപേക്ഷ സമർപ്പിക്കുകയാണ് ചെയ്യുന്നത്.

> നിന്റെ ജനവും അവകാശവും നിന്നോടും നീ മുഖാന്തരം നിന്റെ പിതാവിനോടും ഇപ്രകാരം അപേക്ഷിക്കുന്നു.

ന്യായവിധിയുടെ ഓർമ്മ കരുണയ്ക്കായി യാചിക്കാൻ നമ്മെ നിർബന്ധിക്കുന്നു. അതുകൊണ്ട് ജനം ഇപ്രകാരം മറുപടി പറയുന്നു.

> സർവ്വശക്തിയുള്ള പിതാവായ ദൈവമേ ഞങ്ങളോടു കരുണ ചെയ്യണമേ.

കൃതജ്ഞതാ പ്രാർത്ഥനയുടെ മദ്ധ്യത്തിലാണ് ഇപ്രകാരം ഒരു അപേക്ഷ നടത്തുന്നത് എന്ന് നാം മനസ്സിലാക്കണം. തുടർന്നുള്ള വൈദികന്റെ പ്രാർത്ഥനയും ജനങ്ങളുടെ മറുപടിയും കൃതജ്ഞതാ പ്രകാശനത്തിന്റെ *(എവുക്കാറിസ്തിയായുടെ)* പരിപൂർണ്ണതയാണ്.

കർത്താവേ നിന്റെ കൃപ സ്വീകരിക്കുന്ന ബലഹീനരും പാപികളുമായ നിന്റെ ഈ ദാസർ നിനക്കു നന്ദി പറഞ്ഞു കൊണ്ട് സകലത്തെക്കുറിച്ചും സകലത്തിനുവേണ്ടിയും കാരുണ്യവാനായ നിന്നെ സ്തോത്രം ചെയ്യുന്നു.

ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്നെ ഞങ്ങൾ വന്ദിക്കുന്നു. നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു. നല്ലവനേ ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

ഈ പ്രാർത്ഥനയിൽ നന്ദിയും അപേക്ഷയും ഒരുമിച്ചു ചേർന്നിരിക്കുന്നു. ക്രിസ്തുമൂലമുള്ള രക്ഷയെപ്രതി നന്ദിപറയുന്നു. അതേസമയം രക്ഷയുടെ ഫലങ്ങൾ ദൈവജനത്തിൽ ഓരോരുത്തർക്കും ലഭ്യമാകുന്നതിന് അപേക്ഷിക്കുകയും ചെയ്യുന്നു. അനാഫോറായുടെ മൂന്നാമത്തെ ഘടകമായ മദ്ധ്യസ്ഥാപേക്ഷയ്ക്കുള്ള ഒരുക്കമാണിത്.

## റൂഹാക്ഷണപ്രാർത്ഥന (Epiclesis)

എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ എന്ന കർത്താവിന്റെ കല്പന അനുസരിക്കുന്ന സഭയ്ക്ക് ഫലവത്തായ ഓർമ്മ അനുഷ്ഠിക്കാൻ സാധിക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ്. സ്ഥാപനവചനങ്ങൾക്കനുസരണം ക്രിസ്തുവിനെ വി. കുർബാനയിൽ യഥാർത്ഥത്തിൽ സന്നിഹിതനാക്കുന്നത് പരിശുദ്ധാത്മാവാണ്. ഭൂതഭാവികാലങ്ങളെ ഒന്നിച്ച് വർത്തമാനകാലത്തിൽ അനുഭവമാക്കാൻ ഈ ആത്മാവിനെ സാധിക്കൂ. ആത്മാവാണ് നമ്മെ എല്ലാക്കാര്യങ്ങളും അനുസ്മരിപ്പിക്കുന്നത്.

എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാക്കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും (യോഹ 14:26).

അതുകൊണ്ട് കല്പനാനുസ്മരണം സ്വാഭാവികമായി നമ്മെ റൂഹാക്ഷണത്തിലേക്കു നയിക്കുകയും അതിനുവേണ്ടി ഒരുക്കുകയും ചെയ്യുന്നു. അങ്ങനെ, കർത്താവിന്റെ രക്ഷണീയ വ്യാപാരങ്ങളുടെ ഓർമ്മ കഴിഞ്ഞാലുടൻ, യാഗപദാർത്ഥങ്ങളിന്മേൽ പരിശുദ്ധാത്മാവിന്റെ





ആവാസത്തിനുള്ള അപേക്ഷയാണ്. വി. കുർബാനയുടെ രഹസ്യം പൂർണ്ണമാകുന്നതും പൂർത്തീകരിക്കപ്പെടുന്നതും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴിയാണ്. ക്രിസ്തുവിന്റെ ഉയിർപ്പുവഴി, പരിശുദ്ധാത്മാവിനെ നൽകി പരിത്രാണകർമ്മം പൂർത്തിയാക്കപ്പെട്ട പ്രകാരം, യാഗവസ്തുക്കളിന്മേൽ പരിശുദ്ധാത്മാവ് ആവസിച്ചിറങ്ങി, യാഗത്തെ പൂർണ്ണമാക്കുന്നു. സർവ്വനന്മയും സമ്പൂർണ്ണദാനവും, പിതാവിൽനിന്ന് പുത്രനിലൂടെ പരിശുദ്ധാത്മാവുമൂലമാണ് നമുക്കു ലഭിക്കുന്നതെന്ന് ഇത് നമ്മെ അനുസ്മരിപ്പിക്കുന്നു.

രക്ഷാകരചരിത്രത്തിലേക്കു കടന്നാൽ എല്ലാ നിർണ്ണായക ഘട്ടങ്ങളിലും പരിശുദ്ധാത്മാവിന്റെ വ്യക്തമായ പ്രവർത്തനം കാണാൻ കഴിയും (ലൂ 1:35; മർക്കോ 1:10; 1:12; ലൂ 4:14; റോമ 1:4; 3:11; 1 കോറി 15:45). അതിനാൽ ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനം ഇന്നു ജീവിക്കുന്ന വിശ്വാസികൾക്ക് എത്തിച്ചുകൊടുക്കുന്നതിനുള്ള മാർഗ്ഗമായ വി. കുർബാനയിലെ ഏറ്റം മഹത്തായ കൃത്യം പരിശുദ്ധാത്മാവാണ് നിർവ്വഹിക്കുന്നത് ഗ്രഹിക്കുന്നത് ശരിയാണ്. വി.കുർബാനയിൽ യാഗം സ്വീകരിക്കുന്നത് പിതാവാണ്; പുത്രൻ ബലി അർപ്പിക്കുന്നു; പരിശുദ്ധാത്മാവ് യാഗത്തെ ശുദ്ധീകരിച്ച് പൂർത്തിയാക്കുന്നു.

പരിശുദ്ധ റൂഹായെ ക്ഷണിക്കുന്ന ശുശ്രൂഷ, പല പ്രാർത്ഥനകളും കർമ്മങ്ങളും ഉൾക്കൊള്ളുന്നതാണ്. ആദ്യമായി വായനക്കാരൻ സന്ദർഭത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിളിച്ചുപറയുകയും മറ്റു ശുശ്രൂഷകർ മർബഹാസായും മണിയും കിലുക്കുകയും ചെയ്യുന്നു. ഈ സമയത്ത് പട്ടക്കാരൻ രഹസ്യമായി പ്രാർത്ഥിച്ചുകൊണ്ട് കൈകൾ അപ്പത്തിന്റെയും വീഞ്ഞിന്റെയും മേൽ ആഘോഷിക്കുന്നു. പരിശുദ്ധാത്മാവിന്റെ അവരോഹണത്തെ സൂചിപ്പിക്കത്തക്കവിധം പ്രാവ് പറന്നിറങ്ങുന്നതുപോലെ കൈവിരലുകൾ ചലിപ്പിക്കുന്നു. രക്ഷാകര ചരിത്രത്തിന്റെ മർമ്മപ്രധാനമായ അവസരങ്ങളിലെല്ലാം വിശുദ്ധീകരണശക്തിയുമായി എഴുന്നെള്ളിയ ദൈവാത്മാവിനെ ഇപ്പോൾ അയച്ചുതരണമേ എന്നാണ് പ്രാർത്ഥിക്കുന്നത്. പരിശുദ്ധ റൂഹാ മനുഷ്യാവതാരത്തിൽ കന്യകമറിയാമിൽ വന്ന് ആവസിച്ചതുപോലെയും യോർദ്ദാൻ നദിയിൽ കർത്താവിന്റെ മാമോദീസായുടെ സമയത്ത് പ്രാവിന്റെ രൂപത്തിൽ പറന്നിറങ്ങിയതുപോലെയും, പെന്തിക്കോസ്തി ദിവസത്തിൽ ശിഷ്യന്മാരുടെമേൽ അഗ്നിനാവുകളുടെ സാദൃശ്യത്തിൽ പ്രത്യക്ഷ

പ്പെട്ടതുപോലെയും പരിശുദ്ധാത്മാവ് അപ്പത്തിലും വീഞ്ഞിലും ഇറങ്ങിവന്ന് അവയെ നമ്മുടെ കർത്താവിന്റെ ശരീരവും രക്തവും ആയി മാറ്റണമെന്നു പ്രാർത്ഥിക്കുന്നു. മനുഷ്യാവതാരത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ച വാക്കുതന്നെയാണ് (ആഗെൻ/ആവസിക്കുക ലൂ 1: 35) പല റൂഹാക്ഷണ പ്രാർത്ഥനകളിലും ഉപയോഗിച്ചിരിക്കുന്നത്.

തുടർന്ന് കാർമ്മികൻ കർത്താവേ, എന്നോടുത്തരമരുളണമേ എന്ന് മൂന്നുതവണ ഉച്ചത്തിൽ ചൊല്ലുന്നു. പഴയ നിയമകാലത്ത് ബാലിന്റെ പ്രവാചകന്മാരും ഏലിയാ പ്രവാചകനും മത്സരിച്ച് ദൈവത്തിനു ബലി അർപ്പിച്ചപ്പോൾ സർവ്വശക്തനായ ദൈവത്തിന്റെ ശക്തി ഏലിയായുടെ യാഗത്തിൻമേൽ സ്വർഗ്ഗത്തിൽനിന്ന് അഗ്നിയായി ഇറങ്ങി ദഹിപ്പിക്കുന്നതിന് "കർത്താവേ എന്നോടുത്തരമരുളണമേ" (1 രാജാ 18:20–40) എന്ന് ഏലിയാ പ്രവാചകൻ അപേക്ഷിച്ചു അതുപോലെയാണ് ഇവിടെ കാർമ്മികൻ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനായി കേണപേക്ഷിക്കുന്നത്. മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു ചൊല്ലി ജനം ഈ അപേക്ഷയോടു യോജിക്കുന്നു.

ആദ്യകാലങ്ങളിൽ റൂഹാക്ഷണ പ്രാർത്ഥന കാർമ്മികൻ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടാണ് ചൊല്ലിയിരുന്നത്. വിവിധ അനാഫോറാകളിലുള്ള വ്യത്യസ്തങ്ങളായ റൂഹാക്ഷണ പ്രാർത്ഥനകൾ മന:പാഠമാക്കുവാൻ പ്രയാസമായതുകൊണ്ടും പ്രാർത്ഥനയോടൊന്നിച്ച് കൈകൾ ആവസിപ്പിക്കേണ്ടതുകൊണ്ടും ഈ പതിവ് ഇല്ലാതായി. വിവിധ അനാഫോറാകളിൽ സ്ഥാപനവിവരണങ്ങൾ വ്യത്യസ്തങ്ങളായിരിക്കുന്നതുപോലെ റൂഹാക്ഷണ പ്രാർത്ഥനകളും വ്യത്യസ്തങ്ങളാണെന്നുള്ളത് നമ്മുടെ കുർബാനയുടെ കാത്തുസൂക്ഷിക്കേണ്ടതായ ഒരു പ്രത്യേകതയാണ് പരിശുദ്ധാത്മാവ് ആവസിച്ച് ഈ അപ്പത്തെ. . . ഞങ്ങളുടെ ദൈവമായ മിശിഹായുടെ ശരീരം ആക്കീത്തീർക്കട്ടെ! ആക്കി പൂർത്തിയാക്കട്ടെ; ആയി രൂപാന്തരപ്പെടുത്തട്ടെ തുടങ്ങിയ വിവിധ ശൈലികളാണ് പ്രയോഗത്തിലുള്ളത്. ഇവയെല്ലാം തന്നെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളാണ്. കാർമ്മികൻ അപ്പത്തിന്മേലും വീഞ്ഞിന്മേലും വലതുകൈ ആവസിപ്പിച്ച് മൂന്നുതവണ സ്ലീബാ വരച്ച് ആശീർവദിച്ചാണ് ഇപ്രകാരം പ്രാർത്ഥിക്കുന്നത്.

പരിശുദ്ധ റൂഹായാണ് കുർബാനയിലെ സാരാംശഭേദത്തിനു





കാരണമെന്ന് ജറുസലേമിലെ മാർ കുറീലോസ് (+386) വ്യക്തമായി പഠിപ്പിക്കുന്നു.

> ആത്മീയഗാനങ്ങളാൽ നമ്മെത്തന്നെ വിശുദ്ധീകരിച്ചശേഷം, അപ്പത്തെ ക്രിസ്തുവിന്റെ ശരീരമാക്കുന്നതിനും, വീഞ്ഞിനെ ക്രിസ്തുവിന്റെ രക്തമാക്കിത്തീർക്കുന്നതിനും വേണ്ടി പരിശുദ്ധാത്മാവിനെ കാഴ്ച വസ്തുക്കളുടെ മേൽ അയയ്ക്കണമേ എന്ന് കാരുണ്യവാനായ ദൈവത്തോട് നമ്മൾ അപേക്ഷിക്കുന്നു. കാരണം പരിശുദ്ധാത്മാവ് തൊടുന്നതെല്ലാം വിശുദ്ധീകരിക്കപ്പെടുകയും ഭേദപ്പെടുകയും ചെയ്യുന്നു.[28]

വി.കുർബാനയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ മോശെ ബർ കേഫാ വിശദീകരിക്കുന്നത് ശ്രദ്ധേയമാണ്.

> അപ്പ വീഞ്ഞുകളിന്മേൽ പരിശുദ്ധാത്മാവ് ഇറങ്ങി വരുന്നതെന്തിനാണെന്ന് ആരായുന്നത് ഉചിതമായിരിക്കും. പുത്രനിറങ്ങിവന്ന് അപ്പവും വീഞ്ഞുമായി സത്താപരമായി ഐക്യപ്പെടുന്നു എന്ന് നമുക്കറിയാമല്ലോ, എന്നാൽ പരിശുദ്ധാത്മാവ് എന്തിനാണ് ഇറങ്ങിവരുന്നത്? പരിശുദ്ധാത്മാവ് നിന്റെമേൽ വരും (ലൂ 1:35), ഇത്യാദി മാലാഖാ പറഞ്ഞതുപോലെ അവിടുന്ന് പരിശുദ്ധ കന്യകമറിയാമിന്റെ ഉദരത്തിലിറങ്ങിവരികയും കന്യകയിൽ നിന്നുള്ള ശരീരം വചനമായ ദൈവത്തിന്റെ, ശരീരമാക്കിത്തീർക്കുകയും ചെയ്യുന്നു. അതുപോലെ മദ്ബഹായിൽ വയ്ക്കപ്പെട്ടിരിക്കുന്ന അപ്പത്തിന്റെയും മേൽ വന്നിറങ്ങി അതിനെ വചനമായ ദൈവത്തിന്റെ, കന്യകയിൽനിന്നുള്ള ശരീരമാക്കിത്തീർക്കുന്നു. വീണ്ടും, പരിശുദ്ധ കന്യകമറിയാമിന്റെ കാര്യത്തിൽ പുത്രൻ അവളിൽ നിന്ന് അവതരിക്കണമെന്ന് പിതാവ് തീരുമാനിച്ചു. എന്നാൽ പുത്രനാണ് കന്യ

28. Mystagogical Catecheses V, 23

> കയുടെ ഉദരത്തിൽ വന്നിറങ്ങിയത്. പരിശുദ്ധാത്മാവ് കന്യകയിൽ ഇറങ്ങിവരികയും പുത്രൻ അവ ളിൽനിന്ന് ജനിക്കുവാൻ ഇടയാക്കുകയും ചെയ്തു. ത്രോണോസിന്റെ കാര്യത്തിലും ഇപ്രകാരമാണ്. പുത്രൻ അപ്പവും വീഞ്ഞുമായി സത്താപരമായി ഐക്യപ്പെടണമെന്നും അവ പുത്രന്റെ ശരീരവും രക്തവും ആകണമെന്നും പിതാവ് ആഗ്രഹിക്കുന്നു. അപ്പവും വീഞ്ഞുമായി സത്താപരമായി യോജിക്കു വാൻ പുത്രനിറങ്ങിവരുന്നു. കന്യകയിൽ നിന്ന് പുത്രൻ മനുഷ്യാവതാരം ചെയ്യുവാൻ ഇടയാക്കിയ തുപോലെ അപ്പത്തെയും വീഞ്ഞിനെയും പുത്രനു മായി ഒന്നിപ്പിക്കുവാൻ പരിശുദ്ധാത്മാവ് ഇറങ്ങിവ രുന്നു. ഇക്കാരണത്താലത്രേ പുരോഹിതൻ ഭയ ത്തോടുകൂടി കുനിഞ്ഞുനിന്ന് രഹസ്യമായി നെടു വീർപ്പുകളോടെ പിതാവിനോടപേക്ഷിക്കുന്നത്. . . തന്റെ മേലും തന്റ പിന്നിൽ നില്ക്കുന്ന വിശ്വാസി കളുടെ മേലും ത്രോണോസിന്മേൽ വയ്ക്കപ്പെട്ടിരി ക്കുന്ന രഹസ്യങ്ങളുടെ മേലും പരിശുദ്ധാത്മാവിനെ അയയ്ക്കണമേയെന്ന് വൈദികൻ പിതാവിനോട് പ്രാർത്ഥിക്കുന്നു.[29]

അപ്പത്തെയും വീഞ്ഞിനെയും കർത്തൃ ശരീരരക്തങ്ങളാക്കി ത്തീർക്കുന്ന പരിശുദ്ധാത്മാവ് വിശ്വാസികളെ ഒരു കൂട്ടായ്മയാക്കി കർത്തൃശരീരമായ സഭയാക്കിത്തീർത്ത് സ്ഥിരീകരിക്കുകയാണ്. അപ്പ ത്തെയും വീഞ്ഞിനെയും രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മാവ് അവയെ സ്വീകരിക്കുന്ന വിശ്വാസികളുടെ ഹൃദയങ്ങളിലേക്കും വരു ന്നു. അനാഫോറായ്ക്കു മുമ്പുള്ള സാധാരണ സെദറായിലെ പ്രാർത്ഥന ഇത് കൂടുതൽ വ്യക്തമാക്കുന്നു.

> ഉത്തമനായ നിന്റെ പരിശുദ്ധാത്മാവ് ഞങ്ങളിലും സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ കാഴ്ചകളിലും വിശ്വാസി കളായ നിന്റെ ജനത്തിന്മേലും ഞങ്ങളുടെ കർത്താവേ ശുമിശിഹാ മുഖാന്തരം ആവസിക്കണമേ.

29. മോശെ ബർകേഫായുടെ കൂദാശാഭാഷ്യം പേജ് 46,47





അതുകൊണ്ടത്രേ കുർബാന അനുഭവിക്കുന്നയാൾ അഗ്നി യെയും പരിശുദ്ധറൂഹായെയും രുചിക്കുന്നു എന്ന് മാർ അപ്രേം മല്പാൻ പറഞ്ഞിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ സജീവസാന്നിധ്യ മുള്ള കർത്തൃശരീരരക്തങ്ങൾ അനുഭവിക്കുന്നതുവഴി നമ്മുടെ ജീവി തവും പരിശുദ്ധാത്മ സാന്നിദ്ധ്യമുള്ളതായിത്തീരുന്നു. ഇതാണ് തുബ്ദേനു മുമ്പുള്ള പ്രാർത്ഥനയുടെ സാരം. ആ പ്രാർത്ഥനയാണ് റൂഹാക്ഷണപ്രാർത്ഥനയുടെ അവസാന ഭാഗം. വളരെ പ്രധാനപ്പെട്ട ഈ പ്രാർത്ഥനയും കഴിഞ്ഞേ ദൈവജനം ഇരിക്കാവു.

## മദ്ധ്യസ്ഥപ്രാർത്ഥനകൾ

ശുശ്രൂഷകർ ചൊല്ലുന്ന ആറു മദ്ധ്യസ്ഥാപേക്ഷകളും *തുബ് ദേൻ* എന്ന സുറിയാനി പദങ്ങൾ കൊണ്ടാണ് ആരംഭിക്കുന്നത്. അതു കൊണ്ടാണ് *തുബ്ദേൻ* എന്ന പേര് വന്നത്. വീണ്ടും എന്നർത്ഥം, ആറു വലിയ മദ്ധ്യസ്ഥപ്രാർത്ഥനകൾ (Great Intercessions) ഉള്ളതിൽ ആദ്യത്തെ മൂന്ന് ജീവിച്ചിരിക്കുന്നവരെ ഉദ്ദേശിച്ചും ബാക്കി മൂന്നെണ്ണം മരിച്ചവരെ ഉദ്ദേശിച്ചുമാണ്. തുബ്ദേന്റെ യഥാർത്ഥപേര്, ദീപ്തിക്കോസ് (Diptychs) എന്നാണ്. രണ്ടായിമടക്കാവുന്ന എഴുത്തുപലകയ്ക്കാണ് ഗ്രീക്കിൽ ഈ പദം ഉപയോഗിക്കുന്നത്. ഒരു ഭാഗത്ത് ജീവനോടിരി ക്കുന്നവരുടെയും മറുഭാഗത്ത് മരിച്ചവരുടെയും പേരുകൾ എഴുതിയി രിക്കുന്നു. ആദ്യകാലങ്ങളിൽ രണ്ടു തുബ്ദേനുകളെ ഉണ്ടായിരുന്നു ള്ളു. ഏഴാം നൂറ്റാണ്ടിൽ ഉറഹായിലെ മാർ യാക്കോബ് മല്പാനാണ് ഇന്നുകാണുന്ന വിധത്തിൽ അവ വിപുലീകരിച്ചത്.

യഥാർത്ഥത്തിൽ ഈ പ്രാർത്ഥനകൾ റൂഹാക്ഷണപ്രാർത്ഥ നയുടെ തുടർച്ചയാണ്. പരിശുദ്ധാത്മാവ് കാഴ്ചവസ്തുക്കളിൽ മാത്ര മല്ല മറ്റ് ആവശ്യങ്ങൾക്കും പ്രവർത്തിക്കണമെന്ന് അപേക്ഷിക്കുകയാണ് വീണ്ടും എന്ന് ഓരോ പ്രാർത്ഥനയും ആരംഭിച്ചുകൊണ്ട്. ആദ്യകാ ലങ്ങളിൽ മദ്ധ്യസ്ഥപ്രാർത്ഥന അനാഫോറായ്ക്കുമുമ്പ് സുവിശേഷ വായനയ്ക്കുശേഷമാണ് നടത്തിയിരുന്നത്, ക്രിസ്തുവിന്റെ ശരീരരക്ത ങ്ങളുടെ സാന്നിധ്യത്തിൽ നടത്തപ്പെടുന്ന മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കു പ്രത്യേക ഫലമുണ്ടെന്നുള്ളതുകൊണ്ടാണ് അവ റൂഹാക്ഷണപ്രാർത്ഥ നയ്ക്കു ശേഷമാക്കിയത്. ജറുസലേമിലെ മാർ കുറിലോസ് ഇതിനെക്കു റിച്ച് പറഞ്ഞിട്ടുണ്ട്:

> ദിവ്യവും പരിശുദ്ധവുമായ കുർബാന നമ്മുടെ മുമ്പിൽ സ്ഥിതി ചെയ്യുമ്പോൾ, ആർക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നുവോ അവർക്കു വലിയ പ്രയോജനം ലഭിക്കുമെന്ന് നമ്മൾ വിശ്വസിക്കുന്നു [30].

പെസഹാ ഭക്ഷണത്തിനുശേഷം മഹാപുരോഹിതൻ എന്ന നിലയിൽ സർവ്വലോകത്തിനും വേണ്ടി നമ്മുടെ കർത്താവു നടത്തിയ ആ വലിയ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ (യോഹ 17) അനുസ്മരണ യാണ് തുബ്ദേൻ പ്രാർത്ഥനവഴി നാം നിറവേറ്റുന്നത്. അവിടുത്തെ പ്രാർത്ഥനയുടെ തുടർച്ച എന്ന നിലയിൽ സർവ്വവും പിതാവിൽ ഒന്നാ കേണ്ടതിന് തുബ്ദേൻവഴി സഭ മുഴുവനെയും ബലിപീഠത്തിൽ എഴു ന്നെള്ളിയിരിക്കുന്ന കർത്താവിനോട് യോജിപ്പിക്കുകയും അവിടുന്നു വഴി പിതാവിനു സമർപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ അനുഗ്ര ഹങ്ങൾ മറ്റുള്ളവർക്കുകൂടി ഉണ്ടാകത്തക്കവണ്ണം മദ്ധ്യസ്ഥപ്രാർത്ഥന കൾ നടത്തുന്നതിന് നാം ക്രിസ്തീയമായി ചുമതലപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സഭയ്ക്കു മുഴുവനും വേണ്ടിയുള്ള മദ്ധ്യസ്ഥാപേക്ഷയാണ് തുബ്ദേൻ. ശുശ്രൂഷകൻ ഒരു തുബ്ദേൻ വായിക്കുമ്പോൾ അതേ വിഷ യത്തെപ്പറ്റി മറ്റൊരു പ്രാർത്ഥന കാർമ്മികൻ രഹസ്യത്തിൽ ചൊല്ലു ന്നു. ജനം കുറിയേലായിസോൻ എന്ന് പ്രതിവാക്യം ചൊല്ലിക്കഴിയു മ്പോൾ കാർമ്മികൻ അതേ വിഷയത്തെപ്പറ്റിത്തന്നെ ഉച്ചത്തിൽ പര സ്യമായി പ്രാർത്ഥിക്കുന്നു. അങ്ങനെ ആകെ 18 പ്രാർത്ഥനകളാണ് ദീപ്തിക്കോസിലുള്ളത്. ശുശ്രൂഷകൻ ചൊല്ലിയത് ദൈവം ശ്രവിച്ച് ഉത്തരമരുളി കരുണചെയ്യണമേ എന്നത്രേ ജനം കുറിയേലായിസോൻ എന്നു പറയുന്നതിന്റെ സാരം.

ജീവനുള്ളവരും മരിച്ചുപോയവരും ക്രിസ്തുവിന്റെ ഒരേ ശരീ രത്തിലെ അംഗങ്ങളാണെന്നുള്ള യാഥാർത്ഥ്യം അനുഭവിച്ചറിയുന്നത് കുർബാനയിലൂടെയാണ്. മാമോദീസായിൽ ക്രിസ്തുവിനോട് ഒട്ടി ച്ചേർക്കപ്പെട്ട സകല വിശ്വാസികളെയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് സഭ കുർബാന അർപ്പിക്കുന്നത്. സഭയുടെ സന്താനങ്ങൾക്ക് അന്യോന്യം ഐക്യവും അഭിവൃദ്ധിയും ഉണ്ടാകുവാനും അവർ സുകൃ തമുള്ളവരായി ഭവിക്കാനും തുബ്ദേനിൽ നാം അപേക്ഷിക്കുന്നു.

30. Mystagogical Catecheses V, 9





നമ്മുടെ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തുവിൽ (1 തീമോ 1:1; കൊളോ 1:27) ശരണപ്പെട്ടുകൊണ്ടാണ് തുബ്ദേൻ അവസാനിക്കു ന്നത്. ആശ്രിതവത്സലനായ ദൈവത്തിന്റെ കഴിഞ്ഞകാല കാരുണ്യ ത്തിലും നടത്തിപ്പിലുമുള്ള ഉറപ്പും ഭാവി നടത്തിപ്പിലുള്ള പ്രത്യാശയും വിശ്വാസത്തിന്റെ രണ്ടുവശങ്ങളാണ്, വ്യക്തിയിലായാലും സമൂഹത്തി ലായാലും മനുഷ്യന്റെ ആത്മിക ജീവന്റെ വളർച്ചയ്ക്ക് അനിവാര്യമായ ദർശനം നൽകുന്നതാണ് ഈ മനോഭാവം. യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപിൽ ആരംഭിക്കുന്ന ക്രിസ്തീയ പ്രത്യാശ ദൈവ രാജ്യത്തിന്റെ പരമവിജയത്തിൽ സമാപിക്കുന്നു. (1 കോറി 15:22–25). വിജയകരമായ ക്രിസ്തീയ ജീവിതത്തിനും സാമൂഹ്യ നീതിക്കും നിദാ നമായിരിക്കുന്ന ഈ പ്രത്യാശ ക്രിസ്തുവിലാണ് സംക്ഷേപിക്കപ്പെട്ടി രിക്കുന്നത്.

ഈ പ്രത്യാശ നമ്മുടെ ആത്മാവിന്റെ സുരക്ഷിതവും സുസ്ഥി രവുമായ നങ്കൂരംപോലെയാണ്. നമ്മുടെ മുന്നോടിയായി യേശു മൽക്കി സദേക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതനായിക്കൊണ്ട് ഏതു വിരിക്കുള്ളിൽ പ്രവേശിച്ചുവോ അതേ വിരിക്കുള്ളിലേക്ക് ഈ പ്രത്യാശ കടന്നുചെല്ലുന്നു (ഹെബ്രാ 6:19–20).

തുടർന്ന് നല്ല മരണത്തിനായും ഉയിർപ്പിലെ നിത്യ സൗഭാഗ്യ ത്തിനായും പ്രാർത്ഥിക്കുന്നു. നമ്മുടെ മരണത്തിന്റെ സമയവും സ്ഥലവും വിധവുമെല്ലാം ദൈവത്തിനു പൂർണ്ണമായി വിട്ടുകൊടുത്തു കൊണ്ട്, തന്റെ രണ്ടാമത്തെ വരവിൽ നമുക്ക് ആത്മധൈര്യം ഉണ്ടായി രിക്കാനും അവന്റെ മുമ്പിൽ ലജ്ജിക്കാതിരിക്കാനും വേണ്ടി (1 യോഹ 2:28) അപേക്ഷിക്കുന്നു. ത്രിത്വസ്തുതിപ്പോടുകൂടി നിഷ്കൃ ഷ്ടാർത്ഥത്തിലുള്ള *അനാഫോറാ* സമാപിക്കുന്നു. ഖണ്ഡനശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ് സമാധാനം ആശംസിക്കുകയും മഹോന്നത ദൈവവും നമ്മുടെ രക്ഷകനുമായ യേശുമിശിഹായുടെ (തീത്തോ 2:13) നാമത്തിൽ രണ്ടാമത്തെ ആശീർവാദം നല്കുകയും ചെയ്യുന്നു.

## അപ്പംമുറിക്കൽ

കർത്തൃശരീരം മുറിക്കുകയും (Fraction) രക്തത്തിൽ മുക്കു കയും (Intinction) ചെയ്യുന്ന ശുശ്രൂഷയാണ് ഖണ്ഡനശുശ്രൂഷ. ക്രിസ്തു വിന്റെ പീഡാനുഭവവും, കുരിശുമരണവും, കബറടക്കവും, ഉയിർപ്പു

മാണ് രഹസ്യാത്മകമായി തിരശ്ശീലയ്ക്കുള്ളിൽ അനുസ്മരിക്കപ്പെടുന്നത്. വി. കുർബാനയിലെ രണ്ടാമത്തെ മൗതിക ഘട്ടമാണിത് (Mystical hour). പ്രതീകാത്മകമായ ക്രിയകളാൽ കാർമ്മികൻ കർത്താവിന്റെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട സംഭവങ്ങൾ രഹസ്യാത്മകമായി അനുഷ്ഠിക്കുന്നു. നമ്മുടെ കർത്താവ് സമ്പാദിച്ച രക്ഷയെ അനുസ്മരിച്ചുകൊണ്ട്, അതിനെ അടിസ്ഥാനമാക്കി സഭ മുഴുവനും വേണ്ടി കാർമ്മികൻ മദ്ധ്യസ്ഥത നടത്തുകയാണ്. ഈ സമയം വിശ്വാസികൾ ഭയഭക്തിയോടുകൂടി നില്ക്കുകയും സകലർക്കുംവേണ്ടി മദ്ധ്യസ്ഥത നടത്തുകയും വേണം.

ക്രിസ്തുവിന്റെ കുരിശുമരണസമയത്ത് ആറാംമണിക്കൂർ മുതൽ ഒമ്പതാം മണിക്കൂർവരെ ഭൂമിയിലെങ്ങും അന്ധകാരം വ്യാപിച്ചതിനെ (മത്താ 27:45; ലൂ 23:33)[31] അനുസ്മരിച്ച് മറയിടുകയും കുരിശിന്റെ മുമ്പിലുള്ള മെഴുകുതിരി[32]യൊഴിച്ച് ബാക്കി തിരികളെല്ലാം കെടുത്തുകയും ചെയ്യുന്നു. തന്റെ വത്സലപുത്രന്റെ അതിദാരുണമായ പീഡകൾ കന്യകമറിയം കാണാതിരിക്കാനാണ് ആ സമയത്ത് അന്ധകാരം ഉണ്ടായതെന്ന് സുറിയാനി സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നു. കണ്ടിരുന്നെങ്കിൽ മറിയം ഹൃദയം പൊട്ടി മരിക്കുമായിരുന്നു. ഉയിർത്തെഴുന്നേല്പിന്റെയും പെന്തിക്കോസ്തിയുടെയും സന്തോഷാനുഭവം ആ അമ്മക്കു ലഭിക്കുമായിരുന്നില്ല.

പ്രതീകാത്മകമായി ത്രോണോസിൽ കാർമ്മികൻ പരികർമ്മം ചെയ്യുന്ന രഹസ്യങ്ങൾ വിശ്വാസികൾ ദർശിക്കാതിരിക്കാനാണ് മറയിടുന്നത്. സ്രോപ്പേന്മാർപോലും രണ്ടു ചിറകുകൾ കൊണ്ട് മുഖം മറച്ചാണ് അവിടുത്തെ തിരുമുമ്പിൽ നിൽക്കുന്നത് (ഏശ 6:2).[33] ഇവയിലേക്ക് എത്തിനോക്കാൻ ദൈവദൂതന്മാർപോലും കൊതിക്കുന്നു (1 പത്രോ 1:12) എന്ന് വി. പത്രോസ് ശ്ലീഹായും പറഞ്ഞിരിക്കുന്നു.

ആദിമസഭയിൽ ഈ കർമ്മം കുർബാനാനുഭവത്തിനുള്ള ഒരുക്കമായ അപ്പം മുറിക്കലായിരുന്നു. പിൽക്കാലങ്ങളിൽ ഇതിന് കൂടുതൽ രഹസ്യാത്മകമായ അർത്ഥം കല്പിച്ച് ഖണ്ഡനശുശ്രൂഷയായി വികസിച്ചു. ഗോഗുൽത്തായിലെ പരമയാഗത്തിന്റെ തന്നെ പ്രതീകമായി

31. സൃഷ്ടിയുടെ ആരംഭത്തിലും ഇതുപോലെ അന്ധകാരം വ്യാപിച്ചിരുന്നു. (ഉൽ:1,2)
32. പേജ് 59 നോക്കുക
33. cfr സ്രാപ്പികളെ കണ്ടേശായ... എന്ന ഗീതം





ഇതിനെ പരിഗണിച്ചുപോരുന്നു. സ്വർഗ്ഗീയ അപ്പം ഞങ്ങൾ മുറിക്കുന്നു. . . എന്നുള്ള ചെറിയ പ്രാർത്ഥനയാണ് സാധാരണയായി ഈ സമയത്ത് ഉപയോഗിക്കുന്നത്. എന്നാൽ ദീവന്നാസ്യോസ് ബർ സ്ലീബിയുടെ (+1170) പേരിൽ അറിയപ്പെടുന്ന വലിയ പ്രാർത്ഥന ഖണ്ഡനശുശ്രൂഷയുടെ അർത്ഥം വ്യക്തമാക്കുന്നതാണ്.

> വചനമായ ദൈവം ശരീരത്തിൽ ഇപ്രകാരം യഥാർത്ഥമായി പീഡയനുഭവിക്കുകയും ബലിയായിത്തീർന്ന് കുരിശിൽവച്ചു ഖണ്ഡിക്കപ്പെടുകയും ചെയ്തു. അവന്റെ ആത്മാവ് ശരീരത്തിൽ നിന്നു വേർപെട്ടെങ്കിലും ദൈവത്വം ആത്മാവിൽ നിന്നോ ശരീരത്തിൽനിന്നോ വേർപിരിഞ്ഞില്ല. അവൻ കുന്തംകൊണ്ട് വിലാവിൽ കുത്തേറ്റു. ലോകത്തിനു മുഴുവൻ പാപപരിഹാരം ഉണ്ടാക്കുന്ന രക്തവും വെള്ളവും അവിടെനിന്നൊഴുകി + അവയാൽ അവന്റെ ശരീരംമുഴുവൻ നനഞ്ഞു + സർവ്വലോകത്തിന്റെയും പാപം നിമിത്തം പുത്രൻ തമ്പുരാൻ കുരിശിൽ മരിച്ചു + അവന്റെ ആത്മാവ് വീണ്ടും ശരീരത്തോടു ചേരുകയും ഇടത്തേതിനടുത്ത ജീവിതരീതിയിൽനിന്ന് വലത്തേതിലേക്ക് അവൻ നമ്മെ തിരിക്കുകയും ചെയ്തു. സ്വരക്തത്താൽ അവൻ സ്വർഗ്ഗീയരെ ഭൗമികരോടും സ്വജനത്തെ ജാതികളോടും ആത്മാവിനെ ശരീരത്തോടും യോജിപ്പിച്ചു സമാധാനം സ്ഥാപിച്ചശേഷം, മൂന്നാം ദിവസം കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റു. അമ്മാനുവേൽ ഏകനാകുന്നു. അവിഭാജ്യമായ യോജിപ്പിനു ശേഷം ഇരുസ്വഭാവങ്ങളും വേർപിരിയുന്നില്ല. ഈ ശരീരം ഈ രക്തത്തിന്റേതും ഈ രക്തം ഈ ശരീരത്തിന്റേതുമാകുന്നു എന്നു ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു.

തിരുശരീരം കൈകളിൽ എടുത്ത് ഉയർത്തി രണ്ടായി മുറിക്കുന്നതുവഴി വചനമായ ദൈവം സത്യമായി ശരീരത്തിൽ കഷ്ടതയനുഭവിച്ചെന്നും, കുരിശിൽ ബലികഴിക്കപ്പെട്ടെന്നും ശരീരം നുറുക്കപ്പെട്ടെന്നും വൈദികൻ കാണിക്കുന്നു. വീണ്ടും അവ ചേർത്തുപിടിക്കുന്നതിനാൽ അവിടുത്തെ ആത്മാവ് ശരീരത്തിൽ നിന്ന് വേർപെട്ടെങ്കിലും ദൈവത്വം ആത്മാവിൽനിന്നോ ശരീരത്തിൽനിന്നോ വേർപിരിഞ്ഞില്ല എന്ന് സ്പഷ്ടമാണ്. ഒരു ഭാഗം രക്തത്തിൽമുക്കി അതുകൊണ്ട് മറുഭാഗം റൂശ്മാ ചെയ്യുന്നതുവഴി നുറുക്കപ്പെട്ട ശരീരം അവിടുത്തെ രക്തത്താൽ

നനഞ്ഞു എന്നു സൂചിപ്പിക്കുന്നു. ശരീരവും രക്തവും രണ്ടു പാത്രങ്ങളിൽ വയ്ക്കപ്പെട്ടിരിക്കുന്നെങ്കിലും അത് വചനമായ ദൈവത്തിന്റെ ജീവനുള്ള ശരീരമാണ് എന്നു കാണിക്കാനാണ് രക്തത്തിൽ ശരീരത്തിന്റെ ഒരുഭാഗമിടുന്നത്. അതിനുശേഷം രണ്ടുഭാഗങ്ങളും ഒന്നിച്ചു ചേർത്തുവയ്ക്കുന്നത്, അവിടുന്ന് കുരിശിൽ അർപ്പിക്കപ്പെട്ടപ്പോൾ കുരിശിൽ ചിന്തിയ രക്തംവഴി എല്ലാ വസ്തുക്കളേയും രമ്യപ്പെടുത്തി സമാധാനം സ്ഥാപിച്ചു (കൊളോ 1:20; എഫേ 2:14-17) എന്നു കാണിക്കാനാണ്. അവസാനം ശരീരത്തിൽ മൂന്നു പ്രാവശ്യം രക്തംപുരട്ടി ഉയിർത്തെഴുന്നേൽപ്പിനെ സൂചിപ്പിക്കുന്നു. കാരണം രക്തം ആത്മാവാണ് (ലേവ്യ 17:11). ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തപ്പോൾ ആത്മാവ് ശരീരത്തോട് ചേർന്നു.[34] ഇതുമുതൽ കർത്താവിന്റെ ശരീരം ഉയിർത്തെഴുന്നേറ്റു കർത്താവിന്റെ മഹത്വീകരിക്കപ്പെട്ട ശരീരമാണ്. ജനനപ്പെരുന്നാൾ മുതൽ പെസഹാ വ്യാഴാഴ്ചവരെ കുഞ്ഞാടിന്റെ രൂപത്തിലും ദു:ഖശനിയാഴ്ച മുതൽ സ്ലീബാപെരുന്നാൾ വരെ മനുഷ്യപുത്രന്റെ രൂപത്തിലും സ്ലീബാ പെരുന്നാൾ മുതൽ ജനനപ്പെരുന്നാൾ വരെ സ്ലീബായുടെ ആകൃതിയിലുമാണ് ഖണ്ഡനശുശ്രൂഷ നടത്തി തിരുശരീരം പീലാസായിൽ ക്രമപ്പെടുത്തേണ്ടത്.

ഹാബേലിന്റെ രക്തം പ്രതികാരത്തിനായി ദൈവത്തോടപേക്ഷിച്ചതുപോലെ (ഉൽപ 4:10) ഈ സമയം ക്രിസ്തുവിന്റെ രക്തം കാണിച്ചുകൊണ്ട് പാപമോചനത്തിനും കരുണയ്ക്കുമായി കാർമ്മികൻ യാചിക്കുന്നു.


> ഗോഗുൽത്തായിൽ അധർമ്മികൾ ചിന്തിയ അവന്റെ രക്തം ഇതാ, എനിക്കുവേണ്ടി യാചിക്കുന്നു. അതിനെ പ്രതി എന്റെ അപേക്ഷ കൈക്കൊള്ളണമേ. . . . ഞാൻ പാപം ചെയ്തതു നിമിത്തം നിന്റെ പ്രിയപുത്രൻ ആണികളും കുന്തവും ഏറ്റു. നിന്നെ രഞ്ജിപ്പിക്കുവാൻ അവന്റെ പീഡകൾ മതിയാവുന്നവയാണ്. അവയാൽ ഞാൻ ജീവിക്കും.

ഹാബേലിന്റെ രക്തത്തേക്കാൾ ശ്രേഷ്ഠമായവ വാഗ്ദാനം ചെയ്യുന്ന തളിക്കപ്പെട്ട രക്തത്തിലേക്കാണ് (ഹെബ്രാ 12:24) നമ്മൾ വന്നെത്തിയിരിക്കുന്നത്. ഈ ആശയം ഹൃദയസ്പർശിയായി ആവി


34. cfr മോശെ ബർകേഫായുടെ കൂദാശാഭാഷ്യം പേജ് 56,57









[illegible]



കുഞ്ഞാട്
([illegible])



മനുഷ്യപുത്രൻ
([illegible])



സ്ലീബാ
([illegible])

ഷ്ക്കരിക്കുന്ന സാറുഗിലെ മാർ യാക്കോബിന്റെ ബോവുസാ കാർമ്മികൻ ചൊല്ലുന്നു. ഇതുതന്നെയാണ് നീതിജ്ഞൻ താതാ കാൺക . . . എന്ന ഗാനത്തിൽ ദൈവജനം പാടുന്നത്. ഖണ്ഡനശുശ്രൂഷയുടെ അവസാനം ഉയിർപ്പിനെ സൂചിപ്പിക്കുന്ന ക്രിയകൾ നടത്തുമ്പോൾ നേരത്തേ കെടുത്തിയ തിരികളെല്ലാം കത്തിക്കുകയും മണിയും മർബഹാസായും കിലുക്കുകയും ചെയ്യുന്നു. തിരശ്ശീല നീക്കുമ്പോൾ ഉയർപ്പിനുശേഷം ക്രിസ്തു ശിഷ്യന്മാർക്കും ഭക്തസ്ത്രീകൾക്കും പ്രത്യക്ഷപ്പെട്ട ദൃശ്യമാണ് നമ്മുടെമനസ്സിൽ തെളിയുന്നത്.

## ദൈവമക്കളുടെ പ്രാർത്ഥന

ഉയിർപ്പുമൂലം നമ്മെ വീണ്ടും ജനിപ്പിച്ചതിനാൽ നാം ദൈവത്തിന്റെ മക്കളായിത്തീർന്നിരിക്കുന്നു. അതുവഴി പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നമ്മൾ കൈക്കൊണ്ടിരിക്കുന്നതും. ഈ ആത്മാവുമൂലമാണ് നാം അബ്ബാ-പിതാവേ എന്നു വിളിക്കുന്നത് (റോമ 8:15-17; ഗലാ 4:6; യോഹ 1:12). മിശിഹാതമ്പുരാൻ വിശുദ്ധ ശ്ലീഹാന്മാരെ പഠിപ്പിച്ച പ്രാർത്ഥന വി.കുർബാനയുടെ ഈ അവസരത്തിൽ ഉയിർപ്പിനെ സൂചിപ്പിക്കുന്ന ശുശ്രൂഷയ്ക്കു ശേഷം ചൊല്ലുന്നതിന് മലങ്കരസഭ ക്രമീകരിച്ചിരിക്കുന്നത് തികച്ചും ഉചിതമാണ്. കർത്താവിന്റെ മരണവും ഉത്ഥാനവും വഴി പാപികളായ നമുക്ക് അതിവിശുദ്ധസ്ഥലം തുറന്നുതന്നിരിക്കുന്നുവെന്നും പിതാവിന്റെ സന്നിധിയിലേക്കുള്ള പ്രവേശനം സുഗമമാക്കിയിരിക്കുന്നുവെന്നുമാണ് ഖണ്ഡനശുശ്രൂഷയ്ക്കുശേഷം തിരശ്ശീല നീക്കിയതിന്റെ അർത്ഥം. ദൈവത്തെ പിതാവേ എന്നു വിളിക്കാനുള്ള അവകാശം ക്രിസ്തു തന്റെ മരണവും ഉത്ഥാനവും വഴി നമുക്ക് നേടിത്തന്നിരിക്കുന്നു.

> എന്റെ സഹോദരരേ, യേശുവിന്റെ രക്തം മൂലം വിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കാൻ നമുക്കു മനോധൈര്യമുണ്ട്. എന്തെന്നാൽ തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നുതന്നിരിക്കുന്നു. ദൈവഭവനത്തിന്റെ മേൽനോട്ടക്കാരനായി നമുക്കൊരു മഹാപുരോഹിതനുണ്ട്. അതിനാൽ വിശ്വാസത്തിന്റെ ഉറപ്പുള്ള സത്യഹൃദയത്തോടെ നമുക്ക് അടുത്ത്ചെല്ലാം. ഇതിനു ദുഷ്ടമനസ്സാക്ഷിയിൽ നിന്നു നമ്മുടെ ഹൃദയത്തെ വെടിപ്പാക്കുകയും





> ശരീരം ശുദ്ധജലത്തിൽ കഴുകുകയും വേണം.
> (ഹെബ്രാ 10:19-22).

മാമോദീസായിൽ നിന്ന് പരിശുദ്ധാത്മാവിനാൽ നമ്മെ ജനിപ്പിച്ചതിനാൽ ദൈവത്തെ നാം പിതാവെന്ന് വിളിക്കുന്നു. സ്വഭാവത്താലെ പിതാവിന്റെ പുത്രനാണ് ക്രിസ്തു. നാം കൃപയാലത്രെ മക്കളായിരിക്കുന്നത്.[35] അതുകൊണ്ട് മാമോദീസാ സ്വീകരിച്ച ക്രിസ്ത്യാനികളുടെ വലിയ അവകാശമാണ് കർത്തൃപ്രാർത്ഥന.[36] യോഗ്യതാനുസരണം പ്രാർത്ഥിക്കുകയാണെങ്കിൽ ഇതിൽ സംക്ഷേപിച്ചിരിക്കുന്നതിനു പുറമേ യാതൊന്നും നമുക്കു അപേക്ഷിക്കേണ്ടതായിട്ടില്ലെന്ന് വി.തോമസ് അക്വൈനാസ് പറയുന്നു.[37]വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളും (എഫേ 2:19) ആയ നമുക്ക് സർവ്വവും ഉൾക്കൊള്ളുന്ന ഈ പ്രാർത്ഥന ക്രിസ്തീയസഭയുടെ കുടുംബപ്രാർത്ഥനയാണ്. കുർബാന അനുഭവിക്കുന്നതിനുള്ള ഒരുക്കപ്രാർത്ഥനയായും ഇതിനെ പരിഗണിക്കാം.[38]

അനന്തരം പരിക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ എന്ന അപേക്ഷ വിപുലീകരിച്ച് പ്രാർത്ഥിക്കുന്നു. തുടർന്ന് ക്രിസ്തു ഉയിർത്തെഴുന്നേറ്റശേഷം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടതിനെ അനുസ്മരിച്ച് സമാധാനം ആശംസിക്കുന്നു. അതിനുശേഷം കുർബാന സ്വീകരിക്കുന്നവർക്കുവേണ്ടി അനുഗ്രഹത്തിനായുള്ള രണ്ടാമത്തെ പ്രാർത്ഥന ചൊല്ലുന്നു. കർത്താവിന്റെ ബലിയിൽ ഭാഗഭാക്കുകളാകാൻ വന്നവരെല്ലാം ബലിവിരുന്നിൽ സംബന്ധിക്കണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. വീണ്ടും സമാധാനം ആശംസിക്കുന്നു. ഇങ്ങനെ രണ്ടു പ്രാവശ്യം അടുത്തടുത്ത് സമാധാനാശംസ നടത്തുന്നത് ഉയിർപ്പിനു ശേഷം ശിഷ്യന്മാർക്ക്, പലപ്രാവശ്യം ക്രിസ്തു പ്രത്യക്ഷപ്പെട്ട് അവർക്ക് സമാധാനം ആശംസിച്ചതിനെ അനുസ്മരിച്ചാണ്. അനന്തരം ത്രിത്വത്തിന്റെ നാമത്തിലുള്ള ആശിർവാദമാണ്. ഏഴു സവിശേഷതകളാണ് ഇതിൽ ത്രിത്വത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് (1) വിശുദ്ധിയും (2) മഹത്തവും ഉള്ളതും (3) സൃഷ്ടിയല്ലാത്തതും (4) ഉൺമയായതും (5)

35. മോശെ ബർകേഫായുടെ കൂദാശാഭാഷ്യം പേജ് 66
36. Cyril of Jerusalem, Mystagogical Catechesis V.
37. ST.II 2 Q 83 art 9
38. കൂദാശാ ഭാഷ്യത്തിൽ മോശെ ബർ കേഫാ കർത്തൃപ്രാർത്ഥന വിശദമായി വ്യാഖ്യാനിക്കുന്നുണ്ട്. പേജ് 63-78

ആദ്യന്തമില്ലാത്തതും (6) വന്ദിക്കത്തക്കതും (7) സാരാംശത്തിൽ സമമായിരിക്കുന്നതുമായ ത്രിത്വം. നമ്മുടെ കർത്താവ് സ്വർഗ്ഗാരോഹണത്തിനു മുമ്പ് ശ്ലീഹന്മാരെ ബഥാനിയാവരെ കൂട്ടിക്കൊണ്ടുപോയി കൈകൾ ഉയർത്തി അനുഗ്രഹിച്ചതിനെയും (ലൂ 24:50). ആ തൃക്കരങ്ങൾക്കു കീഴിലാണ് സഭ നിലനിൽക്കുന്നതെന്നതിനെയും ഈ ആശീർവാദം സൂചിപ്പിക്കുന്നു.

## തിരുശരീരരക്തങ്ങളുടെ ആഘോഷം

തിരുശരീരവും തിരുരക്തവും ഉയർത്തി ആഘോഷിക്കുമ്പോൾ കർത്താവിന്റെ സ്വർഗ്ഗാരോഹണം നാം ഓർക്കുന്നു. സ്വർഗ്ഗാരോഹണ സമയത്ത് രണ്ടു മാലാഖമാർ ഇരുവശത്തായി കാണപ്പെട്ടതിനെ (അ.പ്ര 1:10) അനുസ്മരിപ്പിക്കത്തക്കവിധം കാർമ്മികന്റെ ഇരുവശത്തും മെഴുകുതിരി കത്തിച്ച് ഉയർത്തി പിടിക്കുന്ന ഒരു പാരമ്പര്യമുണ്ട്. മഹാപുരോഹിതനായ ക്രിസ്തു സ്വന്ത രക്തവുമായി തിരശ്ശീലയ്ക്കകത്ത് സ്വർഗ്ഗമാകുന്ന മഹാവിശുദ്ധസ്ഥലത്ത് പ്രവേശിക്കുന്നതാണ് നാമിവിടെ ദർശിക്കുന്നത് (ഹെബ്രാ 9:11-12). ബലിവസ്തുക്കൾ ബലിപീഠത്തിനു നേരെ നിരാജനം ചെയ്യുന്ന പതിവ് പഴയനിയമത്തിലുണ്ട് (ലേവ്യ 7:30).

സ്വർഗ്ഗാരോഹണം മനുഷ്യാവതാരത്തിന്റെ പൂർത്തീകരണമാണ്; ഭൂമിയിൽ, യേശുവിന്റെ ദൗത്യത്തിന്റെ അന്ത്യവും (ഹെബ്രാ 1:3) പരിശുദ്ധാത്മാവിനെ നൽകുന്നതിന്റെ നാന്ദിയുമായിരുന്നു (അ.പ്ര 2:33; ഗലാ 4:4-6; യോഹ 7:39) അത്. സ്വർഗ്ഗാരോഹണം വഴി മാത്രമേ ക്രിസ്തുവിന് എല്ലാത്തിലും നിറഞ്ഞുനില്ക്കാൻ കഴിയു (എഫേ 4:8-10; സങ്കീ 68:18).

> ഇറങ്ങിയവൻ തന്നെയാണ്, എല്ലാ വസ്തുക്കളെയും പൂരിതമാക്കാൻവേണ്ടി എല്ലാ സ്വർഗ്ഗങ്ങൾക്കുമുപരി ആരോഹണം ചെയ്തവനും (എഫേ 4:10).

തന്റെ ഏകജാതനെ നല്കിയതുവഴി ആദ്യം ദൈവത്തിന്റെ സ്നേഹം പ്രകടമായി (യോഹ 3:16). എന്നാൽ സ്വർഗ്ഗാരോഹണത്തിനുശേഷം അത് ദൃശ്യമാകുന്നത് പരിശുദ്ധാത്മാവിനെ നല്കുന്നതിലാണ്.

> കാരണം, നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു (റോമ 5:5).





സ്വർഗ്ഗാരോഹണം മൂലം ക്രിസ്തുവിന്റെ ശാരീരിക സാന്നിദ്ധ്യം നഷ്ടമായെങ്കിലും, കൂടുതൽ യഥാർത്ഥമായ പുതിയ ഒരു സാന്നിദ്ധ്യം പരിശുദ്ധാത്മാവു മുഖേന നമുക്കു ലഭിച്ചു. ഈ പുതിയ സാന്നിദ്ധ്യത്തിന്റെ പരമോന്നതാവസ്ഥയാണ് വി.കുർബാനയിലെ കർത്താവിന്റെ സാന്നിദ്ധ്യം. ദൈവപുത്രന്റെ സാന്നിദ്ധ്യമുള്ളിടത്ത്, പിതാവും പരിശുദ്ധാത്മാവും സന്നിഹിതരാണ് (യോഹ 14:23). ഇക്കാരണത്താലാണ് പിതാവും, പുത്രനും പരിശുദ്ധാത്മാവും നമ്മോടുകൂടെ എന്ന് പൂജാപാത്രങ്ങൾ രണ്ടുകൈകളിലും കുരിശ് ആകൃതിയിൽ പിടിച്ചുകൊണ്ട് കാർമ്മികൻ പറയുന്നത്.

കുർബാനാനുഭവത്തിനുള്ള ക്ഷണം കൂടിയാണ് ഈ കർമ്മം. കാർമ്മികൻ ദിവ്യരഹസ്യങ്ങൾ ഉയർത്തികാണിച്ചു കൊണ്ട് വിശുദ്ധമായവ *വിശുദ്ധിയും വെടിപ്പും ഉള്ളവർക്കു നല്കപ്പെടുന്നു* (ജ്ഞാനം 6:10) എന്നു പറയുന്നു. ഇതിനു മറുപടിയായി ജനം പറയുന്നതിന്റെ അർത്ഥമിതാണ്.

> വൈദികനേ, വിശുദ്ധമായവ വിശുദ്ധർക്ക് നൽകുന്നത് ഉചിതമെന്ന് നീ പ്രസ്താവിച്ചുവല്ലോ; ഞങ്ങൾ പരിശുദ്ധരല്ലെന്ന് ഞങ്ങൾ ഏറ്റുപറയുന്നു; പിതാവും തന്റെ പുത്രനും തന്നിൽ നിന്നുള്ള അരൂപിയും അല്ലാതെ ആരും പരിശുദ്ധരല്ല എന്നു ഞങ്ങൾ പ്രഖ്യാപിക്കുന്നു[35].

ദൈവസ്തുതിപ്പ് വഴിയാണ് മനുഷ്യൻ വിശുദ്ധീകരിക്കപ്പെടുന്നത്. അതുകൊണ്ട് കാർമ്മികൻ ജനത്തോടൊന്നിച്ചു പറയുന്നു. ഒന്നായിരിക്കുന്ന പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. അനാഫോറാ ഇവിടെ സമാപിക്കുന്നു.

## വിശുദ്ധന്മാരോടുള്ള സംസർഗ്ഗം

ദൈവസംസർഗ്ഗത്തിന് ഒരുങ്ങുമ്പോൾ വിശുദ്ധന്മാരോടുള്ള സംസർഗ്ഗം നടത്തുന്നത് പ്രസക്തമാണ്. അതു കൊണ്ടാണ് കുർബാ

35. മോശെ ബർകേഫായുടെ കൂദാശാഭാഷ്യം പേജ് 50

നയുടെ അവിഭാജ്യഘടകമല്ലെങ്കിലും യാമ പ്രാർത്ഥനയുടെ അവസാനഭാഗമായ ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും മറ്റും കുക്കിലിയോൻ ഇവിടെ ചേർത്തുചൊല്ലുന്നത്. കൂടാതെ, നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ നമ്മെപഠിപ്പിച്ച പിതാക്കന്മാരെ കുർബാനയിലും പ്രാർത്ഥനയിലും ഓർക്കുന്നത് നല്ലതാണ് (ഹെബ്രാ 13:7). സങ്കീർത്തന വാകൃങ്ങളുടെ മദ്ധ്യേ ഹാലേലൂയ്യാ ചേർത്തുപാടുന്നതിനാണ് കുക്കിലിയോൻ എന്നു പറയുന്നത്.

| | |
|---|---|
| നിന്നാൾ സ്തുതിയൊടു രാജമകൾ | സങ്കീ 45:9-11. |
| നയവാൻ പനപോലെ | സങ്കീ 92:12-14 |
| ചാർത്തും നീതിയെ നിന്നാചാര്യന്മാരും | സങ്കീ 132:9-12 |
| നിന്നാൽ വൈരിയെ വീഴ്ത്തീടും | സങ്കീ 44:5-7 |
| മക്കളില്ലപ്പൻ കൃപ ചെയ്വതുപോലെ | സങ്കീ 130:13-15 |

ദൈവമാതാവും സകല വിശുദ്ധന്മാരും പരേതരും നമ്മോടൊത്ത് കുർബാനയിൽ പങ്കുകൊള്ളുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. അവരുടെ പ്രാർത്ഥനയോട് ചേർന്ന് നമ്മുടെ പ്രാർത്ഥനകളും മറ്റൊരു സുഗന്ധധൂപമായി ദൈവസന്നിധിയിലേക്കുയരുന്നു.



13

# കുഞ്ഞാടിന്റെ വിവാഹവിരുന്നിനു ക്ഷണിക്കപ്പെട്ടവർ

**മെശ്തൂസൊ** **ബലിവിരുന്ന്**

ദൈവാലത്തിലേക്കുള്ള തീർത്ഥാടനത്തിന്റെ പരിസമാപ്തിയാണ് മലങ്കര കുർബാനയുടെ അവസാനഭാഗത്ത് നാം ദർശിക്കുന്നത്. ഇവിടെ ക്രിസ്തുവിനെ ദൈവപുത്രനായി ദർശിച്ചുകൊണ്ട് ദൈവവുമായുള്ള ഐക്യം സാധിക്കുകയാണ് ചെയ്യുന്നത്. തീർത്ഥാടകർ യാഗവിരുന്നിൽ പങ്കുകൊള്ളുകയും കൃതജ്ഞതാപ്രകാശനം എന്ന മതാനുഷ്ഠാനം സമുചിതം നിർവ്വഹിക്കുകയും ചെയ്യുന്നു.

## സ്വർഗ്ഗീയ വിരുന്നിന്റെ മുന്നാസ്വാദനം

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം ഒരു നവയുഗപ്പിറവിയുടെ നാന്ദി കുറിച്ചു. തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ പിതാവിന്റെ ഭവനത്തിലേക്ക് അവിടുന്നു സ്വാഗതം ചെയ്യുമെന്ന (യോഹ 14:1-3) പ്രത്യാശയ്ക്ക് സ്വർഗ്ഗാരോഹണം ആരംഭമിട്ടു. അനേകം സഹോദരരിൽ ആദ്യജാതൻ (റോമ 8:29) എന്ന നിലയിൽ അനുയായികൾക്കു സ്ഥലമൊരുക്കാനാണ് ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തത്. വരാനിരിക്കുന്ന ദൈവരാജ്യത്തിൽ നീതിമാന്മാർക്കു ലഭിക്കുന്ന സന്തോഷപൂർണ്ണമായ ദൈവരാജ്യത്തെ സൂചിപ്പിക്കുവാൻ മെസ്സയാനിക വിരുന്നിന്റെ സാദൃശ്യമാണ് സമാന്തരസുവിശേഷങ്ങളിൽ (മത്താ 22:1-14; ലൂ 14:15-24) കൊടുത്തിരിക്കുന്നത്. അന്ത്യഅത്താഴസമയത്ത് യേശു ശിഷ്യന്മാരോടു സംസാരിച്ചപ്പോഴും ഇതു വ്യക്തമാക്കി.

ദൈവരാജ്യത്തിൽ ഞാൻ ഇതു നവമായി പാനം ചെയ്യുന്ന ദിവസം വരെ മുന്തിരിയുടെ ഫലത്തിൽ നിന്ന് ഇനി ഞാൻ കുടിക്കുകയില്ല (മർക്കോ 14:25).

പത്തു കന്യകകളുടെ ഉപമയിലും (മത്താ 25:1-13) സ്വർഗ്ഗരാജ്യത്തെ ഭാവിവിരുന്നായി ചിത്രീകരിച്ചിരിക്കുന്നു. മാനവ ഐക്യം പുന:സ്ഥാപിക്കപ്പെടുന്നത് സ്വർഗ്ഗരാജ്യത്തിലെ വിരുന്നിൽവച്ചാണ്.

കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിരവധിയാളുകൾവന്ന് അബ്രഹാത്തിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കും (മത്താ 8:11).

ഇപ്രകാരമുള്ള ഒരു വിരുന്നിനു ക്ഷണിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ (വെളി 19:9). ആ വിരുന്നിന്റെ മുന്നാസ്വാദനമാണ് വി. കുർബാന കൈക്കൊള്ളുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലും ഇത് വ്യക്തമാക്കുന്നു.

പ്രസ്തുത പ്രതീക്ഷയുടെ അച്ചാരവും ജീവിതയാത്രയിൽ ശക്തിപകരുന്ന തൃപ്പാഥേയവും കർത്താവ് വിശ്വാസത്തിന്റെ ആ കൂദാശയിലൂടെ അവിടുത്തെ സ്വന്തക്കാർക്കേല്പിച്ചുകൊടുത്തിരിക്കുന്നു. ഈ കൂദാശയിൽ വച്ചാണ് മനുഷ്യൻ സംസ്ക്കരിച്ചെടുക്കുന്ന പ്രകൃതി പദാർത്ഥങ്ങൾ ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ ശരീരവും രക്തവുമായി രൂപാന്തരം പ്രാപിക്കുന്നത്. സഹാദരനിർവിശേഷമായ ദൃഢബന്ധത്തിന്റെ ഭക്ഷണവും, സ്വർഗ്ഗീയ വിരുന്നിന്റെ മുന്നാസ്വാദനവുമത്രെ അത്[1].

## തൃതീയമൗതികഘട്ടം

ധൂപപ്രാർത്ഥനകൾക്കുശേഷം കാർമ്മികൻ വീണ്ടും ജനത്തോട് പ്രാർത്ഥനാസഹായം അപേക്ഷിക്കുന്നു. തുടർന്ന് ത്രോണോസിന്റെ മുമ്പിൽ കുമ്പിട്ടു രഹസ്യമായി പ്രാർത്ഥിക്കുമ്പോൾ മദ്ബഹാ തിരശ്ശീലകൊണ്ട് മറയ്ക്കുന്നു. വി. കുർബാനയിലെ മൂന്നാമത്തെ മൗതിക ഘട്ടമാണിത്. ക്രിസ്തു ശിഷ്യന്മാരിൽ നിന്നു മറയുകയും സ്വർഗ്ഗത്തിലേക്ക്

1. രണ്ടാം വത്തിക്കാൻ കൗൺസിൽ, സഭ ആധുനികലോകത്തിൽ 98





സംവഹിക്കപ്പെട്ട് (ലൂ 24:51) പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതിനെയും ഇത് സൂചിപ്പിക്കുന്നു. മഹത്വപൂർണ്ണമായ തന്റെ രണ്ടാമത്തെ വരവിൽ കർത്താവിനെ കണ്ട് ആനന്ദിക്കുവാൻ കാത്തിരിക്കുകയാണ് മണവാട്ടിയായ സഭ.

വി.കുർബാന സ്വീകരിക്കാനുള്ള ഒരുക്കപ്രാർത്ഥന ചൊല്ലി കാർമ്മികൻ കുർബാന അനുഭവിക്കുന്നു; മദ്ബഹായിൽ വൈദിക പദവിയിലുള്ളവരും കുർബാന സ്വീകരിക്കുന്നു.

ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ പരിശുദ്ധശരീരം ഭക്ഷിക്കുന്നതിനും നിന്റെ പാപപരിഹാരപ്രദമായ രക്തം പാനം ചെയ്യുന്നതിനും എന്നേക്കും ഞങ്ങളെ യോഗ്യരാക്കണമേ. തിരുവിഷ്ടം അനുവർത്തിച്ചിട്ടുള്ള എല്ലാവരോടുംകൂടെ സ്വർഗ്ഗരാജ്യത്തിൽ ഞങ്ങൾ അവകാശികളായിത്തീരണമേ.

## രണ്ടാമത്തെ വരവും വിധിയും

തിരുശരീരരക്തങ്ങൾ എടുത്തുകൊണ്ട് പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുന്നത് കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ പ്രതീകമാണ്. വി.പൗലോസിന്റെ വീക്ഷണത്തിൽ വി. കുർബാന കർത്താവിന്റെ മരണം അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണ് (1 കോരി 11:26). അതുകൊണ്ട് ആദിമ ക്രൈസ്തവസമൂഹം പ്രത്യാശയോടുകൂടി പ്രാർത്ഥിച്ചിരുന്നു. മാറാനാതാ! ഞങ്ങളുടെ കർത്താവേ, വന്നാലും (1 കോരി 16:22). കാഹളധ്വനിയോടുകൂടെ വാനമേഘങ്ങളിൽ കർത്താവ് മഹത്വത്തോടുവരുമ്പോൾ (മത്താ 24:29-31) ഉണ്ടാകുന്ന ആർപ്പുവിളിക്കു (മത്താ 25:6) തുല്യമായി മദ്ബഹായിൽ നിന്നും ഹൈക്കലായിൽനിന്നും ശബ്ദമുയർത്തിപ്പറയുന്നു.

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായവൻ
വന്ദിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനും
ആകുന്നു. ആദിമുതൽ തലമുറ തലമുറകൾ
വരെയും തനിക്കുസ്തുതി . ഹാലേലൂയ്യാ.

മണികളുടെയും മർബഹാസാകളുടെയും ശബ്ദം മുഴങ്ങുന്നതോടൊപ്പം മറനീക്കപ്പെടുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിൽ വീണ്ടും

സ്വർഗ്ഗം തുറക്കപ്പെടുന്നതിനെ ഇത് സൂചിപ്പിക്കുന്നു. ഈ സമയത്ത് മൂന്നു കാര്യങ്ങൾ പ്രതീകാത്മകമായി മദ്ബഹായിൽ നടക്കുന്നു. 1. ദിവ്യകാരുണ്യ പ്രദക്ഷിണം (Eucharistic Procession) 2. ദിവ്യകാരുണ്യ ആരാധന (Eucharistic Adoration) 3.ദിവ്യകാരുണ്യ ആശീർവാദം (Eucharistic Blessing). ആദ്യം വി. കുർബാനയുടെ ആഢംബരപൂർവ്വമായ പ്രദക്ഷിണം ത്രോണോസിൽനിന്ന് ആരംഭിക്കുന്നു. കത്തിച്ച മെഴുകുതിരികളുടെയും മർവഹാസാകളുടെയും അകമ്പടിയോടെ കാർമ്മികൻ തിരുശരീരരക്തങ്ങൾ ജനത്തിനു നല്കാനായി പടിഞ്ഞാറോട്ടു കൊണ്ടുവരുന്നു. മുൻകാലത്ത് വി.കുർബാനയുടെ പ്രദക്ഷിണം പള്ളിക്കകത്തുകൂടി നടത്തുക പതിവായിരുന്നു. കുർബാന സ്വീകരണത്തിന്, വിശ്വാസികളെ ഭക്തിനിർഭരമാംവിധം ക്ഷണിക്കുന്ന ഒരു കർമ്മമാണിത്. ഇതെല്ലാം വെളിപാട് പുസ്തകത്തിലെ വിവാഹവിരുന്നിന്റെ വിവരണത്തെ അനുസ്മരിപ്പിക്കുന്നു.

> പിന്നെ വലിയ ജനക്കൂട്ടത്തിന്റെയും പെരുവെള്ളത്തിന്റെയും ഗംഭീരമായ ഇടിമുഴക്കത്തിന്റെയും ശബ്ദംപോലെയുള്ള ഒരു സ്വരം ഞാൻ കേട്ടു; ഹാലേലൂയ്യാ! സർവ്വശക്തനും നമ്മുടെ ദൈവവുമായ കർത്താവു വാഴുന്നു. നമുക്ക് ആനന്ദിക്കാം; ആഹ്ലാദിച്ച് ആർപ്പുവിളിക്കാം. അവിടുത്തേക്ക് മഹത്ത്വം നല്കാം. എന്തെന്നാൽ കുഞ്ഞാടിന്റെ വിവാഹം സമീപിച്ചിരിക്കുന്നു. അവിടുത്തെ മണവാട്ടി അണിഞ്ഞൊരുങ്ങിക്കഴിഞ്ഞു (വെളി 19:6-7).

രണ്ടാമതായി ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യേണമേ... എന്നു തുടങ്ങുന്ന പ്രാർത്ഥന ദിവ്യകാരുണ്യ ആരാധനയാണ്. ഈ പ്രാർത്ഥന അവസാനിക്കുന്നതുവരെ വി.രഹസ്യങ്ങൾ വഹിച്ചുകൊണ്ട് കാർമ്മികൻ ജനത്തിനഭിമുഖമായി നിൽക്കണം. എല്ലാവരും വി.രഹസ്യങ്ങളെ നോക്കിക്കൊണ്ട് ആരാധന നടത്തുന്നു. (തൂക്കാസ നമ്പർ 70)

## ബലിവിരുന്ന്

വി.കുർബാന കൂദാശയും ബലിയും മാത്രമല്ല, ബലിവിരുന്നു കൂടിയാണ്; ക്രിസ്തുവിനോടൊത്ത് സ്വർഗ്ഗരാജ്യത്തിലെ മണവറയിൽ





വിരുന്നിൽ പങ്കുകൊള്ളുന്നതിന്റെ സൂചന. ധൂർത്തപുത്രനുവേണ്ടി പിതാവ് ഒരുക്കുന്ന സദ്യയാണിത് (ലൂ 15:23). സ്വർഗ്ഗീയ മണവാളൻ മണവാട്ടിയായ സഭയ്ക്കുവേണ്ടി സ്വന്തം ശരീരവും രക്തവുംകൊണ്ട് ഒരുക്കുന്ന വിവാഹവിരുന്നാണിത്. 'കുഞ്ഞാടിന്റെ വിവാഹവിരുന്നിനു വിളിക്കപ്പെട്ടവർ ഭാഗ്യവാന്മാർ!' (വെളി 19:9) എന്ന് വി.യോഹന്നാൻ പറഞ്ഞിരിക്കുന്നത് കുർബാനയാകുന്ന വിരുന്നിൽ പങ്കുകാരാവുന്നവരെക്കുറിച്ചാണ്. പിതാവിന്റെ വിരുന്ന് ഒരുക്കിക്കഴിഞ്ഞു. പരിശുദ്ധാത്മാവിനെ നൽകി ജനത്തെയും ഒരുക്കി. ആ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് 'ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമേ' എന്ന് അവർ പ്രാർത്ഥിച്ചു. അവർക്ക് ജീവന്റെ അപ്പം നല്കപ്പെടുന്നു. അവരത് അനുഭവിച്ച് ഒരു ശരീരമായിത്തീരുന്നു - ക്രിസ്തുവിന്റെ മൗതികശരീരം; പരസ്പരം പങ്കുവയ്ക്കുന്ന, അയൽക്കാരനുവേണ്ടി നുറുക്കപ്പെടുന്ന ശരീരം. ഏകജാതന്റെ ശരീരരക്തങ്ങൾ ആസ്വദിച്ച് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ തീർത്ഥാടകർ പരസ്പരവും പിതാവിനോടും ഒന്നാകുന്നു. ഇവിടെ ദൈവവും മനുഷ്യരും പ്രപഞ്ചവും ഒന്നാവുകയാണ്. ഇതാണ് പ്രപഞ്ചത്തിന്റെ തീർത്ഥാടന ലക്ഷ്യവും അന്ത്യവും (കൊളോ 1:20; 2 പത്രോ 3:10-13). യുഗാന്ത്യത്തിൽ സംഭവിക്കുന്നതിന്റെ മുൻ അനുഭവമാണ് കുർബാനാനുഭവം. കുർബാന യാത്രാഭക്ഷണമെന്ന് മലങ്കര കുർബാനയിൽ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത് അതുകൊണ്ടുതന്നെ.

ഏശയ്യാ ദീർഘദർശിക്ക് അവന്റെ മാലിന്യം നീക്കപ്പെടുന്നതിനും പാപം ക്ഷമിക്കപ്പെടുന്നതിനും വേണ്ടി സെറാഫുകളിലൊന്ന് ബലിപീഠത്തിൽ നിന്ന് കൊടിൽകൊണ്ട് തീക്കനൽ നല്കിയതുപോലെയാണ് (ഏശ 6:6-7) തിരുശരീരരക്തങ്ങളാകുന്ന തീക്കട്ട പാപമോചനത്തിനും നിത്യജീവനും വേണ്ടി തീർത്ഥാടകനു നല്കപ്പെടുന്നത്. കെസ്ത്രൂമായിൽ വി.കുർബാന സ്വീകരണമേശ (Communion table) ഉണ്ടെങ്കിൽ വിശുദ്ധരഹസ്യങ്ങൾ അവിടെവച്ചിട്ട് കുർബാന വിശ്വാസികൾക്കു നൽകുന്നു. സൗകര്യാർത്ഥം ദിവ്യരഹസ്യങ്ങൾ തിരികെ ത്രോണോസിൽ കൊണ്ടുപോയി വച്ചിട്ട് തിരിച്ചുവന്ന് കുർബാനകൊടുക്കുന്ന പതിവാണ് മലങ്കര സഭയിൽ നിലവിലുള്ളത്. കുർബാന സ്വീകരണത്തിനുശേഷം ന്യായവിധിയെ സൂചിപ്പിക്കുന്ന കർമ്മങ്ങൾ നിർവ്വഹിക്കുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവ് വിധിയുടെ സമയം കൂടിയാണ്. അവിടുത്തെ മഹത്ത്വവും (1 പത്രോ 4:13) ശക്തിയും (2 തീമോ

4,1) വെളിപ്പെടുന്ന സമയമാണത്. അപ്പോൾ തീർത്ഥാടകരുടെ പ്രത്യാശ സഫലമാകും (തീത്തോ 2, 13). ന്യായവിസ്താരത്തെ സൂചിപ്പിക്കുമാറ്, രഹസ്യങ്ങൾ വഹിച്ചിരിക്കുന്ന വലതുകൈയും ഇടതുകൈയും മുമ്പോട്ട് നീട്ടി, വടക്കോട്ടും തെക്കോട്ടുമായി മാറ്റുന്നു; നന്മചെയ്തവരെ വലത്തേക്കും തിന്മചെയ്തവരെ ഇടതുഭാഗത്തേക്കും പറഞ്ഞയക്കുന്നതിനുള്ള ചൂണ്ടിക്കാണിക്കൽ (മത്താ 25,31-46). വി.കുർബാന അതിൽത്തന്നെ ജീവദായകമായ കൂദാശയാണെങ്കിലും ശിക്ഷാവിധിയും ഇതുവഴി ഒരുവനു വന്നുഭവിക്കാം. വി. പൗലോസ് ഇത് വ്യക്തമാക്കുന്നു.

എന്തുകൊണ്ടെന്നാൽ ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണ് ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും (1 കോറി 11,29).

അന്തിമദിവസത്തിൽ മഹത്ത്വത്തോടെ വരാനിരിക്കുന്ന ക്രിസ്തുവുമായുള്ള ഗാഢബന്ധമാണ് വിശ്വാസത്തോടേ വി. കുർബാന സ്വീകരിക്കുമ്പോൾ ഉണ്ടാകുന്നത്. മനുഷ്യപുത്രനായതുകൊണ്ട് വിധിക്കാനുള്ള അധികാരവും അവനു (ക്രിസ്തുവിന്) നല്കിയിരിക്കുന്നു. (യോഹ 5, 27 cfr യോഹ 5,22). അതുകൊണ്ടാണ് കാർമ്മികൻ തീർത്ഥാടകർക്കുവേണ്ടി ഇപ്രകാരം പ്രാർത്ഥിക്കുന്നത്.

> ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, ഞങ്ങൾ ഭക്ഷിച്ച നിന്റെ തിരുശരീരവും, പാനം ചെയ്ത പുണ്യപ്രദമായ തിരുരക്തവും, ഞങ്ങൾക്കു ശിക്ഷാവിധിക്കും പ്രതികാരത്തിനുമായിത്തീരരുതേ[2].

തുടർന്ന് ദിവ്യരഹസ്യങ്ങൾകൊണ്ട് കുരിശാകൃതിയിൽ ദൈവജനത്തെ ആശീർവദിക്കുന്നു. ന്യായവിധിക്കുശേഷം തെരഞ്ഞെടുക്കപ്പെട്ടവരെ തന്നോടൊപ്പം പിതാവിന്റെ ഭവനത്തിലേക്ക് (യോഹ 14:3) കർത്താവ് കൂട്ടിക്കൊണ്ടുപോകുന്നതിന്റെ സൂചനയാണ് ദിവ്യരഹസ്യ

2. പെസഹാ ഗാനങ്ങൾ
ഗാത്രം പങ്കിട്ടിടുന്നു ഹാ...
സ്വയശോധന ചെയ്യണം നീ കുറീ...
സോദരനെ ദ്വേഷിക്കുന്നോൻ ഹാ...
ഇതുഭക്ഷിപ്പാൻ പാടില്ല കുറീ... (1 കൊറി: 11: 27,28)





ങ്ങളുമായി കാർമ്മികൻ ത്രോണോസിങ്കലേക്കു മടങ്ങിപ്പോകുന്നത്. അവിടെ എല്ലാവരും പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി യേശുക്രിസ്തു കർത്താവാണെന്ന് ഏറ്റു പറയുകയും സ്തോത്രം പാടുകയും ചെയ്യും.

> ഭൂലോകം നിന്നെ കുമ്പിട്ടു വന്ദിക്കും. സകല നാവുകളും തിരുനാമത്തിനു സ്തോത്രം നല്കും. എന്തെന്നാൽ നീ മരിച്ചുപോയവരെ ഉയർപ്പിക്കുന്നവനും കബറടക്കപ്പെട്ടവരുടെ പ്രത്യാശയുമാകുന്നു.
> (cfr ഫിലി 2:10-11)

## കൃതജ്ഞതാ പ്രാർത്ഥനകൾ

തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നതിനിടയാക്കിയ കരുണയ്ക്കായി കൃതജ്ഞത പ്രകാശിപ്പിക്കുന്ന പ്രാർത്ഥന കാർമ്മികൻ ചൊല്ലുന്നു. ദൈവികമായ വിരുന്നിൽ സന്തുഷ്ടരായ ദൈവജനം ദൈവത്തിന്റെ കൃപയെ വാഴ്ത്തുന്നു. തുടർന്ന് ക്രിസ്തുവിനെ സംബോധന ചെയ്ത് കാർമ്മികൻ ഒരു പ്രാർത്ഥനകൂടി ചൊല്ലുന്നു. *മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗം ചായിച്ചിറങ്ങിവന്ന സർവ്വവല്ലഭനും വിസ്മയനീയനുമായ ദൈവമേ, ദയതോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ*[3]. അനാഫോറായിലെ മറ്റെല്ലാ പ്രാർത്ഥനകളും പിതാവിനോടാണ്. എന്നാൽ അവസാനത്തെ ഈ പ്രാർത്ഥന പുത്രനോടാണ്; ഇതിന്റെ കാരണം മോശെ ബർകേഫാ വിശദീകരിക്കുന്നു.

> കാരണം അവിടുന്നു നമുക്ക് പിതാവിനെ സമീപിക്കാനുള്ള ഉപകരണമായിത്തീർന്നു. ഈ പ്രാർത്ഥനയിലൂടെ പുത്രനെ ഏറ്റുപറഞ്ഞ് അവിടുത്തേക്ക് നന്ദിപറയാം. കാരണം ഈ വലിയ അനുഗ്രഹത്തിന് ഹേതുഭൂതൻ അവിടുന്നാണ്; നാം ദൂരസ്ഥരും തന്റെ പിതാവിനാൽ പരിത്യക്തരുമായിരുന്നപ്പോൾ പുത്രനിലും പുത്രൻവഴിയും പിതാവ് നമ്മെ വിളിച്ച് തന്നിലേക്കടുപ്പിച്ചു[4].

ഹുത്തോമഗീതം ചൊല്ലിയശേഷം അവസാനത്തെ ആശീർവാദം

3. മാർ യാക്കോബിന്റെ അനാഫോറാ
4. മോശെ ബർകേഫായുടെ കൂദാശാഭാഷ്യം പേജ് 85

നൽകി തീർത്ഥാടകരെ പ്രേഷിത ദൗത്യവുമായി പറഞ്ഞയക്കുന്നു. തനിക്കുണ്ടായ ദർശനത്തിൽ ഏശയ്യാ ദീർഘദർശി അയയ്ക്കപ്പെട്ടതുപോലെ (ഏശ 6:8-10) യാണ് തീർത്ഥാടകരെ കാർമ്മികൻ പറഞ്ഞയക്കുന്നത്. പരിശുദ്ധ ത്രിത്വത്തിന്റെ കൃപയും അനുഗ്രഹങ്ങളും അവരെ ഭരമേല്പിച്ച് വി.കുർബാനയാകുന്ന യാത്രാഭക്ഷണവുമായി അയയ്ക്കുന്നു.

വിശുദ്ധ കുർബാനയിലൂടെ തീർത്ഥാടകർ ക്രിസ്തുവിനോടൊപ്പവും ക്രിസ്തുവിലൂടെയും അനുനിമിഷം പിതാവിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. ദൈവവചനത്താലും ജീവന്റെ അപ്പത്താലും അവർ പരിപോഷിപ്പിക്കപ്പെട്ടു. അപ്രകാരം തീർത്ഥാടനാനുഭവം ലഭിക്കുന്ന ദൈവജനത്തിന് മറ്റുള്ളവരെയും ഈ യാത്രയിൽ പങ്കെടുപ്പിക്കാതിരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് വി. കുർബാന പള്ളിയിൽ അവസാനിക്കുന്നില്ല. കൗദാശിക ബലിയാണ് അവിടെ സമാപിക്കുന്നത്. യഥാർത്ഥ ബലി തുടരുകയാണ്; ദൈവാലയത്തിൽനിന്ന് വീടുകളിലേക്ക്, ഇടവകയിലേക്ക്, സമൂഹത്തിലേക്ക്, ലോകത്തിലേക്ക്, വീണ്ടും ദൈവാലയത്തിലേക്ക്; അങ്ങനെ സ്വർഗ്ഗീയ ഭവനത്തിലെത്തുംവരെ തീർത്ഥാടനം തുടരും, ബലിയും തുടരും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്.

> അവരുടെ സകല ജോലികളും പ്രാർത്ഥനയും പ്രേഷിത പ്രവർത്തനങ്ങളും വൈവാഹിക ജീവിതവും കുടുംബകാര്യങ്ങളും അനുദിനവേലയും ശാരീരികവും മാനസികവുമായ വിശ്രമവും, ക്ഷമയോടെ സഹിക്കുന്ന ജീവിതക്ലേശങ്ങളും എല്ലാം പരിശുദ്ധാരൂപിയിൽ നിർവ്വഹിക്കപ്പെടുമ്പോൾ അവ ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആദ്ധ്യാത്മിക ബലിയായിത്തീരുന്നു (1 പത്രോ 2:5). വി. കുർബാനയിൽ കർത്താവിന്റെ ശരീരം സമർപ്പിക്കുന്നതോടൊന്നിച്ച് ഇവയും ഭക്തിപൂർവ്വം പിതാവിനു സമർപ്പിക്കപ്പെടുന്നു[5].

## ബലിപീഠമേ സമാധാനത്തോടെ വസിക്കുക

തീർത്ഥാടകർ കുർബാനാനുഭവത്തിനു ശേഷമുള്ള ഗീതങ്ങൾ പാടുമ്പോൾ കാർമ്മികൻ രഹസ്യത്തിൽ സമാപന പ്രാർത്ഥനകൾ

5. രണ്ടാം വത്തിക്കാൻ കൗൺസിൽസ തിരുസഭ 34





ചൊല്ലുകയും ബലിപീഠത്തോട് വിടവാങ്ങുകയും ചെയ്യുന്നു. മൂന്നു സങ്കീർത്തനങ്ങളാണ് പ്രധാനമായും സമാപന പ്രാർത്ഥനകളിലുള്ളത്. കർത്താവാണ് എന്റെ ഇടയൻ എന്നാരംഭിക്കുന്ന 23-ാം സങ്കീർത്തനം ദൈവത്തെ നല്ല ഇടയനായും, വഴികാട്ടിയായും ആതിഥേയനായും രക്ഷകനായും ചിത്രീകരിക്കുന്നു. മിക്കയാളുകൾക്കും ഈ സങ്കീർത്തനം മന:പാഠം ചൊല്ലാൻ കഴിയും. എന്നാൽ അനുഭവത്തിൽ അത് ഏറ്റുപറയാനും ജീവിതത്തിൽ സാക്ഷിക്കാനും കഴിയുന്നവർ എത്ര ചുരുക്കമാണ്! കർത്താവിന്റെ ആലയത്തിൽ എന്നേക്കും വസിക്കുമെന്നുള്ള ഉറപ്പോടെ ഇടയസങ്കീർത്തനം സമാപിക്കുന്നു.

26-ാം സങ്കീർത്തനമാണ് തുടർന്നു ചൊല്ലുന്നത്. കപട സ്വഭാവക്കാരോടും ദുഷ്ക്കർമ്മികളോടും കൂട്ടുകൂടാതെ, ദൈവഭക്തനായി കർത്താവു വസിക്കുന്ന ആലയവും അവിടുത്തെ മഹത്ത്വത്തിന്റെ നിവാസവും ഇഷ്ടപ്പെട്ട് കഴിയുന്ന തനിക്ക് പാപികളുടെ അനുഭവം നൽകരുതേ എന്ന് സങ്കീർത്തകൻ പ്രാർത്ഥിക്കുന്നു. ദൈവാലയത്തിൽ അലങ്കാരവസ്ത്രങ്ങൾ ധരിച്ചും ധൂപമർപ്പിച്ചും നടത്തുന്ന ദിവ്യാരാധനയിൽ സൂചിപ്പിക്കുന്ന ദൈവത്തിന്റെ വിശുദ്ധിയും ശക്തിയും മഹത്വവുമാണ് ബാഹ്യലോകത്തിലെ പ്രകൃതി ശക്തികളിൽക്കൂടിയും പ്രകടമാകുന്നത്. 29-ാം സങ്കീർത്തനത്തിൽ ദാവീദ് ഇതാണ് വർണ്ണിക്കുന്നത്. പ്രകൃതിയിലെ സകല ശക്തികളും സംസാരിക്കുന്നത് ലോകത്തെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തിന്റെ മഹത്വത്തെയും ശക്തിയെയും നന്മയെയും കുറിച്ചത്രെ. കർത്താവിന്റെ സ്വരം ശക്തി നിറഞ്ഞതാണ് അത് ന്യായവിധിയുടെ കൊടുവാളും ദൈവകൃപയുടെ മനോഹര മാരിവില്ലുമാണ്.

വി. കുർബാനയാകുന്ന തീർത്ഥാടനത്തിന്റെ അവസാനം കാർമ്മികൻ വികാരനിർഭരമായ വാക്കുകളാൽ ബലിപീഠത്തോട് യാത്ര ചോദിക്കുന്നു; സ്വർഗ്ഗത്തിലേക്കുള്ള തീർത്ഥയാത്ര തുടരുന്നതിനായി!

> കർത്താവിന്റെ പരിശുദ്ധ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. ഞാൻ ഇനി നിങ്കലേക്കു മടങ്ങിവരുമോ എന്ന് എനിക്കു നിശ്ചയമില്ല. സ്വർഗ്ഗത്തിലെ ആദ്യജാതന്മാരുടെ സഭയിൽ നിന്നെ കാണുവാൻ കർത്താവ് എനിക്കിടയാക്കട്ടെ. ഈ പ്രത്യാശയിൽ ഞാൻ ശരണപ്പെടുന്നു.

പരിശുദ്ധവും പാപപരിഹാരപ്രദവുമായ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. നിന്നിൽനിന്നു ഞാൻ കൈക്കൊണ്ട പരിശുദ്ധ ശരീരവും പുണ്യപ്പെടുത്തുന്ന രക്തവും എനിക്കു കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും കർത്താവിന്റെ ഭയങ്കര സിംഹാസനത്തിൻമുമ്പാകെ മനോധൈര്യത്തിനും നിദാനമായി ഭവിക്കട്ടെ.

ജീവന്റെ മേശയായ പരിശുദ്ധ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. എന്നെക്കുറിച്ചുള്ള സ്മരണ ഒരിക്കലും നിന്നിൽനിന്നു മാഞ്ഞുപോകാതിരിക്കുവാൻ കർത്താവേശുമിശിഹായോട് എനിക്കുവേണ്ടി അപേക്ഷിച്ചുകൊള്ളണമേ. ആമ്മീൻ.



14

# കർത്താവിനു സ്വീകാര്യമായ വത്സരം

രക്ഷാകര ചരിത്രത്തെ ഓരോ കാലത്തും ഓരോ സ്ഥലത്തും ജീവിക്കുന്ന ദൈവജനത്തിന് ആനുഭവവേദ്യമാക്കത്തവിധം അവതരിപ്പിക്കുന്ന അടയാളമാണ് ആരാധനാ വത്സരം. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാനാണ് യേശുക്രിസ്തു ഈ ലോകത്തിലേക്കു വന്നത് (ലൂ 4:18–19). ദൈവത്തിന്റെ ആത്മാവ് മുഖാന്തിരം ഏശയ്യാ പ്രവാചകൻ പ്രഘോഷിച്ച കർത്താവിന്റെ കൃപാവത്സരമാണ് (ഏശ 61:2) സഭയുടെ ആരാധനക്രമവർഷം സങ്കീർത്തകൻ പറയുന്നതുപോലെ, സംവത്സരത്തെ അവിടുന്ന് സമൃദ്ധികൊണ്ടു മകുടം ചാർത്തുന്നു (സങ്കീ 65:11). കാലത്തിനതീതനായവൻ കാലചക്രത്തിൽ ജനിച്ചത് താൻവഴി നമ്മെ ദൈവത്തോട് രമ്യപ്പെടുത്താനാണ് (2 കോരി 5:18). സഭയുടെ ആരാധനാവത്സരം നിത്യനായ പുത്രന്റെ ഈ രഹസ്യത്തിന്റെ ആഘോഷമാണ്. രക്ഷാകര ചരിത്രത്തിന്റെ പൂർണ്ണമായ അനാവരണത്തിന് ആരാധനക്രമവർഷചക്രം കൂടുതൽ ഉപകരിക്കുന്നു.

മനുഷ്യരുടെ ഇടയിലേക്കിറങ്ങിവന്ന് അവരെ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ (യോഹ 14:2–3) വേണ്ടതെല്ലാം ചെയ്ത സ്നേഹമൂർത്തിയായ ദൈവത്തിന്റെ പ്രവർത്തനത്തെയാണ് നാം ആരാധനാവർഷത്തിലൂടെ അനുസ്മരിക്കുന്നത്. അവനിൽ വിശ്വസിക്കുന്ന

ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്ര മാത്രം സ്നേഹിച്ചു (യോഹ 3:16) എന്നത് സഭയുടെ ആരാധനക്രമത്തിന്റെ കേന്ദ്രബിന്ദുവാണ്. ആരാധനാവത്സരം രക്ഷണീയകർമ്മത്തെ അതിന്റെ ഏറ്റവും വിപുലമായ അർത്ഥത്തിൽ നമ്മുടെ മുമ്പാകെ അവതരിപ്പിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനക്രമവത്സരത്തെപ്പറ്റി ഇപ്രകാരം പഠിപ്പിക്കുന്നു.

> ക്രിസ്തുവിന്റെ മനുഷ്യാവതാരവും ജനനവും തുടങ്ങി സ്വർഗ്ഗാരോഹണം, പെന്തക്കുസ്താ സ്വർഗ്ഗഭാഗ്യത്തെക്കുറിച്ചുള്ള നമ്മുടെ പ്രതീക്ഷ, കർത്താവിന്റെ ദ്വിതീയാഗമനം, മുതലായ എല്ലാ സംഭവങ്ങളിലുമുള്ള അവിടുത്തെ ദിവ്യരഹസ്യങ്ങൾ മുഴുവൻ ഒരാണ്ടുവട്ടത്തിൽ തിരുസഭ വിശദീകരിക്കുന്നു.
>
> ഇപ്രകാരം രക്ഷണീയ രഹസ്യങ്ങൾ അനുസ്മരിച്ചുകൊണ്ട് തിരുസഭ തന്റെ നാഥന്റെ ശക്തിയുടെയും യോഗ്യതകളുടെയും അർഘനിക്ഷേപങ്ങൾ വിശ്വാസികൾക്കു തുറന്നുകൊടുക്കുന്നു. അങ്ങനെ ഒരർത്ഥത്തിൽ ഇവയെല്ലാം എല്ലാസമയത്തും അവതരിപ്പിക്കപ്പെടുകയും വിശ്വാസികൾ ഈ രഹസ്യങ്ങൾ ഗ്രഹിച്ച് രക്ഷാകരമായ പ്രസാദവരത്താൽ പൂരിതരാവുകയും ചെയ്യുന്നു.[1]

അതുകൊണ്ട്, മലങ്കര പാരമ്പര്യം അനുസരിച്ച് ആരാധനക്രമവർഷം സംവത്സരത്തിന്റെ മകുടവും പെരുന്നാളുകൾ അതിലെ രത്നങ്ങളുമാണ്.[2]

## സമയത്തിന്റെ സംവിധാനം

മനുഷ്യർ സമയം വ്യർത്ഥമായി ചെലവഴിക്കാതെ ജോലിചെയ്തുതന്നെ ജീവിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. പാപം ചെയ്യുന്നതിനു മുമ്പുതന്നെ ഏദൻതോട്ടം കൃഷിചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി (ഉൽപ 2:15). അവൻ പാപം ചെയ്തതിന്റെ ശിക്ഷയായി നെറ്റിയിലെ വിയർപ്പുകൊണ്ടു

1. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനക്രമം 102
2. Prayer with the Harp of the Spirit Vol. II Page ix





ഭക്ഷണം സമ്പാദിക്കണം (ഉൽപ 3:19) എന്നു ദൈവം കല്പിച്ചതിനാൽ മനുഷ്യൻ ജോലിചെയ്തു ജീവിക്കണമെന്ന നിയമം ഉറപ്പിക്കപ്പെട്ടു. എന്നാൽ ജോലി ചെയ്യുന്നവർക്ക് വിശ്രമവും ആവശ്യമാണെന്ന് ദൈവം നിശ്ചയിച്ചു. ആദിയിൽ ആറുദിവസം സൃഷ്ടിപരമായ കാര്യങ്ങളിൽ വ്യാപൃതനായിരുന്ന ദൈവംതന്നെ ഏഴാം ദിവസം വിശ്രമിച്ചുവെന്ന് വേദപുസ്തകത്തിൽ (ഉൽ 2:2) നാം വായിക്കുന്നു. ലൗകിക കാര്യങ്ങളിൽ ഉത്സുകനായ മനുഷ്യൻ തന്റെ ബലഹീനതമൂലം, വിശ്രമത്തിന്റെ ആവശ്യം ഗ്രഹിക്കാതെയോ അതേപ്പറ്റി ചിന്തിക്കാതെയോ നിരന്തരം ജോലി ചെയ്യുന്നപക്ഷം അത് അവന് ദോഷകരമായി ഭവിക്കുമെന്നുള്ളതിൽ സംശയമില്ല. അതിനാൽ അവന് സ്വസ്ഥത ആചരിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ദൈവം തന്നെ നേരിട്ട് ഏർപ്പെടുത്തി. ആഴ്ചവട്ടത്തിന്റെ ഏഴാം ദിവസം വിശ്രമദിവസമായി ആചരിച്ചേ പറ്റൂ എന്ന് വളരെ കരുതലോടെ നിശ്ചയിച്ചു (പുറ 20:8-11). ശാബതാചാരണത്തിനു പുറമേ പെസഹാപ്പെരുന്നാൾ (പുറ 12:1-28; സംഖ്യ 9:1-14) കൂടാരപ്പെരുന്നാൾ (പുറ 23:14-17) പാപപരിഹാരപ്പെരുന്നാൾ (ലേവ്യ 16:1-22) പ്രതിഷ്ഠപ്പെരുന്നാൾ (1 മക്ക 4:52-59) എന്നിങ്ങനെ മറ്റു വിശ്രമദിവസങ്ങളും ആചരിപ്പാൻ ദൈവം കല്പിച്ചു. വർഷം തോറും ആചരിക്കുന്ന ഈ പെരുന്നാളുകൾക്കു പുറമേ ശാബതുവർഷങ്ങളും ജൂബിലിവർഷങ്ങളും ആചരിപ്പാൻ നിയമം ഉണ്ടാക്കി (ലേവ്യ 25:1-10). മേല്പറഞ്ഞ പെരുന്നാളുകൾ ആചരിക്കുന്നതുമൂലം, ആ ദിവസങ്ങളിൽ ലൗകിക വേലകളിൽനിന്ന് വിമുക്തരായിരിക്കുകയാൽ, അവരുടെ ശരീരിക ആവശ്യങ്ങൾക്കു മുടക്കം വരാതെ ദൈവം പ്രത്യേകം കരുതിക്കൊള്ളുമെന്ന് അവരെ പഠിപ്പിച്ചിരുന്നു (പുറ 16:22-30; ലേവ്യ 25:18-22). ഈ പെരുന്നാളുകൾ ആചരിക്കാത്തത് ഉഗ്രമായ ദൈവകോപത്തിനു കാരണമാക്കുമെന്ന് അവരെ ഗ്രഹിപ്പിക്കുകയും ലംഘനക്കാരെ കഠിനമായി ശിക്ഷിക്കുകയും ചെയ്തിരുന്നു (പുറ 31:14-15; ലേവ്യ 26:34-35).

## വത്സരചക്രം

ഒരു വർഷത്തെ വിവിധ കാലങ്ങളായി തിരിച്ച് ഓരോ കാലത്തും രക്ഷാകര ചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളെ അനുസ്മരിച്ച് ധ്യാനിക്കുവാനും അവയുടെ സന്ദേശം ജീവിതത്തിൽ പകർത്തുവാനും ഉത

കുന്ന തരത്തിലുള്ള അതിന്റെ സംവിധാനത്തെയാണ് വത്സര ചക്രം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വത്സരചക്ര (yearly cycle) ത്തിന് ആരാധനക്രമത്തിൽ വലിയ പ്രാധാന്യമുണ്ട്. മനുഷ്യരക്ഷാചരിത്രവു മായി ബന്ധപ്പെട്ട പ്രധാന രഹസ്യങ്ങൾ വിശ്വാസികളെ അനുസ്മരി പ്പിക്കുവാൻ പര്യാപ്തമായ വിധമാണ് സഭാ പഞ്ചാംഗം സുറിയാനി സഭാപിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. നമ്മുടെ കർത്താവിന്റെ ജീവി തത്തിലെ പ്രധാനസംഭവങ്ങൾ അനുസ്മരിപ്പിക്കുന്നതിനും, ആ ജീവി തമാതൃക അനുകരിച്ചുകൊണ്ട് നമ്മുടെ ക്രിസ്തീയ ജീവിതം നയി ക്കുന്നതിനും വത്സരചക്രം സഹായിക്കുന്നു. ആരാധനക്രമവത്സരം പല കാലങ്ങളായി വിഭജിച്ച് സഭയുടെ പരസ്യാരാധന ആദ്യമായ ക്രമപ്പെ ടുത്തിയത് 4-ാം ശതകത്തിൽ വി. കുറീലോസിന്റെ കാലത്ത് ജറുസലേം സഭയിലാണ് എന്നത്രെ ചിലരുടെ അഭിപ്രായം[3]. അന്ത്യോക്യൻ സഭ ആരാധനക്രമവത്സരം ആവിഷ്ക്കരിച്ചത് ഏതാണ്ട് AD 350-നു ശേഷ മാണ്. നമ്മുടെ ആരാധനക്രമത്തിൽ ഇന്നു നാം കാണുന്ന കാലസം വിധാനം 6-ാം നൂറ്റാണ്ടിലേതുമായി വലിയ വ്യത്യാസമില്ല.

## ദൈവിക സ്നേഹത്തിന്റെ വിവിധ ഘട്ടങ്ങൾ

മനുഷ്യരോടുള്ള ദൈവത്തിന്റെ സ്നേഹമാണ് (യോഹ 3:16) ക്രിസ്തീയ വർഷത്തിന്റെ പ്രമേയം. അതുകൊണ്ട് സഭയുടെ ആണ്ടട ക്കമുള്ള ക്രമീകരണം ഒരു ആത്മീയ നോവലിനോടു താരതമ്യപ്പെ ടുത്താം. അതിന്റെ സംഗ്രഹം ഇപ്രകാരമാണ്. ഒരു രാജകുമാരൻ ഒരു യുവതിയുമായി പ്രേമബന്ധനായി അവളെ വിവാഹം കഴിച്ച് അവൾക്കു താമസിക്കുവാൻ ഒരു കൊട്ടാരം പണിതുകൊടുത്തു; അവൾക്കാവശ്യ മായ ജീവിതസൗകര്യങ്ങളും അദ്ദേഹം ക്രമീകരിച്ചുകൊടുത്തു. നിർഭാഗ്യ വശാൽ ഒരു ശത്രു അവരുടെ മദ്ധ്യേ പ്രവേശിക്കുകയും യുവതി വഞ്ചി തയാവുകയും ചെയ്തു. ദുഷ്ടനായ ശത്രു അവളെ മലിനപ്പെടുത്തി പാതിവ്രത്യഭംഗം വരുത്തി. ഇതറിഞ്ഞപ്പോൾ രാജകുമാരൻ കുപിതനാ യി, കൊട്ടാരത്തിൽ നിന്ന് അവളെ പുറത്താക്കി.

എന്നാൽ അദ്ദേഹത്തിന് പിന്നീട് അവളോട് മനസ്സലിവുതോ ന്നുകയും അവളെ തിരികെ കൊണ്ടുവരാൻ തീരുമാനിക്കുകയും ചെയ്തു. തന്റെ തീരുമാനത്തെക്കുറിച്ച് അവളെ അറിയിക്കാൻ തന്റെ

3. I.H. Dalmais, Eastern Liturgies Page 183





ഭൃത്യന്മാരെ തനിക്കുമുമ്പായി അയച്ചു. പക്ഷേ അവരിൽ മിക്കവരെയും അവൾ വിശ്വസിച്ചില്ല. അതിനാൽ അദ്ദേഹം തന്നെ ശത്രുവിനോടു പോരാടി അവളെ രക്ഷിക്കേണ്ടതിന് വേഷപ്രച്ഛന്നനായി പുറപ്പെട്ടു. മല കൾ നിറഞ്ഞ ദുർഘട പ്രദേശത്ത് അവളെ കണ്ടെത്തി. താൻ തന്നെ യാണ് യഥാർത്ഥ മണവാളനെന്ന് പല പ്രകാരത്തിൽ അവളെ ബോധ്യ പ്പെടുത്തി. മലിനപ്പെട്ടുപോയ ആ യുവതിയെ വീണ്ടെടുത്തു. വിശുദ്ധീ കരിക്കുവാൻ താൻ അനവധി പ്രയാസങ്ങളും കഷ്ടപ്പാടുകളും സഹി ക്കേണ്ടിവന്നു. വളരെ ത്യാഗങ്ങൾക്കുശേഷം അവളെ രക്ഷിക്കാൻ അദ്ദേ ഹത്തിനു സാധിച്ചു.

അവളെ സന്തോഷപൂർവ്വം സ്വീകരിക്കുവാനും, പഴയ കൊട്ടാരം അവൾക്കു കൊടുക്കുവാനും വേണ്ട ഒരുക്കങ്ങൾക്കായി രാജകുമാരൻ നേരത്തെ തിരിച്ചു. എന്നാൽ വഴിയിൽ അവളെ നയിക്കുവാനും തന്റെ അഭാവത്തിൽ അവളെ ശുശ്രൂഷിക്കുവാനും പ്രത്യേകം ഭൃത്യന്മാരെ നിയോഗിച്ചു. ഭക്ഷണസാധനങ്ങളും അവൾക്കു കൊടുത്തു. തന്റെ സ്ഥാനപതിയെ അവൾക്കു വഴികാട്ടിയായും നിയമിച്ചു. വീണ്ടും കൊട്ടാ രത്തിൽ പ്രവേശിക്കുന്നതിനുള്ള ഒരു ദിവസം സമാഗതമാകും. അപ്പോൾ മണവാളനും മണവാട്ടിയും വീണ്ടും യോജിക്കും.

## ഉപമയുടെ പൊരുൾ

രാജകുമാരൻ ദൈവമാണ്, യുവതി മനുഷ്യരാശിയും. ശത്രു വായ സാത്താൻ കൊട്ടാരമാകുന്ന ദൈവിക കൂട്ടായ്മയിൽ ഇരുന്ന മനു ഷ്യരെ കബളിപ്പിച്ച് കല്പനലംഘനത്താൽ വേർപെടുത്തുകയും അശു ദ്ധിയിലേക്കും പാപത്തിലേക്കും വഴി നടത്തുകയും ചെയ്തു. ഇതി നാൽ ദൈവം കുപിതനാകുകയും മനുഷ്യരെ നിരസിക്കുകയും ചെയ്തു. എങ്കിലും തന്റെ കരുണാബാഹുല്യത്താൽ അവരുടെ മേൽ തനിക്ക് മനസ്സലിവ് തോന്നുകയും അവരെ വീണ്ടെടുക്കാൻ തീർച്ചയാ ക്കുകയും ചെയ്തു. തന്റെ തീരുമാനം അറിയിക്കുവാനായി ഭൃത്യന്മാ രായ പ്രവാചകന്മാരെ താൻ അവരുടെ അടുക്കലേക്കയച്ചു. എങ്കിലും മനുഷ്യർ അവരെ വിശ്വസിച്ചില്ല. സാത്താനോടു പോരാടി മനുഷ്യരെ രക്ഷിക്കുവാൻ വേഷംമാറി മനുഷ്യവതാരം ചെയ്ത് അവരുടെ അടുത്തേക്ക് ഇറങ്ങിച്ചെന്നു. പാപപങ്കിലമായ പ്രദേശത്ത് മനുഷ്യരെ താൻ കണ്ടെത്തി. താൻ ദൈവപുത്രനാണെന്ന് അവരെ വിശ്വസിപ്പി

ക്കുവാൻ വളരെ പ്രയാസങ്ങൾ സഹിച്ചു. കഷ്ടപ്പാടും ക്രൂശുമരണവും പുനരുത്ഥാനവും വഴി അവരെ വീണ്ടെടുത്തു രക്ഷിച്ചു. അവർക്കു സ്ഥലമൊരുക്കുവാൻ താൻ അവർക്കുമുമ്പായി സ്വർഗ്ഗാരോഹണം ചെയ്തു. അവരുടെ യാത്രയിൽ അവരെ നയിക്കുവാനായി പരിശുദ്ധാത്മാവാകുന്ന കാര്യസ്ഥനെ അയച്ചു. അവരുടെ ശുശ്രൂഷകരായി പുരോഹിതന്മാരെ നിയമിച്ചു. ഭക്ഷണവും മരുന്നുമാകുന്ന വി.കൂദാശകളും മറ്റു ശുശ്രൂഷകളും അവർക്ക് ഏർപ്പെടുത്തി. വഴികാട്ടിയായി വി.വേദപുസ്തകവും വിശ്വാസപ്രമാണവും അവർക്ക് പ്രദാനം ചെയ്തു[4].

ഈ ക്രമീകരണവും ഈ ആത്മീയ അർത്ഥവും സുറിയാനിസഭയിൽ മാത്രമുള്ള ഒരു പ്രത്യേകതയാണ്. വി. പൗലോസ് സഭയെ മണവാട്ടിയായും ക്രിസ്തുവിനെ മണവാളനായും ചിത്രീകരിച്ചിരിക്കുന്നതും (എഫേ 5: 23-32) കുഞ്ഞാടിന്റെ വിവാഹത്തോടുകൂടി സകലവും പര്യവസാനിക്കുന്നതായ യോഹന്നാന്റെ ദർശനവും (വെളി 19:6-7) ഈ വിവരണം വെറും സങ്കല്പമല്ല എന്നു വ്യക്തമാക്കുന്നു. ദൈവവും ദൈവജനവുമായുള്ള ബന്ധത്തെ വിവാഹബന്ധമായി വേദപുസ്തകത്തിലെ ഉത്തമഗീതം എന്ന പുസ്തകം ഇതിന് നല്ലൊരു ദൃഷ്ടാന്തമാണ്. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ പ്രതീകമായാണ് ആദിമസഭാപിതാക്കന്മാർ ഉത്തമഗീതത്തെ വ്യാഖ്യാനിക്കുന്നത്.

## ആരാധനാവത്സരത്തിലേ ഏഴു കാലങ്ങൾ

ജ്ഞാനം തന്റെ ഭവനം പണിയുകയും ഏഴു തൂണുകൾ നാട്ടുകയും ചെയ്തിരിക്കുന്നു (സുഭാ 9:1). ഉൽപത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിന്റെ അടിസ്ഥാനത്തിൽ ലോകവും കാലവും ഏഴായി വിഭജിച്ചിരിക്കുന്നതായി കാണാം. ഏഴ് പൂർണ്ണതയുടെ പ്രതീകമാണ്[5]. ആരാധനക്രമവത്സരവും ഏകദേശം ഏഴ് ആഴ്ചകൾ വീതമുള്ള ഏഴ് കാലങ്ങളായി വിഭജിച്ചിരിക്കുന്നു. ആരാധനാവത്സരത്തിലെ ഏഴു കാലങ്ങൾ കൃഷിയുടെ ഏഴുഘട്ടങ്ങളോട് താരതമ്യപ്പെടുത്താവുന്നതാണ് (1 കോറി 3:6-9).

4. കഷ്ടാനുഭവ ആഴ്ചയിലെ സെദറാകളും വിവാഹകൂദാശയിലെ ഒന്നാം ശുശ്രൂഷയിലെ 'തിരുസഭയാ...' എന്ന ഗീതവും കാണുക.
5. John.L.McKenzie, Dictionary of the Bible Page 794.





1. സുബോറൊക്കാലം[6] - വിത്ത്
2. യൽദാ[7] ദനഹാ[8]ക്കാലം - മുളയ്ക്കുക
3. നോമ്പുകാലം - നനയ്ക്കലും വളമിടലും
4. കൃംതാ[9]ക്കാലം - കതിര്
5. പെന്തിക്കൊസ്തിക്കാലം - കൊയ്ത്ത്
6. തേജസ്ക്കരണ കാലം - ശേഖരണം
7. സ്ലീബാക്കാലം - പാചകവും ഭക്ഷണവും

ആരാധനാവത്സരം നമ്മുടെ കർത്താവിന്റെ ഉയിർപ്പു പെരുന്നാളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ആദിമ സഭയിൽ ഉയിർപ്പ്, പെന്തിക്കൊസ്തി എന്നീ രണ്ടു പ്രധാന പെരുന്നാളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ പെരുന്നാളുകൾക്കിടയിലുള്ള കാലഘട്ടം വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനായി നോക്കിപ്പാർക്കുന്ന ഒരു വിശുദ്ധകാലഘട്ടമായി പരിഗണിക്കപ്പെട്ടിരുന്നു. ശ്ലീഹന്മാരുടെ കാലത്തു തന്നെ ഉയിർപ്പു സംഭവിച്ച ദിവസമായ ഞായറാഴ്ച (മത്താ 28:1) അപ്പം മുറിക്കുന്നതിനായി വിശ്വാസികൾ ഒരുമിച്ചുകൂടിയിരുന്നു (അ.പ്ര 20:7). അതുപോലെ ദരിദ്രരുടെ സഹായാർത്ഥം പിരിവു നടത്തിയിരുന്നതും ഞായറാഴ്ച തന്നെയാണ് (1 കോരി 16:2). ഇങ്ങനെ ഉയിർപ്പു നടന്ന ദിവസത്തെ ആഴ്ചതോറും അനുസ്മരിച്ചിരുന്നതുപോലെ ആണ്ടിലൊരിക്കൽ കർത്താവിന്റെ ഉയിർപ്പിന്റെ തിരുനാൾ ആചരിക്കുന്ന പതിവും സഭയുടെ ആരംഭം മുതൽ നടപ്പിൽ വന്നതാണ്. രണ്ടാ നൂറ്റാണ്ടിൽ ഈ തിരുനാൾ ആഘോഷിച്ചിരുന്നതായി രേഖകളുണ്ട്[10].

നാലാം ശതകത്തിൽ പുനരുത്ഥാനത്തിന്റെ അർത്ഥവ്യാപ്തി വർദ്ധിച്ചു. വലിയനോമ്പും, കഷ്ടാനുഭവ ആഴ്ചയും, കൃംതാവാരവും, സ്വർഗ്ഗാരോഹണവും, പെന്തിക്കൊസ്തിയുമെല്ലാം ഉയിർപ്പുകാലത്തിന്റെ പരിധിയിൽ വന്നു. കർത്താവിന്റെ പെസഹാ രഹസ്യങ്ങളോടു

6. 6-9 വരെ സുറിയാനി പദങ്ങൾ, അറിയിപ്പിന്റെ കാലം.
7. ജനനം
8. ഉദയം (കർത്താവിന്റെ മാമ്മോദീസ)
9. ഉയിർപ്പ്
10. J.Jungman, The Early Liturgy Page 25

ബന്ധപ്പെട്ട സംഭവങ്ങൾ പ്രത്യേകം പരിഗണനയ്ക്ക് വിധേയമായതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്. തുടർന്ന് യൽദായും ദനഹായും പ്രത്യേക കാലമായി രൂപപ്പെട്ടു. ദനഹായാണ് ക്രിസ്തുമസിനെയപേക്ഷിച്ച് പൗരാണികവും പൗരസ്ത്യവും. ക്രിസ്തുമസ് റോമിൽ ജന്മമെടുത്ത പെരുന്നാളാണ്. 4-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ് അന്ത്യോക്യയിൽ ക്രിസ്തുമസ് ആഘോഷിക്കാൻ തുടങ്ങിയതെന്ന് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് പറയുന്നു. റോമാക്കാരുടെ സൂര്യദേവാരാധനയ്ക്കെതിരായി നീതിസൂര്യനായ ക്രിസ്തുവിനെ ആരാധിക്കാൻ ക്രൈസ്തവർ ഏർപ്പെടുത്തിയ തിരുനാളാണ് ക്രിസ്തുമസ്. പിന്നീടാണ് തേജസ്ക്കരണത്തിരുന്നാളും സ്ലീബാപ്പെരുന്നാളുമൊക്കെ ആചരിച്ചുതുടങ്ങിയത്.

മനുഷ്യർ സ്ഥലകാലങ്ങളാൽ ബന്ധിതരാകയാൽ നിത്യരക്ഷയുടെ എല്ലാ രഹസ്യങ്ങളിലേക്കും ഒരേസമയം ശ്രദ്ധതിരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഓരോ കാലയളവിലും ക്രിസ്തുവിന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളിൽ ഓരോന്ന് പ്രത്യേക ധ്യാനത്തിനും അനുഭവത്തിനും വിഷയമാക്കുന്നു. അതുകൊണ്ടുതന്നെ ക്രിസ്തുവിന്റെ ജീവിതമായിരിക്കണം ആരാധനക്രമ വത്സരത്തിന്റെ കേന്ദ്രം. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നു.

> വിശ്വാസികളുടെ ശ്രദ്ധ പ്രഥമമായി തിരിക്കേണ്ടത് ദിവ്യ രക്ഷകന്റെ തിരുനാളുകളിലേക്കാണ്. അവ വഴിയാണല്ലോ ആണ്ടുവട്ടത്തിൽ രക്ഷാ രഹസ്യങ്ങൾ ആഘോഷിക്കപ്പെടുന്നത്. അതുകൊണ്ട് കർത്തൃകാലഘട്ടങ്ങൾക്ക് വിശുദ്ധരുടെ തിരുനാളുകളേക്കാൾ മുൻഗണന നല്കണം. അങ്ങനെ രക്ഷാ രഹസ്യങ്ങളുടെ ചരിത്രം മുഴുവൻ ഫലപ്രദമായി നമുക്ക് അനുസ്മരിക്കാൻ കഴിയും[11].

ഒരു സൗരവർഷത്തിനകം നമ്മുടെ കർത്താവ് 33 വർഷംകൊണ്ട് ചെയ്ത സകല പ്രവൃത്തികളും ക്രമമായി ആഘോഷിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ആരാധനാവർഷക്രമീകരണം സാധാരണ കലണ്ടറിൽനിന്നും വ്യത്യസ്തമാണ്. അങ്ങനെ ഒരാണ്ടിൽത്തന്നെ, ലോകചരിത്രമനുസരിച്ചും സഭാക്രമീകരണമനുസരിച്ചും ചില

11. ആരാധനാക്രമം 108





പെരുന്നാളുകൾ രണ്ടു പ്രാവശ്യം ആചരിക്കേണ്ടിവരുന്നു. ഉദാഹരണമായി വചനിപ്പുപെരുന്നാൾ[12] സഭാ ക്രമീകരണമനുസരിച്ച് സുബോറൊക്കാലത്ത് നാലാമത്തെ ഞായറാഴ്ചയും ലോകചരിത്രമനുസരിച്ച് മാർച്ച് 25-ാം തീയതിയും ആഘോഷിക്കുന്നു. അതുപോലെ യോഹന്നാൻ സ്നാപകന്റെ ജനനം സുബോറൊക്കാലത്ത് 6-ാം ഞായറാഴ്ചയും ജൂൺ 21-ാം തീയതിയും ആചരിക്കുന്നു.

ആരാധനാവത്സരത്തിൽ ആഘോഷിക്കപ്പെടുന്ന മഹാരഹസ്യങ്ങൾ ഭൂതകാലത്തിലെ വസ്തുതകളായി മാത്രം കരുതപ്പെടുവാനുള്ളവയല്ല. കൗദാശികമായി അവ വർത്തമാനകാലത്തിലെ യാഥാർത്ഥ്യങ്ങളായി മാറുന്നു. തന്മൂലം അവയുടെ രക്ഷാകരമായ കൃപയിൽ ഭാഗഭാക്കാവുന്നതിന് സഭയ്ക്കു കഴിയുകയും, ക്രിസ്തുവിന്റെ സാദൃശ്യത്തോട് അനുരൂപപ്പെടുന്നതിന് ക്രിസ്ത്യാനിക്ക് സാധിക്കുകയും ചെയ്യുന്നു. ദൈവമാതാവും വിശുദ്ധന്മാരും ഈ അനുഭവം പങ്കിട്ടവരാണ്. അവർ നമുക്ക് മാതൃകയാണ്. മലങ്കര ആരാധനാവത്സരത്തിൽ വിശുദ്ധ കന്യകമാതാവിന്റെയും വിശുദ്ധന്മാരുടെയും അനുസ്മരണ ഉൾക്കൊള്ളിച്ചിട്ടുണ്ട്[13].

## 1. സുബോറൊക്കാലം

മലങ്കരസഭയിൽ ആരാധനാവത്സരം ആരംഭിക്കുന്നത് കൂദോശ് ഈത്തോ[14] ഞായറാഴ്ചയാണ്. ഒക്ടോബർ മാസം 30-ാം തീയതിയോ

12. രക്ഷകന്റെ ജനനത്തെപ്പറ്റി കന്യകമറിയത്തോട് ഗബ്രിയേൽ മാലാഖ അറിയിച്ചത്.
13. "ക്രിസ്തുവിന്റെ ജീവിത രഹസ്യങ്ങൾ വൽസരവൃത്തത്തിൽ ആഘോഷിക്കുന്നതോടുകൂടി ദൈവമാതാവായ വി.മറിയത്തെയും തിരുസഭ പ്രത്യേക സ്നേഹത്തോടെ ബഹുമാനിക്കുന്നു. സ്വപുത്രന്റെ രക്ഷാകര കൃത്യങ്ങളോട് അഭേദ്യമായ ബന്ധം അവൾക്കുണ്ടല്ലോ. രക്ഷയുടെ അതിവിശിഷ്ടമായ ഫലം സഭ അവളിൽ കാണുകയും അതിൽ വിസ്മയഭരിതയാവുകയും ചെയ്യുന്നു. മാത്രമല്ല സഭ സ്വയം എന്തായിരിക്കുവാൻ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നുവോ. അതിന്റെ അവികലമായ ഒരുമാതൃകയായി അവളെത്തന്നെ കരുതുകയും ചെയ്യുന്നു."

   "വേദ സാക്ഷികളുടെയും മറ്റ് വിശുദ്ധരുടെയും അനുസ്മരണകളും ഈ വത്സരവൃത്തത്തിൽ തിരുസഭ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിശുദ്ധരായവർ സമൃദ്ധമായ ദൈവപ്രസാദവരങ്ങളാൽ പരിപൂർണ്ണതനേടി നിത്യരക്ഷ പ്രാപിച്ചിരിക്കുന്നതിനാൽ സ്വർഗ്ഗത്തിൽ ദൈവത്തിന് പൂർണ്ണ സ്തുതി അർപ്പിക്കുകയും നമുക്കു വേണ്ടി മദ്ധ്യസ്ഥം വഹിക്കുകയും ചെയ്യുന്നവരാണ്. (രണ്ടാം വത്തിക്കാൻ കൗൺസിൽ, ആരാധനാക്രമം 103, 104)

14.സഭയുടെ വിശുദ്ധീകരണം

31-ാം തീയതിയോ ഞായറാഴ്ച ആണെങ്കിൽ അന്നായിരിക്കും കൂദോശ് ഈത്തോ ഞായറാഴ്ച; അല്ലെങ്കിൽ നവംബർ മാസത്തിലെ ആദ്യത്തെ ഞായറാഴ്ച ആയിരിക്കും ആരാധനാവത്സരം ആരംഭിക്കുക. വിശുദ്ധിയുടെ ഉറവയും സഭയുടെ മണവാളനുമായ യേശുക്രിസ്തുവിനോടുള്ള സഭയുടെ വിവാഹനിശ്ചയമാണ് ആദ്യത്തെ ഞായറാഴ്ചയുടെ പ്രതിപാദ്യവിഷയം[15]. ഏദൻ തോട്ടത്തിന്റെ സ്ഥാപനവും സീനായ് പർവ്വതത്തിലെ വരവും സമാഗമകൂടാരത്തിന്റെ സ്ഥാപനവും ജറുസേലം ദേവാലയത്തിന്റെ പ്രതിഷ്ഠയും, പഴയ നിയമത്തിലെ പാപപരിഹാരദിനവും ക്രിസ്തീയസഭയുടെ ശിലാസ്ഥാപനവും വിശുദ്ധീകരണവുമാണ് ഈ ഞായറാഴ്ചയുടെ വിഷയങ്ങൾ.

എപ്പോഴും സ്വർഗ്ഗത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന മാലാഖമാരുടെ സഭ അഥവാ സ്വർഗ്ഗീയ സഭയുണ്ട്. ഈ സഭയുടെ രൂപത്തിൽ ഭൗമികസഭയെ സ്ഥാപിക്കുവാനായി ദൈവം മോശയോടു കല്പിച്ചു. ഒന്നാമത്തെ സഭ പറുദീസാ ആയിരുന്നു; രണ്ടാമത്തേത് സമാഗമകൂടാരവും (പുറ 33:7); മൂന്നാമത്തെ സഭ സോളമന്റെ ദേവാലയവും (1 രാജ 8) ആണ്. ഇവയെല്ലാം യഥാർത്ഥസഭയുടെ താത്ക്കാലിക ദൃഷ്ടാന്തങ്ങളും (ഹെബ്രാ 9:8) ക്രമീകരണങ്ങളും ആയിരുന്നു. നമ്മുടെ കർത്താവായ യേശു മിശിഹായുടെ വരവോടുകൂടി യഥാർത്ഥസഭ പ്രത്യക്ഷപ്പെടുകയും, തന്റെ കഷ്ടാനുഭവങ്ങളാൽ (മത്താ 16:21) അവൾ വിശുദ്ധീകരിക്കപ്പെടുകയും ചെയ്തു. ഈ സഭയ്ക്ക് ദിവ്യ അധികാരങ്ങളും (മത്താ 16:8-19) പൗരോഹിത്യവും പ്രത്യേകശിക്ഷണവും ബലിയും സത്യത്തിൽ അവളെ ഉറപ്പിക്കുവാനുള്ള പരിശുദ്ധാത്മാവിനെയും പ്രദാനം ചെയ്തു. മണവാളൻമാർ മണവാട്ടികൾക്ക് സ്വർണ്ണാഭരണങ്ങളും വിശേഷവസ്ത്രങ്ങളും മറ്റും കൊടുക്കുക പതിവാണ്. ക്രിസ്തു തന്റെ മണവാട്ടിയായ സഭയ്ക്ക് ലൗകിക

15. ആണ്ടുവട്ടമുള്ള എല്ലാ ഞായറാഴ്ചകൾക്കും പ്രധാനപെരുന്നാളുകൾക്കും പ്രത്യേക പ്രാർത്ഥനകൾ പെങ്കീസാ നമസ്ക്കാരത്തിലുണ്ട്. അതിൽ നിന്നും ഓരോ ഞായറാഴ്ചയുടെയും പ്രമേയം ഗ്രഹിക്കാവുന്നതാണ്. പെങ്കീസാ എന്നാൽ പുസ്തകമെന്നേ അർത്ഥമുള്ളു. പുസ്തകത്തിന്റെ മുഴുവൻ പേര് *'പെങ്കീസോദ് ഹുദ്റോശാത്തോനോയൊ'* എന്നാണ്= വത്സരചക്രത്തിന്റെ പുസ്തകം പെങ്കീസാ മുഴുവനായി മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടില്ല. കുരിശുമല ആശ്രമത്തിലെ ഫ്രാൻസിസ് ആചാര്യ സന്ധ്യാ പ്രാർത്ഥനയും രാത്രി പ്രാർത്ഥനയും ഇംഗ്ലീഷിലേക്ക് സ്വതന്ത്രവിവർത്തനം നടത്തിയിട്ടുണ്ട്. Prayer with the Harp of the Spirit Vol II, III, IV, സ്ലീബാകാലം മുതൽ നമ്മൾ ഉപയോഗിക്കുന്ന 'ഞായറാഴ്ച പ്രാർത്ഥന' സാധാരണനമസ്ക്കാരത്തിന്റെ (ശ്ഹീമ) ബുധനാഴ്ച പ്രാർത്ഥനയുടെ ഒരു ഭാഗമാണ്.





ആഭരണങ്ങളോ സ്വത്തുക്കളോ അല്ല കൊടുത്തത്. പിന്നെയൊ ക്ഷയിച്ചുപോകാത്ത അനുഗ്രഹങ്ങളും മാഞ്ഞുപോകാത്ത മഹത്വങ്ങളുമാണ് പ്രദാനം ചെയ്തത്. തന്റെ കുരിശിനെ മാലയായും തന്റെ മേൽ തറച്ച ആണികളെ വളകളായും തന്റെ കഷ്ടതകളെ വെള്ളയങ്കിയായും അവളെ അണിയിച്ചു.

ആരാധനാവത്സരത്തിലെ രണ്ടാമത്തെ ഞായറാഴ്ച ഹുദോസ് ഈത്തൊയാണ്. സുറിയാനിവാക്കിന്റെ അർത്ഥം സഭയുടെ നവീകരണമെന്നാണ്. കാളക്കുട്ടിയെ ആരാധിച്ചതിനാൽ (പുറ 32:1-6) വീണുപോയ യഹൂദരുടെ ഹൃദയപുതുക്കത്തെയും ബി.സി. 2-ാം നൂറ്റാണ്ടിൽ യൂദാമക്കാബി പുതുക്കിയ ദേവാലയത്തിന്റെ (1 മക്ക 4:36-61) പ്രതിഷ്ഠയെയും ഇത് അനുസ്മരിപ്പിക്കുന്നു. വാസ്തവത്തിൽ നാം മാമോദീസാ വഴിയായി നീതീകരിക്കപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും (1 കോരി 6:11) വി. മുറോൻ വഴി മുദ്രകുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ നമ്മുടെ ജീവിതത്തിൽ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും പറ്റുന്ന കറകളിൽ നിന്ന് ദൈനംദിനം വെടിപ്പായിത്തീരുന്നതിനും നവീകരണം പ്രാപിക്കുന്നതിനും വളരുന്നതിനും നാം കടപ്പെട്ടിരിക്കുന്നു. (2 കോരി 5:17)

ഇങ്ങനെ രണ്ട് ആഴ്ചകൾകൊണ്ട് ആരാധനാവത്സരം തുടങ്ങുന്നത് അന്ത്യോക്യൻ റീത്തിന്റെ ഒരു സവിശേഷതയാണ്[16]. ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം മനുഷ്യന് പാപംവഴി നഷ്ടപ്പെട്ട അവന്റെ ദൈവികമഹത്വം തിരികെ കൊടുക്കുകയെന്നുള്ളതായിരുന്നു. തന്റെ ദൗത്യം പൂർത്തിയാക്കി പിതാവിന്റെ പക്കലേക്കു പോകുന്നതിനുമുമ്പ് ക്രിസ്തു ഇപ്രകാരം പ്രാർത്ഥിച്ചു. *നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കുതന്ന മഹത്വം അവർക്ക് ഞാൻ നല്കിയിരിക്കുന്നു. അവർ പൂർണ്ണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു.* (യോഹ 17:22-23) തന്റെ കഷ്ടാനുഭവവും മരണവും ഉത്ഥാനവും വഴി കർത്താവ് മനുഷ്യരക്ഷ എന്നേക്കുമായി നിവർത്തിച്ചു. പക്ഷേ ഈ രക്ഷയുടെ ഫലങ്ങൾ കാലാകാലങ്ങളിലുള്ള ജനതകൾക്ക് ലഭ്യമാകുന്നത് കർത്താവ് സ്ഥാപിച്ച സഭയുടെ ശുശ്രൂഷകളിലൂടെയാ

16. മിക്ക റീത്തുകളിലും ആഗമനകാലം കൊണ്ടാണ് ആരാധന വത്സരം ആരംഭിക്കുന്നത്. സീറോ മലബാർ റീത്തിൽ പള്ളിക്കൂദാശാക്കാലം ഉണ്ട്. പക്ഷേ അത് ആരാധനാ വത്സരത്തിന്റെ അവസാനത്തെ കാലമാണ്.

ണ്. ആരാധനാവത്സരത്തിൽ, തന്റെ കാലടികളെ പിൻതുടരുവാൻ ക്രിസ്തു മണവാട്ടിയായ സഭയെ പഠിപ്പിച്ചുകൊണ്ട് തന്റെ വിവാഹവിരുന്നിലേക്ക് അവളെ ആഹ്വാനം ചെയ്യുന്നു. സഭയിൽക്കൂടിവേണം ദൈവജനം കർത്താവിങ്കലേക്കു നടന്നു നീങ്ങാൻ. ഹൂദോസ് ഈത്തൊ ഞായറാഴ്ചയുടെ രാത്രി പ്രാർത്ഥനയിൽ അതിമനോഹരമായ ഒരു ഗാനമുണ്ട്[17].

വിണ്ണുലകിന്നരചൻ താൻ തൻസഭയെ പണിതതിനെ
ആക്കിത്തന്നാസ്ഥാനം പുക്കതിനുള്ളേ വാണു
കർത്താ തന്നോടു സംസാരിക്കേണ്ടുന്നവരെല്ലാം
സഭയുൾപ്പുകട്ടെയിതാ താനതിൽ മേവീടുന്നു.
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
സഭയെ വളർത്തുന്നവനേ, കൃപചെയ്തീടടിയാരിൽ.

മിശിഹാതൻ മണവാട്ടി ആയീടും ശുദ്ധസഭ
ഭാഗ്യങ്ങൾ പൂർണ്ണമതാം പറുദീസാ സദൃശ്യമഹോ
മാമോദീസായുമതിൽ സഹദേന്മാരാസ്ഥികളും
പൂജാപീഠവുമുണ്ട്; ഏന്തിജ്ജീവോഷധിയെ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
ഭാഗം ചെയ്തേകീടും കഹനേൻമാർകളുമുണ്ട്[18]

വി.സഭ, മാമോദീസാ മുഖാന്തിരം സ്വർഗ്ഗരാജ്യത്തിനു സന്താനങ്ങളെ ജനിപ്പിക്കുകയും മുറോൻകൊണ്ട് പരിശുദ്ധാത്മദാനം നല്കുകയും ചെയ്യുന്നു. കർത്താവിന്റെ തിരുശരീരത്താലും തിരുരക്തത്താലും അവരെ വളർത്തുകയും പൗരോഹിത്യത്താൽ പുണ്യപ്പെടുത്തുകയും വേദപുസ്തകത്താലും പാരമ്പര്യത്താലും പഠിപ്പിക്കുകയും ചെയ്യുന്നു. അനുതാപത്താൽ അവരെ തിരികെ സ്വീകരിക്കുകയും തൈലത്താൽ സുഖപ്പെടുത്തുകയും വിവാഹത്താൽ സന്തോഷിപ്പിക്കുകയും മറ്റു ശുശ്രൂഷകളാൽ ധന്യരാക്കുകയും ചെയ്യുന്നു. മാർ പത്രോസിനെ അടിസ്ഥാനമായും മാർ പൗലോസിനെ ശിൽപിയായും മാർ യോഹന്നാൻ സ്നാപകനെ തോഴനായും കർത്താവ് നിയമിച്ചു. ശ്ലീഹാന്മാരുടെ

17. Prayer with the Harp of the Spirit Vol III, Page 30., കൃംതാ പ്രാർത്ഥനയുടെ രാത്രി ഒന്നാം കൗമായിലും ഈ ഗാനമുണ്ട്.

18. കഹനേൻമാർ = പട്ടക്കാർ (ആചാര്യന്മാർ)





പൗരോഹിത്യം കൊണ്ടും രക്തസാക്ഷികളുടെ രക്തം കൊണ്ടും നിബിയന്മാരുടെ പ്രവചനങ്ങൾകൊണ്ടും, മല്പാന്മാരുടെ[19] വ്യാഖ്യാനം കൊണ്ടും കന്യാവ്രതക്കാരുടെ സുകൃതങ്ങൾക്കൊണ്ടും വിശ്വാസികളുടെ പുണ്യം കൊണ്ടും ധന്യമാക്കി.[20]

ദൈവത്തിന്റെ വാസസ്ഥലമായ സഭ വിശുദ്ധീകരിക്കപ്പെടുകയും പുതുക്കപ്പെടുകയും ചെയ്തിരിക്കുന്നു. രാജാവായ ക്രിസ്തുവിന്റെ ആഗമനത്തിനായി അവൾ ഇനിയും ഒരുങ്ങണം. സുബോറൊക്കാലത്തെ ബാക്കിയുള്ള 5 ആഴ്ചകൾ രക്ഷകനെപ്പറ്റിയുള്ള സന്ദേശങ്ങളാണ്. അറിയിപ്പിന്റെ കാലമെന്ന് പേരുവന്നത് അതുകൊണ്ടാണ്.

1. സഖറിയായോടുള്ള അറിയിപ്പ്
2. ദൈവമാതാവിനോടുള്ള വചനിപ്പ്
3. കന്യകമറിയം ഏലിശുബായെ സന്ദർശിച്ചത്
4. മാർ യോഹന്നാൻ സ്നാപകന്റെ ജനനം
5. മാർ യൗസേഫിനുണ്ടായ ദർശനം

സുബോറൊക്കാലത്ത് ആകെ 7 ആഴ്ചകളാണ്.

## II യൽദാ-ദനഹാക്കാലം

ക്രിസ്തുമസിന് ഒരാഴ്ചമുമ്പുള്ള ഞായറാഴ്ച മുതൽ വലിയ നോമ്പു തുടങ്ങുന്നതുവരെയുള്ള സമയമാണ് ആരധനാവത്സരത്തിലെ രണ്ടാമത്തെ കാലം. ഉയിർപ്പു പെരുന്നാളിന്റെ തീയതി മാറിവരുന്നതനുസരിച്ച് ഇക്കാലത്തുള്ള ഞായറാഴ്ചകളുടെ എണ്ണം കൂടിയും കുറഞ്ഞതും വരും. ഈ കാലത്തെ രണ്ടു പ്രധാനപ്പെട്ട പെരുന്നാളുകൾ ക്രിസ്തുമസും (ഡിസംബർ 25) കർത്താവിന്റെ മാമോദീസാ[21] (ജനുവരി 6)യുമാണ്. രണ്ടും പ്രകാശത്തിന്റെ പെരുന്നാളുകളാണ്; പ്രകാശത്തിൽ നിന്നുള്ള പ്രകാശമായ ക്രിസ്തുവിന്റെ ജനനവും പ്രത്യക്ഷീകരണവും. ക്രിസ്തുമസ് രാത്രിയിലെ തീ ഉഴലിച്ച ശുശ്രൂഷ ഇതു വ്യക്തമാക്കുന്നു. പെങ്കീസായിൽ ദനഹാ (പ്രകാശം ഉദിച്ചു) പെരുന്നാളിന്റെ പേരുതന്നെ പ്രകാശത്തിന്റെ പെരുന്നാൾ എന്നാണ്. കർത്താവിന്റെ

19. മല്പാന്മാർ = ഗുരുക്കന്മാർ

20. വിശുദ്ധ സഭയുടെ മഹത്വങ്ങളെ കുറിച്ച് കൂടുതലായി മനസ്സിലാക്കാൻ ഏശയ്യാ 53 മുതൽ 66 വരെ അദ്ധ്യായങ്ങൾ വായിക്കുക.

21. ഡോ: ലൂയിസ് മൂലവീട്ടിൽ യാക്കോബിന്റെ അന്നാഹുറാ പേജ് 41

യോർദാൻ നദിയിലെ മാമോദീസായാണ് പ്രധാന ചിന്താവിഷയം. പാവപ്പെട്ട ആട്ടിടയന്മാർക്ക് ബേത്‌ലഹേമിൽ ഉദിച്ച പ്രകാശം യോർദാൻ നദിയിൽവച്ച് ലോകത്തിനു മുഴുവൻ വെളിപ്പെട്ടു.

ക്രിസ്തുമസിന്റെ അടുത്തദിവസം ദൈവമാതാവിന്റെ പുകഴ്ചയുടെ തിരുനാളും ദനഹാത്തിരുനാളിന്റെ അടുത്ത ദിവസം സ്നാപക യോഹന്നാന്റെ പുകഴ്ചയുമാണ്. അതിനടുത്തദിവസം ആദ്യത്തെ രക്തസാക്ഷിയായ മാർസ്തേഫാനോസിന്റെ ഓർമ്മയാണ്. ഈ കാലത്തിന്റെ അന്ത്യത്തിലാണ് പരേതരായ വൈദികരെയും (കൊഹനെ ഞായർ) മരിച്ചുപോയ സകലവിശ്വാസികളെയും (ആനീദെ ഞായർ) ഓർക്കുന്നത്. മരിച്ചുപോയവരെക്കുറിച്ചും മരണത്തെക്കുറിച്ചുമുള്ള ചിന്തകളോടെയാണ് നാം നോമ്പിൽ പ്രവേശിക്കുന്നത്. കൊഹനെ ഞായറിനു മുമ്പുള്ള ആഴ്ചയിലാണ് മൂന്നു നോമ്പ്. അനുതാപത്തിലേക്കുള്ള ശ്രദ്ധ ക്ഷണിക്കലാണിത്. നിനുവാ നഗരത്തിൽ യോനാ പ്രവാചകൻ ചെയ്ത അനുതാപ പ്രസംഗവും അതേതുടർന്ന് അവിടുത്തെ ജനങ്ങൾ അനുഷ്ഠിച്ച കഠിന തപസ്സുമാണ് മൂന്നുനോമ്പിന്റെ പ്രധാന ചിന്താവിഷയം.

## III നോമ്പുകാലം

നമ്മുടെ കർത്താവിന്റെ മഹത്വകരമായ ഉയിർപ്പുപെരുന്നാളിന് ഒരുക്കമായുള്ള തപസ്സുകാലമാണിത്; വത്സരത്തിന്റെ ഏറ്റവും അനുഗൃഹീതമായ അവസരം. കൊത്തിനെ ഞായറാഴ്ചമുതൽ ദു:ഖശനിയാഴ്ചവരെയുള്ള ഏഴ് ആഴ്ചക്കാലമാണ് നോമ്പുകാലം. ഒരു വിധത്തിൽ ഇത് ആണ്ടുവട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാലമാണ്; കാരണം ഒരു ക്രിസ്ത്യാനിയുടെ വിശ്വാസത്തിന്റെയും ദൈവത്തോടും ദൈവരാജ്യത്തോടുമുള്ള പ്രതിബദ്ധതയുടെയും ആത്മാർത്ഥയുടെയും ഉരകല്ലാണ് ഈ കാലം. കർത്താവിന്റെ 40 ദിവസത്തെ ഉപവാസവും പരസ്യജീവിതവുമാണ് നോമ്പുകാലത്തെ നമ്മുടെ ധ്യാനവിഷയങ്ങൾ. നാല്പതാം വെള്ളിയാഴ്ച നോമ്പ് അവസാനിക്കുന്നു. നോമ്പിലെ 6 ഞായറാഴ്ചകളിൽ കർത്താവിന്റെ പരസ്യജീവിതകാലത്ത് തന്റെ ദൈവത്വത്തെ വെളിപ്പെടുത്തിയ അത്ഭുതങ്ങളെ അനുസ്മരിക്കുന്നു.

*കൊത്തിനെ* ഞായർ ആണ് ആദ്യത്തേത്; പരസ്യ ജീവിതത്തിൽറെ ആരംഭത്തിൽ കാനായിൽവച്ച് കർത്താവ് തന്റെ മാതാവിന്റെ





അപേക്ഷയനുസരിച്ച് വെള്ളം വീഞ്ഞാക്കിയതിന്റെ ഓർമ്മയാണിത് പിന്നീട് ഓരോ ഞായറാഴ്ചയും യഥാക്രമം കുഷ്ഠരോഗിയെയും, പക്ഷവാതക്കാരനെയും ക്നാനായക്കാരിയുടെ മകളെയും കൂനിയെയും കുരുടനെയും സൗഖ്യമാക്കിയ അത്ഭുത സംഭവങ്ങൾ അനുസ്മരിക്കപ്പെടുന്നു. നാലാമത്തെ ബുധനാഴ്ച പകുതിനോമ്പാണ്. അന്ന് ദേവാലയ മദ്ധ്യത്തിൽ ഗോഗുൽത്താ സ്ഥാപിക്കപ്പെടുന്നു. നാല്പതാം വെള്ളിയാഴ്ചയുടെ അടുത്ത ദിവസം ലാസറിനെ ഉയർപ്പിച്ച ശനിയാഴ്ചയാണ്. പിറ്റേ ദിവസം കർത്താവ് കഷ്ടാനുഭവത്തിനായി ജറുസലേമിൽ ആഘോഷപൂർവ്വം പ്രവേശിച്ച ഓശാന ഞായറാഴ്ചയാണ്. കഷ്ടാനുഭവ ആഴ്ചയിലെ വ്യാഴാഴ്ച കർത്താവ് വി.കുർബാന സ്ഥാപിച്ചതിന്റെ ഓർമ്മയും വെള്ളിയാഴ്ചപീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ഓർമ്മയും സഭ ആചരിക്കുന്നു. പാതാളത്തിൽ മരിച്ചവരുടെയിടയിൽ കർത്താവ് സുവിശേഷം അറിയിച്ചതിന്റെ അനുസ്മരണയാണ് ദു:ഖശനിയാഴ്ച. നോമ്പിലെ ഒന്നാമത്തെ ശനിയാഴ്ച സുറിയാനി സഭാപിതാവായ മാർ അപ്രേമിന്റെ പ്രത്യേക ഓർമ്മദിവസമാണ്. കന്യകമറിയത്തോടുള്ള വചനിപ്പു പെരുന്നാൾ മാർച്ച 25–ാം തീയതിയാണ്; ദുഃഖവെള്ളിയാഴ്ച ആണെങ്കിൽ പോലും ആ പെരുന്നാൾ വി. കുർബാനയോടുകൂടി ആഘോഷിക്കും.

## IV. ക്യംതാക്കാലം

ഉയിർപ്പു ഞായറാഴ്ചമുതൽ പെന്തിക്കോസ്തിവരെയുള്ള ഏഴ് ആഴ്ചകളിൽ ഉയിർപ്പിന്റെ മഹിമയെപ്പറ്റി നാം ചിന്തിക്കുന്നു. വർഷത്തിലെ ഏറ്റവും പ്രധാനപ്പെട്ട പെരുന്നാൾ, വർഷം തോറും തീയതി മാറിവരുന്ന ഉയിർപ്പു പെരുന്നാളാണ്. നിഖ്യാ സുന്നഹദോസിന്റെ (AD 325) തീരുമാനമനുസരിച്ച്, വസന്തകാലത്ത് സൂര്യൻ ഭൂമദ്ധ്യരേഖയിൽ വരുന്ന ദിവസ (Vernal Equinox-March 21)ത്തിനുശേഷം വരുന്ന വെളുത്തവാവു കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് ഈ പെരുന്നാൾ ആഘോഷിക്കുന്നത്. ഉത്സവദിനങ്ങൾ ചന്ദ്രനെനോക്കി നിർണ്ണിക്കുന്നു (പ്രഭാ 43:7). കർത്താവിന്റെ ഉയിർപ്പുമൂലമുണ്ടായ പുതിയ ജീവനിലേക്ക് സഭ പ്രവേശിക്കുന്ന കാലമാണ് ഉയിർപ്പുകാലം. ഉയിർപ്പുദിനത്തോട് അനുബന്ധിച്ച് മാമോദീസാ സ്വീകരിച്ചവർ ആ ആഴ്ചമുഴുവൻ വെള്ളവസ്ത്രം ധരിച്ചാണ് ദൈവാലയത്തിലെ ശുശ്രൂഷകളിൽ സംബന്ധിച്ചിരുന്നത്. അതുകൊണ്ടാണ് ആ ആഴ്ചയെ സുറിയാനിയിൽ

ഹേവോറെ (വെള്ള നിറം) ആഴ്ചയെന്നു വിളിക്കുന്നത്. അടുത്ത ഞായ റാഴ്ച പുതുഞായറാഴ്ചയാണ്. ഉയിർപ്പു കഴിഞ്ഞ് 40-ാം ദിവസം കർത്താവിന്റെ സ്വർഗ്ഗാരോഹണപ്പെരുന്നാളാണ്.

## V പെന്തിക്കോസ്തിക്കാലം (ശ്ലീഹാക്കാലം)

പെന്തിക്കോസ്തിമുതൽ ആഗസ്റ്റ് 5-ാം തീയതി വരെയുള്ള കാല മാണ് പെന്തിക്കോസ്തിക്കാലം. പരിശുദ്ധാത്മാവിന്റെ ആഗമനം, സഭ യുടെ ഉദ്ഭവം. ശ്ലീഹന്മാരുടെ സുവിശേഷപ്രവർത്തനം എന്നിവ ഈ കാലത്ത് അനുസ്മരിക്കപ്പെടുന്നു. പരിശുദ്ധാത്മാവ് നിരന്തരം സഭയിൽ വസിച്ചു നമ്മെ വിശുദ്ധികരിക്കുന്നു എന്ന സത്യം ഈ കാലം ഓർമ്മി പ്പിക്കുന്നു. പെന്തിക്കോസ്തി കഴിഞ്ഞുവരുന്ന ബുധനാഴ്ച മാർ യാക്കോബ് ശ്ലീഹാ ആദ്യമായി വി.കുർബാന അർപ്പിച്ചതിന്റെ ഓർമ്മ യാണ്; വെള്ളിയാഴ്ച സ്വർണ്ണവെള്ളിയാഴ്ചയും. അന്ന് മാർ പത്രോസ് ശ്ലീഹാ മുടന്തനെ സൗഖ്യമാക്കിയ സംഭവം (അ.പ്ര 3:3-10) ഓർക്കു ന്നു. *വെള്ളിയോ സ്വർണ്ണമോ എന്റെ കയ്യിലില്ല എനിക്കുള്ളതു ഞാൻ നിനക്കു തരുന്നു. നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റുനടക്കുക* എന്നു പത്രോസ് പറഞ്ഞതിനെ അനുസ്മരിച്ചാണ് സ്വർണ്ണവെള്ളിയാഴ്ച എന്ന പേരുവന്നത്. ശ്ലീഹന്മാരുടെ സുവിശേഷ പ്രഘോഷണത്തെ അനുസ്മരിക്കുന്നതുകൊണ്ടും ശ്ലീഹാനോമ്പ് (ജൂൺ 16 മുതൽ 29 വരെ), പത്രോസ് പൗലൊസ് ശ്ലീഹന്മാരുടെ പെരുന്നാൾ (ജൂൺ 29) മാർത്തോമ്മാശ്ലീഹായുടെ ദുക്റാന[22] (ജൂലൈ3) തുടങ്ങിയ പെരുന്നാളുകൾ ഈ കാലയളവിൽ വരുന്നതുകൊണ്ടും ശ്ലീഹാക്കാല മെന്ന് ഇതിന് പേരുണ്ട്.

## VI തേജസ്ക്കരണ കാലം

കർത്താവ് മലയിൽ രൂപാന്തരപ്പെട്ടതിന്റെ ഓർമ്മയായ തേജ സ്ക്കരണപ്പെരുന്നാൾ (ആഗസ്റ്റ് 6) മുതൽ സെപ്തംബർ 13-ാം തീയ തിവരെയാണ് ഈ കാലഘട്ടം. സുവിശേഷം നാനാഭാഗങ്ങളിലും പ്രച രിച്ച് സഭ വളർച്ച പ്രാപിച്ചതിനെ ഈ കാലം സൂചിപ്പിക്കുന്നു. യൽദാ പെരുന്നാൾ പ്രകാശത്തിന്റെ ആദ്യത്തെ പെരുന്നാളും ദനഹാപ്പെരു ന്നാൾ പ്രകാശത്തിന്റെ രണ്ടാമത്തെ പെരുന്നാളുമാണ്. അതുപോലെ കർത്താവ് മലയിൽ രൂപാന്തരപ്പെട്ട തിരുനാൾ ഉജ്വലമായ പ്രകാശ

22. ഓർമ്മ





ത്തിന്റെ (radiant light)പെരുന്നാളാണ്[23].

തേജസ്ക്കരണം കർത്താവിന്റെ മഹത്വത്തിന്റെ മുന്നനുഭവമാ ണ്. ഇവിടെ പഴയനിയമവും പുതിയനിയമവും വേർപെടുത്താൻ സാധി ക്കാത്തതാണെന്ന്, ജീവിച്ചിരിക്കുന്നവരും മരിച്ചവരും ക്രിസ്തുവിൽ ഒന്നാണെന്ന്; കുരിശു മഹത്വവും ഒന്നാണെന്ന് നാം മനസ്സിലാക്കുന്നു. പരിശുദ്ധാത്മാവിൽ വിശുദ്ധീകരിക്കപ്പെട്ട വിശ്വാസികൾ മഹത്വീകര ണത്തിലേക്ക് പടിപടിയായി പ്രവേശിക്കുന്നതിന്റെ പ്രതീകമാണ് തേജ സ്ക്കരണ കാലം (2 കോറി 3:6-18). അങ്ങനെ മഹത്വീകരണം പ്രാപിച്ച് നമുക്ക് മാതൃകയായിത്തീർന്ന ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തി രുന്നാളാണ് ആഗസ്റ്റ് 15-ാം തീയതി. മാതാവിന്റെ ജനനപ്പെരുനാളും (സെപ്റ്റംബർ 8-ാം തീയതി) ഇക്കാലത്താണ്.

## VII സ്ലീബാക്കാലം

സ്ലീബാപെരുന്നാൾ (സെപ്റ്റംബർ 14) മുതൽ കൂദോശ് ഈത്തൊവരെയുള്ള ഏഴാഴ്ചക്കാലമാണ് വത്സരവൃത്തത്തിലെ അവ സാനഘട്ടം. കുരിശിന്റെ പെരുന്നാൾ ഭാവി സൂചകമായ ഒരാഘോഷ മാണ്. കാലാന്ത്യത്തിന്റെ ദിവ്യമായ അടയാളമാണ് കുരിശ്. ആകാശ ത്തിൽ മനുഷ്യപുത്രന്റെ അടയാളം പ്രത്യക്ഷപ്പെടും (മത്താ 24:30). ഈ അടയാളം കുരിശാണെന്ന് സുറിയാനിസഭ പാരമ്പര്യമായി വിശ്വസി ക്കുന്നു.

“കാലാന്ത്യേ മയ്യൽസമയം നാഥൻവരുമേ

..........................................................................

ശോഭിക്കും കുരിശടയാളം ദിശകളിലെല്ലാം.[24]

അതുകൊണ്ട്, ലോകാവസാനം, മരിച്ചവരുടെ ഉയിർപ്പ്, പൊതു വിധി. നമ്മുടെ കർത്താവിന്റെ മഹത്വപൂർണ്ണമായ വരവ്, സ്വർഗ്ഗീയ ജറു സലേമിന്റെ ആവിർഭാവം ഇവയെല്ലാം അനുസ്മരിക്കുന്ന കാലമാണ് സ്ലീബാക്കാലം. ഹെലനരാജ്ഞി നമ്മുടെ കർത്താവിന്റെ കുരിശു കണ്ടെത്തി അത് ജറുസലേമിൽ ഒരു ദേവാലയത്തിൽ പ്രതിഷ്ഠിച്ച

17. Prayer with the Harp of the Spirit Vol IV, Page 730. note 25

24. സ്ലീബാ കാലത്ത് ഏവൻഗേലിയോനു ശേഷം പാടുന്ന ഗീതങ്ങൾ. Prayer with the Harp of the Spirit Vol IV, Page 675.

തിന്റെ ഓർമ്മയാണ് സെപ്റ്റംബർ 14-ാം തീയതി സാർവ്വത്രികമായി ആഘോഷിക്കുന്നത്. കുരിശിലാണ് ക്രിസ്ത്യാനികളുടെ ആത്യന്തിക വിജയം. കുരിശിന്മേൽ ആദ്യം പ്രകടമായ ബലഹീനത, ദൈവശക്തിയുടെയും ദൈവികസ്നേഹത്തിന്റെയും സ്വയം നിയന്ത്രണമായിരുന്നു (2 കോറി 13:4). തിൻമയുടെ ശക്തിയിന്മേലുണ്ടായ ദൈവികവിജയമാണ് ക്രിസ്തുവിന്റെ കുരിശ് (കൊളോ 2:14-15).

മറ്റുള്ളവരുടെ വേദനകളും ദു:ഖങ്ങളും പങ്കിട്ടാലേ (മത്താ 25:31-46) നമ്മുടെ കുരിശുവരകൾ അർത്ഥമുള്ളതാകയുള്ളു. സഹോദരനോട് ആത്മാർത്ഥമായി ക്ഷമിക്കുകയും കരുണകാണിക്കുകയും ചെയ്തില്ലെങ്കിൽ (മത്താ 18:21-35) നമ്മുടെ സ്വർണ്ണക്കുരിശുകളും വെള്ളിക്കുരിശുകളും പീഡനത്തിന്റെ കുരിശായി അവശേഷിക്കും. സ്വന്തം ജീവനെ നഷ്ടപ്പെടുത്താതെ അത് നിലനിർത്താനാവില്ല (ലൂ 17:33). സ്വയം പരിത്യജിക്കലാണ് കുരിശിന്റെ യഥാർത്ഥ ഭാഷ്യം. അതിലാണ് ആത്യന്തിക ജയവും.





## അനുബന്ധം

### I. അന്യഭാഷാ പദങ്ങളുടെ അർത്ഥം

| | |
|---|---|
| ആലോഹൊ | = ദൈവം |
| മോറാൻ | = ഞങ്ങളുടെ കർത്താവ് |
| യേശു | = രക്ഷകൻ |
| മിശിഹാ (ക്രിസ്തു : ഗ്രീക്കുപദം) | = അഭിഷിക്തൻ |
| കാദീശെ(കാദീശന്മാർ) | = പരിശുദ്ധന്മാർ |
| സഹദെ (സഹദേന്മാർ) | = രക്തസാക്ഷികൾ |
| മൗദ്യോനെ (മൗദ്യാനന്മാർ) | = വേദസാക്ഷികൾ |
| ശ്ലീഹാ (അപ്പസ്തോലൻ:ഗ്രീക്കുപദം) | = അയക്കപ്പെട്ടവൻ |
| മല്പാൻ | = ഉപദേഷ്ടാവ്, ഗുരു |
| നിബിയാ | = പ്രവാചകൻ |
| കൊഹ്നൊ (കഹനേന്മാർ) | = പുരോഹിതൻ |
| കശീശ | = ശ്രേഷ്ഠൻ,മൂപ്പൻ |
| ശമ്മാശൻ (ഡീക്കൺ:ഗ്രീക്കുപദം) | = ശുശ്രൂഷകൻ |
| ദയറാക്കാരൻ | = സന്യാസി |
| ആബൂൻ | = ഞങ്ങളുടെ പിതാവ് |
| കൂദോശ് ഈത്തൊ | = സഭയുടെ വിശുദ്ധീകരണം |
| ബെസ്കുദ്ശാ | = വിശുദ്ധസ്ഥലം |
| മദ്ബഹാ | = ബലി അർപ്പിക്കുന്ന സ്ഥലം |
| കെസ്ത്രൂമാ(ഗ്രീക്കുപദം) | = തറനിരപ്പിൽ നിന്നുയർന്നത് അഴിക്കകം |
| ഹൈക്കലാ | = ജനങ്ങൾ ആരാധിക്കുന്ന സ്ഥലം |
| ത്രോണോസ്(ഗ്രീക്കുപദം) | = സിംഹാസനം, ബലിപീഠം |
| സ്ലീബാ | = കുരിശിക്കപ്പെട്ടവൻ, കുരിശ് |
| തക്സാ | = ക്രമം |
| പെങ്കീസാ | = പെരുന്നാൾക്രമം |
| ഏവൻഗേലിയോൻ (ഗ്രീക്കുപദം) | = സുവിശേഷം |
| ഹമ്നിയാ | = വൈദികന്റെ ഊറാറ |
| ഹമ്മീറാ | = പുളിപ്പുള്ള അപ്പം, മലങ്കരസഭയിലെ കുർബാന അപ്പം |
| ആമ്മീൻ | = അപ്രകാരമായിരിക്കട്ടെ |
| ബാറെക്മോർ | = കർത്താവേ അനുഗ്രഹിക്കണമേ |
| ഹല്ലേലുയ്യാ | = ദൈവത്തിനു സ്തുതി |
| സ്തൗമെൻ കാലോസ് (ഗ്രീക്കുപദം) | = നമുക്ക് നന്നായി നില്ക്കണം |
| കുറിയേലായിസ്സോൻ(ഗ്രീക്കുപദം) | = കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ |

| | |
|---|---|
| ശുബ്ഹോ ലാബൊ ഉല്ബ്റൊ വൽറൂഹൊ കാദീശൊത്മാവിനും | = പിതാവിനും പുത്രനും പരിശുദ്ധാ സ്തുതി |
| മെൻ ഓലംവാദാമൊല്ഓലം ഒൽമ്മീൻ | = ആദിമുതൽ എന്നേക്കും |
| ഹോശൊ വബ് കുൽസ്ബാൻ ല്ഒൽമ്മീൻ | = ഇപ്പോഴും എല്ലാസമയത്തും എന്നേക്കും |
| എസ്രാഹാം അലൈൻ | = ഞങ്ങളുടെ മേൽ കരുണ ചെയ്യണമേ |
| മൊറിയോ റാഹേം അലൈൻ ഉആദാറൈൻ | = കർത്താവേ കരുണചെയ്ത് ഞങ്ങളെ സഹായിക്കണമേ |
| ശ്ലോമ്മൊ | = സമാധാനം |
| ശൈനൊ | = ശാന്തി |
| കൃംതാ | = ഉയിർപ്പ് |
| സുബോറൊ | = അറിയിപ്പ് |
| യൽദാ | = ജനനം, ക്രിസ്തുമസ് |
| ദനഹാ | = ഉദയം, കർത്താവിന്റെ മാമോദീസാ |
| മായൽത്തൊ | = (ദേവാലയ)പ്രവേശനം |
| സൗമൊ | = ഉപവാസം,നോമ്പ് |
| ശുബ്ക്കോനൊ | = മോചനം, അനുരഞ്ജനം |
| സൂലോക്കൊ | = സ്വർഗ്ഗാരോഹണം |
| ശൂനോയൊ | = വാങ്ങിപ്പ്, സ്വർഗ്ഗാരോപണം |
| ഹാശാ | = കഷ്ടാനുഭവം |
| ഓക്സിയോസ് (ഗ്രീക്കുപദം) | = യോഗ്യൻ |
| കൗമാ | = നില, നില്പ്, നിന്നുകൊണ്ടുള്ള പ്രാർത്ഥന |
| സ്ലൂസൊ | = പ്രാർത്ഥന |
| പ്രുമിയോൻ (ഗ്രീക്ക്പദം) | = മുഖവുര, ആമുഖപ്രാർത്ഥന |
| സെദറാ | = നിരനിരയായ പ്രാർത്ഥന |
| ഹൂസോയൊ | = പാപ പരിഹാര പ്രാർത്ഥന |
| കോലൊ | = ശബ്ദം, ഗീതം |
| എത്രൊ | = ധൂപപ്രാർത്ഥന |
| ഹൂത്തോമൊ | = മുദ്ര, സമാപന പ്രാർത്ഥന |
| മസുമൂറാ | = സങ്കീർത്തനം |
| എനിയോനൊ | = പ്രതിവാക്യം |
| എക്ബൊ | = കാലടി, തുടർന്നുള്ള പാട്ട് |
| മാനീസാ | = മറുപടി പ്രാർത്ഥന |
| കുക്കിലിയോൻ | = ചക്രം, വൃത്തം, മദ്ധ്യത്തിൽ ഹാലേലുയ്യാ ചേർത്ത് സങ്കീർത്തനം പാടുന്നത് |
| സൂമോറൊ | = പാട്ട് |
| ബോവൂസാ | = അപേക്ഷ |





| | |
|---|---|
| തുബ്ദേൻ | = വീണ്ടും; മദ്ധ്യസ്ഥ പ്രാർത്ഥനയുടെ തുടക്കം |
| മാവുർബൊ | = പുകഴ്ത്തൽ |

## II. 9 വൃന്ദം മാലാഖമാർ

### A **ഏലോയെ** (ഉന്നത പദവി)

| | | |
|---|---|---|
| 1. സ്രോപ്പേന്മാർ | Seraphim | ഏശ 6:2-6 |
| 2. ക്രൂബേന്മാർ | Cherubim | ഉൽപ 3:24; പുറ 25:18-22; 37:7-9; സംഖ്യ 7:39; 1 സാമു 4:4; 1 രാജാ 6:23-28; 8:6-7; സങ്കീ 18:10; 80:1; 99:1; ഏശ 37:6; എസെ 10:3-22 |
| 3. മൗത്ത്ബേന്മാർ | Thrones | കൊളോ 1:16 |

### B **മെസഓയെ** (മദ്ധ്യ പദവി)

| | | |
|---|---|---|
| 4 മോറാവോസേന്മാർ | Dominions | എഫേ 1:21; 3:10; കൊളോ 1:16; 2:10; 1 പത്രോ 3:22:5 |
| 5 ഹൈലാവോസേന്മാർ | Virtues | കൊളോ 1:16 |
| 6 ശുൽത്തോനേന്മാർ | Powers | കൊളോ 1:16 |

### C **തഹത്തോയെ** (താണ പദവി)

| | | |
|---|---|---|
| 7 റീശനുവോസേന്മാർ | Principalities | എഫേ 1:21; 3:10; കൊളോ 1:16; 2:10 |
| 8 റാബൈമാലാഖമാർ | Archangels | 1 തെസ്സ 4:16; യൂദാ 9 |
| 9 മാലാഖമാർ | Angels | സങ്കീ 104:4 |

## III പഴയ നിയമ വായന

വായനയ്ക്കു മുമ്പുള്ള സുമോറൊ

നീതിപ്രിയരുടെ നിലയത്തിൽ, സംസ്തുതിയുടെ രക്ഷാഗാനം ദാവിദ് രാജൻ തൻ നാവാൽ, പരിശുദ്ധൻ-റൂഹാ പാടി

(നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്ന് ദാവീദു മുഖാന്തരം പരി:റൂഹാ പാടി)

| പുസ്തകം | പ്രഖ്യാപനം | പ്രതിവാക്യം |
|---|---|---|
| ഉല്പത്തി | ഒറൈത്തായുടെ ഒന്നാം പുസ്തകത്തിൽ നിന്നും ബാറെക്മോർ | സൃഷ്ടിയുടെ ഉടയവനു സ്തുതി അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ |
| പുറപ്പാട് ലേവ്യർ,സംഖ്യ നിയമാവർത്തനം | ഒറൈത്തായുടെ രണ്ടാം/മൂന്നാം നാലാം/അഞ്ചാം പുസ്തകത്തിൽ നിന്നും ബാറെക്മോർ | ദീർഘദർശിമാരുടെ ഉടയവനു സ്തുതി അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ |
| ജോഷ്വാ | ജോഷ്വാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നും... | പ്രവാചകന്മാരുടെ ഉടയവനു സ്തുതി. |
| ന്യായാധിപന്മാർ | ന്യായാധിപന്മാരുടെ പുസ്തകത്തിൽ നിന്നും...... | ന്യായാധിപന്മാരുടെ ഉടയവനു സ്തുതി... |
| റൂത്ത്, യൂദീത്ത് എസ്തേർ | ശുദ്ധിമതിയായ റൂത്തിന്റെ/യൂദീത്തിന്റെ/എസ്തേറിന്റെ പുസ്തകത്തിൽ നിന്നും... | ശുദ്ധിമതികളുടെ ഉടയവനു സ്തുതി... |



| പുസ്തകം | പ്രഖ്യാപനം | പ്രതിവാക്യം |
|---|---|---|
| 1,2 സാമുവൽ | ന്യായാധിപനായ സാമുവലിന്റെ ഒന്നാം/രണ്ടാം പുസ്തകത്തിൽ നിന്നും... | ന്യായാധിപന്മാരുടെ ഉടയവനു സ്തുതി... |
| 1,2 രാജാക്കന്മാർ | രാജാക്കന്മാരുടെ ഒന്നാം/രണ്ടാം പുസ്തകത്തിൽ നിന്നും... | രാജാക്കന്മാരുടെ ഉടയവനു സ്തുതി... |
| 1,2 ദിനവൃത്താന്തം | രാജാക്കന്മാരുടെ ഒന്നാം/രണ്ടാം ദിനവൃത്താന്ത പുസ്തകത്തിൽ നിന്നും... | രാജാക്കന്മാരുടെ ഉടയവനു സ്തുതി... |
| എസ്രാ, നെഹെമിയാ | ന്യായാധിപനായ എസ്രായുടെ/നെഹെമിയായുടെ പുസ്തക... | ന്യായാധിപന്മാരുടെ ഉടയവനു സ്തുതി... |
| ജോബ് തോബീത്ത് | നീതിമാനായ ജോബിന്റെ/തോബീത്തിന്റെ പുസ്തകത്തിൽ... | നീതിമാന്മാരുടെ ഉടയവനു സ്തുതി... |
| 1,2 മക്കബായർ | മക്കബായരുടെ ഒന്നാം/രണ്ടാം പുസ്തകത്തിൽ നിന്നും... | മക്കബായരുടെ ഉടയവനു സ്തുതി... |
| സങ്കീർത്തനങ്ങൾ | രാജാവും ദീർഘദർശിയുമായ ദാവീദിന്റെ സങ്കീർത്തനങ്ങളിൽ നിന്നും... | രാജാക്കന്മാരുടെ ഉടയവനു സ്തുതി... |

| പുസ്തകം | പ്രഖ്യാപനം | പ്രതിവാക്യം |
|---|---|---|
| സുഭാഷിതങ്ങൾ<br>സഭാപ്രസംഗകൻ<br>ഉത്തമഗീതം<br>ജ്ഞാനം | ജ്ഞാനിയായ സോളമന്റെ സുഭാഷിതങ്ങളിൽ നിന്നും... | ജ്ഞാനികളുടെ ഉടയവനു സ്തുതി... |
| പ്രഭാഷകൻ | ജ്ഞാനിയായ ബാർസിറാക്കിന്റെ പുസ്തകത്തിൽ നിന്നും... | ജ്ഞാനികളുടെ ഉടയവനു സ്തുതി... |
| ഏശയ്യാ | മഹത്വമുള്ള ഏശയ്യാ ദീർഘദർശിയുടെ പുസ്തകത്തിൽ നിന്നും... | ദീർഘദർശിയുടെ ഉടയവനു സ്തുതി... |
| ജറെമിയ, എസെക്കിയേൽ, വിലാപങ്ങൾ, ബാറുക്ക്, ദാനിയേൽ | ജറെമിയ ദീർഘദർശിയുടെ പുസ്തകത്തിൽ നിന്നും... | ദീർഘദർശികളുടെ ഉടയവനു സ്തുതി |
| ഹോസിയാ മുതൽ മലാക്കി വരെയുള്ള 12 പ്രവാചകന്മാർ | (പേര്) പ്രവാചകന്റെ പുസ്തകത്തിൽ നിന്നും | പ്രവാചകന്മാരുടെ ഉടയവനു സ്തുതി |



| | **IV പുതിയ നിയമവായന** | |
|---|---|---|
| **ഒന്നാം ലേഖനം**<br>അപ്പ.പ്രവർത്തനങ്ങൾ | വി.ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിൽ നിന്നും ബാറെക്മോർ | ശ്ലീഹന്മാരുടെ ഉടയവനു സ്തുതി... |
| യാക്കോബ്<br>1,2 പത്രോസ്<br>1,2,3 യോഹന്നാൻ, യൂദാ | വി.യാക്കോബ്/.. ശ്ലീഹാ എഴുതിയ (ഒന്നാം/..)ലേഖനത്തിൽ നിന്നും ബാറെക്മോർ | ശ്ലീഹന്മാരുടെ ഉടയവനു സ്തുതി... |
| വെളിപാട് | വി.യോഹന്നാൻ ശ്ലീഹാ എഴുതിയ വെളിപാട് പുസ്തകത്തിൽ നിന്നും ബാറെക്മോർ | ശ്ലീഹന്മാരുടെ ഉടയവനു സ്തുതി... |
| **രണ്ടാം ലേഖനം**<br>റോമ | വി.പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ നിന്നും ബാറെക്മോർ | ശ്ലീഹായുടെ ഉടയവനു സ്തുതി... |
| 1,2 കോറി | ......കോറിന്തോസുകാർക്കെഴുതിയ..... | |
| ഗലാ | ......ഗലാത്തിയാക്കാർക്കെഴുതിയ......... | |
| എഫേ | ......എഫേസോസുകാർക്കെഴുതിയ..... | |
| ഫിലി | ......ഫിലിപ്പിയർക്കെഴുതിയ.................. | |
| കൊളോ | ......കൊളോസോസുകാർക്കെഴുതിയ.... | |
| 1,2 തെസ്സ | ......തെസലോനിക്കാക്കാർക്കെഴുതിയ... | |
| ഹെബ്രാ | ......ഹെബ്രായർക്കെഴുതിയ..... | |
| 1,2 തിമോ | ......തിമോത്തിയോസിനെഴുതിയ..... | |
| തീത്തോ | ......തീത്തോസിനെഴുതിയ..... | |
| ഫിലെമോൻ | ......ഫിലെമോനെഴുതിയ..... | |

## V കത്തോലിക്കാ സഭയിലെ 21 റീത്തുകൾ

**പാശ്ചാത്യ റീത്തുകൾ**

**A റോമൻ കുടുംബം**
1 ലത്തീൻ
2 അംബ്രോസിയൻ

**B ഗള്ളിക്കൽ കുടുംബം**
3 ഗള്ളിക്കൽ
4 മൊല്ലാറബിക്

**പൗരസ്ത്യ റീത്തുകൾ**

**A അലക്സാണ്ഡ്രിയൻ കുടുംബം**
5 കോപ്റ്റിക്
6 എത്യോപ്യൻ

**B അന്ത്യോക്യൻ കുടുംബം**
7 അന്ത്യോക്യൻ
8 മാറോണീത്താ
9 മലങ്കര

**C അർമേനിയൻ കുടുംബം**
10 അർമേനിയൻ

**D കൽദായ കുടുംബം**
11 കൽദായ
12 മലബാർ

**E ബൈസന്റയിൻ കുടുംബം**
13 അൽബേനിയൻ
14 ബൾഗേറിയൻ
15 മെൽക്കൈറ്റ്അ
16 റുമേനിയൻ
17 റഷ്യൻ
18 റുത്തേനിയൻ
19 യുക്രേനിയൻ
20 സ്ലാവിക്
21 ജോർജിയൻ
22 ക്രൊായേഷ്യൻ
23 ഇറ്റാലോ അൽബേനിയൻ

## VI മെത്രാന്മാരുടെ പേരുകളും അർത്ഥവും

| | | |
|---|---|---|
| ബസേലിയോസ് | = | രാജാവ് |
| തിമോത്തിയോസ് | = | ദൈവത്തെ ആദരിക്കുന്നവൻ |
| പിലെക്സിനോസ് | = | അപരിചിതരുടെ സ്നേഹിതൻ |
| ഈവാനിയോസ് | = | ദൈവകരുണയുള്ളവൻ |
| തെയോഫിലോസ് | = | ദൈവസ്നേഹിതൻ |
| ഗ്രിഗോറിയോസ് | = | ജാഗ്രതയുള്ളവൻ |
| അത്തനാസ്യോസ് | = | മരണമില്ലാത്തവൻ |
| സേവേറിയോസ് | = | ഉറപ്പുള്ളവൻ, കൃത്യനിഷ്ടയുള്ളവൻ |
| ഒസ്താത്തിയോസ് | = | നല്ലനിലയിലുള്ളവൻ |
| ദിവന്നാസ്യോസ് | = | സൂര്യൻ |
| യൗസേബിയോസ് | = | ദൈവഭക്തിയുള്ളവൻ |
| കൂറിലോസ് | = | കർത്താവ് കൃപചെയ്തവൻ |
| എപ്പിഫാനിയോസ് | = | പ്രകാശിപ്പിക്കുന്നവൻ |
| പൊളിക്കാർപ്പോസ് | = | ധാരാളം ഫലം പുറപ്പെടുവിക്കുന്നവൻ |
| ഐറേനിയോസ് | = | സമാധാനം ഉള്ളവൻ |
| ബർണബാസ് | = | പ്രവാചകപുത്രൻ, ആശ്വാസത്തിന്റെപുത്രൻ |



## അനുബന്ധം

(ഗ്രന്ഥകർത്താവിന്റെ പഠനക്കുറിപ്പുകളിൽനിന്ന്)



